KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 34312

Author: കൃഷ്ണവാരിയർ. എം. ആർ

Title: കൃതികൾ

1244

# POEMS

VOLUME TWO

M. R. KRISHNA WARRIER

KOTTAYAM PUBLIC LIBRARY
KOTTAYAM.

സാഹിത്യപ്രവർത്തക
സഹകരണസംഘം
പ്രസിദ്ധീകരണം

PREDOMINANTLY

CLASSICAL

എം. ആർ. കൃഷ്ണവാരിയരുടെ

# കൃതികൾ

(രണ്ടാംഭാഗം)

34312

KOTTAYAM PUBLIC LIBRARY
KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം.

വില 5 രൂപ.

ഒന്നാംപതിപ്പ് കോപ്പി 1000
1953 ഡിസംബർ
പകർപ്പവകാശം: ഗ്രന്ഥകർത്താവിനു്

M07
Kri-K

അച്ചടി:
ഇൻഡ്യാ പ്രസ്സ്, കോട്ടയം.

എൻെറ പത്നി

ശ്രീദേവി മാധവിവാരസ്യാക്ക്

# ഉള്ളടക്കം


| | |
|---|---|
| | പേജ് |
| എം. ആർ. കൃഷ്ണവാര്യർ (ജീവചരിത്രം) | 9 |
| **ലഘുകൃതികൾ** | |
| ഭാരതി | 27 |
| വനശ്രീകൾ | 33 |
| കൊച്ചുലക്ഷ്മി | 39 |
| രണ്ടുതരമാതിരം | 48 |
| **കാവ്യങ്ങൾ** | |
| ഭവാനി | 65 |
| നാരായണി | 105 |
| കാകതാലീയം | 121 |
| ഒരു വീരവിയോഗം | 177 |
| **ഖണ്ഡകൃതികൾ** | |
| വീരസൂ | 201 |
| ഒരു യുവാവിൻെറ സ്നേഹപാരവശ്യം | 206 |
| ഒരു ഉപേക്ഷിക്കപ്പെട്ട പൂവ് | 214 |
| ഒരു പ്രകൃതിവർണ്ണന | 218 |

തേവള്ളിക്കൊട്ടാരത്തിൽ 224
വൈക്കം സ്മരണകൾ 245
ഉൾനാട്ടിലെ പ്രഭാതം 254
സൂര്യോപാലംഭം 261
അന്യാപദേശം 265
ഒരു സായാഹ്നസഞ്ചാരം 275
ഓണക്കാഴ്ച 285
ഞങ്ങളുടെ വള്ളിക്കുടിൽ 295
സുഭദ്രാഗമനം 300
സ്റ്റാലിൻെറ ശേഷം 308
ചിത്തിരതിരുനാൾ 312

**സ്തോത്രങ്ങൾ**

ശ്രീരാമകൃഷ്ണപരമഹംസൻ 363
ശ്രീശങ്കരാചാര്യർ 373
ക്രിസ്തുദേവൻ 381
ശ്രീനാരായണഗുരുദേവൻ 388
ശ്രീചട്ടമ്പിസ്വാമിതിരുവടികൾ 396
ശ്രീകുമാരസ്തവം 403
ശ്രീബുദ്ധഭഗവാൻ 410
ശ്രീവിവേകാനന്ദലഹരി 446
ജന്മസാഫല്യം 463
മണ്ണാർശാല 497

**പലവക**

ചിത്രനഗരത്തിൽ 507
റീജൻറുമഹാറാണി 541
വിവാഹമംഗളാശംസ 552
അണിഞ്ഞതിൻെറ അവശേഷം 554

**സംഗീതം**

കർണ്ണാടകഗാനങ്ങൾ 557
തിരുവാതിരപ്പാട്ടുകൾ 593
സോമവാരവ്രതം 611
ആദ്ധ്യാത്മികം (താരാട്ട്) 626

**സപര്യ** (കവിയുടെ കൈപ്പടയിൽ) 630

# എം. ആർ. കൃഷ്ണവാര്യർ

## I

മദ്ധ്യതിരുവിതാംകൂറിൽ ആലപ്പുഴയ്ക്കും കൊല്ലത്തിനും ഇടയ്ക്കു് പച്ചപ്പട്ടുവിരിച്ച വയലുകൾനിറഞ്ഞ ഒരു ഗ്രാമം പണ്ടത്തെ ഗ്രാമസൗഭാഗ്യം മുഴുവനും നശിക്കാത്തരൂപത്തിൽ ഇന്നും കാണാനുണ്ടു്. ഈ അരിപ്പാട്ടുഗ്രാമത്തിന്റെ മദ്ധ്യത്തിലാണു് ഗ്രാമപരദേവതയായ സുബ്രഹ്മണ്യന്റെ ക്ഷേത്രം. അതിനു് വടക്കുപടിഞ്ഞാറാണു് സുപ്രസിദ്ധ നാഗാലയമായ മണ്ണാർശാല. ഏറെ സന്ദർശകരെ ആകർഷിക്കുന്ന ആരാധനാലയങ്ങളാണു് ഇവ രണ്ടും. സുബ്രഹ്മണ്യക്ഷേത്രത്തിനു് തെക്കും പടിഞ്ഞാറും വശങ്ങളിൽ മൂന്നു വാഴ്വങ്ങൾ ഉള്ളതിൽ നടുക്കു കാണുന്നതാണു് മാടശ്ശേരിഭവനം. ഈ ഭവനക്കാർ ഗ്രാമപരദേവതയുടെ വരവോടെ അവിടെ വന്നവരാണു് എന്നാണു് ഐതിഹ്യം.

പഠിച്ചും പഠിപ്പിച്ചും ക്ഷേത്രത്തിൽ കഴകം നടത്തിയും, ഇടനിലയിൽ കഴിച്ചുകൂട്ടാൻ ഉള്ള വക സമ്പാദിച്ചും, ഇവർ ഏറെക്കാലം കഴിഞ്ഞുകൂടി. മൂന്നു നാഴിക വടക്കു് വീയപുരത്തുള്ള പുഞ്ചനിലത്തിൽ കൃഷിനടത്തുവാൻ സൗകര്യത്തിനായി, അരിപ്പാട്ടുനിന്നും ഒരു മൈൽ വടക്കു് തൃപ്പക്കുടത്തു ശിവക്ഷേത്രത്തിനു സമീപം ഒരു സ്ഥലം ഇവർ സമ്പാദിച്ചു. എന്നല്ല ഒരു ഭഗവതിയെ അവിടെ പണിത നാലുകെട്ടിൽ പ്രതിഷ്ഠിച്ചതിനോടുകൂടി അവിടെയും മാടശ്ശേരിതറവാട്ടിൽനിന്നു് ചിലർ മാറാതെ താമസമാക്കി. ഈ ഉപഗൃഹമായ മാടശ്ശേരിതൃപ്പക്കുടത്തുവാര്യത്താണു് എം. ആർ. കൃഷ്ണവാര്യരുടെ ജനനം. തന്റെ ജന്മസ്ഥലത്തെപ്പററി 'ജന്മവാസന'യുടെ ആദ്യം കവിതന്നെ വർണ്ണിക്കുന്നുണ്ടു്.

അമ്മയുടെപേരു് ലക്ഷ്മിവാരസ്യാരെന്നായിരുന്നു. പിതാവു് സർവ്വകലാവല്ലഭനായ ചെങ്ങാരപ്പള്ളി ദാമോദരൻപോററിയും.

ഇദ്ദേഹത്തെപ്പററി ശ്രീ. ആർ. നാരായണപ്പണിക്കർ കേരളഭാഷാസാഹിത്യചരിത്രം അഞ്ചാംഭാഗത്തിൽ കൊടുത്ത വിവരം ചുവടെ ചേർക്കുന്നു.

വെങ്ങാരപ്പള്ളിൽ ദാമോദരശർമ്മ

കാർത്തികപ്പള്ളിതാലൂക്കിൽ വെങ്ങാരപ്പള്ളിഇല്ലത്തു് 1018-ൽ ജാതനായി. ബാല്യത്തിലേ കാവ്യനാടകാലങ്കാരങ്ങളും മന്ത്രതന്ത്രാദികളും നല്ലപോലെ അഭ്യസിച്ചു. ചതുരംഗത്തിൽ അദ്വിതീയനായിരുന്നു. ഭദ്രാംഗീപരിണയം നാടകവും, ഗജേന്ദ്രമോക്ഷം, സപ്താഹസുധാകരം എന്നീ ഗാനങ്ങളും കുമാരസപ്തപാദി കീർത്തനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. 1083-ൽ മരിച്ചു. (931-ാംപേജ്)

ഇവകൂടാതെ 'കളവാണീനാടകം' എന്നൊരു വിനോദകൃതിയും തന്ത്രസംബന്ധമായ ഒരു പ്രമാണഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ ദമ്പതിമാരെയും അവരുടെ സന്താനങ്ങളെയുംപററി [1] ചുനക്കര രാമവാര്യർ രാമാത്മചരിതം എന്ന ആത്മകഥാഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

'ദാമോദരോ മഹാവിദ്വാൻ—ഭൂസുരഃ സർവ്വതന്ത്രവിൽ
ശ്രീദഃ സുവിക്രമോ വീരഃ—തസ്യപ്രാണേശ്വരോ മഹാൻ
ഏഷാ മാതാമഹീ ശുദ്ധാ—ഭക്താ പരമസാത്വികാ
[2] ദദൽപുരതോദുർഗ്ഗാ—മേകദാ ഗേഹവാസിനീം
സീമന്തപുത്രഃ പ്രഥിതോ—മാധവോ വൈദ്യകൌസ്തുഭഃ
കവിഃ സൽകീർത്തിസമ്പന്നോ—സർവ്വസമ്മോദസമ്മതഃ
പാർവ്വതീതസ്യ സഹജാ—ശങ്കരഃ കൃഷ്ണനാമകഃ
സഹജൌ മാധവസ്യാസ്യ—വൈദ്യരത്നസ്യധീമതഃ

ധനാഢ്യനും സുവിക്രമനും വീരനും മഹാവിദ്വാനും സർവ്വതന്ത്രവിത്തും മഹാനുമായ വെങ്ങാരപ്പള്ളി ദാമോദരശർമ്മാവു് ലക്ഷ്മിവാ

---

1 ചുനക്കര രാമവാര്യർ വിവാഹംചെയ്തതു് ദാമോദരൻപോററിയുടെ മകളുടെ മകളെയാണു്.

2 ഈ കഥ കവി ജന്മവാസനയിൽ വർണ്ണിക്കുന്നുണ്ടു്. (ii-496)

ര്യസ്യാരുടെ ഭർത്താവായിരുന്നു. പരമസാത്വികയും ശ്രദ്ധയും ഭ ക്തയും ആയ ഈ മഹതി ഒരു ദിവസം കുടുംബത്തിൽ കുടിയിരു ത്തി പൂജിച്ചുവരുന്ന ദുർഗ്ഗാഭഗവതിയെ പ്രത്യക്ഷത്തിൽ കണ്ടു. ഈ ദമ്പതിമാരുടെ മൂത്തപുത്രനായ മാടശ്ശേരി(വലിയ)മാധവവാ ര്യർ സുപ്രസിദ്ധനും വൈദ്യകൗസ്തുഭവും കീത്തിമാനും പേരെ ടുത്ത കവിയും എല്ലാവക്കും സന്തോഷവും സമ്മതവും ഉണ്ടാക്കാൻ കഴിവുള്ള ഒരാളും ആയിരുന്നു. ഇദ്ദേഹം 1079-ൽ അച്ഛൻജീവി ച്ചിരിക്കുമ്പോൾതന്നെ 36-ാമത്തെ വയസ്സിൽ മരിച്ചു. അംബാ പരിണയം നാടകം,ശ്രീമൂലരാജവിജയംതുള്ളൽ, സന്താനഗോപാ ലം തിരുവാതിരപ്പാട്ട് എന്നു മൂന്നുകൃതികൾ ഇദ്ദേഹത്തിൻേറതാ യി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ശ്രീമൂലരാജ വിജയംതുള്ളൽ രചിച്ചതിനു് ശ്രീമൂലംതിരുനാൾ മഹാരാജാവു് കല്പിച്ചു് ഒരു വീരശൃംഖലനൽകുകയുണ്ടായി. ധീമാനായ ഈ വൈദ്യരത്നത്തിൻെറ അനുജത്തിയാണു് പാർവ്വതിവാര്യസ്യാർ. എം. ആർ. ശങ്കരവാര്യരും എം. ആർ. കൃഷ്ണവാര്യരും അദ്ദേഹത്തി ൻെറ അനുജന്മാരാണു്.'

സ്വസന്താനങ്ങൾക്കു് കാലോചിതമായ വിദ്യാഭ്യാസം നല്കു വാൻ ഈ ദമ്പതികൾ ഏറെ ശ്രദ്ധിച്ചു. നാലുക്ലാസ്സ് മലയാളംപ ഠിച്ചതിനുശേഷം അരിപ്പാട്ടും കൊല്ലത്തും, മാവേലിക്കരയും പഠി ച്ചു് മിക്കപ്പോഴുംജയിച്ചും ചിലപ്പോഴെല്ലാംതോററും കൃഷ്ണവാര്യർ മടിക്കുലേഷൻ ജയിച്ചു. കോട്ടയത്തും തിരുവനന്തപുരത്തും പഠി ച്ചു് ബി. ഏ. ജയിച്ചു. എഡ്യൂക്കേഷൻഡയറക്ടർ ആഫീസിൽ ക്ലാക്കായിട്ടാണു് ഇദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ചതു്. അന്ന ത്തെ ഡയറക്ടറായ ഡാക്ടർ മിച്ചൽ 'മിച്ചൽകോഡ്' എന്ന പ്ര സിദ്ധമായ വിദ്യാഭ്യാസനിയമാവലി എഴുതുന്ന കാലമായിരുന്നു അതു്. ആ ഗ്രന്ഥത്തിൻെറ കൈയെഴുത്തു് ടൈപ്പുചെയ്തു് തിരു ത്തി അച്ചടിപ്പിക്കുക എന്നതായിരുന്നു ഇദ്ദേഹത്തിനു് ആദ്യംല ഭിച്ച ജോലി. അധികം താമസിയാതെ സ്വദേശത്തുള്ള ഇംഗ്ലീ

ഷ്മിഡിൽസ്കൂളിൽ ഇദ്ദേഹത്തിനെ ഹെഡ്മാസ്റ്ററായിനിയമി ച്ചു. എൽ. ടി. പരീക്ഷ ജയിച്ചതിനുശേഷം ഹൈസ്ക്കൂൾ അ ദ്ധ്യാപകൻ, അസിസ്റ്റൻറു് ഇൻസ്പെക്ടർ, ചീഫ് ഇൻസ്പെക്ടരുടെ പേഴ്സണൽ അസിസ്റ്റൻറു്, ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, ഡ യറക്ടരുടെ പേഴ്സണൽഅസിസ്റ്റൻറു്, ഡിവിഷണൽസ്ക്കൂൾ ഇൻസ്പെക്ടർ, എന്ന നിലകളിൽ മുറയ്ക്കുയന്നു് പ്രശസ്തമായ 32 കൊല്ലത്തെ സേവനത്തിനുശേഷം ഉദ്യോഗത്തിൽനിന്നു് പെൻ ഷൻപററിപിരിഞ്ഞു. അരിപ്പാട്ടു്, തക്കല, മാവേലിക്കര, തിരുവ നന്തപുരം, മൂവാററുപുഴ, വൈക്കം, കൊല്ലം ഈ സ്ഥലങ്ങളിലാ യിരുന്നു ഉദ്യോഗകാലം നയിച്ചതു്. ചില സ്ഥലങ്ങളിൽ രണ്ടും മൂന്നുംപ്രാവശ്യം മാറിമാറി പലപ്പോഴായി പലനിലയിൽ ഉദ്യോ ഗത്തിൽ ഇരുന്നിട്ടുണ്ടു്.

കൃഷ്ണവാൎയ്യർ വിവാഹം കഴിച്ചതു് കണ്ണാംപുഴ ശ്രീദേവിമാധ വിവാൎയ്യസ്യാരെയാണു്. 1089-ൽ ആയിരുന്നു വിവാഹം. ഈ ദമ്പതികൾക്കു് മൂന്നു സന്താനങ്ങൾ ജനിച്ചു. ഒരാണും രണ്ടു പെ ണ്ണും. പുത്രൻ രാമചന്ദ്രൻ (കെ. ആർ. വാൎയ്യർ) ഇന്നു് ചാലക്കുടി കമ്മ്യൂണിററിപ്രൊജക്റ്റിൽ അസിസ്റ്റൻറു് ആഫീസറാണു്. മൂത്ത പുത്രി എം. സരസ്വതിയമ്മ ഭൎത്താവായ കെ. ആർ. വാൎയ്യരുമൊ ന്നിച്ചു് ആലപ്പുഴ താമസമാണു്. അദ്ദേഹം അവിടെ സെയിൽ സ്ടാക്സ് ആഫീസറാണു്. ഇളയപുത്രിയായ എം. ശാരദാമ്മയെ വിവാഹം ചെയ്ത ജി. പി. വാൎയ്യർ ഇന്നു് കൊല്ലം എറണാകുളം റെയിൽവെ എക്സിക്യൂട്ടീവു് എൻജിനീയറാണു്. പുത്രനു് രണ്ടും പുത്രിമാക്കു് മൂന്നും അഞ്ചും സന്താനങ്ങൾ ഉണ്ടായിട്ടുണ്ടു്. എഴുപ തോടടുത്ത എം. ആർ. കൃഷ്ണവാൎയ്യർ ഇന്നു് ഡാക്ടർമാരുടെ ഉപ ദേശം അനുസരിച്ചു് പരിപൂൎണ്ണവിശ്രമം അനുഭവിച്ചുജീവിക്ക യാണു്.

നാലഞ്ചുകൊല്ലമായി അദ്ദേഹത്തിൻെറ ആരോഗ്യം അത്ര നന്നല്ല. അരുപതോടടുത്ത ശ്രീദേവി മാധവിവാൎയ്യസ്യാരും ഒന്നി

ച്ച് സന്താനങ്ങളുടെകൂടെ മാറിമാറി താമസിച്ച് ജീവിക്കുകയാണ് ഇദ്ദേഹം ഇന്നു ചെയ്യുന്നതു്.

ഒത്തനീളം. അതിന് അനുസരിച്ച വണ്ണം. വ്യായാമംചെയ്തു ഉറപ്പിച്ച ശരീരം. അല്പം ഗൗരവംകലന്ന പുഞ്ചിരി. സുഭഗമായ ആകൃതി. നാട്ടിൽ പ്രബലവായി, തനിക്കുതാൻപോന്നവനായി, ജീവിച്ച അച്ഛന്റെപാരമ്പര്യം സമുദായരംഗത്തിലും ജീവിതത്തിലും കോട്ടംകൂടാതെ വച്ചുപാലിക്കാൻ ഇദ്ദേഹത്തിനു സാധിച്ചു. ജ്യേഷ്ഠനായ എം. ആർ. ശങ്കരവാര്യർ ഇന്നും ജീവിച്ചിരുപ്പുണ്ടു്. ഇവരുടെ മൂത്ത പെങ്ങൾ മരിച്ചിട്ട് കൊല്ലം നാലുകഴിഞ്ഞു.

ജീവിതത്തിൽ അധികം ക്ലേശങ്ങൾ അനുഭവിക്കാതെ ജീവിക്കുന്ന ചുരുക്കം ചില ഭാഗ്യവാന്മാരിൽ ഒരാളാണ് എം. ആർ. കൃഷ്ണവാര്യർ.

അഞ്ചുമണിക്ക് മുൻപ് എഴുന്നേൽക്കും. കാലും മുഖവും കഴുകി ലളിതാവദനാരവിന്ദം സ്മരിക്കുന്ന സ്തോത്രം ചൊല്ലും. മറ്റു ചില സ്തോത്രങ്ങളും പ്രഭാതംവരെയ്ക്കും ജപിക്കും. പുലരിയ്ക്കുതന്നെ ദിനകൃത്യങ്ങൾ കഴിച്ച് കൂടെ താമസമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിലും, കൃഷികാര്യങ്ങളിലും, ശ്രദ്ധിച്ച് ഒൻപതുമണിവരെ കഴിച്ചുകൂട്ടും. പത്രപാരായണവും ഗ്രന്ഥപാരായണവും ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത പരിപാടികളായി ആദ്യമേതന്നെ അംഗീകരിച്ചിട്ടുണ്ടു്. പന്ത്രണ്ടുമണിക്കു മുൻപ് സുഖമായി ആഹാരം കഴിക്കും. ഇണങ്ങിയ കൂട്ടുകാരുണ്ടെങ്കിൽ ചീട്ടോ ചതുരംഗമോ കളിക്കും. പെൻഷനായതിൽ പിന്നീട് പകൽ കുറേശ്ശെ ഉറങ്ങും. ആരോഗ്യം നഷ്ടപ്പെട്ട് ഗൃഹത്തിൽ ഇരുപ്പാകുന്നതുവരെ നാലുമണി കഴിഞ്ഞാൽ നടക്കാൻ പോകുമായിരുന്നു. സന്ധ്യയ്ക്കുമുമ്പ് മടങ്ങിവന്ന് ദേഹശുദ്ധി വരുത്തിയിട്ട് നാമംജപിക്കും. നേരത്തെ ഭക്ഷണം കഴിക്കും. പത്തുമണിക്കുമുമ്പ് കിടന്നുറങ്ങും.

2

രസിപ്പിക്കും മഞ്ജു'പ്രകൃതി'പര കാവ്യങ്ങളതിസം-
ത്രസിപ്പിക്കും ദുഃഖപ്രണയപര കാവ്യങ്ങളുമഹോ
പ്രസിദ്ധിക്കായന്നന്നെഴുതി..........

..............................

ചരിച്ചല്ലോ പേനാ ബത ചെറിയ ചാളക്കുടിലിൽ വി-
ഷ്ഫുരിപ്പിച്ചു പിച്ചച്ചെറുമിയുടെ ചേതോവികൃതികൾ

..............................

ഭാഷാരൂപിണിയായിട്ടും ഭവതിയെ സാഹിത്യസംഭാവനാ-
വേഷാകല്പസപര്യചെയ്യുതഥവാ പൂജാ വിപര്യാസമാം.

..............................

പൂജ്യയ്ക്കില്ലവകാശരദ്ധിജരിവർക്കെന്നാലുമാത്മാർത്ഥവി-
ഭാജൽ പ്രശ്രയപൂർവ്വമംബയെ മനോവാഗർച്ചനാ ചർച്ചയാൽ
ആജന്മാന്തനിഷേവ ചെയ്യുവതിനായാവശ്യമാം വശ്യമാ-
മോജസ്സും പ്രതിഭാവിലാസവുമുദിക്കട്ടെ, സ്വദിഗ് ഭാഷയിൽ

എന്ന് കവിതന്നെ സ്വന്തം കൃതികളെപ്പററി പറയുന്നുണ്ട്.

ജനിച്ചതും വളർന്നതും കവിതനിറഞ്ഞ അന്തരീക്ഷത്തിലാണ്. അച്ഛനും, മൂത്ത ജ്യേഷ്ഠനും സാഹിത്യത്തിൽ ഏറെ ശ്രമിച്ചവരും. കൂടാതെ അക്കാലത്ത് പടർന്നുപിടിച്ച നാടകഭ്രമത്തിൽ കുടുംബാംഗങ്ങളും ഉൾപ്പെട്ടിരുന്നു. അനന്തപുരം കൊട്ടാരത്തിൽ കാര്യസ്ഥനായി കഴിഞ്ഞ മാടശ്ശേരി രാമവാര്യർക്കും ജ്യേഷ്ഠൻ മാടശ്ശേരി വലിയ മാധവവാര്യർക്കും പ്രത്യേകം രണ്ട് നാടകസെററുണ്ടായിരുന്നു. ഇങ്ങനെ കവിതയും അഭിനയവും ബാല്യകാലത്തുതന്നെ കൃഷ്ണവാര്യർക്ക് പരിചയമായി. അച്ഛൻതന്നെയാണ് ഇദ്ദേഹത്തിനെ സംസ്കൃതം പഠിപ്പിച്ചത്. ഹൈസ്കൂളിൽവച്ച് കെ. പരമുപിള്ള (എം. എ.)യും കാളേജിൽവച്ച് കേരളപാണിനി, സി. എസ്. സുബ്രഹ്മണ്യൻപോററി, പി. കെ. നാരായണപിള്ള എന്നീ ഗുരുക്കന്മാരും ഈ വാസനയെ

പോഷിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്തു. അന്നു പ്രചാരമുള്ള പത്രമാസികകൾ എല്ലാംതന്നെ സാഹിത്യവ്യവസായത്തിൽ ഏറെ ശ്രദ്ധിച്ചിരുന്നതിനാൽ കവിത എഴുതുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നല്ല പ്രേരണയും ഉണ്ടായി. എന്നാൽ കൂട്ടത്തിൽ ചരിക്കാനല്ല തൻെറ വ്യക്തിവിശേഷം പ്രദർശിപ്പിക്കാൻതന്നെ അന്നു ഈ കവി ശ്രമിച്ചിരുന്നു. 'പ്രകൃതി'യാണ് ഈ കവി ആദ്യം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയ കൃതി. പി. കെ. യുടെ ആമുഖത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയ ആ കൃതിയിൽതന്നെ ഈ പരിവത്തനം നല്ലവണ്ണംകാണാനുണ്ട്.

അടിച്ചുവഴിയെ പോകാതെ, പ്രകൃതിയും മനുഷ്യപ്രകൃതിയും നല്ലവണ്ണം കണ്ടറിഞ്ഞു് ജീവിതത്തെ പ്രതിഫലിപ്പിക്കാനുള്ള യത്നവും ആരംഭിച്ചു. ഇതേപ്പററി പി. കെ. നാരായണപിള്ള പറയുന്നതു് ശ്രദ്ധേയമാണ്.

"വർണ്ണ്യവസ്തുവിനെ കവി സമാഹിതചിത്തനായി വർണ്ണിക്കേണ്ടിയിരിക്കുന്നു......മനുഷ്യപ്രകൃതിക്ക് സഹജമായവികാരധാരാനുരോധമായി ദൃശ്യവസ്തുക്കൾക്ക് നേരിടാവുന്ന ഭാവഭേദങ്ങൾ ആണ് കവികളുടെ ശ്രദ്ധയ്ക്കു് അധികം പാത്രീഭവിക്കുന്നതു്. കേവലം ധവളഗോളമായ ചന്ദ്രനെക്കുറിച്ചു് ആ ബോധം ജനിപ്പിക്കുന്നതിനേക്കാൾ 'മാരനാരാചനിർമ്മാണശാണചക്രമായി' കവി വർണ്ണിക്കുന്നു. ഇങ്ങനെ പ്രത്യക്ഷവസ്തു വർണ്ണനയ്ക്കു തുനിയുന്ന കവി പ്രത്യക്ഷഭാവത്തിനു് അന്യഥാഭാവംകൂടി വരുത്തുവാൻ ഉത്സാഹിക്കുന്നു......പക്ഷെ പ്രത്യക്ഷവിഷയങ്ങളെക്കൊണ്ടുമാത്രമുള്ളകവിതകൾ നമ്മുടെസാഹിത്യത്തിൽഅധികമില്ല. ഇംഗ്ലീഷ്സാഹിത്യത്തിൽ 'വേർഡ്സ്വർത്തു്' 'ഷെല്ലി' മുതൽപേർ ഇപ്രകാരമുള്ള കൃതികൾ വളരെ ഏറെ ഉണ്ടാക്കിയിട്ടുണ്ടു്. മി. കൃഷ്ണവാര്യരുടെ ശ്രമങ്ങൾ ഈ കവികളെ അനുകരിച്ചാണു് എന്നു തോന്നുന്നു. ഈ അംശമാണു് 'പ്രകൃതി'യെപ്പററി ആദ്യമായ പ്രശംസാവിഷയം. ഇവയിലെ ശബ്ദപ്രയോഗം, മസൃണമായ ബന്ധവും, സരളമായ ഒഴുക്കുംകൊണ്ടു് മനോഹരമായിരിക്കുന്നു. ഈ കൃതി ഇപ്പോൾ ശലഭങ്ങളേയും സുചഭസന്തതികളായ സൂകര

സ്മൃതികളേയുംപോലെ ഭാഷയിലുണ്ടാകാറുള്ള പദ്യപ്രളയത്തിൽനിന്നു് എത്രയോ ഭിന്നമാണെന്നും അതിൽ ചൈതന്യചിഹ്നമായ കവിത്വം കാണാനുണ്ടെന്നും വായനക്കാർക്ക് അനുഭവപ്പെടുമെന്നു് വിശ്വസിക്കുന്നു."

പദ്യത്തിൽനിന്നു് ഹൃദ്യമായ കാവ്യത്തിലേക്കു് 1090 നു് മുമ്പുതന്നെ ഈ കവി കടന്നുകഴിഞ്ഞു എന്നുള്ളതിനു് തെളിവാണു് 'പ്രകൃതി.' ആ ഗ്രന്ഥത്തിലെ 'കാകതാലീയവും' 'ഒരു സായാഹ്നസഞ്ചാരവും' കവിക്കു പ്രകൃതിസൗന്ദര്യാസ്വാദനത്തിനപ്പുറം കടന്നു് പലതും ചെയ്യുവാനുണ്ടെന്നു് മനസ്സിലായതിന്റെ ശരിയായ തെളിവുകളാണു്. കഥാകഥനപാടവവും, സാമുദായികപ്രശ്നങ്ങളെ സംബന്ധിച്ച് നിർഭയം ചർച്ചചെയ്യുവാനുള്ള ആഗ്രഹവും, ഇവ രണ്ടിലും തെളിഞ്ഞുകാണുവാനുണ്ടു്. ഹരിജനപ്രശ്നവും അധഃകൃതോന്നമനവും ആലോചനയ്ക്കെടുക്കുവാൻ സമുദായനേതാക്കന്മാർ തയ്യാറാകുന്നതിനുമുമ്പ്

"വിദ്യാഭ്യാസാലപൂർവ്വം ചില വലിയ കുടും-
ബങ്ങളിൽപെട്ട വല്ലീ-
ഹൃദ്യാംഗശ്രീയെഴും പെൺകൊടികളിലുളവാം
പേശലാത്മപ്രസക്തി
അദ്യാപി ക്ഷാമരക്ഷസ്സമരുമൊരു കുല-
ത്തിൽ പിറന്നിപ്പുലച്ചി-
ക്കുദ്യാനംപോലെ കുന്നിൽ പ്രകൃതിസഹജമാ-
യുജ്ജ്വലിച്ചുല്ലസിപ്പൂ
.........ഹൃദയവിഹീനാംഗനാ വൃന്ദമിന്നീ
ക്ഷ്മാമോദയ്യ ഥരപാദപ്പൊടിമുടിയിലണിഞ്ഞീടണംമുട്ടുകുത്തി."

എന്നും പറയുവാൻ മടിയില്ലായിരുന്നു.

ഈ മനസ്ഥിതിയാണു് ഈ കവിയുടെ കൃതികളിൽ മിന്നിത്തിളങ്ങുന്നവയായ കുറുമ്പ, തേവൻ, അണിഞ്ഞൻ, ചീരൻ, പൂവൻ എന്ന ലഘുകൃതികളിൽ തെളിഞ്ഞുകാണുന്നതു്.

ഏവരും കാണുന്നതിൽ ആരുമേ കാണാത്തതു-
ഭൂവിന്നു നൽകീടുന്നോനാരവൻ കലാകാരൻ

എന്ന തോതുവച്ചളന്നാൽ ഈ കൃതികൾ ഒന്നാന്തരങ്ങളാണു്. മണ്ണിനോടു പടവെട്ടി ഉൾനാട്ടിലെ പുഞ്ചയിലും, ആററുവക്കിലും കാററും തണുപ്പുംഏററു് പ്രകൃതിശക്തികളുടെയും പ്രഭുശക്തിയുടേയും ഞെരിച്ചിലിൽപെട്ടു് ദുരന്തമണയുന്ന ചരിത്രങ്ങൾ ചിത്രീകരിക്കുന്ന ഈ അഞ്ചു ലഘുകാവ്യങ്ങളും അലഘുവായ സമ്പാദ്യമാണു്. ഈ കൃതികളിൽ തെളിഞ്ഞുകണ്ട കഥാകഥനപാടവവും സാമുദായികപ്രശ്നങ്ങളെ ഊന്നി മനസ്സിലുറപ്പിക്കുവാനുള്ള ഉൾക്കരുത്തോടുകൂടിയ പ്രതിപാദനവും ആണു് ഭാർഗ്ഗവി, നാരായണി എന്ന കൃതികളിൽ കാണുന്നതു്. 1090 നു് അടുത്തു രചിച്ചതാണു് ഈ കൃതികൾ. 'ജാതിക്രമം മംഗളകർമ്മവിഘ്നമാകാത്ത ദേശം' അന്നു്മലയാളത്തിൽ ഇല്ലായിരുന്നു.

പലരും പറയാറുണ്ടു്, കെ. സി. യുടെ കേശവീയത്തിനുശേഷം രാജരാജപ്രസ്ഥാനം വളന്നിട്ടില്ലെന്നു്. അവരോടു് പറയുവാനുള്ള മറുപടി അവർ ഭാർഗ്ഗവിയും മററും വായിച്ചിട്ടില്ലെന്നുമാത്രം. അനിയന്ത്രിതമായ പ്രണയം, പ്രണയത്തിനു് വഴിനൾകാതെ അച്ഛൻെറ ശാസനത്തിനു വഴങ്ങി അന്യനെ സ്വീകരിച്ചതുകൊണ്ടു് വന്നുകൂടിയ വിഷമങ്ങൾ വിഷാദം ഇവയാണു് ഭവാനിയിലും ഭാഗീരഥിയിലും പ്രതിപാദിച്ചിരിക്കുന്നതു്.

ഈ കാവ്യങ്ങൾ നാലും ഒരുവിധത്തിൽ പരിശോധിച്ചാൽ ദുരന്തങ്ങളായി തീരുന്ന ജീവിതകഥകളാണു്.

അദ്ധ്യാപകനായപ്പോൾ വിദ്യാലയജീവിതത്തിലും രസികത്തം കടത്തിക്കൂട്ടാമോ എന്നു് കവി പരിശ്രമിച്ചു. ആദ്യം പതിനാറുഭാഗങ്ങളായി പ്രസിദ്ധംചെയ്ത വിദ്യാലയവിനോദങ്ങൾ എന്ന ലഘുഗ്രന്ഥപരമ്പര പിന്നീടു് സമാഹരിച്ചു് അഞ്ചു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തി. അഭിനയിച്ചു് വിജയിച്ചശേഷമാണു് ഇവ പ്രസിദ്ധംചെയ്തതും. ഒന്നുപോലെ എല്ലാവരും കൊണ്ടാടി

യ ഈ കൃതികൾ ബാലസാഹിത്യമെന്നു് പില്ക്കാലത്തു പേരിട്ട സാഹിത്യശാഖയിലെ മാർഗ്ഗദർശികൾ മാത്രമല്ല ഇന്നും അക്കൂട്ടത്തിൽ മികച്ചുവതന്നെ. മധുരമനോഹരമായ 'ക്രിസ്തവതാരം' എന്ന പദ്യപ്രഹസനവും ഇതിൽ ഉൾപ്പെടുത്താം. രണ്ടാംഭാഗത്തിൽ ചേർത്തിരിക്കുന്ന ലഘുകൃതികളും ഈ കൂട്ടത്തിൽ ഉള്ളതുതന്നെ. വിദ്യാലയവിനോദങ്ങൾ എന്നു പേരിടാതെ ഇവയിൽ പലതും എടുത്തു് പ്രത്യേകം കാണിച്ചാൽ നല്ല ചെറിയ ലിറിക്കുകൾതന്നെ എന്നു് എല്ലാവരും സമ്മതിക്കും. ദ്രാവിഡവൃത്തത്തിൽ ഈ കവി കാര്യമായി ശ്രദ്ധിച്ചില്ല എന്ന പരാതിയും തീരും. സ്തോത്രങ്ങളിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഫലശ്രുതിയുണ്ടെങ്കിലും ജീവചരിത്രപരമായ കൃതികളും ഇതിൽ ചേർക്കാവുന്നതാണു്. ആധുനികസ്ത്രീവിദ്യാഭ്യാസത്തെപ്പററി കവിക്കു് പറയുവാനുള്ളതെല്ലാം നേരെ പറഞ്ഞിട്ടുള്ള കൃതിയാണു് സുമിത്ര. റൊമാൻറിക്ക് രീതിയിലുള്ള ഒരു ചെറുകഥയുടെ ചട്ടക്കൂട്ടിലാണു് ഇതു് അടക്കിയതെങ്കിലും കഥയും കവിതയുമല്ല ഇതിൽ കാര്യം.

തന്നെ ആദ്യം ആകർഷിച്ച പ്രകൃതിയിലും കവി വിരക്തനായില്ല. മനുഷ്യപ്രകൃതിയും പ്രകൃതിയും കൂട്ടിയിണക്കി വർണ്ണിച്ച പാടവത്തോടുകൂടിത്തന്നെയാണു് വേമ്പനാട്ടുകായലും, പമ്പാനദിയും, ഉത്തരതിരുവിതാംകൂറും, തേവള്ളിക്കൊട്ടാരവും കവി കാണുന്നതും. അവിടെയെല്ലാം കടന്നു് ആലോചിക്കുന്നതും. എന്നാൽ അവിടെങ്ങും കവി തങ്ങുന്നുമില്ല. ജീവിതമാധുര്യം നുകന്ന 'മധുവിധു'മുതൽ ഏവരേയും കോൾമയിർകൊള്ളിക്കുന്ന ഗാന്ധിജിയുടെ 'പ്രാർത്ഥനാരംഗത്തിലും' എത്തിച്ചേർന്നു് അവിടെയും തങ്ങാതെ 'സ്റ്റാലിൻെറ ശേഷത്തിലും' 'സാധുസപര്യയിലും' കവി ചെന്നുനില്ക്കുന്നുമുണ്ടു്.

ഇങ്ങനെയുള്ള വിശാലവീക്ഷണത്തോടുകൂടി വളർന്നുവന്ന പ്രതിഭയിൽ തെളിഞ്ഞുകാണുന്ന ചരിത്രകാവ്യങ്ങളാണു് ഇന്ദിരയും, കായംകുളത്തെ കാര്യക്കാരായിരുന്ന അച്യുതവാര്യരെസം

ബന്ധിച്ച മൂന്നു കൃതികളും. തിരുവിതാംകൂറിനെ വളർത്തി ഒന്നിച്ചാക്കിയപ്പോൾ മറുകക്ഷിയിൽ ചേർന്നു നിന്നവർക്ക് അനുഭവിക്കേണ്ടിവന്ന വിഷമങ്ങളും, ചരിത്രത്തിന്റെ ഏടുകളിൽ കാണുന്ന സംഭവങ്ങളുടെ ശരിയായ വിവരണങ്ങളും, വിശദീകരണങ്ങളും, വ്യാഖ്യാനങ്ങളും, ഇതിൽ കാണാം.

രാജഭക്തിയും ഈശ്വരഭക്തിയും ഒന്നുപോലെ പാരമ്പര്യത്തിൽ വളർന്നതും, വിളയാടുന്നതും കാട്ടുന്ന കൃതികളാണു് ചിത്തിരതിരുനാളും സ്തോത്രങ്ങളും. ചിത്തിരതിരുനാളിൽ വിദ്യാഭ്യാസവിഷയത്തിൽ ഒരു മാതൃക വിവരിച്ചു കാട്ടാൻ കവി ഉറച്ചു ശ്രമിക്കുന്നുണ്ടെന്നതാണു് അതിലെ മെച്ചം. അതിലെ ശ്ലോകങ്ങൾക്കു് എഴുതിച്ചേർത്തിരിക്കുന്ന അവതാരികകൾ ഇതു് ശരിക്കു് വിവരിക്കുന്നുമുണ്ടു്.

ആചാര്യസ്വാമികളുടെ സൗന്ദര്യലഹരിയും, ഭുജംഗങ്ങളും നിത്യപാരായണം ചെയ്യുന്ന കവിക്കു് ഈ മാർഗ്ഗത്തിൽ ചരിക്കാൻ ആസക്തി ഉദിക്കാതിരിക്കില്ലല്ലൊ. ഗുഹാനന്ദലഹരി, വിവേകാനന്ദലഹരി, ആത്മചരിത്രവും കുടുംബചരിത്രവും ഉൾക്കൊള്ളുന്ന 'ജന്മവാസന' ഇവ കവിയുടെ പ്രൗഢദശയിലെ കൃതികളാണു്.

'കൃഷ്ണവാര്യരുടെ ഇതരകൃതികളെ അപേക്ഷിച്ചു് വിവേകാനന്ദലഹരിക്കു് ഒരു മുഖ്യമായ വ്യത്യാസമുണ്ടു്. അതു് ആകൃതിക്കും പ്രകൃതിക്കും ഓജസ്സും ഗാംഭീര്യവും ഏറുന്നു എന്നതാണു്.' എന്നു് വടക്കുംകൂർ പറയുന്നതു് ഈ തരത്തിലുള്ള മററുകൃതികളെ പററിയും പറയാവുന്നതാണു്.

ഇന്നത്തെ കവികളിൽ മരിച്ചുപോയ കൃഷ്ണൻതമ്പി ഒരാൾ ഒഴികെ മററാരും കൈവെക്കാൻ മടിച്ച ഒരു സംഗീതശാഖയാണു് കർണ്ണാടകരീതിയിലുള്ള ഗാനങ്ങൾ. ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ളവയിൽ ചിലതു് റേഡിയോവഴി കേട്ടിട്ടുള്ളവർക്കു് അറിയാം ഈ ശാഖയിലും കവി ചരിക്കുന്നതു് ശരിയായ വിധത്തിലാണെന്നു്.

ഇങ്ങനെ സരസ്വതീദേവിയെ

അജന്മാന്തനിഷേവചെയ്യുവതിനായാവശ്യമാം വശ്യമാ-
മോജസ്സും പ്രതിഭാവിലാസവുമുദിക്കട്ടെ സ്വദിഗ്ഭാഷയിൽ

എന്ന പ്രാത്ഥന ഫലിച്ചു എന്നും അമ്പതുകൊല്ലക്കാലത്തോളം നീണ്ടുനിന്ന സാഹിത്യയത്നത്തിൽനിന്നു് അനഘങ്ങളായ പലതും ലഭിച്ചു എന്നും ഈ സമാഹാരത്തിൽനിന്നുതന്നെ തെളിയുന്നതാണു്. വിദ്യാലയവിനോദങ്ങൾ, ലഘുകൃതികൾ, കാവ്യങ്ങൾ, ഖണ്ഡകൃതികൾ, കർണ്ണാടകസംഗീതരീതിയിലുള്ള ഗാനങ്ങൾ, ഇവ എല്ലാം തികച്ചും പലവിധത്തിലും ആധുനികമലയാളസാഹിത്യത്തിനു് മാർഗ്ഗദർശികളായിട്ടുണ്ടു്. ഏററ മിതമായ വാക്കുകളിൽ കവിതന്നെ പറയുംപ്രകാരം 'മുഴുവൻ പഴഞ്ചനുമല്ല, എല്ലാം പുതിയതുമല്ല' എന്നവിധം സാഹിത്യത്തിനു് പരിവത്തനം വരുത്താൻ ഉദ്യമിക്കയും ആ ഉദ്യമത്തിൽ വ്യക്തിമുദ്ര നല്ലവണ്ണം പതിക്കാൻ സാധിക്കയും ചെയ്ത ആധുനികമലയാളസാഹിത്യനിമ്മാതാക്കളുടെ പന്തിയിൽ നല്ല സ്ഥാനം ഉള്ള ഒരു കവിയാണു് എം. ആർ. കൃഷ്ണവാര്യർ.

3

ഈ രണ്ടുഭാഗങ്ങളിലും സ്വീകരിച്ചിരിക്കുന്ന 'അടുക്കി'നെ പററിയും രണ്ടുവാക്കു് പറഞ്ഞുകൊള്ളട്ടെ. കാലഗണനയനുസരിച്ചു് ഈ കൃതികളെ എടുത്തുകാണിക്കുവാൻ വിഷമമുണ്ടു്. ഒന്നാമതു് ഇവ രചിച്ചകാലം ശരിക്കു് ഇന്നു് കവിക്കുതന്നെ ഓമ്മയില്ല. ഉദ്യോഗജീവിതത്തിനിടയ്ക്കു് ഏററ ദിക്കുകളിൽ മാറി മാറി താമസിക്കുകയും, അപ്പോഴെല്ലാം കിട്ടിയതു് പെറുക്കിക്കെട്ടുകയും ചെയ്തു. പലതും നഷ്ടപ്പെട്ടുപോയി. പലരേക്കൊണ്ടും പകത്തിവാങ്ങിച്ചു് ഒന്നു് തുടച്ചു ശരിപ്പെടുത്തിയെങ്കിലും, ഇവ നിർമ്മിച്ചകാലം ഓമ്മിച്ചു കുറിക്കുവാൻ അദ്ദേഹത്തിനു് സാദ്ധ്യമല്ല. അതുകൊണ്ടാണു് വകതിരിച്ചു് ചേത്തതും.

പല കൃതികളും മാസികകളിലും പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയതല്ലാതെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പ്രസിദ്ധം ചെയ്തവതന്നെ മിക്കതും പലപ്രാവശ്യം അച്ചടിപ്പിക്കേണ്ട കാലം കഴിഞ്ഞെങ്കിലും അതിലും ശ്രദ്ധിച്ചിരുന്നില്ല.

ഈ രണ്ടുഭാഗങ്ങളിൽ ഉൾപ്പെടാത്തതായി നാസിനാഥവിജയം എന്നൊരു കഥകളി, സമരസങ്കടം എന്നുള്ള ഒരു അപൂർണ്ണ ചരിത്രകാവ്യം, കൂടിക്കാഴ്ച എന്നുള്ള പേരിൽ ഗാന്ധിജിയും റീഡിങ്ങും തമ്മിൽ നടന്ന സന്ദർശനം, ഇവ പദ്യത്തിലും, വിദ്യാലയവിനോദങ്ങളിലെ ഗദ്യഭാഗവും, സുകുമാരകഥകൾ, എന്ന ബാലസാഹിത്യ ഗ്രന്ഥവും, സംഗീതശാസ്ത്രാഭ്യസനം സുഗമമാക്കുന്നതിനു് സഹായിക്കുന്ന ഒരു പ്രമാണഗ്രന്ഥവും, ഇനിയും ശേഷിക്കുന്നുണ്ടു്. ഇവയിൽ കഥകളിയും സംഗീതശാസ്ത്രഗ്രന്ഥവും കൂടിക്കാഴ്ചയും അച്ചടിപ്പിച്ചതേ അല്ല. ആദ്യകൃതിയായ 'പ്രകൃതി'യിലെ ഏതാനും ഖണ്ഡകൃതികൾ വിട്ടുകളഞ്ഞിട്ടും ഉണ്ടു്.

ഈ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃതികളിൽ ഭാർഗ്ഗവിയുടെ ഏതാനും ഭാഗം ഏറത്തു് അച്യുതവാര്യരും, കുരുംബയിലെ ചില ശ്ലോകങ്ങൾ പുലിയൂർ പരമേശ്വരവാര്യരും, നാരായണിയിലെ ഒടുവിലത്തെ രണ്ടു ഭാഗങ്ങൾ ചുനക്കര രാമവാര്യരും ഇന്ദിരയിലെ വാരാണസീവർണ്ണന പി. കെ. ഗോവിന്ദപ്പിള്ള (എം. എ.)യും എഴുതിയതാണു്. ചുനക്കര രാമവാര്യരും ഈ കവിയുംകൂടി രചിച്ചു കവനകൌമുദിയിൽ പ്രസിദ്ധീകരിച്ച ഗോപാലശതകവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മരിച്ചുപോയ മാടശ്ശേരി (വലിയ) മാധവവാര്യർ എഴുതിയിട്ടിരുന്ന ഗാനങ്ങൾ ശരിയാക്കി പ്രസിദ്ധീകരിക്കുന്നതാണു് സോമവാരവ്രതം തിരുവാതിരപ്പാട്ടു്. മററു ചില പാട്ടുകളും അദ്ദേഹം രചിച്ചതു പരിഷ്കരിച്ചതാണു്. ഗ്രന്ഥരൂപത്തിൽ ആദ്യം ഇതിൽ പലകൃതികളും പ്രസിദ്ധീകരിച്ചപ്പോൾ, പി. കെ. നാരായണപിള്ള, സി. വി. കുഞ്ഞുരാമൻ, സി. പി. ഗോവിന്ദപ്പിള്ള, ഒ. എം. ചെറിയാൻ, പി.

അനന്തൻപിള്ള, ഇ. വി. കൃഷ്ണപിള്ള, വള്ളത്തോൾ, ഉള്ളൂർ, വടക്കുംകൂർ, മുതലായ സഹൃദയന്മാർ അവതാരികകൾ എഴുതിയിരുന്നതും ഇവിടെ വിട്ടുകളഞ്ഞിട്ടുണ്ട്.

പല കൃതികൾക്കും ആംഗലസാഹിത്യത്തിലുള്ള പലതിനോടും കടപ്പാടുണ്ട്. ത്യാഗരാജകീർത്തനങ്ങളും, ദീക്ഷിതരുടെ കൃതികളും ചിലതെല്ലാം വിവർത്തനംചെയ്തതും സംഗീതം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും എടുത്തുപറഞ്ഞുകൊള്ളട്ടെ.

## 4

കവി ജീവിച്ചിരിക്കുമ്പോൾതന്നെ അദ്ദേഹത്തിൻെറ കൃതികൾ എല്ലാംകൂടി സമാഹരിച്ച് പ്രസിദ്ധപ്പെടുത്തണം എന്നുണ്ടായ ആശ കഴിഞ്ഞവർഷത്തിലെ തുടങ്ങാൻ സാധിച്ചുള്ളു. രണ്ടു വർഷത്തിനുള്ളിൽ ആയിരത്തിഅരുന്നൂറിൽപരം വരുംവരുന്ന ഈ രണ്ടുഭാഗങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതിൽ അനല്പം സന്തോഷംഉണ്ടുതാനും. 'ചെങ്ങാരപ്പള്ളി സുബ്രഹ്മണ്യൻപോററിക്ക് കൈ രണ്ടേ ഉള്ളല്ലൊ' എന്ന റിമാർക്കോടുകൂടി രണ്ടു കൈയ്യും വീരശൃംഖലവാങ്ങിയ പാരമ്പര്യംഇന്നും പലയിടത്തും നശിക്കാതെ അവശേഷിക്കുന്നുണ്ട്. വലിയമാധവവാരിയരോടുകൂടിമാടശ്ശേരിൽ കടന്നുകൂടിയ ജന്മവാസന കൃഷ്ണവാര്യരിലും, ഇവരുടെ അനന്തരവന്മാരായ എസ്. രാമവാര്യരിലും, ഈ ലേഖകനിലും എം. ആർ. സി. വാര്യരിലുംതെല്ലു തങ്ങിനില്പുണ്ട്. കൃഷ്ണവാര്യരുടെ ദൌഹിത്രിയായ സുധാമണിയിലും 'ഈ ഗുണം ഈഷദീഷൽചുംബിതാനി' എന്നവിധത്തിൽ വളരുന്നുമുണ്ട്. ചെങ്ങരപ്പള്ളിലാണെങ്കിൽ രാഷ്ട്രീയപ്രക്ഷോഭണത്തിൽ മുഴുകിയാണ് നാരായണൻപോററി (എം.എ.ബി.എൽ.) ജീവിക്കുന്നതെങ്കിലും കവിതാവാസന അദ്ദേഹത്തെയും അനുഗ്രഹിച്ചിട്ടുണ്ട്എന്നുള്ളതു് എല്ലാമലയാളികളും സമ്മതിക്കുന്ന കാര്യമാണ്. തൊട്ടുതൊടിച്ച് പിറകോട്ടുപോയാൽ ലളിതാംബിക അന്തർജനത്തിനു് ലഭിച്ച സിദ്ധിയും മററെ

ങ്ങും നിന്നല്ലെന്നു ബോദ്ധ്യമാകും. മാടശ്ശേരി കുടുംബത്തിൽ ഉള്ള വരും അവിടുന്നു കൊടുത്തവരിൽ പിറന്നവരും ആയിട്ടുള്ള ബഹുമാന്യവ്യക്തികളുടെ പട്ടിക നിരത്തിയാൽ ഏറെ സ്ഥലം അതിനും വേണ്ടിവരും. എങ്കിലും പത്രാധിപപ്രമുഖനായിരുന്ന എം. ആർ. മാധവവാര്യരുടെയും, സാഹിത്യചരിത്രകർത്താവായ എം. ആർ. ബാലകൃഷ്ണവാര്യരുടെയും, എ. സ്. ശങ്കരവാര്യരുടെയും പേരുകൾ എടുത്തു പറയാതെ ഇരിക്കുന്നതും ശരിയല്ല.

പാരമ്പര്യം കാലത്തിനനുസരിച്ചുവളർത്തി കാലത്തിനപ്പുറം കടന്ന ദീർഘദൃഷ്ടിയോടുകൂടി സാഹിത്യസേവനം അനുഷ്ഠിച്ച് വിശ്രമിക്കുന്ന ഈ വൃദ്ധ കവിക്ക് ഭാവുകങ്ങൾ നേരുകയാണ് ഇനിയും അവശേഷിക്കുന്ന കർത്തവ്യം. അതിന് എല്ലാവരെയും ക്ഷണിച്ചുകൊണ്ട് ഈ രണ്ടാംഭാഗവും നിങ്ങൾക്കു കാഴ്ചവയ്ക്കുന്നു.

വിനീതൻ

മാടശ്ശേരി മാധവവാരിയർ

കോട്ടയം
16-12-'53

34312

# ലഘുകൃതികൾ

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഭാരതി

ഒരുനാളിനനസ്തമിച്ചു; വാച്ചു-
ന്നിരുളാമംബരമംബരത്തെ മൂടി;
തരുമാലകൾ കാററിലാടി; "വൈക്കം"
തെരുവിൽക്കെട്ടു തുടങ്ങി ദീപപംക്തി.

ഇരുപേരകമൊന്നിടിച്ചിലോടൊ-
ത്തുരുഭീ, സംശയ ലക്ഷണങ്ങൾകാട്ടി,
തെരുവീഥി കടന്നു, തൊറുചെയ്യു-
ന്നൊരു വിദ്യാർത്ഥിയൊടൊപ്പമായ് പതുങ്ങി.

കടയൊക്കെയലക്ഷ്യമായ്ക്കടന്നൽ-
ക്കടവീചീനികരം നിറഞ്ഞു പൊങ്ങി,
കടലൊത്തൊരു കായലിൻെറ വള്ള-
ക്കടവിൽച്ചെന്നിവരാശു ചേൻനിന്നാർ.

ഇവിടെ പ്രഭമെങ്ങിനിന്ന ദീപ-
ച്ഛവികൊണ്ടാരിവരെന്നു തീർച്ചയാക്കാം;
രവിപോലെ വിളങ്ങിടും യുവാവാ-
ണവിശങ്കം ധൃതിയാൻ മുമ്പിൽ നില്പോൻ.

സ്വ ശിരസ്സു മുതല്ക്കു കാല്ക്കലോളം
ശിശിരാഛാദന വസ്ത്രമിട്ടു മൂടി,
ശശിപോലെ, മനോഭവൻെറ പുത്തൻ
വിശിഖംപോലെ വിളങ്ങിടുന്നതാരോ?

ഇരുളിൽ പ്രിയകാമുകൻെറ തോള–
ത്തുരുസങ്കോചമൊട്ടും പിടിച്ചുതൂങ്ങി,
മരുവുന്നതൊരംബുജാക്ഷി, കാട്ടിൽ–
ത്തരുവിന്മേലൊരു ബാലവല്ലിപോലെ.

ഉടനോതി ഉടൽപ്പകിട്ടു കാട്ടും
മടവാരൊത്തിഹ വന്ന മാനനീയൻ
"എട! വാല! കടത്തുകാര! വള്ളം
വിടണം നീ ക്ഷണമക്കരയ്ക്കു പോകാൻ."

"കരുതീടുക നീയതിന്നമാന്തി–
ക്കരുതേ, കാര്യമബദ്ധമാകുമെന്നാൽ;
ഒരു നാലണ വേണമെങ്കിലും ഞാൻ
തരുവൻ, താമസിയാതെ വഞ്ചിവിട്ടാൽ."

"യശമാനനിതെന്തു കൃത്തു? കാററും
പിശറും കാണുവതിന്നു കണ്ണുമില്ലേ?
വശമുള്ളവർ പോലുമിപ്പൊറം വിട്ടാൽ
പിശകാം"—പിന്നയുമോതി ശുദ്ധവാലൻ.

"ശരി! എങ്കിലുമാരു നിങ്ങളീമാ–
തിരി, കാററും പിശറും കടുത്തിടുമ്പോറം,
'കരി'യക്കര പററുവാനൊരുങ്ങി–
ത്തുരിശത്തോടെഴുന്നെള്ളി നിന്നിടുന്നോർ?"

ഉരചെയ്തു യുവാവു:—"കേൾക്ക! നീ, എൻ-
കരമാലംബനമാണെടോരിക്കൃശാംഗി,
പരമത്യന്തരക്തയെന്നിൽ; വേറെ
വരനെ മാതുലനിന്നു തീർച്ചയാക്കി.

"മണി പത്തു കഴിഞ്ഞിടുമ്പൊളിപ്പെൺ-
മണിയെ, പെണ്ണു വെറുത്ത പൊണ്ണനായി
അണിയുന്നതിനേകമിന്നഹോ! നി-
ർഗ്ഗുണിയാം മാതുലൻ, ഇക്കരെയ്ക്കൽ നിന്നാൽ."

"പറയാതെയിറങ്ങി വന്നു പെണ്ണീ-
മുറതെറ്റെങ്കിലും—എങ്കലുള്ള രാഗം
കറയററതുതന്നെ, എന്ന മൂലം
വിറ വിട്ടിട്ടിവളോടുകൂടി വന്നേൻ."

"പുറകേ വരും, ഉഗ്രകോപിയാകും
മറവൻ മാതുലൻ; അത്ര വന്നു പോയാൽ,
പറയേണ്ട ഭവിച്ചിടുന്ന, തായാ-
ളുറവാളരിടുവാൻ മടിക്കയില്ല."

ക്ഷണമക്കരെ ഞങ്ങളെമടിക്കാ-
തണയിച്ചീടുക, രക്ഷപെട്ടുകൊള്ളാം;
ഇണ ഞങ്ങൾ ഭയപ്പെടുന്നു ഹാ! ദു-
ർഗ്ഗുണനായാളിനെ,യാളുമാഴിയേക്കാൾ."

"മരണത്തിലുമീയപായമേറും
തരണത്തിങ്കലുമില്ല പേടിയെന്നാൽ,
പരകൃത്രിമമായനിഷ്ടമാകും
വരണം ദുസ്സഹദുഃഖഹേതുവല്ലോ."

"മദമോടിഹ പിന്തുടന്നിട്ടുന്നോർ–
പദവിന്യാസമിതാ ശ്രവിച്ചിടുന്നു!
ഹൃദയം പിടയുന്നു! ഞങ്ങളേ നീ
സദയം കേററുക തോണി തന്നിലിപ്പോരം."

ദയവാന്നു പറഞ്ഞു വാലൻ:—"എന്നാൽ
കയറാം വേഗം— അണയ്ക്ക വേണ്ടിയല്ലാ
ഭയമുറെറാരു മാങ്കിടാവുപോലെ
നയനശ്രീയെഴുമമ്മയെത്തുണയ്ക്കാം."

"കളഭാഷിണി തമ്പുരാട്ടി, ആപ–
ത്തുളവാം—ഇക്കര നിന്നിടേണ്ട—കായൽ
കളവല്ല—കിടന്നലച്ചു വല്ലാ–
തിളകുന്നെങ്കിലുമൊന്നു ഞാൻ ശ്രമിക്കാം."

ഉരചെയ്തിതു, വാലനക്കഴുക്കോൽ
കരയുഗ്മത്തിലെടുത്തു, കാതരാക്ഷി
വരകാമുകനൊത്തു കേറി; വള്ളം
ത്വരയോടും കരവിട്ടു കായലെത്തി.

അതിമഞ്ജുളവാണി ചൊല്ലി:—"അയ്യോ!
ധൃതികൂട്ടീടുക; മാതുലൻ രുഷാന്ധൻ
കുതികൊണ്ടിത വന്നിടുന്നു; വീചീ–
തതികൾക്കണ്ടങ്കമ്പ പാമ്പിനേക്കാൾ."

ഒളികായലിലപ്പൊഴേക്കുമോള–
ക്കളി വർദ്ധിച്ചതുവാർദ്ധിപോലെയായി;
വിളി കാററിനു മൂത്തു; വിശപമെല്ലാം
പൊളിയും മട്ടതു ഘോരഘോരമായി.

പൊടി പാറിന കാററു, വീചി, വെട്ടു-
ന്നിടിമിന്നൽപ്പിണർതൻ പകച്ച പാച്ചിൽ,
പൊടി, പേമഴയും കലൻറു പാരിൽ
കൊടിയ ക്ഷോഭമുയൎന്നിതല്ലിലപ്പോരം.

കരവിട്ടൊരു വഞ്ചി കായലെത്തി-
ത്തിരമാലയ്ക്കു നടുക്കു തൊട്ടിലാട്ടം
പരമാശു തുടൻറു; കായലോര-
ത്തരമമ്മാവനുമാളുമായണഞ്ഞാൻ.

ക്ഷണദയ്ക്കു വെളിച്ചമേകിയോരോ
ക്ഷണമുണ്ടായി വരുന്ന കൊള്ളിയാനിൽ
ക്ഷണമാസ്ഥിതി മാതുലനു, തദ്വീ-
ക്ഷണപന്ഥാവിലകന്നു കാണുമാറായ്

അല ചുററിയടിച്ചുലച്ചു മങ്ങി-
ത്തലതാഴ്ത്തിജ്ജലമുള്ളിലാകെയേററി;
വലയുന്നിതു ഹന്ത! ഭീതി പശ്ചാകുല-
രായ് തോണി കരേറിയാശു പോയോർ.

ഒരു കൈലത കാമുകൻെറ കാന്തി-
ത്തിരുമെയ് ചുററി, വലത്തു കയ്യുയത്തി
"കരുണാകര! ശൗരി! നീ കടാക്ഷി-
ച്ചരുളുകെ"ന്നോതി വിറച്ചു ബാല നിന്നാരം.

ഗതിയില്ല തിരിക്കുവാൻ സഹായി-
പ്പതിനും യാതൊരു മാർഗ്ഗമില്ല കഷ്ടം!
അതിശോച്യമവസ്ഥ കാണവേ ദു-
ൎമ്മതിയാം മാതുലനും മനസ്സലിഞ്ഞു.

"സതി! ഭാരതി! ഭാഗിനേയി! ആരെ-
പ്പതിയായിട്ടു വരിച്ചു നീ; അവങ്കൽ
രതിയാൎന്നു രമിച്ചു കൊൾക, വന്നാൽ
മതി, നീയിങ്ങു തിരിച്ചു നിൻഗൃഹത്തിൽ"

വിലാപമിതു വിശ്രുതം പ്രകൃതി-
വിപ്ലവോല്ലീനമായ്;
അലാഘവ സുശീലരാം പ്രകൃത-
കാമിനീ കാമുകർ
ബലാദമൃതമൃത്യുവാൎന്നു ബത!
സാഹസാത്മകക്രിയാ-
ഫലാനുഭവമെത്രയും ബഹു-
ഭയങ്കരാതങ്കദം.

★

# വനശിശുക്കൾ

"നരഭാഗ"മെന്ന നഗരത്തിലേകദാ,
നവകീർത്തിയൊത്തൊരു നരാഢ്യപുംഗവൻ,
നലമോടു വാണു, നരവാഹനോപമൻ,
നടുകല്ലുപോലെ നരമുത്തുമാലയിൽ.

അഭിമാനിയാമിവനശുദ്ധജീവന-
പ്രതിപത്തിയില്ല ലവലേശമെങ്കിലും,
ക്ഷയരോഗബാധ തണുവിങ്കലിന്ദുവിൽ
സ്വയമെന്നപോലെ, പിടികൂടി, ഗാഢമായ്.

ഗുണബുദ്ധിവൈഭവമിയന്നതായ തൽ-
പ്രണയാർത്ഥഭാജനതയാന്ന മങ്കയാൾ
നിജകാന്തനെപ്പടി ചടച്ചുവിട്ടതൽ-
പ്രഭ, ശുക്ലപക്ഷമുഖരാത്രിപോൽ ക്ഷണം.

അനുരാഗമോടിവർ വരിച്ചു, തങ്ങളിൽ
പ്രതിപത്തിയോടിവർ നയിച്ചു ജീവിതം,
പ്രണയംവിടാതിനിയൊരേ ശവക്കുഴി-
ക്കടിയിൽ കിടപ്പിനിവർ, ഒത്തുപോകയോ?

ഒരുമിച്ചുകാലമരണപ്രതീക്ഷയോ-
ടമരുന്നു ദമ്പതികൾ; പെൺപിറന്നവൾ
പ്രസവിച്ചുതായ നിജ രണ്ടു കുട്ടികൾ-
ക്കിനിയെന്തുവാൻ ഗതി ജഗത്തിൽ? ഈശ്വരാ!

ഇതി ചിന്തയാർന്ന ബഹുദീനദീനരാ-
യണയുന്ന ദമ്പതികൾ ദഗ്ദ്ധമാനസർ,

ശിശു കോമളാസ്യധവളാംബുജങ്ങളിൽ
ഗതികെട്ടു നോക്കി നയനാംബു തൂകിനാർ.

ഒടുവിൽക്കിടാങ്ങളുടെ നൽപിതൃവ്യനാ-
മൊരുവൻെറ കാൎയ്യമവരോക്കയാലുടൻ
അവനേ വരുത്തി, നിജമൃത്യുശയ്യത-
ന്നരികത്തിരുത്തിയുരചെയ്തു തന്തയാർ:-

"പ്രിയനാം സഗർഭ്യ! ജഗദീശപരേച്ഛയാ-
ലിവനും പ്രിയയ്ക്കുമിനിമേലിലൂഴിയിൽ,
അധിവാസമില്ലധികകാലമെന്നു ഞാൻ
പറയാതെതന്നെയറിയാവതല്ലയോ?

"കനിവോടു ഞങ്ങളുടെ രണ്ടു കുട്ടികൾ-
ക്കിനി രക്ഷകൻെറ നിലയെഗ്ഗ്രഹിച്ചു നീ
അനുജാ! വസിക്കണം ഇതാണനിന്നൊടി-
ങ്ങിവനുള്ളപേക്ഷയവസാനവേളയിൽ.

"മകനായ മൂത്ത ശിശു, പൂൎണ്ണയൗവ്വന-
സ്ഥിതിയാൎന്നിടുമ്പൊളവനേകുവാനിതാ
ഒരു നല്ല സംഖ്യ കലരുന്ന 'നോട്ടു' നീ
വടിവോടു വാങ്ങുക കരത്തിലഞ്ജസാ.

"മകളായ 'ജാനു' നിജ രമ്യയൗവ്വന-
പ്പടികേറിയാത്മകലിതേച്ഛപോൽ സ്വയം
വരനേ വരിച്ചു കഴിയുന്നനേരമീ-
യൊരു നല്ല സംഖ്യ കമനിക്കുമേകണേ."

ജലജാക്ഷിതാനുമതി ദീനഗൽഗദാ-
ക്ഷരവാചകത്തിലുരചെയ്തുസമ്പ്രതി:-
"അനുജാ! ഭവാനൊരുവനാണു ഭാവിയിൽ
ശിശുതാതമാതൃജനവും പിതൃവ്യനും;

കരുണാശയത്തൊടു ശിശുക്കളെബ്ഭവാ-
നിഹ രക്ഷചെയ്കിലും, ഉപദ്രവിക്കിലും,
കഠിനാശയത്തൊടനുരൂപമാം ഫലം
ജഗദീശ്വരൻ തവ തരട്ടെ ഭാവിയിൽ!!"

ഉടനെ പറഞ്ഞിതു പിതൃവ്യൻ,—"ഇപ്പൊളീ-
യുരചെയ്തപേക്ഷയുരരീകരിച്ചു ഞാൻ;
ഉഴറേണ്ട, നിങ്ങളുടെ പൊൻകിടാങ്ങളേ,
വഴിപോലെ വാച്ചു കുതുകാൽ വളർത്തിടാം.

മരണം വരുന്ന സമയത്തു, നിങ്ങൾ, ഹാ!
മതിമക്കളെന്നു നിരൂപിപ്പതഞ്ജസാ;
മഹിതാത്മമോചനമുദിക്കുവാൻ, ജഗൽ-
പതി തന്റെ പാദമകതാരിലോർക്കുക!"

അവനേവമേററമനുകമ്പയോടുര-
ച്ചുമിതോക്തിയാത്മശമമാന്നു, കേട്ടവർ
അവസാനചുംബനമണച്ചു കുട്ടികൾ-
ക്കനുവാദമേകിയവനൊത്തു പോകുവാൻ.

* * * *

ഇതുകഴിഞ്ഞധികം ദിവസങ്ങളാ-
യതിനുമുമ്പിഹ ദമ്പതിമാരഹോ!
ഗദരാത്തി വളന്നു പരസ്പരാ-
ശ്രയമണഞ്ഞൊരുമിച്ചു മരിച്ചുഹാ!

പിതൃവ്യൻ, അക്കുട്ടികളേ നിജാലയം
പ്രതി ക്ഷണംകൊണ്ടു ഗമിച്ചതിന്നുമേൽ
സ്വസന്തതിയ്ക്കൊപ്പമിണക്കളാവമോ-
ടെടുത്തു ലാളിച്ചു വളർത്തിയൊട്ടുനാൾ.

ശിശുക്കൾതന്നച്ഛനുമമ്മയും മരി-
ച്ചൊരാണ്ടു കഷ്ടിച്ചു കഴിഞ്ഞവേളയിൽ

അവക്കെഴും സ്വത്തിനവൻ കിടാങ്ങളേ-
ക്കൊലപ്പെടുത്താൻ വഴി ഹന്ത! നോക്കിനാൻ.

അഹോ! മഹാഘാതകരായ രണ്ടുപേ-
ക്കരണ്യഭാഗങ്ങളിൽ, അശ്ശിശുക്കളേ
അണച്ചു വെട്ടിക്കൊലചെയ്തുകൊള്ളുവാ-
നവൻ മടിക്കാതെയൊരാജ്ഞനൽകിനാൻ.

"ശിശുക്കളേ ലണ്ടണപട്ടണത്തിലേ-
യ്ക്കയച്ചു വിദ്യാഭ്യസനത്തിനെ"ന്നവൻ
സ്വഭാവനെമ്മാലൃഗുണം കലന്നൊരാ
സ്വഭാര്യയോടും കളവത്ര ചൊല്ലിനാൻ.

ലതാലസൽകോമളമാം വപുസ്സെഴും,
കിടാങ്ങൾ, പോകുംവഴി കണ്ട കാഴ്ചയാൽ,
പ്രഹർഷരായിട്ടു നടന്നു, കുട്ടികൾ-
ക്കപായശങ്കാമതിയങ്കുരിക്കുമോ?

കൊലയ്ക്കുകൊണ്ടാശു ഗമിച്ചിടും ഖല-
പ്രമാണിമാരാകിയ രണ്ടുപേരൊടും,
കളിച്ചുമോരോന്നു പറഞ്ഞു കൌതുകാൽ
ചിരിച്ചുമാഹന്ത! നടന്നു കുട്ടികൾ.

ഖലക്കഹോ! കിംബഹുനാ! കിടാങ്ങൾതൻ-
മധൂക്തികേട്ടാശു മനസ്സലിഞ്ഞുപോയ്;
അതല്ല,തിക്രൂരതയാളുമാക്രിയ-
യ്ക്കുനല്ല വൈമുഖ്യവുമത്ര ജാതമായ്.

ഖലാശയന്മാരിലൊരാളു മറ്റെയാ-
ളിലും പരം നിർദ്ദയനായിരിക്കയാൽ
പിതൃവ്യസംഭാവനയോർത്തു, വീണ്ടുമ-
ങ്ങുറച്ചു കുഞ്ഞുങ്ങളെ നിഗ്രഹിക്കുവാൻ.

കിടാങ്ങളെക്കൊല്ലണമെന്നയാൾ; ഉടൻ
കിടാങ്ങളെക്കൊല്ലരുതെന്നു മറെറയാൾ,
വഴക്കടിച്ചിങ്ങനെ വാച്ച ദുഷ്ടനേ
വഴിക്കുവെച്ചാശു വധിച്ചു വാളിനാൽ.

ഭയേന്നു മെയ്യാകെ വിറച്ചു; കണ്ണുനീ-
രൊലിച്ചുവീഴും ചെറു പൊൻകിടാങ്ങളേ
ക്ഷണത്തിലക്കൈയ്യു പിടിച്ചുകൊണ്ടുപോ-
യിവൻ സമീപത്തൊരു കാട്ടിലേറിനാൻ.

"കരഞ്ഞിടായ്കേ"ന്നുപറഞ്ഞു കാട്ടിനുൾ-
ക്കടന്നു കുഞ്ഞുങ്ങളുമൊത്തൊരാക്ഖലൻ;
കടുപ്പമായുള്ള വിശപ്പു വായ്കയാൽ
തളൎന്നു വല്ലാതെ ചമഞ്ഞു കുട്ടികൾ.

"ഇരിക്ക നന്നായിവിടത്തിൽ നിങ്ങൾ, ഞാ-
നിനിക്ഷണം ഭക്ഷണസാധനങ്ങളേ
ഇരന്നുകൊണ്ടിങ്ങുവരാം" ഇതെന്നുര-
ച്ചിവൻ ഗമിച്ചാൻ വിപിനത്തിൽനിന്നുടൻ.

ഇരുന്നു, എന്നാൽ ഇവർ ദുഷ്ടനേ പറ-
ഞ്ഞിരുന്നപോലവെപാട്ടു കണ്ടിടായ്കയാൽ
ഇണങ്ങിയൊന്നിച്ചു കരം പിടിച്ചുകൊ-
ണ്ടിറങ്ങിയക്കാട്ടിനകത്തു ചുററിനാർ.

വരും വരും ഭക്ഷണസാധനങ്ങളോ-
ടവന്നുപോയാൾ, ഇദമാഗ്രഹിച്ചതിൽ,
വരാഞ്ഞു വല്ലാതെ കുഴങ്ങിയഞ്ജസാ
വനങ്ങൾതോറും ബത! ചുററി കുട്ടികൾ.

കറുത്ത ചൂരപ്പഴമത്ര കാൺകയാൽ
പറിച്ചുതിന്നാരവർ; പല്ലവങ്ങൾപോൽ

ച്ചുവന്നിരുന്നാ രദനാംബരങ്ങൾ തൻ
നിറാകുറെ നീലമതായ് പകൎന്നുടൻ.

തമോവിലാസം കലരുന്ന രാത്രിതൻ-
സമാഗമം കണ്ടു ഭയം ജനിക്കയാൽ
ഇടിഞ്ഞു താഴുന്ന മനസ്സിനോടുമ-
ങ്ങിരുന്നു വാവിട്ടു കരഞ്ഞു കുട്ടികൾ.

അലഞ്ഞലഞ്ഞങ്ങനെ പിന്നെയും,നട-
ന്നനല്പസാധുത്വമിയന്നകുട്ടികൾ,
ഒടുക്കമന്യോന്യകരങ്ങളിൽപതി-
ച്ചുടച്ചുപശ്ശ്വാകുലമായ കണ്ണുകൾ.

മരിച്ചുകുഞ്ഞുങ്ങടെ മഞ്ജുമെയ്കളേ
മരങ്ങൾതോറും മരുവുന്ന പക്ഷികൾ,
മനോജ്ഞമാകും മലർകൊത്തിയിട്ടുതാൻ,
മറച്ചു,മന്ദം ചരമങ്ങൾ പാടിനാർ.

പിതൃവ്യനന്നാളുതുടങ്ങിയീശ്വരൻ-
പിഴയ്ക്കുമഹോ!ശിക്ഷകൊടുത്തുമേല്ക്കുമേൽ,
പിശാചുതൊട്ടുള്ളതിഘോരരൂപികൾ
പിടിച്ചുതിന്നാനവനോടടുത്തുപോൽ.

അവന്റെ വീടഗ്നി ഭുജിച്ചു, പാടമ-
ങ്ങുണക്ക വർദ്ധിച്ചു മണൽപ്രദേശമായ്,
മരിച്ചു കന്നാലികൾ; മങ്ങി മാഗളം,
സദാ മനസ്സാക്ഷി കൊടുത്തുപദ്രവം.

കടൽക്കകത്തൊരു വഴിയാത്രപോയതാ-
മവന്റെ നല്പൊലിയണിമക്കൾ രണ്ടുപേർ
മരിച്ചു, പിമ്പവനുമഹോ! ദരിദ്രനായ്
മഹാധിയോടുഴറി നടന്നുചത്തുപോൽ.

★

# കൊച്ചുലക്ഷ്മി

ചിരിച്ചു ചോലത്തമൃതം ചൊരിഞ്ഞു, നിർ-
ഝരിക്കുമാ മൂന്നു നദീനതാംഗികൾ
വരിച്ച 'മൂവാററുപുഴ'സ്ഥലം, പരി
സ്ഫുരിച്ചിടുന്നുത്തരവഞ്ചി ഭൂമിയിൽ.

നിസർഗ്ഗലക്ഷ്മിക്കു നിവാസരംഗമാം
പ്രസന്നനദ്യാവൃതമാകുമിസ്ഥലം,
ലസദ്വനാലംകൃത കീരമംഗള-
പ്രസാഗമോടും വിലസുന്നുസർവ്വദാ.

ഉലഞ്ഞു നില്ക്കുന്നഭിരാമമാം ലതാ-
കുലങ്ങളുറിപ്പുണരും മരങ്ങളാൽ
മലപ്രദേശങ്ങൾ മനോഹരങ്ങളാ-
യലംകൊടുക്കുന്നൊരു കാഴ്ചയത്ഭുതം.

മലയ്ക്കുമീതേ ചിലടത്തു മഞ്ജുവാ-
യ്ളിലങ്ങിമേവുന്ന ശിലാതലങ്ങളെ,
അലങ്കരിക്കുന്നു, കൃശങ്ങളായിട്ടും
ജലപ്രവാഹങ്ങളൊലിച്ചുനഗ്ഗളം.

മെലിച്ചിലോടും മലയേറിമന്ദമാ-
യൊലിച്ചിടുന്നീയരുവി സ്രവങ്ങളെ,
വലിച്ചു കണ്ടങ്ങളിലേയ്ക്കു കഷ്കാ-
വലി പ്രയത്നങ്ങളെടുത്തു കൊണ്ടുപോം.

കനത്ത നിമ്നോന്നത കൽപ്രദേശമാ-
ന്നനർഗ്ഗളാംഭസ്സു കലന്നൊഴുക്കുകൾ,

മനസ്സിനിമ്പം തരുമാറു മമ്മര-
സ്വനങ്ങളുണ്ടാക്കിവിടുന്നു കേരംകളവാൻ.

പ്രവാഹശബ്ദങ്ങളലംവനസ്ഥലീ-
നിവാസപക്ഷിവ്രജനാദമിശ്രമായ്,
ദിവാനിശം ദിവ്യ നിസർഗ്ഗദേവതാ-
നവാദ്യ സംഗീതസമം ശ്രവിച്ചിടാം.

അലാഘവ ശ്യാമള കോമള പ്രഭാ-
വിലാസമോലുന്ന ശിലാതലങ്ങളിൽ,
നിലാവിനൊക്കും ധവളാമൃത സ്രവാ-
മലാഭ, കാണേണ്ടൊരു കാഴ്ചയാണഹോ!

മണമ്പെടും മാർദ്ദവമാന്ന പൂച്ചെടി-
ഗ്ഗണങ്ങളില്പ്പെട്ടണി പല്ലവങ്ങളും,
തൃണങ്ങളും നിന്നൊളി താഴ്വരസ്ഥല-
ത്തിണങ്ങി നില്ക്കുന്നിതു കന്നുകാലികൾ.

പ്രസന്നമാം പ്രസ്രവണങ്ങളിൽ, സദാ
സസംഭ്രമം പൊന്നൊളി മത്സ്യമാലകൾ,
അസംഖ്യമംഭസ്സു വിഹാരലീന ഹൃ-
ദ്രസം കലർന്നോടി നടന്നിടുന്നു തേ.

മരുത്തിലാടുന്ന മരങ്ങൾ, അദ്രിമേൽ-
കരുത്ത കുററിച്ചെടി തന്റെ പങ്ക്തികൾ,
പരുത്ത പാറക്കഷണങ്ങൾ, ഈ വക-
ക്കിരുപ്പിടം ചുററിനുമുള്ള കുന്നുകൾ.

ഗുഹാസ്യഭാഗങ്ങൾ, അരണ്യജന്തുവിൻ
വിഹാരദേശങ്ങൾ, പിളർപ്പുകല്ലുകൾ
പ്രഹാസ ശബ്ദങ്ങൾ, ഇടയ്ക്കിവററയാൽ
“മഹാ ഭയദ്യോതകമിസ്ഥലം തുലോം.”

ഒരിക്കലുലവം പ്രകൃതിപ്രഭാവമാ-
ന്നിരിക്കമീയുത്തരവഞ്ചിമൂലയിൽ,
ശരിക്ക ഗോപാലന ശുദ്ധവൃത്തിയാ-
ചരിച്ചുവാണാളൊരു നായർനാരിയാൾ.

സ്വകാന്തനയ്യോ! വിധിശാസനത്തിനാൽ,
പ്രകാമ്യമാം മദ്ധ്യവയസ്സിലായ നാൾ,
അകാലനിര്യാണമണഞ്ഞു; നാരിയി-
പ്രകാരമേകാന്തനിവാസമേന്തിനാൾ.

ശിശുക്കളോടൊത്ത ശിവപ്രദങ്ങളാം
പശുക്കളെത്തീററിയെടുത്തു, പാലവൾ,
അശുദ്ധമാക്കാതെ കൊടുത്തു, പോക്കിനാ-
ളശുഷ്കമായ് ജീവിതകാലമുവ്വിയിൽ.

സ്വശാബവാഹാഗണവും, സ്വപുത്രിയാം-
കൃശാംഗി മാലാമണി കൊച്ചുലക്ഷ്മിയും,
അശാന്ത വൈധവ്യസുദുസ്സഹ വ്യഥാ-
ദശാദിയിൽ, സാന്ത്വനസാധനങ്ങളായ്.

മണാളനിര്യാണകൃപാണഭീഷണ-
വ്രണാമയത്തോ സതി സാധുശീലയാൾ,
മൃണാളസാരസ്യശരീരനന്ദിനീ-
ഗുണാവലോകത്തിൽ മറന്നു മേവിനാൾ.

ഇടയ്ക്കിടയ്ക്കെങ്കിലും, ആത്മകാന്തസ-
ങ്കടപ്രദാകാലവിയോഗമോത്തവൾ,
കിടന്നു ദുഃഖിച്ചു കരഞ്ഞു; സാദ്ധ്വികൾ-
ക്കടങ്ങുമോ ഭർത്തൃവിയോഗജാർത്തികൾ.

മരിച്ച ഭർത്താവൊടുമൊത്തു തന്റെ മെ-
യ്യെരിച്ചതില്ലിസ്സതി, സാദരം മകൾ

ചിരിച്ചു കാലിട്ടു കുടഞ്ഞു, തൊട്ടിലിൽ
സ്ഫുരിച്ചൊരാസ്യത്തൊടുടൻ കിടക്കയാൽ.

പിതാവു ബാല്യത്തിൽ മരിച്ചുപുത്രിയെ
നതാംഗി നന്നായ്ക്കുഷണിച്ചു നാരകനാരം
ഹിതാനുക്രമം സ്വദരിദ്രതോദിത-
പ്രതാപമേല്ക്കാത്തവിധം വളർത്തിനാരം.

ക്രമത്തിലിപ്പുത്രി, സ്വമാതൃലാളനാ-
ശ്രമങ്ങളെല്ലാം സഫലീകരിച്ചുപോൽ.
സുമത്യനേകാര്യഗുണങ്ങളാന്നു നൽ-
സുമത്തിനൊപ്പം വിലസിത്തുടങ്ങിനാരം.

തനിക്കുവേണ്ടിത്തലതല്ലിയല്ലലിൽ-
ത്തനിച്ചുഹോ വൃത്തികഴിച്ചൊരമ്മയിൽ,
ജനിച്ചു/വാച്യാത്തമ ഭക്തിപൂർണ്ണമാം-
ഖനിക്കു കണ്ടില്ലതിനെത്രയെന്നിവരം.

വയസ്സുപന്ത്രണ്ടരയായ പെങ്കിടാ-
വയസ്സിനേക്കാന്തലവം കണക്കഹോ!
സ്വയംസ്വകപ്രേക്ഷകരേ വശീകരി-
ച്ചുയന്നിടുന്നുത്തമചിത്തവൃത്തിയാൽ.

വളന്നപോതങ്ങനെ വീട്ടുജോലിയിൽ
തളന്നമാതാവിനു കാതരാക്ഷിയാരം,
വിളങ്ങിയാലംബനമായ്; കുലച്ചുമെ-
യ്യുളഞ്ഞ വാഴയ്ക്കൊരു തുണപോലവേ.

അടുക്കളയ്ക്കുള്ളിലെഴുന്ന ജോലിന-
ല്ലടുക്കൊടും വൃത്തിയൊടും ദിനംപ്രതി,
എടുത്തുകൊണ്ടാളിതു "കൊച്ചുലക്ഷ്മി", യ-
പ്പടുക്കളാം പാചകരെന്നപോലവേ.

വിരച്ചിടാതന്നു പശുക്കളെ സ്വയം
കറക്കുവാൻ കൈത്തളിർത്തുലിയേന്തുവാൻ.
മുറയ്ക്കു വിദ്യാർത്ഥി കരം കണക്കു, താ-
നുറച്ചു നിത്യം പരിശീലനത്തിനാൽ.

വെളിച്ചമായാലെഴുന്നേററു പൂമുഖം
തളിച്ചു മുററത്തെയടിച്ചു തൂത്തലാൾ,
കുളിച്ചുവന്നിട്ടു പശുക്കളെക്കറ-
ന്നൊളിക്കലംതന്നിലൊഴിച്ചുകാച്ചിനാൾ.

പരം പണിപ്പെട്ടു പഠിച്ചു പള്ളിയിൽ
പരപ്പയർപ്പാട്ടുകൾ, നല്ല വാക്യവും,
വരയ്ക്കു വാനോലയും, ഈ വരാംഗി; മേൽ-
ത്തരത്തിലില്ലന്നിഹ പാഠശാലകൾ,

നിരാമയം നിത്യവുമന്ത്യവേളയിൽ
പുരാണപാരായണമഭ്യസിക്കയാൽ,
പരാഭവം വിട്ടു വളൎന്നു മങ്ക,യീ-
ശ്വരാശ്രയം നല്ലതു കൈവരുത്തിടും.

മരന്ദമാധുര്യമനോഹരാത്ഭുത-
സ്വരത്തിലീ മാർദ്ദവമഞ്ജുവാണിയാൾ,
നിരന്തരം പാട്ടുകൾ പാടി; ബാലികാ-
നിരയ്ക്കു സംഗീതമവശ്യമല്ലയോ?

ചുരുക്കിയോതാം; ഇവൾപൂർവ്വമാംകടൽ
ത്തുരുത്തിലേത്തുമണവല്ലിപോലവേ,
കുരുത്തു കുഗ്രാമതലത്തു, താമര-
ക്കുരുന്നു പങ്കത്തിലെഴുന്നപോലവേ.

ഒരിക്കലന്നാളൊളിലോകബന്ധുവ-
ന്തരിച്ചു; സന്ധ്യയ്ക്കിരുൾ ദുഃഖേനീവിയേ

PUBLIC LIBRARY KOTTAYAM

ധരിച്ച സവ്വംസഹ വീട്ടിലെങ്കിലും
തിരിച്ചുവന്നില്ലൊരു പൈക്കിടാവഹോ!

അതിൻെറ തള്ളപ്പശു അശ്രുധാരയാ-
ട്ടതിന്നു വാവിട്ടു കരഞ്ഞിതഞ്ജസാ;
ക്ഷിതിക്കകത്തേററം, അപത്യദുഃഖമാം-
ക്ഷതിക്കു പാത്രം, മൃഗപക്ഷിവർഗ്ഗവും.

കരച്ചിലുണ്ടായതിനുള്ള കാരണം
ധരിച്ചുടൻ ധാമ്മികയാം കുടുംബിനി,
ഉരച്ചു പാരം പ്രണയാർത്ഥപാത്രമാ-
യിരിക്കുമാപ്പുത്രിയൊടത്ര സാദരം.

എരിഞ്ഞടങ്ങീ മകളേ!കിടാവിനി-
ത്തിരിച്ചുവന്നില്ല, കിടന്നു പയ്യിതാ,
കരഞ്ഞു ചാകാൻ തുടരുന്നു, നീ, ക്ഷണം
തിരഞ്ഞുചെന്നിങ്ങുപിടിച്ചുകൊണ്ടുവാ.

"മനസ്സുലമ്മസ്സൂരിനെയ് കൊടുത്തു; ഞാൻ
മനസ്സറിഞ്ഞിട്ടു കൊടുക്കയില്ലമേൽ:
മിനക്കെടുത്തും വെറുതേ അതിൻവില-
യ്ക്കുനക്കമില്ലന്തികഴിഞ്ഞുപോകിലും!!

"ഇരുട്ടുവോളം വെറുതേനിറുത്തി,യ-
ക്കുരുട്ടു നാഴിക്കിതതന്ന നെല്ലതിർ,
ഇരുന്നുപാററട്ടി,നിയെപ്പൊഴാണെടീ!
തരുന്നതത്താഴമഹോ! നിനക്കു ഞാൻ."

ഇവണ്ണമോതിജ്ജനയിത്രി ജോലിചെ-
യ്യുവശ്യം; ആജ്ഞാപിതമായൊരാത്മജാ,
സ്വവത്സകാന്വേഷണമാശു ചെയ്യുവാ-
നവക്കെഴും വീടു വെടിഞ്ഞിറങ്ങിനാൾ.

തെളിച്ചമേറുന്നൊരു "കൊച്ചുലക്ഷ്മി"യ-
ക്കളിച്ചതന്നോടമരും കിടാവിനേ,
വിളിച്ചു വീണ്ടും വിളികൂട്ടി, വത്സമെ-
ങ്ങൊളിച്ചു കാണാതെ മറഞ്ഞുപോയിതോ?

നടന്നുടൻ വീട്ടിനു നാലുപാട്ടമു-
ള്ളിടങ്ങളിൽ സംഭ്രമിനോക്കി, നോക്കിമേൽ
കടന്നു കാട്ടും പടലുംപിടിച്ചുദുർ-
ഘടപ്രദേശത്തിനു പൈതലാളവൾ.

നിറഞ്ഞിരുട്ടത്തു കിടവിനേത്തിര-
ഞ്ഞിറങ്ങിയപ്പെൺകൊടി, കാനനങ്ങളിൽ
കറങ്ങിയേററം വഴിതെററിയജ്ഞസാ
മറഞ്ഞു ഹാ! മാമലമുള്ളമാലയിൽ.

*　　　*　　　*

അതുല്യം അന്നത്തെയടുക്കളയ്ക്കക-
പ്പുതുപ്പണിച്ചിട്ടകളങ്ങു മിയ്ക്കതും
ഒതുക്കി, മാതാവഥ "കൊച്ചുലക്ഷ്മി"യേ-
പ്പുതുക്കെയുണ്ണുന്നിതിനായ് വിളിച്ചുതേ.

വിളിച്ചനേരം വിളികേട്ടിടാഞ്ഞു, "നീ
കളിച്ചിടുന്നോ? മകളേ! ഉറങ്ങിയോ?
തെളിഞ്ഞെണീററുണ്ണുക; പാതിരാപ്പുറ-
ക്കളിക്കുറുക്കൻ കരയുന്നു കേൾക്കടീ !"

പറഞ്ഞിവണ്ണം, മകൾ നിത്യവും കിട-
ന്നുറങ്ങുമാറുള്ള തളത്തിലെത്തിനാൾ,
മുറയ്ക്കു കാണാഞ്ഞവിടെ പരിഭ്രമി-
ച്ചുറച്ചു വീണ്ടും വിളികൂട്ടി മേൽക്കുമേൽ.

"തനിച്ചിരുട്ടത്തെവിടേയ്ക്കു പോയി? നീ-
യിനിപ്പശുക്കുട്ടിയെയങ്ങു നോക്കുവാൻ

തുനിഞ്ഞുഃപോയോ? മകളേ! കട്ടപ്പമെൻ-
ശനിപ്പിഴയ്ക്കന്തവസാനമില്ലയോ?"

പുരയ്ക്കു ചുററും മകളേ പുനശ്ച താൻ-
തിരഞ്ഞു കാണാഞ്ഞതിഖിന്നയായവൾ,
കരഞ്ഞു മാറത്തടിക്കുട്ടി; രാത്രിയിൽ
പരന്നു ദിക്കാകെ വിലാപനിസ്വനം.

മുറയ്ക്കുമാറത്തടിയും മുഴങ്ങുമാ-
റുറച്ചപൊങ്ങും പരിദേവനങ്ങളും,
തറച്ചു കണ്ണുകളിലത്ര, വീട്ടുവി-
ട്ടിറങ്ങിവന്നാരയലത്തുകാരുടൻ.

വിശേഷമുണ്ടായതറിഞ്ഞു സത്വരം
കൃശതരക്ലേശഭരാന്തകമ്പയാൽ,
കുശേശയശ്രീമുഖിയേ,യരണ്യദി-
ക്കശേഷമാരാഞ്ഞു തുടങ്ങിനാരവർ.

മനുഷ്യരോരോ മലയേറി "മിന്നിടാ-
മിനുങ്ങു"പോലേ പല ചൂട്ടമിന്നിയും,
അനവ്യഥാ വാക്കുകളോതിയും, നട-
ന്നനുക്ഷണം കുട്ടിയെയാശു തേടിനാർ.

അനങ്ങിയെന്നാലതു തന്റെ പുത്രിയെ-
ന്നനല്പലാശ്രുസ്രവണാക്ഷിയമ്മാൾ,
നിനച്ചു, ഹാ! ദീർഘനിശാന്തബദ്ധമാം-
ദിനത്തെയാശിച്ചു നടന്നുതേടിനാൾ.

ഒടുക്കമെക്കുട്ടരുമമ്മയും കൊതി-
ച്ചുടത്തനാൾ വന്നു; മഹാ പ്രഭാകരൻ
എടുത്തെറിഞ്ഞുഗ്രതമസ്സുദൂരയി-
ട്ടു;ടുത്തു പൊൻസൂര്യപടം വസുന്ധരാ.

കിളന്ന പാറപ്പുറമേറിയേററവും
തളൎന്നു നോക്കും ജനയിത്രി, പുത്രിതൻ
വിളങ്ങിടുംമുണ്ടൊരഗാധമായ കൽ-
പ്പിളൎപ്പിലാടുന്നതു കണ്ടു മുട്ടിനാൾ.

അടുത്തുനിന്നാളുകൾ, ഓടുമമ്മയെ-
ത്തടുത്തുനിൎത്താൻ മുതിരുന്നമുമ്പവൾ
കടുത്ത ദുഃഖത്തോടഹോ! കരഞ്ഞു പാ-
ഞ്ഞടുത്തു ചാടി ക്ഷണമപ്പിളൎപ്പതിൽ.

വെരുണ്ടു കൂട്ടാളുകൾ നോക്കിടുമ്പൊഴേ-
ക്കുരുണ്ടുപോകും തടിതട്ടി മുട്ടിമേൽ,
വരുന്ന മൃത്യുല്ലൂടഘോരഘോഷമാ-
യിരുന്നു ശേഷിച്ചതു തത്ര, ദൈവമേ!

തിരിച്ചു മെയ്യിങ്ങനെ കണ്ടുകിട്ടിടാ-
തിരിക്കുമാറാത്മജയും, സവിത്രിയും,
മരിച്ചു; മൗനാമയഭീതിയോടുടൻ
പിരിഞ്ഞുപോയാരിഹ പിന്നെയുള്ളവർ.

മാതാവിൻ കൈപിടിച്ചിട്ടിഹ മലമുകളിൽ,
പൈക്കിടാവേ വിളിച്ചി-
ശ്ശീതാവും പൈതലാളിപ്പൊഴുമിരവിൽ നട-
ക്കുന്നതായ്നാട്ടുകാരിൽ,
ഏതാനുംപേരുരയ്ക്കുന്നതിതു, കഥയിതിനെ-
പ്പാട്ടിലാക്കിപ്പഠിച്ചി-
ട്ടോതാറുണ്ടപ്പുലച്ചിത്തരുണികൾ, തിരുവോ-
ണക്കളിത്തിക്കടുത്താൽ.

★

# രണ്ടു മോതിരം

ഒരു തൂമലർവാടിയിൽ, സുപത്രാ-
വൃതമായോരു നികുഞ്ജമന്ദിരത്തിൽ,
നവയൌവ്വനയുക്തരായ രണ്ടാ-
ളൊരുമിച്ചങ്ങനെ നില്പയായിരുന്നു.

ഇവരിങ്ങനെ നിന്നതായകാല-
ത്തുപബങ്കാളസമുദ്രനീലവെള്ളം,
ബഹുശ്രുദ്ധ പുരാതനതചമാന്ന-
"ശ്ശശിലേഖാ"പുരിതൊട്ടു വാണിരുന്നു.

പ്രകൃതാമല പട്ടണത്തിനൊത്ത-
ത്തെരുവിൽപാൎത്തജനോല്ക്കരങ്ങളെല്ലാം
തിരമാലകളാഞ്ഞു മുട്ടിയെത്തു-
ന്നൊരു ശബ്ദം നിതരാംശ്രവിച്ചിരുന്നു.

ഒരു നല്ല വിശിഷ്ടസൗധമേത-
ന്നഗരത്തിൻെറ സമീപ ഭൂമിയിങ്കൽ
വിലസീകടലിന്നടുത്തുചേൎന്നി-
ട്ടൊരു പുത്തൻ മലർവാടി വീട്ടമായി.

മണിമേടയുമീമനോജ്ഞമാകും
മലർവാടിസ്ഥലിയും, മഹീതലത്തിൽ
വിളികേട്ടവണിക്പ്രവീരനായ-
"ധനദാസൻ"വക വസ്തുവായിരുന്നു.

ഒരു സുന്ദരനാം യുവാവിനോടൊ-
ത്തിഹ കുഞ്ജത്തിനകത്തു വൎത്തമാനം

ഉരിയാടി വസിച്ചതീവണിക്കിൻ
മകളാകുന്നു "ഹിരണ്മയി" പ്രമുഗ്ദ്ധാ.

ഒരു ഹിന്ദുകുമാരിയേ വിവാഹ-
ത്തിനു സാധാരണ നിശ്ചയിച്ചിട്ടുമ്പോൾ
പരമെത്ര വയസ്സിരിയ്ക്കും, എന്നാൽ,
അതു തല്ലൂന്യ കടന്നിരുന്നിതപ്പോൾ.

അവൾ, തൻെറ മനസ്സുകേട്ടുകൊണ്ടു-
ല്ല വിവാഹസ്ഥിതിയിങ്കൽ വാണിരുന്നു;
അതു സൂക്ഷ്മമറിഞ്ഞിടേണമീയെൻ-
കഥയിൽ സ്നേഹമിയന്ന വായനക്കാർ.

പതിനൊന്നുവയസ്സുചെന്നിടം തൊ-
ട്ടിവളിപ്പോൾ പരമഞ്ചുകൊല്ലമായി
മനസാവരണം കഴിച്ച ഭർത്താ-
വൊടു ചേരുന്നതിനാഗ്രഹിച്ചിരിപ്പൂ.

സമുദായ നടപ്പിനേ ഗണിയ്ക്കാ-
തിവളീ യൗവനയുക്തനോടുകൂടി
മലർവാടിയിൽ നില്പതെത്ര തെററെ-
ന്നപവാദം തുടരായ്ക്ക വായനക്കാർ.

ഒരു കന്യകയാമിവൾ സ്വയം, തൽ-
ത്തരുണന്നേകിയ കാഴ്ച തൻെറ ഹേതു
അറിയാത്തവരാരുമില്ല, തൽപ-
ട്ടണഭാഗത്തിൽ വസിച്ചിടും ജനത്തിൽ.

ഇവൾ നാലുവയസ്സിലെത്തിയപ്പോൾ,
ഇഹ തല്ലൂന്യകയോടു പൂവനത്തിൽ
മരുവുന്ന യുവാവിനെട്ടിലൊട്ടും
കവിയാതുള്ള വയസ്സിരുന്നിരിക്കാം.

"ശുചിശുദ്ധ"നിതിപ്രസിദ്ധനായ-
ത്തരുണൻ തന്നുടെ താതനായ ചെട്ട്യാർ.
"ധനദാസ"വണിക്‌വരൻെറ വീട്ടി-
ന്നയൽവക്കത്തു വസിച്ചിരുന്നവൻപോൽ.

"ശുചിശുദ്ധ"നെഴുന്ന വീട്ടിലോ, തൽ-
'ധനദാസ'ൻെറ ഗൃഹത്തിലോ, നിതാന്തം,
അതിനാൽ, അതി ബാല്യകാലമേതൊ-
ട്ടിവരൊന്നിച്ചു കളിച്ചു താൻ വളൎന്നു.

പതിനാറു വയസ്സു ചെന്നു കന്യ
സ്സ്വഹബാലനൊരു വിംശതിക്കടുത്തു;
അവരെങ്കിലുമാദ്യബാല്യകാല-
ത്തുളവായപ്രതിപത്തി വിട്ടതില്ല.

അവരന്നു പരസ്പരം ധരിച്ചാ-
രനുരാഗാസ്പദമായ മൈത്രിയിങ്കൽ
അമരാനിടയായി, ഹന്ത! വല്ലാ-
തതിശക്തിപ്രതിബന്ധമൊന്നുമാത്രം.

ശരിയാകിയ കാലമെത്തിടുമ്പോ-
ളിവരേ തമ്മിൽ വിവാഹബന്ധനത്തിൽ
വഴിപോലെ കയററണെന്നു തന്നാ-
ക്കുലബന്ധുക്കൾ നിനച്ചിരുന്നുവല്ലോ.

അതിനായി വിവാഹവാസരം കൂ-
ടവരമ്പോടു വിനിശ്ചയിച്ചിരുന്നു.
ഒടുവെന്തു വിചിത്രമോ! കുമാരീ-
ജനകൻ സമ്മതമത്ര പിൻവലിച്ചു.

പിതൃനിശ്ചയമൊന്നിതായിരിക്കെ-
പ്പുനരസ്നേഹിതനോടുകൂടിയേവം

ഇവളീയിടപാടു വച്ചിരിക്ക-
ന്നതുമര്യാദവിഹീനമല്ലയെന്നോ?

പലനാൾ പതിവായപേക്ഷചെയ്തു
പരമേതാണ്ടൊരു മുഖ്യവർത്തമാനം
പറയുന്നതിനായ് 'പുരന്ദരൻ'; തൽ-
ഫലമായിട്ടിവരെത്തി പൂവനത്തിൽ.

അവനസ്സഖിയെപ്രതീക്ഷണംചെ-
യ്തമരും നല്ല ലതാഗൃഹത്തിനുള്ളിൽ
അവൾ ചെന്നു കരേറി, വേഗമെന്നി-
ട്ടുരചെയ്തുള്ളപരിഭ്രമിച്ചിവണ്ണം.

"അയി! ദേവ! ഭവാനിതെന്തിനായി-
ട്ടിവളിങ്ങെത്തിടുവാനപേക്ഷചെയ്തു?
ഇനി ഞാനൊരു കൊച്ചുകുട്ടിയല്ലെ-
ന്നറിയാതല്ലിതുചെയ്തതങ്ങിദാനീം."

"വിജനത്തിലഹോ! പരസ്പരം നാം
വിരവിൽ കാണുവതത്ര യോഗ്യമാണോ?
ഇനിമേലിതുപോലെ വേണ്ടിവന്നാ-
ലിവളിമ്മിഷ്ടം വഴിപ്പെട്ടുന്നതല്ലാ."

"ഇനി ഞാനൊരു കൊച്ചുകുട്ടിയല്ലെ"
ന്നിളമാൻകണ്ണിയുരച്ചുനിന്നനേരം
ഇവളേന്തിയ ഗൗരവസ്വഭാവ-
പ്രമദാത്വം ബഹു രമ്യമായിരുന്നു.

അവൾതൻ നിലപെയ്തൊരാരസച്ചാ-
റളവററിമ്പമൊടാസ്വദിച്ചുകൊള്ളാൻ
അവിടാരു? "പുരന്ദരെൻെറ' ചിന്താ-
ഗതിയും പ്രായവുമായതോർത്തതില്ലാ.

വരകുഞ്ജമലങ്കരിച്ചവല്ലീ-
സുമമൊന്നാശുപറിച്ചെടുത്തു കയ്യിൽ
അവനത്ര വിജൃംഭിതാത്മചിന്താ-
കുലനായിട്ടതു മർദ്ദനം തുടങ്ങി.

"ഇനിമേലിതുപോലെ കണ്ടുകൊൾവാ-
നയി! നിന്നോടൊരപേക്ഷ ചെയ്കയില്ലാ-
ഇവനിന്നു ഗമിച്ചിടുന്നു ദൂര-
ത്തൊരു ദിക്കിന്നതുചൊല്ലുവാൻ കൊതിച്ചേൻ."

വ്യഥയോടവളോതിയാശു, "ദൂര-
ത്തൊരു ദിക്കിന്നെവിടേക്കു പോയിടുന്നു?"
"അതു ലങ്കയിലേക്കി"തെന്നു വീരൻ
"ശിവ! ലങ്കയ്ക്കുടനെന്തി"നെന്നു ബാലാ.

"സഖി! ഞാനയി! പോവതെന്തിനെന്നോ?
തൊഴിൽ മേ വാണിഭമാണു; തോയരാശി,
അതിനാൽ ഉപജീവനം തരേണ്ടു-
ന്നഴകേറുന്ന മദീയ മാർഗ്ഗമല്ലോ."

അവൻ, ഏവമുരച്ചിടുമ്പൊളാത്മ-
വ്യഥ കാട്ടാതെയിരിക്കുവാൻ ശ്രമിച്ചു;
പരമെങ്കിലുമക്ഷിയുഗ്മമശ്രു-
സ്രവണത്താലധികം നനഞ്ഞുപോയി.

'ധനദാസ' കുമാരി മിണ്ടിടാത-
ങ്ങതു കേൾക്കാത്തവളെന്നപോലെ നിന്നാൾ;
മിഴി രണ്ടുമവൾക്കു ചുററുപാടു-
മ്മഴകേറും ചില കാഴ്ചയിൽ പതിഞ്ഞു.

കമനീയ വിശാലമാം തടാക്ഷി-
ദേയമപ്പോളൊളിയഞ്ചി വീചിയിന്മേൽ

വിലസീടിന സൂൎയ്യരശ്മി ജാല-
ക്കളി കാണുന്നതുപോലെ കാണുമാറായ്.

തരസാ സമയം പ്രഭാതവും തു-
പവനൻ മന്ദനമായിരുന്നു; സൂൎയ്യൻ,
പവമാന കിശോരകമ്പിതശ്രീ-
തിരമാലാവലിമേൽ സമുല്ലസിച്ചു.

അതിദൈൎഘ്യമിയന്നസംഖ്യവീചീ-
നികരം വന്നു കരയ്ക്കടിച്ചുകേറി;
നര നീലജലത്തിൽ, വജ്രതാരാ-
വലി, കൃഷ്ണാംബരസീമ്നി,പോൽ വിളങ്ങി.

സിതകാന്തികലന്ന "സിന്ധുപക്ഷി"
പ്രകരം നിർഭയമായി നീരിൽ മുങ്ങി
തടപാന്ത സമുദ്രതീരമെത്തി
ച്ചിറകാട്ടിക്കളിയാടി വാണിരുന്നു.

അസിതാബ്ധി, തരംഗശേഖരശ്രീ-
നരവീചീ വിലസട്ടിനാംശു പങ്ക്തി,
ഇവ; തൽ സുകുമാരി നോക്കിനിന്നീ-
ടുകയാണെന്നിഹ തോന്നുമാറു വാണാൾ.

അവളസ്ഥിരമായതീവദൂരെ-
പ്രചരിക്കുന്നൊരുപോതവാഹനത്തിൽ
നിജദൃഷ്ടിയണച്ചു, പിന്നെ വാനിൽ-
കയറുന്നോരു പതംഗഭംഗിനോക്കി.

മിഴിപിന്നരികത്തുവാടിവീണാ-
മലരിൽചെന്നുപതിച്ചു; തന്വിപിന്നെ
ശ്രമമോടുപറഞ്ഞു "ഹാ!ഭവാനെ-
ന്തിനുപോകുന്നതു? പോയിടട്ടെതാതൻ."

ഉടനോതിപുരന്ദരൻ, "പിതാവി-
ന്നധികം ചെന്നവയസ്സ; ഞാൻ,പ്രവൃത്തി
അറിയേണ്ടൊരുകാലമായി; പോവാ-
നനുവാദം മമതാതനോട്ടവാങ്ങി."

ഇതുകേട്ടഹിരണ്മയിയ്ക്കുവല്ലാ-
ത്തുളവായോരു വികാരവർദ്ധനത്താൽ
ലതികാഗൃഹമോട്ട ചെന്നതുണ്ണിൽ
തലചാരിസ്സതിതാപമാന്നിരുന്നു.

അവൾതൻ നിടിലം ചുളുങ്ങി; ചെമ്പൂ-
വധരംതുള്ളി; വിറച്ചു നാസികാഗ്രം;
തരസാമിഴിയശ്രുധാരവാർത്തു
ഇവകണ്ടിട്ടു പുരന്ദരൻ കുഴങ്ങി.

അവനാശു തിരിഞ്ഞുനിന്നു; ചിന്താ-
കുലനായിട്ടഥ ചുററുപാട്ടുനോക്കി;
പുരം, അംബരം, അബ്ധി, തീരദേശം;
ഇവകണ്ടെങ്കിലുമാശ്വസിച്ചതില്ല.

നയനത്തിൽ നിറഞ്ഞുവന്നു കണ്ണീർ;
അതുഗണ്ഡം വഴിവീഴുവാൻതുടങ്ങി;
അതുരോഷമൊട്ടും തുടച്ചുമാററി;
പുനരാഹന്ത! പുരന്ദരൻ പറഞ്ഞു.
"ഇതു ചൊല്ലുവതിന്നുവന്നുഞാൻ"നിൻ-
ജനകൻ നിന്നെ എനിക്കു ഭാൎയ്യയായി
തരികില്ലിദം എന്നുരച്ചിതോ, ഞാൻ
അതു നാളെ ഇതു നിശ്ചയിച്ചതത്രെ.
"വരികില്ല തിരിച്ചുഞാൻ, തവാംഗ-
സ്മൃതിയുള്ളിൽ കുടിപാർപ്പു കാലമോളം;

വരുമിങ്ങുതിരിച്ചുഞാൻ തവാംഗ-
സ്മൃതിയെന്നുള്ളിൽ മറഞ്ഞിടുന്ന നാളിൽ
ഇതിലേറെയെനിക്കു ചൊല്ലുവാനി
ല്ലഥവാ വല്ലതുമോതുവാൻ ശ്രമിച്ചാൽ,
ശരിയായതു തേ മനസ്സിലാക്കാൻ
പണി, ഇപ്പോഴം; അതിനാൽ ചുരുക്കിടുന്നേൻ.

"ഇഹലോകധനം മുഴുക്കെയൊന്നിൽ,
തന്നതേ, "ത്രാസി" തരത്തിൽ, വച്ചുനീട്ടിൽ
തവകാഞ്ചന ഗാത്രഭാരമൊന്നേ
സ്വയമീ ഞാനുരരീകരിക്കയുള്ളു."

ഇതുചൊല്ലിയകന്നുനിന്നു; ചിന്താ
വശനായ് പിന്നെ നടന്നിതങ്ങുമിങ്ങും;
അഥവേറൊരു പൂപറിച്ചുമന്നേ-
പ്പടിമർദ്ദിച്ചു, പുരന്ദരാഭിധാനൻ.

വിപുലാത്മ വികാരധാരയല്പം
വിശമിച്ചപ്പൊളടുത്തു വന്നുരച്ചു
"അറിയുന്നിതു ഞാൻ നിനക്കുമെന്നോ-
ടനുരാഗം പരമുള്ളിലുള്ളതായി.

അപരന്റെ കളത്രമാകും, എന്നാൽ
അധികം താമസിയാതെ നീ, മനസ്സിൽ
അചലമെന്നെ നിനച്ചു, തിന്നിമേലാ-
ലവലോകിയ്ക്കുകയില്ല തമ്മിലീനാം."

ഇതുചൊല്ലി നടന്നു പോയിവേഗം
ധൃതിമാനായ പുരന്ദരൻ; കുമാരി
ഗതധൈര്യമഹോ നിലത്തുവീണി-
ട്ടുളവായശ്രുവിലാത്മമഗ്നയായി.

കദനത്തെയടക്കി നോക്കിവേഗം
കഥനംചെയ്തു തനിച്ചു കാതരാക്ഷി;
"കണവൻ മമ, ലങ്കയിൽ കടക്ക-
ന്നതിനേക്കാളിഹ ഞാൻ മരിക്കനല്ലൂ.

ഇതിലീയൊരു വള്ളിതൻ സഹായം
മതിതൂങ്ങിത്തുലയാൻ തുനിഞ്ഞിടട്ടേ;
അതിൽനല്ലതു ചാകുവാനിനിക്കീ-
യുദധിക്കുള്ളിലെടുത്തു ചാടുകല്ലീ?

ഇവളാത്മവിനാശമത്രചെയ്താ-
ലതിനാലെന്തു ഗുണം ലഭിച്ചിടുന്നു?
അതുകൊണ്ടതിനുദ്യമിച്ചിടേണ്ട-
ന്നൊടുവിൽ ശുദ്ധവിചാരമാർന്നു തന്വീ.

വിവിധതര വികാരം ചിത്തതാരിങ്കലാടി;
വിവശത, യതുമൂലം, വിദ്യുദാഭയ്ക്കുകൂടി;
വിഗളിത സിതബാഷ്പം കണ്ണിൽനിന്നാശു ചാടി;
വിജനത, സഹതാപാൽ, വിപ്രലാപങ്ങൾ തേടി

ധനപതി "ധനദാസ"നെന്തുമൂലം
വിനയമിയന്ന "പുരന്ദര"ന്നിവണ്ണം
മകളെയരുളുവാൻ വിസമ്മതിച്ചെ-
ന്നൊരുവരുമൊട്ടുമറിഞ്ഞതില്ല ചിത്രം!!

അവനതിനുടെ കാരണം കഥിച്ചി-
ല്ലധികമടുത്തൊരു ബന്ധുവർഗ്ഗമോടും;
ഒരുവനതു കടന്നു ചോദ്യമിട്ടാ-
ലൊഴികഴിവോതിയൊഴിഞ്ഞൊഴിഞ്ഞുമാറി.

ഇതിലുമതി വിശേഷമായി, വേറി-
ട്ടൊരുവിഷയം ജനജാഗ്രതാർഹമായി:

പലരണകില്ലമാക്കമ.സചപുത്രീ-
വരപദസൗഖ്യമവൻ കൊടുത്തതില്ല.

തനുജയുടെ വിവാഹകമ്മമാകും-
വിഷയമൊരാളവനോടെടുത്തു ചൊല്ലിൽ
മറുപടിയതിനൊന്നു മോതിടാതേ-
മറുവിഷയത്തിലവൻ കടന്നുപോയി.

നിജദയിത, നിരന്തരം സചപുത്രീ-
പരിണയകാലമതിക്രമിച്ചു വെന്നായ്,
ഉരുവിടവെ, അവൻ "പരട്ടെ, അസ്സൽ
കുലഗുരു, ശാസ്ത്രികൾ," എന്നുനിന്നുകൊണ്ടാൻ.

പുരുഗുണനിധിയാംപുരന്ദരാഭിധൻ,തൽ
പുരമഥവിട്ടു ഗമിച്ചു ലങ്കയെത്തി;
പുനരപിയിരുവർഷകാലമായീ;
പുതിയ വിശേഷവുമൊന്നുമില്ലുരപ്പാൻ.

ഇതിനിടയിലഹോ! തിരിച്ചുവന്നി-
ല്ലിവിടെ യുവാവു പുരന്ദരാഭിധാനൻ;
ഹരിണമിഴി "ഹിരണ്മയി"ക്കു, പാണി-
ഗ്രഹണമതിന്നുമൊരുക്കമായതില്ല.

തരുണിമണി തനിക്കു പത്തുമെട്ടും-
തരമൊട്ടു ചെന്നു വയസ്സഹോ! തദാനീം,
അവൾ ഒരു നവപുഷ്പിതായ്ച്ചൂതം-
മധുസമയങ്ങളിലെന്നപോലെ, മിന്നി.

കമനിമണി ഹിരണ്മയിക്കു കന്യാ-
സ്ഥിതി ബഹുസങ്കടഹേതുഭൂതമായി;
പരിണയവിഷയം പറഞ്ഞുകേട്ടാ-
ലവളിലുദിച്ചു "പുരന്ദരാ"ഖ്യചിന്താ.

അവളുടെയകതാര,വന്റെ മന്ദ–
സ്മിതമിയലും പുരുപൂജ്യ പൂമുഖത്തെ,
അളികളുടെ നിറത്തിലായ്ച്ചുരുണ്ടു–
ള്ളളകചയത്തൊടനുസ്മരിച്ചിരുന്നു.

അവളുടെയകതാരവന്റെവീരാ–
സിതരുചിരാഭ കലർന്നൊരംബരത്താൽ,
അഥ, പരിവൃതമാം വിശാലവക്ഷ–
സ്ഥലിഫലകത്തെ, യനുസ്മരിച്ചിരുന്നു.

അവളുടെയകതാര,വന്റെ കാന്ത–
സപരവലയം കലരും കരാംബുജത്തിൽ,
അതിരുചിയൊടുമിന്നുമംഗുലിശ്രീ–
ദളദശകത്തെയനുസ്മരിച്ചിരുന്നു.

‘ജനകനരുളുമാജ്ഞപോലെ,വേറി–
ട്ടൊരുവനെയങ്ങു വരിച്ചിടേണ്ടതായി
വരും,’ ഇതവളറിഞ്ഞിരുന്നു, ജീവ–
ന്മൃതിസമമായതു താൻ ഗണിച്ചിരുന്നു.

---

പ്രിയജനകനിതേവരയ്ക്കുതന്നെ
യൊരുവനു വേട്ടുകൊടുത്തിടാഞ്ഞമൂലം
നിജഹൃദി, സുഖമോ, ദുഃഖമോ, എ–
ന്നഹ! ഹ! തിരിച്ചറിയാതെ താൻ കുഴങ്ങി

നിജവയസി, വധൂജനങ്ങളെ, വേ–
ട്ടരുളുകയാണിഹ സാമുദായചര്യാ;
പരിണയ,മഥവാ, കഴിഞ്ഞതില്ലെ–
ങ്കിലും, അതു നിശ്ചയമാക്കിവയ്ക്കുമല്ലോ.

അവളുടയപിതാവു മാത്രമീമാ-
തിരി നിജജാതിനടപ്പതിക്രമിക്കാൻ
അധികമിഹ മുതിന്നതെന്തു? പുത്രി-
യ്ക്കുഭിരമണാപ്തി കൊടുത്തിടാത്തതെന്തേ?

ഇതി സുമുഖി, സമുൽക്കടാന്ധകാരാ-
വൃജനിജ ജീവിതഭാവിയോൎത്തിരിക്കെ,
പിതൃവിഷമ വിചാരഹേതുവെന്തെ-
ന്നറിയുവതിന്നു കഴിഞ്ഞു, ദൈവയോഗാൽ.

ഗുണനിധി'ധനദാസ'നങ്ങുമിങ്ങും
നിജ തൊഴിൽ വാണിഭമാക്കി വാണകാലം
അഴകെഴുമൊരു 'ചീനപെട്ടക'ത്തെ-
ക്കരവശമാക്കിയിരുന്നു കല്യബുദ്ധി-

പ്രകൃതചെറിയ ചീനപെട്ടകം, തൽ-
പ്രിയതമ,യാഭരണങ്ങളിട്ടുവയ്ക്കാൻ,
വടിവൊട്ടുമുപയോഗയോഗ്യമാക്കി-
സ്വകഭരണത്തിലെടുത്തു കാത്തിരുന്നു.

അതുസമയം അവൾക്കു വാണിജേന്ദ്രൻ
നവനവമാഭരണങ്ങളൊട്ടുസാഖ്യം
പ്രണയമൊട്ടു കൊടുത്തു നല്ല സംഭാ-
വനകളിതെന്നകണക്കിണക്കമൊയി.

അവൾ അതുപൊഴുതാത്മജയ്ക്കുപൂൎവ്വാ-
ഭരണവുമച്ചെറുപെട്ടിയും കൊടുത്തു;
തനുജയതു, തുറന്നുനോക്കിയപ്പോ-
ളതിലൊരു നൽക്കടലാസുതുണ്ടു കണ്ടാൾ.

വിനയനിധി ഹിരണ്മയിക്കു 'വിദ്യാ-
പരിചയമേററമിരുന്നമൂല്യമായി
ക്ഷണമവൾ, ഒളി പെട്ടകത്തിനുള്ളിൽ
തിരുകിയിരുന്നൊരു തുണ്ടു കത്തു നോക്കി.

അതിലവളുടെ 'നല്ലഃയാമനപ്പേ-
രഴകൊടു കണ്ടളവാശു ജാതമായി
കുതുകവുമഥ തുണ്ടുകത്തു വായി-
ച്ചിടുവതിനുള്ളതിമോഹവും മനസ്സിൽ.

പച്ചലിപി കടലാസുതുണ്ടിലുണ്ടെ-
ന്നതിനുടെയർത്ഥം? അറിഞ്ഞിടാനസാദ്ധ്യം;
എഴുതിയതതിൽ ആർ? അതാർക്കു കാണ്മാൻ?
ഇവയുവതിക്കു മനസ്സിലായതില്ല.

അതിലെഴുതിയിരുന്ന പൂർണ്ണമായു-
ള്ളതിഗഹനാക്ഷരമാല, ബാലയപ്പോൾ,
അകമലരു കുഴങ്ങിവാടിവായി-
ച്ചിതു, ബത! കീഴിൽവരച്ചിടുംപ്രകാരം.

നീയുദ്ദേശിച്ചതെല്ലാം— ——
ശ്ലൂനു ഞാൻ———

ജ്ഞാനത്താൽ കാഞ്ചനശ്രീ———
'ഹീരയേ'———

വൈധവ്യത്തിനും ലാക്കാ———
നിശ്ചിഃതാ— ——

മേലാലുണ്ടാക്കമത്ത്യ———
കുന്നദു——— —

ജ്യോതിശ്ശാസ്ത്രപ്രകാരം———
പ്പത്തിലെ———
വൈധവ്യാതങ്കമെന്നെ———
ന്നാലുമു———
അഞ്ചബ്ദത്തോളമിസ്ത്രീ———
കണ്ടുമു———
അന്യോന്യം ദുർഘടം വി-
ന്നേഷ ഞാൻ ———

ഈവണ്ണമത്തരുണിലേഖനഭാഗമാത്രു-
വായിച്ചു ഹന്ത! ഭയവിഹ്വലചിത്തയായി
അത്തുണ്ടുകത്തു വഴിപോലെ മറച്ചുവച്ചാ-
ളാരോടുമക്കഥ പറഞ്ഞതുമില്ലപിന്നെ.

(അപൂർണ്ണം)

# കാവ്യങ്ങൾ

# ഭവാനി

ഭവാനി—വിദ്യാൎത്ഥിനി—കൂട്ടിൽനിന്നു പെൺ-
കിളിക്കിടാവെന്നതുപോലെ ഭംഗിയിൽ,
ഭയന്നിറങ്ങീ മണിമച്ചിൽനിന്നു, തൂ-
വനത്തിൽനിന്നും മൃഗബാലപോലവേ.

ഇറങ്ങി ഹൎമ്മ്യത്തിനകത്തുനിന്നു, പൂ-
നിലാവുപോലെ മതിയിങ്കൽനിന്നു,വഠം
ഇടംവലം നോക്കിയൊഴിഞ്ഞു സംഭ്രമി-
ച്ചിരേന്ദ്രനെപ്പോലെ, നടന്നു നീങ്ങിനാഠം.

കടന്നു വീട്ടിന്റെ പുറപ്പുറമ്പിലേ-
ക്കമാൻ വളച്ചുള്ളൊരു വാതിൽ, വാടിയിൽ
കരേറി,യപ്പൂച്ചെടികഠക്കിടയ്ക്കു സ-
ഞ്ചരിച്ചു ശീഘ്രം ശലഭംകണക്കവഠം.

ഒളിക്കളുൎപ്പൂവനികയ്ക്കകത്തു, തെ-
ല്ലൊഴിഞ്ഞതാം മൂലയിലെത്തി മുഗ്ദ്ധയാഠം
ഒളിച്ചുനിന്നാഠം, വഴിതെററിവന്നു വീ-
ണൊലിച്ചു തീൎത്ഥംപടി കാടിമൊന്തയിൽ.

പ്രതീക്ഷപോലെ, പ്രിയഭാസുരോത്സവ-
പ്രതീക്ഷണം കണ്ണിനു കിട്ടിടായ്കയാൽ,
പ്രതീവ്രശങ്കാഭയസങ്കടോദയ-
പ്രതീതിയുണ്ടായി തുലോമവഠക്കടൻ.

ഇരുണ്ടണഞ്ഞന്തിയിലത്ര ഗാഢമാ-
യിരുന്ന നിശ്ശബ്ദതയക്കൃശാംഗിയിൽ

ഇണക്കിയുൽക്കണ്ഠ; ഒരാൾക്കു ചുററമു-
ള്ളവസ്ഥപോലായിട്ടുമേ മനസ്ഥിതി.

വരാഭകോലും മണിദീപമെന്നപോ-
ലഭംഗുരസ്നേഹമൊടത്ര നാൾക്കുനാൾ
വളർത്തി ലാളിച്ചിട്ടുമച്ഛനമ്മമാ-
രറിഞ്ഞിടില്ലേ ബഹുശ്രദ്ധവൃത്തികൾ?

മഹാഭിമാനം കലരും പിതാവിനീ-
മലീമസവ്യാജവിഹാരവൃത്തികൾ.
മനസ്സുടയ്ക്കാം; കുലശുദ്ധികാത്തുക-
ത്തിരിക്കുവാനുള്ളവരാണു കന്യകൾ.

സതീവ്രതശ്രേഷ്ഠതയെ പുകഴ്ത്തുമ-
സ്സതീത്ഥ്യരിസ്സാഹസവൃത്തി കേൾക്കുകിൽ
ചിരിക്കയില്ലേ? പരിഹാസപാത്രമാ-
യിരിപ്പതിൽഭേദമൊരാൾ മരിക്കയാം.

ഗുരുക്കളെല്ലാമറിയാതെ, ശ്രദ്ധമാം
വഴിക്കിറങ്ങുന്നതു യോഗ്യമാകുമോ?
ഗുരുത്വമല്ലേ സകലാഭിവൃദ്ധികൾ-
ക്കിളക്കമില്ലാത്തടിവാരമൂഴിയിൽ?

ഇതൊന്നുമാക്കാതെ പഠിപ്പുകാരി, ദു-
ഷ്പ്രലോഭനാധീനതയാന്നതത്ഭുതം!
ഇഹാംഗ്ലവിദ്യാഭ്യസനത്തിനുള്ളതാം
ഫലോദയം പെണ്ണിനു താന്ന്യവാസമോ?

ഘനോൽക്കടോൽക്കണ്ഠ മുഴുത്തിടത്തുകൈ-
ലതയ്ക്കണഞ്ഞീടിന കാപ്പുപോലവേ,
ഘടിച്ചിരിക്കും ഘടികാരമംഗനാ-
ലലാമമസ്വാസ്ഥ്യമൊടാശു നോക്കിനാൾ.

അടിച്ചതില്ലാറിനിയഞ്ചുമാത്രയു-
ണ്ടു; ടക്കുവാനായരുതാത്ത വാഞ്ഛയാൽ
കുറച്ചുനേരത്തിനുമുമ്പു വന്നുചേ-
ന്നതാണു സങ്കേതതലത്തിലോമലാൾ.

തിളച്ചിടുന്നാഗ്രഹതീക്ഷ്ണതയ്ക്കു നേ-
ക്കെത്തു വീഴാതെ, യടുത്തമാത്രയിൽ
തിരിച്ചുപോകും; പദമൊന്നു തെറ്റിയാ-
ലധഃപ്പതിക്കുന്നു വധൂജനം സഖി!

ഒരൊറ്റയാം മാത്ര മനുഷ്യർ, ജീവിത-
പ്രവാഹഘട്ടങ്ങളിൽ വിട്ടുപോകുകിൽ,
ഒടുക്കമാ ന്യൂനതമൂലമെത്രക-
ണ്ടനർത്ഥമുണ്ണും? പണി നിർണ്ണയിക്കുവാൻ.

തലേദിനം കിട്ടിയ കാമലേഖന-
ത്തിലേ മധുസ്യന്ദികളാം പ്രശംസകൾ
'തലയ്ക്കുകേറി'ത്തരുണിക്കു 'നാസ്തിയാ-
യിരുന്നു' ബുദ്ധിക്കു വിവേകശക്തികൾ.

എഴുത്തിലക്കാമുകനാംഗ്ലഭാഷയിൽ
കുറിച്ച രാഗാമൃതമഞ്ജുവാണികൾ
'എളുപ്പമോ' ഹന്ത! മറക്കുവാൻ? 'മനം-
കുതിച്ചിടുന്നുണ്ടവനോടുചേരുവാൻ.

വിശിഷ്ട വിദ്യാലയവാർഷികോത്സവ-
പ്രസംഗപീഠത്തിനടുത്തിരുന്നനാൾ
വിലോകനത്താൽ സമനുഗ്രഹിച്ചൊര-
പ്രഭാതസൂര്യോപമനെത്ര സുന്ദരൻ!

വിദേശവസ്ത്രാഭരണങ്ങളോടുമ-
സ്സുഗന്ധതൈലങ്ങളണിഞ്ഞണഞ്ഞയാൾ,

വിളക്കുപോലേ ശലഭങ്ങളേ, വശീ-
കരിച്ചു വിദ്യാർത്ഥിനിമാരെ മേൽക്കുമേൽ.

പരസ്പരം മത്സരബുദ്ധിയോടു തൽ-
പ്രസാദലബ്ധിക്കു സഭാതലസ്ഥകർ
'പണിഞ്ഞി'തെന്നാ'ലതിനല്ലയോഗ'മീ-
ഭവാനിയമ്മയ്ക്കു ലഭിച്ചു മിക്കതും.

ഒരാളുമേതും ഗ്രഹിയാതെയസ്സഭാ-
ദിനത്തിലുണ്ടായ വികാരമോമലാൾ
'ഒതുക്കിവെച്ചാ'ളകതാരി,ലുഗ്രമാം-
മരുന്നിനെപ്പോലൊരു തിക്കുടുക്കയിൽ.

കിരാതനേണത്തിനെയെന്നപോലെ, യീ-
വരാംഗിയേ 'കൈവശമാക്കി'വെയ്ക്കുവാൻ
സ്മരാഭനാം കാമുകനാശു വീശിയി-
ട്ടൊരാ'ക്കുരുക്കിൽ' സുകുമാരി കേറിനാൾ.

'മനം കവന്ന'ന്നു തുടങ്ങിയക്കലാ-
ഗൃഹത്തിൽനിന്നും കൃശഗാത്രി നാൾക്കുനാൾ
'മടങ്ങിടുമ്പോൾ' നിഴൽപോലെ, പിൻവശ-
ത്തടുത്തുകൂടീ കമനീയകാമുകൻ.

കടാക്ഷവിക്ഷേപണമാർഗ്ഗമായുമുൽ-
ക്കടാനുരാഗം തരുണിക്കു ചേർക്കുവാൻ
വിടാഗ്രിമൻ—കാമുകവേഷഭൂഷിതൻ—
വിടാതെകൂടീ പുറകേ കുറച്ചുനാൾ.

വിചിത്രമോരോ വിടവിദ്യ; മാനസം-
കവന്ന കാമോപമനായ കാമുകൻ
വിശിഷ്യ വിദ്യാർത്ഥിനിയഭ്യസിക്കുമാ-
റൊളിച്ചു കാണിച്ചുകൊടുത്തു നാൾക്കുനാൾ.

പരിഷ്കൃതക്ഷുദ്രകൃതിവ്രജങ്ങളേ
പഠിച്ചശുദ്ധാശയമാന്ന തയ്യവാരം
പകച്ചു തൽക്കാമുകകൗശലങ്ങളാൽ
പതിച്ചു വല്ലാത്ത വികാരവഹ്നിയിൽ

കുറച്ചുതൽപ്രേരണകൾക്കധീനയായ്-
വരുന്ന വിദ്യാത്ഥിനിയെന്നുക,ണ്ടവൻ
കുറിച്ചു പൂലേഖനമൊന്നു വാടിതൻ-
വളപ്പിലന്യോന്യമടുത്തുകാണുവാൻ.

എഴുത്തിലെത്തിച്ചൊരപേക്ഷ തള്ളുവാ-
നശക്തയായിട്ടു ഭവാനിയീവിധം
'എടുത്തു ചാടിക്കളൂർപുഷ്പവാടിക-
യ്ക്കകത്തുവന്നാളിരുളാർന്നൊരന്തിയിൽ.

വിശുദ്ധമാം ജീവനമാർന്നു, വാണൊരി-
ന്ധഷാക്ഷി, മത്സ്യംസപകവേധനോദനം
'വിഴുങ്ങിടും'പോലെ,യെഴുത്തിലുള്ളതാം
ന്ധഷാങ്കസന്ദേശമഹോ! നുകന്നതാം.

തിരിച്ചുപോയീലവ,ളാരു മന്ദമാ-
യടിച്ചിട്ടുന്നു മണി കോട്ടവാതിലിൽ,
'തികച്ചു'മൽക്കണ്ഠെ ശമിച്ചു; ഭിത്തിമേൽ
കടന്നുകേറുന്നിത തന്റെ കാമുകൻ!

'അരക്ഷണംകൊണ്ട'തി ദക്ഷനുഗ്രമാം
ഭുജംഗമംപോലെ, യിഴഞ്ഞുഭിത്തിമേൽ
അലക്കളൂർകാവിലെടുത്തു ചാടി,യു-
ള്ളലച്ചു ബാലയെല്ലാളിഭൂരുഹങ്ങളും.

അസംശയം സ്വാന്തമദാന്ധനായിട്ടും
ഗജാധിപൻപോലെ, സുഗന്ധമാന്നവൻ

അടുത്തു തല്പങ്ങളിനിതൻറ ഗാഢസം-
ഗമത്തിനായിക്കൊതിപൂണ്ടുകൌതുകാൽ.

അധർമ്മമാം കാമുകകാമുകീരഹഃ-
സ്വതന്ത്രസമ്മേളനമത്ര കാണുവാൻ
അസഹ്യമായി പ്രകൃതീശ്വരി, ക്ഷപാ-
തമസ്സു വീശിക്കളൾവാടി മൂടിനാൾ.

കഴിഞ്ഞു മാസം. ചിലതാംഗ്ലബാലികാ-
കലാലയത്തിന്നു ഭവാനി പൂർവ്വവൽ
'കടക്കമാറില്ല', വളൎന്ന കുട്ടി പാൽ-
കുടിക്കുവാനമ്മയെയാശ്രയിക്കുമോ?—

വിനാശമല്ലേ ഫലമേകഃദേശമീ-
വിദേശമാതാ വിലകൂട്ടി നാൾക്കുനാൾ
തരുന്ന പാൽ 'കണ്ണുമടച്ചു' ബാലികാ-
ജനങ്ങൾ വാങ്ങി സ്വയമാസ്വദിക്കുകിൽ?

ഒരന്യഭാഷാപഥമേറി വിദ്യയ-
ഭ്യസിക്കുവാൻ ബാലകളെ നടത്തുകിൽ,
ഒടുക്കമുണ്ടാവതസംസ്കൃതാശയ-
സ്വഭാവഭാവം കലരുന്ന പൌരികൾ.

സ്വഭാഷയേ'ത്തള്ളി'യൊരന്യഭാഷയിൽ
സ്വയം കലാഭ്യാസരസം സ്വദിക്കുകിൽ
സ്വതന്ത്രചിന്താങ്കുരശക്തിയുക്തമാം
സ്വഭാവധൈൎയ്യം വരുമോ കിടാങ്ങളിൽ?

സ്വഭാഷയാം മാതൃപയസ്സുതള്ളിയീ-
വിദേശഭാഷാമധുവാസ്വദിക്കയാൽ
സ്വരാജ്യമാം സ്വൎഗ്ഗതലത്തിലെത്തുവാ-
നശക്തരാകുന്നിതു നമ്മൾ നാൾക്കുനാൾ.

വിദേശവസ്ത്രാഭരണങ്ങളാൽ, ത്രപാ-
വിഹീനമാം വേഷമണിഞ്ഞു ബാലകൾ
വിവേകമില്ലാത്തവരായി കഷ്ടം! മീ-
വിദേശവിദ്യാഭ്യാസനക്രമത്തിനാൽ.

വിലോഭനാധീനവികാരദീപ്തിയീ-
വിദേശവിദ്യാഭ്യാസനം കൊടുക്കയാൽ
വിശിഷ്യ വിദ്യാർത്ഥിനികൾക്കതിക്കമോ
വിശുദ്ധചാരിത്രവിചാരശക്തികൾ?

വശത്തു സീമന്തമണിഞ്ഞു, ലേസു, 'കൈ-
വശത്തി'ലേന്തി, സ്വരവേഷഭാഷയിൽ
ഭൃശം 'മദാമ്മത്തര'മാണു വിദ്യയ-
ല്ലശങ്കമിബ്ബാലകളഭ്യസിപ്പതും.

വിദേശഭാഷാപരിശീലനത്തിനാ-
ലിവർക്കുമുണ്ടാം കുറവീ ഭവാനിയിൽ
വിടന്റെ കാണായി; പഠിക്കിലെന്തിനി-
പ്പഠിച്ചതില്ലെങ്കിലുമെന്തു കാമിനി?

തനിച്ചിരിക്കുന്നിതു തന്വിപൂമുറി-
യ്ക്കകത്തു, കണ്ണാടിയിലുള്ള റാന്തലിൽ
തളർന്നകത്തും തിരിപോലെ, യുള്ളിലും
പുറത്തുമയ്യോ! പുകയുന്നരീതിയിൽ.

വിടന്ന പൂവാടി, വിസങ്ങളല്പമാ-
യ്യലഞ്ഞു, മീനോടിനടന്നു, ജീവനം
കലങ്ങിയ'പ്പത്മിനി' സൂക്ഷ്മദൃഷ്ടികൾ-
ക്കതീതശുദ്ധാശയയെന്നു കണ്ടിടാം.

മുറിക്കകം വിട്ടു വെളിക്കിറങ്ങടാ-
തിരിക്കയാൽ, ശോഭനസൂര്യരശ്മികൾ

KOTTAYAM PUBLIC LIBRARY KOTTAYAM.

മുറയ്ക്കു കിട്ടാത്തൊരു വല്ലിപോലവേ
വിളർത്തുശോഷിച്ചു വിളങ്ങി സുന്ദരി.

സ്വപുസ്തകം മുമ്പിലതാ തുറന്നുവ-
ച്ചിരിക്കിലും, പൂമുലമൊട്ടു വായിലായ്
കിടക്കിലും തെല്ലു നുകന്നിടാത്തതാം
കിടാവു പോലായവൾ വാണു ചിന്തയിൽ:—

"ഇതെന്തു കഷ്ടം? ശ്രവണത്തിലെന്നോട-
ന്നുരച്ചപോലെ പ്രിയനായ കാമുകൻ
ഇതേവരെയ്ക്കെൻെറ വിവാഹകാര്യമായ്-
വരാത്തതെന്തെന്നറിയുന്നതില്ല ഞാൻ.

"മലക്കുളർക്കാവിനകത്തുവച്ചു,മ-
ന്മഥൻെറ സാക്ഷിത്വമിയന്നൊരന്തിയിൽ
മനസ്സഴിഞ്ഞോതിയ സത്യവാചകം
മറന്നുപോയോ മമ ജീവനായകൻ?

"ചെവിക്കു പൂന്തേനൊലിചേർത്ത വാക്കു തെ-
ല്ലവിശ്വസിപ്പാനവകാശമെന്തുവാൻ?
പവിത്രമാകുന്നനുരാഗമന്യഥാ
ഭവിക്കയില്ലെന്നു സമാശ്വസിക്കുവൻ.

"നിരാശകൈക്കൊണ്ടിടുമാശയത്തെ ഞാ-
നൊരാഴ്ചക്കുടി ക്ഷമയോടിരുത്തിടാം;
മഴയ്ക്കു വേഴാമ്പലൊരാറുമാസമാ-
യുഴന്നു കാലം കളയുന്നതില്ലയോ?

"പ്രതാപവാനായി വസിച്ചിടുന്ന തൻ-
പിതാവിനെക്കണ്ടൊരനുജ്ഞവാങ്ങുവാൻ
പ്രയാസമുണ്ടായിവരാ; മമാന്തമെൻ-
പ്രിയാനുഗന്നായതുമൂലമായിടാം,

"വരും, സ്വതാതനെൻറയനുജ്ഞവാങ്ങിയെൻ-
പിതാവിനോടൎത്ഥനചെയ്തുമൽപ്രിയൻ
വരിയ്ക്കുവാനെന്നെ; വൃഥാപി സംശയം
പിടിച്ചു കത്തിപ്പടലുന്നതെന്തുവാൻ?

"മറപ്പതുണ്ടെങ്കിലുമെൻെറയമ്മത-
ന്മനസ്സിലെന്തോ വലുതായശങ്കകൾ,
മഹാമഴയ്ക്കുഭ്രഗണങ്ങൾപോലെ,മേ-
ലുയൎന്നു കേറുന്നതു കാണ്മതുണ്ടു ഞാൻ.

"അതീവ ലജ്ജാകരമാംനിഗ്രഹസം-
ഗമാൽ സ്വകന്യാനില തൈ കവെടിഞ്ഞ ഞാൻ
സതീത്ഥ്യരൊത്തിങ്ങിനെയാണു, തൽക്കലാ-
ഗൃഹത്തിനുള്ളിൽ പെരുമാറിടുന്നതും?

"പഠിച്ചതെല്ലാം മതി; ഞാനിതേവരെ-
യ്ക്കുരുക്കഴിച്ചീടിന പുസ്തകങ്ങളാൽ
പ്രയോജനം കിട്ടിയതെന്തു? പാപമാം
കുഴിയ്ക്കകത്തത്ര പതിച്ചതില്ലയോ?

"കലാലയത്തിന്നു ഗമിച്ചിടാതെക-
ണ്ടിരിപ്പതെന്തെന്മകളെന്നു നാൾക്കുനാൾ
കനിഞ്ഞു ചോദിച്ചറിയാതെ ഹേതു, സ-
ന്തപിച്ചിടുന്നു പരമച്ഛനമ്മമാർ.

"വിദേശവിദ്യാലയമേ! യഥാത്ഥമാം
വിനോദവിജ്ഞാനപഥം ത്യജിക്കയാൽ,
വിപത്തണയ്ക്കുന്നു വിലോഭനാദയോ-
ത്സവങ്ങളാൽ നീയിവ നിൻെറമക്കളിൽ."

വിചാരമീമട്ടുളവായി; മേൽഗതി-
യ്ക്കസാദ്ധ്യമായിട്ടൊരു പങ്കവീഥിയിൽ

‘വിലങ്ങിവീണു’ള്ളൊരു വണ്ടിപോലെ, താ-
ണിരുന്നു വിദ്യാർത്ഥിനി ചന്ദ്രശാലയിൽ.

തുറന്നതാം വാതിലിലൂടെ,യമ്പിളി-
ത്തുഷാരവെള്ളിക്കതിർപോലെ, രാത്രിയിൽ
തുലോം പ്രശാന്താഭകലർന്ന ബാലികാ-
സവിത്രി വന്നമ്മുറിയിൽ കരേറിനാൾ.

‘മനോവിചാര’ത്തൊടിരുന്ന തന്മകൾ-
ക്കടുത്തു ചെന്നമ്മ, കിടാവിനേത്തുലോം
മണത്തു നക്കം പശുപോലെ, മാറുചേ-
ർത്തണച്ചു ചുംബിച്ചു പുറം തലോടിനാൾ.

അഖണ്ഡചിന്താകുലയായ ബാല,യു-
ള്ളഴിഞ്ഞു ലാളിച്ചു വളർത്തുമമ്മയാൽ
അവണ്ണമാശ്ലേഷിതയായനേരമാ-
ണറിഞ്ഞതാമാതൃസമാഗമോത്സവം.

പരിഭ്രമിച്ചിട്ടെഴുന്നേറ്റുകൊള്ളുവാ-
നൊരുങ്ങിടും പുത്രിയെയസ്സവിത്രിയാൾ
പതുക്കെയമ്പോടു തടഞ്ഞു, മൊട്ടിനോ-
ടടുത്തുപൂപോലെയിരുന്നു ചേർത്തുടൽ.

പ്രലോഭനീയാകൃതിപൂണ്ട പുത്രിയെ
വിലോകനം ചെയ്തവളാത്മശങ്കയാൽ
തലോടി വാത്സല്യമൊടെങ്കിലും, വ്യഥാ-
ബാഷ്പോദയത്തോടുമിവണ്ണമോതിനാൾ:—

“ഭവാനി, കുഞ്ഞേ, മകളേ പഠിക്കുവാ-
നിരിക്കവേ ദുർഭരമായ ചിന്തകൾ
ഭവിച്ചതായിപ്പല ലക്ഷണങ്ങളും
സ്ഫുരിച്ചുകാണുന്നിതു നിന്മുഖത്തു ഞാൻ.

"കുറച്ചുനാളായ് സുഖമില്ലയെന്നു നീ
പറഞ്ഞു, പോകാതയി, പാഠശാലയിൽ
കുറിച്ചുമേന്മേലവധിയ്ക്കപേക്ഷയേ
മുറയ്ക്കയയ്ക്കുന്നിതു മൂലമെന്തുവാൻ?

"ചികിത്സ ചെയ്യാനൊരു നല്ലവൈദ്യനെ
വരുത്തുമല്ലോ തവ താതനോമനേ!
ചിരം മറയ്ക്കാതിനിയാശു ദീനതാ-
സ്വഭാവമെന്തെന്നുരചെയ്ക തങ്കമേ!

"ശരീരമയ്യോ! മകളേ, ചടച്ചു നീ
ശരിക്കു ഭക്ഷിക്കുവതില്ല നിർണ്ണയം;
"ശരീരമാദ്യം ഖലു ധർമ്മസാധനം,"
പ്രമാണമുണ്ടായതു വിസ്മരിയ്ക്കയോ?

"ഉരഃപരീക്ഷാധിയൊടും കിടാങ്ങളി-
'ങ്ങുരുക്കഴിക്കുന്നിതു' പുസ്തകങ്ങളെ
'ഉണങ്ങിടുന്നു' തനുവും മനസ്സുമെ-
'ന്നുണർന്നു നോക്കുന്നു' കലാധികാരികൾ?

"ഉറക്കമൂണും ശരിയായ് നടത്തിടാ-
തുപദ്രവം തട്ടിടുമാറു രാപ്പകൽ
ഉഴന്നു വായിപ്പതുമൂലമായിടാ-
'മുടഞ്ഞതീ'ന്നിന്നുടലെൻറയാമനേ!

"ഇനിക്കു വേറിട്ടൊരു സംശയം തുലോം
ജനിച്ചിടുന്നു: ജനയിത്രിയാകയാൽ
'ഇനിക്കുറച്ചൊന്നി'തിനെക്കുറിച്ചു നീ
തനിച്ചിരിയ്ക്കെത്തരസാ പറഞ്ഞിടാം.

"ഒളിയ്ക്കുവാൻ നീ പരമുദ്യമിയ്ക്കിലും
വെളിക്കു കാണുന്നവികാരചേഷ്ടകൾ

'വിളിച്ചുരപ്പു' വിപുലാനുരാഗമുൽ-
ഗളിച്ചിടുന്നു ഹൃദയത്തിലെന്നു തേ.

"മരഞ്ഞേളമാക്കേണ്മകളേ, മനോഭവൻ
മനസ്സിനേകും ബഹുസംഭ്രമങ്ങളെ
മറച്ചിടാമോ? 'നിഴലിച്ചു കണ്ടിടാ'-
മതത്രയും തന്മുഖദർപ്പണങ്ങളിൽ.

"പഠിച്ചിടുമ്പോൾ പ്രഥമാശ്രമാശ്രയ-
പ്രവൃത്തിചെയ്യേണ്ടവരായ കുട്ടികൾ
പരിജ്വലിക്കും വിഷയപ്രവേശന-
പ്രസക്തികാണിപ്പതു 'കാലവൈഭവം'!

"വദിക്ക, വിശ്വാസപുരസ്സരം, നിന-
ക്കടിച്ചുപോയോ പ്രതിപത്തിയേകനിൽ?
നദിക്കു ചേരും കടലോ? സുമങ്ങളെ
മദിച്ചു മർദ്ദിക്കുമളിപ്രമാണിയോ?"

ഇവണ്ണമോതിജ്ജനയിത്രി പുത്രിത-
ന്നവർണ്ണ്യമാം കുന്തളനീരദാളിമേൽ
ഇണക്കി തങ്കക്കരവാത്തലോടലാ-
മനർഘമിന്നൽപ്പിണരിൻെറ ലീലകൾ.

അമൂല്യവാത്സല്യവികാസമമ്മയീ-
വചശ്ശിരശ്ശങ്കരമർദ്ദനങ്ങളാൽ
അടുത്തു കാണിച്ചുളവാത്മജയ്ക്കക-
ത്തുയന്നു വിസ്രംഭവിഷാദചിന്തകൾ.

വിളഞ്ഞു മററാരുമറിഞ്ഞിടാതക-
ത്തൊളിച്ചു നിന്നീടിന ചിത്തവൃത്തികൾ,
വിരിഞ്ഞു പൊട്ടീടിന മാതളങ്ങയിൽ
കുരുക്കൾപോലേ, വെളിവായി മിയ്ക്കതും.

ഉദീർണ്ണബാഷ്പത്തൊടു പുത്രിയമ്മത-
ന്നുരസ്സിലായിത്തല ചാച്ചുവെച്ചുടൻ
ഉരൂഢവിസ്രംഭഭരം പരം 'തുറ-
ന്നുരച്ചിതേ' താദൃശഗൽഗദോക്തികൾ:—

"സമസ്തമമ്മേ, മമ തെറ്റുസാദരം
ക്ഷമിയ്ക്കണേ! താവകലാളനയ്ക്കു ഞാൻ
സമർഹമാം ഭാജനമല്ല; ദുർവ്വിഷം
വമിച്ചിടും ഘോരഭുജംഗിയോർക്കുകിൽ.

"കൊതിച്ചു ലാളിച്ചു വളർത്തി, യോഗ്യമാം-
സ്ഥിതിക്കു ചേരുംപടിയച്ഛനമ്മമാർ;
ചതിച്ചു ഹാ! നന്ദിനി നിങ്ങളേ, മനോ-
ഗതിക്കു വക്രതപമെടുത്തുകൊൾകയാൽ.

"പ്രിയപ്പെടും നിങ്ങളറിഞ്ഞിടാതെ ഞാ-
നമന്ദ'മൂന്നീ' പ്രതിപത്തിയേകനിൽ;
പ്രതിജ്ഞ ധൂർത്തൻ 'നിറവേററി'ടായ്കയാ-
ലകത്തു ദുഃഖം വളരുന്നു നാൾക്കുനാൾ.

"മനസ്സു ഞാന്തന്നിയതാരിലെന്നുമാ-
ക്കധീനമായെന്നുമെനിക്കുരയ്ക്കുവാൻ
മനസ്സിലായില്ല;നുരാഗഭാജനം
മറയ്ക്കയാൽ തന്നുടെയുരുപേരുകൾ.

"മദീയ പാണിഗ്രഹണത്തിനച്ഛനോ-
ടനുജ്ഞവാങ്ങാൻ വരുമെന്നു കാമുകൻ
മദാന്ധയാമെന്നോടുരച്ചു, 'വേദവാ-
ഗവിലാസ'മായിട്ടതു വിശ്വസിച്ചു ഞാൻ.

"വരായ്കയാലിന്നുവരയ്ക്കു,മെന്മനം
നിരാശയിൽത്തന്നെ നിലീനമായതുലോ;

ധരാധിവാസം നരകാധിവാസമായ്-
വരാതിരിയ്ക്കാനിനി "യീശനാശ്രയം.'"

സഗൽഗദം പുത്രിയുരച്ചിവണ്ണമ-
സ്സവിത്രിതൻ പൂമടിയിൽ കമിഴ്ന്നുടൻ
സഹിയ്ക്കവയ്യാത്ത വിഷാദമാന്നു, സ-
മ്മതിച്ചു കണ്ണീർ ചൊരിവാൻ തുടങ്ങിനാൾ.

സ്വനന്ദിനിക്കുള്ളൊരു തീവ്രസങ്കട-
സ്വരൂപമേവം വെളിവായവേളയിൽ
സ്വതഃപ്രശാന്താത്മകമായ തന്മനഃ-
സ്വഭാവമമ്മയ്ക്കു പകൎന്നു മിയ്ക്കതും.

മകൾക്കെഴും ദുസ്സഹമായ സങ്കടം
പകൎന്നു മാതാവനുതാപശക്തിയാൽ
'പുകഞ്ഞ കണ്ണീർ' ചൊരിയുന്ന പുത്രിതൻ-
പുറം തലോടിപ്പുനരേവമോതിനാൾ:—

"കരഞ്ഞിടായ്കെന്മകളേ, കടപ്പമായ്-
കഥിച്ചു ഞാനെങ്കിലുമീയവസ്ഥയിൽ
കരൾക്കു 'പുണ്ണിൽ തവകൊള്ളി'വെച്ചിനി-
'ക്കുഴററിടുന്നി'ല്ലിഹ വാക്ശരങ്ങളാൽ.

"ധരിയ്ക്ക നീ,യിസ്മരപാരവശ്യമ-
ക്കരിക്കുമാറാക്കിയ കാമസൂനവേ
തിരിച്ചറിഞ്ഞീടുവതിന്നു തക്കതാ-
യിരിക്കുമൂഹങ്ങളുമൊന്നുമില്ലയോ?

"വഴക്കുകൊണ്ടില്ല ഫലം; നിനക്കു ഞാ-
നഷയ്ക്കു ചേരരണ്ടൊരു ചിത്രലേഖ മേൽ;
'തഴയ്ക്കു'മാതങ്കമൊതുക്കി മാഗ്ഗണം-
കഴിക്കുവാനുള്ളൊരു മാർഗ്ഗമോക്കണം.

"വരട്ടെ കുട്ടത്തെ, വല്യതാം നിരാശയിൽ
പതിക്കുവാനോമ്മയിൽനിന്നുമഞ്ജസാ
വരയ്ക്ക, നീ ന്നിന്നുടെ കാമുകന്നെഴും
സ്വരൂപമേറക്കുറെയൊത്തരീതിയിൽ.

"ഇനിക്കെഴും ബുദ്ധിയുമെൻെറ വിത്തവും
ജ്വലിച്ചിടും പ്രേരകശക്തിയും തുലോം
ഇനിസ്സതേ, ത്വൽപ്രിയമാർഗ്ഗണാർത്ഥമായ്
'ബലിക്കുവെയ്ക്കാം'ബത! ദുഃഖിയാക്കനീ."

സമാശ്വസിച്ചീമൊഴി കേട്ടപെൺകിടാ-
വെണ്ണിറമുരോജാവരണാംശുകങ്ങളിൽ
ഒളിച്ചുസംസ്ഥാപിതമായിരുന്നതാം
പ്രിയപ്രതിച്ഛായ മടിച്ചു നൽകിനാൾ.

കൊടുത്തഫോട്ടോ ജനയിത്രി കൌതുകാ-
ലെടുത്തുനോക്കി ക്ഷണമാളറിഞ്ഞുടൻ,
വിഷോരഗാസ്യാകൃതി കണ്ടപോലവേ,
വിറച്ചു വല്ലാതെ ഭയന്നു ഞെട്ടിനാൾ.

പുനഃ പുനഃ ചിത്രപരീക്ഷണത്തിനാ-
ലനന്തസന്താപവിജൃംഭണം തുലോം
പുലന്നിതമ്മെ,യ്യൊരു ധൂമകേതുവി-
ന്നുയർച്ചകാണ്മാനിടയായ പോലവേ.

പുരസ്സരം ഹസ്തതലേക്ഷണം, സ്വകാ-
ന്തഗന്റെ ചിത്രത്തിലണച്ചു, കോൾമയിർ
മുളച്ചുനിൽക്കും നിജപുത്രിയിൽ കൃപാ-
പുരസ്സരം ഹന്ത! സാവിത്രി ചൊല്ലിനാൾ:—

"കലാരസംമൂർഛനിലെന്നപോലെ, പൂ-
മഴക്കു തുല്യം മരുഭൂമിതന്റെ മേൽ,

കലാവലംബേ, തവവാഞ്ഛരഃ ചന്തീ–
ഖലാഗ്ര്യനാകും പ്രഭുസൂനുവിങ്കലോ?

“വിഹാരമദ്ധ്യാധമമാരസേവകൊ–
ണ്ടിഹാന്തരീക്ഷം നിജ കുപ്രസിദ്ധിയാൽ
‘നിറച്ചു നാററിച്ചു’ വിടപ്രമാണിമേ–
‘ലുറച്ചുവോ’? നിന്നഭിലാഷമത്ഭുതം!

“പ്രഭാകരാഖ്യൻ—പ്രഭുനന്ദനൻ—പിതൃ–
പ്രഭാവവും വിത്തവുമൊക്കെ നാൾക്കുനാൾ
പ്രലോഭനാധീനതപൂണ്ടു സർവ്വഥാ
പ്രലുപ്തമാക്കുന്നൊരു ധൂർത്തനാണിവൻ.

“പകച്ചു പൂമ്പാററകൾപോലെ കത്തിടും
വിളക്കിലി,പ്പട്ടണമുഗ്ദ്ധബാലകൾ
പതിച്ചതില്ലെത്ര? വിചിത്രഗാത്രനാ–
മിവൻെറയത്യുൽക്കടകാമവഹ്നിയിൽ?

“ദുഷിച്ചു ശൃംഗാരകലാവിദഗ്ദ്ധനാ–
മിവൻെറ സൂത്രത്തിനകത്തു ചാടിയാൽ
ദുരന്തസന്താപഫലാനുഭൂതിയാ–
‘ണൊടുക്കമുണ്ടായിവരുന്ന’തൂഴിയിൽ.

“കരത്തിലും നിൻെറ കരൾക്കകത്തുമീ–
വിടപ്രതിച്ഛായയൊളിച്ചു വെക്കുവാൻ
കലാശ്രമത്തിൻെറയിടക്കു, ലഭ്യമാ–
മശുദ്ധസന്ദർഭമുദിച്ചതെങ്ങനെ?”

കടുംവിഷത്തുള്ളികൾപോലെ, കാതുകൾ–
ക്കകത്തു വീണീടിന മാതൃവാണികൾ
കടന്നലിൻകുത്തുകൾപോലെ, വേദന–
പ്പെടുത്തി ഹാ! പേടമൃഗാക്ഷിയെത്തുലോം.

'പിണഞ്ഞ തെററിന്റെ വലിപ്പമീവിധം
സമഗ്രമായ് നഗനവിരൂപഭാഷയിൽ
'വെളിക്ക' തണ്ടാർമിഴി കണ്ടു, വീണു, മാൻ-
കിടാവുപോലെ വെടിയേററു, ഭൂമിയിൽ.

ഒരോരു രോമക്കുഴിയിങ്കലും, പഴ-
ത്തിരിക്കുമാസ്സൂചി തറച്ച രീതിയിൽ
ഒടുക്കമുണ്ടായൊരു സംഭ്രമത്തിനോ-
ടുടഞ്ഞു മസ്തിഷ്കമനോജ്ഞശക്തികൾ.

മിഴിച്ച നോട്ടങ്ങളുമത്രശൂന്യമാ-
യൊഴിച്ചിടുന്നശ്രുവിൽമിശ്രമായുടൻ
പൊഴിച്ചിടും പുഞ്ചിരിയും, വിശാലനേർ-
മിഴിക്കു ചിത്തഭ്രമമെന്നു, ചൊല്ലിമേൽ.

തദീയശോച്യസ്ഥിതി കണ്ടു, സംഭ്രമി-
ച്ചുറക്കെ മാതാവു സഹായമേകുവാൻ
വിളിച്ചു ഭർത്താവിനെ;യാർത്തിവേളയിൽ
സതിക്കു സർവം ശരണം സ്വവല്ലഭൻ.

പ്രിയാസമാഹ്വാനവിഷാദനിസ്വനോ-
ദയാൽ സമാകർഷിതനായ നായകൻ
ദയാസമേതം ദയിതാസഹായസൽ-
ക്രിയാ പരൻ തത്ര കരേറിയെത്തിനാൻ.

മകൾക്കു പെട്ടെന്നു പഠിച്ചിരിക്കവേ
മനസ്സുഖക്കേടു ജനിച്ചുവെന്നയാൾ
മനസ്സിലാക്കി സ്വയ; മമ്മകാരണം
മറച്ചു ലജ്ജാഭയമാനശക്തിയാൽ.

പരീക്ഷയേ'ലാക്കു' നിരൂത്തിയെപ്പൊഴും
പഠിച്ച മസ്തിഷ്കഞരമ്പുകെട്ടുകൾ

‘പരക്കെ’ യുഷ്ണിച്ചതുകൊണ്ടുവന്നധീ-
പരിഭ്രമാവസ്ഥയി,തെന്നു നണ്ണിനാൻ.

കുടുംബവൈദ്യൻ ക്ഷണമെത്തി, നേരെയ-
ക്കുശാഗ്രധീ തൻ പരിശോധനങ്ങളാൽ,
“കുമാരിയെത്തെല്ലു സുഖപ്പെടുത്തുവാൻ
കുറച്ചുനാൾവേണ”മിതെന്നു ചൊല്ലിനാൻ.

തുടങ്ങി മങ്കയ്ക്കുതുനാൾ തുടങ്ങി,നി-
സ്തുലജ്ജ്വരത്തോടു തുലോം ക്ഷയാർത്തികൾ;
തുടൎന്നു ചിത്തഭ്രമവും; വ്യഥാബ്ധിയിൽ
‘തുഴഞ്ഞു’ ഹാ! നീന്തി പിതാക്കൾ നിസ്തുലം.

ജ്വരക്ഷയോന്മാദവികാരമിശ്രമാ-
യിരുന്ന ദീനസ്ഥിതി ഹന്ത! മേല്ക്കുമേൽ
ജ്വലിച്ചു വല്ലാതെ ഭവാനി ശയ്യയിൽ
കിടന്നു ‘തൽകർമ്മഫലങ്ങളുണ്ണുവാൻ.’

നടത്തി ഹാ! “ക്രുനിചികിത്സ”; “ഹോമിയോ-
പ്പതി”പ്രകാരം ചില ഭേഷജങ്ങളെ
നതാംഗി സേവിച്ചു; ഫലിച്ചതില്ലിത-
പ്രയോഗമൊന്നും പ്രമദാവിഭൂഷയിൽ.

പ്രസിദ്ധരാമാംഗലവൈദ്യരും മഹാ-
പ്രയാസമീരോഗചികിത്സയെന്നഹോ!
പ്രവൃത്തിമൂലം വെളിവാക്കി; കർമ്മജ-
വ്യഥയ്ക്കുമാററില്ല‘യത്ഭുതയൌഷധം.’

കിടന്നു കഷ്ടം! ‘നരകിച്ചു’ തത്ര പെൺ-
കിടാവു; തന്മന്ദിരപുഷ്പവാടിയിൽ
കിളൎന്നതാം മുല്ലയുണങ്ങിമിക്കതും
കിളിച്ചു വീണ്ടും മഴയാൽ തഴയ്ക്കുവാൻ.

ഒരന്തിനേരത്തതി ഭാഗ്യഹീനരാ-
യുഴന്നു ദുഃഖിച്ചിടുമച്ഛനമ്മമാർ
ഒഴുക്കിലേ "കച്ചികൾ" പോലെ ജീവിതം
നയിച്ചിരുന്നോർ നയനാംബുരാശിയിൽ.

സുതാസുഖക്കേടിനു ഭേദമല്പവും
നിതാന്ത ശുശ്രൂഷണരക്ഷണങ്ങളാൽ
ഹിതാനുകൂലം ബത! കണ്ടിടായ്കയാൽ
ഹതാശയത്തോടവരത്രമേവിനാർ;

'തികഞ്ഞ' സൌന്ദര്യവിലാസമത്രയും
തകർന്നഹോ! കേവലമസ്ഥിമാത്രയായ്
അകത്തു രോഗാതുരയായ്ക്കിടന്ന ത-
ന്മകൾക്കെഴും ഭാവിഭയന്നു നോക്കിനാർ.

ഒടിഞ്ഞുവോ വില്ലുകൾ രണ്ടു, താഴിക-
ക്കുടങ്ങൾ രണ്ടെണ്ണമുടഞ്ഞു പോയിതോ?
വിടന്റ വീശേണ്ട ജയപ്രധാനമാം
കൊടിക്കു കോട്ടം സ്മര! സംഭവിച്ചുവോ?

വിടന്റെ സാഹ്യത്തിനു നിന്നനംഗ! സ-
ങ്കടപ്പെടുന്നെന്തിനു? ദുഷ്പ്രവൃത്തിയാൽ
ഉടച്ചു നീയിജ്ജയശംഖ,മുന്നത-
സ്ഫുടസ്വനം പൊങ്ങിവരേണ്ടവേളയിൽ.

അതില്ല; ശംഖധ്വനി ശക്തിയുക്തമാ-
യിതാമുഴങ്ങുന്നു മുറയ്ക്കു കേൾക്കുവാൻ
ഗൃഹാങ്കണത്തിൽ, ശുഭസൂചകാമൃത-
പ്രവാഹമാധുര്യമിയന്ന രീതിയിൽ.

പ്രശാന്തഗംഭീരമരന്ദമഞ്ജുള-
പ്രണാദവർഷം ശ്രവണോദരങ്ങളിൽ

PUBLIC LIBRARY KOTTAYAM.

പ്രവേശനാകൊണ്ടതുപോലെ, കോൾമയിർ-
പ്രകാശമാ രോഗിണി ചാർത്തി മേനിയിൽ.

ഇതെന്തു ശംഖാരവമെന്നു സംശയി-
ച്ചറിഞ്ഞിടാനായഥ ഗേഹനായകൻ
ഇറങ്ങിവന്നാനിടിനാദ"മോർത്തിടാ-
തിരുന്നു" കേട്ടീടിന കേകിപോലവേ.

തുറന്ന മുററത്തു മുഖം പ്രശാന്തമായ്,
ചുവന്ന ശുദ്ധാംബരമത്ര ചുററി മേൽ,
തുലോം പ്രകാശിച്ചിട്ടുമന്തിപോലെ വ-
ന്നൊരാര്യ സന്യാസിനി നില്പതുണ്ടിതാ!!

ദരം പുരുശ്രീവദനത്തി,ലംബുജോ-
ദരത്തിലന്നം വിലസുന്ന രീതിയിൽ
സ്ഫുരൽപ്രകാശത്തൊടു മിന്നി, മൌക്തികാ-
ങ്കുരം പയസ്സിൽ പുലരുന്ന രീതിയിൽ.

മുഖേന്ദുവും, യോഗിനിതന്റെ മുഗ്ദ്ധമാം
ഗളാഢ്യകോലും ദരവും, വിളിക്കുവാൻ
മുറക്കുയർത്തീടിന ശംഖവും, സഹോ-
ദരാത്മഭാവം വെളിവാക്കിയാദരാൽ.

കഴുത്തിലന്യാദൃശകാന്തി കാളിടും
കനത്ത രുദ്രാക്ഷ വിശുദ്ധമാലകൾ.
കമണ്ഡലുശ്രീകരമായ വാമമാം
കരത്തിലും യോഗിനി പൂണ്ടു മേവിനാൾ.

ഗൃഹാധിനാഥാഗമനത്തിലാദര-
സപരോപസംഹാരമൊടമ്പിലാദരാൽ
സഹായദാനാത്മമുദാരമന്ദിരോ-
ദരത്തിലേറീട്ടവളേവമോതിനാൾ:—

"പ്രഭോ! ഭവിക്കട്ടെ! ശുഭം ഭവാനു മേ-
ലവർണ്ണ്യസഹ്യാചലപീഠഭൂമിയിൽ
പ്രതിഷ്ഠചെയ്താതുരശാല തൻെറയുൽ-
ഗതിക്കു യാചിച്ചുനടന്നിടുന്നു ഞാൻ.

"പ്രസിദ്ധമാം ഭാരതഭൂമഹർഷി സ-
പ്രപാദിതായുസ്സ്മൃതി തൻെറ രീതിയിൽ
പ്രതിഷ്ഠചെയ്തേനിതു, ദീനബാലികാ-
പ്രരക്ഷണത്തിന്നിതു കേൾക്കുകെൻപ്രഭോ.

"എനിക്കെഴും സോദരിയാതുരാശ്രമ-
സ്വരൂപരൂപീകരണപ്രവൃത്തികൾ
എടുത്തു വാഴുന്നിതു ശൈലപീഠഭൂ-
തലത്തിലേകൌഷധവല്ലിപോലവേ.

"വിദഗ്ദ്ധയാണെൻെറ സഗർഭ്യ, സുശ്രുത-
പ്രയോഗശുശ്രൂഷണശാസ്ത്രവിദ്യയിൽ;
വിശിഷ്യ വിജ്ഞാനവുമുണ്ടു ബാലികാ-
ചികിത്സ ഞങ്ങൾക്കിഹ നിർവ്വഹിക്കുവാൻ.

"മരുന്നു സഹ്യാദ്രി, ഘനം വിശുദ്ധമാം
പയസ്സിനെപ്പോലെ നിസർഗ്ഗരീതിയിൽ.
തരുന്നു, പൂതാനിലനേ വിശാലമാം
നഭസ്സുപോലേ വിരളത്വമെന്നിയേ.

"വിദേശയന്ത്രങ്ങളിലിട്ടു ഞെക്കിയ-
ല്ലെടുപ്പതീയൌഷധസത്തിലൊന്നുമേ;
വിധിപ്രകാരം സകലപ്രയോഗവും
നടത്തിടുന്നു നവ വൈദ്യശാലയിൽ.

"വിശിഷ്ടമിസ്ഥാപന;മിന്നിതിൻെറയുൽ-
ഗതിക്കു വേണ്ടും ധനശേഖരത്തിൽ ഞാൻ

വിശുദ്ധ സന്ന്യാസമൊട്ടും ശ്രമിച്ചു സ-
ഞ്ചരിച്ചിട്ടുന്നു ചരിതാൎത്ഥയാകുവാൻ.

"ദിവാൻ മുതൽ ദീനദയാലുവായിട്ടും
ദിഗംബരൻ തൻെറ പദത്തിലും ക്രമാൽ
ദിവാനിശം യാചനചെയ്തിട്ടുന്നു ഞാൻ,
ഭവാൻ യഥാശക്തി കൊടുക്ക വല്ലതും."

വിപത്തിലാണ്ടാപ്രഭു വിസ്മയാന്വിതം
വിനീതനായ് കേട്ടു പറഞ്ഞതാദരാൽ
തപസ്വിനിക്കിത്തരമോതി സാന്ദ്ര,മു-
ത്തരംഗിതാശാകുലമുത്തരം ഗിരം.

"മഹാശയേ, മഞ്ജുളമായ ഭാഷയിൽ
സുമംഗളാശിസ്സരുചെയ്തതിന്നു ഞാൻ
മനസ്സിലത്യാദരഭക്തിപൂൎവ്വകം
നമസ്കരിക്കുന്നു പദാംബുജങ്ങളിൽ.

"ത്വദീയപാദാംബുജപാംസുപാതമീ-
മദീയ ഗേഹത്തെ വിശുദ്ധമാക്കുവാൻ
ഉദീൎണ്ണസന്ദൎഭമുദിച്ചതെൻെറ സു-
പ്രദീപ്ത ഭാഗ്യോദയപൂൎവ്വചിഹ്നമാം.

"യുവാംഗനാരോഗനിവാരണാൎത്ഥമോ
തവാംഗമാഭൃത്ഥനരൂപമാം ശ്രമം,
ദിവാനിശം ഞാനുമതാചരിച്ചു ഭൂ-
നിവാസമിഃപ്പാളിഹ ചെയ്കയാണഃയ.

"ഒരാണ്ടുകാലത്തിനിടയ്ക്കു പുത്രിയൽ-
ക്കടാമയം പൂണ്ടൊരു രോഗശയ്യയിൽ
കിടപ്പിലാണായതുമൂലമാതുരാ-
ശ്രമം നിനച്ചീടുകിലീയൊരാലയം,

സമത്ഥനാം 'കൃമി'തുടങ്ങി, വൃദ്ധയാം
കുനട്ടുകൃമി,'ക്കണിയാട്ടി'യേവരെ
സമാശ്രയിച്ചേ,നതുകൊണ്ടഹോ! ഫലം
'കുരുത്തം'തയില്ലൊരു കുന്നിപോലുമേ?

"പണം വൃഥാ 'തട്ടിയെടുത്തിടുന്നു' നിർ-
ഘൃണത്വമേറും ചില വൈദ്യപണ്ഡിതർ,
ഗുണം വരുത്താതെയൊഴിച്ചിടുന്നു; നാ-
മൂനത്തിലാകാത്തതുതന്നെയത്ഭുതം.

"പരിഷ്കരിച്ചുള്ള മരുന്നുസേവയേ
പുരസ്കരിച്ചങ്ങിനെ പത്രപംക്തിയിൽ
പരസ്യമെന്തൊക്കെയിടുന്നി,തൌഷധം
പരീക്ഷണത്താൽ വിഷമെന്നു കണ്ടിടാം.

"അനത്ഥമാരോഗ്യനിരത്ഥമാസികാ-
പ്രവത്തനം ഹാ! പരമാത്ഥമന്യഥാ
'അടിച്ചെടുക്കാ'നൊരു 'വിദ്യ'യെന്നു നാ-
മറിഞ്ഞിരിപ്പൂ പരമാത്ഥമാദ്യമേ.

"സമത്ഥയാണിന്നിഹ ദേവി ബാലികാ-
ചികിത്സചെയ്യും വിഷയത്തിലെന്നു ഞാൻ
സഹഷനായ് കേട്ടിതു, സത്യമെങ്കിലോ
സമാശ്വസിപ്പിക്ക മദീയപുത്രിയേ.

"ചികിത്സചെയ്യു, വിചികിത്സ വേണ്ടയേ,
ഗുണം ലഭിച്ചീടുകിലാ ധരിത്രിയിൽ
'ചിരപ്രയത്നം സഫലീകരിച്ചു', തൽ-
ഗുരുത്വമോത്തത്ഥസഹായമേകിടാം."

ഗൃഹാധിപൻ 'ഗൌരവഹാസ്യഭാഷയിൽ'
പറഞ്ഞതെല്ലാം വഴിപോലെ ബുദ്ധിയിൽ

ഗ്രഹിച്ചു യോഗീശ്വരി; ശാന്തമാം രസം
പതിച്ചുരച്ചാൾ പരുഷേതരോക്തികൾ:—

"ഫലച്ചുകൂടാതെ പരോപകാരസൽ-
പഥത്തിലസ്മാദൃശരായ യോഷകൾ
പരിശ്രമിക്കുന്നു; ധനാർജ്ജനാർത്ഥന-
പ്രവൃത്തിയിൽ സ്വാർത്ഥതയില്ലതെല്ലുമേ.

"ഭവാനു, പുത്രിക്കെഴുമായതാർത്തിയാൽ
ഭവാബ്ധിയിൽ താണ ഹൃദന്തനാഡിയിൽ,
ഭടനുപോലേ വല്യതായ തോൽവിയിൽ,
ഭവിച്ചുപോയ് ജീവ തമോവിചിന്തകൾ.

"മനുഷ്യനുണ്ടാം മരണം തടുക്കുവാൻ
മരുന്നു ധന്വന്തരികൾക്കുമൂഴിയിൽ
മഹാമതേ! കൈവശമില്ല; ധന്യരാ-
മമർത്ത്യരാമോ ബത! മർത്ത്യരാമിവർ?

"മരുന്നുകൊണ്ടെങ്കിലുമേതു രോഗവും
'ശമിക്കു"മെന്നാഖില ശാസ്ത്രവാണികൾ;
മകൾക്കെഴും ദീനവുമത്ര മാറിടാം
ശരിക്കു; ശാസ്ത്രോക്തിയബദ്ധമാകുമോ?

"പരീക്ഷചെയ്യുന്നതിരോഗബാധയാൽ
പരീതയേ; ശാസ്ത്രപദാവലംബനം
മരീചികാന്വേഷണമല്ല; സർവ്വഥാ
സ്ഥിരീകരിപ്പൂ വിപരീതമാം മതം

"യഥാർത്ഥമാമാതുരസേവതന്നെയാ-
ണമോഘമാമീശ്വരസേവയൂഴിയിൽ;
യജിക്ക കാലോചിതമായ മാർഗ്ഗമാ-
യിരിപ്പതില്ലിക്കലിതന്റെ വാഴ്ചയിൽ;

"മകൾക്കു ശുശ്രൂഷണവേലചെയ്യുവാ-
നവശ്യമങ്ങിന്നനവാദമേകുകിൽ,
മതിക്കു സംതൃപ്തിവരുത്തിടാ;മിനി-
ക്കതിന്നു സംഭാവനവേണ്ട വേറെ മേൽ."

ഇവണ്ണമോതീടിന ധന്യയായിട്ടും
വിശുദ്ധയാം ത്യാഗിനിയേ ഗൃഹാധിപൻ
വിളക്കിനെപ്പോലെ, ഗദാതുരയ്ക്കെഴും
മുറിക്കകത്തേയ്ക്കു നയിച്ചിതന്തിയിൽ.

കരങ്ങളും പല്ലവതല്പജങ്ങളും
സുമങ്ങളും സുന്ദരകോരകങ്ങളും
കടുത്ത വൈശലറു് കരിഞ്ഞവല്ലിയെ-
ക്കണക്കു ഹാ! രോഗിണിവാണു കട്ടിലിൽ.

സഹസ്രപത്രദ്യുതി മങ്ങി, ജീവനം
തുലോം കുറഞ്ഞ,ത്തനുമത്സ്യചീലകൾ
നിലച്ചിരിക്കുന്ന സരസ്സുപോലവേ
ശയിച്ചു ശാതോദരി തന്റെ ശയ്യയിൽ.

നിറംകുറഞ്ഞും നിഖിലാംഗവൈഭവം
ക്ഷയിച്ചുമയ്യോ! കലമാഞ്ഞുമഞ്ജസാ
ഗൃഹത്തി,ലാപൽ ഗ്രഹണസ്ഥനായിട്ടും
ശശാങ്കനെപ്പോലെ ശയിച്ചുരോഗിണി.

അടുത്തു യോഗീശ്വരിചെന്നു, മന്ദമാ-
യെടുത്തുകൈ, "നാഡിപിടിച്ചു" നോക്കിനാൾ;
കൊടുത്തു തൽസ്പർശനമത്ഭുതം! ഗദം
കെടുത്തു ബാലയ്ക്കൊരു"നവ്യജീവനെ."

അനന്തരം താനവധാനപൂർവകം
കഴിച്ചതാം നൽപരിശോധനങ്ങളാൽ

അറിഞ്ഞു രോഗത്തിനെഴും "നിദാനവും"
"സ്വഭാവവും" യോഗിനി യോഗശക്തിയാൽ.

ചികിത്സ നാലഞ്ചുദിനം നടത്തി, തൽ-
ഫലം ഗുണോദ്യോതകമെന്നു കാൺകയാൽ
ചിരംഗദഗ്രസ്തയെയാതുരാശ്രമ-
ത്തിലേയ്ക്കു സഹ്യാദ്രിയിൽ മാറ്റിനാരവർ.

ദുഷിച്ചിരിക്കും ജലവായുയോഗമോ-
ടിടുങ്ങി ദുർമ്മാർഗ്ഗമിയന്നു മേൽക്കുമേൽ
ദുരന്തരോഗാസ്പദമായ പട്ടണാ-
ധിവാസമെങ്ങിനിവാസമെങ്ങുവാൻ?

വിട്ടുരെയുൽക്കണ്ഠമുഴുത്തു മോഹവും
വളൎന്നു ജീവിച്ചിടുമച്ഛനമ്മമാർ
"വിശേഷവൃത്താന്ത"മിടയ്ക്കിടയ്ക്കറി-
ഞ്ഞിരുന്നു യോഗീശ്വരി തന്റെ കത്തിനാൽ.

"ഭയപ്പെടേണ്ടുന്നൊരു 'ഘട്ട'മൊക്കെയും
'കടന്നു'പോയ് നന്ദിനിയെന്നറിഞ്ഞവർ
ഭജിച്ചു ദൈവത്തെ യജസ്രമേറെമു-
ള്ളഴിഞ്ഞു വന്ദിച്ചുവസിച്ചു നാൾകൾ.

മകൾക്കു പൂർവ്വസ്ഥിതിയങ്ങു പൂർണ്ണമായ്
ലഭിച്ചശേഷം മതിയച്ഛനമ്മമാർ
അടുത്തു ചെല്ലുന്നതിനെന്നുവന്നതാ-
മെഴുത്തുകണ്ടായവരാശ്രമമേവിനാർ.

ഭവാനിയെ സമ്പ്രതി സാവധാനമായ്
വിദഗ്ദ്ധശുശ്രൂഷകിമാർ, സഗർഭ്യകൾ,
ഭയങ്കരവ്യാധിയിൽനിന്നു മന്ദമായ്
വിമുക്തയാക്കീ പരിരക്ഷണങ്ങളാൽ,

പ്രമർദ്ദനംകൊണ്ടു് പതിച്ചുനങ്ങുമാ-
യിരുന്ന പൂവല്ലി പുനസ്സഞ്ജീവിതം
ക്രമത്തിലാർജ്ജിപ്പതുപോലെ, രക്ഷയാൽ
കൃശാംഗിയോജസ്സണിവാൻ തുടങ്ങിനാൾ.

നിദാഘകാലത്തു നിലച്ച ജീവന-
പ്രവാഹമെന്നാൽ മഴകൊണ്ടവേളയിൽ
നിറഞ്ഞിടും നിമ്നഗപോലെ വീണ്ടുമ-
ന്നുണർച്ചമങ്കയ്ക്കുളവായ് ചികിത്സയാൽ.

മുറയ്ക്കു പൂർണ്ണഗ്രഹണം കഴിഞ്ഞു സം
പ്രമുക്തനാമമ്പിളിപോലെ പെൺമണി
മുഴുത്തരോഗം പ്രശമിച്ചു സുന്ദര-
പ്രസന്നഭാവത്തെ വഹിച്ചു മേനിയിൽ.

ഒഴിച്ചതാം സ്നേഹമൊടുങ്ങിമങ്ങുമാ-
യിരുന്ന ദീപം 'നവനീത' ശക്തിയാൽ
ഒളിപ്രഭാവം കലരുന്നപോലെ പെൺ-
കിടാവണിഞ്ഞൂ ഗദനഷ്ടലീലകൾ.

ക്ഷപാകരാസ്യക്കചലാത്തുരാശ്രമാ-
ധിവാസ ശാസ്ത്രോക്തമഹാചികിത്സകൾ,
ക്ഷയജ്ജ്വരോന്മാദവിലക്ഷണങ്ങളെ
കളഞ്ഞു നൽകീ നിജ കായശക്തിയേ.

അവൾക്കു പൂർവ്വസ്മൃതി,യെങ്കിലും, തുലോം;
കുറഞ്ഞിരുന്നൂ, നിജ ഭൂതജീവിതം
അകന്നു നില്ക്കും നിഴൽപോലെ മാത്രമേ
തനിക്കഹോ! തോന്നിയതുള്ള ബുദ്ധിയിൽ.

സ്വപൂർവ്വജന്മസ്മൃതിപോലെ, വാനെഴും
തദുഡുദൂരദ്യുതിപോലെ, ബുദ്ധിയിൽ

കഴിഞ്ഞതേ പററിയവർക്കു്, ഒരസ്ഫുട
പ്രകാശഭാവത്തിലിരുന്നിതാത്മകൾ.

ഗളിച്ച പൂർവ്വസ്മൃതിതന്നെ വന്നിടാ
തുണർത്തിയാലായതു വിഭ്രമം ബലാൽ
ഗദത്തിനാവർത്തന ഹേതുവാകുമെ-
ന്നറിഞ്ഞു സന്ന്യാസിനിമാർ സമർത്ഥകൾ.

തനിച്ചു പൂർവസ്മൃതി വന്നിടുംവരെ
ബ്ഭവാനിയോടക്കഥയൊന്നുമാരുമേ-
കഥിച്ചിടായ്കെന്നൊരു ചട്ടമാതുരാ-
ശ്രമത്തിലെല്ലാവരുമാദരിച്ചുതേ.

"സപഗേഹമീയാശ്രമ,മമ്മമാർ തപോ-
ഗുണംപെടും യോഗിനിമാർ; സഗർഭ്യകൾ
തദാശ്രമോപാശ്രയമാന്ന ബാലികാ-
ജനങ്ങൾ" എന്നൊക്കെ നതാംഗിനണ്ണിനാൾ.

ഗദം ശമിച്ചാത്മശരീരശക്തിയു-
ത്ഭവിച്ച നാൾതൊട്ടു ഭവാനിയമ്മയാൾ
ഗതശ്രമം യോഗിനിമാരിൽനിന്നുമ-
ഭ്യസിച്ചു ശുശ്രൂഷണ വൈദ്യവിദ്യകൾ.

കുറച്ചുനാൾകൊണ്ടു കുമാരി; യാതുരാം-
ഗനായ്ശുശ്രൂഷണ ശുദ്ധവൃത്തിയിൽ
"കുരുക്കമാർഗ്ഗത്തിൽ നടന്നു" ഗണ്യമാം
വിധത്തിൽവേണ്ടും കുശലതപമേന്തിനാൾ.

ഗുരുക്കളാം യോഗിനിമാർ, വിശിഷ്യതൽ
ഗുരുതപമേറുന്നൊരു ശിഷ്യയും ക്രമാൽ
ഗുരുദൃഢബന്ധത്തൊടുചേർന്നു വാണു, ധീ-
ഗുണങ്ങൾ-ശുദ്ധി-സ്മൃതി-ഭക്തി-പോലവേ.

ഒതുങ്ങിയാലാശ്രമജോലി, നിത്യമൊ-
ട്ടടുത്തെഴും കാന്തവനാന്തരങ്ങളിൽ
ഒരോതരം പച്ചമരുന്നുനേക്കു ക-
ണ്ടറിഞ്ഞു മാതാക്കളിൽനിന്നു മങ്കയാൾ.

ഒരന്തിനേരത്തിനടുത്തു മൂവരും
ത്രിസന്ധ്യകൾക്കൊപ്പമനല്പഭംഗിയിൽ
തിരിച്ചു മന്ദം പതിവിൻപടിക്കു വാർ
പെരുന്നതാം പ്രാന്തവനത്തിലെത്തിനാർ.

പ്രവാളമാം അംഗുലികൊണ്ടു തങ്ങളിൽ
പ്രിയം പെരുന്നംഗനമാരെയാദരാൽ
വിളിച്ചു സുസ്വാഗതമോതിനാർ പിക-
സ്വരത്തിനാലൗഷധ ചാരുവല്ലികൾ.

അനന്യസാധാരണ കാന്തികോല്യമാ-
വനത്തിലുള്ളത്ഭുതമായ കാഴ്ചകൾ
അനന്തസന്തോഷമവൎക്കു കുട്ടികൾ-
ക്കനേകചിത്രങ്ങൾ കണക്കു, നൽകിമേൽ.

ചതഞ്ഞു കാലെങ്ങനെയോ, കിടന്നുഴ-
ന്നിടുന്ന തത്തമ്മയെ മറവുതത്തകൾ
ചലിച്ചു ശുശ്രൂഷകൾ ചെയ്‌വതാമനോ-
ഹരാക്ഷിയേ മാതൃജനങ്ങൾ കാട്ടിനാർ.

ഉലഞ്ഞു ബന്ധിച്ചൊരുപാദപത്തിനു-
ള്ളപേക്ഷയാൽ വീണൊരു ബാലവല്ലിയേ
ഉദീർണ്ണരാഗത്തൊടു കൈകൊടുത്തു, മേ-
ല്പയത്തിടുന്നുണ്ടിതു രണ്ടു വള്ളികൾ.

പ്രചണ്ഡവാതപ്രഹരങ്ങളേൽക്കയാൽ
പതിച്ചപൂവല്ലികളെക്കിടത്തുവാൻ

പ്രകൃത്യുദാരാംബ മൃദുത്വമേറിടും
തൃണസ്ഫുരൽ ശയ്യകളത്ര നൽകിനാൾ.

വളൎന്ന കാലത്തൊരു വല്ലിപോലുമേ,
യണിഞ്ഞിടുന്നില്ലതു കൊണ്ടുമൊട്ടുകൾ,
വളഞ്ഞുവാടിക്കരിയാതെ, പൂക്കളും
ഫലങ്ങളും നില്പതുകണ്ടു കാണികൾ.

ഇവണ്ണമീമൂവർ, തമാല നീലമാം
വനത്തിൽ, വാനിൽത്തിരുഃവാണതാരകൾ
ഇണങ്ങിയൊന്നിച്ചു ചരിച്ചിടുന്നതാം
വിധത്തിലന്തിക്കു പതുക്കെ നീങ്ങിനാർ.

വിശേഷമാം കാഴ്ചകൾ കണ്ടു, ദിവ്യമാം-
ഗുണംപെറും പച്ചമരുന്നു കൈകളിൽ
പറിച്ചെടുത്തും, 'പതിവിൽ കുറേകവി-
ഞ്ഞ'ത്തു കാട്ടിൽ കയറീടിനാരവർ.

അടുത്ത മിത്രക്ഷതി, ദീന'വി'ഭ്രമ-
പ്രലാപരക്താംബരലക്ഷണങ്ങളാൽ
അരണ്യഭാഗം മവല്ലിമാലകൾ-
ക്കിടക്കു കാണായിതവൎക്കു നോക്കിയാൽ.

തിരച്ചുപോകുന്നതിനുദ്യമിക്കവേ
ചരിച്ചതാം കാട്ടിലടുക്കെയാളുകൾ-
ഉരച്ച സംഭാഷണശബ്ദമസ്ഫുട-
സ്വരത്തിലെന്തോ?ബത! കേട്ടുനാരിമാർ.

അടുത്തമാത്രയ്ക്കുഥ ശോണിതാങ്കിതാം-
ശുകനബന്ധിച്ചു കിടത്തി മൂന്നുപേർ
ഒരുഗ്രദീനാർത്തവിലാപയുക്തനെ
വഹിച്ചുകൊണ്ടാവനഭുവിലെത്തിനാർ.

മഹേളമാരെപ്പരമത്രകണ്ടപോ-
തഹേതുവായുള്ളിലുദിച്ച തുഷ്ടിയാൽ
മനുഷ്യഭാരത്തെയിറക്കിനിന്നു; കൈ-
വണങ്ങിയോതീ പരിവാഹകാധിപൻ:—

"വനത്തിൽ യോഗീശ്വരിമാർ വസിപ്പതാ-
യറിഞ്ഞിരിക്കുന്നിതു ഞങ്ങൾ; അമ്മമാർ,
വരേണ്യരാം നിങ്ങൾ—അവർക്കു തുല്യരാ-
യിരുന്നിട്ടുന്നു വദനാബ്ജകാന്തിയാൽ.

"സ്വബോധമില്ലാതെ നവീനശോണിതാ-
ഭിഷിക്തനായംബരബദ്ധശയ്യയിൽ
കിടക്കുമിസ്സുന്ദരരൂപനായിട്ടും
യുവാവു ഞങ്ങൾക്കിഹ ചേർന്ന നായകൻ.

"സമീപസഹ്യാദ്രിവനാന്തരങ്ങളിൽ
കടന്നുവന്നു മൃഗയാപ്രസക്തിയാൽ,
സമുദ്ധതൻ വ്യാഘ്രപരാക്രമാൽക്കട-
പ്രമർദ്ദനത്താലടിപെട്ടു ഭൂമിയിൽ.

"വനേചരന്മാരുടെ വാക്കിൽനിന്നുമീ-
വനത്തിലേകാതുരശാലയുള്ളതായ്;
വഴിക്കുറിഞ്ഞീവഴിവന്നു നിങ്ങളേ
വഴിയ്ക്കിതാ കണ്ടുവശായിസാമ്പ്രതം.

"കനിഞ്ഞു തൽക്കാലചികിത്സ വല്ലതും
നടത്തിയാൽ, നാഗരി'കാതുപത്രിയിൽ'
എടുത്തുകൊണ്ടമ്പൊടു ഞങ്ങൾ പോയിടാ-
മടുത്തനാൾതന്നെ മഹാക്ഷതാത്തനേ."

പ്രധാനയോഗീശ്വരിതന്റെ സമ്മത-
പ്രകാരമാവ്യാഘ്രദലീകൃതാംഗനേ

വഹിച്ചുകൊണ്ടാനവരൊക്കെയാതുരാ-
ശ്രമത്തിലും, രാത്രിയിരുണ്ടു, മെത്തിനാർ.

ക്ഷണം മഹാവ്യാഘ്രനഖോഗ്രശല്യവി-
ക്ഷതാംഗനായ്, ബോധവിഹീനനായ് തുലോം,
ക്ഷയിച്ചിരിക്കുന്ന യുവാവു, സംഭൃത-
ക്ഷമാനചിതം ശോധിതനായശങ്കിതം.

സുബോധമുണ്ടായി വരാമൊരിക്കലീ-
യുവാവിനല്ലാതെ ചികിത്സചെയ്യുകിൽ
സുഖപ്പെടാവുന്ന നിലയ്ക്കു കണ്ടതി-
ല്ലവസ്ഥ യോഗീശ്വരിമാർ പരീക്ഷയാൽ.

അവന്നു ശുശ്രൂഷണമേവചെയ്യുവാ-
നതത്ര ശീലിച്ചവരും ഭവാനിയേ
അവശ്യനിർദ്ദേശവുമൗഷധങ്ങളും
കൊടുത്തു യോഗീശ്വരിമാരിരുത്തിനാർ.

മരുന്നമക്ഷീരവുമല്പമല്പമായ്
കൊടുത്തു; കോരംവായ് കഴുകിത്തുടച്ചുമേൽ
വരിഞ്ഞു ബന്ധിച്ചു; ഭവാനി ദീനനാം
യുവാവിനേക്കമ്പിളികൊണ്ടു മൂടിനാൾ.

മുഖത്തുമാത്രം തുണിയിട്ടുമൂടിടാ-
തവന്റെയാശ്വാസവികാരചേഷ്ടകൾ
മുറയ്ക്കു സൂക്ഷിച്ചുപധാനമോടു ചേർ-
ന്നിരുന്നു നിന്നിളു ഭവാനിയമ്മയാൾ.

ഇടക്കിടയ്ക്കുത്തരുണന്റെയാനനം
തിരിഞ്ഞുനോക്കിത്തരളായതാക്ഷിയാൾ
ഇരിക്കവേ, തന്റെ മനോരഥം ക്രമാൽ
തിരിച്ചു പൂർവ്വസ്മൃതി രാജപാതയിൽ.

അശ്രമത്തിനകലെസ്സരമ്യതരമായ
ഹമ്മ്യതലമാൻ്റ താ-
നാശ്രയിച്ചു പിതൃമാതൃമാതുലജനങ്ങ-
ളേ മഹിതകൗതുകാൽ,
അശ്രമേതരവിനോദജീവിതമിയന്ന-
താം സ്മൃതിമനസ്സിലഃ-
ന്നാശ്രയാശനടവിക്കകെത്തുപടിയുതങ്ങ-
വിച്ചു പരമത്ഭുതം!

ഒന്നിനൊന്നു തുടരെ,പ്പതിച്ചു പുതുവൃഷ്ടി-
കൊണ്ടു കുളുർമുല്ലയിൽ
പൂക്കൾപോലെ, നിജപൂർവജീവിത പരങ്ങ-
ളാം സ്മൃതികൾ മേൽക്കുമേൽ
വന്നുകൂടി വനിതയ്ക്കു തൻ്റെ മനതാരി-
ലക്കനെണയുന്നവാ-
റന്തിവാനിലിടതിങ്ങിയെത്തിടുമുഡുക്കൾ-
പോലെ, ശതകോടികൾ.

ബാല്യകാലവിഹൃതിക്കു ബന്ധുരസുബന്ധു-
രതാകുലബാലികാ-
വൃന്ദസുന്ദരളജാന്ദ ബന്ധുരസമോടു-
മങ്കണതലങ്ങളിൽ
സഞ്ചരിച്ചു വിരമിച്ചു വീണ്ടുമവരൊത്തു
ഹാ! ഭുവി ഭജിച്ചുകൊ-
ണ്ടാത്മതുഷ്ടിയൊടു വാണതും നിജമനസ്സി-
ലാശു നിഴലിച്ചുതേ.

PUBLIC LIBRARY KOTTAYAM.

കൂട്ടുകാരുമൊരുമിച്ചു കൂടിയണികുങ്കു-
        മക്കളുൎമനോഹര-
ക്കൂട്ടമോടിയിലണിഞ്ഞു കുരിളൊളിച്ചി-
        ട്ടും കുടിലവേണിയിൽ
കൂട്ടുവാൻ "കുസുമമഞ്ജരീ"രചനചെയ്തു
        കുഞ്ജസദനങ്ങളിൽ
പാട്ടുപാടി നിവസിച്ചതാം സ്മൃതി പരിസ്ഫു-
        രിച്ചു പരമപ്പോഴേ.

തങ്കരത്നഖചിതങ്ങളായ നവമോതി-
        രങ്ങളണിഞ്ഞെന്നതാം
തങ്കരത്തിലഥ തങ്കരേഖ തടവുന്ന
        പുസ്തകമെടുത്തതും
മങ്കമാരുമൊരുമിച്ചു മംഗലകലാല-
        യത്തിനു ഗമിച്ചതും
തങ്കരൾക്കകമശങ്കമോൎമ്മകളിലങ്കു-
        രിച്ചു ഗത സങ്കടം.

വാർഷികോത്സവ 'സഭാപ്രവേശ'വുമനന്ത-
        രം സരസകാമുകാ-
ലോകവും, സുമുഖഭാവമേന്തുമവനെത്ത -
        നിച്ചു സുമവാടിയിൽ
കണ്ടുമുട്ടിയതുമോൎത്തു —മാന്മിഴി തിരിഞ്ഞു
        നോക്കി—തരസാ ക്ഷത-
വ്യാകുലൻ രുചിരകോമളാക്ഷികൾ തുറന്നു
        ബോധരുചി തൂകിനാൻ.

തട്ടി ദൃഷ്ടികളവൾക്കു—നേക്കു യുവതിക്കു
        തൻെറ മൃദുമാനസ-
ത്തട്ടിലത്തരുണനാണു പൂർവസഖിയെന്ന
        തത്വ ശകലോദയം
വെട്ടിമിന്നി വെളിവായി; തൻെറ കുടിലപ്ര-
        യോഗ ഫലസൃഷ്ടിയാ-
ക്കുട്ടിമാന്മിഴിയിതെന്ന ബോധമധുനാ യു-
        വാവിനുമതേവിധം.

ശോഭയേറിയ ഭവാനിയേ പ്രഭുകുമാര-
        നേറെ വലുതാം മനഃ-
ക്ഷോഭമോടുമിഹ കണ്ടു; താനൊരു കിനാവി-
        ലെന്നു നിരൂപിക്കയാൽ
ഹാ! ഭയന്നു; തരസാ മഹേള നവജീവ-
        ചര്യവഴി വന്നതാം
പ്രാഭവപ്രതിനവാത്മശാന്തിയൊടു സാന്ത്വ-
        നോക്തിയരുളീടിനാൾ:—

"ആതുരാശ്രമമിതൊട്ടുമേ ബത! ഭയപ്പെ-
        ടേണ്ട, തവ ദാസി ഞാ-
നേതുമത്ര പരിചര്യ ചെയ്യുതിനു ധാത്രി-
        യാണറിക ധാത്രിയിൽ;
വാ തുറന്നിടുക; പാൽ കുടിച്ചിടുക;"യെന്ന
        തൂമൊഴികൾ തൂകിനാൾ
കാതുരണ്ടിലുമകം കുളുർത്തുവരുമാറു
        കമ്രമധുഭാഷിണി.

തുവിടാതെ തുണികൊണ്ടു തൊട്ടവർ കൊടുത്തു
　　പാൽ; അതതിശുഷ്കമാം
നാവിൽ വീണഥ നനച്ചു തൊണ്ടയെ; നതാംഗി
　　വീണ്ടുമതു നൾകിനാൾ;
കേവലം കെട്ടുവതിന്നു കത്തിയെരിയുന്ന-
　　തായ തിരിപോലവേ
ജീവനേററമൊരുണർച്ചയപ്പൊഴുളവായി-
　　തപ്പുരുഷനോതിനാൻ:—

"മദ്യമാംസമദനപ്രസക്തമതിയായി
　　മാനുഷസമർഹമാം
വിദ്യയൊന്നുമറിയാതെ,യിന്ദ്രിയവിഹാര-
　　ദാസ്യ പരിഹാസ്യരിൽ
അഗ്രിമത്വമതിനായ് വഹിച്ചു പൈതൃകധനങ്ങ-
　　ളാകെയതിനീചമാം
ഉഗ്രദുഷ്ടവിഷയത്തിനായ് ബലികഴിച്ചു-
　　പോയി, കലികൊൾകയാൽ.

"നല്ല നാഗരിക നാരിമാരുടെ നവീന
　　യൌവനഗുണങ്ങളാം
പല്ലവങ്ങളെയഹംകരിച്ചു നടകൊണ്ടു
　　കൂട്ടരൊടു നാൾക്കുനാൾ
മല്ലടിച്ചുലമഹംകരിച്ചിതവരെയ്തു
　　ശാപശിതശസ്ത്രമൊ-
ന്നല്ലയോ? കടുവയായി വന്നു കടുവാ പി-
　　ളർന്നു കടിയിട്ടതും.

“ധന്യരാകിയ വധൂജനങ്ങളിലനേക
        മാളുകളെയംഗജ–
ജന്യമാടി വിജയിച്ചു കേവലമധന്യ–
        രാക്കിയ മഹാശഠൻ
കന്യയാം ഭവതിയെ ചതിച്ചു ബത! കാമു–
        കൻറനിലയിൽ— പടം
വിന്യസിച്ചിതു വിവേകമററു പല പാപ–
        പങ്കിലപഥങ്ങളിൽ.

“ഹംസഗാമിനികളായിട്ടും തരുണിമാർക്ക–
        ഴും ഹൃദയശുദ്ധിയെ–
ധ്വംസനം മടി വെടിഞ്ഞു ചെയ്തു; മധുപാന–
        മത്സരപരീക്ഷയിൽ.
ശംസനേടി; മൃഗയാപ്രസക്തിയൊടു ഞാന–
        നേകവിധമാം മഹാ–
ഹിംസചെയ്തിതു; വരുത്തുമേ ദുരിതവൃത്തി
        ദുർമ്മരണമൂഴിയിൽ.”

മേലൊരക്ഷരമുരപ്പതിന്നു കഴിയാത്ത
        മാതിരി തളർന്നിത–
മ്മേദുരക്ഷതശരീരജിഹ്വ; മിഴി രണ്ടു
        മൂർദ്ധഗതി പൂണ്ടുതേ;
മേനിയാളു ‘മരവിച്ചു’ മേഘമവനിച്ചൊ–
        രിഞ്ഞിതതി വൃഷ്ടി;യി–
മ്മേദിനീ മുഖമസഹ്യഭാര പരിമുക്ത–
        മായ് പരിലസിച്ചുതേ.

34312

അതിദുഷ്ടനെങ്കിലുമവൻെറയന്ത്യമാം,
ഗതികണ്ടു സമ്പ്രതി ഭവാനി ഭക്തിയാൽ
സ്തുതിചെയ്തു ദൈവമവനാഗമശാന്തിയാം
ധൃതിയെ തെളിച്ചു വഴിപോലെ കാട്ടുവാൻ.

നേരേ യോഗിനിമാരറിഞ്ഞു ചരമോ-
ദന്തം; മുറയ്ക്കാശ്രമ-
ദ്വാരേ നിന്നൊരു കൂട്ടുകാർ മൃതശരീ-
രം വാങ്ങിവാങ്ങീടിനാർ;
പോരേ, പ്രസ്തുത സംഭവം പ്രതിദിന-
പ്രസ്താവനാപ്രോല്ലസ-
"ത്താരേശാ''ഭിധപത്രപംക്തിയിലടി
ച്ചിച്ചാർ വെടിപ്പായവർ.

പിറേറന്നാളൊരെഴുത്തു തൻെറ പതിവാം
'താരേശ്' പത്രത്തിനോ-
ടൊപ്പം കിട്ടി ഭവാനിതൻെറ ജനനി-
ക്കാവാർത്തയും, പുത്രിയാം
ആരോഗ്യത്തിലഖണ്ഡപൂർണ്ണതമമായ്
പൂർവ്വസ്ഥിതിക്കായിതെ-
ന്നാ വൃത്താന്തവുമൊത്തറിഞ്ഞു, പതിയോ-
ടിക്കാര്യമോതീടിനാം:—

രണ്ടുപേരുമൊരുമിച്ചു മററു മണിമക്ക-
ളൊത്തു തരസാ പുറ-
പ്പെട്ടു, മാനസഗതിക്കു തുല്യമതിവേഗ-
മോടുമൊരു വണ്ടിയിൽ;
കണ്ടു യോഗിനികളേ; തദീയപദപങ്ക-
ജങ്ങളിൽ നമസ്കരി-
ച്ചിട്ടനുഗ്രഹമുദഗ്രമോദമോടു വാങ്ങി
വീണഥ വണങ്ങിനാർ.

"വന്നു സമ്പ്രതി ഫലം തപസ്വിനികളായ
നിങ്ങളുടെ നിസ്തുല-
ത്യാഗപൂർവ്വകപരിശ്രമത്തിനു;തിനൊത്ത-
വണ്ണമൊരു രീതിയിൽ
ഇന്നു സമ്പ്രതി ഫലം തരുന്നതിനശക്ത-
രാണറികഞങ്ങ"ളി-
ത്യാദിസംഭൃതകൃതജ്ഞതാവിനയഭക്തി-
പൂർവ്വമവരോതിനാർ.

ഭാസുരാശയ ഭവാനിയമ്മ ഭയഭക്തി-
യോടഥ ഗുരുക്കളേ
കൈവണങ്ങിയവരോടുരച്ചു:—ഗുളമഞ്ജു-
ശീതളകളാകൃതികൾ:—
"ഭാഗ്യഹീനതനിമിത്തമെൻെറ ഗുരുഭൂതർ
നിങ്ങൾ വലുതാം മനഃ-
ക്ലേശതീക്ഷ്ണതയിനിക്കുവേണ്ടി നിതരാം സ-
ഹിച്ചിതു കുറച്ചുനാൾ;

"ഭാവിയാകു പറയാം;എനിക്കു ഭുവനത്തി-
ലും പ്രിയതരം തുലോ-
മീയൊരാശ്രമ;മിതിങ്കലാതുരകളായ
സോദരികളെസ്സദാ
സേവചെയ്തുപരി, രണ്ടു യോഗിനികളാകു-
മമ്മകളെയാശ്രയി-
ച്ചാത്മവിദ്യപരമഭ്യസിപ്പതിനു മാത്ര-
മാണു മമ വാഞ്ഛിതം."

മകളുടെയളിലാഷംപോലെ, മേലാതുരസ്ത്രീ-
യുവജനപരിരക്ഷയ്ക്കുള്ളതാമാശ്രമത്തിൽ
മരുവിടുവതിനായിസ്സമ്മതം നൽകി; യോഗീ-
ശ്വരികളൊടുരചെയ്താരത്ര മാതാപിതാക്കൾ:—

"അതികഠിനഗദത്തിൽപ്പെട്ടൊരിപ്പുത്രിയേ, ദുർ-
മ്മൃതിമുഖമണയാതേ കാത്തതീ നിങ്ങളല്ലോ;
പ്രതിഫലമതിനിന്നിപ്പെൺകിടാവോടവർക്കു-
ള്ളതിവിപുലകുടുംബശ്രീധനാംശം തരുന്നു."

അന്നുതൊട്ടിഹ ഭവാനി കാവിയണിമുണ്ട-
ണിഞ്ഞമലമാം തപോ-
വൃത്തി, നിഷ്കപടമാം മനസ്സൊടുരരീക-
രിച്ചു, ദിവസംപ്രതി.
രോഗബാധിതകളായിവന്ന യുവതീജ-
നങ്ങളുടെ സേവചെ-
യ്താശ്രമത്തിലവശിഷ്ടജീവിതമഖണ്ഡ
ഭക്തിയൊടു പോക്കിനാൾ.

*

# നാരായണി

## 1

പ്രസിദ്ധമാമാംഗലവൈദ്യവിദ്യാ-
ലയത്തിൽ മദ്രാസ് പുരാന്തരത്തിൽ,
സഗർഭ്യരാം രണ്ടു യുവാക്കൾ, മാദ്രീ-
തനൂജരെപ്പോലെ, പഠിച്ചിരുന്നു.

സഹോദരന്മാരിവർ, ശാസ്ത്രശസ്ത്ര-
ക്രിയാ സ്വരൂപങ്ങൾ കണക്കു, കാണ്മാൻ,
വിളങ്ങി വിദ്യാനിലയത്തിൽ, വിദ്യുൽ-
പ്രവാഹ ദീപദ്വയമെന്നപോലെ.

അയോദ്ധ്യയേ രാഘവലക്ഷ്മണന്മാർ
കണക്കു, ദാമോദര മാധവന്മാർ
സ്വദേശമാമുത്തര വഞ്ചിരാജ്യ-
പുരത്തെയൊന്നേററമലങ്കരിച്ചാർ.

ഇവർക്കെഴും മാന്യകടുംബമദ്യൽ-
പ്രതാപമോടുത്തര വഞ്ചിഭൂവിൽ
ധനോദയം കൊണ്ടു കുബേരഗേഹ-
സമാനമായിട്ടു സമുല്ലസിച്ചു.

വിശുദ്ധരായ് വിക്രമമാർന്ന യുദ്ധ-
വിദഗ്ദ്ധരാം നായർ വിശാരദന്മാർ
വിളങ്ങി പണ്ടീയൊരു നായർവാസ-
വിശേഷ വൃക്ഷോന്നത ശാഖയിന്മേൽ.

തദന്വയോദ്ഭൂതനൊരാൾ, അമർത്ത്യ-
ശ്വര,ന്നമാനന്ദനനെന്ന പോലെ

പരാക്രമാംഭോനിധി ധൎമ്മരാജാ-
ഭിധൻെറ സേനാപതിയായിരുന്നു.

ആംഗ്ലേയരക്ഷാപരിചൎയ്യ കീഴായ്
മറഞ്ഞു വഞ്ചിക്ഷിതി സൈന്യവീൎയ്യം,
മാൎത്താണ്ഡദേവൻെറ വിലാസവാപ്പി-
ലണഞ്ഞ കൈട്ടീപികയെന്നപോലെ

ധരിച്ചതേ മാതുലർ ചാപഖഡ്ഗാ-
യുധങ്ങളൻപ, ങ്ങിന്നിഹ ഭാഗിനേയർ
വഹിച്ചിടുന്നു വരവൈദ്യ വിദ്യാ-
യുധങ്ങൾ കലാനുസൃതം കരത്തിൽ.

മതിപ്രകാശത്തൊടുയൎന്നു, മഞ്ജു-
താരദ്വയംപോലെ, സഹോദരന്മാർ
ഗുരുപ്രശംസാവഹമാനമാൎന്നു
പരീക്ഷയിൽച്ചേൎന്നു വിളങ്ങിനിന്നാർ.

കനിഷ്ഠനും ജ്യേഷ്ഠനുമത്ര രണ്ടാ
യിരുന്നു ദേഹങ്ങളെ മാത്രമോൎത്താൽ;
അവൎക്കെഴും നിൎമ്മലദേഹിയൊന്നാ-
യിരുന്നു സൗഹാൎദ്ദ വിജൃംഭണത്താൽ.

അഗാധമാമാശയ മോടവൎണ്ണ്യ
ലാവണ്യ പൂൎണ്ണാംഗകനഗ്രജാതൻ
ഒരൎണ്ണവംപോലെ വിളങ്ങി, യെന്നാൽ
പ്രശാന്തമാം ജീവനമാൎന്നിരുന്നു.

പ്രരൂഢമാമീശ്വരഭക്തി, ഹിന്ദു
മതത്തിൽ വിശ്വാസമിളക്കമെന്യേ,
സമഗ്രയാഥാസ്ഥിതികത്വ-മെന്നീ-
ഗുണങ്ങൾ ദാമോദരനാൎന്നിരുന്നു.

പ്രസന്ന ലഘ്വാശയമോടുമല്പ-
രസസ്വഭാവം കലരും കനിഷ്ഠൻ,
സരോവരംപോലെ വിളങ്ങി,യെന്നാൽ
പ്രക്ഷോഭമുള്ളിൽക്കൂടികൊണ്ടിരുന്നു.

സർവ്വത്രവാദിത്വ, മനേകവർഗ്ഗ-
സമാനഭാവം, പരമാത്മബോധം,
സ്വാതന്ത്ര്യധീയെന്നിവ,യല്പതിന്നു-
സ്വഭാവിയാം മാധവനാർന്നിരുന്നു.

ഇവർക്കെഴും മേൽഗതിയെപ്രതീക്ഷി-
ച്ചിരുന്നു തന്മാതുലനായ വൃദ്ധൻ,
ഉൽക്കണ്ഠയാൽ കർഷകനർണ്ണകാല-
വർഷാനുകൂലാഗമമെന്നപോലെ.

സ്വസാവകാലത്തു മരിക്കയാലി-
ക്കുമാരകന്മാരെയുദീർണ്ണരാഗാൽ
എടുത്തു സന്താനതരുദ്വയംപോ-
ലയാൾ, അതിശ്രദ്ധയൊടും വളർത്താൻ.

വയോധികൻ കാരണവൻ, സ്വനേത്ര-
ദ്വയത്തിനൊപ്പം പ്രതിപത്തിയോടും
അകാലനിർവ്വാണമണഞ്ഞ പെങ്ങൾ-
ക്കിയന്നസൂനുക്കളെ രക്ഷചെയ്‌വാൻ.

കൃഷിക്കു വിത്തെമ്പാടു വേണ്ട കാല-
ത്തെടുത്തു നൽകുന്ന വിധം പഠിക്കാൻ
അവർക്കു വിത്തം സമയത്തിനൊത്ത
വിധത്തിൽ വേണ്ടുന്നതു നൽകിവൃദ്ധൻ.

പഠിക്കുവാനായ് മരുമക്കൾദൂര-
ത്തകന്നു പോയെങ്കിലു,മുൾത്തടത്തിൽ

വാത്സല്യമത്യന്തമിയന്ന വൃദ്ധ-
നകന്നിരുന്നിട്ടവരെപ്പുണന്നാൻ.

'കണ്ണിന്നകന്നാൽ കരളിന്നകന്നു'-
വെന്നുള്ള പാശ്ചാത്യ ജനപ്രവാദം
സ്വബുദ്ധിയിൽ കേവലമത്ഥശൂന്യ-
മായത്തീൎന്നു വൃദ്ധന്നു വിയോഗതാപാൽ.

വിദ്യാലയത്തിന്നൊഴിവാണ്ടുതോറും
തുടങ്ങിടുമ്പോഠം നിജമന്ദിരത്തിൽ,
സ്വഭാഗിനേയാഗമനം പ്രതീക്ഷി-
ച്ചൊരുക്കമോണത്തിനു ചെയ്തു വൃദ്ധൻ.

പരിശ്രമത്തോടതിബുദ്ധികൂടി-
ക്കലന്നപോൽ ജ്യേഷ്ഠനൊടും കനിഷ്ഠൻ,
പഠിച്ചു നാലാണ്ടിഹ, വൈദ്യശാസ്ത്ര-
പാരം ഗമിക്കുന്നതിനായടുത്തു.

അക്കാലമാവൈദ്യവിശാല വിദ്യാ-
ലയത്തിൽ, ആകാശതലാന്തരത്തിൽ,
ഒരുത്തമശ്രീ നവതാരകയ്ക്കൊ-
ത്തവർണ്ണ്യകന്യാമണിയൊന്നുവന്നാഠം.

നതാംഗിനാരായണിയമ്മ വൈദ്യ-
കലാംശമത്യുത്സുകമഭ്യസിപ്പാൻ,
കണ്ണൂരിൽനിന്നെത്തിയ കാമദേവ-
കല്യാണകസ്രായുധമായിരുന്നു.

തദീയ സൌഭാഗ്യനിരീക്ഷണത്താൽ
യുവാക്കഠം വിദ്യാൎത്ഥികഠം വിസ്മയിച്ചാർ;
വിദ്യാലയം, തെന്നലണഞ്ഞു ലീലാ-
തടാകമോടൊപ്പ്വ,മിളക്കമാന്നു.

നതാംഗി നാരായണിയമ്മ, തൻെറ
സാന്നിദ്ധ്യമുണ്ടാക്കിയ മാർഗ്ഗണങ്ങൾ
അറിഞ്ഞിടാതേ, മധുപൂവിനുള്ളിൽ-
ക്കണക്ക, വിദ്യാനിലയത്തിൽ വാണാൾ.

പ്രതിജ്വലിക്കുന്നൊരു തൂവിളക്കിൻ
പ്രദർശനത്താൽ ശലഭങ്ങൾപോലെ,
യുവാക്കളിസ്സുന്ദരഗാത്രിയെക്ക-
ണ്ടുറക്കമില്ലാതെ പരിഭ്രമിച്ചാർ.

ശിശുക്കൾ മുല്ലീലയിലെന്നപോലെ,
പശുക്കൾ വാർപുല്ലിനകത്തുപോലെ,
പിശുക്കരർത്ഥത്തിലുമെന്നപോലെ,
പഠിപ്പിലന്നാളവർ ബുദ്ധിവെച്ചാർ.

സ്വ നിഷ്ഠയെല്ലാമവർ വൈദ്യവിദ്യാ-
സമാർജ്ജനശ്രീബലിപീഠകത്തിൽ
സമർപ്പണം ചെയ്തു കാമുകന്മാർ
കണ്ടിട്ടു പിൻവാങ്ങിയൊതുങ്ങിനിന്നാർ.

അതല്ലഹോ! സിംഹളവംശജാത-
യാകുന്ന നാരായണിയെന്നവൃത്തം,
കെടുന്നതീയിൽ ജ്വലമെന്നപോലെ
പതിച്ചതല്ലക്കാമുകർതൻ മനസ്സിൽ.

ഒരാൾക്കുമാത്രം, കുളിർമങ്കയാളെ-
ക്കുറിച്ചുദിച്ചോരുനവാനുരാഗം
കുറഞ്ഞതില്ലൊട്ടു; മുദിച്ചുപോയാൽ
യഥാർത്ഥരാഗം സ്ഥിരമായിരിക്കും.

ഒരുക്കി,യെന്നാലതു മാധവാഖ്യൻ
പതുക്കവേ ജ്യേഷ്ഠനറിഞ്ഞിടായ്വാൻ

PUBLIC LIBRARY KOTTAYAM.

അതുച്ഛയാകും നിധികട്ടകള്ള-
നതുച്ചനേരത്തു മറച്ചപോലെ.

കറച്ചുനാളീയനുരാഗഭാരം
മറച്ചുപോ, തായതവൻെറയുള്ളിൽ
തറച്ചുവരുന്നിയിളാതലത്തി
ലുറച്ച പേരാൽമരമെന്നപോലെ.

പക്ഷേ, പരീക്ഷാവിഷയാവധാന-
മാത്മാനുരാഗത്തെയമർത്തിവച്ചു
പ്രഭാതകാലത്തു കളിത്തപുല്ലിൻ-
ശിരസ്സിനേമഞ്ഞണിബിന്ദുപോലെ.

യഥാർത്ഥമാം രാഗമൊരുത്തിയേ കുറി-
ച്ചൊരുത്തനുണ്ടായതവൻ മറയ്ക്കിലും
മനസ്സാലാക്കുന്നിതുമങ്കയാളു, കാർ
മറയ്ക്കിലും ചന്ദ്രനെയാമ്പലെന്നപോൽ.

## 2

പരീക്ഷയിൽച്ചേന്നു ജയിച്ചവക്കുപൊൻ-
കിരീടമായ്ത്തീന്നൊരു മാധവാഭിധൻ,
ഒരീശ്വരാനുഗ്രഹമേററു മേൽക്കുമേൽ
പരീതനായ് ബന്ധ്വഭിനന്ദനങ്ങളാൽ.

പ്രയാസമില്ലാതെ ജയിച്ചു, * ശൃംഖലാ-
ഹ്വയാങ്കമദ്ധ്യസ്ഥിതനായി മാധവൻ
അടുത്തുനി,ന്നഗ്രജനൊത്തു താൻ വെളി-
പ്പെടുത്തി സൌഭാത്രമഹത്വമപ്പൊഴും.

---

* ശൃംഖല = ബ്രാക്കററ്.

തിരിച്ചിതസ്സോദരരാശു മാതുലൻ
ഭരിച്ചു വാഴും ഭവനത്തിലെത്തിനാർ,
ചിരിച്ചു ഹർഷാശ്രുപൊഴിച്ചുവന്നു, സൽ-
ക്കരിച്ചിരുന്നാളവരേവയോധികൻ.

അനന്ധതന്മാരവർ തല്പദത്തിൽ വീ-
ണനുക്രമത്താലെ നമസ്കരിക്കവേ,
അനുഗ്രഹിച്ചൻപൊടു രണ്ടുപേരെയും
തനുക്കൾ തൊട്ടാശ്രുതലോടി മാതുലൻ.

മിഴിച്ചുനില്ക്കും സ്വജനങ്ങൾതൻ മന-
സ്സഴിച്ചിട്ടുംമാറിഹ ഭാഗിനേയരേ,
പൊഴിച്ചുപൂണ്ണ പ്രമദാശ്രുധാരയാൽ
കഴിച്ചുകൊണ്ടാനഭിഷേകമന്നയാൾ.

സ്വമാതുലൻ തന്നുടെയേകപുത്രിയാം
രമാസമാനാഭകലർന്ന 'രാധ'യെ
അമാനുഷ പ്രേമഭരപ്രസക്തിയാൽ
ക്രമാൽ വിവാഹത്തിൽ വരിച്ചിതഗ്രജൻ.

അനന്തരം മാതുലനിഷ്ടപാത്രമാ-
യനന്തസൌഖ്യത്തൊടു വാണൊരഗ്രജൻ,
അനന്തയിൽത്തീവ്രഗദാതുരാശയ-
ക്കനല്പമാശ്വാസമണച്ചു വിദ്യയാൽ.

അഹന്നിശംചെയ്ത ചികിത്സകൊണ്ടുതാൻ
സ്വഹസ്തപുണ്യം വെളിവാക്കി മേൽക്കുമേൽ,
മഹത്വമാർന്നഗ്രജനഗ്ര്യമാംയശോ-
മഹസ്സിനാൽമന്നതിശുഭ്രമാക്കിനാൻ.

അയാൾക്കെഴും നൈപുണികേട്ടുവഞ്ചിപൻ
ദയാകുലാത്മാവതിദീനവത്സലൻ,

നയാനുകൂലം നിയമിച്ചു 'ഡാക്ട'രായ്
സ്വയാധികാരത്തിലൊ'രാശുപത്രി'യിൽ.

സ്വശസ്ത്രവിദ്യാധനമെഴ്ഞ്ഞൊത്തുങ്ങിയാ-
ക്യശസ്വരൂപം കലരുന്ന 'വഞ്ചി'യിൽ
പ്രശസ്തിയെഴ്ഞ്ഞെന്നു നിനച്ചതൃപ്തിയാൽ
തിരിച്ചതേ മദ്രപുരിക്കു മാധവൻ.

നിജാനുരാഗത്തിനു പാത്രമായൊരം-
ബുജാക്ഷിയാൾ തന്റെ നിവാസഹേതുവാൽ
പ്രജാതസൌരഭ്യമിയന്നൊരപ്പുര-
വ്രജാവതംസത്തിലണഞ്ഞു മാധവൻ.

ഗുരുക്കളെക്കണ്ടിഹ വീണ്ടുമാദരാൽ
പെരുക്കമാശിസ്സുകൾ തന്റെ മൌലിയിൽ
ഗുരുത്വമോടേറുവണങ്ങി വാങ്ങിയുൾ-
ക്കരുക്കമാനന്ദമിയന്നു മാധവൻ.

അപാരവാത്സല്യമെഴും ഗുരുക്കൾതൻ
കൃപാബലത്താൽ സ്ഥലമാശുപത്രിയിൽ
ശിപാർശിചെയ്തിട്ടവനേ മഹാംഗ്ലഭൂ-
നൃപാലകോദ്യോഗപദത്തിലാക്കിനാൻ.

അതഃപരം, ജ്യേഷ്ഠവിയോഗഹേതുവാൽ
സ്വതന്ത്രനായ്ജീവനയാത്ര മാധവൻ
ദ്രുതം തുടന്നാനിഹ കർണ്ണധാരകാ-
വതംസമില്ലാത്തൊരു കപ്പൽപോലവേ.

നതാംഗി നാരായണിയമ്മ, വൈദ്യവി-
ശ്രുതാലയത്തിൽ, പുനരത്ര പൂർവ്വവൽ
നിതാന്തമുത്സാഹമൊടും പഠിച്ചസം-
ഭൃതാത്മമോദത്തൊടു പാർത്തിരുന്നുതേ.

നിറച്ചു വിദ്യാധനമുള്ളിൽ, വേണ്ടപോ-
ലുറച്ചുതൻ ജീവനയാത്രയെങ്കിലും
മുറയ്ക്കു രാഗോൽക്കടവാത്സ്യയൽക്കയാൽ
വിറച്ചു പായ്ക്കപ്പൽ കണക്കു മാധവൻ

ഘനംപെടും പാറയിലാന്ന കപ്പൽപോൽ
മനസ്സുചെ, ന്നുക്കൊട്ടറച്ചു തന്നടിയിൽ,
അനന്തരം മാധവനാശു മേൽഗതി-
ക്കനല്പമായ് ത്താമസമുത്ഭവിക്കുമോ!

പഠിച്ചു പാക്കും പരപുഷ്ടവാണിതൻ
തടിൽപ്രകാശം കലരും കളേബരം
തുടിച്ചുയൎത്താരൊടു കണ്ടു കൗതുകം
തടിച്ചു വേരൂന്നിയുറച്ചുരാഗമായ്.

നിതാന്ത സന്താപമകത്തണച്ചിട്ട-
ന്നതാന്തരാഗാഗ്നിയൊതുക്കിമെല്ലവേ,
സ്മിതാഞ്ചിതാസ്യത്തൊ,ടതിപ്രശാന്തനാം
ഹുതാശനാഗ്നിക്കെതിരായി മാധവൻ.

ഹിതാഹിതം ചെറുമറിഞ്ഞിടാതെ,യ-
ന്നതാംഗി നാരായണിയിൽ സ്വമാനസം
ഭൃതാനുരാഗം സുദൃഢം പതിച്ചു വി-
സ്മൃതാന്യചിന്താഗതിയായി മാധവൻ.

കളിക്കുവാൻ കൂട്ടരുമൊത്തിരിക്കിലും,
കുളിക്കുവാൻ പോകില്ല,മുണ്ടിട്ടുമ്പൊഴും
ഒളിച്ചുവായിക്കില്ല,മനു കണ്ടുതാ-
നൊളിപ്രകഷം പെരുമന്നതാംഗിയെ.

മുറയ്ക്കു ജോലിക്കു ഗമിക്കിലും സ്വയം
കുറച്ചു വിശ്രാന്തിയെടുത്തിരിക്കിലും,

ഉറക്കറയ്ക്കുള്ളിലുമാ വധൂമുഖം
മറക്കുവാൻ വയ്യ, മറയ്ക്കുവാനുമേ.

മതിപ്രഭാവം കലരുന്ന മാധവ-
ന്നതിപ്രിയം ചേൎന്നൊരു ചാരു വിഗ്രഹം,
സ്ഥിതിക്കു ചേരുന്നവിധം സ്വയംസ്ഥിത-
പ്രതിഷ്ഠചെയ്താനവനുള്ളിൽ വേണ്ടപോൽ.

മനസ്സിലിമ്മട്ടു സദാ ലസിച്ച സ-
ന്മനസ്വിനീധ്യാനവിധാനമന്നവൻ
കനത്തിടും ഭക്തിയൊടൊത്തുചെയ്കയാ-
ലനന്തസച്ചിത്സുഖമേറു മേൽക്കുമേൽ.

സമാധിയും ധ്യാനവു,മശ്രുധാരയും,
സുമാസ്ത്രപുഷ്പാഞ്ജലി,യാത്മദീപവും,
അമായമാന്നാമയമായ മാറുവാൻ
ക്രമാലവൻ നല്ല മുഴുത്തഭക്തനായ്.

"നതാംഗി നാരായണിതന്നെ വിദ്യയും,
നതാംഗി നാരായണിതന്നെ ദേഹവും,
നതാംഗി നാരായണിതന്നെ ജീവനും,
നതാംഗി നാരായണിതന്നെ സൎവ്വവും,"

നിനച്ചിവണ്ണം നവനീതഗാത്രിത-
ന്നനൎഘ തേജോമയമൂൎത്തി നിത്യവും
മനസ്സു വാക്കെന്നിവകൊണ്ടുപൂജചെ-
യ്തനന്തസന്തോഷമണഞ്ഞു മാധവൻ.

അതന്ദ്രമസ്സുന്ദരി വൈദ്യവിദ്യയ-
സ്വതന്ത്രയായ് തത്ര പഠിച്ച പാക്കയാൽ
ഹിതത്തിനൊത്തായവനൊന്നു കണ്ടതീ-
പ്സിതം കഥിപ്പാനിടകിട്ടിയില്ലഹോ!

പലപ്പൊഴും മിന്നൽകണക്കെ മിന്നിയും,
നിലാവുപോൽ പുഞ്ചിരിതൂകിയും, ദ്രുതം
ചലദ്രഥത്തിൽ ബത! മിന്നൽപോലെ, മാൻ-
ചലാക്ഷിയെക്കണ്ടു കൃതാൎത്ഥനായവൻ.

ശരിക്കു നാരായണിതൻ കടാക്ഷവും,
സ്ഫുരിച്ച സൌന്ദൎയ്യവിലാസഭംഗിയും,
ചിരിച്ചു തേൻചോൎന്ന വചസ്സുമാസ്വദി-
ച്ചിരിക്കുവാൻ മാൎഗ്ഗമവൻ തിരഞ്ഞുതേ.

3

അനാരതം രാഗഭരം വഹിച്ചു
മനം മയങ്ങിപ്പലമാൎഗ്ഗമായാൾ
ശ്രമിച്ചുകാണ്മാനവളേനിഗ്രുഢ,-
മെന്നാലുമൊന്നും ഫലിയാതെപോയി.

മനസ്സിലെപ്പോഴുമുറച്ചിരിക്കും
നതാംഗി നാരായണിയെ പ്രകാമം,
മേധാവിയാം മാധവനാധിയാററാൻ
കാണാതിരിക്കില്ലൊരുനാളൊരിക്കൽ.

കടാക്ഷവിക്ഷേപമിവണ്ണമേററു-
മടുത്തുകാണ്മാനിട വന്നിടാതേ
അതിന്നുവേണ്ടിബ്ബഹുധാ ശ്രമിച്ചും
കുറച്ചു മാസങ്ങൾ കഴിച്ചുകൂട്ടി.

സായാഹ്നകാലത്തൊരുനാൾ സമുദ്ര-
തീരത്തു 'കാററാടിമര'ച്ചുവട്ടിൽ

കാറേററു വേത്രാസനമേറി വാഴും
കാർവേണിയെക്കാമുകനൊന്നു കണ്ടാൻ.

കല്ലോല കോലാഹലമുല്ലസിക്കും
രത്നാകരം സുന്ദരി നോക്കിവാഴ്കെ,
സന്തോഷ സംഭ്രാന്തി മനസ്സിലേന്തി-
യാമാധവൻ നിന്നുതദന്തികത്തിൽ.

പെട്ടെന്നെഴുന്നേററഥ, തന്നടുത്തു-
നില്ക്കും യുവാവിന്റെ മുഖത്തുനോക്കി
മിണ്ടാതെ രോമാഞ്ച മണിഞ്ഞുകൊണ്ടു-
നിന്നാൾ മനോജ്ഞാംഗിയനങ്ങിടാതെ.

മുഹൂർത്തമാത്രം മുകിൽവേണിയേവം
നിന്നീടവേ കോമളപാണിപത്മം
ഗ്രഹിക്കുവാൻ കൈയുവാവുനേകി, തന്വി
നമ്രാസ്യയായ് പുഞ്ചിരിപൂണ്ടു മാറി.

മേല്പ്പു ചുററും ചടുലാക്ഷി നോക്കി-
ച്ചിരിച്ചുകൊണ്ടൊന്നു പരുങ്ങിനിന്നാൾ,
കളസ്വനാകർണ്ണനവാഞ്ഛവർദ്ധി-
ച്ചോരോന്നു ചൊന്നാനവനാദ്യമായി.

പാശ്ചാത്യരാജ്യങ്ങളിലുള്ള യുദ്ധ-
വൃത്താന്തവും, ക്ഷാമവുമെന്നുവേണ്ട
പാഠസ്വഭാവം ഗൃഹവൃത്തമേവ-
മന്യോന്യമപ്പോൾ പലതും പറഞ്ഞാർ.

സന്തോഷസിന്ധുത്തിരയേന്തുമാറു
ചിന്തുന്നവാക്കിങ്ങനെ രണ്ടുപേരും
പരസ്പരം ചൊല്ലിയിരുന്നു മന്ദ-
മാനന്ദമാന്നാരവരേറെനേരം.

സന്ധ്യയ്ക്കു കാറേറല്പ്പതി,നാഴിവക്ക-
ത്തണഞ്ഞിരുന്നാളുകൾ നിർഗ്ഗമിച്ചാർ,
ശേഷിച്ച യോഷാമണിയും, സരോജ-
ശരോപമൻ മാധവനും തദാനീം.

നേരം കുറച്ചൊന്നു കവിഞ്ഞു; പാര-
മിരുട്ടെഴും രാത്രി, സമുദ്രതീരം,
താരുണ്യമപ്പട്ടണമെന്നിതൊന്നു-
മോരാതിരുന്നാരിരുപേരുമപ്പോൾ.

താനാദ്യമായത്തരളാക്ഷിയാളെ-
ദ്ദർശിച്ചനാൾതൊട്ടിതുനാൾവരേയ്ക്കും
ഉണ്ടായവൃത്താന്തമശേഷമായാൾ
സവിസ്തരം ചൊല്ലി മറച്ചിടാതേ.

നതാംഗിനാരായണിയാവിശേഷ-
പീയൂഷയൂഷം സരസം നുകന്നാൾ
ഔത്സുക്യ ചിന്താബ്ധി നിമഗ്നയായി-
ട്ടിരുന്നു പിന്നീടുകുറച്ചുനേരം.

അനന്തരം മാധവനാത്തരാഗം
പ്രത്യുത്തരത്തിന്നു തിടുക്കിയപ്പോൾ
നതാംഗിനാരായണി ദീർഘമായി-
ശ്വസിച്ചു ജിഹ്വേന്ദ്രിയമുദ്രവിട്ടാൾ:—

"ലോകസ്വഭാവങ്ങളറിഞ്ഞിടാത്തോ-
രിസ്സാധു ഞാൻ ബാലിക,യസ്വതന്ത്ര,
വിശിഷ്യവിദ്യാത്ഥിനി, കാര്യബോധം
തരിമ്പുമില്ലാത്തവളെന്തു ചൊൽവൂ?

"വൈദുഷ്യമന്യാദൃശമാന്നനേക-
ലോകസ്വഭാവങ്ങളറിഞ്ഞധീമൻ!

ഭവാനിവണ്ണം പറയുന്നതേററ-
മയുക്ത,മെന്തിങ്ങിനെ നിശ്ചയിപ്പാൻ?

"മനുഷ്യവർഗ്ഗത്തിലുദിക്കിലും,നാം
വിജാതിയിൽപ്പെട്ടവരായിരിപ്പൂ
നാം തമ്മിൽ യോജിക്കുവതിന്നുജാതി-
ഭേദം; തടസ്ഥം; പരമോർത്തുനോക്കൂ.

"വരാനിരിക്കുന്നതറിഞ്ഞുരയ്ക്കാ-
നൊരാൾക്കുമേത്തും കഴിവില്ല പാരിൽ;
എന്നാലുമെൻ മംഗളകർമ്മമീ ഞാൻ
പഠിച്ചുതീരുംവരെ നിശ്ചയിക്കാ"

നതാംഗി നാരായണയിത്രമാത്രം
പറഞ്ഞു ദീർഘം നെടുവീർപ്പു വിട്ടു;
സമുദ്ര തീരത്തിലുടൻനിറഞ്ഞു
വിദ്യുൽപ്രഭാപൂരമൊരല്പനേരം.

'എംഡൻ'വിട്ടുന്നൊരിടി നാദമപ്പോ-
ളംഭോധിതീരത്തതി ഘോരഘോരം
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾ നടുങ്ങുമാറു
മുഴങ്ങി വിദ്യുൽപ്രഭ മുമ്പുമങ്ങി.

പരിഭ്രമം പൂണ്ടിരുപേരുമൊപ്പം
കരം ഗ്രഹിച്ചാശു നടന്നുകൊണ്ടാർ;
ക്ഷീണിച്ചു ശാതോദരി കൂടെയെത്താൻ
ഞെരുങ്ങി വല്ലാതെ കുഴങ്ങിയപ്പോൾ.

തളർന്ന പൂമെയ്യ് കരതാരണച്ചു
താങ്ങിക്കുമം കണ്ടവളെ ക്ഷണത്തിൽ
രക്ഷാരഥത്തിൽക്കരയേററിയൊപ്പ-
മിരുത്തിയമ്പോടുഗമിച്ചുധന്യൻ.

നമ്രാസ്യയായ് നന്ദി പറഞ്ഞു തന്റെ
കമ്രാലയത്തിൽക്കളവാണി പുക്കാൾ;

കൃതാർത്ഥനായിക്കൃശഗാത്രി തന്നെ
സ്മരിച്ചുടൻ മാധവനും തിരിച്ചാൻ

*  *  *

വീട്ടിന്നു,നാട്ടിന്നു,ലകിന്നു,ചക്ര-
വത്തിക്കു, രക്ഷയ്ക്കു മഹാരണത്തിൽ
രക്തംപൊഴിക്കും ഭടരെത്തുണയ്ക്കാൻ
ചികിത്സകൻ മാധവനാജ്ഞ കിട്ടി.

പത്മാക്ഷിയെപ്പിന്നൊരു നോക്കുകാണ്മാൻ
തരംലഭിക്കാഞ്ഞൊരു കത്തുമൂലം
ഉദ്യോഗ വൃത്താന്തമുരച്ചു യുദ്ധ-
ക്കളത്തിലേയ്ക്കാശു തിരിച്ചുമാന്യൻ.

നതാംഗി നാരായണി മുൻകണക്കു,
നിരന്തരം ജാഗ്രതയായ് പഠിച്ചാൾ;
പരീക്ഷയിൽച്ചെന്നഥമെച്ചമായി-
ജ്ജയിച്ചൊരുദ്യോഗവുമാന്നു വാണാൾ.

നിഷ്കർഷയും, നിഷ്ഠയു,മച്ചികിത്സാ-
സാമത്ഥ്യവും കൃത്യവുമോത്തുനാക്കി
അന്യാദൃശം ഭാരതവൈദ്യവയ്യ
സ്ഥാനം കൊടുത്താനവനാംഗലേശൻ.

ചികിത്സകൻ മാധവ, നാതുവിദ്യാ-
വിശാരദൻ പോരിൽ മുറിഞ്ഞവക്കായ്
ദിവാനിശം വേണ്ടചികിത്സചെയ്തു
മുറയ്ക്കു വിഖ്യാതിവളത്തിമേന്മേൽ.

വഷത്രയം തത്ര ചികിത്സചെയ്തു
ഹഷത്തൊടും പാത്തു ദിനംകഴിക്കെ,
ഭിഷഗ്വരൻ മാധവനുഗ്രമായ
വിഷജ്വരം കൊണ്ടു കിടപ്പിലായി.

അയച്ചു ബോംബെ,യ്ക്കവനേ ക്ഷണത്തിൽ
സാദം, ക്ഷയം, ചൂ,ടിവകൂടിവന്നു;
ചികിത്സ ശുശ്രൂഷയിതൊന്നുമേതും
ഫലിച്ചിടാതായ് ഹതദൈവയോഗാൽ.

"നതാംഗിനാരായണി"യെന്നു മൂന്നു
ജപിച്ചു നേത്രങ്ങളവൻ തുറന്നു;
തനിക്കു ശുശ്രൂഷകരം ചെയ്തടുത്തു
വസിച്ചിട്ടും തന്വിയെയൊന്നു കണ്ടാൻ.

"നതാംഗി നാരായണി"തന്നെ; ഞാനും
വരാം; ഭവാൻ പോകുക മുന്നി; ലെന്നാൽ
ജാതിക്രമം മംഗളകർമ്മ വിഘ്ന-
മാകാത്ത ദേശത്തു നമുക്കുവാഴാം."

അടഞ്ഞു തേ കണ്ണുകൾ രണ്ടുമൊപ്പം;
വിളങ്ങിവക്ത്രം മധുരസ്മിതത്താൽ;
മറഞ്ഞു മാന്യന്നെഴുമുത്തമാത്മാ-
വുടൻ പ്രപഞ്ചത്തിരമാലതന്നിൽ

"എന്നെത്തന്നുള്ളിലാക്കിസ്സകലവു മിഹഞാ-
നെന്നുരച്ചെന്റെ നാമം
ധന്യംസപ്താക്ഷരം താൻ പുരുഷമണി ജപി-
ച്ചെങ്ങുപോ,യങ്ങുതാനും
പിന്നാലേപോക"മെന്നാസ്സുചരിത സുദൃഢം
ചൊന്നപോലഗ്ഗദത്താൽ
ത്തന്നാമെയ്‌വിട്ടു നാരായണിയുമഥ സദാ-
നന്ദ സായൂജ്യമാർന്നാൾ.

★

# കാകതാലീയം

## 1

മാവേലിക്കരനിന്നു നേർവഴി കിഴ-
ക്കെത്തിക്കഴിഞ്ഞാനട-
യ്ക്കാവേവിട്ടു നടന്നു കുന്നു, കുഴിയും,
കാടുങ്കടന്നീടവേ
കാവേരിക്കെതിരായിടുന്നരുവിയൊ-
ന്നുണ്ടത്രകാണ്മാനതി-
ന്നാഃവലം പ്രകൃതിപ്രശാന്തവദന
ശ്രീമൽസ്മിതം വിസ്മയം.

മിന്നുന്നസ്ഫടികപ്രകാശമിയലു-
ന്നംഭസ്സിതാമ്പരത്സമ-
ത്തിന്നുന്താമരസപ്രസൂനനിവഹ-
ത്തിന്നും വിലാസസ്ഥലം
പൊന്നമ്പാറകളുണ്ടവയ്ക്കിടയിടെ-
ച്ചാടിപ്രവാഹംപരം
ചിന്നും ശർമ്മദഘർമ്മരസചരമൊട്ടും
പായുന്നു മായം വിനാ.

മീതേവന്നു നികന്നുമീനനികരം
മാംസാശനദ്രോഹസ-
മ്പാതേശങ്കയൊഴിഞ്ഞു സങ്കടമക-
ന്നോളങ്ങളിത്സതചരം

ഭീതേടാതെ കളിപ്പതക്കിളികുലം
കണ്ടങ്ങിരിയ്ക്കുന്നന-
ങ്ങാതേ സൽഫലജാലനിമ്മലജല-
ക്ഷേമാഗമാതസവ്ദാ.

കല്ലോലാവലി കന്ദരങ്ങളിലല-
ഞ്ഞാടിക്കരേറിക്കരി-
ങ്കല്ലോടമ്പിലുരുമ്മിയക്കളകള-
ധ്വാനം കലന്നഞ്ജസാ
നല്ലോമൽ പുരികക്കൊടിക്കൊരുപമാ-
നത്വം വഹിച്ചംഗള്ള-
വില്ലോട്ടം പടവെട്ടിടുംപടി പടി-
ഞ്ഞാറോട്ടുപായുന്നതേ.

പാടീരദ്രുമശാഖയില്പരഭൃതം
പാരാതിരുന്നാദരാ-
ല്പാടീടുന്നിഹ പഞ്ചമംപരിമൃദു-
ക്ഷീണാരവത്തിത്സദാ
വാടീടാതെ വസന്തകാലമതിലേ-
പ്പോലേലതാലംബിപൂ-
വാടീസഞ്ചയമത്രശീതളഗുണം
കൊണ്ടെന്നുമുണ്ടായിടും.

തഞ്ചത്തിൽ തടിദ്രമാലയന്നയും
കാലത്തിലെത്തിസ്സിലാ
മഞ്ജുശ്രീമണിമണ്ഡപോപരിമദാ-
ലാട്ടും മയില്പേടയേ-

ചഞ്ചല്പ്പീലിവിട്ടത്തിവീശിനടന-
        ക്ലേശം കളഞ്ഞീടുമാ-
വഞ്ചക്ഷുശ്രവണാശനദ്വിജവര-
        ന്മാരുണ്ടിതത്രാന്തരേ.

മാനല്പന്നവിഹാരകൌതുകഭരം
        ചേരും മനസ്സോടുമ-
സ്സാനക്ഷോണിയിലങ്ങുമിങ്ങുമനിശം
        ചാടുന്നിതാടുന്തഥാ
ഭാനശ്രീകരസാരമേററു വിരിയും
        ചെന്താമരത്താരിലേ-
തേനുണ്ടുണ്ടു തെളിഞ്ഞളിപ്രകരവും
        പാടുന്നു പാടെന്നിയേ.

എല്ലാംഭോജകുടുംബകുന്ദലതികാ-
        സംബന്ധഗന്ധം വഹി-
ച്ചുല്ലാസാലിഹ മന്ദമാരുതനടി-
        ക്കുന്നുണ്ടുടുത്തംഭസാം
ചൊല്ലാളും പ്രിയചക്രവാകമിഥുനം
        സംയോഗലാഭാത്സുധാ-
സല്ലാപാബ്ധി നിമഗ്നരായിമരുവു-
        ന്നല്ലോ മരക്കൊമ്പതിൽ.

കുന്നിക്കും പ്രസഭത്തൊടൊത്തിഹ കൊടു-
        ങ്കാററങ്ങടിക്കുമ്പൊള-
ക്കുന്നിന്മോളിലിരുന്നു പാറകളുരു-
        ണ്ടൂക്കോടുകൂടി ദ്രുതം

KOTTAYAM PUBLIC LIBRARY
KOTTAYAM.

വന്നിട്ടാറിച്ചടിച്ചു വജ്രമണിപോ-
ലംഭഃകണശ്രേണിയേ
ചിന്നിച്ചിക്കിവിതച്ചുകൊണ്ടുമറയും
വെള്ളത്തിനുള്ളില്പരം.

നല്ലിമ്പം നയനത്തിനേകിടുവൊരി-
ത്തീരപ്രദേശത്തില-
ങ്ങല്ലില്ലെയ്യത്തണിമഞ്ഞു കാററിലിളകി-
ച്ചേർന്നുററരേണുക്കളായ്
പുല്ലിന്മേലഭിജാതബാലകരവി-
ശ്രീമിശ്രമായൈന്ദ്രകം
വില്ലിന്നാഭപെടുന്നതായൊരു പട
ത്തോലെ പരക്കുന്നതേ.

ശ്രീമത്താം പ്രകൃതീശ്വരീജയമഹാ-
സ്തംഭങ്ങളായാപഗാ
വാമക്ഷോണിയിലങ്ങിണങ്ങി വളരും
നാലഞ്ചുസാലങ്ങളിൽ
കാമം കൃത്രിമചിത്രഭംഗിതിരളും
നീഡങ്ങളേതീർത്തതി-
ക്ഷേമത്തൊടുവസിച്ചിടുന്ന കരുവി-
ക്കൂട്ടങ്ങളൊട്ടല്ലഹോ!

കുററിക്കാടഭിരാവകുഞ്ചിതലതാ-
കുഞ്ജാലയം മഞ്ഞച്ചി-
ഞ്ഞിററിററമ്പൊടു വീണിടും നവകദം-
ബശ്രീനിതംബസ്ഥലം

ചുററിപ്പുഷ്പിത വല്ലിയേറിയഴകോ-
ടാകാശമാർഗ്ഗാന്തരം
പററിക്കൊണ്ടമരും മരങ്ങളിവയാ-
ലിദ്ദേശമുദ്ദീപിതം.

ഈവണ്ണം പ്രകൃതിക്കിരുപ്പിടമതാ-
മാറിന്റെ തെക്കേക്കര
സ്സൌവർണ്ണാദ്രിസമാനമായൊരു മഹാ-
സൌധപ്രധാനാലയം
ശ്രീവന്യാന്തര ദേവതാനിലയന-
ഭ്രാന്തിപ്രദപ്രോല്ലസ-
ല്ലാവണ്യാതിശയത്തൊടൊത്തിഹ വിള-
ങ്ങീടുന്നു വിസ്താരമായ്.

പ്രാന്തത്തിങ്കലുയൎന്നു നിന്നിടുമൊരി-
പ്രാസാദമാറിന്മുഖം
ശാന്തപ്പെട്ടു കിടന്നിടുന്ന സമയ-
ത്തിങ്കൽ കളങ്കം വിനാ
ചന്തത്തിൽ പ്രതിബിംബമാൎന്നു വിലസ-
ച്ചാരുതപമോടാരുത-
ന്നന്തൎഭാഗമതിങ്കലപ്പതിഗൃഹം
പോലത്രകാണപ്പെടാം.

ഉള്ളത്തില്പരമാൎദ്രമുല്ലസിതരാ-
മോദം വളൎത്തിടുമാ-
റുള്ളക്ഷീണവിലാസഭംഗിവിതരും
സ്ഥാനാലയത്തിന്നകം

വെള്ളത്തിന്നടിതൊട്ടു വേണ്ടൊരുവിധം
　　വെട്ടിച്ചുകെട്ടിച്ചതു-
വെള്ളക്കല്ലുടയോട്ടക്കൂടിഢവെടി-
　　പ്പായിക്കിടപ്പുണ്ടലം.

മുററത്തിന്നിഢമുമ്പുമൂന്നരികിലും
　　മുഗ്ദ്ധാലവാലങ്ങളി-
ലൂററന്തീൎന്നൊരു കുങ്കമച്ഛവിരസം
　　ചൊട്ടുന്ന മൺചട്ടികൾ
പററമ്പററമതായിരിപ്പതുകളിൽ
　　സ്ഥാപിച്ചുനൽപ്പൂച്ചെടി-
യ്ക്കൂററത്തുള്ളസുമം വിരിഞ്ഞതഥചൊരി-
　　ഞ്ഞീടും മണംസൎവ്വദാ.

മല്ലീജാതികളായനന്തനയന-
　　ഘ്രാണേന്ദ്രിയാനന്ദദം
വല്ലീജാലമിഴഞ്ഞു കേറിയഴകിൽ
　　സംക്രാന്തമാംഭ്രാന്തകൾ
നല്ലീട്ടുള്ളകസാലമേശകളൊടും
　　തല്പങ്ങളോടുംനിറ-
ഞ്ഞുല്ലീഢാഭമനാരതംപരിലസി-
　　ച്ചീടുന്നുകേടെന്നിയേ.

കാളും കമ്പിളിതാഴെയിട്ടൊരുമുറി-
　　ക്കുള്ളിത്സുധാരശ്മിയേ-
ക്കാളും കാന്തിയെഴുന്നതായച്ചുവരിൽ
　　പ്രാചീനകാലത്തിലേ

വാളും,കുന്തവു,മസ്ത്രവും,പരിശയും
മററും നിരത്തിപ്പിടി-
ച്ചാളും ശ്രദ്ധയിൽ വച്ചിരിപ്പതധുനാ
നേത്രപ്രഹർഷപ്രദം.

ബണ്ഡിക്കാ,തിഭദന്തബന്ധുരകൃതം
തട്ടിൽ പ്രതിഷ്ഠിച്ചതാം
ബണ്ഡിശ്രീകവികാളിദാസരചിതം
നാനാപ്രബന്ധങ്ങളും
പാണ്ഡിത്യം പരമേകിടും പല മഹാ-
പാശ്ചാത്യകാവ്യങ്ങളും
ഖണ്ഡിച്ചോതിടുമീഗൃഹാധിപതിതൻ
പ്രജ്ഞാപ്രഭാവത്തിനേ.

'ബെഞ്ചും' ചാരുകസാലകൾക്കമിടയി-
ല്പട്ടിട്ടുമൂടിസ്ഥണം
തഞ്ചുംമേശകളുണ്ടു രണ്ടവകളി-
ന്മേലത്രപത്രങ്ങളും
"പഞ്ചും" മററുവിനോദമാസികകളും
ചേറിക്കിടക്കുന്നകൊ
ണ്ടഞ്ചുന്നിമ്മണിമന്ദിരേശധിഷണാ
ഗൃതാംഗ്രഹിക്കപ്പെടാം.

തങ്കപ്പട്ടു ഞൊറിഞ്ഞണിഞ്ഞുതലമേ-
ലാടുന്നകേടററന-
ല്പങ്കക്കാററതിനാല്പരിഭ്രമണമാ-
ന്നോടുന്ന പത്രങ്ങളേ

തങ്കല്പുററിയിരുത്തുവാനതിഘനം
ചേരുന്ന ചാരുപ്രഭാ-
പൊങ്കല്പാവകളത്രമേശമുകളിൽ
കാണാംകണക്കെന്നിയേ.

നീരാളുന്നനിസർഗ്ഗശോഭനിറയു-
ന്നാറും, സമീപത്തിലായ്
സ്വാരാട്ടിന്മണിമന്ദിരംപടിവിരാ-
ജിഷ്ണുന്നൊരാ സൌധവും
നേരായിട്ടിഹ കാണുകിൽ, പ്രകൃതിദേ-
വസ്ത്രീ, കലാദേവിയോ-
ടാരാലൊത്തുകരംപിടിച്ചുകളിയാ-
ടുന്നെന്നുതോന്നും ഭൃശം.

പാരാതിസ്ഥല*'മാപഗാവദന'മാം
ചൊൽക്കൊണ്ടദിക്കാണിതി-
ന്നാരാലുള്ളൊരുമേടതന്നുടയവൻ
മേനോൻമനോജ്ഞാശയ്യധീ.
പേരാ'ണീശ്വര'നെന്നനശ്വരയശ-
സ്സമ്പൽപ്രതാപം കല-
ന്നീ രാജ്യത്തൊരു ജഡ്ജിവേലയിലിരു-
ന്നിദ്ദേഹമാദ്യം ചിരം.

അമ്പത്തഞ്ചു വയസ്സിനോളവുമിരു-
ന്നുദ്യോഗമോട,ദ്ദൃതാ-
നിമ്പത്തോടു വയോധികക്കൊരു നട-
ത്തുണാമടുത്തുണമായ്

---

* ആറാവാ

സമ്പത്തിൽ പ്രതിപത്തിവിട്ടു സതതം
സൽഗ്രന്ഥവാണീമയീ-
സമ്പത്തിങ്കലൊരാളിമുഖ്യതയൊട്ടാ
മേവുന്നതീ മേനവൻ.

അശ്രാന്തം പതിനെട്ടുകൊല്ലവുമഹോ-
രാത്രം പ്രയത്നിച്ചു ഭീ-
മിശ്രാന്തർബ്ബലഹാരിയാം പണിവെടി-
ഞ്ഞിക്കാലമീമേനവൻ
സുശ്രാവ്യത്വമിയന്നകീരമധുരാ-
ലാപംശ്രവിച്ചീവിധം
വിശ്രാന്തിക്കു കൊതിച്ചുവന്നു വിജനേ-
പാക്കുന്നു വാഴ്കും രസാൽ.

അർദ്ധായുസ്സുകഴിഞ്ഞുവെങ്കിലുമരോ-
ഗാംഗപ്രഭാസൌഷ്ഠവം
സ്പർദ്ധാഭാവമുദീർണ്ണരാഗഭരിത-
പ്രൌഢപ്രസന്നാശയം
ശ്രദ്ധാഗൌരവമീശ്വരങ്കലതിവി-
ശ്വാസം പുരാണസ്ഫുരൽ
സിദ്ധാന്തത്തിലുമിത്തരം പലഗുണം
തങ്ങുന്നിവങ്കൽപ്പരം.

എന്നല്ലാശ്രിതരിൽ സദാപി കരുണാ-
കല്പദ്രുമത്വംവല-
ഞ്ഞന്നന്നങ്ങിനെവന്നിരിക്കുമവരിൽ
സൽകൃത്യ സത്യവ്രതം

നന്നല്ലെന്നറിയുന്ന മാൎഗ്ഗമതിലേ
പോകാനനാസക്തി, പി-
ന്നൊന്നല്ലേവമനേകമുണ്ടു ഗുണമീ-
ശ്രീമാനസാമാന്യമായ്.

കൂട്ടം കൌതുകമോടനേകകവിതാ-
പാരായണത്തിൽകഴി-
ച്ചീടും മേനവനങ്ങഹസ്സിലധികം
ഭാഗംമുദാ, വൈകവേ
പാട്ടും പുത്രിസമീപമുള്ളവസര-
ത്തിങ്കൽ, പ്രഭാതത്തിലാ-
റാട്ടുംകാലമിവണ്ണമമ്പൊടുകള-
ഞ്ഞീടും കലാവാരിധി.

ഉദ്യോഗത്തൊടുദാരചാരുകരുണാ-
ശീലത്വമാൎന്നിപ്പുമാ-
നുദ്യോഗത്തിലിരുന്നിടുന്നസമയേ
വന്നത്ര സന്നിജ്വരം
സദ്യോഷാമണിയായതൽപ്രിയതമാ-
ഗാത്രത്തിലെത്തിദ്രുതം
ഖദ്യോതാത്മജമന്ദിരത്തിലവളെ
ക്കൊണ്ടങ്ങു മണ്ടീ തദാ.

കൊല്ലം പത്തരയായി കോമളലതാ-
ചാൎവ്വാംഗിഗീൎവ്വാണിമാ-
ക്കില്ലത്തിൽസുഖമൊടുചെന്നുമരുവു-
ന്നേവം മനോമോഹിനി

അല്ലൽപ്പെട്ടൊരുമേനവന്നൊരുസമാ-
ധാനം പരം നന്ദിനീ-
ഫുല്ലശ്രീവദനാരവിന്ദമധുവാം
മന്ദസ്മിതംമാത്രമായ്.

പുള്ളിപ്പേടമൃഗാക്ഷിയാളുടെവിയോ-
ഗത്താൽസദാനേരവും
തള്ളിക്കേറിവരുന്നതാപദഹന-
പ്രാബല്യശല്യം ചിരം
കൊള്ളിക്കുന്നകനോവുതാനൊരുവിധം
കാണിച്ചിടാതങ്ങുത-
ന്നുള്ളിൽ സാന്ദ്രമടക്കിവെച്ചുമരുവീ-
ടുന്നുമഹാത്മാവഹോ.

തങ്കണ്ണീരുമൊഴുക്കിമേനവനെഴും
മാറത്തു ചാരിഭ്രമാ-
തങ്കംപൂണ്ടളിവേണി മാധവി മരി-
ക്കുന്നേരമൊന്നോതിനാൾ.
"തങ്കത്തിന്നു സമാനമഞ്ചര വയ-
സ്സായോരു മൽപുത്രിയാം
തങ്കമ്മയ്ക്കു ഭവാനുമീശ്വരനുമാ-
ണാലോകയാലംബനം."

പ്രാണപ്രേയസി പാകശാസനപുരം
പ്രാപിച്ചിവണ്ണം പരി-
ത്രാണത്തിന്നിഹകണ്വപുത്രിയെ സുര-
സ്ത്രീയെന്നപോലേ പുരാ

ഏണപ്പെൺമിഴിയായ തൻെറമകളാം
സന്താനസദ്വല്ലിയെ-
ക്കേണന്നീശ്വരപാണിയിൽ സതി സമ-
ർപ്പിച്ചിട്ടു സന്മാർഗ്ഗിണി.

ധാതാവിത്ഥം ധരിത്രീതലമതിലദയം
കൊച്ചുതങ്കമ്മയെത്തൻ-
മാതാവിൻ മാർദ്ദവാലിംഗനമധുരസുഖോ-
ല്ലാസമില്ലാതെയാക്കി
വീതാലംബംവിധിച്ചെങ്കിലുമഥ വിബുധാ-
ഗ്രേസരൻ *മേനവൻ തൻ
സ്സീതാത്മപ്രേമഭാരാങ്കുര വിളനിലമായ്
പുത്രിപാത്രീഭവിച്ചു.

പള്ളിക്കൂടത്തിലൊന്നിച്ചുഴകിനൊടു പഠി
ക്കുന്ന നാളേ തുടങ്ങി-
പ്പുള്ളിപ്പൊന്മാൻചലാക്ഷീമണികളണിയുമാ-
മാധവിക്കുട്ടിയമ്മ
കൊള്ളിക്കുണായ കാലംവരെയവളിലിരു-
ന്നാത്മരാഗപ്രവാഹം
തുള്ളിത്തങ്കമ്മതന്നിൽത്തടവിയതു പരം
പുത്രികാസ്നേഹമായി.

മാറാതേ മാധവിപ്പെണ്മണിയുടെ മരണാ-
നന്തരം ഹന്ത! വന്മാ-
ലാറാതേ തദ്വിലാസാലസതനുരമണീ-
യതചമോക്കുമ്പോളെല്ലാം

മാറാടിയ്ക്കജാതമാകും നയനജലനദീ-
    ധാരയിൽ സൈപരമായി
ട്ടാറാടിയ്ക്കാറുമുണ്ടീമകളെയനുദിനം
    മേനവൻ മാനശാലി.

അമ്മട്ടിൽ പ്രാണനാഥാവിരഹവിധുരതാ-
    വാരിധിത്തള്ളലിങ്കൽ
സമ്മഗ്നപ്രായമായുള്ള കമലരെഴുമീ-
    മേനവൻ മൌനമേന്തി
അമ്മയ്യൊത്താകൃതിശ്രീ വിളയുമൊരിവളെ-
    ച്ചെന്നെടുത്തേറെലാളി-
ച്ചമ്മയ്ക്കാധാരമാക്കും പ്രതിദിനമിടയിൽ
    പ്പുത്രിതന്നുത്തമാംഗം.

തന്മാറത്തേയ്ക്കുതാങ്ങിത്തളിരൊളിമൃദുവാ-
    മംഗമാകെത്തളന്നാ-
പ്പൊന്മാൻ കണ്ണാളിടത്തൊണ്ടയുമിടറി വിഷാ-
    ദിച്ചു വീഴ്പ്പോട്ടക്രൂടി
ജന്മാന്തത്തിൽ പ്രവേശിച്ചുളവിലവളപേ-
    ക്ഷിച്ചുര ച്ചുള്ള കാര്യം
താന്മാനിച്ചു കൈക്കൊണ്ടഥ ശിരസിവഹി-
    ച്ചാനവിച്ഛിന്നബുദ്ധി.

പിന്നീട്ടും ജഡ്ജിയായിച്ചിരമഴകൊടിരു-
    ന്നെങ്കിലും ഹന്ത! തന്നിൽ
പ്പിന്നീടും ചിന്തയെല്ലാമൊരുവഴിയതിലെ
    മേനവൻകൊണ്ടുപോയി

ചിന്നീട്ടം തൽപ്രിയാസങ്കടമരണവച-
സ്സത്ര സാധിക്കവാനാ-
യുന്നീട്ടം മേനവന്നാസ്സതയിലൊരുവളിൽ
ശ്രദ്ധ സംബദ്ധയായീ.

പത്തഞ്ഞൂറല്ലസംഖ്യം പവനു വിലപിടി-
ച്ചുന്നതാ" യാറുവായിൽ"
പ്പുത്തൻബംഗ്ലാവു തീർപ്പിച്ചതിലുടനധിവാ
സംതുടങ്ങുന്നമുമ്പേ
ചിത്തത്തിൽ കണ്ടകാര്യം നയനിധിനിയതം
തേടുവാൻ വീടുവാങ്ങി
പ്പുത്തൻ ചന്തയ്ക്കടുക്കൽ സുഖമൊടുനിവസി-
ച്ചാനനന്താലയത്തിൽ.

കച്ചേരിയ്ക്കേറെനിഷ്കർഷയൊടനുദിവസം
പോയി മാസാനുമാസം
കൈച്ചേരും ശമ്പളം കൊണ്ടനുപമസുഖസാ
മഗ്രിയോരോന്നുവാങ്ങി
തച്ചേതസ്സന്നിണങ്ങുംപടിയഥമകളെ
പ്രീതിയോടേവിനോദി-
പ്പിച്ചേതാണ്ടേഴുകൊല്ലം പരിചിനൊടവിടെ-
പ്പാർത്തിതാക്കീർത്തിശാലി.

അക്കാലംകൊണ്ടിളംചെന്തളിരൊളിവടിവാ-
ന്റുള്ളതങ്കമ്മയെത്താൻ
മുക്കാലും ചാരുനാനാവിധവിമലകലാ-
വർണ്ണസമ്പൂർണ്ണയാക്കീ

ധിക്കാരം, നിന്ദ, ഡംഭം, കുസൃതിയിവകളോ-
　　ടൊത്തിടാതേ വളൎന്നാ-
ളക്കാമപ്രൌഢലീലാനവനടനലസ-
　　ദ്രംഗമാം മംഗലാംഗി.

തള്ളിക്കൂടാതിരിക്കേണ്ടൊരു പരമഗുണം
　　കൂട്ടമാംഗ്ലേയ ഭാഷാ-
പള്ളിക്കൂടത്തിലീയാറരവരിഷമലം
　　ശ്രദ്ധയോടൊത്തു നിത്യം
വള്ളിക്കാതങ്കമേകും വരതനുമണിമാ-
　　രമ്പിടുന്നോരുതങ്ക-
പ്പുള്ളിക്കുട്ടിക്കരംഗായതമിഴിപതിവാ-
　　യിട്ടു വായിച്ചിരുന്നു.

ചൊല്ലാമെന്നല്ല ശുഷ്കാന്തിയൊടമിതമതി
　　പ്രാഭവം പൂണ്ടപൂന്തേൻ
ചൊല്ലാളാകുന്ന കന്യാകുലകനകമണി
　　ശ്രീയിതശ്രാന്തമോദം
ചൊല്ലാൎന്നാചാൎയ്യ വിദ്വൽ പ്രവരനുടെസഹാ-
　　യത്തിനാലേപ്രബന്ധം
ചൊല്ലാനായിപ്പഠിച്ചാളതിമൃദുരമണീ-
　　യാംഗസന്താനവല്ലീ.

പാടീടാൻ പ്രൌഢിപാരാപെരുകിയ പലരും
　　കാണുമെന്നാലുമിന്നി-
പ്പാടീരാമോദവല്ലീതനുവിനു സമമാ-
　　യാരുമില്ലെന്നിവണ്ണം

പാടീടുന്നു പരക്കെപ്പരഭൃതമൊഴിതൻ
പാട്ടുകേട്ടിട്ടകക്കാ-
മ്പാടീടാൻ പുണ്യമുള്ളാളുകളിഹ നിതരാ-
മൈകകണ്ഠ്യേന തന്നേ.

രാഗത്തിൽപ്പാടിടുമ്പോളളിനവമധുമാ-
സോല്ലസല്പല്ലവശ്രീ-
രാഗത്വം പൂണ്ട ഹസ്താംഗുലികളണിനഖാ-
ഭേന്ദുകാന്തങ്ങളായി,
വേഗത്തിൽ സഞ്ചരിപ്പിച്ചിടുമധികമുദാ
വീണയിൽത്തൈസ്വരമായി
പ്രാഗത്ഭ്യത്തോടു താളത്തിനു പുരികമിള-
ക്കീടുമിക്കീരവാണി.

നേത്രംമട്ടുന്ന നാനാനിറമിടകലരും
നേത്തിരിയ്ക്കുന്ന ശീമ-
സ്സൂത്രത്തിത്സൂചികത്തിപ്പണിസുരുചിരമാ-
കുന്നവണ്ണം സുമാംഗി
ചിത്രത്തിൽച്ചെയ്യുവാനും ചിതമൊടിവിടെവെ-
ച്ചഭ്യസിച്ചഭ്യസൂയാ-
പാത്രത്വംഹന്ത! കൈക്കൊണ്ടിതു സപദി സമ-
പ്രായരാമാസമാജേ.

സ്വായത്തം പാടവത്താൽസരസിജരസിക-
ക്കണ്ണിയാം പെണ്ണിനെണ്ണ-
ച്ഛായത്തിൽ ചിത്രമോരോന്നഴകൊടെഴുതുമാ-
റായി തീരായിടാനീം

നായർസ്ത്രീസഞ്ചയത്തിങ്കലുമഥ മലയാ-
ളത്തിലെങ്ങും തദീയ-
പ്രായത്തിൽപ്പാത്തുകണ്ടാചിതരതരുണിമാ-
രില്ല തത്തുല്യമായി.

ധർമ്മാധർമ്മം തിരിച്ചത്രയുമറിയുമൊര-
ത്താതനും താനമായി
ശർമ്മാനന്ദം കലൎന്നങ്ങിനെയുമരുകയാ-
ലെങ്ങുമേ കന്നിപോലും
ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ചടിയടി വഷളാ-
കാതെ സന്മാർഗ്ഗചിന്താ-
കർമ്മാനുഷ്ഠാനനിഷ്ഠാനിരതമതിവള-
ൎന്നീടിനാളീവരാംഗി.

കൂടാതാധംബരപ്രൌഢികളൊരുവകയും,
കന്ദബാണത്തിളപ്പാ-
ലാടാതാസ്സാവധാനപ്രകൃതി മധുരസം-
ഭാഷണത്തോടുകൂടി
വാടാതുള്ളൊരു വാഗീശപരിയുടെ സുഷമാ-
വൈഭവം പൂണ്ട പൊന്മാൻ
പേടക്കണ്ണാർമണിത്തയ്യവളവിടെവള-
ൎന്നാൾ വളം കാമനേകി.

ആമോദത്തോടിവണ്ണം വളരുമളവിവ-
പ്പന്തിരണ്ടാം വയസ്സി-
ല്ലാമോല്ക്കർഷപ്രതിഷ്ഠാസ്പദപരമധുരാ-
കാരപീയൂഷവല്ലി

ആമോദംപൂണ്ടു പുഷ്പിച്ചുണ്ണികുചമുകുള-
ദ്വന്ദ്വമോടും വിശേഷാ-
ലാമോടിയ്ക്കൊത്ത ദന്താംബരതളിരിനൊടും
കൂടിയോറാം വിളങ്ങി.

വമ്പാളും വഞ്ചിധാത്രീവരവലരിപുവിൻ
മന്ദഹാസേന്ദുലീലാ-
സമ്പാതത്തോടു സക്കാർപണിയുമുടനപേ-
ക്ഷിച്ചുപേക്ഷിച്ചുവണ്ണം
സമ്പാദിച്ചോരു സംശോഭനധവളയശ-
സ്ഥാനമാനാത്ഥമെല്ലാ-
മമ്പാ! കൈക്കൊണ്ടുപോന്നിട്ടിശി
മരുവുകയായ് മേനവൻ മാനശാലി.

കോടക്കാർവേണിമാലാവിമലമണി, പിതാ-
വൊത്തുചേർന്നാറുവായ്ത്ത-
ന്മേടസ്കൂളിൽ സുഖത്തോടമരുകപതിവാ-
യെങ്കിലും ശങ്കിയാതേ
കൂടക്കൂടങ്ങുനാഗേശപുരനഗരിയിലും
പോയിരുന്നേറെ മോദ-
ത്തോടക്കൌമാരകാലസ്മരണ വിഷയസം-
ഗീതമംഗീകരിക്കും.

മാ, സന്താപമിയന്നുമാറുമഴകാ-
ന്നീടുന്നിവൾക്കിത്തുലാ-
മാസത്തില്പതിനാറുചെന്നിതു വയ-
സ്സപ്പോൾ വപുസ്സിൽസ്സദാ

ലാസഞ്ചെയ്യുമനന്തകാന്തിപറവാ-
നില്ലോക്കിലാപ്പങ്കജാ-
വാസനും പരമിന്നുപാടവ,മന-
ന്തനും മനംതത്തുമേ.

കൈരണ്ടിന്നിടയിൽപ്പുറം മറയുമാ-
റാജാനുകേശാംബുദ-
ശ്രീരഞ്ജിച്ചുകിടക്കുമിത്തരുണിയെ
പിന്നിൽ പ്രതീക്ഷിക്കവേ
സ്വൈരഞ്ചാരുസുരാപഗായുഗമതിൻ-
മദ്ധ്യത്തിലക്കാത്മജാ
നീരഞ്ചാതൊഴുകുന്നമട്ടഖിലരും
ചിത്തത്തിലോർത്തീടുമേ.

കണ്ണാതിർത്തികടന്നിറങ്ങിയഴകാ-
ർന്നീടും കപോലസ്ഥല
സ്വർണ്ണാദർശതലത്തിലെത്തി വിലസും
ചേലാർന്നനീലാളകം
വർണ്ണാതിക്രമണത്തിനായിഹ വധൂ-
വക്ത്രാഭിരാമസ്ഫുരൽ-
പൂർണ്ണാബ്ജത്തൊടടുത്തു വന്നണയുമാ-
വണ്ടെന്നു വർണ്ണിച്ചിടാം.

മങ്കപ്പൊന്മണി തന്മനോജ്ഞതരമാ-
യീടുന്ന നെററിത്തട-
ത്തിങ്കത്തൈസ്വരമണഞ്ഞിടും കുറുനിര-
ശ്രീചിന്നിമിന്നും മുഖം

തങ്കല്പണ്ടപരന്ന പാറിയ കറു-
   പ്പെല്ലാമൊരററത്തിലാ-
യങ്കപ്പെട്ട ശശാങ്കബിംബമതുപോ-
   ലെന്നും വിളങ്ങുന്നതേ.

പീലിക്കൊത്തളകംപിണഞ്ഞു പിറകി-
   ല്പിന്നിപ്പിടിച്ചാമന-
ത്താലിക്കെട്ടണിയുന്നനർഗ്ഗളഗളൽ-
   കാന്തിപ്രവാഹംഗളം
ചേലിൽചേത്തൊരു നീലരത്നനിരയാൽ
   ശോഭിച്ചതാം ശംഖിനേ-
പ്പോലിപ്പെൺമണിതൻെറ യൌവ്വന
   നിലയ്ക്കേററം പ്രസാദിച്ചുതേ.

ശോണാശ്മാവലിശോഭയാലബലയാം
   തങ്കമ്മ തങ്കമ്മല-
ക്ഷീണാമോദമാം മുഖത്തിലധികം
   തട്ടിത്തിളങ്ങിസ്സദാ
ഏണാങ്കന്നിരുഭാഗമായ് വിലസുമാ-
   റൊന്നിച്ചുദിച്ചീടുമാ-
ച്ചേണാന്നാതിരതാരകാദ്വയവിശി-
   ഷ്ടതപം വഹിക്കുന്നതേ.

ആരോമൽപ്പൂരികക്കൊടിയ്ക്കടിയിലാ-
   യിന്ദീവരത്തിന്നമാം
വേരോടേ പിഴുതീടുമക്ഷിയിലല-
   ഞ്ഞാടിക്കളിയ്ക്കുംമിഴി

മാരോദാരശരാസനഭ്രമരികാ
സൂത്രത്തിൽനിന്നെത്തിട്ടു-
ന്നോരോ ദാരുണബാണമെന്നുതരുണ-
ക്കൊക്കെ പ്രതക്കം പരം.

ആകർണ്ണം വരുമക്ഷിയാലിവളയ-
സ്ക്കാന്തംകണക്കിമ്പമാ-
യാകർഷിച്ചിട്ടുമാത്മദർശികൾമന-
ക്കാമ്പും പകയ്ക്കുംപടി
ലോകത്തിങ്കലതല്ല ദുർല്ലഭതരം
തന്നേത്രമന്ദത്രപാ-
ലോകത്തിങ്കലലിച്ചിടാത്തയുവഹൃ-
ല്ലാന്തേന്ദുകാന്തോപലം.

മന്ദാരദ്രുമ പല്ലവാധരമതി-
ത്സങ്കോചഭാവപ്രഭാ-
മന്ദാക്ഷപ്രതിബിംബിതാമലസുധാ
മന്ദസ്മിതാർദ്രച്ഛവി
നിന്ദാസൂചകലേശമററു കളിയാ-
ടീടുന്നതന്യാംഗനാ-
വൃന്ദാസൂയവളർത്തിടുന്നവളരെ
ത്തങ്കമ്മതന്നേപ്രതി.

മദനമദനവാളിമാനഭാര-
പ്രദമവൾതൻ കുചകാഞ്ചനാദ്രിശൃംഗം
അദയമമലമാലിലയ്ക്കൂട്ടുക്ക-
ന്നുദരതലത്തിനുദാര കാർശ്യമേകി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

ഫല നജ്ജാഘനജ്ജഗജ്ജയാക്ഷയശ്രീ
മനസിജചാരുരഥംമനോഭിരാമം
ജനനയനമുടൻ വശീകരിക്കു-
ന്നനവരതം വരതംകസൂത്രമേന്തി.

കരകുറികസവും ക്ലന്നിടുന്നീ-
വരരമണീരമണീയബദ്ധനീവി
പരമരിയപതാകപോലെയ്യുരു-
സ്മരകതകദ്ധ്വജസീമ്നി ചേൻമിന്നി.

2

മുക്കാലും മേടമാസംകഴിയുമളവിലീ-
മുഗ്ദ്ധനൈസർഗ്ഗികശ്രീ-
തൃക്കാലഗ്രം കളിക്കുംകളരിയമരമ്പു-
വഞ്ചിട്ടും വഞ്ചിരാജ്യം
ഡക്കാനിൽപ്പെട്ടിരിക്കുന്നിതരവസുമതീ-
രമ്യഭാഗങ്ങളേക്കാ-
ളക്കാന്തിക്കോപ്പുതേടിസ്സഹൃദയഹൃദയാ
ഹ്ലാദമുണ്ടാക്കിടുന്നു.

മുക്കാനായിട്ടൊരുങ്ങും മുകിലണിനിരയാം
മുണ്ടുമേക്കെട്ടിചാർത്തി
സ്രക്കായിച്ചാരുമിന്നൽക്കൊടിമിളിതരസം
മിന്നിമിന്നിത്തിളങ്ങി,

വക്കാണിക്കാതടിക്കും കളിരിളകുമിളം-
    തെന്നലൊടൊത്തു ചന്നി-
ട്ടിക്കാക്കും ചാറിടും നന്മഴമണിപനിനീർ-
    ത്തുള്ളിയാലുള്ളിളക്കം.

തന്നിഷ്ടംപോലടിക്കുംപവനനിലിളകു-
    ന്നഭ്രജാലങ്ങളെല്ലാം
ഭിന്നിച്ചോടുന്നനേരത്തനുപമരുചിയാ-
    ടംബരത്തിങ്കലെത്തി
ചിന്നിപ്പാക്കുന്നഗോളാവലികളുടെകര-
    സ്പർശമേല്ക്കുന്നമൂലം
മിന്നിക്കാണപ്പെടാമീയവനിയുടെപുരോ
    ഭാഗമാപാദചൂഡം.

വെള്ളക്കാറുന്തിനീക്കിട്ടിവസപതിയുദി-
    ച്ചീടുവാനഞ്ചുമിന്നി-
ട്ടുള്ളന്നീമേടമാസാവധിയിച്ചൊരുയുവാ
    വേകനായശമേറി
*കള്ളക്കൊച്ചുണ്ണിവീരന്മരുവിയൊരിടമാ-
    കുന്ന "കായംകുളം" വി-
ട്ടുള്ളത്തിൽസാന്ദ്രമോദത്തൊടുസപദിവട-
    ക്കോട്ടുസക്കീട്ടുപോയി.

തങ്കപ്പൂമേനിചേരും കുതിരതലതള-
    ന്നിട്ടിടാതൊട്ടുയത്തി
അങ്കൽതാനേ കരേറിത്തരമൊടുവിലസീ-
    ടുന്ന താരുണ്യവാൻറാ

---

*കായംകുളത്തുകാരനായ പ്രസിദ്ധപ്പെട്ട ഒരു കള്ളൻ.

സങ്കൽപ്പത്തെഗ്രഹിച്ചിട്ടതിസരസ"വിളം-
ബക്ഷണപ്രായയാന"
ത്തിങ്കല്പോകുന്നു,നേതൃപ്രിയഭരണവിവേ-
കത്തിൽവിശ്വാസമേന്തി.

നേതാവിൻനേരെയുള്ളിക്കുതിരയുടെ നെടും-
സ്നേഹവും ദേഹവാമ-
ശ്രീതാവുംയാനരീതിക്രമരസികതയും
നോക്കിയാൽ തക്കമെന്ന്യേ
ഓതാമാഡംബരാൎത്ഥംപുരുഷമണിവഹി-
യ്ക്കുന്നുചമ്മട്ടിയെന്നാ-
യാതാമ്രശ്രീകളിയ്ക്കും കുതിരയുടെമണി-
ക്കോപ്പതിന്നൊപ്പമായി.

ആരാലേറെക്കറച്ചൽഗതിയൊടുനടകൊ-
ള്ളുന്നൊരശ്വം കിഴക്കോ-
ട്ടാരാജക്ഷേമമാർഗ്ഗസ്ഥലിയിലഥ തിരി-
ഞ്ഞിട്ടു തീവണ്ടിപോലെ
പാരാതേ പാഞ്ഞുപോയിപ്പരിചിലൊരിരുപ-
ത്തഞ്ചുമിന്നിട്ടിനുള്ളിൽ
പ്പേരാളും*വഞ്ചിരാജ്ഞീജനനപരമസ-
ന്മന്ദിരസ്ഥാനമെത്തി.

ഓടിപ്പോകുന്നൊരോമൽക്കുതിരയുടെ ഗതി-
യ്ക്കുന്നു മന്ദതാമല്പം
തേടിപ്പിച്ചിട്ടു തെറ്റെന്നഥ തെരുവിലോരേ-
ടത്തു തെറ്റാതെ നിർത്തി

*മാവേലിക്കര

മൂടി"പ്ലോക്കററി"നല്ലിൽ ക്കരുതിയകുഴലൊ-
ന്നഞ്ജസാ കയ്യിലാക്കി
ലാടിക്കാസ്യത്തിലൊപ്പിച്ചുവന്നതിനെ വിളി-
ച്ചിട്ടു വിശ്രാന്തനായി.

വെള്ളക്കുപ്പായമിട്ടിട്ടരയിലൊരുവെടി-
ക്കോപ്പുകെട്ടും വെടിപ്പാ
യുള്ളത്തോക്കോട്ടു തോത്സഞ്ചിയുമുറയിലിരി-
യ്ക്കുന്നൊരാവാളുമായി,
വെള്ളക്കാരൻെറ വേഷക്കലവിയൊടുവഴി-
ക്കാദരാൽ നില്ക്കുമീയാ-
ളുള്ളത്തിൽക്കണ്ടകാര്യം വനമൃഗമൃഗയാ-
നമ്മമാം കമ്മമല്ലീ?

ആരാലീവേഷമോടൊത്തമരുമൊരു യുവാ-
വായ വിഖ്യാതനാമാ-
ളാരാണെന്നുള്ള വിജ്ഞാപനമിനിയരുളാം
വായനക്കാക്കുവേണ്ടി
പോരാടിപ്പണ്ടു വഞ്ചീശപരനൊടപജയം
പററിയോടേണ്ടിവന്ന-
ധീരാത്മവായ"കായംകുള"നൃപതിയൊരാൾ
മുന്നമുണ്ടായിരുന്നു.

തദ്ദേഹാപായമോത്തോടിയലഘളയില-
ന്നായമദാരങ്ങളേത്താ-
നദ്ദേശം നാലുമാസം വരുമൊരുമകളാം
പെങ്കിടാവോടുകൂടി,

അദ്ദേശത്തിങ്കലാരും തിരിയുകിലറിയാ–
        തെത്രയും ഗൂഢമായി–
ട്ടദ്ദേഹം താപസരോടൊത്തൊരു കുടിലിലഹോ!
        താമസിപ്പിച്ചുപോയി.

പോരിൽ പോരായ്മപാറി ക്ഷിതിപതിസഭയം
        പോയനേരത്തുതന്നെ–
പ്പാരിൽദുസ്സഹിച്ചിരുന്നാപ്രിയജനവിരഹ–
        ത്തിങ്കലാതങ്കമേന്തി,
പാരിൽദ്ദാരിദ്ര്യദുഃഖം വരുവതിനിടയാ
        ക്കാതവർക്കായി വാരി–
ബ്ഭൂരിദ്രവ്യംകൊടുത്തു പുരുതരവിലയാ–
        ളുന്നരത്നങ്ങളായി.

ഈഷൽക്കാരുണ്യമില്ലാത്തൊരു ദളവയൊടും
        വാണവഞ്ചീമണാള–
ദ്വേഷത്തിൽപ്പേടിമൂലം വിധുരവിവശനാ–
        യാശുകായംകുളേശൻ
വേഷപ്രച്ഛന്നരാക്കി പ്രിയരമണിയെയും
        പുത്രിയേയും പിരിഞ്ഞു;
ശേഷം തല്ക്കാര്യമെന്തോ? കഥകളിവ ചരി–
        ത്രത്തിലും കാണ്മതില്ല.

താനാരാണെന്നതത്വം തനയെയുമറിയി–
        ക്കാതെ തദ്രാജ്ഞി, രാജ്ഞ–
സ്ഥാനാലങ്കാരമെല്ലാമഴലിനൊടുകള–
        ഞ്ഞിട്ടു കാമം ചുരുക്കി,

ഈനാട്ടില്പ്പാംത്താടുക്കം സുതയൊരുയുവതി-
പ്രായമാന്നോരുകാല-
ത്താനാകഭാരദേശം പ്രതിഗതിതടവി-
ത്താപമെല്ലാമകററി.

കാന്തശ്രീകാലചക്രക്രമേണഗതിയിലാ-
നല്പകായംകുളക്ഷ്മാ-
കാന്തക്കുണ്ടായിരുന്നാക്കുലമതില്പുളവാ-
യോരുകല്യാണഗാത്രി
സ്വാന്തക്ഷ്മാപാലവംശോൽ ഭവനിലയറിയാ-
താത്മരക്ഷാത്ഥമായി-
ട്ടന്തസ്സാരം കലന്നുള്ളൊരുനയനിധിയാം-
നായരേനാഥനാക്കി.

തണ്ടാർമാതോടെതൃക്കും തരുണികണവനോ-
ടാത്മനിമ്മായരാഗം
പൂണ്ടാലംബിച്ചുവാണാളനുപമഗുണവാ-
നായൊരീനായരെത്താൻ
രണ്ടാൾക്കും ചേന്ന്‌ജന്മാന്തരസുകൃതഫലം
മൂത്തിമത്തായപോല-
നുണ്ടായീനിമ്മലശ്രീവടിവിലെഴുമൊര-
പ്പുത്രിയാം പുഷ്പവല്ലി.

കണ്ണിന്നാനന്ദമേകിജ്ജനകജനനിമാർ-
ക്കൊക്കെയിപ്പെണ്കിടാവ-
ന്നൊണ്ണിത്താരുണ്യകാലം തടവിവടവില്പും
ശ്രീവിലാസം വിളങ്ങി,

വർണ്ണിച്ചിട്ടില്ലകാര്യം, വലിയൊരുതറവാ-
ടായ "വാഴപ്പറമ്പാ"-
ന്റുണ്ണിത്താനേവരിച്ചു നിജവരവരനാ-
യിട്ടുവാമാംഗവല്ലി.

പാരമ്പര്യാവകാശക്രമമതനുസരി-
ച്ചുമ്മസമ്മാനമായി-
പ്പാരമ്പര്യാപ്തമാകും പലവകനവര-
ത്നങ്ങളാം പണ്ടമെല്ലാം
സ്ത്രീരത്നോത്തംസമാകുംനിജതനയതനി-
യ്ക്കേകിയിക്ഷ്മാനിവാസ-
പ്രാരബ്ധംവിട്ടു കൈക്കൊണ്ടിതു "സുകൃതിസമാ-
സാദ്യമാംസൌമനസ്യം."

സാമാന്യം സൌകുമാര്യത്തൊടുമൊരു"സുകുമാ-
രാ"ഭിധാനം കലന്നി-
ട്ടാമാർഗ്ഗത്തിങ്കലശേഷാപരിവിസിലുവിളി-
ച്ചിട്ടു വിശ്രാന്തനായി
നാമാദ്യം കണ്ടനമ്മയ്ക്കൊരുവിളനിലമാം
പൂർണ്ണതാരുണ്യവാനീ-
ത്തുമാങ്കുണ്ണാളിലുണ്ടായൊരുഘനപുരുഷാ-
ഗ്രേസരൻ ഭാസുരാംഗൻ.

സമ്പത്താലും, സമാകർഷിതകുലവനിതാ-
ഷൽപദാപാംഗലക്ഷ്മീ
സമ്പത്താലും,സമാലംകൃതസകലകലാ-
വല്ലഭത്വത്തിനാലും,

തമ്പത്താലംബമായിക്കരുത്തുമവരിലു-
ള്ളാത്മകാരുണ്യനാഡീ-
കമ്പത്താലും ബലാലിസ്സമതിജനതതി-
ക്കൊക്കെയും കണ്ണിലുണ്ണി.

പഴയകഥ തുടങ്ങാമിന്നിയും,മുഗ്ദ്ധമായി
ക്കുഴലുവിളിമുഴക്കിപ്പാർക്കമാസൂക്ഷ്മബുദ്ധി
മഴയൊരുപടി വീണിട്ടുള്ളൊരാവെള്ളമേറി-
പ്പുഴയിളകിവരുമ്പോലൊച്ചകേട്ടുച്ചമായി.

കതിരവരുചിതട്ടും ചട്ടയിട്ടെട്ടുപേർ,നൽ-
കുതിരമുകളിലേറിക്കുന്തവും വാളുമായി
ക്ഷിതിഖുരപതനത്താൽ പൊട്ടുമാറിട്ടിളക്കി,
ധൃതിയൊടു സുകുമാരൻ നില്ക്കുമിട്ടിക്കിലെത്തി.

ഗുരുവിനയമിയന്നിപ്പൂരുഷന്മാരെയെല്ലാ-
മൊരുകുറിപരിശോധിച്ചെത്രയും തൃപ്തനായി,
പുരുമതിസുകുമാരൻ ഫുല്ലപത്മാനനത്തിൽ
സുരുചിരമൃദുഹാസംതേടിയൊന്നിത്ഥമോതി.

"വരുതിയനുസരിച്ചിട്ടിന്നലേതന്നെ വന്നി-
പ്പെരുവഴിയിലിരിക്കും ഭൃത്യരേ! കൃത്യമായി
കരുതിടുക, കടക്കാം കാനനത്തിന്നു വേട്ട-
ക്കുരുതികലിതമോദം ചെയ്തിടാം ചേർന്നുകൂടി."

മതിതെളിവൊടുമേവം ചൊല്ലിയാവാജിയേത്താ-
നതിരുകവിയുമാത്മോത്സാഹമോടൊത്തുകൂടി
ഗതിയിലുടനിളക്കിക്കാററു പായുന്നവണ്ണം
പ്രതിനവരസമോടും പ്രേരണം ചെയ്തുവിട്ടു.

കലിതരസമിയന്നബ്ഭൃത്യരും, ദിവ്യഗംഗാ-
സലിലധരനുപിമ്പേഭൂതവൃന്ദത്തൊടൊപ്പം,

കലികയറിമനസ്സിൽ സത്വരം സത്വരാജീ-
ബലിവിഹരണമാടാൻ സാമ്പ്രതം പിന്തുടൎന്നു.

വഴിവളരെയൊതുങ്ങീവാസഗേഹം ചുരുങ്ങീ
കുഴിപലതുവിലങ്ങി കുത്രചിൽകുന്നുപൊങ്ങി,
അഴിയുമകമൊടശ്വാരൂഢരാമായവൎക്കാ-
മിഴികളിലിടതിങ്ങീമിന്നിട്ടും വന്യഭംഗി.

വെടിലഹളകളോട്ടം വെണ്മണിക്കാട്ടിലെത്തി-
ക്കിടി പുലി കടുവായേ വേട്ടയാടിത്തുടങ്ങീ
ചൊടിയൊടിവരനേകം ധീരകൃത്യം നടത്തി-
ജ്ഝടിതിപലവഴിക്കായ്പാഞ്ഞുകാട്ടിൽകരേറി.

സന്നാഹമോടഖിലരും മൃഗയാവിനോദ-
ത്തിന്നായൊരോവഴി തിരിഞ്ഞു വനത്തിലേറി
മുന്നാഞ്ഞുനിന്ന സുകുമാരകനശ്വമോട്ടം
തന്നായിവന്നു തരസാവിധിവൈഭവത്താൽ.

പിന്മാറിനിന്ന നിജസേവകരേ വിളിക്കാ-
തുന്മാദമോടു മൃഗയോൽസുകചിത്തനായി
തന്മാനി കേറിയ വനത്തിലൊരുത്തമശ്രീ-
പൊന്മാനിനെസ്സുകൃതി സമ്പ്രതി കണ്ടുമുട്ടി.

തങ്കത്തിനൊത്തതനുവും ഭയഭാരജാതാ-
തങ്കത്തിനാൽ പരവശത്വമിയന്നനില്പും
മങ്കയ്ക്കസൂയവളരും മിഴിരണ്ടു,മൃംപ്പൂ-
വിങ്കല്പരം കുതുകമാക്കു കൊടുക്കയില്ലേ?

കുട്ടിക്കുരംഗമിവനേയരികത്തു കണ്ടു-
മുട്ടിക്കഴിഞ്ഞസമയത്തു കുതിച്ചുമങ്ങി-
തട്ടിക്കരത്തിലുടനാക്കണമെന്നു മോഹം
പൊട്ടിക്കുരുത്തു സുകുമാരനമെത്തി പിമ്പേ.

ശാരീരഭംഗിതിരളും മൃഗശാബമായ-
മാരീച,നമ്പിനൊടുരാമനെയെന്നപോലെ
നേരീമനോജ്ഞമൃഗവും ദ്രുതധാവനത്താൽ
ദൂരീകരിച്ചു സുകുമാരനെയാവനത്തിൽ.

തുംഗത്വമാർന്നുരഗത്തൊടൊരാളരണ്യ-
രംഗത്തിലൊട്ടധികമായി ലഘുത്വമേറി
അംഗം ചടച്ചു ഹരിണത്തൊടെതൃക്കിലാശാ-
ഭംഗത്വമാണു ഫലമായന്നയാത്രയിങ്കൽ.

ഏണക്കിടാവിന്റെ പിമ്പിലൊരുഗ്രരാമ-
ബാണം കണക്കു ബത! പാഞ്ഞു വലഞ്ഞു വാജി
ക്ഷീണത്വമാർന്ന സമയത്തൊരു കുററിതട്ടി-
വീണംഗഭംഗമുളവായി വിഷാദപാത്രമന്തി.

ദൂരത്തെറിച്ചു സുകുമാരനനേകവല്ലീ-
പൂരപ്രസൂനകൃതമാർദ്ദവശയ്യയിങ്കൽ
പാരങ്കരത്തൊടു പതിയ്ക്കിലുമത്രമാത്രം
സാരങ്ങളന്നൊരു പരുക്കുകൾ പററിയില്ല.

സാരംഗമോ, സരസവിദ്രുതധാവനത്താ-
ലാരണ്യഭൂരുഹദലാവൃതഭാഗമെത്തി
സ്വൈരം മറഞ്ഞു; സുകുമാരനുരുണ്ടെണീററാ-
നേരത്തവന്നതിലുദിച്ചു ദുരാശപോലെ.

ദീനസ്വരത്തൊടു കിടന്നുഴലുന്നരക്ത-
സ്നാനം കഴിഞ്ഞ തുരഗത്തിനെയൊന്നു നോക്കി
പീനവ്യഥാഭരകൃപാകുലചിത്തനായി-
ത്താനന്നടുത്തുടനിരുന്നതിനെത്തലോടി.

കുററിപ്പുറത്തടിപിഴച്ചു മറിഞ്ഞമൂലം
തെററിപ്പുറത്തിളകിയക്കുടലൊട്ടുകൂടി

ച്ചുററിക്കിടന്നതുരുളുന്നതുകണ്ടു കണ്ണീ-
രിററിച്ചുകൊണ്ടു സുകുമാരനടുത്തിരുന്നു.

സ്നേഹംകലൎന്ന സുകുമാരനെ നോക്കിനോക്കി-
ട്ടേഹം വെടിഞ്ഞു നിജവാജി വനാന്തരത്തിൽ;
ശ്രീഹംസവാഹനവിധിക്കൊരു മാററമില്ല
മോഹം സുഹൃൽസ്നേഹവിഷാദ നിദാനമല്ലോ.

സന്താപമോടു മവനശ്വമൃതാംഗമപ്പോ-
ളെന്താകിലും ബത! മറയ്ക്കുവതിന്നുവേണ്ടി
പിന്താങ്ങിനിന്ന നിജസേവകരേയുദഗ്ര-
ചിന്താകുലൻ കുഴലെടുത്തുവിളിച്ചു വേഗം.

പ്രധ്വാനമന്നുപരമംബരദേശമാകു-
ന്നധ്വാവിനോളവുമുയൎന്നു പരന്നുകേറി
അധ്വാനമന്നവനു മിച്ചവുമായതല്ലാ-
തദ്ധ്വാനമാരൊരുവരും ബത! കേട്ടതില്ല.

രണ്ടാമതും കുഴലെടുത്തുവിളിച്ചുനോക്കി
യുണ്ടായതില്ലഫലമായതുകൊണ്ടുവീണ്ടും
രണ്ടായിരംതവണ നീട്ടിയവൻ വിളിച്ചു-
കൊണ്ടാനതൊക്കെ "വനരോദന"മായി കഷ്ടം!

തല്ക്കാലമക്കുതിരയെച്ചെടിയേറെ വെട്ടി-
ത്തല്ക്കാനനത്തിലുടനിട്ടു മുഴക്കെമൂടി
ഉൾക്കാമ്പലിഞ്ഞു സുകുമാരനുമസ്ഥലത്തു
നില്ക്കാതെവേഗമവിടുന്നു നടന്നുപോയി.

നടക്കവേനയനമനോഹരങ്ങളാ-
മിടങ്ങളിൽ,സുരപതിസൂനുവിണ്ണതിൽ
കടന്നപോ,ലതിശയമോദഭാരമാ-
ൎന്നുടൻമഹാമതിയിഹ കണ്ടുകാഴ്ചകൾ.

വിളഞ്ഞുകായണികളണിഞ്ഞു വിഭ്രമം
വിളങ്ങിയാലെഴുമഴകോടനാരതം
കിളൎന്നിടുംകിസലയസഞ്ചയത്തോടേ
വളൎന്നുതേ "വാഴന" വനാന്തരങ്ങളിൽ.

പുറംചുവന്നഴകിയലും പഴങ്ങളിൽ
പറന്നുവന്നതിരസമാൎന്നുപത്രികൾ
നിറഞ്ഞിരുന്നു പരിവിളങ്ങിടുന്ന നൽ
"പറങ്കിമാവി"വിടെയനേകമുണ്ടഹോ!

കിരീടമായ് കിളികളെയേന്തിയംഗനാ
ശരീരവൽസരസവിലാസ തേജസാ
"കരീല"താം ലത ബത! പത്രമഞ്ജരീ-
മരീചിയോടവിടെ വളൎന്നിടുന്നുതേ.

അകമ്പടിപ്രിയതമയോടു മാരുത-
പ്രകമ്പിതഭ്രമവരശാഖയിൽസുഖം
പികമ്പറന്നഴകൊടിരുപ്പതാൎക്കു ക-
ണ്ടകമ്പരം കുതുകമൊടാടിടാളവി?

പടമൊഴിഞ്ഞതതിതരപച്ചവൎണ്ണമായ്
പടൎന്നിടും പല ചെറുചൂരലാംചെടി
മടങ്ങിയപ്രചിലതസൎപ്പമെന്നപോൽ
കിടന്നിടുന്നിതു വിഷകണ്ടകാഞ്ചിതം.

തടങ്ങളിൽ ചുവടുപിടിച്ചു"ചെത്തി"തൻ
തടങ്ങളിന്നുപരി ചിലന്തിജ്ജാലകം
സ്ഫുടപ്രഭം പ്രകൃതിവധൂടികാമൂല-
പ്പടങ്ങളാക്കിവിടെ വിളങ്ങിടുന്നുതേ.

നിരന്തരം നിബിഡദലാവൃതങ്ങളാം
മരങ്ങളിൽ സുരുചിരഭാസ്കരഛവി

നിരന്തമാധവന്റെ മാറിലാമണി-
സ്ഫുരൽപ്രഭാവലിയണിഞ്ഞെന്നിട്ടും പടി.

കറുത്തകല്ലധിപതിയായി മുന്നിലി-
ട്ടുറുത്തിടും തൃണഗണമായ സേനകൾ
മറുത്തുയന്നഹതിജനപ്രഭവശമ-
ങ്ങറുത്തിടുന്നിതു ബലമായനാരതം.

നിതംബവും നിരുപമഗണ്ഡശൈലവും
പതംഗസന്മധുരതരപ്രലാപവും
ക്ഷതത്രസൽവൃഢലകുചങ്ങളും ധരി-
ച്ചിതസ്ഥലംവിലസിനതാംഗിപോൽസദാ.

കുരംഗവും കുളിരണിമഞ്ജുരശ്മിയും
തരംഗസഞ്ചലനനദീവിലാസവും
സ്ഫുരൽഭുജംഗമഗണമാലയുംധരി-
ച്ചുരങ്ങെഴും സ്മരഹരനൊക്കമിസ്ഥലം.

പയോദയം,ഫണിവരശയ്യ,പത്മജാ
പയോധരപ്രഥിതപയോജകുഗ്മളം
പയോധരസ്ഫുടതരവർണ്ണവാസമി
സ്സയോഗമാന്നജപദമൊക്കമിസ്ഥലം.

അകന്നുപോമളവജപാലമന്ദിരം
പുകഞ്ഞുകണ്ടുടനിവനങ്ങുമുമ്പിലായ്
നികന്നിട്ടും ചെറുവഴികാട്ടഃതാട്ടുമായ്
പകന്നതേ പ്രകൃതിവിലാസവുംതദാ.

വീട്ടു നാല്പമതിലേറെയുംവിളി-
പ്പാട്ടു ദൂരമിഹ കണ്ടു കൌതുകി
തേട്ടമുൽസുകതയോടുക്രൂടിയാ
നാട്ടുചുററി നടകൊണ്ടുവീണ്ടുമേ.

മേനിയാൻവരിയായി മേവിടും
"ചീനി" പച്ചിലനിറഞ്ഞു നീണ്ടഹോ
വാനിലത്ര വളരുന്നതീ മഹാ-
മാനികണ്ടധികതുഷ്ടിപൂണ്ടുതേ.

കുററിനാട്ടിയവയിൽ പടൎന്നമെയ്-
ച്ചുററിടും ചെറിയ "വെററില"ക്കൊടി
കാററിലാടിയഴകോട്ടു കൌതുകം
കേററിയുള്ളിലവനന്നമന്ദമായ്.

കുററിയായി വളരും തൃണങ്ങളിൽ
പററിനിന്ന ഹിമബിന്ദുസഞ്ചയം
വററിവെയ്ലിലധൂമരൂപമായ്
ച്ചുററി മേൽകയറിയത്രവിസ്മയം.

കന്നുകാലികളനേകമിച്ഛപോ-
ലന്നുപുൽക്കൊടികടിച്ചസംശയം
തിന്നുകൊണ്ടിഹ നടന്നതത്ഭുത-
ത്തിന്നുനല്ലവഴിയേകിമാനസേ.

ആടുമേയ്ക്കുമജപാലബാലരാ-
ളാടുമാശയമൊടൊത്തനഗ്ഗളം
പാടുമാമധുരഗാനമൽഭുതം
കൂടുമാറവനടുത്തുകേട്ടുതേ.

ഓരോന്നീവണ്ണമുത്സാഹമൊടവിടവിടെ-
ക്കണ്ടുകണ്ടന്തരംഗം
വേരോടാടിക്കളിച്ചസ്സുകൃതിമലകളും
കാട്ടുമേട്ടാകരേറി

ഹീരോളം നിന്നിടാതെപ്പൊഴുമിളകി നിറ-
ഞ്ഞാഭസാ നിർഝരിക്കു-
ന്നാഃരാമൽസൈകതശ്രീതിരളുമൊരരുവി-
യ്ക്കന്തികത്തിങ്കലെത്തി.

ആറിന്നിട്ടിക്കിലില്ലമ്പതിലധികമടി-
ച്ചാലുവിസ്തീർണ്ണമെന്നാ-
ലേറിത്താങ്ങുന്നൊഴുക്കണ്ടിരുകരകളിലും
ക്കൂലമൊക്കെക്കലുക്കി,
ചീറിപ്പായുന്നവെള്ളം, ചുഴലിമലരിയും
മാറിമാറിക്കളിച്ചു-
ന്നാറിപ്പൊങ്ങുന്നപിന്നെക്കുമളപതയു-
മുണ്ടാഴമാണ്ടാഴിപോലെ.

പൊങ്ങിച്ചാടിപ്പുളച്ചപ്പൊടിജലലവമോ-
ടം,ബരത്തിൽപ്പുരുശ്രീ-
തിങ്ങിച്ചിന്നുന്നമിന്നല്പിണരിനുസമമാ-
യാറിലാനന്ദമേന്തി
തങ്ങിപ്പാക്കുന്നതണ്ടാർശരനുടെയടയാ-
ളങ്ങളെത്തഞ്ചമോടൊ-
ന്നങ്ങിപ്പാഃഝാജബാണപ്രതിമനതിമന-
ശ്ശാന്തമാഹന്ത! നോക്കി.

ആകാശത്തിങ്കലപ്പോളനുപമസുഷമാ-
ഡംബരതാംവഹിച്ചു-
ന്നാകാരത്തോടുമിന്നീടിനതരുണമഹാ-
ഘർമ്മനാംകർമ്മസാക്ഷി,

ഹാ! കാററാലാക്രമിക്കപ്പെട്ടുവതിനിടയാ,-
യുന്നതപ്രൌഢഘമ്മ-
പ്രാകാരശ്രേണിയററിട്ടവനടനെയരാ-
തിയ്ക്കഹോ! കീഴടങ്ങി.

വല്ലിക്കെട്ടേറി, വമ്പോടവിടവിടെവള
ന്നീട്ടുമാവന്മരത്തേ-
പ്പുല്ലിന്നൊപ്പം ചുഴററി,പ്പുളിനമതിലലർ-
പ്പത്രജാലം പറത്തി,
മല്ലിട്ടാഹന്ത! തോററാരവിയുടെനെട്ടുവീ-
പ്പെന്നപോലന്നുവേഗം
തല്ലിപ്പാറിത്തകത്തിട്ടൊരുകൊടിയകൊട്ടും-
കാററു കോപിച്ചിറങ്ങി.

ബാധിച്ചാഹന്ത! ബാലാരുണനസുതനുമഹാ-
പത്തിതെന്നുള്ളതത്വം
ബോധിച്ചിട്ടുഗ്രതാപഗ്രഥിതജലമയ-
സ്വേദമാപാദമന്തി,
വ്യാധിയ്ക്കാഹാരമായിദ്രുതതരമധുനാ-
രക്തവർണ്ണം മറഞ്ഞി-
ട്ടാധിപ്പെട്ടാളിടിഞ്ഞുള്ളതിപരവശയായ്
പ്രാചിയാം പ്രാകൃതസ്ത്രീ.

മാറിപ്പോകാതെയന്നും കുറവൊരുശകലം
മാററിനെത്താതെയോമ-
ന്മാറിൽത്സാന്ദ്രപ്രകാശത്തൊട്ടുമണിയുമൊരാ-
മഞ്ജുമാർത്താണ്ഡരത്നം

കാറില്പ്പററിക്കളങ്കപ്പെട്ടുവതിന്നിടയാ–
യെന്നു കണ്ടന്നമന്ദം
ചാറിക്കണ്ണീർമഴത്തുള്ളികളവിടെമഹാ–
കമ്പമാകാശലക്ഷ്മി.

കണ്ണാടിച്ചില്ലിനൊത്തങ്ങിനെയധികപയ–
ശ്ശ്രീകലന്നാറുമപ്പൊ–
ളെണ്ണാൻമേലാത്തവണ്ണംകിളരുമുരുതരം–
ഗങ്ങളാലങ്ങുതിങ്ങി,
കണ്ണാടിച്ചില്ലിവെട്ടിക്കല്യഷമടിയിട്ടും
കാന്തനേക്കണ്ടിടുന്നാ–
മണ്ണാത്തിപ്പെണ്ണൊപ്പമായിട്ടിളകിമുഖനിറം
മാറി മേല്പ്പോട്ടുപൊങ്ങി.

കൊണ്ടാടിച്ചണ്ഡവാതപ്രഹരതരളമാ–
മാറിലേക്കന്നുനോക്കി–
ക്കൊണ്ടാരാൽപാർത്തിരുന്നോരളവിഹസുകുമാ–
രൻകുറെ ദൂരെയായി,
കണ്ടാനവ്യക്തമംഭഃകണപടലചല–
ദ്ധൂമഭാരാലിളക്കം–
പൂണ്ടാറിന്നൊത്തമദ്ധ്യത്തിരകളിലിടറി
ത്തുള്ളുമാവള്ളമേകം.

താണും തന്മാത്രതന്നിൽ സരഭസമലയിൽ
പ്പൊങ്ങിയും വാരിരാജ–
ശ്രേണശ്രേണിയ്ക്കിടയ്ക്കങ്ങിനെ കയറി മറ–
ഞ്ഞഞ്ചിയും വഞ്ചിയേററം

ചെന്നുററാറില്പിടച്ചുക്ഷണമഥ സുകുമാ-
        രന്നു ദൃഷ്ടിക്കുനേരേ
കാണുമ്മുമ്പേ കറങ്ങീഝടിതി ബത! കമ-
        ന്നങ്ങു കാറേററു മുങ്ങി.

ഏവങ്കമന്ന ചെറുതോണിയതിൽ കരേറി
യാവന്നവൾക്കപകടം പിണയാമെളുപ്പം
ഈവണ്ണമോൎത്തു സുകുമാരനപായശങ്കാ-
ഭാവങ്കലൎന്നവിടെയോടിയണഞ്ഞു നോക്കി.

വള്ളമ്മറിഞ്ഞവിടെനിന്നു കുറച്ചുമാറി
വെള്ളത്തിലങ്ങൊരു ശരീരമിടയ്ക്കു പൊങ്ങി,
തെള്ളപ്പമാൎന്ന തിരമാലനിറഞ്ഞൊരാറി-
ന്നുള്ളത്തിലേയ്ക്കു ബത! പിന്നെയുമാശുമുങ്ങി.

ആയാസപ്പെട്ടു പൊങ്ങിദ്രുതതരമലയി-
        ല്പിന്നെയും മുങ്ങിവല്പാ-
തായാറില്പെട്ടു കഷ്ടപ്പെട്ടുമൊരു തടിയിൽ
        സാനുകമ്പം തദാനീം
വ്യായാമാരോഗ്യലക്ഷ്മീദൃഢത തടവിടു-
        ന്നംഗസമ്പത്തുചേരു-
ന്നായാളാറിന്നകത്തേക്കളയമഥ കുതി-
        ച്ചിട്ടു പെട്ടെന്നു ചാടി.

നീന്തിച്ചെന്നാശു നിമ്നോന്നതനിബിഡലസ-
        ന്നിമ്നഗാനീരിലേററം
പൊന്തിത്താണും കിടക്കുന്നതിപരവശമാൎ-
        ന്നാളിനേത്തോളിലേററി

ഉന്തിത്തെള്ളി പ്രയാസത്തൊടു കരയരികെ-
ക്കൊണ്ടുവന്നാ,നനല്പ-
ശാന്തിസ്ഥൈര്യംവിടാതേ വടിവൊടു സുകുമാ-
രൻ മഹാധൈര്യശാലി.

പരിമൃദുലതൃണം പരന്നുനില്ക്കും
പരിസരഭൂമിയതിങ്കലെത്തിവേഗം
പരിചൊടു സുകുമാരനേവമംസോ-
പരി കയറീടിന ഭാരമങ്ങിറക്കി.

വെമ്പിപ്പേടിച്ചു, വെള്ളം തലവഴിയൊഴുകി
ബ്ബോധമില്ലാതെവല്ലാ-
തമ്പിക്ഷീണിച്ചു ഗാത്രം, നയനയുഗമട-
ച്ചുത്രവസ്ത്രം കുഴങ്ങി,
മുമ്പിൽത്താഴെ കിടക്കുന്നൊരു യുവതിയെയാ-
ണാശു കാണായതന്നാ-
ളമ്പിൽ സംഭ്രാന്തചിന്താകുലമതിസുകുമാ-
രന്നു നേരേ തദാനീം.

അഞ്ചാറാവർത്തിയാവിസ്മയഭരിതനക-
ക്കാമ്പിലിമ്പം കലർന്നി-
ട്ടഞ്ചാതാദർശഗണ്ഡസ്ഥലിയുടെ നിടിലം
മന്ദമായിത്തലോടി
നെഞ്ചാടിക്കെതിരമ്മീട്ടവളുടെ ഹൃദയ-
ത്തിങ്കലൊപ്പിച്ചു നാഡീ
സഞ്ചാരസ്ഥഗ്ഗ്വരക്തത്തിന്റെ ചലനതയു-
ണ്ടാക്കിയുഷ്ണംവളർത്തി.

ചോടേ മഞ്ഞില്പ്പതിച്ചോരഭിനവപനി-
        നീർച്ചെമ്പകപ്പൂവിനൊപ്പം
പാടേവെള്ളത്തിൽവീണീവിധമഥമരവി-
        ച്ചോരു മംഗല്യഗാത്രി
ചൂടേററപ്പോളപായഗ്രഹണനിലകഴി-
        ഞ്ഞിന്ദുപോൽസാന്ദ്രതേജ-
സ്സോടേ നീലാരവിന്ദായതദളനയന-
        ദ്വന്ദമന്നാൾ തുറന്നാൾ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

൩

കൊണ്ടാടീടും കൊടുങ്കാററതിലിളകി മറി-
        ഞ്ഞാറിനുള്ളില്പ്പൊരുക്കാ-
ണ്ടായാസം തനിയ്ക്കെന്നഥ കരുതി നദീ-
        ദേവതാദിവ്യനാരി,
കണ്ടാലാഹ്ലാദമേകും കറുകനിരയെഴു-
        ന്നക്കരയ്ക്കുൾക്കേറി-
ക്കൊണ്ടാരാൽ പള്ളികൊള്ളുംപടി, യുവതിശയി-
        ച്ചാളഹോ! ശാന്തയായി.

ചാരുശ്രീമർമ്മരാശ്മ*പ്രതിമ, യമലമാം
        ചന്ദ്രബിംബപ്രകാശം
ചേരുമ്പോളുല്ലസിക്കുംപടി, ധവളവിലാ-
        സോദയാമോദഗാത്രി,
വാരുററുന്നാപഗാംഭസ്സടിമുടിതടവി-
        ക്കണ്ണിണപ്പൂവിടുത്തി,
ത്താരുണ്യസൃഷ്ടലീലാനിപുണത സുകുമാ-
        രന്നു കാട്ടിക്കിടന്നു.

---

* മർമ്മരാശ്മം—മാർബിൾ (Marble) കല്ല്

ഹന്താപത്തെത്തഴപ്പിച്ചിട്ടുമൊരു നിശയിൽ
        സ്തംഭനംപൂണ്ടു മൂടി-
സ്സന്താപത്തോടു നില്ക്കുന്നളവിലഭിനവാ-
        ർക്കോദയശ്രീയിണങ്ങി,
ചെന്താരുല്ലാസമാളുംപടി,യവളധുനാ
        കണ്മിഴിച്ചാളകപ്പൂ-
വെന്താർത്തിപ്പെട്ടിരിക്കും സുഭഗനതുസുധാ
        വർഷമെന്നോണമായി.

തേനുണ്ണാനുള്ളിലലറി,പ്പുതിയമലരുടൻ
        മൂടി,യിഷ്ടപ്രകാരം
താനുള്ളിൽപ്പെട്ടിരുന്നമ്മധുവമിതമശി-
        ച്ചിട്ടു, മാന്ദ്യംകരേറി,
ഭാനുശ്രീരശ്മികൊണ്ടക്കമലമഥ വിട-
        ർന്നീടുമപ്പോളതിങ്കൽ
സാന്തസാഹം വസിക്കും മധുപനുസമമാ-
        യിട്ടു, തദ്ദൃഷ്ടി മിന്നി.

ശ്രീചിന്തനുഷ്ണരശ്മിച്ഛവിനിരയുദയ-
        ത്തിങ്കലശ്ശീതമാററി
പ്രാചിപ്പെണ്ണിൻമുഖത്തിന്നരുണരുചിയണ-
        ക്കുന്നപോൽ, സാന്ദ്രമായി,
ഹാ! ചിത്രം! തല്ക്കരോഷ്മാവവളുടെ കവിളിൽ
        പ്പെട്ടോരാപ്പാണ്ഡുരശ്രീ
മോചിപ്പിച്ചിട്ടുമോഹാകുലതയകലുമാ-
        റേററി രക്തപ്രസാദം.

കണ്ണാകുന്നാത്മജീവപ്രതിഫലിതലസൽ
    ക്കാന്തികാട്ടിതരുന്നാ-
ക്കണ്ണാടിക്കല്ലു രണ്ടും കലുഷതയകല-
    ത്തായിമിന്നിത്തുടങ്ങി
കണ്ണാടിക്കണ്ടിരിക്കുന്നവളുടയ പരി-
    ത്രാണകാരിക്കു,മുന്നം
പുണ്ണായിപ്പോയകപ്പൂവതിലഥ കൃതകൃ-
    ത്യാനന്ദമോദം പുലൎന്നു.

ഒന്നായിച്ചേൎന്നിരുന്നാത്തനു കനകലതാ-
    ലാളനാസക്തനായി-
ട്ടന്നാളമ്പോടിരിക്കുന്നരുണതരുണനേ
    സ്സാദരം സാരസാക്ഷി
നന്നായിക്കണ്ടകക്കാമ്പിളകിയഥ നിജാ-
    വസ്ഥതല്ക്കാലമെന്താ-
ണെന്നാലസ്യം കലൎന്നച്ചപലമിഴിതദാ
    ചുററുമാഹന്ത! നോക്കി.

എന്നാലോ, ചിത്തരംഗത്തിനു നിജപരമാ-
    ൎത്ഥങ്ങളെന്തായിരിക്കാ-
മെന്നാലോചിക്കുവാനുള്ളൊരുബലമുളവാ-
    കാതെ ശോകാൎത്തയായി
അന്നാളീകായതാക്ഷിഭയമവളനുക
    മ്പാതിരേകംവരും മാ-
റന്നാളീകായുധശ്രീതടവിന സുകുമാ-
    രന്നു നേരിട്ടുയൎത്തി.

വമ്പോലും വാതവേഗോല്ലൂടപടഹമടി-
ച്ചപ്പൊളുണ്ടായ ഭൂമീ-
കമ്പോന്മാദം വളർത്താപ്രകൃതിയുടെ കലാ-
പത്തിലാപത്തിലായി,
തമ്പോരാൽപിന്നെ രക്ഷിച്ചൊരു തരുണി തനി-
യ്ക്കുള്ള നോട്ടത്തെ വീക്ഷി-
ച്ചമ്പോടവ്യാജനവ്യാങ്കുരിതപുളകമോ-
ടോതിനാനമോദശാലി.

"അന്ധാളിക്കേണ്ട, രാകാമലവിധുവദനേ!
ഹന്ത! തേ ബന്ധുതൊന്നി-
ന്നന്ധാത്മാവല്ലതെല്ലും, നവനവഭാവനീ-
താംഗി! നീ താങ്ങിമന്ദം,
സ്കന്ധാഗ്രത്തില്പിടിച്ചിട്ടടനിനിയുമെണ്ണീ-
ററാപഗാപായപീഡാ-
ബന്ധാഭാസാംബരത്തേപ്പിഴിയുക പിടയാ-
തത്ര പശ്ചാകുലാംഗി!"

ചൊന്നോണം ചോരയിററും കരമുളലമുണാ-
ളങ്ങളപ്പോളുയർത്തി-
ക്കന്നോടൊക്കുന്ന കൊങ്കക്കൊടി സുകൃതികുമാ-
രൻെറ തോളത്തമർത്തി
വന്നോളംപോലെപായും വിവിധമതിവികാ-
രങ്ങളോടൊത്തുകൂടി-
പ്പൊന്നോമൽപൂർണ്ണചന്ദ്രപ്രതിമമുഖി നിവ-
ന്നത്ര മിണ്ടാതെ നിന്നാൾ.

പേറാനക്‌കൃഷ്ണനെ കീടിന മുറിനനയും-
മാറു പെട്ടെന്നുടൃത്തി-
ട്ടാറാടിക്കേറി വന്നീടിന സുഷമയെഴും
വല്ലവീവല്ലി വീണ്ടും
മാറാടിക്കൊണ്ടു നില്ക്കുംപടി,യഥ മഹിളാ-
രത്നമാമാനസത്തിൽ
ക്രൂരാളിക്കൊണ്ടിവണ്ണം മധുരതരവച-
സ്സ്തോതിയുരം പ്രീതിയേന്തി.

"വല്ലാത്താപത്തിലെന്നേ വടിവിനൊടുസഹാ-
യിച്ചു രക്ഷിച്ചുപായം
തെല്ലാന്നീടാതിവണ്ണം കരയതിലധുനാ
കൊണ്ടുവന്നെന്നമൂലം
ചൊല്ലാമേററം ഭവാനിന്നിവളുബലകട-
പ്പെട്ടിരിക്കുന്നുവെന്നാ-
ലില്ലാ മേ പാർത്തിടുമ്പോളതിനൊരുപകരം
വീട്ടുവാനുള്ള ശക്തി.

"ആറിന്നിങ്ങേക്കരെയ്ക്കുണ്ടരമയില്ല പടി-
ഞ്ഞാറു ഗേഹത്തിലെന്നോ-
ടാറിപ്പോകാത്ത രാഗപ്രചുരിമ തിരളു-
ന്നച്ഛനച്ഛാധിവാസം
വേറിട്ടൊന്നും വിചാരിക്കരുതു 'വരണമ-
ങ്ങെന്നൊടൊപ്പം നടക്കാം'
കൂറിന്നുള്ളിങ്കലേററം ജനകനുമധുനാ
താങ്കളിൽ തങ്കുമല്ലോ.

"കാലത്തേ വഞ്ചികേറിക്കലിതരസമഹം
വാലിയക്കാരനോടി-
ക്കുലത്തിങ്കൽപ്രതിഷ്ഠാമഹിമയൊടമരും
പങ്കജാപത്മപാദം,
ഫാലത്തിൽച്ചേർത്തു വന്ദിപ്പതിനയി! വരുമ-
ന്നേരമിച്ഛീത്തയാകം
കാലത്തിൻ വൈഭവത്താലപകടമിതു നേ-
രിട്ടു നേരിഷ്ടബന്ധോ!

"താണാവള്ളത്തിനേയും തടിനിയിലധുനാ
വാലിയക്കാരനേയും
കാണാനില്ലി,ക്കടപ്പം കലരുമൊരു തിര-
ത്തള്ളലിന്നുള്ളിലായി,
നീണാളാറിങ്കലൂളിച്ചാപ്പരിചയമിയല്പ-
ന്നായവന്നീവിധത്തിൽ
പ്രാണാപായം വരില്ലെന്നിവിടെയൊരു സമാ-
ധാനമാധാരമാക്കാം.

"ആപത്തിങ്കൽപ്പതിച്ചെങ്കിലുമധികമതി
പ്രൌഢഃതജ്ജഃപ്രസന്നാ-
ലാപത്തിങ്കൽപടുത്വം കലരുമൊരുഭവാ-
നീവിധം ജീവിതം മേ
ഭൂപശ്രീധീരയുക്തക്രിയയതിലധുനാ
ഹന്ത! രക്ഷിച്ചൊരന്ത-
സ്താപത്തെത്തീർത്തുകൊണ്ടിന്നൊരു സുദിനമിനി-
ക്കെന്നു തീർച്ചപ്പെട്ടുത്തി.

“വീണീടുംമുമ്പതന്നേ വിധിയുടെ വിധിയാ-
ലായ്വഭോ! വീഴ്വഭാവം
താണീടാതത്ര കാട്ടിത്തടിനിയിൽ മുഴുകി-
ത്താങ്കളാതങ്കമാററി;
കേണീടാനില്ലകാര്യം ചെറുതുമിനിയെനി-
യ്ക്കു, ച്ഛനിച്ഛാന്തക്രൂലം
വാണീടും വീട്ടിലേക്കങ്ങിവളൊടുവരുമെ-
ന്നാകിലോ ഭാഗ്യമായി.

“നാശംകൈവന്നൊരെന്നേനച്ചമൊടുപരിര-
ക്ഷിയ്ക്കുവാനായൊരങ്ങി
ക്ലേശപ്പെട്ടെന്നമൂലംകെടുതിയതിവളേ-
ക്കാളുമങ്ങേയ്ക്കുകൂടി
ഈ ശുഷ്കക്ഷ്മാതലത്തിൽ പരിചിനൊടിനിയും
നിന്നുശീതംഃസഹിയ്ക്കാ-
താശങ്കിയ്ക്കേണ്ടപോകാമതിഥിയുടെനില-
യ്ക്കിന്നുമേ നിങ്ങളായി.

“ചാറീടുന്നു മഴത്തുള്ളികൾ ‘ചരുപിറ’യെ-
ന്നല്പിതാ ചണ്ഡവാതം
ചീറീടുന്നു ചിരക്ഷ്മാരുഹനിരചിതറി-
ച്ചിന്നിവീഴുന്നുചീന്തി
മാറീടാനില്ലഭാവം മഴ, മഹിതമഹാ-
മാരിയായിട്ടുമാറി-
ക്കേറീടുംമുമ്പു കേളിയ്ക്കൊരു നിലയനമാം
കെട്ടിടത്തിങ്കലെത്താം.

“ആരാണേതാണു ഞാനെന്നറിവതിനു ഭവാ-
        നുള്ളിലുല്ക്കണ്ഠയുണ്ടാ-
മാരായാനുണ്ടിനിയ്ക്കാഗ്രഹമവയധുനാ
        താങ്കളോടും തഥാപി
ആരാലീയുഗ്രവാതപ്രചലിതവനവൃ-
        ക്ഷങ്ങളാടിപ്പതിയ്ക്കു
ന്നാരാമം നല്ലതല്ലീവക മധുരസുധാ-
        ഭാഷണത്തിന്നിദാനീം.”

ശ്രീകൂട്ടം ശീതരശ്മിപ്രതിമമുഖി പണി-
        പ്പെട്ടിവണ്ണം പറഞ്ഞി-
“ട്ടാകൂതംകിംഭവാ”നെന്നഭിമുഖമുഖിയാ-
        യിട്ടു നിന്നാളൊതുങ്ങി,
“പോകൂ, ഞാനും വരാ”മെന്നവനുടനുരചെ-
        യ്താപഗാശഷ്പസംഘ-
ശ്രീകൂലത്തെ വെടിഞ്ഞിട്ടിരുവരുമൊരുമി-
        ച്ചഞ്ജസാ യാത്രയായീ.

നായാട്ടിന്നായിറങ്ങിസ്സപദി ബത! വിചാ-
        രിച്ചിരിയ്ക്കാതെ നേരി-
ട്ടായാസത്തെ നിനച്ചിട്ടപരിമിത മനോ-
        രാജ്യസങ്കല്പമേറി
മായാദേവിയ്ക്കു പിമ്പേ സുഗുണനിലയമാം
        മാധവൻ പോയിടുംപോ-
ലീയാമോദാംഗവല്ലീമണിയൊടു സുകുമാ-
        രൻ മുദാ യാത്രയായി.

തമ്മിൽ തമ്മിൽ സ്വവിജ്ഞാപനമരുളി മഹാ-
ശ്ചര്യസന്തോഷലജ്ജാ-
സമ്മിശ്രാത്മാവിനോടും നഹുഷജനൊരുമി-
ച്ചേകദാദേവയാനി
ധമ്മില്ലക്കെട്ടഴിഞ്ഞതസ്സചിലമൊഴകിയും
കൊണ്ടുപോയക്കണെക്കി-
ന്നിമ്മിന്നല്പാവനാംഗിക്കൊടിയഥ സുകുമാ-
രാശ്രയത്തോടുപോയി.

കതിരവനുയരുമ്പൊളുള്ള കർമ്മം
പതിവുപടിക്കു കഴിച്ചുഹർമ്മ്യമേറി
മതിസുഖമൊടിരുന്നു ബുക്കുനോക്കാ-
നതിരസമീശ്വരമേനവൻ മഹാത്മാ.

ഉടനുദിതദിനേശബിംബകാന്തി-
ച്ഛടയെമറച്ചു നിറച്ചുമാനമേറി
"കടപട"യിടിവെട്ടിമുട്ടിയത്യുൽ-
കടജലദാവലിഹന്ത! വന്നുപൊങ്ങി.

അരനിമിഷമതിന്നുമുമ്പുതേജോ-
ഭരനിരകൊണ്ടു വിളങ്ങിയോരു ഭൂമി
ഹര! ഹര! ഘനമാകുമന്ധകാര-
ത്തിരയിലഹോ! സുവിശേഷമത്രമൂടി.

ബലമെഴുമചലദ്രുമാഗ്രബന്ധ-
സ്ഥലനിലവിട്ടലറിക്കുതിച്ചുചാടി,
ജ്വലനവമദധാരയോടുകൂടി-
ജ്ജലധരവാരണവൃന്ദമങ്ങുകൂടി.

പ്രകൃതിജനകഘോരയുദ്ധഘോഷ-
ത്തകൃതിയിലിമ്പമൊടും ശിരസ്സിളക്കി,

അക്രൂശതരുവരാളി നാരദാത്മ-
പ്രകൃതി കലൻറുപുഷ്പവൃഷ്ടിതൂകി.

നതമുഖസുമമോട്ടമാനികുഞ്ജ-
സ്ഥിതലതികാംഗനമാരധീരരായി,
ബത! ചപലത്വത്കാട്ടിവാരിബാഷ്പം
ചിതറിപരദ്രുമവീരരെപ്പുണർന്നു.

"ചറപിറ"മഴചാറി, ചണ്ഡവാതം
തിറമൊടടിച്ചുമുറിയ്ക്കുകത്തുകേറി,
നിറയുമൊരുവിചാരമോട്ടമേട-
ത്തായിലിറങ്ങി തദാവിശാലബുദ്ധി.

ഗളിതമതിവിചാരമഗ്നനായാ-
ലളിതഗവാക്ഷമതെത്തിനോക്കിനില്ക്കേ
വെളിയിലവനു കണ്ടതാംപ്രപഞ്ച-
ക്കളിയതിവിസ്മയനീയമായിരുന്നു.

ഹാ! കാററാലുടനങ്ങുമിങ്ങുമധിക-
പ്രക്ഷോഭമുണ്ടാകയാ-
ലാകാശാബ്ധിയിലംബുദാവലി മഹ-
ദ്വീചീവിലാസോല്ക്കരം
ശ്രീ കാണിച്ചുയരുന്നു, ശീതളതയേ-
പ്പില്ക്കാലമുൾക്കാമ്പിലേ-
ക്കേകാനെങ്കിലുമീയവസ്ഥയധുനാ
താപംതഴപ്പിയ്ക്കുമേ.

കാവാകം കടലില്പെട്ടും ദ്രുമദല-
ശ്രേണീതരംഗങ്ങളേ-
ത്തുവാനത്തിലടിച്ചിളക്കി മറിയും
മാറാത്തുതുള്ളിയ്ക്കയാൽ,

വൃന്ദാകം പത ച്ചുററിലും ചിതറിയി-
　　ട്ടിയ്ക്കിന്നടിക്കുന്നരു-
ശ്രീവാച്ചുംപടി ചണ്ഡമാരുതനഹോ!
　　വീശിപ്രവേശിച്ചുതേ.

കോപത്തോടുമടിച്ചു കൊമ്പുകളിള-
　　ക്കിട്ടും കൊട്ടാകാററുക-
ണ്ടാപൽസൂചകമാണിതെന്നു കരുതി-
　　പ്പാരം ഭയന്നഞ്ജസാ
ശ്രീപക്ഷിവ്രജമാശു വിഷ്ണുപദമാ-
　　ന്റട്ടാമമാകും മന-
സ്താപം ഹന്ത! കരഞ്ഞൊ'രീശ്വര'സമ-
　　ക്ഷത്തിൽ സമപ്പിക്കയോ?

കണ്ണാനന്ദകരങ്ങളാം "കളകളാ"-
　　ലാപങ്ങളോടും മണി-
സ്വർണ്ണാഗാരസമീപയായൊഴുകിടു-
　　ന്നോരാസ്സരിത്തഞ്ജസാ
വർണ്ണാടോപമിയന്നു വക്കിലമരും
　　കല്ലോടു മല്ലിട്ടലം
കർണ്ണാരുന്തുദമായിടും "ഘടഘട"-
　　ധ്വാനം ജനിപ്പിച്ചുതേ.

നല്ലാരീ നദിതന്നുയന്ന കരയിൽ
　　ഭിന്നിച്ചിരിക്കും കരി-
കല്ലോരോന്നു കടുത്തകാററിലിളകി-
　　ക്കീഴോട്ടുരുണ്ടഞ്ജസാ

കല്ലോലാവലിയിൽ പതിച്ചു കമനീ-
        യാംഭേകണശ്രേണിയാം
ഫുല്ലോൽകൃഷ്ട"രസക്കടുക്ക"കളുയ
        ർത്തിച്ചാർത്തി വാനിൽപരം.

തട്ടിപ്പാഞ്ഞു തകർത്തിടുന്നൊരു കൊട്ട-
        ങ്ങേററററു മുററും തദാ
മുട്ടിത്തമ്മിലലഞ്ഞുലഞ്ഞു വിലസും
        കാർപ്പാസപകപാവലി,
പൊട്ടിക്കീറിയണഞ്ഞ പഞ്ഞിനിരനി-
        സ്തർക്കം നിസർഗ്ഗേശ്വരി-
യ്ക്കിട്ടിട്ടുള്ളൊരു ഹാരമാലിക കണ-
        ക്കായിട്ടു കാണായിതേ.

കാറാകുന്ന കറുത്ത കായരുചിയെ
        കൈക്കൈക്കൊണ്ടു, മിന്നല്പിണർ-
ക്കീറാകും സിതദംഷ്ട്രചാരുമസകൃൽ-
        ക്കാട്ടി,ട്ടിഗന്തങ്ങളേ
വേറാക്കുംപടി വെട്ടിടുന്നിടികളാം
        ഭീമാട്ടഹാസങ്ങളോ-
ടാറാതോടിയണഞ്ഞു ഹന്ത! മഴയാ-
        യീടും മഹാരാക്ഷസി

ഇക്ഷോണിയിങ്കലുടനല്ലൂടമായുദിച്ചോ-
രക്ഷോഭമെത്ര വലുതാണതിലും നികാമാ
ലക്ഷോപിലക്ഷ ഗുണഗൌരവമായ ഭീമ-
പ്രക്ഷോഭമുള്ളിലഥ മേനവനും ജനിച്ചു.

മുമ്പങ്ങടിച്ചു പടരുന്ന മരുത്തിനാല-
ക്കമ്പെങ്കലന്നമരുവും മരമെന്നപോലെ

തുമ്പററുദിച്ചു നെടുവീർപ്പതിനാലിളക്ക-
മമ്പമ്പ! വാസ്സുമൊരുമേനവനത്രനിന്നു.

ആരാൽ സപത്നസേവകനെയാശു വിളിച്ചുനിത്തി-
യാരാഞ്ഞറിഞ്ഞു ചിലസംഗതി സംശയത്താൽ,
ധീരാഗ്രഗണ്യനവനെങ്കിലുമാത്മകമ്പം
തീരാതെനിന്നുപരമാലിലയെന്നപോലെ.

ഹന്താക്രമിച്ചു കയറുന്നതിതീവ്രമായ
ചിന്താഗ്നിയിൽ സപദി ചിത്തമെരിഞ്ഞുനീറി
സന്താപസംഭ്രമമിയന്നിഹ മേനവൻമേ-
ലെന്താണു വേണ്ടതിനിയെന്നറിയാതെനിന്നു.

അത്യന്തമുൾക്കട വിജൃംഭിത ദുഃഖധാരാ-
മത്യന്ധകാരവൃതനാമവനപ്പുളഃയ്യാ!
പ്രത്യക്ഷമാമഴവാനഞ്ഞു കുഴഞ്ഞൊരേക-
ഭൃത്യന്റെയാഗമനമെങ്ങനെകണ്ടുകൂടി?

നെഞ്ചില്പരം കരമടിച്ചൊഴുകുന്ന കണ്ണീ
രഞ്ചിച്ചിട്ടും മിഴികളോട്ടമടക്കലെത്തി
"വഞ്ചിച്ചു ദുർവ്വിധി, ഭവാന്റെ പുത്രി—അല്ല—
വഞ്ചിക്കപായം" അവനിത്ഥമപൂർണ്ണമോതി.

ഉൾക്കൂണ്ടയുള്ളിലുളവായുഴലുന്നവൾക്കു
തൽക്കൂർണ്ണശല്യസമമാമസമഗ്രവാക്യം
ഹൃൽക്കന്ദരസ്ഥിതവിഷാദഭരത്തിനേററ-
മുൽക്കർഷമേകമുദധിയ്ക്കലമിന്ദുപോലെ.

എന്നാലു"മെങ്ങു മമ തങ്കമുരയ്ക്കവേഗ"—
മെന്നാശു ഭൃത്യനോടു ഗൽഗദമോടുകൂടി
നിന്നാനിലയ്ക്കുബത! മേനവനിട്ടചോദ്യ-
ത്തിന്നായവൻമതിമടിച്ചു കഥിച്ചിതേവം.

“തോണിയ്ക്കപായമുളവായൊരു നേരമോള-
ശ്രേണിയ്ക്കു കീഴിലടിപെട്ടുപരംകുഴങ്ങി,
താണിക്കരയ്ക്കടിയനിത്ഥമടിഞ്ഞു! ബോധം
കാണിയ്ക്കുദിച്ച സമയത്തിഹ വേഗമെത്തി.

“അല്ലാതെ കണ്ടടിയനില്ലൊരുചക്രമങ്ങു-
ന്നല്ലാതെമററു തുണയില്ലടിയന്നിദാനീം,
വല്ലാതെവന്നപകടം മമ ലക്കുകേടാ-
ലല്ലായതീശ്വര! ഭവാനറിയട്ടിതെല്ലാം”

ആതങ്കപ്രദമായ വത്തമാനമേവം
ഭീതാങ്കംപടി ബത! കേട്ട ധൈര്യശാലി
“ഹാ! തങ്കം! ജനകനെ നീ ചതിച്ചു”വെന്നാ-
ച്ചേതസ്സിലുടരുമൊരാധിയോടുരച്ചു.

ധീയിങ്കലുരമവനനുഭവിച്ച ദുഃഖം-
ഭൂയിഷ്ഠം പറവതിനില്ലെനിക്കു ശക്തി;
വായിക്കുന്നവരതുതാനറിഞ്ഞുകൊള്ളാ-
നായിക്കൊണ്ടിവനൊരപേക്ഷചെയ്യു നല്ലു.

പ്രാണാപല്ക്കര വിഷവാതവത്തമാന-
ഘ്രാണാലപ്പസ്സകലവിനഷ്ട ചേഷ്ടനായി,
തൂണായിട്ടമരുമവനുമായപോലേ
കാണായീപുത്രിയൊരുകാഴ്ച നേരെയപ്പോൾ.

നീരിററും വസനമുടുത്തൊരാളുമായാ-
നീരിത്താർദളമിഴിയായ തന്റെ പുത്രി
ഭൂരിശ്രീമൃദുഹസിതാസ്യയായി വേഗം
നേരിട്ടുണ്ടവനു വരുന്നുവെന്നുതോന്നി.

തങ്കത്താർമുഖിമണിതത്രവന്നു, മായാ-
സങ്കല്പമേയവിസ്മയാത്തിതേടി

പൊങ്കൽത്തൂണതിന്നു സമാനനായിനില്ക്കും
തങ്കല്പ്രേമംമഗ്ഗുണതാതനേവണങ്ങി.

താരിത്തന്വീവിലാസോദയ മഹിമനിറ–
ഞ്ഞമ്പലത്തിന്നഃപാക–
ന്നേരത്തിൽ സംഭവിച്ചക്കഥകളഖിലവും
നല്ലവണ്ണം ചുരുക്കി
നേരിൽത്തന്വാംഗിയോതിജ്ജനകനൊടു നിജ–
പ്രാണരക്ഷയ്ക്കുദൈവം
ചാരത്തെത്തിച്ച ചന്ദ്രോപമതരുണനെയും
ചഞ്ചലം വിട്ടുകാട്ടി.

കത്തിക്കാളുന്നതീയ്യിൽക്കതിപയനിമിഷം
കാലുതെററിക്കരേറി–
ത്തത്തിച്ചാടുമ്പൊളൊന്നാന്തരമമൃതമൊഴി–
ച്ചിട്ടുതാപംകെടുത്തി
മുത്തിപ്പാനത്തിന്നും കൂടത്തുതരികിലുദി–
ക്കുന്ന സന്തുഷ്ടി, ചത്തു–
ചത്തില്ലെന്നായിനിന്നാമഹിതഗുണമെഴും
മാനവൻ മാറിലേന്തി.

തല്ക്കാലം താഴ്മയായിത്തരുണനൊടുമഹാ–
നന്ദികാണിച്ചുവീട്ടിൽ
സല്ക്കാരം സ്വീകരിക്കുന്നതിനഥ സുതയും
താതനും പ്രീതരായി
ഉൾക്കാമ്പിൽ സ്നേഹഭാരത്തൊടു പറയുകയാ–
"ലങ്ങിനേതന്നെയാട്ടെ"–
നൽക്കാപട്യം ധരിക്കാത്തുരുമതിസുകുമാ–
രൻ മുദാ തീർച്ചയാക്കി.

തഃന്നപ്പററിത്തനിക്കുള്ളറിവുമുഴുവനും
 മേനവന്നാഗ്രഹംപോ-
ലന്നേറെക്കൌതുകത്തോടരുളിയഥ കുമാ-
 രൻ മഹാഭാഗ്യശാലി
അന്നേരം മേനവൻ തത്സകലകഥകളും
 വിസ്തരിച്ചസ്തശങ്കം
ചോന്നേററം തൃപ്തിപൂണ്ടാരവർ, സുകൃതികളാ-
 ലാപമാഹ്ലാദഹേതു.

ആരാലൊന്നിച്ചുനായാടിയൊരളവധികം
 പിമ്പിലായ്പോയഭൃത്യ-
ന്മാരാക്കാട്ടിന്നകം വൻകദനമൊടുനട-
 ന്നിട്ടുനന്നേക്കുഴങ്ങി
ആരാഞ്ഞാരാഞ്ഞുവന്നാട്ടിനകരനണയും-
 മുമ്പു തല്പത്തനംക-
ണ്ടാരാലെത്തിഗ്രഹിച്ചാരവരുടെ യജമാ-
 നൻെറ വൃത്താന്തമെല്ലാം.

ഒന്നിച്ചുത്സാഹസംഭാഷണസരസകഥാ-
 ലാപലീലാരസത്തോ-
ടുന്നിദ്രാമോദമേന്തിച്ചിരമവരവിടെ-
 പ്പാക്കവേതക്കമെന്ന്യേ-
കുന്നിച്ചാത്മാനുരാഗം "തരുണതരുണി"മാ-
 ക്കുള്ളിലന്യോന്യമുണ്ടാ-
യെന്നിട്ടുൽകൃഷ്ടമായിട്ടൊട്ടുവിലിതുകലാ-
 ശിച്ച കല്യാണമായി.

☆

# ഒരു വീരവിയോഗം

"മാർത്താണ്ഡവർമ്മ"മതിമോഹനവഞ്ചിരാജ്യ-
ധൂർത്താരിമണ്ഡലതമോഗണഖണ്ഡനത്താൽ,
മാർത്താണ്ഡനായി വിലസിപ്രഥിതപ്രതാപ-
ച്ഛാത്തായ്, ജയദ്ധ്വജപതാകപറത്തിവാനിൽ.

"ഡംഭാന്ധരായി,ദനുജാംശതകാട്ടി,യുദ്ധ-
സംഭാരമോട്ടുമെതിരാളികളെട്ടുവീടർ,
സംഭാവ്യമായ്കരുതിയപ്പുളരാജ്യഭാര-
ജൃംഭാവനീരുഹമുണങ്ങി, നിജാങ്കുരത്തിൽ.

മാടമ്പിമാരു,മവനീപതിപുത്രരായ-
ക്രൂടപ്രവർത്തനപടുക്കളുമാഹവത്തിൽ,
മേടത്തിലാവെയിലിലഗ്നിപതിച്ച തുംഗ-
മേടത്തടിപ്പുരകൾപോലെയെരിഞ്ഞുപോയി.

ജന്മ്യാന്തരങ്ങളിലരാജകതന്ത്ര ചിന്താ-
ജന്യാളിമർജ്ജനപീഡനവേലിയേററം,
"കന്യാകുമാരി"വരെ നിന്നതുവററി;സാധു-
കന്യാകുമാരികളകാതരരായ് ചമഞ്ഞു.

"കോളംബ" സീമമുതലത്ര"കുമാരി"യോള-
മോളം കിളന്നൊഴുകിനീങ്ങിയ ചോരയാററിൽ,
വാളഞ്ചിതദ്യുതിയൊട്ടൂരിയ വഞ്ചിപാരി-
വ്യാളങ്ങൾ വീണു മരവിച്ചുകിടന്നിരുന്നു.

"ദേശിങ്ങ"ദേശവുമടക്കിയ വഞ്ചിഭൂപ-
നാശിച്ചുവീണ്ടുമധികാരവിജൃംഭണേതാം;

ക്ലേശിച്ചു കിട്ടിയതിലില്ലിഹ തൃപ്തിമർത്ത്യ-
രാശിക്കു;മന്നവരുമത്രമനുഷ്യരല്ലോ.

രണ്ടായിരുന്നു നൃപതിക്കളിലാഷമുള്ളി-
ലുണ്ടായിരുന്നു;തടരാടിയെടുത്ത നാട്ടിൽ
കൊണ്ടാടിയുന്നതി കൊടുക്കുക; യുദ്ധയാത്രാ-
ഘണ്ടാരവത്തൊടു കടക്കുക മററുനാട്ടിൽ.

ക്ഷേമപ്രതിഷ്ഠയൊരിടത്തു; വിരോധിരാജ-
ഹോമപ്രതീക്ഷയിനി മറെറാരിടത്തുമായി;-
ആ മന്നനാത്മസചിവോത്തമരത്നമായ-
"രാമയ്യ"നൊത്തു നയമേവമുപന്യസിച്ചു.

"കൊല്ല"ത്തുനിന്നു മരികത്തനതിപ്രയാസ-
മുല്ലംഘ്യമാമുപതടാകയുഗാന്തികത്തിൽ
ഫുല്ലക്ഷിതിപ്രകൃതിയാത്തു"ദിനാംശുരാജ"
ഝല്ലക്ഷ്യമായി, കനകം കമനിക്കുപോലെ.

"കായംകുളത്തു" കവിരാജകലാഭിലേഖ്യ-
മായദ്വിതീയ ഭരണാധിപ രാജ്യഭാരം,
ശ്രേയസ്കരസ്ഥിതി തുലോംവെളിവാക്കിയന്നാ-
ളായത്തമായ വിധമൈന്ദ്രവിഭൂതിയെല്ലാം.

ഭൂയസ്സുഖാനുഭവദായകമായി, ദിവ്യ-
മായപ്രമേയ രുചിരാകൃതിപൂണ്ട ദിക്കിൽ,
ശ്രീയമ്പിലാട്ടുമൊരു"കൃഷ്ണപുരത്തു"രാജ-
കീയപ്രധാനമണിസൌധമുയർന്നു നിന്നു.

ത്വിട്ടാർന്നഖണ്ഡസിതമേഘനിഭോഭമായ്പൂ-
മ്പട്ടാംബരാഭരണതോരണ ജാലകങ്ങൾ,
മട്ടാളിമിന്നി, മണികാന്തവരാന്തയേന്തി-
ക്കൊട്ടാരമത്യധികകോമളമായിരുന്നു.

പഞ്ചാസ്ത്രഗന്ധപരിവാഹകഗന്ധവാഹ-
സഞ്ചാരസൌഖ്യമിയലും മണിമച്ചിന്നുള്ളിൽ,
മഞ്ചാസനോപകരണങ്ങൾ, മഹീമണാള-
പഞ്ചാനനാത്മസുഖവാസന കാട്ടിയല്ലോ.

ശുദ്ധാന്തജാലക കവാടമുഖങ്ങൾ, ശുക്ല-
ശുദ്ധാംബരാവരണഭൂഷണമോടുകൂടി,
വിദ്ധാശയസ്ഫടികമാലകളിട്ടു, സൂത്ര-
ബദ്ധാവലംബനപുരസ്സരമുല്ലസിച്ചു.

കൌശേയശയ്യവിലസി, സവിതാനചീന-
ദേശേക്ഷണാർഹവസനാസ്തരണത്തൊടൊപ്പം,
വീശേണ്ടതാംവിശറി, കാഞ്ചനദണ്ഡപിഞ്ഛ-
പാശേന്ദ്രകാന്തമണിബന്ധുരമായ് വിളങ്ങി.

ഭൂപാലമുദ്ര-നവരത്നകൃതാതപത്ര-
രൂപാഭ-യേന്തിയ പതാകകളുച്ചിയിന്മേൽ,
സ്തൂപാഗ്രകോടികളിലാടി, നൃപസ്വതന്ത്ര-
വ്യാപാരശക്തിയറിയിച്ചിതു രാജവേശ്മം.

അന്തഃപുരങ്ങളിലനർഘമണിപ്രകീർണ്ണ
ദന്തപ്രകല്പിതമനോജ്ഞ മഹാസനങ്ങൾ
സന്തപ്തസർവ്വരിപുസംശ്രിതനാം നൃപന്റെ-
യന്തസ്സു,മപ്രതിരഥത്വവു മുച്ചരിച്ചു.

ബാണാവരോധപരിസേവ്യമനോജ്ഞമഞ്ജു-
ബാണാഭിരാമതയെഴും മഹിളാജനങ്ങൾ,
ചേണാർന്നൊരീ നൃപകുലാംഗനമാർക്കു നിത്യ-
വീണാവിനോദരസമേകിയടുത്തിരുന്നാർ.

ആ രാജകീയലളിതാംഗികളാത്മവജ്ര-
ഹാരാവതംസമണികണ്ഠലമണ്ഡനത്താൽ,

വാരാളമുർവ്വശിതുടങ്ങിയ നാകനാരി-
മാരാലുമീർഷ്യയൊടു വീക്ഷിതരായിരുന്നു.

ചാരുത്വമാർന്നു, ചതുരാകൃതിയോടുകൂടി
മേരുപ്രമാണമിയലും മണിമേടയിന്മേൽ,
താരുണ്യശോഭനകളാകിയ തമ്പുരാട്ടി-
മാരുല്ലസിച്ചു്,കുളുർവല്ലികൾപോലെ കുന്നിൽ.

ആരാലവന്ധ്യതരുബന്ധുരപുഷ്പവല്ലീ
പൂരാപ്തവാലപരിവേഷവിഭൂഷണങ്ങൾ
നേരായണിഞ്ഞൊളിവിഹംഗമഗാനമോടു-
മാരാമലക്ഷ്മിയവരോധനിഷേവ്യയായാൾ.

നീരാളമെയ്യണിനിതംബിനിമാർക്കുനിത്യ
"നീരാട്ടുവള്ളി"യുടെ നിർവ്വഹണത്തിനായി,
നീരാഴി നിർമ്മലപയസ്സുനിറ,ഞ്ഞിതേന്ദു
നീരാജനത്തിനിഹ നീണ്ടു കിടന്നിരുന്നു.

ധാരാളമന്നമൊടു പോഷകമാംക്ഷമുൽഗ
സാരാംശസമ്പദുപദാംശസുഗന്ധമേന്തി
ക്ഷീരാജ്യതക്രമധുവേണികളോടുകൂടി-
യീരാജമന്ദിരമഹാനസമുല്ലസിച്ചു.

പൌരാഗ്ര്യമുഖ്യസചിവാവൃതനായസംഖ്യ
താരാഭിവേഷ്ടിത കലാധരനെന്നപോലെ
ആ രാജശേഖരനിരിപ്പതിനത്ര മന്ത്രാ
ഗാരാശയം വിലസി, വാനിടമെന്നപോലെ.

ഗൌരാശ്മഖണ്ഡപരിനിർമ്മിതമായുദാര
ദ്വാരാഭയോടരിയ ഗോപുരശോഭതേടി
ധീരാശ്വ സൈന്യഗണരക്ഷിതമായ വപ്ര
മീരാജധാനിയെ വളഞ്ഞു കിടന്നിരുന്നു.

വാനിന്നു മണ്ഡനമഹോന്നതഹർമ്മ്യചത്വരാജ
ധാനിക്കടുത്തതിവിശാലമമാത്യധാമം,
മേനിക്കഭോഗമണിശൃംഗമൊടിന്ദ്രസൌധം
മാനിക്കുമാറു മഹിതാകൃതി പൂണ്ടുനിന്നു.

കൊട്ടാരമോടനതിദൂരമനേകകോടി-
പ്പട്ടാളനായകനിരുന്നൊരു പാളയത്തിൽ
പട്ടാംശുകധ്വജപതാക, സമീപയുദ്ധ
ഘട്ടാഗമത്തെയറിയിച്ചു പറന്നു ഭംഗ്യാ.

വാണിക്കനന്തമവിലാസഗൃഹങ്ങൾ, കളണ
പാണിപ്രതിഷ്ഠയണിസുന്ദരമന്ദിരങ്ങൾ
മാണിക്യവജ്രമണിവിക്രയവക്രയഷ്ടി
വാണിജ്യവീഥികളുമത്രസമുല്ലസിച്ചു.

പൂജ്യപ്രതാപഗുണശാലിനൃപാലകന്റെ
രാജ്യത്തു സസ്യനവധാന്യകൃഷിസ്ഥലങ്ങൾ
പ്രാജ്യപ്രയത്നഫലസിദ്ധി വരുത്തി "രാമ
രാജ്യ"ത്തുപോലെ, യഭിവൃദ്ധി വളർത്തിരുന്നു.

കൃഷ്ണാഭിരാമനവശാലിവൃതാഭമാമീ-
"കൃഷ്ണാഭിധാന"നഗരത്തെയധീനമാക്കാൻ,
"ഉഷ്ണാംശുവർമ്മ"നൃപതിക്കുളവായൊരുഗ്ര
തൃഷ്ണാങ്കുരം ചെറുതു മത്തുതമല്ല നൂനം!

വീരിപ്പിടിച്ച സമരാഗ്നിയിലിഷ്ടനായ
"ദേശിങ്ങനാട്ടരചൻ" കടസൈന്യസാഹ്യം,
വാശിക്കു "കായങ്കുളം" നായകനേകി; "വഞ്ചി"-
ക്കാശിച്ച വിസ്തൃതി വരാനതു മൂലമായി.

സഖ്യാഭിലാഷമഥ "കൃഷ്ണപുരശ്ശ" നേരെ
വിഖ്യാതരാം വിപണതല്പര "ഡച്ച്" കാരിൽ

മുഖ്യാനുഭാവമൊട്ടു കാട്ടിയതാത്തു, യുദ്ധ-
പ്രഖ്യാപനത്തിനൊരു തൽക്ഷണഹേതുവായി.

"വഞ്ചിക്ഷമാവര"നയച്ചൊരവണ്ണനീയ
വഞ്ചിപ്രബന്ധിതവരൂഥിനിയാശുവേഗം,
കിഞ്ചിൽപ്പരാജയഭയം കലരാതെ, കണ്ണു
മഞ്ചിച്ചവാർകളിയൊടാക്രമണം തുടങ്ങി.

"കായംകുളത്തു" പടനായകമന്ത്രിമുഖ്യ-
നായധികഭാവഭരണക്രമപാടവത്താൽ,
ഭൂയപ്രശസ്തിയെഴു"മച്യുതവര്യ,"നപ്ര-
മേയപ്രദീപ്തമതി പോർവിളി കാത്തിരുന്നാൻ.

കാര്യപ്രസക്തി, കറയററ മഹാരഥൻെറ
വീര്യപ്രവൃത്തി, വിഷയാവ്യയശാസനത്തിൽ
സൂര്യപ്രതാപഗതിയെന്നിവ സന്നിഷേവ്യ
"വാര്യ"പ്രധാനഗുണശക്തികളായിരുന്നു.

വ്യായാമമാംസളശരീര,മുരോവിശാല
ച്ഛായാമനോജ്ഞത, വിലോലവിലോചനങ്ങൾ
ശ്രീയാണ്ടുനീണ്ടു ബലമേറിയ കൈകൾ,ഉളവ-
മീയാർക്കു മുഷ്ടിഭടപുഷ്ടി തികഞ്ഞിരുന്നു.

സാഹിത്യസംസ്കൃതമനസ്ഥിതി, ഉദ്ധതത്വ
രാഹിത്യമോടമിതയുദ്ധവിശാരദത്വം,
വാഹിന്യനന്യസുലഭാർച്ചന,യാത്മവിദ്യാ
സൌഹിത്യവും സുകൃതി"വാര്യ"രിലുജ്ജ്വലിച്ചു.

പ്രായത്തിലമ്പതുവയസ്സുകഴിഞ്ഞു, ദീർഘ
കായൻെറയത്യസനജൃംഭിതമാം വപുസ്സിൽ
ന്യായത്തിനൊത്തു തെളിവായ വിശിഷ്ടവൃദ്ധ-
ച്ഛായയ്ക്കനന്യസുഭഗത്വമുയർന്നിരുന്നു.

വള്ളങ്ങ“ളഷ്ടമുടി”താണ്ടിവടക്കുമാറി-
യുള്ളതടാകസവിധങ്ങളിലെത്തിയപ്പോൾ,
ഉള്ളത്തിലുൽക്കടമദത്തൊടെതിർത്തു “വാഴ്യ-”
ക്കുള്ളക്ഷയപ്രബലശാലികളാം ഭടന്മാർ.

വേഗത്തിലൂററമൊടു നീന്തിയു,മാഴമുള്ള
ഭാഗത്തു നീക്കുഴികളിട്ടുമടഞ്ഞു കൊൾവാൻ,
പ്രാഗത്ഭ്യ[1]മു“ള്ളരയസേന”കളോടു വായു
വേഗത്തി[2]“ലോടി”കളിലെത്തിയെതിർത്തു“വാഴ്യർ.”

ദ്രോഹത്തിനെത്തിയൊരു പോത്തിനെയൊത്തുകൂടി-
ഗ്രാഹങ്ങളെന്നവിധ,മീലഘുനാവികന്മാർ,
ആഹന്ത! വഞ്ചിപബലനാഥസവഞ്ചിസേനാ-
വ്യൂഹത്തെയുംകൊണ്ടു വളഞ്ഞു തകർത്തുടച്ചാർ.

ഭാരിച്ച വഞ്ചികളിൽ വഞ്ചിഭടക്കു പോരിൽ
ഭൂരിപ്രഗത്ഭതരശക്തി തിരിച്ചു കാട്ടാൻ,
നേരിട്ട ദുർഘട;മൊരുൽക്കടമാം വിപത്തു
വൈരിപ്രയോഗചതുരത്വമുദാഹരിച്ചു.

ഇക്ഷുദ്രസംഗരപരാജയവാർത്ത ചാര
ചക്ഷുസ്സ്, വഞ്ചിപതിമന്ത്രി, മഹീന്ദ്രരാഢ്യൻ
പ്രക്ഷുബ്ധമാനസമൊടൊത്തുധരിച്ചനന്ത
ചക്ഷുശ്ശ്രുതി പ്രകടകോപകരാളനായാൻ.

സ്വീയപ്രശസ്തതരയുദ്ധചരിത്ര ദീർഘാ-
ധ്യായത്തിലീയൊരു പരാജയ സംഭവത്താൽ,
കായംകുളത്തു പടചേർത്ത കളങ്ക, മുഗ്ര-
മായദ്വിജന്നസഹനീയതയേകിയുള്ളിൽ.

---

1 കായലോരത്തു താമസിക്കുന്നവരും കായബലമുള്ളവരുമായ ധീവരന്മാർ

2 അതിവേഗത്തിലോടുന്ന ഒരുതരം കളിത്തോണികൾ.

ആ വഞ്ചിസേനയുടെ നായകനല്ലതൊറാ-
ണീവന്ന തോൽവിയുടനെന്നു വെളിപ്പെട്ടതാൻ,
ആവശ്യമായി;തവനത്ര സമത്ഥഭാവി
സേവയ്ക്കുയോഗ്യത വിധിച്ചിതു മന്ത്രിവയ്യൻ.

ഉണ്ടായജ്ജാള്യമിതുമാതിരി തീത്തു; കൊല്ല-
ത്തുണ്ടായിരുന്നൊരവനീസുരനാമമാത്യൻ
രണ്ടാമ[1]തക്കരവഴിക്കു പടയ്ക്കൊരുക്കി-
ക്കൊണ്ടാശു"കല്ലട"കടന്നു ചെറുത്തു ചെന്നാൻ.

"രാമയ്യർ"തന്നെ പുതുതായ രണോദ്യമത്തി-
ലാമട്ടു പററിയ പരാജയമേററിടായ്വാൻ
സാമത്ഥ്യമോടു പടനായകകൃത്യയുക്ത
സാമഗ്രിസംഭരണഭാരമുരീകരിച്ചാൻ.

നാട്ടിപ്പതാകനെടുനീളെ, നടന്നു"ശൂര-
നാട്ടി"[2]ന്നതിത്തികളിലെത്തിയവാസരത്തിൽ
കാട്ടിക്കൊടുത്തു തദഭിധാനമഹത്വമോരോ
വീട്ടിങ്കലും വിമതപൌരപുരന്ധ്രിവർഗ്ഗം.

ഓരോരുമൺകുടിലുപോലുമൊരോ കരിങ്കൽ-
"ക്കാരോട്ടു"[3]കൊണ്ടു മതിൽകെട്ടിയ കോട്ടയേക്കാം,
വീരോചിതം പ്രബലപൌരരധൃഷ്യപൌരി-
മാരോടുമൊത്തഭിവംഘ്യത ചേത്തുകാത്താർ.

വായ്യോപസേനയുടെ ശാഖയുമെത്തി,[4]വാന്ത
ശൌയ്യോൽക്കടപ്രകടനത്തിനൊരുങ്ങിയപ്പോഠം,

---

1 കൊല്ലത്തിന്നു കിഴക്കുവടക്ക്.

2 കല്ലടയ്ക്കു വടക്കുപടിഞ്ഞാറു്,

3 ഒരു ലോഹവിശേഷം.

4 വമിച്ചു.

 34312

സൂൎയ്യാഗ്രശക്തിയോടുമഗ്നിപതിച്ചപോലെ
വീൎയ്യോദയദ്യുതിവിജൃംഭണമുത്ഭവിച്ചു.

"കൂടാതട്ടത്തു" "പടനായർ കുളങ്ങരെ,"*പ്പോ-
രാടാനൊരുങ്ങിയ തുരംഗചമൂഭടന്മാർ,
കൂടാരമോടിളകിയാശു കുതിച്ചു, കൂസൽ
കൂടാതെ വഞ്ചിവരസേനയൊടേറ്റുമുട്ടി.

ര,ണ്ടാറെതിൎത്തവയടിച്ചു മറിഞ്ഞു ചീറി-
ക്കൊണ്ടാഞ്ഞു മുട്ടിയ കണക്കെ, കടുത്തകാറ്റിൽ
ഉണ്ടായ കോൾക്കളികൾപോലെ, ഭവിച്ചു തമ്മിൽ
ക്കൊണ്ടാടി വാഹിനികളറ്റൊരുകൂട്ടിമുട്ടൽ.

അങ്ങോട്ടുകേറിയുമടിച്ചു, തിരിച്ചു വേഗ-
മിങ്ങോട്ടിറങ്ങിയു,മനിശ്ചിതമിച്ചമൂക്കൾ,
എങ്ങോട്ടു പോക്കിനിയുമെന്നറിയാത്ത യുദ്ധ-
ത്തുംഗാൽക്കടപ്രളയമൊമ്പതുനാൾ നടന്നു.

സാചിവ്യമുള്ള ധരണീസുരനത്ര, സവ്യ-
സാചിക്കുദിച്ചൊരു മനസ്ഥിതിയോടുമന്നാൾ,
യാചിച്ചു തമ്മിലൊരുകാഴ്ച, വയോധികശ്രീ
വൈചിത്ര്യമാൎന്ന പടനാഥനുമായ് നയത്തിൽ.

ആദിത്യതീക്ഷ്ണത വഹിച്ചതിനോടുകൂടി-
യാദിവ്യശാന്തിപദസേവയുമാൎന്ന "വാൎയ്യർ,"
വേദിച്ചപേക്ഷയുടെ മൎമ്മ,മെതിൎത്തു മിഥ്യാ-
വാദിച്ചിടാ,തതിനു സമ്പ്രതി സമ്മതിച്ചാൻ.

വേഴ്ചയ്ക്കുമാത്യരിരുപേരുമടുത്തു,കൂടി-
ക്കാഴ്ചയ്ക്കൊരുങ്ങിയൊരു നിശ്ചയ,മാഹവത്തിൽ
കീഴ്ച്ചട്ടമൊത്തൊരു വിരാമമണച്ചു; മേലൊ-
രാഴ്ചയ്ക്കു വിശ്രമമുദിച്ചിതു പോർക്കളത്തിൽ.

---

* കരുനാഗപ്പള്ളിയുടെ തലസ്ഥാന നഗരം.

തല്ക്കാലസംഗരവിരാമമൊടൊത്തു, സദ്യ-
സല്ക്കാരമൊന്നു വസുധാസുരമന്ത്രിവര്യൻ,
സല്ക്കാര്യനാന്ദിമുഖമായി നടത്തി, വൃഷ്ടി-
നില്ക്കാനിളംവെയിൽ വിരിച്ചതുപോലെയർക്കൻ.

ലോലാംഗ [1] നാംഗുലിക,ളുത്തമ [2] മത്തഹസ്തി-
മാലാശിരസ്സുക,ളഭോഗഭുജം [3] ഗമങ്ങൾ,
ബാലാ [4] പയോധരഗണങ്ങളുമാർന്നു,പാക-
ശാലാർദ്ധഭാഗമൊരു വിസ്മയരംഗമായി.

ചാരം[5] പുരണ്ടവ, രരണ്യ[6] തലത്തിനുള്ളി-
ലാരമ്യവസ്ത്രമൊടിരുപ്പവ,രാറെറാഴക്കിൽ,
തീരത്തു[7] തുള്ളമവ,രായത[8] ദന്തിദന്ത-
പൂര,ത്രി[9] ലോചനരുമത്രനിരന്നിരുന്നാർ.

മുള്ളന്റെ നേർ[10] മുതുകുകീറിമുറിച്ചു,മുവ-
രുള്ളത്തിലുള്ളകടൽമാല വലിച്ചെടുത്തു;
തള്ളസ്സു[11] ചങ്ങളെയരിഞ്ഞു;[12] തടിച്ചവന്റെ
പള്ളസ്സുവെട്ടി; ഒരു വിപ്ലവ[13] മുത്ഭവിച്ചു.

ഊണിന്നു വേണ്ടവിഭവങ്ങളെ,വഞ്ചിമന്ത്രി-
മാണിക്യമന്ദിരമഹാനസസേവകന്മാർ,
പാണിപ്രവീണതയൊടൊത്തു പചിച്ചു,തേന്നും
നാണിക്കമാറമൃതു,മാരുചി നോക്കിടുമ്പോൾ.

---

1. വെണ്ടയ്ക്ക. (Ladys finger) 2. മത്തങ്ങ 3. പടവലങ്ങ 4. വൃഥുലകുചങ്ങൾ, മാതളനാരങ്ങ, മധുരനാരങ്ങ മുതലായവ. 5. കുമ്പളങ്ങ (ചാരംപുരണ്ടവൻ ചന്തയ്ക്കുപോയി) 6: കടച്ചക്ക (apple) (കാട്ടിൽ പട്ടും ചൂടിയിരിക്കും) 7 പാവക്ക 8 ആനക്കൊമ്പൻ വഴുതനങ്ങ 9 തേങ്ങ (മുക്കണ്ണൻ) (നാളികേരം) 10. ചക്കവെട്ടിക്കീറിചുളയെടുത്തു. 11. വെള്ളരിക്കനുറുക്കി. 12. തടിയൻകായ് മുറിച്ചുനുറുക്കി 13 കറിയ്ക്കുവെട്ട്. മൂന്നു പേർ യഥാക്രമം ഇങ്ങനെ കറിയ്ക്കുവെട്ടുനടത്തി.

കൈലാസ[1] ശൈലഗണന, മത്ഭുത[2] പൂർണ്ണചന്ദ്ര-
മാലാവിലാസമൊടു, പീത[3] വിഹംഗമങ്ങൾ,
[4]പാലാഴി,[5] ഇക്ഷുരസവാഹിനി,[6] വജ്രഖണ്ഡ-
കോലാഹലങ്ങളുമുയൎന്നു മഹാനസത്തിൽ.

സൂൎയ്യപ്രകാശമണിയും തുണികൊണ്ടു, ശില്പി-
സൂൎയ്യഗ്രഗണ്യരൊരുപന്തൽ പണിഞ്ഞുതീൎത്താർ;
വാൎയ്യക്കതിന്റെ ഒരു പൂമുറിയിൽ, സമസ്ത-
കാൎയ്യജ്ഞനാം സചിവനന്നിലവെച്ചിരുന്നാൻ.

മുറവുള്ള സൈനികജനപ്രമുഖൎക്കു, ഭംഗി-
മുറവുന്നവേറെയൊരു കൊട്ടിലുമിട്ടിരുന്നു;
ചുറ്റും വിശാലതകലൎന്നു വിചിത്രവൃത്തി
പെറവുള്ളതൊന്നു പൊതുഭക്ഷണശാലയായി.

കാണിക്കനേരു സമയത്തിനു പാറിടാതെ,
യൂണിന്നു, വാൎയ്യരിരു ചാരുഗുണാംശുകങ്ങൾ
താണിട്ടുടുത്തു, വിലയേറിയൊരുത്തരീയം
കോണിച്ചു മാറിലുമണിഞ്ഞു, സമാഗമിച്ചാൻ.

പട്ടാംബരങ്ങളുമണിഞ്ഞു, പഴുത്തതങ്ക-
ത്തച്ചിട്ടാളി, മാംസളകരാളബരനായവാൎയ്യർ
പട്ടാളസേവയൊടുവന്നു, തരംഗിതാബ്ധി-
തട്ടാൻയന്ന ബഡവാനലനെന്നപോലെ.

രാമയ്യരാശു, ബഹുമാനസഹാനുഭാവ-
പ്രേമസ്ഫുടപ്രകടനോദ്ദയ പൂൎവ്വമപ്പോൾ,

---

1. അരിവെച്ചു വെള്ളപ്പരമ്പുകളിൽ ചോറു കുന്നുകുന്നായി കൂട്ടിയിരിക്കുന്നതു്. 2. വലിയപർപ്പടം കാച്ചിയെടുത്തതു്. 3. മഞ്ഞക്കിളികൾ (വാഴപ്പഴങ്ങൾ) 4. പാലടപ്രഥമൻ അഥവാ പാൽപ്പായസം 5. ശക്കരപ്രഥമൻ 6. വജ്രഖണ്ഡരൂപത്തിൽ (Diamond Cut) വറുത്തെടുത്ത ഏത്തക്കാ കൊണ്ടുള്ള ഉപ്പേരി.

ത്തുമന്ദഹാസരുചി തൂവിയടുത്തു ചെന്നാ-
നാമന്ത്രിവര്യനെ മുറയ്ക്കെതിരേറ്റുകൊൾവാൻ.

ശ്രീ കൂടിടുന്ന കരവാൾ പിടിമുദ്രയുള്ള-
കൈക്കൂപ്പി,വാര്യരവനീസുരഭക്തിവായ്പാൽ,
ഭീ,ക്രൂടവൃത്തികളിലേറിട്ടമാറുദിണ്ണ-
സാകൂതമന്ദഹസിതാഭ പൊഴിച്ചുകൊണ്ടാൻ.

സുസ്വാഗതോക്തി സുകുമാരദൃഢാല്പമാത്ര-
ഹ്രസ്വാംഗനാം മഹിതവഞ്ചിപമന്ത്രിചൊന്നാൻ;
അസ്വാസ്ഥ്യമേതുമിയലാതൃജുബുദ്ധി വാര്യ-
രസ്വാമിയോടു് കുശലോക്തികളുത്തരിച്ചാൻ.

കണ്ണാദരാലതിഥിതന്റെ, ഗഭീരഭാവ-
മെണ്ണാനണഞ്ഞി, തതിലീർഷ്യയൊടന്തണേന്ദ്രൻ,
കണ്ണാടിയിട്ട തളമാർന്ന മുറിക്കകത്തേ-
ക്കുണ്ണാനനന്തരമമാത്യനെയാനയിച്ചാൻ.

സദ്യയ്ക്കുവാര്യരെയിരുത്തി, ഉപായതന്ത്ര-
വിദ്യയ്ക്കെഴുന്ന പരമാം കര കണ്ടവിപ്രൻ,
ഉദ്യൽപ്രസന്നതയൊടൊത്തരികത്തു, മന്ദ-
ഹൃദ്യപ്രഭാഷണപുരസ്സരമത്ര നിന്നാൻ.

“ഊണിന്നു വട്ടമൊരുമട്ടിലൊരുക്കി വെച്ച-
താണി,ന്നതിന്നു കുറവേറെയുദിച്ചിരിക്കാം;
നാണിച്ചു കാളനൊടെതിർത്തു പുളിച്ച സാംബാ-
റാണിക്കറുത്ത കറി; കായമതിക്രമിച്ചോ?

ഉപ്പേറി,കൂട്ടുകറികൂട്ടുകവേണ്ട;ചേന-
യുപ്പേരിയോ, ചെറിയതായ് ചൊറിയുന്നുവല്ലോ;
കപ്പേലിടേണ്ടതരമാക്കിയളിച്ചു ചോറു-
മിപ്പേപിടിച്ചു “മലയാളമഹാനളന്മാർ.”

"നോക്കേണ്ടതല്ല കുറവീവകയൊക്കെ; നേരം-
പോക്കെങ്ങൾക്കിതിനിത നിരൂത്തി; ഇനിത്തരത്തിൽ
ഊക്കേറിടുന്നൊരു ഭവാന്റെ ചെവിക്കുമാത്രം-
കേൾക്കേണ്ടതാമരിയ തന്ത്രരഹസ്യമോതാം.

"പൂജാർഹപാരശവപണ്ഡിത!, പൂർണ്ണവഞ്ചി-
രാജാവിനൊത്തൊരു മഹാസചിവാസനത്തിൽ,
ആജാനുബാഹുവെഴുമങ്ങിനി വാഴ്ക;എന്റെ-
ധീ,ജാതകൗതുകമതിന്നു കൊതിച്ചിടുന്നു.

"ഞാനന്യഥാ പറകയല്ലുപമന്ത്രിയായി-
ട്ടാനന്ദമോടു ഭവദാജ്ഞ നടത്തിവാഴാം;
ജ്ഞാനത്തിനാണു; ജനനങ്ങളിലല്ല മേന്മ;
നൂനം പ്രമാണമിതു നൂതനമല്ലയല്ലോ.

"ഈയാശയം വെറുമിവന്റെ മനോവിലാസ-
മായാവിജൃംഭണനഭോനവസൂനമല്ല;
ശ്രേയാർഹപൗരുഷവിരാജിത വഞ്ചിപേന്ദ്ര-
ന്യായാധികാരവിനിയോഗവിശേഷമത്രേ."

ഉദ്ദേശപൂർവ്വമുപജാപകരാളമന്ത്ര-
മദ്ദേഹമിങ്ങനെ ജപിച്ചു നിറുത്തിയപ്പോൾ,
തദ്ദേശകാലപരിതസ്ഥിതിയോർത്തു, വാഴ്വ-
രദ്ദേഹമുത്തരമതിന്നു ചിരിച്ചുരച്ചാൻ:—

"ഭോജ്യാനഭിജ്ഞനഹമോതുവതെന്തു? വഞ്ചി-
രാജ്യാധിപൻ സകലചാരു കലാവിദഗ്ദ്ധൻ;
പൂജ്യാതിഥേയ,നതുവല്ല മഹാവിരാട-
രാജ്യാധികാരിയെയുമത്ര ജയിച്ചിടുന്നു.

"സാമ്പാറിനില്ല പുളിക്കുറ്റത,ലൊട്ടുചോറു-
കുമ്പാരമിട്ടു കഴയാനിടയായതാവാം;

ചെമ്പാണു, ചേനചൊറിയുന്നതുമില്ല; പുത്തൻ-
തേമ്പാകമായി വിഭവങ്ങളഭംഗമെല്ലാം.

"കുററപ്പെട്ടുത്തിടുക വേണ്ടൊരു വസ്തുപോലു-
മൊററയ്ക്കു ചൊല്ലുവതിനില്ലയിവററിലേതും;
തെററപ്പൊഴപ്പൊഴുതു ജോലിയെടുപ്പവക്കു
ചൊററുപറവതു ചേടകഭാവമല്ലോ.

"ധൎമ്മാൎത്ഥിതന്റെ ധരണീശ്വര മന്ത്രിവൎയ്യ!
നൎമ്മോക്തികേട്ടു തവ, നാഡികളുത്തിടുന്നു;
ദുൎമ്മോഹമില്ലധികദുൎവ്വഹ വഞ്ചിമന്ത്രി-
കൎമ്മോപവീതമിവനിന്നുരരീകരിപ്പാൻ.

"വഞ്ചീശമന്ത്രിവരപീഠമണിഞ്ഞു, കണ്ണു-
മഞ്ചീടുമഞ്ചിത വിരിപ്പിലിരുന്നുകൊൾവാൻ,
തഞ്ചീടുമസ്സുകൃതമില്ലിവനേതു,മെന്റെ-
നെഞ്ചീവഴിക്കു തിരിയുന്നതുമല്ലൊരിക്കൽ.

"സദ്യസ്സുസന്നിഹിതനായതു, സംഗമത്താൽ
സദ്യസ്സമാപ്തി സമരത്തിനു സംഭവിപ്പാൻ;
സദ്യത്നമായതിനു ചെയ്യുകനാ;മതിന്റെ-
യുദ്യൽപ്രയോഗപരിപാടി രചിക്കവേണ്ടു.

"നാളോളു,മെന്റെ ഹൃദയേശ്വരനായിരിക്കു-
മാളോടു,മെന്റെ ജനനാവനിയോടുമിപ്പോൾ,
വാളോടെതിർപ്പതിനു ചെയ്തുപദേശമുള്ളിൽ
ക്ഷേപളോപമം കഠിനയാതന ചേൎത്തിടുന്നു.

"ധൎമ്മാവനീശനതിമാത്രമധൎമ്മമാമി-
ദുൎമ്മാൎഗ്ഗകല്പന പുറപ്പെടുവിക്കയില്ല;
നിൎമ്മായമേകകുടിലാശയകൂടതന്ത്ര-
നിൎമ്മാണവസ്തുവിതു; നീതിവിരുദ്ധമല്ലോ."

സ്വാമിത്രപാരശവവാക്ധ്വനി വാസ്തവത്തിൽ,
സാമിത്രപാരഭസബീജ വികാരമുള്ളിൽ
സ്വാമിക്കുചേത്തു; പുനരെങ്കിലുമാവികാര–
വ്യാമിശ്രചിഹ്നമുപഗൂഹനമാർന്നുനിന്നു.

ഇഷ്ടാനുകൂലമിവരത്ര പരസ്പരം, നി–
ർദ്ദിഷ്ടാത്മസൂക്ഷ്മ പരിമാണമെടുത്തിടുമ്പോൾ,
ശിഷ്ടാനുഗാമികളനന്യമനസ്കരായി
മൃഷ്ടാന്നഭക്ഷണപരായണരായിരുന്നു.

[1] ചെങ്ങാതിചെണ്ടമുറിയന്റെ വധാം ചെടിപ്പു–
തങ്ങാതെ പത്തരുപതാശു കഴിച്ചുവല്ലോ;
[2] മങ്ങാത്തയമ്പിളികളമ്പതുടച്ചു; ചാടി,
[3] മുങ്ങാനിറങ്ങിയതുമുൽഗകഷായവാർപ്പിൽ.

[4] 'എന്താണുമാടു പിടയുന്നതു കീഴ്‌വയററിൽ?
[5] സന്താനബീജമൊടു കോഴികൾ ക്രുവിടുന്നോ?
[6] ചിന്താടുമാടുകളുമുണ്ടി,തുപാകശാസ്ത്ര-
ചിന്താർഹകാര്യമുദരോത്സവമത്സരത്തിൽ

[7] പൊട്ടുന്നിതാവെടികൾ; പോർവിളി [8] പോർക്കളത്തിൽ
ഞെട്ടുന്നമട്ടിലിടയിട്ടു വരുന്നുമേന്മേൽ;
[9] മട്ടുള്ളരക്തമധു,യോധരൊഴിച്ചു താഴേ–
തട്ടുന്നതാറുവഴിയായൊഴുകുന്നുവല്ലോ.

---

1. പഴംനുറുക്ക്. 2. പർപ്പടകം. 3. പരിപ്പ് (പ്രഥമൻ) 4. ആടിന്റെ മാംസംകൊണ്ടുള്ള ആഹാരം. 5. കോഴിമുട്ട, കോഴി മുതലായവയെക്കൊണ്ടുണ്ടാക്കിയതു്. 6. ആട്ടുമാംസംകൊണ്ടുണ്ടാക്കിയതു്.

ഭടന്മാർക്ക് ഇഷ്ടമായുള്ളതു് മാംസാഹാരങ്ങളാണല്ലോ. "Military Meal" എന്നു പ്രസിദ്ധമാണല്ലോ.

7. പർപ്പടംപൊട്ടിക്ക, ഉപ്പേരികടിക്ക മുതലായതു്. 8. നീട്ടുവിളി. 9. ചുവന്ന മദ്യം.

ഉന്നത്തിലുണ്ടകളുയൎന്നുപാറുന്നു വേഗ-
മന്നക്കുഴൽക്കുഴിയിലേക്കു കടന്നിടുന്നു
* സ്വിന്നസ്വരൂപമൊടുമായുധമാൎന്നഭീമ-
സന്നദ്ധസംഘമതിസത്വരമെത്തിടുന്നു

ആലോഭനീയ നവലക്ഷണശാലയേവ-
മാലോകനത്തിന്നൊരടക്കളമെന്നപോലെ,
സ്ഥൂലോദരാക്ഷതഭടക്കു, സുരാഭികാമ്യ-
ലീലോത്സവത്തിനൊരു സുന്ദരരംഗമായി.

എല്ലാവരും സരസമൂണു കഴിഞ്ഞു, സന്ധി-
സല്ലാപസജ്ജമതിമോഹനമണ്ഡപത്തിൽ,
വല്ലാതെയുൽക്കലികയാൎന്നു ഫലത്തി,ലെന്നാ-
ലുല്ലാസമോടുമണിയിട്ടുപവിഷ്ടരായാർ.

ആഴിക്കകത്തു മണിമാലകൾപോലെ,യാവ-
നാഴിക്കകത്തു ശരമാലകൾപോലെ, കാണ്മാൻ,
നാഴിക്കകത്തു കതിർനെല്ലുകൾപോലെ,-നാടു-
വാഴിപ്രഭുക്കൾ നിലയത്തിൽ നിരന്നിരുന്നാർ.

താരങ്ങൾപോലെ തെളിവാൎന്നു നഭസ്സിൽ,വജ്ര-
ഹാരങ്ങൾപോലെയുശിരേറിയ മാറിടത്തിൽ,
സാരംഗസന്തതികൾപോലെ വനത്തിനുള്ളിൽ,
പൗരപ്രമാണികളുമെത്തിയണിക്കിരുന്നാർ.

നീളത്തിരക്കളിയിലക്സമഗ്രചന്ദ്ര-
ഗോളങ്ങളേക സമയത്തുദയാദ്രിയിന്മേൽ,
മേളത്തിലൊത്തു വരവായതുപോലെ, ചക്ര-
വാളത്തിലെത്തി സചിവോത്തമസത്തമന്മാർ.

---

* വിയൎത്തൊലിച്ചു ദേഹണ്ഡ'ക്കാരും വിളമ്പുകാരും ചട്ടുകം, തവി മുതലായവയോടുകൂടി ഭീമനേ (വലലനേ)പോലെ വരുന്നു.

"ശ്രേയസ്സോടൊത്തു വിജയിക്കുക, വഞ്ചിരാജ്യ-
കായംകുളക്ഷിതിപമന്ത്രി വിശാരദന്മാർ"
ആയത്തിലങ്ങനെ ജയാരവമന്തരാള-
വായവ്യമണ്ഡലമുഖത്തിലടിച്ചുയർന്നു.

"ഉൽക്കർഷമോടുമിഹ വഞ്ചിമണാള, വെൽക!
ഉൽക്കണ്ഠയററരിയ കായതദേശ, വെൽക!"
തൽക്കർമ്മധീരരെയിതപടി മാറി മാറി-
കൽക്കണ്ടതാരവിജയധ്വനി സഞ്ചരിച്ചു.

രണ്ടാളുമത്യുചിത വേഷ വിശേഷഭംഗി
കൊണ്ടാക്കമാദരസഹോദരഭാവമുള്ളിൽ,
ഉണ്ടായിടുന്ന വിധമാ,യധികാരമുദ്ര-
കൊണ്ടാടി മോടിയിലണിഞ്ഞു സമാഗമിച്ചാർ.

പട്ടാളകാഹളനിനാദമുയന്നു; ഭേരി-
കൊട്ടാൻതുടങ്ങി; വെടിയൊന്നിനു മേല്ലുമേലേ
എട്ടാശയും പൊടിയുമാറു തകത്തു; ചാരു
പട്ടാംബരക്കൊടികളാടി സഭാമുഖത്തിൽ.

ഒന്നായി വേഗമെഴുനേററു സദസ്യരെല്ലാ-
മൊന്നാംകിടക്കു വരിയിട്ടുപനായകന്മാർ
വന്നാദരിച്ചു മുറപോലെതിരേററുകൊണ്ടു
ചെന്നായവക്കുളിയൊപ്പമിരിപ്പിടങ്ങാം.

ചേലൊട്ടുപൂർവ്വചരിതാദ്ഭുതസന്ധിതന്ത്ര
ജാലോക്തിഭാഷ, മഷിമാറി നവീകരിപ്പാൻ
കാലോചിതം കലഹപൂണ്ണു വിരാമപൂർവ്വ-
മാലോചനാവിഷയമായി പുനസ്സദസ്സിൽ.

"രണ്ടുനാടിനുമതിത്തിരേഖ വിരചിച്ചു,
    രഞ്ജന നയങ്ങളിൽ
കൊണ്ടുപോയിടണമത്ര ഭാവി ഭരണക്ര-
    മങ്ങളതി ഭംഗിയിൽ;

പണ്ടുടിച്ച പകയൊക്കെ നീങ്ങി,പരസംവി-
ധായക വിളൂതിയിൽ
കണ്ടുപോകരുതു കാരണങ്ങളിരുകൂട്ട-
രും പടകൾ കൂട്ടുവാൻ."

"സംഗരത്തിനു സമഗ്രമായൊരു വിരാമ-
മിട്ടു ഉഭയവാഹിനീ-
തുംഗതയ്ക്കു കുറവാശുചെയ്തു,തിനുതുല്യ
മായ നില നൾകുവാൻ,
ഭംഗമറെറാരു കരാറു ചേർത്തു നടത്തി-
നോക്കണം, മുദിക്കണം
മംഗളപ്രദ മഹാരാജ്യശാന്തിരസകാന്തി-
സന്തതികൾ സന്ധിയിൽ."

ഈയുപാധികളടങ്ങുമാറതി നവീന-
മായിട്ടുമുടമ്പടി-
ക്കാ,യുദാരമതിയായ വാഴ്വരൊരുവാദ
ധോരണി വരിക്കയാൽ,
"സായുധപ്രകടനം വഴിക്കു ഗുണമിപ്പൊ-
ഴില്ല വരുവാ"നിതി-
ശ്രീയുതദ്വിജനറിഞ്ഞു; സന്ധി സഫലീക-
രിച്ചിതു സമാപ്തിയിൽ.

ആ വാഴ്വരേവമനിവാഴ്വഭടേശമന്ത്രി -
ഭാവാധിപത്യമൊട്ടു കായതടാകത്തുവിൽ,
ചാവാതിരിക്കുവതു നാൾ വരെ, നേർവഴിക്കു-
പോവാവതില്ലിനിയുമെന്നു ധരിച്ചുവിപ്രൻ.

വഞ്ചിക്ഷിതീശനുടെ വാഞ്ഛിത ഭൂവിലെത്താൻ
വഞ്ചിക്കയേ വഴി വളഞ്ഞു കിടപ്പതുള്ളൂ;

സഞ്ചിന്ത്യമല്ലരിയധർമ്മനുപന്നു നെഞ്ചിൽ-
ക്കിഞ്ചിൽ സനാതനമതത്തെ മറന്നുപോവാൻ.

ശ്രീധർമ്മഭൂപനറിയാതെ, യധന്യഭീരു-
യോധക്കു ചേരുമൊരചാരുപഥത്തിലേറാൻ
വ്യാധന്റെ ബുദ്ധിയൊടു, വഞ്ചിപമന്ത്രിയാത്മ-
ബോധം ത്യജിച്ചു ദൃഢനിശ്ചയമത്രചെയ്താൻ.

ഹാ! സംഗരത്തിനു സമഗ്രവിരാമമിട്ടു-
മാസങ്ങളൊട്ടു ചിലതങ്ങു കഴിഞ്ഞി,തെന്നാൽ
ആ, സന്ധി കല്പിത കരാറുകളാചരിപ്പാ-
നാസക്തി വഞ്ചിസചിവാഗ്രണി കാട്ടിയില്ല.

ചാണക്യഭൂസുരഗുരുപ്രവരാംഘ്രിസേവ-
യ്ക്കാണപ്പിജന്റെ മനതാരു തിരിഞ്ഞതപ്പോൾ;
ബാണപ്രയോഗമടിതെററിയടത്തു, ചാര-
ശാണപ്രഘർഷിതകൃപാണമെടുത്തു വെൽവാൻ.

ഒററയ്ക്കുയുദ്ധകവചാവൃതനായ് സഹായ-
മററസ്ത്രവാഹന വിഹീനനുമായി വാഴ്വർ
ഉററംഗരക്ഷകരോടൊത്ത ന്യൂഹൽഗണത്താൽ
ചുററപ്പെടാത്തൊരു മുഹൂർത്തമറിഞ്ഞു ചാരർ.

ശാന്തത്രയോദശിദിനങ്ങളിലപ്രമേയ-
കാന്തപ്രദോഷസമയത്തു മുടക്കമെന്യേ,
സ്വാന്തസ്സമാധിയൊടുമച്യുതവാഴ്വർ, ഗൌരീ-
കാന്തനു സദ്വ്രതനിഷേവകൾ ചെയ്തിരുന്നു.

ശ്രീ "കണപമംഗല" മഹേശപരമന്ദിരത്തി-
ലേകത്രയോദശി മഹാവ്രതപൂരണാർത്ഥം,
ലോകത്രയശപദദർശനകാംക്ഷയോടു-
മാക്രമസന്ധ്യയിലണഞ്ഞിതു ശൈവഭക്തൻ.

നല്ലാ*വണിപ്പലകമേലിനനസ്ഥമിക്കെ-
യുല്ലാസകാന്തിഗതിരനാക്കിയിരുന്നു ധന്യൻ,
മുല്ലായുധാരിയുടെ മംഗളമഞ്ജുളാംഘ്രി-
ഫുല്ലാരവിന്ദമധുഭക്തിനിമഗ്നനായാൻ.

ഭീകാളുമാറവിടെയേറിയവാറുമപ്പോ-
ളേകാന്തമായിരുളടഞ്ഞൊളിയമ്പലത്തിൽ,
ഏകാഗ്രബുദ്ധിയൊടിരുന്ന മഹാനെ, വിട്ടു-
പോകാതെ ഘാതകരടുത്തുവളഞ്ഞിരുന്നു.

ഒട്ടിരുട്ടിലവരിൽ പ്രമാണിപുറകേയ-
ടുത്തിതു; വലത്തുകൈ-
വെട്ടി; താഴെയതുവീണു; സമ്പ്രതിസമഗ്ര
മാകിയ സമാധിയിൽ,
പെട്ടിരുന്ന നരസിംഹവർമ്മനെഴുന്നേററു,
വഞ്ചനയറിഞ്ഞു, വേർ-
പെട്ടിടാതിടതുപാണിയാൽ പലകവാൽപി-
ടിച്ചു ഗദയാക്കിനാൻ.

ഓടി, രക്ഷപെടുവാനൊരുങ്ങിയൊരു ഭീരു-
വിൻെറ തലയോടിനെ-
ത്താടിയെല്ലൊടുതകർത്തു തൽക്ഷണമുറച്ച-
മല്ലപരിപാടിയാൽ,
ചാടിവീണിതു നടുക്കു ശത്രുവലയത്തിൽ;
നിർജ്ജരവധൂടിമാർ
ധാടിയോടുമുരരീകരിച്ചിതു ശരിക്കെതി-
ത്തവരെ വാടിയിൽ.

* ആവണിപ്പലക = പൂജാദിസൽക്കർമ്മങ്ങളിൽ ഉപയോഗിക്കുന്ന ഒരുമാതിരി വാലുള്ള പലക. പലകയുടെ വാൽ ഇടതുവശത്തേക്കിട്ടിരുന്നാണു് ക്രിയ ചെയ്യേണ്ടതു്.

വീണ്ടുമാക്രമണമാന്റു; ദുഷ്ടരെയടിച്ചു
വീഴ്ത്തി;യൊരിടത്തു കൈ-
താണ്ടുമപ്പലക ഭീമസേനഗദപോലെ,
ഭീതികരവീശലിൽ,
പൂണ്ടുശോണിതരസപ്രകാശമിടിമിന്നൽ
പോലെയിടയിൽ; ജഗ-
ത്താണ്ടുപോയിതു കലാപകമ്പനസമുത്ഥ
സത്വരസമീരനിൽ.

സാദമററസുരജീവിതാസവമദത്തൊ
ടൊത്തു വിലസുന്ന കൗ-
മോദകിക്കുസമമച്യുതന്റെ പരിശുദ്ധി
യാന്ന ഫലകായുധം,
വേദസാരനിധിയെസ്മരിച്ചു വല(ള)യുന്ന-
വക്കു വലുതായ ഗ്ഗ-
ദോദനയ്ക്കിടവരുത്തിടാതെ ലഘുമോക്ഷ-
മാഗ്ഗമരുളിദ്രുതം.

നൂററിയമ്പതു ഫലക്കു, നൂപുരചമൂവി-
ധാനമടിയ പൊളി-
ച്ചാററിലെ പ്രളയമെന്നപോലെ,യതിർത്തട്ടി-
മാററിയെതിർ ശക്തിയാൽ
തോററിടാതെ വിഗളിച്ചു വാഴ്ത്തുടെവീഴ്ച!
അത്ഭുതകരം, കൊട്ട-
കാററിനൊപ്പമുളവാക്കിയുൽക്കടവിനാശ-
മുൽക്കയെഴുമന്തിയിൽ.

കങ്കു[1]മപ്പലകതാഴെയിട്ടഥ കുതിച്ചു-
    ചെന്നു പിടികൂടി,യ-
പ്പിങ്കുട്ടമ്മയിലൊരാളെ, നോക്കിയുടനാള-
    റിഞ്ഞ,ധികധാർമ്മികൻ
തൻകുലത്തിനൊരിളാസുരൻെറ കൊലകൊണ്ട-
    നന്തസ്കൃതക്ഷയം-
തങ്കുവാനിടവരുത്തിടാതെ, ഭയവിഹ്വ
    ലന്നഭയമേകിനാൻ.

അത്രയോദശദിനത്തിലന്തിയിലനന്തമായ മഹിമാവിയ-
ന്നെത്രയോദശദിക്കുദേവമുനിയക്ഷഗായക വിചക്ഷണർ,
ചിത്രഭംഗിയൊടു നോക്കിനില്ക്കെ, നടമാടിടുന്നൊരു ന
ടേശനോ-
ട,ത്രരൗദ്രതവഹിച്ചവാഴ്ശ്ശരിഹ തുല്യനായ് തുമു[2]ലതുള്ളലിൽ.

*   *   *   *   *   *   *

പ്രാണഭീതിയൊടുമോടി മറുഖലരൊക്കെയാശു; തരസാ
പരി-
ക്ഷീണനായ് വ്രതഭുജക്ഷതാഹവമഹോൽക്കടോദ്യമഫല
ങ്ങളാൽ,
വീണടുത്തഥ നടയ്ക്കുനേർക്കു ശിവകേതനാത്മസുകൃതത്തിനാ-
ലേണപാണിയുടെ കീർത്തനത്തൊടു, ശയിച്ചു ശാന്തിമൃദു
ശയ്യയിൽ.

(അമ്മ പറഞ്ഞുകേട്ടിട്ടുള്ള ഐതിഹ്യത്തെ ആസ്പദമാക്കി എഴുതിയതു്.)

★

1 ചോരയിൽ ആറാടിയ
2 സംഹാരനൃത്തം

# ഖണ്ഡകൃതികൾ

# വീരസൂ

## 1

34312

വഞ്ചിച്ചച്യുതവാഗ്ഝരെസ്സുരവധൂലക്ഷോരുവക്ഷോരുഹ–
ച്ചെഞ്ചിത്രാഞ്ചിതകുങ്കുമപ്പൊടിത്തുലോം ചാർത്തിച്ചു; സൽക്കീർത്തിയിൽ
കിഞ്ചിൽച്ചേർത്തു കളങ്കപങ്കതിലകം, കിമ്മീരതന്ത്രജ്ഞനാം–
വഞ്ചിക്ഷ്മാസചിവൻ സ്വ[1] വാമനമനോഭാവ സ്വഭാവത്തിനാൽ.

വസ്തുസ്ഥിത്യവഗണനാക്രമകഥാദ്ധ്യായങ്ങ,ളദ്ധ്യാപക–
പ്രസ്തുത്യർഹചരിത്രഭാഷകളിലീ "പ്രാസ" പ്രയോഗങ്ങളെ
നിസ്തുല്യാത്ഭുതരാജ്യതന്ത്രജയമായ്ച്ചിത്രീകരിക്കുന്നു; ഹാ!
കൃസ്തുശ്രീജ്ജിനബുദ്ധകൃഷ്ണഭഗവൽഗീതാമൃതം വിസ്മൃതം

കൈരാതച്യുതികൈതവപ്പണികളാൽക്കൈവന്ന[2] കൈദാരിക–
ശ്രീരാജ്യായുതസൈന്യനാഥസചിവോത്തംസന്റെ വേർ [പാടിനാൽ
നാരായാശ്രയവേരരിഞ്ഞുനതമായ് നാശോന്മുഖാവസ്ഥയിൽ,
പേരാൽപോലെ,വസിച്ചു പേർപുകഴുമാ "ക്കായംകുള" ക്ഷ്മാധവൻ.

വാളേന്തുന്ന വലത്തുകൈ അരചനും; വാൾ കൃപാളിത്തിര–
ക്കോളേലെത്തിയസൂനുതൻ[3] പ്രിയസവിത്രിക്കും പ്രവർത്തിക്കുവാൻ

---

1 വാമനമനോഭാവം=ഹ്രസ്വബുദ്ധി; വാമനന്റെ മനോഭാവം എന്നും. വാമനൻ മഹാബലിയെ വഞ്ചിക്കുകയാണല്ലോ ചെയ്തതു്

2 കൈദാരികശ്രീരാജ്യം=വലിയ വയലുകളുള്ള ഐശ്വര്യമേറിയ രാജ്യം. വീരവിയോഗത്തിൽ കായംകുളത്തിന്റെ വർണ്ണന നോക്കുക

3 മകന്റെ ഷഷ്ടിപൂർത്തിയടുത്തിരുന്നതുകൊണ്ട്, അമ്മയ്ക്കു ശതാഭിഷേകവുമടുത്തിരുന്നിരിക്കണം

നാളേയ്ക്കുള്ളതു കണ്ടിട്ടന്നൊരു മഹാ [1]സേനാനി,-സേനാനിയെ
ക്കാളേറക്കുറയാത്തവൻ —ചമൂവിനും; ചാരത്തിലെത്തീടിനാൻ.

ഏറത്താമസമെന്നിയേ, കഠിനമായ്, കായംകുളം, കാളിമേൽ-
നീറത്തക്കനിശാനിഷാദശരജവ്യാമോഹധൂമോർമ്മയിൽ,
മാറത്തോളമടിച്ചുയർന്നു പുളയുന്നേരം, പുതുപ്പോർക്കൊടി-
ക്കൂറപ്പാറലൊടെത്തി, വീണ്ടുമവിടെ ശ്രീവഞ്ചീശീർഷാസികൾ.

കപ്പിത്താന്റെയഭാവദുഃസ്ഥിതികളിൽ, കോൾകൊണ്ടവാ
[രാശിയിൽ
തപ്പിക്കൂരിരുളിൽക്കിടന്നുഴറിടും പായ്കപ്പലിൽ പാർപ്പുകാർ
കപ്പിത്തീക്കനലുണ്ടു കമ്പമുയരും കായംകുളക്കാർ മദം-
തുപ്പിത്തുപ്പിയടുത്ത വഞ്ചിഭടരെക്കണ്ടമ്പരന്നീടിനാർ.

ഭൂരി [2]ശ്രീശപുരാധിനാഥനവിടെശ്ശേഷിച്ച സൈന്യാധിപ-
ന്മാരിൽ പ്രാപ്തികലർന്നിടുന്നവരുമായ് നേരിട്ടെതിർത്തീടിനാൻ;
വാരിക്കോരിവിതച്ച വായ്ത്തവയെഴും വാൾമിന്നലാൽ, ഭാരത-
പ്പോരിന്നൊത്തൊരു സംഗരാഭിപതനം സംജാതമായ് സാമ്പ്രതം.

അന്നാളച്യുതവാഴ്വർ തന്റെയനുജന്മാരാമുപേ, രാമുപോ-
ലെന്നായിത്തിരതല്ലുമങ്കണരജോവാഹപ്രവാഹങ്ങളിൽ,
നിന്നാരുന്നതകായർ, മുന്നണികളിൽ, ജ്യേഷ്ഠന്റെ ജേതാക്കളെ-
ത്തിന്നാനായുരുഭൈരവപ്രതിമരാമഞ്ചാറു പഞ്ചാസ്യരായ്.

ഇഭ്രാതാക്കളിലഞ്ചുപേ, രിരുചമൂസംഘാതസംഘട്ട-
വിഭ്രാന്തിക്കിടയിൽ, ക്കരാളകരവാളാഹിപ്രയോഗങ്ങളാൽ,
വിഭ്രാജിച്ചുയശോവിശാലനലസദ്ദിവ്യൈകവീരാഗ്ര്യനാ-
മഭ്രാതാവിനു തുല്യരായ്, രിപുഗളച്ഛേദക്രിയാക്രീഡയിൽ.

---

1 സേനാനി= സേനാനായകൻ, സുബ്രഹ്മണ്യൻ
2 ശ്രീശപുരം=കൃഷ്ണപുരം, കായംകുളത്തിന്റെ തലസ്ഥാനനഗരം
ശേഷിച്ച=വീരവിയോഗാനന്തരം ഉണ്ടായിരുന്ന

ചേട്ടന്മാരിവരഞ്ചുപേ,രടിപുറങ്ങോട്ടൊന്നു വെയ്ക്കാതെ,പോ-
രാട്ടത്തിൽ പരിപന്ഥികന്ധരകട്ടംഃ ചോരച്ചൊളിപ്പാച്ചലിൽ,
നേട്ടത്തോടുകളിക്കെ,യശച്ഛടരാം ശത്രുക്കൾതൻ ശാർവ്വര-
ച്ചാട്ടച്ചംക്രമണത്തിലേതുവിധമോ,ചമ്മന്തിയായീടിനാർ.

ആറാമൻ, പ്രകൃതാക്രമപ്രളയദാവാഗ്നിത്തിരത്തള്ളലിൽ,
ക്കോ, തദഗ്രജരഞ്ചുപേരുമടിപെട്ടത്യാഹിതം കാൺകയാൽ,
ക്രൂരാന്നമ്മയെ ദുഃഖവാർത്തയറിയിക്കാനായ്,തനിച്ചിപ്പുറം
മാറാനേറെമടുപ്പുതോന്നി,ഗളിതസ്ഥാമം ഗമിച്ചീടിനാൻ.

## 2

ആരാജ്യം,ഭയദാരിമണ്ഡലഭുജാക്ഷ്വേളാഹികാളായസ-
ക്രൂരാശ്ലേഷവിധേയമായിരുളടഞ്ഞാപ്പാതിരാപ്പാതയിൽ,
പാരാവാരവിരാവമൊത്തിരുപടപ്രോൽഘാതസംഘട്ടന-
സ്ഫാരാരാവകലാപമാറ്റൊലി പൊഴിച്ചൂ;ഹാ! [1]പൊഴിച്ചൂളവും!!!

ശയ്യാലംബനമാന്നു ശാശ്വതമനശ്ശാന്തിപ്രകാശാപ്തിയിൽ
തയ്യാറാ,[2]യെളിയസ്വമന്ദിരതളത്തിങ്കൽ,തനിച്ചാദരാൽ,
നെയ്യാളിത്തിരികത്തിടും നിലവിളക്കോല്യാ വെളിച്ചത്തു,തൻ-
കയ്യാൽ വാർമുകുളം രചിച്ചുവിരളം വാണാൾവയോവന്ദ്യയാൾ.

കൂടിക്കൂടി,പരാജയാരവജയാരാവങ്ങൾ കേൾക്കെ,ക്കിളി-
ക്കൂടിൽ പെട്ടൊരു വൃദ്ധഗൃധ്രവനിതയ്ക്കൊപ്പം,തലപ്പൊക്കലാൽ,

1 പൊഴിച്ചൂളം=കായംകുളം പൊഴിയിൽനിന്ന് അശുഭലഗ്നത്തിൽ ആപൽസൂചകമായുണ്ടാകുന്ന ചൂളംപോലെയുള്ള വിലക്ഷണവും, വിത്രാസജനകവുമായ ഒരു അമാനുഷ ശബ്ദവിശേഷം. 2 എളിയ=മൂത്തപുത്രനായ അച്യുതവാര്യർ. കായംകുളംരാജാവിന്റെ സേനാനായകനും പ്രധാനസചിവനുമായിരുന്നുവെങ്കിലും ത്യാഗമൂർത്തിയായിരുന്ന അദ്ദേഹം തന്റെ കുടുംബത്തിലേക്ക സമ്പത്തു വലിച്ചുകൂട്ടിയിരുന്നില്ലെന്നു ധ്വനി.

അടിപ്പോന്നരണത്തിലുൽക്കലികയെക്കാണിച്ചു,വീണ്ടും ക്ഷമ-
ക്കേടിൻശല്യതയെശ്ശപിച്ചു,ശമനോപേതം ശയിച്ചീടിനാൾ.
ആ നല്ലാർമണി,മാതൃത്തുവിജയസംപ്രാപ്തിക്കു, സംപ്രാർത്ഥനാ-
ധ്യാനത്തിങ്കൽ നിമഗ്നയായി,നിബിഡസ്തോഭം നിയന്ത്രിക്കുവാൻ.
പീനശ്രദ്ധയൊടുദ്യമിക്കവെ—അതാ! മുററത്തു മാറും മനോ
ദീനസ്നേഹവികീർണ്ണഗൽഗദഗളത്[1] ശ്രാവം ശ്രവിച്ചീടിനാൾ.
(യുഗ്മകം)

ചെമ്മേ, താൻ ചെവിയോക്കവേ വികൃതമായ് പൊങ്ങിത്തുപോ
മശ്രുവിൽ-
സ്സമ്മേളിച്ചു കുഴഞ്ഞു,വിശദവിജ്ഞയം കണ്ടുള്ള രണ്ടക്ഷരം
"അമ്മേ' എന്നൊരു മൂന്നുനാലുരുമുറയ്ക്കാവർത്തനം ചെയ്തതാ-
യമ്മേധാശിതശിഷ്ടശക്തികലരും ക്ലേശാർത്ത കേട്ടീടിനാൾ.

കുന്ത്യാദർശമെഴും കുലാംഗന, വിപദാപിച്ഛിന്നവീണാഗള-
ത്തന്ത്യാഭാസരസപ്രതീതബഹിരാഹ്വാനസ്വനച്ഛായയിൽ,
അന്ത്യാപത്യവിലാപകാവ്യവദനം ദർശിച്ചു; മാതാക്കള-
ത്യന്താവസ്ഥയിലുംതിരിച്ചറിയുമേ സന്താനസംബോധനം.

മന്ദംമന്ദം എണീററു ചെന്നു, മഹനീയോങ്കാരപങ്കാപഹ-
ച്ഛന്ദസ്സൊത്തു—നമശ്ശിവായ — [2]ജനനസ്തോത്രം ജപിച്ചാദരാൽ
സ്കന്ദശ്രീപിതൃപാദസേവക, കവാടത്തെത്തുറന്നഗ്രതഃ-
സന്ദർശിച്ചിതു [3]ബാലനെ പ്രബലമാംപ്രസ്ഫോടനാവസ്ഥയിൽ.

തോരാതശ്രുചൊരിഞ്ഞു, തൊണ്ടയിടറിക്കൊണ്ടുതൊഴും കയ്യുമാ-
യാരാലഗ്രജരഞ്ജുഃപതുമമരാരാമത്തിലാരാത്രിയിൽ,

---

1 ശ്രാവം=സ്രാവംതന്നെ 2 ജനനം=വംശപാരമ്പര്യം 3 ബാലൻ=ഉള്ളതിലേക്കുംഇളയ മകന്റെപേരു്. മാതാക്കൾക്കു മക്കൾ എന്നും കുട്ടികളാണല്ലോ. ഇവിടെ വൃദ്ധയായ അമ്മയ്ക്കു് ഒടുവിലത്തെ പുത്രനായ ബാലൻ, ബാലൻതന്നെയാണു്. താഴെ 20-ാംശ്ലോകം നോക്കുക.

ചേരാനായിടയായ വീരചരിതം ചേലായ് ചുരുക്കി, ഗ്ഗൃഹ-
ദ്വാരാന്തസ്ഥിതയമ്മയോടു [1]നയമായ് ചൊന്നീടിനാൻ നന്ദനൻ.

മിണ്ടാതല്പമിരുന്നു; തന്മിഴികളാലേതാ ഹിതോത്തേജനം
കണ്ടാലെന്നവിധം, പ്രസന്നമുഖിയായ് പിന്നെ പ്രകാശങ്ങളാൽ
കൊണ്ടാടിസ്സുതനെപ്പിടിച്ചരികിലായ് മേളിച്ചിരുത്തി, ത്തുണി
ത്തുണ്ടാലശ്രു തുടച്ചു, [2]തുബരനോടായേവം തുറന്നോതിനാൾ.

“ഉണ്ണീ! ബാല! കുമാര! താവകമുഖാംഭോജത്തെ, നീ, യിച്ചട്ടം,
കണ്ണീരാൽ കഴുകീടവേണ്ട; കഴിവില്ലാതുള്ള കാര്യങ്ങളിൽ,
വെണ്ണീറാക്കുവതെന്തിനായ് ഹൃദയനാളം, ഹാ! നമുക്കുള്ളമെയ്
മണ്ണീ, മണ്ണോടുചേരും; ആയതുവിലാപത്താൽ വിലക്കാവതോ?

“നീയും നിന്റെ കൃതാൎത്ഥരായസഹജന്മാർപോയതാംപോർവഴി-
ക്കായുസ്സും, തവശേഷിശേമുഷികളും—സർവ്വസ്വവും—സത്വരം,
ഈ യുദ്ധാവസരത്തി[3]ലീശനൃപരാജ്യാൎത്ഥം സമൎപ്പിക്കിലേ,
നീയുണ്ടന്നവുമുപ്പുമുത്തമവളും ചേർക്കു ചെടിയ്ക്കുഴിയിൽ.”

ഈയാദ്ധ്യാത്മികതത്വമാളുമുപദേശത്തെ ഗ്രഹിച്ചുത്തമേ-
ലായാസം കലരാതെ, യമ്മയെനമസ്കാരം കഴിച്ചാദരാൽ,
പോയാനാത്മജനാശു താദൃശകുരുക്ഷേത്രത്തിലും; വീരസൂ-
വായാത്രയ്ക്കനുവാദമേകിവഴിയേ നക്ഷത്രലോകത്തിലും.

1 നയമായ്=സാന്ത്വനകൌശലത്തോടുകൂടി.

2. തുബരൻ (1) അജാതശ്മശ്രു (ബാലൻ) (2) നപുംസകൻ=ജ്യേഷ്ഠന്മാരെപ്പോലെ പോർക്കളത്തിൽനിന്ന് അവസാനംവരെ യുദ്ധംചെയ്യാതെ, അമ്മയെ ആശ്വസിപ്പിക്കാനാണെങ്കിലും, പിരിഞ്ഞുപോന്നതു് ഒരുമാതിരി നപുംസകത്വ (ഭീരുത്വ)മാണല്ലോ. 18-ാം ശ്ലോകം നോക്കുക

3 ഈശ്വരനൃപരാജ്യാൎത്ഥം=ഈശ്വരന്നും, രാജാവിന്നും, രാജ്യത്തിന്നുമായി.

# ഒരു യുവാവിന്റെ സ്നേഹപാരവശ്യം

ശ്രീമിന്നുന്നസ്ഥിവാരം, ശിഖരരുചി,വിശാ-
        ലാശയത്വം, വിശേഷി
ച്ചാമിന്നത്ഭിത്തിഃമനിപ്രഭ, മധുരസുധാ-
        ഗോക്കളീമട്ടിണങ്ങി
കാമിക്കിമ്പം കലർത്തും കനകമയമണി-
        സ്തംഭമാർന്നംബുജാസ്ത്ര-
സ്വാമിക്കാവാസമാകും ഭവതിയൊരുമഹാ-
        ഭാഗ്യസൌഭാഗ്യസൌധം.

പാദാഗ്രാലംകൃതിശ്രീയോടു, പരമസുധാ-
        വാഗ്വിലാസോദയം പൂ-
ണ്ടാ, ദാരിദ്ര്യം വെടിഞ്ഞുള്ളഭിനവരുചിപെ-
        യ്യുന്നൊരൈശ്വര്യമേറി,
മോദാലസ്രഗ്ധരാവൃത്തിയോടഖിലബുധാ-
        കർഷണം ചെയ്തുചിത്താ
ഹ്ലാദാർത്ഥത്തെക്കൊടുക്കും ഭവതിയൊരുമനോ-
        ഹൃദ്യമാം പദ്യമല്ലീ?

ശ്ലോകശ്രീയച്ഛവർണ്ണദ്യുതി,യമകപദ-
        പ്രൌഢയാനം,പ്രബന്ധ
ശ്രീകർത്തും ചിത്രസർഗ്ഗസ്ഥിതി,സകലകലാ-
        ശോഭ, സർവ്വാർത്ഥപുഷ്ടി,
പാകത്തിൽ പഞ്ചസാരപ്പൊടിയൊടുകിടയാം
        വാക്കലങ്കാരമെല്ലാ-
മാകപ്പാടേ ധരിക്കുംഭവതിയൊരുമഹാ-
        കാവ്യമാം നവ്യമട്ടിൽ.

കാതിന്നിമ്പം കലർത്തും കളകളകളഹം-
സാരവം, കൈരവാബ്ജ-
ശ്രീതിങ്ങുന്നാനനം, നൻമൃദുലതരമൃണാ-
ളാഭ,മീനപ്രസാദം
ഹാ! തിണ്ണംജീവനത്തിന്നമലത, സുകൃതി-
സ്സ്നാനഘട്ടാശ,യെല്ലാം
ദ്യോതിച്ചുംകൊണ്ടിരിക്കും ഭവതി സുരസരി-
ത്തോടുമൊത്തീടുമല്ലോ.

ഹൃദ്യാന്മേഷം സുധാഗോനിരവിതറി, ഹൃദ-
ന്തത്തിലാക്കും മഹത്താ-
മുദ്യാഗത്തെജ്ജനിപ്പിച്ചുരിയ നിലയിലാ-
മാനമത്യന്തമേറി,
സദ്യോഷാസൂയതേടിസ്സകലകലകളും
ചേർന്ന രാകേന്ദുപോലെ
വിദ്യോതിക്കുന്നുവല്ലോ ഭവതി വിമലമാ-
മംബരത്തോടുകൂടി.

ശ്രീമന്മംഗല്യസൂത്രച്ഛവിയൊടു, വിബുധ-
സ്ത്രീകളെല്ലാം മനസ്സിൽ
പ്രേമത്തോടാദരിക്കും പ്രകൃതിമധുരമാം
ശബ്ദവിസ്താരമോതി
കാമംപോലസ്സവർണ്ണോജ്ജ്വലവരപദവി-
ന്യാസമന്യാദൃശം പൂ-
ണ്ടോമൽപത്രാവലിശ്രീതടവിയൊരുലതാ
"പാണിനീ"പാണിനീയം.

തങ്കക്കാന്തിപ്രവാഹം തടവിയ തനുതഴ
കുന്ന പെങ്കുട്ടിയായി-
ട്ടെങ്കണ്ണിൽക്കണ്ടകാലം മുതലയി കമനീ-
യാംഗി! കാമാനുകൂലം
അങ്കത്തിൽക്കേററിലാളിപ്പതിനകമലരിൽ
സാന്ദ്രമുണ്ടായിരുന്ന-
സ്സങ്കല്പം സാധു സാധിപ്പതിനിവനു ലഭി-
ച്ചില്ല സന്ദർഭമയ്യോ!

നീതിന്യായപ്രകാരം നിയതിയുടെ നിയോ-
ഗത്തിനാലത്ര നിന്നിൽ
"പ്രീതിപ്രേമാനുരാഗപ്രണയമസൃണമായ്
മന്മനസ്സംബുജാക്ഷി!
ദ്യോതിച്ചുൽകൃഷ്ടരാഗം ഭവതിയുടെ മന-
സ്സിങ്കലെന്നോടുമെന്നാ-
ലൂതിക്കത്തുന്ന ഭാഗ്യക്കുറവിഹ വെറുതേ
നമ്മളേ വേർപെടുത്തി.

ആശാഭംഗങ്ങളാകുന്നഹികളുടെ വിഷ-
പ്പല്ലുകൊണ്ടല്ലലാക്ക-
ണ്ടേശാതേ? ഭൂരിലോകത്തിനു ഭുവി ഗമനം
ദുഃഖപൂർണ്ണമല്ലോ
ധീശാന്തത്വം ലഭിക്കുന്നതിനതിവിഷമം
മർത്ത്യ!നീ നിത്യമോഹാ-
വേശാഹങ്കാരമായാമഹിളയുടെ കളി-
പ്പന്തു, നാമെന്തുചെയ്യാം?

ഹാ! കഷ്ടം! ജീവിതാശ്രയാധനമതിന്റെ മുതി-
    ന്നങ്ങുമിങ്ങും മുറിഞ്ഞി
ട്ടാകണ്ണം കണ്ണുനീരാം കടലിലൊഴുകി ഞാ-
    നക്കരെച്ചെന്നുപററി
ആകഷ്ടാശപാസമായെന്നുണരവെ,യിണയാ-
    യിട്ടു ഞാനന്നിവച്ചോ-
രാകമ്രശ്രീവഹിയ്ക്കും ഭവതി പരഗൃഹ-
    സ്ഥാശ്രമാകല്പമായി.

സൌഭാഗ്യശ്രീലസിയ്ക്കും ഭവതിയുടെ സഹാ-
    വാസമില്ലാതെ പീഡാ
ധീഭാക്കായിക്കഴിയ്ക്കുന്നൊരു മമ വസുധാ-
    ജീവിതം ജീവനാഥേ!
ഭൂഭാഗത്തിങ്കലശ്ശാദ്വലസലിലമയ-
    സ്ഥാനമില്ലാതെ വല്ലാ-
താഭാസിക്കുന്ന മാലേകിടുമൊരു "സികതാ-
    രണ്യ"മായ് നിണ്ണയിക്കാം.

എന്തിന്നിജ്ജീവിതം മേലിവന,തൊരുമഹാ-
    ഭാരമായിട്ടുതോന്നു
ന്നു,ന്തിത്തള്ളിക്കഴിയ്ക്കുന്നിതു ദിവസമഹോ!
    ദീർഘവർഷങ്ങളായി;
ചിന്തിക്കും സ്വാത്മനാശം ചിലസമയ,മതാ-
    ച്ചിൽപുമാനിഷ്ടമല്ലെ-
ന്നന്തിച്ചിട്ടാണധർമ്മക്രിയയതിനെയനു-
    ഷ്ഠിച്ചുകൊള്ളാതിരിപ്പൂ.

പ്രേമാവേശം ജനിപ്പിച്ചൊരുവനൊരുവളിൽ,
        പ്രേരണത്തിന്നുവേണ്ടി
ക്കാമാസ്ത്രാമോദസോമോദയരുചിയരുളി,
        ക്കാമമുൽകൃഷ്ടമാക്കി,
വാമാംഗാകമ്രവല്ലീമണിയൊടണയുമാ-
        റാകവേ,' പോകവേണ്ടു-
ന്നാമാർഗ്ഗത്തേത്തുടക്കം നിയതിയുടെ മഹോ-
        ദ്ദേശ്യമെന്തായിരിക്കും?

മുത്താളും സ്ത്രീപുമാന്മാർ മതിമലയിൽ, ജഗൽ
        പ്രാണസഞ്ചാരസംയോ-
ഗത്താ,ലന്യോന്യസന്ദർശനകലിതരസാ-
        പാംഗമേഘം വിലങ്ങി
സത്തായേകുന്ന സംഭാഷണമഴകളുദി-
        പ്പിക്കുമാത്മാനുരാഗ-
ക്കുത്തായീടും പ്രവാഹത്തിനു വഴിയിലനേ
        കങ്ങളുണ്ടർഗ്ഗളങ്ങൾ.

ധീസാന്ദ്രപ്രൗഢിയാളുന്നൊരു പഴയമഹാം-
        ഗ്ലേയഭാഷാകവീന്ദ്ര-
ശ്രീസാരോത്താസരത്നം, പ്രണയവിഷയസം-
        ബന്ധമായെന്തുചൊല്ലീ?
വ്യാസാദി ശ്രീമഹാഭാരതകവിതിലക-
        ന്മാരും "ഇപ്രേമമാർഗ്ഗം
റോസാപ്പൂവിട്ടതല്ലെ"ന്നരുളി;യനുഭവം-
        കൊണ്ടുതാനായിരിക്കാം.*

---

* "The path of love is not strewn with roses"

സ്നേഹിക്കപ്പെട്ടനല്ലീവിദുഷി ഭവതിയോ-
　　ടമ്പിലാംഗ്ലേയഭാഷാ-
സാഹിത്യപ്രൌഢനാനാവിഷയ സരസസം-
　　ഭാഷണത്തിന്നജസ്രം
മോഹിക്കുന്നുണ്ടു ഞാനെങ്കിലുമതിനു മടി-
　　ക്കുന്നു, ലോകാപവാദം
ദ്രോഹിക്കാനായിരിക്കുന്നവരരുളിട്ടുമെ-
　　ന്നാർത്തിയോടോർത്തിടാറീം.

കണ്ടിക്കാവേണ്ണിയാളാമൊരുവളെയൊരുവൻ
　　മാനമായിട്ടുകൂടി
ക്കണ്ടിട്ടിഷ്ടപ്രകാരം കതിപയനിമിഷം
　　നല്ല കാൎയ്യാൎത്ഥമായി
മിണ്ടിപ്പോയാലുമയ്യോ! മിഥുനവിഷയമെ-
　　ന്നോതിടുംമിക്കപേരും;
പണ്ടിന്ത്യാസ്ത്രീജനത്തിന്നിതിലധികപരാ-
　　പേക്ഷയില്ലായിരുന്നു.

കാമിക്കും കാമിനിപ്പെണ്ണൊരുവനെ,യവളേ
　　സ്വാത്മസൎവ്വാഭിലാഷ-
സ്വാമിക്കേകാതെ, വേറിട്ടൊരുവനുടെ വെറും
　　കാമധൂമാഗ്നിയിങ്കൽ
ഹോമിക്കും ബന്ധുവൎഗ്ഗം, പതിവിഹമലയാ-
　　ളിക്കു പണ്ടുതുടങ്ങീ-
ട്ടീമിഥ്യാചാരം; അഭ്യുന്നതിയുമവനതേ
　　പ്പോലെ കീഴ്പ്പോട്ടുതന്നേ.

PUBLIC LIBRARY KOTTAYAM

മാറാടീട്ടേകന്നുണ്ടാമൊരുവളിലനുരാ-
　　ഗാങ്കുരം; മറെറാരാളേ
മാറാതാശിയ്ക്കുമപ്പെണ്ണു; പരയിലിവനും
　　മാനസംലീനമാകും;
വേറാളേ വെട്ടിടുന്നുണ്ടിവ,ളവനവളേ
　　വിട്ടുപോകുന്നു, കഷ്ടം!
നൂറാലുണ്ടാമൊരാളിന്നവനിയിലനുര-
　　ക്താംഗസംയോഗലാഭം.

ഈ ലോകത്തിശപ്രേരശ്ശാഗതിയറിയുവതി
　　ന്നാക്കു സാധിയ്ക്കു?മെല്ലാ-
മാലോചിച്ചാകിലിജ്ജീവിതമൊരുരജനീ-
　　തുല്യമാകും രഹസ്യം;
"ഹാലോൽക്കിണ്ണാക്ഷരംപോലനുഭവസുഖദുഃ-
　　ഖങ്ങളുണ്ടാകുമീമൂ-
മാലോകക്കെന്ന"വാദപ്പൊരുളിലൊരുപൊരി-
　　സ്സത്യമുണ്ടായിരിയ്ക്കാം.

ഏതായാലും പവിത്രാശയ ഭവതി സമീ-
　　പസ്ഥനാകുന്നൊരാളേ
ത്താതാനുജ്ഞാപ്രകാരം വിനയമൊടിവനേ-
　　വിട്ടഹാ! വേട്ടുപോയി;
സ്ഥീതാമോദം രമിച്ചീടുക രമണനൊടും
　　സാദ്ധ്വിയാ,യിദ്ധരിത്രീ
മാതാവെന്നേഗ്രഹിയ്ക്കുംവരെയിവനമരാ-
　　മേവമേകാന്തനായി.

കന്യാസല്ലക്ഷണശ്രീതടവിയമുതലീ
    യൌവനോദ്യല്പദശ്രീ-
വിന്യാസം പൂണ്ടകാലംവരെയിവനിവിടെ-
    കണ്ടു കാമിച്ചുദേവി
അന്യാസക്തിയ്ക്കധീനപ്പെട്ടവതിനിടയാ-
    യെന്നതോർത്താകിലാരും
സന്യാസത്തിന്നൊരുക്കം മമ സമുചിതമെ-
    ന്നെന്മതം, സമ്മതിക്കും.

എന്നുള്ളത്തിങ്കലെല്ലാസ്സമയവുമെവിടാ-
    യാല്പമിസ്സാധ്വിയാകും
നിന്നുൽകൃഷ്ടാംഗ “ദൈവപ്രതിമ”യിലിയലും
    “നിർമ്മലാനന്ദ”ഭക്തി
മുന്നുദ്ദേശിച്ചപോലെ സ്മരദുരിതദൂരാ-
    സ്പൃഷ്ടമായ്വന്നമൂല്യം
മിന്നുന്നുണ്ടീശ്വരങ്കൽ സുകൃതിജനമനോ
    വൃത്തിപോലുത്തമാംഗി!

രാജസ്ത്രീരത്നമാകും ഭവതിയുടെ മനം
    കട്ടിടാൻ കെട്ടിഞാനീ
“വ്യാജസ്തോത്ര”ങ്ങളാകും മൊഴികളിതിനിന-
    യ്ക്കായ്ക; നിഷ്കാമമായി
ആജന്മാരംഭകാലത്തകമലരിലുദി-
    ച്ചുന്നതാവസ്ഥയാർന്നി
ട്ടാജന്മാന്തം നിലയ്ക്കുന്നൊരുവക വരചൈ-
    തന്യമീമാന്യശക്തി.

*

# ഒരു ഉപേക്ഷിക്കപ്പെട്ടപൂവ്

ശ്രീവേഷംമാറ്റിടാഃതമനുജതരുണിത
        ന്മട്ടിലായിപ്പിറന്ന–
സ്ത്രീ'വേണ്ടെ'ന്നാശു തള്ളിക്കളവതിനുമതി
        ന്നെന്നൊരാമൂലമായി
കാഃവതെല്ലാം തിരഞ്ഞാകിലുമസുലഭമാം
        വണ്ണമാവണ്ണമാളും–
പൂഃവ, പൂജാർഹനാംനീയിഹ പുനരധികം
        ഹന്ത! പുഛാർഹനായീ.

ഭൂമിക്കും ഭൂരുഹാഗ്രത്തിനുമഭിനവസം
        ഭൂഷണപ്രായമായി–
ക്കാമിക്കും കാമിനിക്കും കരളിനുകലിതാ
        നന്ദഭാരം കലാത്തി
ശ്രീമിന്നിശ്ശീതളത്വംവിതറിയപനിനീർ–
        പ്പുഷ്പഃമ, പുഷ്പബാണ–
സ്വാമിക്കമ്പായ നീയെങ്ങിനെ? സപദിസഹി
        ച്ചീടുമീസ്സാഹസഃത്ത.

തണ്ടാരാസ്യം, തടഃപ്പാർമുലയലർമുകുളം,
        നേത്രനീലോല്പലം, കൈ–
ത്തണ്ടാമാൺകൈതതന്മൊട്ട,തിരുചിവിതരും
        ചാരുപാദാരവിന്ദം,
ചുണ്ടാകും ചെമ്പരത്തിക്കുസുമമിതിസുമ–
        ശ്രേണിതന്മെയ്യിലെല്ലാ–
മുണ്ടാരാലായഃതാത്താണിവളൊരുമലരാം
        നിന്നെ നിന്ദിച്ചുതള്ളി.

ചൂടാറിക്കുംതന്നുപ്പുള്ളൊരു ചുരുളിയലും
കേശഭാരത്തിലസ്ത്രീ
ചൂടാഞ്ഞുണ്ടായതാം പൊൻതൊടുചുരുളു, പന്നി-
ഞ്ഞാശ്ശുചുറ്റിക്കറങ്ങി,
വാടാറായോരു ഭാവം തടവിയവടിവോ-
ടെന്റെ കൈവിട്ടുതാഴെ-
ച്ചാടാനായിട്ടൊരുങ്ങുന്നതുബത! സുമമേ!
ചാകുവാനായിരിക്കാം.

മാനിച്ചീടാതനേകംമധുപതതിമനോ
ജ്ഞാഭകണ്ടെത്തിയീനി-
ന്മേനിസ്സൽ കഴിച്ചുള്ളൊരുമലിനതയു-
ണ്ടെന്നാശങ്കിച്ചിടാനീം,
പൂനിന്നേഹന്ത! പുഛരിച്ചുകൃതപരകര
സ്സൽമാമംഗമാർന്നീ-
മാനിങ്കണ്ണാളുപേക്ഷിച്ചതുപരമുചിതം
തന്നെയന്യായമല്ല.

ആരാമത്തിങ്കലാമോദമൊടമരുകിലി-
ന്നൊത്തുപേ,രത്തുനിന്നേ-
യാരാഞ്ഞെത്തി പ്രസന്നപ്രഭയൊടഥ വിള-
ങ്ങുന്നതമ്പോട്ടുനോക്കി
ആരാധിച്ചാദരിക്കുന്നതിനിടപരമു-
ണ്ടായിരുന്നുഗ്രനാം ഞാ-
നാരാലെത്തിപ്പറിച്ചീയബലയുടെയധി-
ക്ഷേപമേല്പിച്ചുവല്ലോ!

ലാളിത്യത്തോടുലാക്ഷാരുണരുചിലഘ്വാം
        ച്ചോട്ടിലാഹന്ത! കാട്ടി–
ക്കാളിക്കാന്താധരരാഗം തടവിമുടിയില–
        സ്നിഗ്ദ്ധഭാവംതിളങ്ങി
മേളിക്കുംമാർദ്ദവംപൂണ്ടൊരുവടിവുകല
        ന്നങ്ഗംനിന്നോടൊത്തോ–
രാളിന്നീനിന്നേയകാമിതിമമ മഹിതോ
        ദ്ദേശ്യമാശാസ്യമല്ലീ?

കാമോദ്ദീപപ്രസന്നാനനമൊട്ടുകളമാ
        ധുര്യ്യഗോധാരയേന്തി,
പ്രേമോത്സാഹംയുവാത്മക്കളെരിയിലരുളി,
        പ്രീതിഭാരംവളർത്തി,
ആമോദത്തോടിരിക്കുന്നളിനവപനിനീ–
        ർപ്പുഷ്പമേ! തത്സമത്വം
നീമോടിയ്ക്കിന്നുകാണിച്ചതിലവളുമുഷി–
        ഞ്ഞീവിധംമുഷ്ക്കുകാട്ടി.

പാണിക്കുള്ളത്തിലായാല്പരമപരിമളം
        പൂണ്ടപൂവായനിന്നേ
ഘ്രാണിയ്ക്കാനായുയർത്താനിടവരു മധുരം
        സാമ്പ്രതം കീഴിലായി
വാണിട്ടപ്പേർനിന്നുത്തമതയരുളുമല–
        ങ്കാരശാസ്ത്രജ്ഞരെന്നോ-
ത്താണിത്തന്നാഗിരാഗംനിറയുമൊരുനിന
        ക്കേകീനിഷ്ക്കാസനത്തേ.

ആകാശത്തുല്ലസിയ്ക്കുന്നഭിനവരുചിചേ-
    രുന്നതാരങ്ങളെക്കാ
ളാകാരശ്രീവഹിച്ചിസ്സഹൃദയഹൃദയാ-
    ഹ്ലാദമേകുന്നപൂവേ!
ഹാ! കാണിയ്ക്കാതിരുന്നീടുകവിറയലതി,
    ത്തീരെനിസ്സാരയാകു-
ന്നകാസൂയക്കരുന്നാമിവളുടയതിര
    സ്കാരമോ കാര്യമാവൂ.

ഉള്ളിന്നുന്മേഷമില്ലാത്തൊരുതരുണിയുദാ
    സീനയായിട്ടുദൂരെ-
തള്ളിപ്പോയെന്നുവച്ചിത്തരളത തടവീ-
    ടേണ്ടതാരേ! തരിമ്പും
വെള്ളിപ്പാത്രത്തിലാക്കിക്കളഭമൊ"ടരിഗീ-
    തേ"ശവേലായുധശ്രീ-
പള്ളിപ്പാദാരവിന്ദത്തിനു സപദിസമ-
    ർപ്പിച്ചുസായുജ്യമേകാം.

★

# ഒരു പ്രകൃതിവർണ്ണന

## 1

കൊല്ലം വിട്ടുരുവേഗധൂമശകടം കേറിക്കാട്ടുകാട്ടുനാ-
മൂല്ലംഫലിയ്ക്കിലുടന്മനോഹരഗിരി ശ്രീരംഗ ശൃംഗാവലി,
കല്ല്യ, ഛന്നസ്ഥടികാപടാഗതി, നിതംബത്തിൽ കുരുക്കും കുളുർ-
പ്പുല്ല്യ, ക്ഷ്മാരുഹ പങ്ക്തി, യീവ കനിസർഗ്ഗശ്രീ നരീക്ഷിച്ചിടാം

തുള്ളിച്ചാടി നടന്നിടുന്ന കലയും, തുമ്പിക്കരംകൊണ്ടു തു-
വള്ളിക്കെട്ടു വലിച്ചുലച്ചു കളയുന്നാവാരണശ്രേഷ്ഠനും
പുള്ളിപ്പെട്ട മൃഗങ്ങളും, പുലികളും, പൂവുള്ള വൃക്ഷങ്ങളും
ചുള്ളിക്കാട്ടിലെഴുന്ന ചൂരലുകളും, കാണുന്നു നാം ചുറ്റിനും

ആരാലങ്ങുരുശോണോദയാഭയണയുന്ന നാലുമലിശചാര-
ന്മാരാലത്ര മറയ്ക്കുകൊണ്ടു മറുഭാഗത്തീമലത്താഴ്വര
ആ രാവിങ്കലണിഞ്ഞ മഞ്ജുളതുഷാരാംശു കണാശ്മാല്ക്കൂര-
ശ്രീരാജിച്ചു വിചിത്രമായിഹ വിളങ്ങീടുന്നു വീതാതപം.

പാറക്കല്ലിലുയർന്നു പല്ലവസുമശ്രേണീ പരിഷ്കാരമാ-
ന്നേറക്കാമ്യതയോടുകൂടി വളരും മാകന്ദമാകുംദ്രുമം
ക്കുരത്യന്തമിയന്നു തഞ്ചുവടതിൽ പാരം തണുപ്പു കിട്ടു-
ന്നാറംഭസ്സിനകത്തു നല്ലകുസുമശ്രീ വൃഷ്ടിചെയ്യുന്നുതേ.

മേലഗ്രങ്ങളടുത്തു ചേർന്നുരസി നിന്നീടുന്ന ശൃംഗദ്വയ-
ത്താലർക്കാതപരശ്മിയല്പവുമണഞ്ഞീടാതെ കണ്ടെപ്പൊഴും
കാലപ്രേരിത മന്ദമാരുത കലാശത്തോടു കാണപ്പെടാം
നീലപ്പുല്ലു നിറഞ്ഞു നിർവൃതി തരുന്നോരാ നിതംബസ്ഥലി

വണ്ടിപ്പാത വളഞ്ഞുവന്ന മലയിൽ കേറുന്നിടത്തുള്ളൊരാ-
ക്കണ്ടിൽ കല്ലിനിടയ്ക്കു ക്രുദ്ധിയൊഴുകും കല്ലോലകോലാഹലം
കൊണ്ടിമ്പം വളരെക്കൊടുക്കു,മരുവിക്കുള്ളിൽ പ്രതിച്ഛായയേ
ക്കണ്ടിട്ടദ്രി, സമഗ്രമാവൃത ശിരസ്സാട്ടിച്ചിരിക്കുന്നുതേ.

കത്തുന്തീപ്പൊരിയോടു വണ്ടി കയറിപ്പോകുമ്പോളുണ്ടായിടു-
ന്നത്തുംഗാരവമുന്നതാദ്രിയിലുരച്ചൂക്കോടുടക്കിദ്രുതം
എത്തുന്നപ്രതിനിസ്വനം നിശമനം ചെയ്താംബരത്തിൽ പറ
ന്നെത്തുന്നുണ്ടു പരിഭ്രമിച്ചു പല വർണ്ണത്തിൽ പതംഗോല്ക്കരം

തുക്കായുള്ളൊരു തുംഗശൈലനിര ഭേദിക്കും തുരങ്കത്തിലേ
ക്കുൾക്കാളും പുക വണ്ടി ചെന്നു കയറുന്നേരം, കലാവൈഭവം,
മൂക്കാമെങ്കിലുമിത്രമാത്രമുലകിൽ സമ്പൂർണ്ണസൗന്ദര്യമാ-
യാക്കാനാശയശക്തിയുള്ളൊരു മഹാന്മാരേ സ്മരിക്കുന്നു നാം,

ആദിക്കാലസുഖം കലർന്നധിവസിക്കുമ്പോൾ കൽക്കാമ്പിനേ
ഛേദിപ്പിച്ചിട്ടല്ലേലറു പുനരാമോദം ധരിക്കുംവിധം
ഈ ദിക്കിങ്കലുദാരസൂര്യകിരണം വിട്ടിട്ടു പിന്നദ്രിയേ
ഭേദിക്കുന്നിരുളാർന്ന പിന്നയുമിനശ്രീയോടു ചേരുന്നു നാം.

ധാടിക്കദ്രിയിലങ്കുരിച്ചനിശിലാതല്പത്തിലേറിദ്രുതം
ചാടിത്ഝർഝരചാരുനിർഗ്ഗളഗളൽസംഗീതവർണ്ണങ്ങളേ
പാടിത്താളമടിച്ചിടുന്നവയൊടും ഫേനപ്രസന്നാനനം
തേടിപ്പാഞ്ഞൊഴുകുന്നൊരാറുമരികെ ക്കാണപ്പെടാമഞ്ജസാ.

വായുപ്രസ്ഫുടനിർദ്ദയപ്രഹരമേറ്റുന്മൂലനാശം ഭവി-
ച്ചായുസ്സററു മറിഞ്ഞകെട്ടിയവനാമുർവ്വീരുഹശ്രേഷ്ഠനേ
കായും പൂവുമിയന്ന കാനനലതാകന്യാമണി, കല്യാശയ-
സ്ത്രീയുക്തസ്ഥിര രാഗമോടിഹ കരം നീട്ടിപ്പിടിക്കുന്നുതേ.

തക്കോലം തരുതാമ്രശോഭ തടവീടുന്നത്തളിത്തല്ലജ-
ച്ചെച്ചു“കോട്ടി”ട്ടണി,ചെമ്പകച്ചെറുചെടിച്ചെന്താരു ചാർത്തിസ്സദാ

അങ്കോപസ്ഥിത ശോണ ശൈലനികരശ്രീയാൎന്നുകൊണ്ടായ്വരാം ചെങ്കോട്ടയ്ക്കഭിധാനമിങ്ങനെ ലഭിച്ചാറം ലസിയ്ക്കുന്നതും.

2

കാളിക്കായല്പച്ചാററി മൂന്നു വശവും
 നൽക്കാഞ്ചനക്കുന്നിനേ-
ക്കാളിമ്പംബത! കാണികൾക്കു മിഴിയിൽ
 പ്പാരം കലൎത്തിസ്സദാ
കേളിക്കാസ്പദമായ കേരളകവി [1]
 സ്തോത്രം വഹിക്കുന്നൊരി-
വേളിക്കുന്നി[2]ലിരുന്നിട്ടുന്നു നിബിഡോ
 ല്ലാസംനിസൎഗ്ഗശ്രീ.

"കാറംഭസ്സു കവൎന്നിടും" പടി കര
 യ്ക്കാകക്കട്ടത്തക്കരി-
മ്പാറക്കല്ലു പയസ്സണഞ്ഞു പരി-
 ശോഭിയ്ക്കുന്നു സൎവ്വോപരി
ഈറൽപ്പുല്ലുമിടയ്ക്കിടയ്ക്കിഹമരു-
 ത്സംഗത്തിനാലിമ്പമോ-
ടേറത്തമ്മിലുരുമ്മി മൎമ്മരരവം
 നിൎമ്മിച്ചു നിൽക്കുന്നുതേ

കാററാടിദ്രുതമീ മലയ്ക്കുമുകളിൽ
 ക്കേറുന്നനേരം മഹാ-
കാററാടിദ്രുമ[3]സഞ്ചയങ്ങളിളകി-
 പ്പുത്രം പറത്തിപ്പരം

---

1. മയൂരസന്ദേശം—"കാറംഭസ്സേക്കവെരുവതിനായ് വന്നിറങ്ങുന്നവണ്ണം"
2. വേളിക്കുന്നു—തിരുവനന്തപുരത്തിനടുത്തു ഭംഗിയുള്ള ഒരു കുന്നു്.
3. ചാവേക്കമരം.

മാററാളും പ്രകൃതീശ്വരീ ജയയശ-
ശ്ശൃംഖാരവംപോത്സവം
മാററാതമ്പൊട്ടു മാറിമാറി മുറപോ-
ലാഹന്ത! മൂളുന്നുതേ.

തൊട്ടാവാടിയിലങ്കുരിച്ചു കയറി-
പ്പാരം പടന്നീടുമ-
തൊട്ടാവാടികളാൽ നിറഞ്ഞു തെളിയും
തോട്ടങ്ങളിൽ സർവ്വദാ
മുട്ടാടും, മുയലും, മുരണ്ടിടുമളി-
ക്കൂട്ടങ്ങളും മുത്തിനെ
മുട്ടാതത്ര വഹിച്ചുകൊണ്ടു വിഹരി-
ക്കുന്നു വിഷാദംവിനാ.

തുള്ളിച്ചെന്നിനരശ്മി തുമകലരു-
ന്നീയായതക്കായലി-
നുള്ളിൽപ്പെട്ടതിലോലമാകിയ തരം-
ഗത്തിൽക്കരുങ്ങീടവേ,
വെള്ളിക്കമ്പി കണക്കുവെള്ള,
മിളകിച്ചിന്നുന്ന മിന്നൽക്കൊടി-
ക്കൊള്ളിക്കാന്തി വഹിച്ചുകൊണ്ടിഹ
പടിഞ്ഞാറോട്ടു പായുന്നുതേ,

വല്ലിക്കെട്ടു വളഞ്ഞുക്രുടി വളരും
വക്കിൽ പ്രവേശിച്ചലം
തല്ലിത്തല്ലി വരും തരംഗതതിയ-
ത്താളം തകർത്തീടവേ,

മല്ലിപ്പൂമധുവുണ്ടിടുന്ന മധുപം
നന്മഞ്ജുഗാനങ്ങളെ
ചൊല്ലിച്ചൊല്ലിയിരുന്നിടുന്നു ചൊടിയോ-
ടുൾപ്പൂ കുളക്കുംപടി.

വഞ്ചിശ്രീവസുധാവലാരിവഴിപോ-
ലാഹന്ത വാഴുന്നൊരാ-
വഞ്ചിത്തപ്രഭയാർന്നനന്തപുരിയിൽ
പ്പോകും വഴിക്കാരരേ
വഞ്ചിക്കുള്ളിലിരുന്നു കുന്നിനരിക-
ത്താകമ്പൊളക്കോകിലം
വഞ്ചിക്കുംപടി വാസനാബലമൊടും
പാടുന്നതേ പഞ്ചമം.

കല്ലോലാവലി, കായകാന്തികലരും
പെൺകൈതയേകൈതവ-
ച്ചൊല്ലാടത്ര തലോടിടുന്നളവില-
സ്സീമന്തരേഖാദ്യുതി,
നല്ലോണം തടവിത്തഴക്കുഴലാഴി-
ഞ്ഞമ്പോടു പുഷ്പങ്ങളെ
തല്ലോലാംഗി പൊഴിച്ചിടുന്നു തലയും
താഴ്ത്തിത്തളന്നഞ്ജസാ.

ചുറ്റും താഴ്‌വരയിൽക്കുരുത്തു പടരും
പുല്ലിങ്കലല്ലിപ്പതി-
ച്ചിറ്റുമ്മഞ്ജുളമഞ്ഞണിച്ചെറുപയോ-
ബിന്ദുക്കളൊന്നിച്ചലം

മുററും മുഗ്ദ്ധമിനേശബന്ധുരകര-
        സ്പർശത്തിനാൽ സത്വരം
വററുമ്പോ,ളുയരുന്ന ധൂളിവടിവാ-
        യിട്ടത്ര ധൂമാവലി.

കോടിപ്പൂഞ്ചേലടികൊണ്ടു കോമളനിറം
        പേറുന്നൊരിക്കുന്നിനെ
മൂടിശ്ശീഹിമജാതധൂമപടലം
        കാറേറുററുയർന്നീടവേ,
ധാടിക്കൊത്തൊരു വഞ്ചിവാസവപരി-
        ഷ്കാരപ്രചാരത്തിനെ-
പ്പേടിച്ചുമ്മി പറക്കുവാനിളകിടു-
        ന്നെന്നാണു തോന്നുന്നതും.

★

# തേവള്ളിക്കൊട്ടാരത്തിൽ

ശ്രീവഞ്ചീശ്വര,നാത്മവിശ്രമസുഖം
 നേടാ,നണിത്തുള്ളലസൽ-
പ്പൂവല്ലിച്ചെടി ചൂതമാലകളിണ-
 ങ്ങീടുന്ന പൂവാടിയിൽ,
ദേവശ്രേഷ്ഠന്റെ നന്ദനസ്ഥിതമണി-
 പ്രാസാദഃമാടൊപ്പമായ്
"തേവള്ളി"ക്കളിർമേടയൊന്നു വിലസീ-
 ടുന്നു വിനോദാസ്പദം.

"കോളംബോ"ഹ്വയമാം പുരത്തിനുവട-
 ക്കല്പം പടിഞ്ഞാറടു,-
ത്തോളംകൊണ്ടുപൃക്തമഷ്ടമുടിയെ-
 ച്ചാരുപ്രതിച്ഛായയാൽ,
മേളത്തോടുമലങ്കരിച്ചുവിലസും
 കൊട്ടാരമേ, വാനിട-
ത്തോളംപൊങ്ങവെയിക്കൃതജ്ഞത ഭവാ-
 നത്യന്തമാത്മോചിതം.

രാവിൽക്ലേശകരാംബു യാത്രയവസാ-
 നിക്കാനൊരല്ലൂണ്ണയോ-
'ടാവിഃബ്ലോട്ടി'ലിരിപ്പവർക്കന്നുദിനം
 കോളംബകോടീശ്വരൻ,
ഈവിഖ്യാതിയെഴും മുനമ്പൊളിമുഖ-
 ത്തവ്യാജമന്ദസ്മിതം
തൂവിക്കൊണ്ടു പതംഗഗീതിയിലുര-
 ച്ചുന്നു,ണ്ടുഷസ്സ്വാഗതം.

ഹാ കഷ്ടം! പകലന്യഭാഷയുരുവി-
ട്ടുള്ളംപുകഞ്ഞും, തല-
യ്ക്കാകപ്പാട്ട് കിറുക്കു കൊണ്ടുമമരും
വിദ്യാൎത്ഥിവൃന്ദത്തിനെ,
ആകൎഷിപ്പതുനന്നുതാനിഹ മുന്നമ്പേ,
നിൻമനോജ്ഞാകൃതി-
ശ്രീകണ്ടെങ്കിലുമല്പമായ് പ്രകൃതിമാ-
ഹാത്മ്യം ഗ്രഹിക്കാമിവർ.

കൊട്ടാരം ബഹുകോമളാകൃതികല-
ൎന്നന്യാട്ടശാഡംബര-
മ്പിട്ടാൎന്നഷ്ടമുടി ത്രികോണസലിലാ-
ൽപ്രദേശങ്ങളിൽ,
മട്ടാളും പടിമിന്നി മഞ്ജുമഴവി-
ല്ലൊട്ടേറെയഭ്രംവെടി-
ഞ്ഞിട്ടാഹന്ത! പതിച്ചുകാഴ്ചയുളവാ-
ക്കീടുന്നതിക്കായലിൽ.

ചൂഴും ചൂതമരങ്ങളിൽച്ചെറുചുക-
പ്പോട്ടും പഴംതിന്നുവാൻ
വാഴുന്നു ചിലവായസങ്ങ,ളിവതൻ-
കൊക്കിന്റെകൊത്തല്ലയാൽ,
കീഴുള്ളോൎക്കുപയോഗമായ് പരിണമി-
ക്കാതേ വെറുംപാതിയായ്
വീഴുന്നു മധുമാമ്പഴങ്ങളധികം
ദുൎഗ്ഗന്ധമുൾക്കൊണ്ടുതാൻ.

ചിന്ത്യാലോലവിലാസഭംഗിചിതരും
ബാഷ്പാർദ്രപുഷ്പാളിയാൽ
'നന്ത്യാർവട്ട'മിതാതരുന്നു നയനാ-
നന്ദംനമുക്കഞ്ജസാ;
ഇന്ത്യാഭേഷജശാസ്ത്രപൂർണ്ണതപരീ-
ക്ഷിക്കാൻപരക്കെന്തിനാ-
നന്ത്യാലോചന താന്മഹത്വമിവിടെ-
പ്രത്യക്ഷമായില്ലയോ?

ധാരാളംഗുണമാന്ന നമ്മുടെചെടി-
ക്കൂട്ടങ്ങളേ മാററിവെ-
ച്ചീരാജന്യഗൃഹാന്തികത്തി,ലൊളിമു-
ററീടുന്ന മുററങ്ങളിൽ,
ദൂരാനീതമഹീരുഹങ്ങളെവൃഥാ
നട്ടെന്തിനായിട്ടുനീർ-
ക്കോരാനാളെയുമാക്കി? യീവകയുറ-
ച്ചേക്കുംനിറച്ചൂഴിയിൽ.

കിട്ടാതെ കുടിലുംചുരുങ്ങിഹ കിട-
പ്പാനായ്ക്കറങ്ങിപ്പണി-
പ്പെട്ടാഹാ! വലയുന്നരാപ്പകലതാ
പാവങ്ങൾ പന്ഥാക്കളിൽ;
കൊട്ടാരത്തിനകത്തിതാ മണിയറ-
സ്ഥാനങ്ങ,ളാംഗ്ലേയവാർ
പട്ടാഡംബരമാന്ന ശൂന്യമയമായ്
ക്കാണുന്നുകണ്ണാടിയിൽ!

ചേലേറും മണിഃമേടമേൽച്ചിഃൎകഃര-
റീടുന്നുവോ, മൂലഭൂ-
പാഃലന്ദ്രൻവകവെച്ചതില്ലതുവയോ
വൃദ്ധാൎദ്രശുദ്ധാശയൻ;
ബാലേന്ദുപ്രഭനായ ബാലനൃപ,നെ-
ന്നാലും,സ്വരമ്യോദയ-
ത്താലേ ഹൎമ്മ്യമലങ്കരിപ്പതിനെഴു-
ന്നെള്ളുംമുറയ്ക്കിന്നിമേൽ.

താണുള്ളഷ്ടമൂടിക്കധോമുഖമിയ-
ന്നത്തങ്കവാൎവെൺകളി-
ത്തുണും, തൂമണിദൎപ്പണാഞ്ചിതലസ-
ദ്വാതായനശ്രേണിയാൽ,
ചേണുററംഗവിശേഷവുംതടവിനാ-
മീശാനകോണാശയിൽ-
ക്കാണുന്നുകതിൎമണ്ഡപം കളിരണി-
ക്കാറേററിരുന്നീടുവാൻ.

ദ്യോതി,ച്ചുത്തരപൂൎവ്വകോണിലിതിനോ-
ടേറെസ്സമീപിച്ചു ന-
ല്ലൈതിഹ്യാസ്പദമായ"നായ"ക്കരിശു"നാം
കാണുന്നകല്ക്കൂട്ടിനാൽ
ഖ്യാതിക്കൎഹത,യാത്മജീവിതപരി-
ത്യാഗത്തിനാൽ സ്വാമിസം-
പ്രീതിസ്നേഹമൊടാന്ന ശൂരശുനക!
ശ്രീമൻ, ശുഭം നാംക്കുനാം!

ആരോമൽക്കതിർമണ്ഡപത്തിലറിയാ-
താരുംപതുക്കെപ്പിടി-
ച്ചോരോകല്പടിയിൽക്കടന്നുവെളിവായ്-
ക്കേറുന്നുവെള്ളച്ചിതൽ;
ആരോടാണുകഥിപ്പു? തിപ്പുഴകര-
ണ്ടേക്കാമിതെല്ലാം; മതി-
ന്നാരോഗ്യംപരമില്ലയോ? മടിവിചാ-
രിച്ചാൽ വിചാരിപ്പുകാർ.

ഈ ശില്പാന്വിതമണ്ഡപത്തറയിലേ-
യ്ക്കേറിപ്പരീക്ഷിക്ക, നാ-
മാശിക്കാത്തവിധത്തിലൊക്കെയുടനേ
കാണായ്‌വരും കാഴ്ചകൾ;
പാശിപ്രഭാവമോ, കിടപ്പു; തനിലൻ
താവുന്നതേവള്ളിയെ
പ്രാശിപ്പാൻ കൊടുവായ്‌പിളന്നൊരഹിയോ,
"കണ്ടച്ചിറക്കായല്ലോ?"

കച്ചേരിപ്പണിവിട്ടു കായികവിനോ-
ദാർത്ഥം സ്വതസ്സിദ്ധമാ-
യച്ചേതസ്സിലനല്പതത്വമിയല്വും
* "കാരുണ്യധാമാ"ഭിധൻ,
തച്ചേതോഹരകേളിവഞ്ചിയിലിരു-
ന്നുംകൊണ്ടു തണ്ടുംഘടി-
പ്പിച്ചേററംരസമോടുതന്നെതുഴയു-
ന്നല്ലോ തുലോംഭംഗിയിൽ.

---

* ശ്രീമാൻ, കരുണാകരമേനോൻ ബി.ഏ., ബി. എൽ. ജില്ലാക്കോർട്ടു വക്കീൽ.

രാജശ്രീമണി രാജധാനിയെ ജയി-
ക്കാമെന്നഹംഭാവമോ-
'ടേജൻറി'ൻെറ വിഹാരഹർമ്മ്യമെതിരായ്,
സാമ്രാജ്യതന്ത്രങ്ങളിൽ;
ഭാജൽപാടവമാന്നൊരാ 'ഘാത'വസി-
ക്കുമ്പോളുയന്നീട്ടുമ-
വ്യാജപ്പൊൻമയസൗധമിട്ട കൊടിപാ-
റിക്കൊണ്ടുകണ്ടീടുവിൻ!

കണ്ണിൽക്കാണവതെന്തടുത്തു? കവിതാ-
മാതേ, കരംകൂപ്പിനീ-
നണ്ണിക്കൊള്ളുക; ഗോപികാത്മനവനീ-
തത്തെക്കവന്നുണ്ണുവാൻ,
മണ്ണിൽക്കൈതവവേഷമോടവതരി-
ച്ചാനന്ദഃഗോവിന്ദനാ-
മുണ്ണിക്കൃഷ്ണനിരിക്കുമമ്പലമിതാ-
"ണാശ്രാമ"വൃന്ദാവനം.

വങ്കായൽത്തിരയിൽപ്പതിച്ചുതിരിയു-
ന്നൂവഞ്ചിയൊന്നഞ്ജസാ
ശങ്കാഹീനമുയന്നൊരുത്തരജഗൽ
പ്രാണൻപ്രവേശിക്കയാൽ;
പങ്കായം ശരിയായ് പിടിക്കിലമര-
ക്കാരേ, മറിഞ്ഞുല്ലൂടാ-
തങ്കാപായമണഞ്ഞിടാതെ തുറപ-
ററീടാം തുഴഞ്ഞീടുവിൻ.

കേണീടടങ്ങ കിടന്നകത്തമരുവോ-
രിക്ഷോഭഭാവങ്ങളിൽ-
ത്താണീടില്ലിഹ വഞ്ചിതൻെറയധിപൻ
തൻേറടമേറീടുവോൻ;
വാണീടുന്നിതു വാട്ടമററിത, വലം-
കൈകൊണ്ടു മാത്രാപിടി-
ച്ചാണീവില്ലുവഷട്ടമാശ്ചുതരണം
ചെയ്യുന്നതെന്നോക്കുവിൻ.

കൂടക്കുടെയകത്തണഞ്ഞു പരിശോ-
ധിക്കുന്നതാണീയിട-
ത്തുടക്കാരണമാരുകാന്തിയാന്ന "കടവൂർ"
ഭാഷാകലാശാലഞാൻ;
കൂടട്ടു ഭവതിക്കു കുട്ടികൾ!! തവ
സ്തന്യംനുകന്നമന-
ക്കേററീടിനഭാവിപൌരരിവിടെ-
ക്കൊണ്ടാടിയുണ്ടായ്‌വരും.

കൂടുംശ്രീയൊടു ചക്രവാളരഥമേ-
റിക്കൊണ്ടൽനേർവൎണ്ണമാ-
യീടുംസാരഥി, നിമ്മലാജ്ജ്വനലസ-
ച്ചന്ദ്രൻ ഗ്രഹിച്ചീടുവാൻ,
ഈടുററീടുമൊരന്തിയായരണഭൂ-
വിങ്കൽതിരത്തല്ലലാ-
യീടുംപാവനമായ ഗീതയധുനാ
പാടിക്കൊടുത്തീടിനാൻ.

നാകാഗാരിതനിക്കു കാട്ടിനവമാം
ശില്പപ്രഭാവം തെളി-
ഞ്ഞാകാശത്തിലുയർന്നസൌധവിലസൽ
ശൃംഗാരശൃംഗങ്ങളിൽ,
രാകാസന്ധ്യയിലിസ്സുധാംശുനികരം
കൊണ്ടാശുരണ്ടാമതും
ലോകാനന്ദദമായവെൺകളിയിതാ
പൂശുന്നു പൂർണ്ണേന്ദുതാൻ.

ശ്രീയാളുംമണിരാജധാനിയിലിതാ
ലക്ഷ്മീവിലാസോദയ-
ച്ഛായാലംബനമോടു പൂർണ്ണതയെഴും
ഭൂപാലരാജേശ്വരൻ,
ആയാസംകലരാതെ നല്പമിതൊളി-
ത്തുംഗോക്കളാലത്ഭുത-
പ്രായാനേകകലാബലത്തൊടുപൊഴി-
ക്കുന്നുമിഴിക്കുത്സവം.

ഉണ്ടാമീയാരവസാനയാത്രവഴിയാ-
യുഷ്ണാംശുവുല്ലുണ്ടായൊ-
ത്തുണ്ടാക്കീപരിതാപസംഭ്രമതമ-
സ്സഞ്ചാരമീയൂഴിയിൽ,
കണ്ടാലത്രമനോഹരസ്വരൂപമിയലും
പൂമഞ്ജുപൂർണ്ണേന്ദുവാകെ-
ക്കൊണ്ടാനന്ദഹൃദയം തണുപ്പൊടുനിലാ-
വിന്നിത്തഴച്ചീടുമേ.

വെള്ളിപ്പൂങ്കതിരിട്ടുവെണ്മതിമഹാ-
    വെണ്മേടമേലഞ്ജസാ
തള്ളിക്കേറിയതാംതമോനിരകളെ
    തട്ടിപ്പറപ്പിച്ചിതാ,
ഉള്ളിൽപ്പിന്നെയുമുണ്ടിരുട്ടു;പരിഹാ-
    രാൎത്ഥം പ്രകാശിച്ചിടാ-
നുള്ളിട്ടീപയുഗത്തിലില്ലതിരിയും
    സ്നേഹക്കുഴമ്പ്വാതുലോം.

ചട്ടക്കൂട്ടൊടു ചാരു ചിമ്മിണികളേ
    നേരത്തുടയ്ക്കാതെക-
ണ്ടിട്ടത്തുമണിദീപയുഗ്മമധുനാ
    കഷ്ടം! തുരുമ്പിക്കുകിൽ,
ഒട്ടല്ലെന്തൊരുനഷ്ടമാണു? വല്യതാം
    വഞ്ചീശവംശത്തിലുൾ-
പ്പെട്ടശ്രീമതികൾക്കുനോട്ടമിതിലു-
    ണ്ടാമോതുലോംനാൾക്കുനാൾ.

ഉല്ലീഢാഭമുയൎന്നിടും മണിയറ-
    ക്കൂട്ടം വിശാലതചമാ-
ൎന്നല്ലീഹന്ത! കിടന്നിടുന്നതുചിരി-
    ച്ചാടിക്കളിച്ചീടുവാൻ;
നല്ലീയന്തിയിലെത്തിമച്ചിലധികം
    തട്ടിപ്പുരം തങ്ങളിൽ-
ത്തല്ലീടുന്നൊരുകേൾവിയു:ണ്ടിതിനക-
    ത്താരാണു ക്രൂരാളികൾ?

ആ രാജ്യാവു നവോത്സവക്കളികളോ-
        ടാരാലുദിച്ചുന്നത-
ശ്രീരാജിച്ചുവിളങ്ങിടുന്ന സകലലോ-
        പാരാദ്ധ്യയാം സന്ധ്യയിൽ,
നേരായ് നല്ല വിളക്കുവെച്ചിവിടെനി-
        ന്നേക്കുണ്ടുന്നതുത്സവക-
ന്മാരാവന്ത! മടിച്ചിരിപ്പതുമഹാ-
        ദ്രോഹം മനഃക്ഷോഭദം.

പോകാനായെഴുന്നല്ലൊനാം കതിരണി-
        പ്പുമണ്ഡപത്തേ വെടി-
ഞ്ഞാകാശത്തിലുയന്നിടുന്നു രജനീ-
        കാന്തൻ രസോല്ലസിതൻ;
ഹാ! കാണ്മാനിനിയുണ്ടു കാഴ്ചകവിതേ!
        കണ്ടാലുമെല്ലാം മനഃ-
ശോകാവേശമകന്നു സൽകൃതിചമ-
        ച്ചീടാം ചമല്ക്കാരമായ്.

ആരാമത്തിലുയന്ന മന്ദപവനൻ
        സൌരഭ്യഭാരം വഹി-
ച്ചീരാജന്യഗൃഹത്തിനെങ്ങുമരികെ-
        സ്സൈരം ചരിച്ചീടുകിൽ,
ആരാണിന്നിവനെപ്പുണന്നനുഭവി-
        ച്ചീടാൻ; വധൂവല്ലഭ-
ന്മാരാരും വരവില്ല രാവിലിവിടെ-
        ക്കേറിക്കിടന്നീടുവാൻ.

മോടിക്കേററമുയന്നിടുന്ന വലുതാം
കാററാടി വൃക്ഷങ്ങളിൽ-
ക്കൂടിക്കാററുകടന്നുപോകവെ, യകം
പാടുകവന്നീടുവാൻ,
ആടിക്കൊമ്പിലൊളിച്ചിരുന്നിഹ ജഗ-
ത്താതസ്തവശ്ലോകമു-
ള്ളാടിസ്സംപ്രതി മൂളിടുന്നിതുനിസ-
ർഗ്ഗസ്ത്രീ നിശാസ്യാളയിൽ.

വേപ്പിൻമണ്ടയിലേറി വേഗമവിടെ-
ത്തത്തിക്കളിച്ചീമലർ-
ക്കാപ്പിട്ടിട്ടവനേ വരിച്ചലതയെ-
ക്കേറിപ്പുണന്നീടിലും,
മാപ്പിന്നാരുതരാ നിനക്കശിശുവാ-
യീടും മരുത്തേ, കുളിർ-
ത്തോപ്പിൽക്കുട്ടികളാരുവന്നു വിഹരി-
ച്ചാലും വഴക്കില്ലതിൽ.

ശ്രീതിങ്ങിപ്പരിശസവ്യമാം പരിമളം
വീശിപ്രകാശിക്കുമി-
ജ്ജാതിപ്പൂക്കൾ വിടന്നിടുന്നതിനുമു-
മ്പെന്നും വിചാരിപ്പുകാർ,
വീതിച്ചാശു പറിച്ചെടുത്തു വിലതാ-
ഴ്ത്തീഹന്ത! വില്ക്കാതെനേർ-
നീതിക്കൊത്തവിധം വിടട്ടെ തനിയെ-
സ്സംഫുല്ലമായീടുവാൻ.

രാവല്ലേ രമണീയമായ്‌വിലസിടും
        രാജാലയത്തേ മുററ-
ക്കാവല്ക്കാർ പരിരക്ഷചെയ്തുമരണം
        മാറാതെ മാർഗ്ഗങ്ങളിൽ
ഈവണ്ണം കരുതിക്കരുത്തു കലരും
        "കൈവാരംച്ചെട്ടി"ക്കൂട്ടമ-
ത്യാവശ്യം നിറവേററിടുന്നു നിലവി-
        ട്ടീടാതെ നിന്നാദരൽ.

തങ്കച്ചിത്ര വിലോലകാന്തിതടവും
        തച്ചപ്പണിത്തന്മയം
തങ്കൽച്ചാർത്തിയ തമ്പുരാൻെറതാമേ-
        ടയ്യോട്ടുതാഴത്തിതാ,
തങ്കച്ചിക്കരു വിശ്രമത്തിനുത്തമമാം
        മണ്ഡോദരീ മന്ദിരാ-
തങ്കം കൂട്ടിയ നാലുകെട്ടുവിലസീ-
        ട്ടുന്നുണ്ടു വീക്ഷിക്കുവാൻ.

പൊന്നമ്മച്ചികളേ വെളിക്കനുവദി-
        ക്കാറില്ല കാണ്മാൻ; മലർ-
ത്തുന്നപ്പട്ടുപിടിച്ചിടുന്നുപുറമേ
        ച്ചുററും പുറപ്പാടതിൽ,
മിന്നൽത്തൂമണിമിളിത്തിനല്ലൊരവരോ-
        ധത്തേ വളഞ്ഞേററമു-
ല്പന്നശ്രീയൊടുനില്പതുണ്ടിതുമറ-
        ച്ചുംകൊണ്ടതേരീതിയിൽ.

പിച്ചിപ്പൂച്ചെടി പിന്നമുന്തിരിപ്പടി-
    പ്പിച്ചിട്ടുനന്നായെട്ടു-
പ്പിച്ചിട്ടീടിനവെള്ളമണ്ണൊളിമുള-
    ച്ചീടുന്നമുറ്റങ്ങളിൽ,
വച്ചിട്ടുള്ളപമന്ദിരങ്ങളൊടുമീ-
    യന്തഃപുരം ബന്ധുര-
ത്വച്ചിൻ മാതൃകയെന്നുരപ്പു സശിരഃ-
    കമ്പം സമീക്ഷിപ്പവർ.

ഓമൽപ്പൂമുഖമോടൊതുങ്ങി നിലയിൽ-
    സാരസ്യമാൻറ്നത-
ശ്രീമത്വം തടവിശ്ശരീര സുഭഗ-
    ത്വത്തെ വഹിച്ചഞ്ജസാ,
തുമയ്ക്കാസ്പദമാകുമിഗ്ഗൃഹ,മുദാ-
    രാന്തഃപുരസ്ത്രീകളെ-
സ്സാമഞ്ജസ്യമിയന്നു നിന്നനുകരി-
    ക്കുന്നു ത്വച്ചോമത്ഭുതം!!

കൂട്ടത്തോടു രസാലവൃക്ഷമുയരും
    തെക്കെപ്പുറത്തുള്ളൊര-
ത്തോട്ടത്തിൽപ്പല നല്ല പക്ഷികൾ പറ-
    ന്നെത്തുന്നു പാർത്തീടുവാൻ;
വാട്ടംവിട്ട നിലാവണിഞ്ഞ നിശവ-
    ന്നെന്നാലുമിന്നേതുമുറ-
ക്കോട്ടംവിട്ടവ പാടിടുന്നു പകലെ-
    ന്നാളും പരിഭ്രാന്തിയാൽ.

നിത്യം നിർമ്മലമായ് നിസർഗ്ഗമധുരം
തജ്ജീവിതത്തെ നയി-
ച്ചത്യന്തം രമണീയമാകിയ നിശാ-
രംഭത്തിലിപ്പക്ഷികൾ,
സ്തുത്യർഹതമിയന്നിടും പ്രകൃതിയാം
ശ്രീദേവിയെ മഞ്ജുള-
പ്രത്യഗ്രസ്തവഗീതികൊണ്ടതിവണ-
ക്കത്തോടു വാഴ്ത്തുന്നിതോ?

ഇത്തോട്ടത്തിലിരുന്ന മാമ്പഴമിതാ
വീഴുന്നു; ദുർവ്വാശിയോ-
ടൊത്തോടിപ്പിടിയിട്ടെടുത്തു കടി-
ച്ചീടാൻ കളിക്കുട്ടികൾ,
മുത്തോടില്ല വരാനനേക മധുനാ
നാലോടിരട്ടിച്ചിനി-
പ്പത്തോ കൂടുതലോ വരട്ടെ വിപുല-
ശ്രീവാഴുമീവാടിയിൽ.

ഇന്നാളൂററമിയന്ന കാററി,ലിവിടെ-
പ്പൊങ്ങി പ്രകാശിച്ചതാ-
മൊന്നാംമാതിരി മാവുലഞ്ഞു തലകു-
ത്തിത്താഴെ വീണില്ലയോ?
എന്നാലായതതിന്നുമുമ്പു പരമ-
സ്വാദുള്ള പകലങ്ങളെ-
തന്നാവസ്തുത ചേർത്തു തൂലിക ചരി-
ക്കട്ടേ ചരിത്രങ്ങളിൽ!

നീ വേണ്ടുന്ന ഫലങ്ങളേ വിതറിയേ
താഴെപ്പതിച്ചുള്ളൂ; തേൻ-
മാവേ, വീണതിനിപ്പുറത്തുമുപകാ-
രത്തെപ്പുരക്കേകുവാൻ,
ഹാ! വേഗം മഴുവേന്തിയോരുടെ കുടം-
വെട്ടും ചവിട്ടും സഹി-
ച്ചാ, വേരോടു മുഴുക്കെ ദേഹവുമുപേ-
ക്ഷിച്ചു ദഹിപ്പിക്കുവാൻ.

കേ,ട്ടമ്മാത്രയിലങ്ങുവീണകഥയെ-
സ്സന്തപ്തരായ് നാട്ടുകാർ
കൂട്ടത്തോടു ശപിച്ചു ദുർവ്വിധി വിലാ
സത്തിന്റെ ദുശ്ചേഷ്ടയെ;
വാട്ടം വന്ന ഭവാന്റെ നാലുവശവും
വന്നെത്തിനാർ കണ്ണുനീർ-
ച്ചാട്ടത്തോടു കരങ്ങളാൽത്തലയറ-
ഞ്ഞയ്യോ! കരഞ്ഞീടിനാർ

ദീനാവേശതകൊണ്ടു വീണിഹമരി-
ച്ചെന്നാലുമത്യുന്നത
സ്ഥാനാധിഷ്ഠിതനായിരുന്നൊരു ഭവാൻ
ദാനാപദാനങ്ങളാൽ,
ഈ നാടെങ്ങുമനശ്വരാമലയശ
സ്സാകുന്ന സുസ്മാരക-
ശ്രീ നാട്ടിസ്സ്വയമേവ മറ്റൊരുവിധം
ജീവിപ്പതുണ്ടത്ഭുതം!!

മൂലശ്രീയൊടിണങ്ങി മുമ്പിവിടെനി-
　　ന്നച്യുതരാജൻ മറി
ഞ്ഞാലസ്യത്തൊടു വീണനാളിഹ തട-
　　ത്തിങ്കൽത്തഴച്ചീടുവാൻ,
ബാലത്വം കലരുന്നതാമൊരു കളിർ-
　　ത്തേന്മാവു നിർമ്മായമാ-
യാ ലക്ഷ്മീസഹനായുറച്ചുമരുവീ-
　　ടുന്നു മനോമോഹനൻ.

ശ്രീ ചിത്രാങ്കുരമാർന്നിടും മധുരമാം
　　തൈച്ചൂതമേ, പൊന്നിളം-
കൈചിന്നിത്തെളിവാർന്നുരാഗഗൂഢമാം
　　പൂമെയ് വിലാസങ്ങളാൽ,
ഹാ! ചിത്തം പരമാക്കുമിന്നിഹ കളിർ-
　　പ്പിക്കുന്നു;വെന്നല്ല, സം-
സൂചിപ്പിപ്പതുമുണ്ടു സംപ്രതി ഭവാൻ
　　സത്ഭാവിയെബ്ഭൂമിയിൽ.

മുട്ടിപ്പോയതടത്തിലിമ്പമെഴുമാ
　　മൂലാവലംബത്തിനാ-
"ടൊട്ടി"ത്താനുളവായ കണ്ണിനു രസം
　　പെയ്യും രസാലാർഭകൻ,
മട്ടിൻമാതിരിനല്ലമാധുരികല
　　ർന്നീടുന്ന പക്വങ്ങളെ-
ക്കുട്ടിക്കാലമതിക്രമിച്ചിടുവതിൻ-
　　മുമ്പേ കുലപ്പിച്ചിടാം.

മാലിന്യം കലരാത്ത മാരുതനെഴും
സ്വാദാസ്വാദിച്ചുംനറും-
പാലിന്നൊത്ത രസംകലൎന്നുജ്ജ്വലാം
ഭാവത്തൊടും നാൾക്കുനാൾ,
മാലില്ലാതെ വളൎന്ന തന്റെ കുലമാ-
ഹാത്മ്യം കുറയ്ക്കാതിനി-
പ്പാലിക്കട്ടെ പവിത്രമാം പരിസര-
ത്തിങ്കൽ പ്രതാഷ്ഠാപിതൻ.

പ്രായംകൊ,ണ്ടിളതെങ്കിലും, പ്രകൃതിസം-
പൂൎണ്ണത്വമുണ്ടെന്നളി-
പ്രായം കണ്ടവരോതിടുന്നിതു വിശേ-
ഷിച്ചും വിലാസങ്ങളാൽ,
ഭൂയസ്സുന്ദരനായി നിന്നളിമുഖം
വീക്ഷിപ്പവൎക്കുത്തമ-
സ്വീയപ്രൌഢി വെളിക്കുകാട്ടിമരുവി-
ടുന്നു മഹാനാം ഭവാൻ.

ബാലത്വത്തൊടവൎണ്ണ്യരാജതിലക-
സ്ഥാനത്തിലെത്തിപ്രജാ-
ജാലത്തിന്നഭിവന്ദ്യനായിതുഭവാൻ
ഭാഗ്യാതിരേകത്തിനാൽ,
കാലത്തിന്നനുരൂപമാകിയവിധം
സംരക്ഷണംകൊണ്ടുതെ-
ല്ലാലസ്യംകലരാതകണ്ടിനി വള-
ൎന്നീടട്ടെവാണീടുവാൻ.

നാനാഭാഷയിലുള്ള പത്രനിവഹം
        നന്നായുരച്ചീടുമ-
ന്യൂനാസ്വാദ്യകഥാമൃതം പുതുമയോ-
        ടുണ്ടങ്ങു പൂവാടിയിൽ,
ദീനാപേതമുയൎന്നുവന്നിടുകയാ-
        ലുന്മേഷമാൎന്നെത്തിടാ-
മീനാട്ടാൎക്കൊരുഭാവിയെന്നുകരുതീ-
        ടുന്നൂകലാജ്ഞാനികൾ.

താവുംകൌതുകമോടുമുൾത്തടമൊരു-
        ക്കീടുന്നുഃനരേതന്നി-
ക്കാവുംപോലൊരുനല്ല സംസ്കൃതകലാ-
        സാമൎത്ഥ്യമേറീടുമാറു,
തൂവുന്നുണ്ടു രസംകലൎത്തി വളവും
        തുൎന്നും തുഃലാം തുമണി-
പ്പൂവുണ്ടായിവരുന്നതിന്നുസമയം
        സംപ്രാപ്തമായീലയോ?

വമ്പിച്ചാശ്ശുവളൎന്നിടേണ്ടൊരുപുതു-
        ത്തേന്മാവുതൻ മോഹന-
ക്കൊമ്പിന്മേലൊരിടത്തുമിത്തിൾപിടിപെ-
        ട്ടീടാതിരുന്നീടുവാൻ,
മുമ്പിൽക്കുട്ടിമുറയ്ക്കു സൂക്ഷ്മമൊടിരു-
        ന്നീടുന്നതില്ലേ? കനി-
ഞ്ഞമ്പിൽസ്സംസ്കൃതസംഭൃതാംഗലവളം
        കോരിക്കൊഴപ്പിക്കുവോർ.

ചുററുംവേലിവളച്ചിത്തെന്തിനുവൃഥാ
കെട്ടുന്നു? നാട്ടാർക്കതേ-
നിററും കമുഫലങ്ങളേ വിതറുവാ-
നള്ളീവിശാഖോജ്ജ്വലൻ,
മുററുന്നാത്മശിരോബലത്തൊടുവള-
ന്നീടുന്നശത്രുക്കളി-
ല്ലൊററുംനോക്കിയടുത്തണഞ്ഞിഹമഹാ-
ദ്രോഹം പ്രവർത്തിപ്പവർ.

കോട്ടംവിട്ടതികോമളധ്വനികൊഴു-
പ്പിക്കുന്നപുംസ്കോകില-
ക്കൂട്ടത്തിന്നഭയംകൊടുത്തു, തണലിൽ-
ത്താഴത്തിരിക്കുന്നവർ,
വാട്ടംതീർന്നരസിക്കുമാറിഹ വള-
ന്നാലും കുളിർത്തുമണി-
ത്തോട്ടത്തിൽസ്സുകുമാരനാകിയഭവാൻ
സ്വച്ഛാശ്രയത്തോടുമേൽ.

ശ്രീയാളുന്നഭവാനുയർന്നിനിയഥാ-
കാലം സ്വതന്ത്രാംഗസ-
ദ്വ്യായാമാർജ്ജിതസൌകുമാര്യമിയലും
താരുണ്യമാർന്നീടുവാൻ,
സ്വീയാനുഗ്രഹമേകിടട്ടിഹകൃപാ-
പീയൂഷവാരാശിയാം
കായാമ്പൂവൊളിവർണ്ണനായ കമലാ-
കാന്തൻ കടാക്ഷങ്ങളാൽ!!

തയ്യാകുന്നഭവാനു യൌവനവയ-
സ്സോപാനമാരോഹണം
ചെയ്യാനുള്ളൊരു സുപ്രഭാതസമയം
കണ്ടാശ്ശുകൊണ്ടാടുവാൻ,
തയ്യാറായമരുന്നിതുല്ലളികയോ-
ടിന്നാട്ടുകാർ; പൂനിലം
കൊയ്യാറായൊരുകാലമെങ്ങനെ കൃഷി-
ക്കാരി; ങ്ങതേ രീതിയിൽ.

ആശിക്കുന്ന ഫലങ്ങളൊക്കെയരുളാ-
നായിത്തഴയ്ക്കുന്നകൈ-
വീശി,ത്തന്റെ ശിരസ്സുയർത്തി, നിലയിൽ-
പ്പൊങ്ങിപ്പരം ഭംഗിയിൽ,
ക്ലേശിക്കാതെതടിച്ചു, നിഷ്കപടമാ-
യിന്നാട്ടുകാരേകിടു-
ന്നാശിസ്സോടുരരീകരിക്കുകഭവാൻ
താരുണ്യഭാവംക്രമാൽ.

താരുണ്യം തടവേണ്ട മംഗളദിന-
ത്തിങ്കൽബ്ഭവാ,നീ മഹാ-
മേരുശ്രീപുലരുന്ന രാജസദന-
ത്തിന്നുള്ള പൂവാടിയിൽ,
വാരുററീടിന വഷത്തീർത്ഥവിലസൽ-
പൂർണ്ണാഭിഷേകം ലഭി-
ച്ചാരുംകീർത്തിപുകഴ്ത്തുമാറു വിജയി
ക്കട്ടേ വിചിത്രാഭനായ്!!

മങ്ങാതന്നു ഭവാന്നു ഭംഗിയധികം
കൂട്ടീടുവാനായ്ക്കരു–
ത്തങ്ങുണ്ടോ ലളിതാംഗിയായൊരുലതാ–
കല്യാണിയിബ്ഭൂമിയിൽ,
പൊങ്ങാനുള്ളതിഭാഗ്യമൊട്ടുമൊളിവൂ–
ണ്ടാഹന്ത! നില്ക്കുന്നതു–
ങ്ങേങ്ങാർജ്ജിച്ചൊരു പൂർവ്വപുണ്യപരിപാ–
കത്തിൻ ഫലപ്രാപ്തിയായ്.

ചേതോമോഹനമായ പൊൻ മുകുളമാ–
ന്നാരക്തമാം പല്ലവ–
സ്ഫീതോൽകൃഷ്ടവിലോലകാന്തിതടവി–
പ്പത്രാവലിച്ചാർത്തുകൾ,
ജാതോല്ലാസമണി, ഞ്ഞലർപ്പരിമളം
തൂകിബ്ഭവാനെ വരി–
ച്ചേതോ പൂലതയന്നു പുല്കു; മവളാ–
ണിദ്ധാത്രിയിൽ ധന്യയാൾ!!

# വൈക്കം സ്മരണകൾ

സപ്താദശമബ്ദ്യത്തിലെനിക്കുജീവനം
ലഭിച്ചുവെന്നാകിലുമിപ്പൊളത്രഞാൻ,
വിശിഷ്ടമാം 'വ്യാഘ്രപുര'ത്തെ വിസ്മരി-
ച്ചിട്ടുന്നതില്ലെന്നു വിളിച്ചുരച്ചിടാം.

സദാനന്ദദാനത്തിനുജാഗരൂകനാ-
യിരുന്നിടും 'വ്യാഘ്രപുരാ'ധിനായകൻ,
കനിഞ്ഞുതന്നീടുമനുഗ്രഹങ്ങളാ-
ണിവന്നൊരഭ്യുന്നതിബീജമെന്നുമേ.

അഹന്നിശം ഞാനതുകൊണ്ടുതല്പദാം-
ബുജങ്ങളെത്തന്നെഹൃദന്തനാഡിയിൽ,
അനുസ്മരിച്ചിങ്ങമരുന്നു, സർവ്വസ-
ങ്കടങ്ങളും നീക്കിയനുഗ്രഹിക്കുവാൻ.

വിശാലമാം 'വ്യാഘ്രപുര'ത്തെഴും മഹാ-
വിശേഷവസ്തുക്കളിൽവെച്ചുമുമ്പുതാൻ,
വിശിഷ്ടമാം ശങ്കരമന്ദിരം;മനോ-
വിശുദ്ധിയുണ്ടാമതുചെന്നുകാണുകിൽ.

വളഞ്ഞവപ്രങ്ങളൊടൊത്തുവാനിലായ്
വളർന്നതാം ഗോപുരശൃംഗമംഗിയാൽ,
വിളങ്ങിടുന്നമ്പലമെന്റെയോർമ്മയിൽ
കിളർന്നുനില്ക്കുന്നു, കിഴക്കുകുന്നുപോൽ.

പടുത്വമേറും പഴശില്പവിദ്യയാൽ
പടുത്തവെൺകൽപടയുള്ള വാപികൾ

അടുത്തു മുൻഭാഗമണിഞ്ഞുകോതരേ-
ത്തടുത്തുവെക്കുന്നു വിശുദ്ധരാക്കുവാൻ.

കുമാരനാകും നന്ദനാപുരേശനെ-
ക്ഷണിച്ചുദിവ്യാഷ്ടമിനാൾനിവൃത്തുവാൻ
രചിച്ചരമ്യാകൃതിയാർന്ന വാരണാ-
ലയത്തിനും വന്ദ്യതയുണ്ടുവാഴ്ത്തുവാൻ.

ഗജോപരിസ്ഥാനമണിഞ്ഞു, പാർവ്വതീ-
ശനും മഹോത്സവാനന്ദമുല്ലസിക്കവേ
ഗളസ്തവോച്ചാരണശബ്ദമംബരം
പിളർന്നുകേറുന്നതു കേൾപ്പതില്ലയോ?

നിജാശ്രയം തേടിവരുന്ന സധുവാം
ദ്വിജാളിയെസ്സൽക്കൃതി ചെയ്തയക്കുവാൻ
മഹാന്നദാനപ്രഭുവിൻെറ ഭോജനാ-
ലയങ്ങൾനില്ക്കുന്നു നിതാന്തസുന്ദരം.

മുളച്ചുവേരൂന്നിയുറച്ചു, പന്തലി-
ച്ചിളക്കും സൗഭാഗ്യമിണക്കി, മേല്ക്കുമേൽ,
വളർന്നിടും നല്ലരയാൽമരങ്ങളീ-
വളപ്പിൽ വാഴുന്നിതുവാച്ചരക്ഷയിൽ.

വിപൽപ്രശാന്തിക്കു വിളിപ്പെടുന്നതാം-
കപർദ്ദിതന്നമ്പലമെത്തിനാൾക്കുനാൾ,
തപസ്സുചെയ്യുന്നവരെത്തലോടുമേ
ദ്രുപത്രമാലാവ്യജനോത്ഥമാരുതൻ.

സുഭക്തപാദാംബുജപാംസുസംഗമം
ലഭിച്ചുമുററും "തിരുമുററ"മേററവും,
സുചപ്രഭംസുന്ദരമിന്ദ്രമന്ദിരാ-
ങ്കണത്തെവെല്ലുന്നു വിശുദ്ധിവായ്പിനാൽ.

ഉമാമണാളന്റെ പദം ഭജിക്കുവാൻ
രമാസമാനാഭകലർന്ന രാമകൾ,
ക്രമാലണഞ്ഞത്ര വലത്തുവെയ്ക്കുമീ-
ക്ഷമാവിഭാഗം രമണീയമോർക്കുകിൽ.

പ്രദക്ഷിണംവയ്ക്കുമവർക്കു കൗതുക-
പ്രദം "തളക്കല്ലു"കുളുത്ത കാന്തിയാൽ
സുദർപ്പണാനന്യമനോഹരപ്രഭാ-
മദപ്രണാശത്തിനു ശക്തമെത്രയും.

ഘനസ്ഫുരൽകുന്തള ബന്ധുരാഗ്രബ-
ന്ധനസ്ഫുടാലംകൃത പാദപൃഷ്ഠകൾ,
നനച്ചവസ്ത്രങ്ങളുടുത്തു മേലുമി-
ട്ടനംഗവൈരിക്കു വലത്തുവെച്ചുപോം.

മഹാമഹീഭൃൽകുചകാന്തിയേന്തുമീ-
മദാന്ധമാതംഗമനോജ്ഞയാനകൾ,
മഹേശനെക്കുപ്പി വലത്തുവെയ്ക്കവേ
മനോഭവൻകൂടെ നടപ്പതത്ഭുതം!!!

അനന്യസാധാരണ"ദണ്ഡയുഗ്മ"മോ-
ടനംഗവൈരിധ്വജമീശഭക്തരേ
അനശ്വരാനന്ദപദത്തിലേറുവാ-
നനർഘനിശ്രേണികണക്കുകണ്ടിടാം.

കടാക്ഷമാല്യം കമനീജനാക്ഷിയിൽ
തൊടാൻ മടിച്ചാർത്തരുളുന്നമൂടിയാൽ,
സ്ഫുടാഭകൈക്കൊണ്ടു പരിജ്ജ്വലിക്കുമ-
"ക്കെടാവിളക്കിൻ"നില കേൾവിയില്ലയോ?

അതാന്തമാധുര്യമനോജ്ഞവാദ്യസ-
ദ്ധ്വിതാനവശ്യാകൃതിപൂണ്ടു സർവദാ,

അതാ "ബലിക്കൽപ്പുര" ഭക്തലോകസം-
വൃതാന്തരം കണ്ടതിശുദ്ധരാക നാം.

നിരന്തരം നിസ്വനഭക്തർ കൈകളേ
നിരത്തിയർത്ഥിച്ചു,മനേകയോഗികൾ
വിരക്തിപൂണ്ടഞ്ജലിയാർന്നുമാദരാൽ
തിരക്കി നില്ക്കു "ന്നിടനാഴി" കാൺമുതാൻ.

വിരാജമാനാമലമണ്ഡപത്തിലെ-
പ്പുരാണപാരായണശബ്ദവീചികൾ
സ്മരാദിചാരാദിമനോഗദങ്ങളേ-
ച്ചിരാലിളക്കിക്കളയുന്നു ദൂരവേ.

കമഴ്ന്നുവീണമ്പൊടു കണ്ണുനീരുമായ്
നമസ്കരിക്കുന്നയഥാർത്ഥവിപ്രരാൽ
സുമണ്ഡിതംമണ്ഡപം; അത്രദർശനം
സമസ്തശോകത്തിനു മറെറാരൗഷധം.

നവീനരീതിക്കു,പഠിച്ച ഗായക-
പ്രവീണർതൻ വിദ്യകൾ വിസ്തരിച്ചുടൻ,
സ്വവീണയിൽ പാടിയിരിക്കയാൽരസ-
പ്രവീക്ഷണാർഹം മണിമണ്ഡപാന്തരം.

സദാപിദീപാവലികൊണ്ടു ദീപ്തമാ-
യുദാരഘണ്ടാരവമാർന്നു,ഭക്തരാൽ
മുദാത്ര സോപാനമലംകൃതം, ശുഭ-
പ്രദായകം ചെന്നൊരുനോക്കു കാണുകിൽ.

എരിഞ്ഞകർപ്പൂരവും, അത്രനല്ലതായ്
വിരിഞ്ഞപൂമാലക,ളിഷ്ടഗന്ധവും,
കരിഞ്ഞകെരം മലർനെയ്പഴങ്ങളും
ചൊരിഞ്ഞിടുന്നുണ്ടു സുഗന്ധവൃഷ്ടിയെ.

നടയ്ക്കുനേരേനലമോടണഞ്ഞതി-
സ്ഫുടപ്രഭാകന്ദളദൈവവിഗ്രഹം
അടഞ്ഞുപോമക്ഷിയൊടൊന്നുകണ്ടു,സ-
ങ്കടങ്ങളററാശ്ശുകൃതാത്മരാകനാം.

കുനിഞ്ഞുകുമ്പിട്ടുപുനഃപുനഃപുരോ-
ഹിതാഢ്യനേകും പുരുദിവ്യമൗഷധം
പ്രസാദമാല്യംപ്രതിപത്തിയോടെട്ടു-
ത്തണിഞ്ഞിടുന്നുണ്ടിഹ ഭക്തരാദരാൽ.

അലംവിളമ്പുന്നമൃതാശനത്തിനായ്
സ്ഥലംപിടിച്ചിട്ടു ദ്വിക്രുലകോടികൾ
തലത്തിൽ നാലമ്പലമെങ്ങുമിമ്പമാ-
യലങ്കരിക്കുന്നിതഗമ്യരീതിയിൽ.

അവിഘ്നമായിട്ടു ഗണിച്ചുവററയെ-
ച്ചുവിട്ടിടാതൊന്നു കറങ്ങിയാദരാൽ
സുവിപ്രസന്തുഷ്ടിയുമാന്നു പോകയായ്
ഭവിച്ചു ഭവ്യത്തൊടു ഭാഗ്യശാലികൾ.

അവണ്ണ്യമാമമ്പലമിമ്പമോടുമൊ-
ട്ടിവണ്ണമാണെൻ സ്മരണാശയങ്ങളിൽ
നിവന്നുനില്ക്കുന്നതു്;നല്പമററുസം-
ഭവങ്ങളും തത്രകുരുത്തിടുന്നുമേൽ.

പ്രധാനമായിട്ടതിലൊന്നു,സൌഹൃദ-
പ്രധാരണാവല്ലികപൂണ്ടപൂക്കളിൽ
പ്രധാരയായിട്ടൊഴുകും മരന്ദസ-
ദവിധാശയം ഞാൻ സ്വയമാസ്വദിച്ചതാം.

പരന്നധിസ്ത്രീക്കിനകത്തുവിദ്യയെ-
പ്പരത്തുവാൻ പര്യടനങ്ങൾ ചെയ്തതിൽ,

സുരതാരാശിക്കെതിരെത്രയോഗ്യരെൻ-
കരസ്ഥരായ് സ്നേഹവിജ്രംഭണോജ്ജയാൽ.

മഹാനുഭാവൻ "ചെറിയാൻ"ഇനിക്കുമേൽ,
മഹാശയൻ "ശാസ്ത്രികൾ"തൊട്ടു പണ്ഡിതർ
സഹായമായ്ത്തന്ന ഗുരുപദേശമാം
സുഹാരമാണെന്നുമിവനുഭൂഷണം.

കലാലയങ്ങൾക്കളിവൃദ്ധിയേകുവാ-
നലാഘവശ്രീയെഴുമായുർബുദ്ധികൾ,
സ്ഥലാനുകൂലം മമതന്ന സാഹ്യസ-
ദ്വിലാസമെന്നും സ്മരണീയമല്ലയോ?

പ്രശാന്തമാം ജീവനമോടുമത്രധീ-
വിശാലതാരോഗ്യസുധർമ്മവാഞ്ഛയാൽ
ദശാനുകൂലാഭ്യസനം കഴിക്കുമ-
ക്ക്യശാംഗവിദ്യാർത്ഥികളെന്റെ കുട്ടികൾ.

അതിക്രമംവിട്ടു കലാലയങ്ങളിൽ-
മതിപ്രകൃത്യാസ്പദബോധനക്രമം
പ്രതീക്ഷചെയ്യാൻ ശ്രമമെന്നൊടൊപ്പമാ-
ന്നതിപ്രിയാദ്ധ്യാപകരെൻസഹോദരർ.

വിടന്നുപാദ്ധ്യായകസംഘയുദ്ധഭൂ-
തടങ്ങളിൽ ധർമ്മമുറസ്സുതങ്ങളിൽ
നടന്ന വാദപ്രതിവാദശസ്ത്രദുർ-
ഘടപ്രയോഗങ്ങൾ മറക്കയില്ല ഞാൻ.

നിറഞ്ഞു "വാദ്ധ്യാർപ്പട"നാട്ടിലെങ്ങുമെ-
ന്നുറച്ചു പച്ചപ്പരിഹാസമായ് ചിലർ,
പറഞ്ഞിടുന്നു,ണ്ടിവർ മൂഢർ;"പേ"* പരം
കുറഞ്ഞ വാദ്ധ്യാരതിശുദ്ധബുദ്ധിമാൻ.

* പേ = ചാപല്യം, ശമ്പളമെന്നും

ഛതിക്കമജ്ഞാനരിപുക്കളോടിട-
ഞ്ഞെതിക്കമദ്ധ്യാപകലോകസേനകൾ,
ക്ഷിതിക്കശാന്ത്യാത്മകമായിട്ടം സമുൽ-
ഗതിക്ക പന്ഥാവുതെളിച്ചിടുന്നവർ.

കുലാദ്രിതൊട്ടൽക്കടെ"വെമ്പനാട"നാം
ജലാശയത്തോളവുമെത്രവട്ടമോ,
കലാപ്രചാരത്തിനസഞ്ചരിച്ചു,ഭൂ-
വിലാസമെന്തൊക്കെയുമത്രകണ്ടു ഞാൻ?

കിഴക്ക കുന്നുംതടവും, നടുക്ക നൽ-
പുഴക്കരപ്പുഞ്ചകളും, പ്രതീചിയിൽ
വഴക്കമേറും മണലും കലൻറ, വാർ-
തഴച്ച താല്യക്കിതു ഭൂരിഭൂഷിതം.

മലമ്പുറത്തേറെ മനോഹരങ്ങളാം
മലക്കുടംപൂണ്ട ക്രമാംഗവല്ലികൾ,
കുലത്തിന്നുന്നായമഹീരുഹാഢ്യമെ-
യ്യലങ്കരിക്കുന്നിതലംകൃതാൎത്ഥരായ്.

വളംവിശേഷിച്ചുകൊടുത്തിടാതെ താൻ
വളൻറവാരുററവനാന്തവല്ലികൾ,
വളഞ്ഞുകേറാനൊരു വൃക്ഷവയ്യനെ-
ക്കിളൻറകിട്ടാഞ്ഞു കിടപ്പുകീഴമേൽ.

കലാലയത്തിൽ ബഹുബാലകാവലി-
യ്ക്കിടയ്ക്കുപെൺകുട്ടികൾപോലെയദ്രിമേൽ
അനേകബാലദ്രുതതിടക്കിടയ്ക്കട-
ത്തൊതുങ്ങിനില്ക്കുന്നിതു ബാലവല്ലികൾ.

മരങ്ങളിൽക്കേറിയിരുന്ന മഞ്ജുള-
സ്വരത്തിൽ വിദ്യാൎത്ഥികൾപോലെയാദരാൽ

പരംമനോമോഹനഗാനമധ്യസി-
ച്ചുരച്ചിടുന്നുണ്ടിഹ ബാലപക്ഷികൾ.

വെളിച്ചമേറും തൃണഭൂതലങ്ങളിൽ
തെളിഞ്ഞുവിദ്യാൎത്ഥികൾപോലെയന്തിയിൽ
വിളിച്ചുമാഹ്ലാദമിയന്നുചാടിയും
കളിച്ചിടുന്നു മൃഗശാബപാളികൾ.

ഉയന്നതാം ക്ലാസിനുതാണതിങ്കൽനി-
ന്നസംഖ്യവിദ്യാർത്ഥികൾപോലതിശ്രമാൽ
ഉഴന്നലം താഴ്വരവിട്ടുകുന്നിലേ-
ക്കുണന്നുകേറുന്നിതു മാൻകിടാവുകൾ.

വെടിഞ്ഞുപാഠാലയമൊന്നു വേറെയൊ-
ന്നിലേയ്ക്കുവിദ്യാൎത്ഥികൾപോലെ വിഭ്രമാൽ
ത്യജിച്ചുപൂവൊന്നിഹ മററുപൂവിലേ-
ക്കണഞ്ഞിടുന്നു ശലഭാളിപാളികൾ.

ബലാലൊരധ്യാപകതാഡനം ലഭി-
ച്ചിടുന്ന വിദ്യാൎത്ഥികൾപോലെ ഭീതിയാൽ
കിരാതഘോരായുധപാതമേല്ക്കയാൽ
വിലാപമാളുന്നുവിഹംഗബാലകർ.

സപാണിയിൽ പുസ്തകമേന്തിമന്ദമാ-
യ്വരുന്നവിദ്യാൎത്ഥികണക്കശുദ്ധനായ്
സുഗന്ധഭാരത്തെവഹിച്ചു ലീലയാ
ചരച്ചിടുന്നുണ്ടിഹ ബാലമാരുതൻ.

ഗിരിപ്രദേശത്തുനടന്നു, വിശ്രമി-
ച്ചിരിക്കുവാൻ കാംക്ഷയെഴുന്നവേളയിൽ
വിരിച്ചപൂവോടു തണുത്തുകണ്ടിടാം
സ്ഫുരിച്ചിടും പാദപമൂലഭൂമികൾ.

ഇരിക്കവേ പാന്ഥരെയൊക്കെയാശ്രുസ-
ല്ലൂരിച്ചിടും സൽഫലവൃക്ഷശാഖകൾ
ചിരിച്ചുകൊണ്ടത്ര സമീപമുള്ളൊര-
സ്സരിത്തുപാനീയവുമേകുമാദരാൽ.

അനേകമുണ്ടിങ്ങനെകാഴ്ച കുന്നുകൾ-
ക്കിടയ്ക്കു; പുഞ്ചപ്പടവൊത്തുകാണുകിൽ,
അശേഷം, ഐശ്വര്യവിലാസലക്ഷ്മിയാൾ
ക്കരഞ്ഞുതാനെന്നു ചുരുക്കിയോതിടാം.

കടല്പരപ്പെന്നതുപോലനന്തമായ്-
ക്കിടക്കുമക്കായലിലുള്ള കാഴ്ചകൾ
അടങ്ങുമോ ചൊല്ലുകിൽ, "ആത്മപോഷണ"
സ്ഫുടസ്വരൂപത്തിൽ വരച്ചതുണ്ടു ഞാൻ.*

പരമനവധിയുണ്ടിവന്റെ പൂർവ്വ-
സ്മരണകൾ; ഒക്കെയുമോതുവാൻ പ്രയാസം;
പരമഗുണമിയന്ന വൈക്കമെങ്ങോ?
വിരസതകോലിനവർണ്ണനങ്ങളെങ്ങോ?

★

* ഈ കൃതി ഒന്നാംഭാഗം 438—445 വരെ പേജുകളിൽ കൊടു
ത്തിട്ടുണ്ട്.

# ഉൾനാട്ടിലെ പ്രഭാതം

തങ്കശ്രീ തടവീട്ടമത്തരണിയാം തൃത്താലിതാല്പര്യമായ്
തങ്കബ്ജാഞ്ചിലണിഞ്ഞു താമ്രവിലസല്പട്ടാംബരത്തോടിതാ
എങ്കണ്ണാമൃതകീരഗാനമരുളിപ്പിന്നോദയാദ്രീശചര-
ക്കൊങ്കക്കളന്നൊട്ടു വന്നിടുന്നു സരസഗ്രാമപ്രഭാതാംഗനാ.

ഉദയഗിരിനിരപ്പാം ചാരുപീഠം കരേറി-
പ്പുതഗരവമൃദംഗധ്വാനഗാനം മുഴക്കി
ജലദമറയകറ്റിക്കൈകളോരോന്നുകാട്ടി-
ക്കതിരവനടനിന്നിഗ്രാമരംഗത്തിലെത്തി.

പ്രാചിപ്പെങ്കൊടിയപ്രസൂതിസമയം
പ്രാപിച്ചുവെന്നായിതാ
സൂചിപ്പിച്ചൊരു സുന്ദരദ്വിജകുല-
സ്ത്രീയാം സുധാഭാഷിണി
ഹാ! ചിത്രം! "കുരവാ"രവാമൃതമുര-
ച്ചൂട്ടീപനൈസർഗ്ഗിക-
ശ്രീചിഹ്നക്ഷണപക്ഷസംപതനമാം
"മാത്തല്ലു"തല്ലുന്നുവോ?

ഹിമകരമണിബിംബം രാവിലാകത്തിളങ്ങി-
ക്കിരണവഴിചൊരിഞ്ഞാമന്ത്ജൂവാം മഞ്ഞുവെള്ളം
തൃണഗണനിബിഡക്ഷ്മാരംഗഭാഗത്തി,നശ്രീ-
രുചിയൊടിടകലർന്നിട്ടിന്ദ്രചാപാഭതേടി.

പൊങ്കോശോരസിജങ്ങളിൽ പരിലസ-
ല്പത്രാവലിശ്രീകല-
ന്നങ്കോപസ്ഥിതിതല്യൂത്തജ്ജാരമധുപാ-
ശ്ലേഷാൽസുഖിച്ചീടവേ

KOTTAYAM PUBLIC LIBRARY, KOTTAYAM.

മുങ്കാപിച്ചുയരുംനിജാത്മപതിയെ
        ക്കണ്ടെങ്കിലുംകഷ്ടമ-
സ്സങ്കോചംവെടിയുന്നു ഹാ! കുലടിസ്ത്രീ-
        ഗ്രാമസ്ഥയാമബ്ജിനി.

രവിയുടെ നവമാകും രാഗസമ്മിശ്രരശ്മി-
ക്കൊടിനിരയഥ പച്ചപ്പുല്ലെഴും പാടമെത്തി
ഘനസുഷമകലർന്നാമാധവന്മാറിലോമ-
ന്മണിയുടെരുചിപൂരംചേർന്നപോലവിളങ്ങി.

താണാത്താഴ്‌വരതന്നിലും, തറയിലും
        തട്ടിങ്കലും,താമസം
ചേണാന്നുള്ളവരെന്തുചെയ്യുമതിനേ
        ച്ചേലോടഹസ്സിതസുദാ
കാണാനായിത കർമ്മസാക്ഷിയിളയിൽ
        സർവ്വത്ര സർവ്വത്തിനും
പ്രാണാലംബനമായിട്ടും നിജകര-
        സ്തോമംകടത്തുന്നുവോ?

പഴയൊരുപനയോലക്കുള്ളിടക്കുള്ളിലേറി-
ക്കുടിലിനകമിറങ്ങിസ്സത്വരംസൂര്യരശ്മി
“മതി വലിയൊരുറക്കം, വേലചെയ്വാന്മടിക്കാ-
തുണരുവിനിനി”യെന്നാക്കർഷകന്മാരൊടോതി.

കല്യാണപ്രദനായിട്ടുംകമലിനീകാന്തൻകനിഞ്ഞാക്കരാ-
വല്യാനുഗ്രഹമേകവേ വനജവർണ്ണാഡംബരംവാച്ചിതാ
കല്യാംഗസ്സിഹ കൃലജദ്രുമകുലച്ഛായാവിമിശ്രസ്ഫുരൽ-
ക്കല്യാണാഭകലർന്നുകല്ലിടകളിൽക്കേറിക്കളിക്കുന്നുതേ.

പ്രകൃതിമധുരലക്ഷ്മീകന്ദളംകേളിയാട്ടു-
നുടലിനുപരിഭാഗംപാതിയും നഗ്നമായി

മൃല കരലതകെട്ടിത്തെല്ലുമൂടിക്കലാദ്രി-
സ്തനികളുമിളവേലിൽ സാമ്പ്രതംവന്നുകൂടി.

കുററിക്കാടിലിയന്ന കഞ്ചിതലതാ-
കുഞ്ജപ്രസൂനങ്ങളിൽ
പ്പുററിപ്പാവനമായിട്ടും പരിമളം
പാരിൽപ്പരത്തിപ്പരം
ചുററിച്ചുററിവരുന്നിളംപവനനാം
തേരേറിമാരേശ്വരൻ
മുററിപ്രൌഢികലർന്ന മുഗ്ദ്ധമുഖിമാർ
മാനംമുടിക്കുന്നിതോ?

ഉണരുമളവടുക്കൽത്തള്ളയെത്തുകാണാ-
ഞ്ഞുഴറിയൊരു കുമാരൻ പാഞ്ഞുവാതുക്കലെത്തി
ഉദിതദിനകരശ്രീവന്നു വക്ത്രത്തിലേററി-
ട്ടുപരികരമുയർത്തിഞ്ഞിണ്ണുമാക്കണ്ണുപൊത്തി.

കാതിന്നും കരളിന്നുമാക്കുമതിയാ-
യിമ്പം കലർത്തിക്കര-
ഞ്ഞാതിഥ്യത്തിനണഞ്ഞിടുന്നബലമാ-
രാകുന്നജസ്ത്രീകളെ
പൂതിങ്ങുംപുരുളുരുഹങ്ങളധുനാ
പൂജിച്ചുപൂർവ്വാധികം
കാ, തിന്നുന്നതിന്നുംകൊടുത്തതിഥിസൽ-
ക്കാരം കഴിക്കുന്നതേ.

യുവതിയൊരുവളോരോ കയ്യിലും പീനതുംഗ-
സ്തനമൊടു പടവെട്ടും മൺകുടം മന്ദമേന്തി
കുളമതിലഥമുക്കിപ്പൊക്കിടുമ്പോളസൂയാ-
പുളകിതകുചയുഗ്മം പ്രീതികൊണ്ടോ കല്യാണി?

ശ്യാമശ്രീശതശഷ്പശാഡ്വലമഹീ-
        ഭാഗത്തിലശ്ശർവ്വരീ-
യാമത്തിങ്കലണഞ്ഞ നല്ല ധവള-
        പ്രാലേയബിന്ദുക്കളെ
കാമം സൂര്യകരംകളിച്ചുകലിത-
        ശ്രീ:സപ്തവർണ്ണോജ്ജ്വല-
ധൂമപ്രായഗതങ്ങളാക്കി വിതറീ-
        ടുന്നരണ്ടു വിശേഷാപരി.

ഒരുവെറുമജപാലസ്ത്രീജനംവാമഹസ്താം
ബുജമതിലജശിക്ഷാരക്ഷണത്തിന്നുവേണ്ടി
വടിയൊടു,രസമായിപ്പാട്ടുപാടിപ്രസന്നാ-
ശയമൊടു നടകൊണ്ടാളാടുമായ് ക്കാടുകേറി.

കുന്നിക്കുന്നിളവേലില്ലാത്തകുതുകം
        വാലും കുലുക്കി,ക്കളു-
ക്കുന്നിന്മേളിലലം കുരുത്ത കറുക-
        പ്പുല്ലും കുശാഗ്രങ്ങളും
തിന്നിഷ്ടം തികയുന്നമാതിരി തിള-
        ച്ചോടുന്ന "കന്നാലി"യോ-
ടൊന്നിച്ചുള്ളൊരു ഗോപബാലനഥവാ
        ഗോവിന്ദനായ് വന്നിടാം.

മതിലിളകിമറിഞ്ഞോരമ്പലത്തിന്നടുത്ത-
ക്കുളമതിലിഹ നാലഞ്ചാറുപേരുച്ചമായി
ഹരിയുടെ തിരുനാമം ചൊല്ലിയാനന്ദബാഷ്പാ-
മൃതമൊടഥ കുളിച്ചുദ്ദേവനെ സേവചെയ്‌വൂ.

കാറുന്തിത്തരുണപ്രഭാകരനുയർ-
        ന്നാകാശവാതുക്കലേ-
ക്കേറുമ്പോളെതിരേല്ക്കുവാൻ മഹിഷി-
        യായിടും മഹീപത്മിനി

പേരുമ്പത്രസുവസ്ത്രമോടളിമഷി-
ക്കൂട്ടക്ഷതപ്പൂമധു-
ച്ചാരുദ്യപ്രപിസദീപദപ്പണാജ്ജല-
ത്തോടും ജയിക്കുന്നുതേ.

ദിനമണിയഥപൊങ്ങി, ദീപ്തിപൂരം വിളങ്ങി,
ഘനപടലമൊതുങ്ങി, ഘമ്മജാലാളതിങ്ങി,
ജനതതികളിണങ്ങി, ജന്മകൃത്യം തുടങ്ങി,
പുനരുപരിതിളങ്ങി, പൂൎണ്ണമായ് ഗ്രാമരംഗി.

പാടത്തിൽപാട്ടുപാടിപ്പരിമളലതൃണ-
ത്തെപ്പറിച്ചു "പ്പറച്ചി"-
പ്പേടക്കണ്ണാളിരിപ്പുണ്ടൊരുവ,ളതുപെറു-
ക്കുന്നു വേറിട്ടൊരുത്തി
മാടപ്രാവിന്മനോജ്ഞാവലി വിളവു "കൊറി-
യ്ക്കാ"തെമണ്ടീടുവാനാ-
മാടംകെട്ടി "പ്പൊറുക്ക"ന്നൊരു "പുലയ"നിതാ
ക്രൂരോട്ടം ക്രവിടുന്നു.

ചിത്താനന്ദംതരുന്നിച്ചിറയതിലുയരും
നല്ലിളംപുല്ലിളക്കി-
ച്ചൈത്താനായിട്ടു ചെമ്പിച്ചൊരു ചികുരഭര-
ശ്രീപുലമ്പും "പുലച്ചി"
അത്താരുണ്യത്തിളപ്പുന്നരയിലൊരരിവാ-
ളേന്തിയാരാലിദാനിം
മുത്താളീടും മുലപ്പുന്തൊട്ടുമുറുകിനട-
ക്കുന്നിതെൻമുന്നിലായി.

കാലേതന്നേ കലപ്പത്തടി കലിതരസം
കർഷകൻ തൻ കഴുത്തി-
ന്മേലേവച്ചുത്രമേനിപ്പുതുമകലരുമ-
ക്കാളയെ നീളയോട്ടി

പ്രാലേയാംബുപ്രസന്നഛരവിലളിതലസ-
ന്മുഗ്ദ്ധമന്ദസ്മിതശ്രീ-
യാലേ ശോഭിച്ചിടുന്നാ“വയല്”വഴിഗമി-
ക്കുന്ന ഗാനങ്ങളോതി.

പാലോടീടും പളുങ്കിന്മണിരചിതലസ-
ന്മാല നാലഞ്ചുകെട്ടി-
ക്കോലോടും, കൊട്ടയോടും, കൊടിയൊരുകൊടകോ-
ലുന്നോര“ക്കോന്തി”യോടും
മാലോകക്കുള്ളമാലോതിടുവതിനു മിടു-
ക്കുള്ള“കാക്കാത്തി”സൂര്യൻ
മേലോട്ടേക്കേറിടും മുമ്പിഹബത! പടിവ-
ന്നേറിവാകീറിടുന്നു.

നീഹാരശ്രീനിറഞ്ഞീടിന നിബിഡനികു-
ഞ്ജപ്രദേശത്തിലുദ്യ-
ന്നീഹാരാദ്രീശപീനസ്തനികുലമണിമാ
രഞ്ചുപേരിഞ്ചുതല്ലി
ആഹാരത്തിനുവേണ്ടും പണികളിഹ നട-
ത്തുന്നു നൈസർഗ്ഗികശ്രീ
ദേഹാലങ്കാരമോടും ദയിതരൊടധുനാ
ദേശവൃത്താന്തമോതി.

കണ്ഠത്തിൽകെട്ടിനിൽക്കും സലിലമിനകര-
പ്രാഭവത്താലുണങ്ങി-
ക്കണ്ടപ്പോൾ കാലവൃത്താവലിയൊടുസമമാ-
യക്ഷാമം പക്ഷിജാലം

ഇണങ്ങല്ലപ്പെട്ടെത്രമേവും പലപലജലജ-
ന്തുക്കളേ ചെന്നുകൊത്തി-
ക്കൊണ്ടയ്യോ! കൊണ്ടുപോയിക്കൊടിയബലി
കൊടുക്കുന്ന കോപാന്ധരായി.

"ഉള്ളിൽപ്പെട്ടുള്ളനാട്ടി" ന്നുദയമിതുളവാ-
ക്കുമ്പൊളുൾക്കൃഷ്ടമായി-
ട്ടുള്ളിപ്രൌഢതച്ചമെല്ലാമുപരിയുപരി
യുണ്ടാക്കിടുന്നുഷ്ണരശ്മി
വെള്ളിക്കമ്പിക്കരശ്രീവിതറിവെളു-
വെളുത്തിക്കശേഷം വെളിച്ചം
കൊള്ളിച്ചുംകൊണ്ടു കേലാഹലഖഗനിവഹ-
ത്തോടു കൊണ്ടാടിനിൽപ്പൂ.

★

## സൂര്യോപാലംഭം

സാരസ്യശ്രീനിശീഥാംഗനയുടെ സകലോൽ-
കൃഷ്ടസൌന്ദര്യലക്ഷ്മീ-
സാരത്തെസ്സർവ്വതാപോദയകരനിരയാൽ
സംഹരിപ്പാനൊരുങ്ങി,
ക്ഷ്മാരംഗത്തിൽകടക്കും കതിരവ! ശരി, ന
ന്നായിതെന്നായി, തേരിൽ
സാരഥ്യത്തിന്നനൂരുത്തടിയനൊട്ട പുറ-
പ്പാടു,പൂർവ്വാംബരത്തിൽ.

ചാരുശ്രീചന്ദ്രനാകുംപതി ചരമമട-
ത്തീടവേ,രാവതെന്നാ
പ്പേരുള്ളാപ്രേയസിക്കായരുളിയഹിമബി-
ന്ദുക്കളാം രത്നമെല്ലാം
കാരുണ്യംവിട്ടു കയ്യാൽ കവരുമയി! രവേ!
കള്ളനാണെന്നമൂലം
ചേരുന്നില്ലങ്ങിലയ്യോ! ചെറുതുമിഹമഹാ-
കർമ്മസാക്ഷിപ്രവൃത്തി.

ശ്രീമൽസൂര്യാഭിധാനം തടവിയൊരുനിന-
ക്കന്തമററന്ധകാര-
സ്തോമത്തെതല്ലിയോടിപ്പതിനൊരുവിരുതു-
ണ്ടെങ്കിലും, വീതദൈന്യം,
ഹാ! മഞ്ജുപ്പൂവനത്തുലതകളിലധികം
കൈകടത്തിക്കരിക്കു-
ന്നാമട്ടാശാസ്യമല്ലേ; ധിഷണനനുചിതം
ധർമ്മനിഷ്ഠാതിപാതം,

എന്തിന്നേറെപ്പ്രതാപം കലരുമൊരു ബഹി-
ർഭാഗഭാസ്സോടുകൂടി-
പ്പൊന്തിപ്പോകുന്ന മാനത്തിന്ന; മതി, മതിയേ-
ക്കാളുമേററം കളങ്കം,
ചിന്തിച്ചാലുള്ളിലില്ലേ? ചിരമയി! ചിരിപൊ-
ട്ടുന്നരമേ; ചീത്തയാംനീ
കുന്തിപ്പെണ്ണോടുചെയ്തുക്കസ്സൃതി കുവലയ-
ത്തിന്നു ക്രൂരാട്ടമല്ലേ?

വമ്പിച്ചീടുംപ്രതാപോല്ക്കരകരമൊടഹോ!
വന്ദ്യനാണെന്നഭാവം
തുമ്പില്ലാതുള്ളിലേറിത്തുരഗധൃതരഥാ-
രോഹണം തുണ്ണമായി
അമ്പിൽചെയ്തിട്ടു പോകുന്നരുണ! കരുണവി-
ട്ടെന്തിനീയുഗ്രതാപ
ക്കമ്പികൈകൊണ്ടു താഡിപ്പതു,തവ തരസാ
താഴെയുള്ളോരെയെല്ലാം.

കിംഭോ! കീലാലജാതപ്രിയ! തവ കിടയി-
ല്ലാത്ത മഹാത്മ്യലക്ഷ്മീ-
ഡംഭോ ഹോ! ചിത്രു! മീനിന്നഭിമുഖമുഖിയാ-
യിട്ടു നിന്നാട്ടമാടി
അംഭോജസ്ത്രീയിതാ നല്ലളികളൊടനുരാ-
ഗത്തെയമ്പോടു കാട്ടി-
സ്സംഭോഗിക്കുന്നു; ഭാര്യാഭരണനിപുണന-
ല്ലാത്തവൻ ഭാഗ്യവാനോ?

ലാളിത്യശ്രീ ലസിക്കുന്നഭിനവകനക-
 ക്കിണ്ണവണ്ണക്കഴമ്പേ-
ക്കാളിന്നാശ്ചര്യമേകം കലയണികമനീ-
 യാംഗനക്കോട്ടകൂടി
"വേളിയ്ക്കു" ണ്ടായിരിയ്ക്കുംമകളൊരു നിലയി-
 ല്ലാതെ ചാടും കറമ്പി-
ക്കാളിന്ദിപ്പെണ്ണു; കഷ്ടം! കതിരവ! മകനോ?
 കക്കശൻ കാലനല്ലോ.

നാടാകേ തപല്ക്കരാനുഗ്രഹമതുളി നട-
 ക്കുന്ന ഭാവം നടിയ്ക്കേ-
ണ്ടാ, ടാറില്ലാറുമാസം, ധ്രുവനികടമഹീ-
 മേഖലാശാന്തരത്തിൽ,
ചൂടാളും നിൻവിലാസദ്യുതി, ചുമതലയി-
 ല്ലക്ഷപാതം, പ്രവേശി-
ച്ചീടാമോ? ഭൂരിദേശാധിപനിലകലരും
 ചക്രവർത്തിക്കിദാനീം?

നീ തിണ്ണംമാനമേറി ശ്ശരി; നിലയില്ലുയർ-
 ന്നിട്ടുനിന്നാലുമെന്താ-
ജാതിപ്രാധാന്യമില്ലെന്നറിയുക ജഡയാം
 ഭൂമിയേക്കാളിദാനീം?
ജ്യോതിശ്ശാസ്ത്രജ്ഞരെല്ലാമിതു, മതു, മൊരുപോ-
 ലുള്ള ഗോളങ്ങളാണെ-
ന്നോതിക്കൊള്ളുന്നു,ഭള്ളെന്തിനു തവനിലയും
 ഹന്ത? നിഷ്ണീതമല്ലോ!

"തേരും തേരാളിയും ഭതക്ക്തിരകളുമിനി
        സ്സുണ്ടു,ദാരങ്ങളായി–
ത്താരുംതാമ്രാംബരശ്രീ തടവിയ ദിവസ–
        സ്ത്രീയുമുണ്ടെ" ന്നിതെല്ലാം,
പോരും, പോ൪രും,പൊളിച്ചൊല്ലിതുഭത! കവിസ–
        ങ്കേതമാണാതപത്തേ-
ക്കോരുംകോലംപെട്ടും നീ കൊടിയൊരു ചലനം
        കെട്ട തീക്കട്ടമാത്രം.

★

# അന്യാപദേശം

ഉച്ചിയിങ്കലുപചാരധാടിയോടു
മാധവാദിയുദിതാദരം
വച്ചിടുന്നു തവ വില്വപാദപ! ദ-
ലങ്ങളെന്നതറിയാതെ നീ
എച്ചിലിട്ടിടുമൊരിക്കുഴിക്കരികെവ-
ന്നുനിന്നുവളരുന്നകൊ-
ണ്ടച്ചിമാരപരിവൃതമാകുവതി-
ലത്ഭുതപ്പെടുവതില്ലനാം.

കാവിലില്ലശനപാനമിത്ര കണിശ-
ത്തിനാരവിടെനീക്കുവാ-
നാവിസജ്ജിതമലം നതോന്നതമലം
വിലം, മൃഗപ! കേവലം
ഈവിധത്തിലൊരുസങ്കടത്തിനു
മശേഷമില്ലവഴി, കാട്ടുബം-
ഗ്ലാവി,ലെങ്കിലുമൊരസ്വതന്ത്രത
നിമിത്തമിങ്ങനെ ചടച്ചുനീ.

കാമമക്കനകലത്തുനിന്നുകടുതായ
കാന്തിചൊരിയുന്നകൊ-
ണ്ടീമഹാപ്രഭ കലാന്റ രാത്രിയില്ലയന്റു
വന്നുവിലസുന്നുനീ
ശ്രീമദംബുജകലാത്മവല്ലഭസമീ-
പസീമനി, പകല്പരം
സോമ! നിന്നിടുകിലെത്ര നിഷ്പ്രഭനെ-
തായിടുന്നു ബത! നീതദാ.

നല്ലിളന്തളിരിണങ്ങിനമ്രകുസുമം
കലൎന്നനവമായിട്ടും
മല്ലികേ! മധുരമായമാവിനെയലം-
കരിച്ചുമരുവുന്നുനീ?
വല്ലിയൊന്നുമിനിയും പിടിച്ചു കയറാതെ
കണ്ടൊരുകടമ്പിതാ
തല്ലിടുന്നു തല നിൻ ചുവട്ടിലൊരു
കൈ, അവന്നു മയി നൽകുനീ.

എത്തിയെത്രയുമുയൎന്നകൊമ്പിനു പിടി-
ച്ചുപിന്നെയുടലില്ലട-
ന്നിത്തിളേ! ബത! വിശിഷ്ടനാകിയ
രസാലനേ വിധുരനാക്കി നീ
കുത്തിവീണിടുമിതാ കുറച്ചുദിവസ-
ത്തിനുള്ളിലിവനാമഹാ-
പത്തിലെന്തൊരവലംബമാണിഹ
നിനക്കിതെന്നിനി നിനയ്ക്കുനീ.

"മുട്ടുതോറുമൊരു മൊട്ടുവീതമൊരു
കുട്ടിഞാനിവിടെയിട്ടു" വെ-
ന്നൊട്ടുമാവുതലയാട്ടിനിന്നു തൈളിയ-
ട്ടെയിന്നു പലമട്ടിലും
കെട്ടുപോകുമിവനൊട്ടുനാളിലഥ
നാട്ടുമാവുപരിപുഷ്ടനാ-
യിട്ടുതീൎന്നുപലവൃഷ്ടിചെയ്തുളവി
നട്ടവന്നുപരമിഷ്ടനാം.

ആസു, രണ്ടടി, മറാസു, റാണി, തഴ,
കയ്യിലുണ്ട, കളിയെത്രയും
ഭാസുരം, തവ വിഹാരലോലുപ! തനി-
ച്ചുസമ്പ്രതി "തനിച്ചു" നീ
പീസു നാലുപവനാണു, ലാഭമൂലവാകു-
മെന്നുകരുതി; ഭൃതം
പേസുവച്ചു തകരാറുമായിതു; കരാറുമാ-
യി പണയത്തിനും.

നല്ല നിർമ്മലതകാട്ടി നമ്മ കളഹം സഭാ-
ഷണമിയന്നുസം-
ഫുല്ലമാകുമരുണാരവിന്ദകിരണാഭ-
യോടയി! സരോജിനീ!
ഉല്ലസിപ്പുപരമിന്നുനിന്നുപരിഭാഗമു-
ള്ളിന്നുകയം കുറ-
ച്ചുല്ലതെന്നു തവ നിശ്ചലാംഗനിലകൊണ്ടു
തന്നെ നിരൂപിച്ചിടാം.

ധാടിയോടുധവളാശ്വമൊത്തൊരു രഥം
കരേറിയതിധാവനം
തേടിടുന്നു തെളിവോടുനല്ല തെരുവീഥി
മദ്ധ്യമതിലൂടെ നീ,
കോടിനാഥ! ഖുരചക്രപാതമതിനാലു
യന്നപൊടി മേല്പുറ-
ന്നാടിയദ്ധ്വഗജനത്തിനത്തലരുളുന്നു
ഹന്ത! ദിവസംപ്രതി.

നന്നമൂത്തു വിളറിപ്പഴുത്ത പനസഭ്രം.
പത്രമിളകിപ്പതി-
ച്ചുന്നനേരമുരുഹാസമോടു പെരുമാ-
റിടും കിസലയങ്ങളേ!
ഒന്നറിഞ്ഞിടുക; വണ്ണഭേദമുളവായി
നിങ്ങളുമൊടുക്കമാ-
സന്നമായിടുമധോഗതിക്കു വശരാക-
ണെന്നു വിധി നിശ്ചയം.

പാരിലാക്കമകതാരിലാധി വളരുന്ന
മാതിരിപരം മഹാ-
മാരിയിന്നലെയണഞ്ഞതായസമയം
കുരുത്ത കുമിളേ! വൃഥാ
ഭൂരിസുന്ദരവപുസ്സിയന്നു ഭുവനാധിവാ-
സസുഖജാതമാം
ചാരിതാർത്ഥ്യമൊരുവാരമോളമധുനാപി
ചത്തുമറിയുന്നു നീ.

പേടിവിട്ടരികിലെത്തി രാഗമുയരുന്ന
മട്ടു മനതാരുല-
ഞ്ഞാടിടുന്നപടിയശ്രുധാരയിളകും
വരച്ചു കളകണ്ഠി! നീ
പാടിടുന്നപരമെങ്കിലും മുകളിലേറി-
വന്നുതളിരിന്മണം
കൂടിയമ്പൊടറിയാതെ പോകുക രസാല-
നത്രരസമാകുമോ?

തല്ലുകില്ല; തരസാ, തലോടിട്ടു;മതല്ല
ഹേ! തളിരിളന്തഴ-
പ്പുല്ലു തിന്നുവതിനും തരുന്നൊരു കശാപ്പു-
കാരനജപോതമേ!
നല്ലദാരമതിയാണിതെന്നു കരുതാൎക്കു
നീ വളരിലക്കരി-
ങ്കല്ലുപോലെ കഠിനാശയൻെറ പണിയിന്ന-
തെന്നു പറയേണമോ?

മാറി മാറി മടിവിട്ടു മാനമുയരുന്ന-
മാറതിമനോജ്ഞരി-
മാറിടാനുഡു കൃശാംഗിമാരിലനുരക്ത-
നായി മരുവുംമതി
ക്രൂരിവൎക്കമവനേകുറിച്ചുകുറയുന്നു
ഹന്ത! കലടാമതം
മാറിലാൻ മറുകാന്തസംഗമവുമുണ്ടൊ-
ളിച്ചു ദിവസംപ്രതി.

ക്ഷീരസാഗരമതിങ്കലാണു ജനനം നി-
താന്തമധിവാസമാ-
മാരനാശനശിരസ്സിലാണു മധുവൈരി-
തൻ നയനമാണു നീ
ഭൂ രമാരമണപാദപത്മഗളിതാപ-
ഗാസഖി, നിനയ്ക്കിലി-
സ്സാരമാകിയ കളങ്കമാരു തവതന്ന-
തിന്നു രജനീപതേ!

ഭൂതിഭൂഷനൊരു ഭൂഷണം, സുരസരിത്തി-
ന്ററ സഖി, സുഗ്രഹം
ജ്യോതിഷിപ്രവരനത്ര കൈരവകുലത്തി-
നീശനയി! ചന്ദ്രനീ!
ഭീതിയേകുമൊരു വൈരിയാണു വിരഹിക്കു;
രാവിനു വിളക്കു; നാ-
മോതിടുന്നു ഹിമരശ്മിയെന്നമൃതരശ്മി-
യെന്നു കവിസഞ്ചയം.

ചക്രവാളമതിലെത്തി ചന്ദ്രനിതരുചി-
ജാമര നരാംഗനാ-
ചക്രമാത്മരമണാംഗ സംഗമ സുഖാനു-
ഭൂതി കലരുന്നു നീ
ചക്രവാകി! പകലൊക്കെയും പ്രകൃതിശാസ-
നക്കു വിപരീതമാ-
യക്രമംത്രപ വെടിഞ്ഞു ചെയ്യതിനു ശിക്ഷ-
യീവിരഹ സങ്കടം.

കാട്ടുചുററിയലയും കരിക്കു സമമത്ത-
ടത്തിനകമിട്ടില്ല-
ക്കീട്ടവാനിഹമരാളരാജനു മനസ്സി-
ലില്ലൊരു ദുരാഗ്രഹം
ചൂട്ടുകൊണ്ടു വലയുന്നിവന്മധുരമായ
നിന്മധു കുറേക്കുടി-
ച്ചീട്ടവാനനുവദിയ്ക്കിലെന്തൊരു കുറച്ചി-
ലാണു തവ പത്മിനീ!

തള്ളയായതമറിയാഞ്ഞ താങ്കളെയെടുത്ത-
ണഞ്ഞരിയ വായസ-
നുള്ളതായ തറവാട്ടിലാക്കി; തരമെന്നു
കണ്ടു പരപുഷ്ടമേ!
ഉള്ളതൊക്കെയുമെടുത്തു തിന്നുപരിതൃപ്തി-
നിന്നുമുടമസ്ഥനേ
തള്ളണെന്നു കരുതീടിലീശ്വരനുമിഷ്ട-
മായതുവരാദ്ധ്യം.

രംഭതന്നുടെ തടത്തിലെത്തിയതിനിട്ടി-
ട്ടുന്നവളമൊക്കെയും
സംഭരിച്ചുവയവായൊന്നു വളരുന്ന-
താമരുണശാകമേ!
ദംഭമെന്തിനു നിനക്കതിന്മധുരമഞ്ജ-
രീഫലസമാഗമം
സംഭവിച്ചിടുകയില്ല; സംഗതിയതഞ്ജ-
സാ സകല സമ്മതം.

കൊമ്പുകുത്തി മലമണ്ണുവാരിയണിയുന്നു,
കോപമതിയായിതാ
മുമ്പു പിമ്പു തിരിയുന്നുമുഷ്കിനൊടു കുട്ടി-
യായ കുഴിയാന നീ,
വമ്പുകാട്ടി വലയുന്നതെന്തിനു വൃഥാപി
നീയധിക ശക്തനാ-
യമ്പുയന്നു കുലയാനയെന്ന മതമാക്ക-
മില്ല, മതി സാഹസം.

ദേഹമൊക്കെയുമഴുക്കു കണ്ടു ദയ തോന്നി
　　നല്ലൊരുടമസ്ഥനെ-
സ്സ്നേഹമോടു കഴുകിത്തുടച്ചു മലിനത്വ-
　　മററമഹിഷാധമ!
സാഹസത്തൊടിഹ പിന്നെയും സ്ഖലനപങ്ക
　　ഗന്ധകസരസ്സക-
ണ്ടിഹ പൂണ്ടതിലിറങ്ങിയാശു വിഹരിപ്പ-
　　തിന്നുമുതിരുന്നു നീ.

ലക്ഷമല്ല ലളിതാംബരത്തിലരുണാസ്ത-
　　വേളയിലുദിച്ചിട്ടു-
ന്നൃക്ഷമെങ്കിലുമവററിലെത്രഗഗനത്തി-
　　ലുള്ള ഗമനത്തിനാൽ
ലക്ഷണങ്ങളറിയിച്ചിടുന്നു, ലയമററ
　　രശ്മിനികരം ചൊരി-
ഞ്ഞിക്ഷമാതല തമസ്സകററുവതിനെത്ര -
　　യെണ്ണമുതകുന്നുവോ?

ഈ വിശിഷ്ട ഗൃഹകന്ദരസ്ഥിതി വെടിഞ്ഞി-
　　റങ്ങി വെളിവായിവ-
നാവിഷാദമൊടുമന്തിനേരമിര തേടി-
　　ടുന്ന ചെറുപല്ലി നീ
ഹാ! വിശന്നു കരയുമ്പൊളന്ധ മതശാസ-
　　നസ്ഥരഥ സാദരം
ഭാവി സൂചകമതെന്നുവച്ചിഹ പരിഭ-
　　മിയ്ക്കു പതിവല്ലയോ?

ബന്ധനത്തിലടിപെട്ടവാറു, ബതസവ്വ
ജീവനവസുന്ധരാ
ബന്ധഖണ്ഡനമിയന്നു നാറിയഴുകുന്ന
മീന നികരങ്ങളേ
സ്കന്ധമേററി വഴിനീളെയിങ്ങനെ നടക്ക
ശീലമത്തുകൊണ്ടു ദു–
ൎഗ്ഗന്ധമേററമയി! മത്സ്യവിക്രയ! നിനക്കു–
മുണ്ടുതന്നവിത്സദാ.

ശ്രീ, സുധാംശു, വമരദ്രുമം, ത്രിദശധേനു,
വഭ്രമുമണാളന,
ശ്രീസുധാരസമിവക്കു ജന്മമുളവായി
ദുശ്ധ ജലരാശിയിൽ;
ഭാസുരാംഗരിവരോട്ടുകൂടി, വികൃതാംഗി–
യാകിയൊരു "ചേട്ട"പ–
ണ്ടാസുഭോജനമതിങ്കലമ്പൊടഭിജാത–
യായിതപകാരിണി.

വിദ്യകൊണ്ടൊരു വികാസമുള്ളിനു വിധിച്ച–
തില്ല; വിഹരിയ്ക്കുവാ–
നദ്യപാനികളുമുണ്ടു; ലുബ്ധപിതുലബ്ധ–
മായ ധനമീവിധം
സദ്യയൂട്ടി ജനരഞ്ജനയ്ക്കു കളയുന്ന
ധൂൎത്ത! സകലേശ നീ
വിദ്യകൊണ്ടു ഹൃദയപ്രസാദമുളവാകു–
മെന്നു കരുതുന്നുവോ?

കൈതവം പറകയല്ലനേകശിതകണ്ടകാ-
        വലി കലന്നൊരി-
കൈതതന്നുടയകായിനുണ്ടു കമനീയ-
        മാകിയ കളേബരം;
പ്രീതരായതിനെയാരുമെങ്കിലുമെടുത്തി
        ടേണ്ടനുപയോഗമാ-
മേതദുഗ്രഫലവും സമഗ്രമണിയുന്നു
        കണ്ടക വിഷങ്ങളേ.

ഏററമുന്നത പദത്തിലെത്തിയുപശാഖ-
        ശാഖകളിയന്നു ന-
ല്ലൂററമോടു വിലസീടുമുല്ലൂട മഹാമ-
        ഹീരുഹ കുലങ്ങളേ
കാററടിച്ചിഹ മറിച്ചിടുന്നു; ചെറുതായി-
        ട്ടും ചെടികളപ്പൊളീ
മാററമൊന്നുമറിയാതെതാണു മലമൂട്ടി-
        ലായി മരുവുന്നതേ.

ഉള്ളിനുണ്ടൊരു കടുപ്പമേററമതിനൊപ്പ-
        മാസ്യപരിഭാഗവും
തള്ളിനിന്നധിക കക്ക്ശതമിഹ കാട്ടി-
        ടുന്ന കഠിനോപലം
തുള്ളിയായൊഴുകിടുന്നതുച്ഛ ജലപാത-
        മേറിയൊരു കാലമേ-
റുള്ളിടത്ത ഹ! ഹ! തേഞ്ഞതായ വട്ടവാന്നി-
        ടുന്നു വടിവോടിതാ.

★

# ഒരു സായാഹ്നസഞ്ചാരം

നിഷ്കാമസ്നേഹമേറും സഖിയുടെ നികടം
    വിട്ടുനിർദ്ദൈന്യമായി
ദുഷ്കാലക്രൂരദുശ്ശാസനദുരിതഫലോ-
    പദ്രവംദൂരയാക്കി
നിഷ്കാസിച്ചുള്ളൊരീയെന്നുടെയൊരുദിവസാ-
    ന്താടനോദന്തമല്പം
ശുഷ്കാന്തിപ്പെട്ടുകേട്ടീടുക, ശുകവനിതാ
    ശുദ്ധമാധുര്യ്യവാണി!

ആരോഗ്യശ്രീകളിക്കുന്നരുണമുഖസരോ-
    ജങ്ങളാലാക്കമന്യോ-
ടാരോമാഞ്ചംവളർത്തുംശിശുതതടവിട്ടും
    ശിഷ്യരേ വിട്ടിറങ്ങി
ആരോടുംചേർന്നിടാതഞ്ചരമണിസമയ-
    ത്തിങ്കലസ്താർക്കരമ്യ-
ശ്രീരോചിസ്സാടിടുമ്പോളിവനൊരുസുഖസ-
    ഞ്ചാരമഞ്ചാതെചെയ്തു.

ഛായാവൃക്ഷച്ഛദശ്രീനിരയുടെയിടയിൽ
    കൂടിയാടി,പ്രതീചീ-
സായാഹ്നാദിത്യരക്താരുണരുചിരരുചി-
    ശ്രേണിവീണാശ്രയിക്കേ,
ശ്രീയാറാടിക്കിടക്കുന്നുപലരചിതമാം
    രാജമാർഗ്ഗം, ശരീര-
വ്യായാമാർത്ഥത്തിനെന്നോ വിനയമൊടുവിളി-
    ക്കുന്നവണ്ണം വിളങ്ങി.

ഈ മാർഗ്ഗത്തിങ്കലേറിക്കുറയടിനടകൊ-
ണ്ടപ്പൊളുല്പന്നരാജ-
ശ്രീ"മാവേലിക്കര"പ്പട്ടണഹൃദയതലം
വിട്ടുതെക്കോട്ടുമാറി
പൂമാതാടുന്ന പുഞ്ചപ്പടവിനപുറമേ-
യുള്ള"പുല്ലമ്പിലാവിൽ"
സാമാന്യംപോലെ ശോഭിച്ചിട്ടുമൊരുസരസ-
പ്പന്തടി"ക്ലബ്ബി"ലെത്തി.

എന്താണെന്നായറിഞ്ഞില്ലിഹപതിവുപടി-
യ്ക്കാരുമന്നാശ്രു, ശീമ-
പ്പന്താടാനായണഞ്ഞില്ലിവനൊഴികെ,മഴ-
ക്കാറിനാലായിരിക്കാം;
'എന്താചെയ്യേണ്ട'തെന്നോത്തവിടമഥവെട്ടി-
ഞ്ഞേകനായിട്ടിറങ്ങി-
ച്ചിന്താസമ്മഗ്നനായിട്ടരികെയൊരുചിറ-
ക്കുന്നിലായ്ചെന്നിരുന്നേൻ.

ആകാശംമോളിൽ; അസ്താരുണതരണിപടി-
ഞ്ഞാറു; നേരേകിഴക്ക-
ശ്രീകാണിച്ചുല്ലസിക്കും ശിശിരമയമഴ-
ക്കാററില്ലല്ലീനമായി
നാകാധീശപ്രഭാകന്ദളലളിതധനു-
സ്സു;ഗ്രഭാഗത്തുടക്കെ
പ്പാകാരംപോലെനില്ക്കും തരുനിര; ഇവ ക-
ണ്ടനുക്ഷാൻ ധന്യനായി.

കല്യാണശ്രീകളിയ്ക്കും കനകദിനകരാ-
    നുഗ്രഹം കൈക്കലാക്കി
കല്യാംഭസ്സത്രകത്തി"ക്കുട്ടക്കട"യൊഴുക-
    ന്നണ്ഡകൂലംകലുക്കി;
കല്യാത്മപ്രൌഢിതേടീടിനപലവിബുധ-
    ന്മാരഹോ! കാലസപ്പാ-
വല്യാഹാരങ്ങളായിട്ടരികെയൊരുശവ-
    ക്ഷോണിയിൽ പാത്തിടുന്നു.

താന്തോന്നിത്തം പ്രവൃത്തിച്ചിടുമിളയകിളി-
    പ്പെണ്ണുപാടിക്കളിയ്ക്കും
മാന്തോപ്പുണ്ടൊന്നതേകീടിന നിഴലുമഹഹാ!
    നീണ്ടുകണ്ടത്തിലെത്തി
കാന്തോൽകൃഷ്ടപ്രകാശാതടവിയ നവമാ-
    ണിക്യകാന്തസ്വരശ്രീ-
പൂന്തോട്ടംപോലെ പുഞ്ചപ്പടവിനുമഴകു-
    ണ്ടാക്കി പൂഷാവിദാനീം.

ശ്രീചിന്നുംകാന്തനിപ്പോളഭിമുഖമുഖനാ-
    യിട്ടുനിന്നപ്രതീചി-
സ്ത്രീചിത്താഹ്ലാദമേല്ക്കുന്നിതികരുതിവിഷാ
    ദിച്ചുവീതാഭയായി
പ്രാചിപ്പെണ്ണാമുഖത്തേവടിവിനൊടു കറു-
    പ്പിച്ചുകാണിച്ചസൂയാ-
ധീചിന്താപാരവശ്യത്തൊടുപരമുഴറി-
    സ്സംഭ്രമം പൂണ്ടിടുന്നോ?

ശാന്തപ്പെട്ടശ്മശാനസ്ഥലി, ശലഭശകു-
ന്താദിശബ്ദങ്ങളാ,ലാ-
ക്രാന്തക്രൂരത്രിയാമാമുഖഗളിതതമ-
സ്സാംവൃതപ്രായമായി
ക്ഷ്മാന്തർഭാഗത്തിൽമേവുന്നവരുടയ ചരി-
ത്രങ്ങളേചക്രവാള-
പ്രാന്തത്തില്പെട്ടുപോകും ചരമരവിയറി-
ഞ്ഞീടുവാൻ പാടിട്ടുന്നോ?

മാറാതഞ്ചാറുമിന്നിട്ടവിടെയിവനിരു-
ന്നു, ല്ക്കടപ്രായമായി
ച്ചാറാനായിത്തുടങ്ങീ"ചറുപിറ"മഴയ-
ന്നേര,മിന്ദീവരാക്ഷീ!
കാറാകാശം നിറഞ്ഞക്കതിരവനമണ-
ഞ്ഞന്ധകാരക്കുഴമ്പാ-
ലാറാടപ്പെട്ടുകാണായൊളികളിയകല-
ത്താകുമാശാമുഖങ്ങൾ.

മരത്തമ്പോലാചരിക്കുന്നൊരു വലിയതരു-
മരായയിൽ ചാരുകേളീ
പത്രശ്രേണിക്കുകീഴിൽസപദിമമവപു-
സ്സൊട്ടുസങ്കോചമാക്കി
ചിത്രത്തിൻമട്ടുനിന്നാൻ ചിരമിവനവിടെ
ത്തന്നെ, ചിദ്രൂപലീലാ-
ചിത്രശ്രീമൽപ്രഭാവപ്രകൃതിയുടെ വിലാ-
സങ്ങൾ വീക്ഷിച്ചുകൊൾവാൻ.

വെള്ളിക്കുട്ടിക്കുടുക്കക്കുളിരൊളിവെളിവിൽ
        കാട്ടിവെച്ചേറയായി
ത്തുള്ളിക്കാറ്റത്തുതൂറ്റിത്തൂരിശമൊട്ടുമഴ-
        ത്തുള്ളിയാക്കൊള്ളിയാനിൽ
തള്ളിത്താഴത്തുപോരുന്നളവുതലകുനി-
        ച്ചേറ്റുതാങ്ങിത്തണുപ്പാ-
ന്റുള്ളിത്തുമഞ്ഞ്ഭൂമീരുഹനിരയെന്നിരീ-
        ക്ഷിച്ചു ഞാൻ നിന്നുപോയി.

കൂടിപ്പാരിൽപരക്കുന്നിരവും, ഇരുളര
        ഹന്ത! വർദ്ധിക്കുമാറാ-
യാടിക്കൊണ്ടന്തരീക്ഷം നിറയുമണിമഴ-
        ക്കൊണ്ടലും, കണ്ടിടാനീം
പേടിച്ചുള്ളം വിറച്ചിട്ടവരവരുടെയ-
        പ്പത്തനത്തിന്നുവേഗാ-
ലോടിപ്പോകും വഴിക്കാരുടെയൊരുപദ-
        വിന്യാസമെന്നേയുണർത്തി.

അങ്ങോടിങ്ങോടടിക്കുന്നനിലനിലഴക്കോ-
        ട്ടുത്തമാംഗംകുലുക്കി
തെങ്ങോലക്കാലുയർത്തും“കലകല”നിനദം
        കർണ്ണപീയൂഷമായി
ഇങ്ങോട്ടാരാവൃഷ്ടിപാതദ്ധ്വനിയൊടുമഭിസം-
        മിശ്രമായെത്തി; എന്നാ-
ല്ലെങ്ങോപൊങ്ങിപ്പുറപ്പെട്ടുടനെയൊരു“കുള
        ക്കോഴി”തൻ കൂജനങ്ങൾ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

വീണാകാശം നിറഞ്ഞീടിനവിപുലതമ-
സ്സഞ്ചയത്താൽ ക്രമത്തിൽ
കാണാനേലാതെയായി പ്രകൃതിവിഹരണ-
വ്യാപ്തികൾ വ്യക്തമായി;
ഏണാങ്കശ്രീവഹിക്കാതെതിരൊളിജലദ-
ശ്രേണിപാടേധരിച്ചു-
ക്ഷീണാഹങ്കാരവാതത്തൊടുരജനിയതാ-
രാക്ഷസിക്കൊപ്പമായി.

സല്ക്കാരം ചെയ്തിളംകന്നൊടുവിനയമൊടും
സത്വരംയാത്രചൊല്ലി-
ത്തല്ക്കാലം ഞാനടുപ്പിട്ടടിമുടിയുപരി-
ശ്രദ്ധകൈക്കൊണ്ടൊരുക്കി;
നില്ക്കാതാഹന്ത! പോരുന്നതിനഥനിരുപി-
ച്ചപ്പൊളെന്തെന്നറിഞ്ഞി-
ല്ലുല്ക്കാമ്പാകർഷണത്തിന്നൊരു ചലനരവം
കേട്ടു ചാവിൻകളത്തിൽ.

ആരാണസ്വസ്ഥചിത്തപ്രകൃതിയൊടുമതീ-
താന്ധകാരസ്ഥിതാത്മ-
ന്മാരായിപ്പോവ,തെന്നാലവരുടെതരളാ
ത്മാക്കളൊന്നിച്ചുകൂടി
ആരാവിൽ സഞ്ചരിക്കുന്നതിനുതകുമര
ങ്ങാണിതസ്ഥാന,മെന്നാ-
യാരാണ്ടെന്നോടു പണ്ടോതിയമൊഴിയുടനെ
നുള്ളിചാരൂഢമായി.

ചൊല്ലിക്കേട്ടുള്ള ധാത്രീകഥകളിലുളവാ-
    യന്ധവിശ്വാസമുള്ളിൽ
തല്ലിപ്പേടിപ്പെടുത്തിത്തടിയെ മമ പിടി
    ച്ചാശു പിന്നോട്ടുനിർത്തി;
അല്ലിന്നൊത്തന്ധകാരപ്രതിഭയഘനമാ
    വത്തിലെന്നാത്മധൈര്യം
"തുല്ലിട്ടോ?" തുച്ഛമെന്നെൻ തുടകളഥ തുടി
    ച്ചീടുവാനും തുടങ്ങി?

എന്താണിക്കൂരിരുട്ടിൽ ഭയജനകശവ
    ക്ഷോണിയിൽ സഞ്ചരിക്കു-
ന്നെന്തായാലെന്തടുത്തൊന്നറിയണ,മറിയാ
    തങ്ങു പോയാലിദാനീം,
ഹന്താത്മാവിൽ പ്രവേശിച്ചവിടെയധിവസി-
    ച്ചന്ധവിശ്വാസമേറി-
സ്സന്താപോല്പത്തിയുണ്ടാക്കിടും; അതു ശരിയ
    ല്ലെന്നു ശങ്കിച്ചടുത്തു.

ശ്രീലാളിത്യാംഗി! ഞാനിങ്ങനെ സപദിസമീ-
    പിക്കവേ, സാന്ദ്രസന്ധ്യാ-
കാലാവേശാന്ധകാരത്തിരയുടെ മറവാ-
    ലേറ്റമവ്യക്തമായി-
നീലാകാരത്തിലേതാണ്ടൊരു നിഴലധുനാ
    നിർജ്ജനോദ്യൽശ്മശാന-
ക്ഷ്മാലാസ്യം ചെയ്തിടുമ്പോലി,ഹ ചുവടു ചവി-
    ട്ടുന്നുവോ? എന്നുതോന്നി.

കാദംബൎയ്യന്ധകാരാവൃതനിശയിലഹോ!
        കാളിമാകാരമായി-
ട്ടാ,ദർശിക്കപ്പെടാറായൊരു നിഴലിനെ ഞാ-
        നൊട്ടു നിഷ്കൃഷ്ടദൃഷ്ടി
ഭീദംശിച്ചിട്ടു വീക്ഷിച്ചളവു, പുളകമു-
        ണ്ടാകുമാറി, സ്വരൂപം
ഭേദപ്പെട്ടാ, മനുഷ്യാകൃതിയിലി,ത മദീ-
        യാന്തികത്തിങ്കലെത്തി.

എന്നേരേവന്നസത്വം വിരവിനൊടുവിചാ-
        രിച്ചിരിക്കാതെയാരാ-
ലെന്നേക്കണ്ടോ പുറന്നോട്ടടിചെറുത്തുവലി-
        ച്ചാശുപോവാൻ തുടങ്ങീ?
എന്നേ! ആശ്ചര്യം! എന്നോർത്തിവനപഹൃതമാം
        ധൈര്യമാലംബനം ചെ-
യ്തന്നേരം സ്വല്പമുച്ചധ്വനിയിലിഹവിളി-
        ച്ചോതിനാനീവിധത്തിൽ.

"കണ്ണാർക്കും കണ്ടിടാതുള്ളിരുളിലിഹ നട-
        ക്കുന്നതാരാ?"—"പുലച്ചി-
പ്പെണ്ണാണേ, തമ്പുരാനേ! തടിവിറകുപെറു-
        ക്കീട്ടുവാൻ താമസിച്ചേൻ
ഉണ്ണാന്മേടിച്ചോരിക്കല്ലരിമണിയുരിയാ-
        ണച്ഛനാണമ്മയാണി-
ക്കണ്ണാണേ, തീണ്ടിയെന്നാലടിയനതറിയാ-
        ഞ്ഞാണു, കുഞ്ഞാണ സത്യം!"

പാവപ്പെട്ടപ്പുലച്ചിത്തരുണി, പരഭൃത-
        സ്ത്രീശബ്ദമൃദ്വാപ്രണാദ-
ശ്രീവർഷംപോലെയാണെങ്കിലുമരുളിയൊരി-
        സ്സത്യവാക്യങ്ങളയ്യോ!
ഈ വർഗ്ഗക്കാരെയത്യുല്ക്കടതരപരിതാ-
        പാന്ധകാരത്തിലാക്കു-
ന്നാ, വർണ്ണക്ഷുദ്രപൈശാചിക നിലവിളിയാ-
        ണെന്നു ഞാൻ നിർണ്ണയിച്ചേൻ.

"പേടിച്ചീടേണ്ട, തീണ്ടീലിവനെ വിനയമേ-
        റുന്നനീ" എന്നു കക്കാ-
മ്പാടിക്കൊണ്ടോതിഞാ;നപ്പൊഴുതു പുരുകൃതാ-
        ർത്ഥതാമാർന്നപ്പുലച്ചി,
ധാടിക്കുച്ചത്തിലെന്നോടരുളി, "ഇരവിലെൻ
        തമ്പുരാനീയിരുട്ടിൽ-
ക്കൂടിക്കൈവെട്ടമില്ലാതെവിടെയിനിയെഴു
        ന്നെള്ളിടുന്നകനായി?

"രാവായാലിപ്രദേശങ്ങളിലിളകിനട-
        ക്കുന്നനല്പാമ്പുകൊത്തി-
ച്ചാവാറുണ്ടൊട്ടുപേരെന്നറിയണമറിവോ-
        ടൻപെഴും തമ്പുരാനേ!
ആ വാഴത്തോപ്പിലുണ്ടീയടിയനു കുടിലൊ-
        ന്നിങ്ങുനിന്നങ്ങണഞ്ഞാൽ-
പ്പോവാനായിട്ടു ചൂട്ടൊന്നടിയനരുളിടാം
        ചുററിനാരിട്ടുകെട്ടി."

ഹാ! ദാരിദ്ര്യപ്രചണ്ഡാഗ്നിയിലെരിയുമൊരി-
        പ്പെങ്കിടാവിങ്കലുണ്ടാ-
യാ, ദാനസ്നേഹഭാവോദയം, അമിതസുഖാ
        മഗ്നരായിസ്സദാപി,
മോദാല്ക്കാരുണ്യമില്ലാതമരുമതിമൃഗ-
        പ്രായരാകും പ്രഭുക്കൾ-
ക്കൌ,ദാര്യത്തേക്കുറിച്ചുണ്ടരുളിയൊരു മഹാ
        മാതൃകാപാഠമാവാം.

ആമോദാഡംബരപ്രൌഢിയൊടഭിനവമാ
        മംബരശ്രീവിലാസ-
പ്പൂമോടിപ്പൂച്ചുകാട്ടിപ്പുരികമടിവിട-
        ന്മാരിലേററം വിലക്കി
വ്യാമോഹത്തില്ക്കുളിക്കുന്നൊരു ഹൃദയവിഹീ-
        നാംഗനാവൃന്ദമിന്നി
ക്ഷാമോദര്യച്ഛരപാദപ്പൊടിമുടിയിലണി-
        ഞ്ഞീടണം മുട്ടുകുത്തി.

വിദ്യാഭ്യാസാലപൂർവ്വഞ്ചില വലിയകുടും-
        ബങ്ങളില്പ്പെട്ട, വല്ലീ-
ഹൃദ്യാംഗശ്രീയെഴും പെൺകൊടികളിലുളവാം
        പേശലാത്മപ്രസക്തി,
അദ്യാപിക്ഷാമരക്ഷസ്സമരുമൊരു കുല-
        ത്തില്പ്പിറന്നിപ്പുലച്ചി,
ഋദ്യാനാപോലെ കുന്നിൽ, പ്രകൃതിസഹജമാ
        യുജ്ജ്വലിച്ചുല്ലസിപ്പൂ.

★

# ഓണക്കാഴ്ച

ശ്രീഭാഗീരഥിയെന്ന പേരു ഭവതി
ക്കന്വർത്ഥമല്ലോ, മഹാ-
സൗഭാഗ്യോദയശുദ്ധജീവനനവാ-
മോദത്തോടും നാൾക്കുനാൾ,
ശോഭാനിർഝരസപ്രവാഹമിയലും
പൊൽപൂമുഖത്തുല്ലസൽ-
ഭ്രൂഭാവാഞ്ചിത വീചികൾക്കടിയിലായ്
മിന്നുന്നു മീനാക്ഷികൾ.

ദീനന്മാർക്കു ദിനംപ്രതി സ്വയമലി-
ഞ്ഞവ്യാജ ദിവ്യാമൃതം-
പാനംചെയ്വതിനേകിടുന്നു; പരിപൂ-
തോൽകൃഷ്ടഘട്ടങ്ങളിൽ
സ്നാനത്തിന്നു വഹിച്ചിടുന്നിതു രസം;
സാഹിത്യസംഗീത വി-
ജ്ഞാനം ദേവി കൊടുത്തിടുന്നിതരികെ
പ്പാർക്കുന്നവർക്കാദരാൽ.

പോരാ,പായലനന്ത കാന്തിതിരളും
വാർകുന്തളം, ബന്ധുര-
ശ്രീരാജിച്ച ഭുജങ്ങളോ മൃദുലമാം
വെൺതാമരത്തണ്ടുകൾ,
പോരാടും മലർമൊട്ടുകൾക്കടിയിലാ-
യാഴച്ചുഴിച്ചന്തമോ-
ടാരാലുണ്ടുമരാളനാദമണിയും
ശോണാരവിന്ദാംഘ്രികൾ.

പൗരസ്ത്യപ്രകൃഷ്ടാരു മാതൃകാപുരുഷനാ-
മപ്പണ്ഡിതാഗ്രേസര-
ശ്രീരത്നം തവതാത,നക്ഷയകൃതി-
ശ്രീമാൻ തുലോം മാതുലൻ,
ആരമ്യാകൃതി പൂണ്ടൊരിജ്ജനതിലകം
തപ്പടപ്പല്ലവൻ, സൽകലാ-
സ്വാരസ്യം ഭവതിക്കടിച്ചിതു മഹൽ-
സംബന്ധ സമ്പത്തിനാൽ.

ചാരുശ്രീ രവിവർമ്മചിത്രവനിതാ-
സൗന്ദര്യബീജം ഭവ-
ത്താരുണ്യാസ്പദമായിരിക്കണ;മതി-
പ്രഖ്യാതനാമാമഹാൻ
വാരുററും തവ ഗേഹ വാസസമയ
ത്തെല്ലോ കലാദേവതാ-
കാരുണ്യത്തിനുപാത്രമായ്‌പ്രകൃതമാ-
മഭ്യാസമാർജ്ജിച്ചതും.

പാരുഷ്യപ്പുകപററിടാത്ത വദന-
ശ്രീയോടുവാടാത്തതാം
താരുണ്യം തടവുന്നു; കമ്രകവിതാ-
സംഗീത കാര്യങ്ങളിൽ
ചേരുന്നുണ്ടതിയായ വാസന;ഭൃശം
ചേതോഹരം ഭൃത്യരിൽ
കാരുണ്യം തവ; സർവ്വഥാ ഭവതി താൻ
ശ്രീഭാരതീദേവിയാം.

വേണീമാലവിതിക്കവേ ഭേതി ഹാ!
        ഭാഗീരഥീദേവി;സ-
ൎവ്വാണീഭംഗിയുതിക്കവേ രുചിരയാം
        വാണീമഹാറാണിയാരം;
താണീടാത്ത തന്റെപ്രഭാധന മഹ
        ത്വത്താൽ മഹാലക്ഷ്മി; ശ
ൎവ്വാണീദേവതസവ്മംഗളസമാ-
        രാദ്ധ്യസ്വഭാവത്തിനാൽ.

ഭാഷാകാവ്യനിരൂപണപ്രണയവും,
        സാഹിത്യ സംരംഭസ-
ന്തോഷാധിക്യവു,മംഗനാമണികളാ-
        ലംഗീകരിക്കപ്പെടാൻ
ഭേഷായർഹതയെ വഹിച്ചിടുമനാ-
        നാവശ്യപ്രവശ്യാംഗസൽ-
ഭൂഷാവജ്ഞയുമുള്ള തന്വിതരസാ
        വേണാട്ടിൽ വേറില്ലാരാരം

ആ നവ്യാമൃതധാരപോലെ മലയാ-
        ളം, നന്മരന്ദത്തൊടൊ-
ത്താനന്ദപ്രദയായിടും ദ്രമിള,സ-
        ദ്രാക്ഷാരസദ്രാവകം
മാനംവിട്ടു മടങ്ങിടും മധുരമാ-
        യിംഗ്ലീഷു,മന്യാദൃശ-
ശ്രീനത്വം തവ ചെയ്തിണങ്ങി വിജയി-
        ക്കുന്നു സദാംജിഹ്വയിൽ.

വന്ദിക്കേണ്ട മഹാത്മജി പ്രമുഖരാ-
ലത്യന്തമാരാദ്ധ്യമാം
ഹിന്ദിഗ്രന്ഥസമുച്ചയാശയപയോ-
രത്നാകര ക്രീഡയിൽ,
മന്ദിക്കാതെ ലഭിച്ച നൈപുണിമണി-
ശ്രീമാലദേവിക്കു, നി-
സ്സന്ദിഗ്ദ്ധാഭകലന്നൊരാഭരണമായ്
കാണുന്നു കണ്ണുള്ളവർ.

പുഷ്യൽ കേരളപാണിനീയകയശ-
സ്സ്വന്തം പിതാവിന്റെയ-
ശ്ശിഷ്യന്മാരുടെ സംഖ്യയെത്ര വലുതാ
ണിക്കേരള ക്ഷോണിയിൽ?
കൃഷ്യച്ചരസ്ഥലിപോലെ നല്ല മഴയാൽ,
തൈമങ്കമാർ ശാസനാ-
നിഷ്യന്ദാമൃത ധാരകൊണ്ടു തവ തേ-
ടുന്നു തെളിച്ചം തഥാ.

മാവേലിക്കര രാജവംശമഹിളാ-
രത്നങ്ങ,ളഭ്രംലിഹ-
ശ്രീവേശ്മത്തിലിരുന്നിടുന്ന പുതു വേ-
ഷത്തോടു വേറേ ചിലർ,
ആ വേദാന്തപുരാണശാസ്ത്രഗണാസം-
ഗീതാര്യസാഹിത്യസ്ഥ-
ല്യാവേശത്തോടു ദേവിമാത്രമധുനാ-
മേവുന്നു പൂമേടയിൽ.

കൊട്ടാരത്തിനകത്തു കോമളലതാ-
        കമ്രാംഗിമാരോമന-
പ്പട്ടാഢ്യാംബരഭൂഷണങ്ങളണിയു
        ന്നോരോ മഹാലക്ഷ്മികൾ
മട്ടാളുന്നവരുണ്ടു; മാനസപരി
        ഷ്കാരത്തിലീമങ്കമാ-
രൊട്ടാകെത്തലതാഴ്ത്തുമേ തവപദാം-
        ഭോജം ഭജിച്ചീടുവാൻ.

ശ്രീചിത്രാവനിപൻെറ മാതൃസഹജാ-
        രത്നങ്ങളേക്കാൾ ഗുണ-
ശ്രീചിന്നി, ശ്രവണേജപായതകൃപാ-
        സാരപ്രസാദാക്ഷികൾ
സൂചിപ്പിക്കുമനന്യമാം മഹിമതേ
        സൽകാവ്യകൃത്തിൻ വചോ-
വീചിക്കപ്പുറമാണു നില്പതു ധരി-,
        ച്ചാലും ധവാരാമമേ.

മാതാവായിതു സേതുപാർവ്വതി മഹീ
        നാഥന്നു;മന്ദേതര-
ശ്രീതാവുംപടി സേതുലക്ഷ്മി വസുധാ-
        ഭാരം വഹിച്ചൂചിരാൽ;
സ്ഥീതാനർഘ വിശിഷ്ടകേരള മഹാ-
        സാഹിത്യവിദ്യാവനീ
നേതാവിൻ മകളീവധൂമണികളേ
        വെല്ലുന്നു വെൺകീർത്തിയാൽ.

തണ്ടാരാണു മുഖം, കവിൾത്തടമൊളി-
ക്കാനാപ്പുത്തുപ്പൂ,വണി-
ച്ചുണ്ടാമോദരസം പകന്നു പനിനീർ
പൂവാണു പൂവാടിയിൽ
കൊണ്ടാടും നറുമുല്ലമൊട്ടുകൾലസ
ദ്ദന്തങ്ങൾ; ചെന്താമര-
ക്കുണ്ടാകും വലുതായ കോരകയുഗം
വാർകൊണ്ടപോർ * * *

നാവോ നല്ലൊരു ചെമ്പരുത്തി; നയന
ദ്വന്ദ്വം കരിങ്കുവള-
പ്പൂ;വോമൽത്തിരുനാസതേ തിലസുമം;
കൈത്തണ്ടു കൈതക്കുടം;-
ആവോളോമിത്തുപോലെ പൂനിരകളാൽ
പൂനന്ദനൻ, നന്ദന-
ക്കാവാടാത്തിട്ടുമാറു ദേവിയെ രചി
ച്ചിങ്ങോട്ടയച്ചീടിനാൻ.

സ്വാരസ്യം സ്വയമേവ പാരമിയലും
സ്വന്തസ്വനഗ്രാഹിയാ-
മാരമ്യാത്ഭുത ഗാനയന്ത്രമഹിമാ
നത്തെപ്പുലർത്തീടുവാൻ,
കീരസ്വാനസമാനഗാനമിവിടത്തേ
കേവലം കേൾക്കുവാ-
നാരംഭിക്കുകിലോടി മേടയിലൊളി-
ക്കുന്നാമരപ്പെട്ടിയിൽ.

കൂടമ്പോട്ടുതുറന്നിരുന്നു കുയിലിൻ
        കുഞ്ഞുങ്ങളെപ്പോലവേ
കൂടക്കൂടമുറയ്ക്കു സംഗതിയോടും സംഗീത
        സാമഗ്രികൾ
പാടട്ടേ; മണിമന്ദിരത്തിനിയല്പം
        വാതായനത്തിന്നിട-
യ്ക്കൂടത്തങ്ങിവരും തവ സ്വരമവ
        യ്ക്കദ്ധ്യാപനാദർശമാം.

വെണ്ണൂൽനേര്യതുടുത്തു വേഷ്ടിയിലെഴും
        പൊൽപ്പൂമുലക്കച്ചമേൽ-
തൊണ്ണൂറാഭരണങ്ങളിട്ടുപൊൻ തൊലി മിനുക്കീട
        ട്ടെ തോല്പിക്കുവാൻ,
വിണ്ണൂർമന്ദിരമഞ്ജുരംഭകൾ; ഭവ-
        ത്സാന്നിദ്ധ്യഭൂവിൽപയോ-
മണ്ഡൂകപ്രമദാ വിരൂപത ഭവി
        ക്കുന്നുണ്ടിവർക്കോർക്കുകിൽ.

തണ്ടാളീടിന തമ്പുരാട്ടികളിവ
        ക്കെല്ലാക്കുമായ് കൂടിയ-
ക്കൊണ്ടാടുന്നവിഭൂഷണങ്ങളഖിലം
        ത്തൂത്തിട്ടു തൂക്കീടുകിൽ
ഉണ്ടാമോ വിലപാതിപോലുമധുനാ,
        ശ്രീമൂലരാജൻ, പിതൃ
ത്തണ്ടാർക്കൈവഴിതന്ന കുണ്ഡലയുഗ-
        ക്കല്ലൊന്നെതിർത്തീടുകിൽ.

ശശ്യക്ഷക്ഷവിശാരദാമണിനികേ
തത്തിൽ ശരച്ചന്ദ്രികാ-
ദൃശ്യശ്രീകര മന്ദഹാസസുധയാം
വൂവെങ്കളിച്ചാത്തിനാൽ,
വശ്യത്വം വഴിപോലെചേർത്തു വിലസ-
ദ്വിദ്യുൽപ്രദീപപ്രഭാ-
വശ്യം ദേവിയസാധുവാക്കി നിവസി
ക്കുന്നു നിശാവേളയിൽ.

ഹൃദ്യാകാരമനോഹരാദ്ഭുതകലാ-
ശാസ്ത്രപ്രസൂനാവലി-
ക്കുദ്യാനാഭയെഴുന്ന തത്ര ഭവതി
ക്കീരമ്യഹർമ്മ്യങ്ങളിൽ,
വിദ്യാദേവതയായ് പ്രതിഷ്ഠയരുളി
ശ്രീരാജരാജൻ പിതാ-
വദ്യാഭിജ്ഞജനസ്തുതിക്കവിരളം
പാത്രീഭവിച്ചീടിനാൻ.

സ്തുത്യർഹം തവ താതഭക്തിനിതരാ,
മന്തിക്കസ്സാമാന്യമാം
പ്രത്യഗ്രാഭകലർന്ന ചേവടികളാം,
ചെന്താമരപ്പൂക്കളെ,
നിത്യം തന്മഹിതോപച്ചസ്മൃതികൂടി
രത്തേവലംവെക്കുവാ-
നത്യന്തം വിനയാന്വിതം ഭവതിചേ-
ർത്തീടുന്നു ചെമ്പൂഴിയിൽ.

എന്താത്മാത്ഥസഹോദരീ പ്രണയവൈ
        പുല്യം വിഫുല്ലാശയ-
ച്ചെന്താരിൽത്തവ! തത്സുതാവനസുഖാ-
        വ്യാപ്തിഭ്രമാസക്തിയിൽ
ചിന്താരത്നഗണങ്ങളെത്ര ചിലവാ-
        ക്കുന്നു വിചിത്രാവനീ-
സന്താനദ്രുമവല്ലി ദേവികുലമാതാ
        വിക്കലസ്ത്രീകളിൽ.

ആ സാഹിത്യപരിശ്രമങ്ങളിലവി
        ശ്രാന്തം മനസ്സൊന്നിയു-
ല്ലാസാഹ്ലാദപുരസ്സരം വിദുഷിയാ
        യേവം വിരാജിക്കയാൽ,
ധീസാരസ്യമിയന്നിടും ഭവതിവാ-
        ണീടുന്ന വർണ്ണാങ്കിത-
പ്രാസാദം നവശാരദാസദനമായ്
        ശോഭിപ്പതാശ്ചര്യമോ?

തീരാത്തുത്തമഭത്തൃദുസ്സഹവിയോ
        ഗോത്ഭൂത തീവ്രാധിയാൽ
വൈരാഗ്യംഞ്ഞവരിച്ചു മാതൃമഹിളാ
        രത്നം മനഃപൂർവ്വികം
ഈ രാജന്യകുടുംബഭാരഭരണം
        ദേവിക്കുതള്ളിത്തിരി
ഞ്ഞാരാൽ പാർത്തുവരുന്നു! പുത്രിയതിനെ
        ത്താങ്ങുന്നു പൂക്കൈകളാൽ.

കൂട്ടം നല്ല കുടുംബഭാരമരെണ
ക്ലേശോദയം കൂസിടാ-
താട്ടംമാന്മിഴി തന്റെ നോട്ടമതുചെ-
ന്നെത്തേണ്ടിടം ചേർക്കുവാൻ
തേടുന്നുണ്ടവധാനശക്തി തെളിഞ്ഞവാ
ടെന്നല്ല; തേൻവാണിയാം
പാടുന്നു! പഠനത്തിനെത്തുമവരെ
പ്പാടിക്കുമാടിക്കുവാൻ.

കാമോദ്ദീപകമാം കടാക്ഷനിരയാൽ
തത്സേവകന്മാർ വൃഥാ
വ്യാമോഹംകലരാതെ ശുദ്ധജനനാ
ശുഷ്കാന്തിയായ് ചെയ്യുകിൽ,
ആ മോക്ഷപ്രദയായ ഭാഗ്യവതിയാം
ഭാഗീരഥീദേവിതാ-
നാമോദത്തൊടനുഗ്രഹിച്ചരുളുമേ
സന്മംഗളം മേൽക്കുമേൽ.

★

# ഞങ്ങളുടെ വള്ളിക്കുടിൽ

പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടിക
ളുള്ളിൽ കടന്നു കളിച്ചുകൊള്ളുവാൻ
തള്ളിത്തക്കത്തു വരുന്നനേരത്തു, തൂ
വെള്ളിപ്പൂപ്പുഞ്ചിരി തൂകിത്തൂകി
മുള്ളില്ലാക്കൈകളാലമ്പോടു കോൾമയിർ
കൊള്ളിക്കുമാറു പുണർന്നുമേന്മേൽ
തുള്ളിക്കളിക്കുമിളംകാററൂതിത്തേൻ
തുള്ളികളാകുന്ന വാക്കുകളാൽ
ഉള്ളിളക്കീടുന്ന സുസ്വാഗതം ചെറു
വള്ളിക്കുടിലേ നീ ചൊല്ലിടുന്നു—

ഹൃദ്യാമോദാവഹമായ സച്ഛായകൊ
ണ്ടുദ്യാനസാമ്യം വഹിക്കുകയാൽ
വിദ്യാസമ്പാദനാസക്തരാം ഞങ്ങളാ
വിദ്യാലയക്ലേശം വിസ്മരിപ്പൂ.
തോഴിമാരെല്ലാരും നിൻമണിമച്ചിന്റെ
കീഴിലിരുന്നു രമിച്ചിടുമ്പോൾ
നാഴികപോകുന്നതേതുമറിയാതീ
യൂഴിതാൻ സ്വർഗ്ഗമായ് തോന്നിടുന്നു.

കുന്നിച്ചെടിയുടെ വള്ളികൾ കൂട്ടമാ
യൊന്നിച്ചുകെട്ടിപ്പിണഞ്ഞു തമ്മിൽ
ആദരപുഷ്പങ്ങളേന്തും ലതകളും
സോദരിമാരായ് ചമഞ്ഞിടുന്നു

ആശയ്ക്കനുരൂപമായൊരു മാതിരി
യ്ക്കീശംഖപുഷ്പലതാദളങ്ങൾ
ആശങ്കയെന്യേവിളങ്ങിക്കവിക്കു ന
ല്ലാശയപുഷ്ടി വളർത്തിടുന്നു-
വാവണിച്ചന്ദ്രന്റെ വട്ടമൊത്തിക്കട-
ലാവണക്കിന്നെഴും നല്ലിലകൾ
ആവശ്യമായ വിശറികൊണ്ടുള്ളതാ
മാവശ്യമെല്ലാം നടത്തിടുന്നു-

ബാലരും ബാലികമാരുമെന്നും മണി
നാലടിച്ചാലുടനാടലെന്യേ
പേലവകുഞ്ജസദനമേ നിന്നക
മാലംബമായിക്കരുതിടുന്നു
മാലതിത്തങ്കം പഠനത്താലുണ്ടായ
മാലകറ്റുന്നിതു നിൻതണലിൽ
ലീലയാം തങ്കം ലളിതമനോഹര
ലീലയാടുന്നിതു നിന്റെകീഴിൽ
പച്ചക്കടൽപോലെ പാരംവിളങ്ങുന്ന
മെച്ചമേറും നിന്റെ മേൽപുരയിൽ
കൊച്ചനുജത്തിയാം തങ്കം തകപ്പുതു
മുച്ചത്തിൽ മാറ്റൊലി കൊണ്ടിടുന്നു

ചന്ദ്രമതിയുമിച്ചാരുനികുഞ്ജത്തിൽ
ചന്ദ്രനെപ്പോലെ ചരിച്ചിടുന്നു.
ശാരദ, മാലതിത്തങ്കത്തോടൊത്തൊരു
ഹാരവിശേഷം രചിച്ചിടുന്നു
സ്വൈരം സരസ്വതിഅമ്മതവാഗ്ഗുണ
പൂരംപുകഴ്ത്തുന്ന പാട്ടുകളിൽ

പാരം രവീന്ദ്രസുരേന്ദ്രാദിബാലക-
ന്മാരതി കൌതുകത്തോടുകൂടി
വീരപ്രസംഗങ്ങൾ ചെയ്യുന്നു നിൻപരി
ഷ്കാരപ്രസന്നമാം ചോട്ടിലല്ലൊ.

ചിത്രവർണ്ണാഭ കലരും സുമങ്ങളെ
യത്രചിലേടത്തു കാണുകയാൽ
ചിത്രശലഭങ്ങൾ ചിത്തമോദത്തോടു
മെത്രയോ ചുറ്റിപ്പറന്നിടുന്നു.
കണ്ണുകൾക്കമാറായവപൂമധു
വുണ്ണുന്ന കാര്യവും കാണാമല്ലൊ
കണ്ടുകൊൾക ങ്ങിങ്ങു കാന്തി ചൊരിയുംപൂ-
വണ്ടുകൾ മൂളിപ്പറക്കുന്നതും
ഓരോ ചെറുതായ പക്ഷികളെത്തിച്ചേ-
ന്നാരോമൽ പാട്ടുകൾ പാടിപ്പാടി
സാരോപദേശം തരുന്നൊരു കാര്യവും
നേരോടെ കാണുന്നു കണ്ണുള്ളവർ.

യോഗംനടക്കുന്ന നാളിലിതിന്നുള്ളിൽ
ഭാഗഭാക്കാകുവാനാരൊക്കയോ
വേഗമണയുന്നു വള്ളിക്കുടിച്ചേനിൻ
ഭാഗധേയംതന്നെ ഭാഗധേയം
ബുദ്ധ്യക്ഷയശക്തി ഭാസുരയാംസമാ-
ജാദ്ധ്യക്ഷയായതു ഞങ്ങൾക്കാരോ,
വാഗീശചരിക്ക സദൃശയായ്മവുമാ
ഭാഗീരഥിഅമ്മതമ്പുരാന്റെ
വാചപ്രസംഗമരന്ദപ്രവാഹത്താൽ
നീ ചാരിതാർത്ഥ്യമണഞ്ഞിടുന്നു.

ചിത്രാവനിപൻെറ ചിററസുമീനിൻെറ
ചിത്രാകൃതികണ്ടു വിസ്മയിച്ചാൾ
ഓമനത്തങ്കം കമലത്തിൻറമ്മയും
ഈ മലർ വള്ളിക്കുടിലിന്നായി
ആമയമെന്യെ്യ കലൎന്നിന്നതി
പ്രേമകടാക്ഷം ചൊരിയുന്നുണ്ടാം
ശ്രീവിമലാശയ ശുദ്ധികൂട്ടീടുന്ന
സാവിത്രിയാംദേവി സാന്ദ്രമോദം
പൂവിലസീടുമീ വള്ളിക്കുടിലിൻെറ
ഭാവിക്കു മംഗളം പ്രാൎത്ഥിക്കുന്നു.
ചന്ദ്രപ്രഭഃകാല്യം ചാരിത്ര്യമൂൎത്തിയാം
ചന്ദ്രപ്രഭാഖ്യയാം തമ്പുരാട്ടി
ഇന്ദിരാദേവിയുമിന്ദ്രാണിയമ്മയും
വന്ദിച്ചുവാഴും വനിതാമണി
മന്ദിച്ചിടാതേതുമീ മഞ്ജുവല്ലികാ
മന്ദിരംകണ്ടു രസിച്ചിടുന്നു.
അംബികാനുഗ്രഹഭാജനമായിട്ടും
അംബികാദേവിയുമാത്മതുഷ്ട്യാ
നീലനീലാപാംഗ ഭാസുരരശ്മിക
ളീലതാഗേഹത്തിൽ ചാൎത്തിടുന്നു.
പത്മാസമയായ് പരിലസിച്ചീടുന്ന
പത്മാവതിഅമ്മതമ്പുരാനും
പത്മാപതിപദപത്മത്തെയീലതാ
സത്മാഭിവൃദ്ധിക്കായ് വന്ദിക്കുന്നു.
ബാധവരാതേതുമീലതാവേശ്മത്തിൽ
മാധവിഅമ്മയും മാനസത്തിൽ

രാധയെപ്പോലെവെ കൃഷ്ണഗീതാമൃത
സാധകംചെയ്തു വസിച്ചിടുന്നു.

ക്ഷോണിക്കു ഭൂഷയാം രാജലതാഗൃഹ
മാണിക്യമേനിന്റെ സൽഗുണങ്ങൾ
വാണിക്കഗോചരമല്ലേതും ഞങ്ങളിൽ
കാണിക്കകാരുണ്യം നാളിൽനാളിൽ
ആരാമസൌന്ദര്യമേറുന്നനിന്നെയി
ന്നാരാധിക്കുന്നൊരു കാവ്യകാരൻ
ആരാണവനും നീയാനന്ദപീയൂഷ
സാരാംശം നൽകുകനിന്റെ കീഴിൽ

മംഗളം മംഗളം മംഗളം മംഗളം
മംഗളം മംഗളം സന്മംഗളം.

★

# സുഭദ്രാഗമനം

മെയ്യഞ്ചുരണ്ടൊരുശിഃരവമിരുന്ന, "സുന്ദ
രയ്യന്നു" പോവതിനനുജ്ഞകൊടുത്തശേഷം
അയ്യമ്പനോടുസമനാകിയ തമ്പി, പട്ടു
ശയ്യയ്ക്കൊരാഭരണമായി വിളങ്ങിരാവിൽ.

ഏകാന്തമായ മണിമച്ചിനകത്തു, കോമ-
ളാകാരമാൻ ഹൃദയംഗമമാംവിധത്തിൽ
ആകാശസൗധനിരകെട്ടിയുയർത്തി വഞ്ചി-
ഭൂകാന്തമൗലിമണിസുന്ദരശയിച്ചിരുന്നു.

സാമന്തഭൂപരുടെ സംസ്തുതിവാങ്ങി, രാജ്യ-
ക്ഷേമംവളർത്തി, മണിസിംഹ മഹാസനത്തിൽ
കാമംതെളിഞ്ഞുടനിരുന്നിതു, വഞ്ചിപാല-
സീമന്തപുത്രനൊളിപാവിനപാഴ്കിനാവിൽ.

സ്ഫീതോന്നതക്ഷിതിപരമ്യപദപ്രവേശ-
ജാതോത്സവത്തെയൊരുജായയൊടാസ്വദിപ്പാൻ,
ഏതോരുഭാഗ്യവതിയാണനുയോജ്യയെന്ന-
ചേതോവിനോദവിഷയത്തിൽ നിമഗ്നനായാൻ.

സ്വീയപദാനപരിധിക്കകമുള്ളവശ്യ-
മായാവിലാസിനികളായ നതാംഗിമാരിൽ,
'ജായാപദാർഹ'-എവളെന്ന വിചാരചാരു-
സായാഹ്നമേഘശകലങ്ങളുണത്തൊഴിഞ്ഞു.

രാവായിരിക്കവെ"ദിവാസ്വപ്ന"സ്വതന്ത്ര-
ഭാവാപഗാമൃതനിരച്ചുളമാമൊഴുക്കിൽ,

പോവാനൊരുങ്ങിയ മനോഗതിപോതമവ-
മാവാച്ചമോഹമഹിതാണ്ണവമോടടുത്തു.

സ്വാപത്തിലേക്കു പടിയേറിവരുന്ന, രാജ-
ശ്രീപത്മനാഭഹൃദയംഗമനാമധേയൻ,
ഭൂപത്മശോഭയൊടുമാമണിമച്ചിലുള്ള
ദീപത്തെവെല്ലുമൊരു സ്വപ്രഭകണ്ടുണർന്നു.

നേരത്തെയങ്ങനെ തുറന്നുകിടന്നവാതൽ
ദ്വാരത്തിലൂടെയൊരു കാന്തിവിശേഷ,മുള്ളിൽ,
സൌരഭ്യമേന്തിനതടില്ലതപോലെ, സർവ്വ-
സാരസ്യസാരരുചിപോലെ, കടന്നുവന്നു.

ഭൃംഗാധിപപ്രതിമനായൊരു തന്റെ ഹൃദ്യ-
ശൃംഗാരചിന്തകൾ ശരീരമെടുത്തപോലെ,
തുംഗാഭകോലുമൊരു തൂമിഴിയ, ഗൃഹാന്ത-
രംഗാന്തികത്തിലഥ തമ്പിയുണർന്നുകണ്ടു.

കത്തിജ്വലിച്ച കമനീയതകണ്ടു വേഗ-
മുത്തിഷ്ഠനായൊരു വിടപ്രഭുസംഭ്രമത്താൽ,
മുത്തിന്റെഭംഗിയെ വണിഗ്വരനെന്നപോലെ,
യത്തിങ്കളാസ്യയുടെ ചാരുതനോക്കിനിന്നു.

വിണ്ണിങ്കലുള്ള വിമലാംഗികൾ വീശിടേണ്ട
പെണ്ണിന്റെ പേശലകളേബരമത്രപേർത്തും
കണ്ണിന്നു ശീതളതചേർത്തു, തുലോംതണുത്ത
വെണ്ണിഷ്കളങ്കഘനസാരരസത്തിനൊപ്പം

ഉത്തുംഗമാകിയ നിതംബതലംമറച്ചു
മെത്തുന്ന മേഘചയമേചകമാം കചങ്ങൾ
എത്തുന്നുപിങ്കഴൽവരെ, കുടിലസ്വഭാവ
മൊത്തുല്ലസിപ്പൊരു പന്നഗലയെന്നപോലെ,

നീലാളകദ്യുതിയതൃത്തികുറിച്ചതീത-
കാലാകലാന്തവേലക്ഷണയുക്തമായി,
ബാലാമൃതാംശുമണിബിംബസമാനമഞ്ജു-
ഫാലാഭിരാമത, മനോഹരമായിരുന്നു.

ഉല്ലീഢഭംഗിയെഴുമൂർമ്മികൾപോലെ, വീര
മല്ലീശരന്റെ വിലയേറിയവില്ലുപോലെ,
ചില്ലീയുഗംവിലസി, ആ വധുവത്യഗാധ
ഹൃല്ലീനശക്തി കലരുന്നവളെന്നുരച്ചു.

സാരംഗശീഘ്രതരാളാക്ഷികൾപോലെ, മഞ്ജു
താരപ്രകാശമിയലുന്ന വിലോചനങ്ങൾ,
മാരസ്ഫുരന്മണിവിളക്കുകൾപോലെ, നീല-
നീരന്ധ്രമാമിമകളാർന്നു, തെളിഞ്ഞിരുന്നു.

കന്ദർപ്പദർപ്പണമനോജ്ഞതപൂണ്ടു നവ്യ
സന്ദർഭസംഭൃതരസാനുഗുണപ്പിടിപ്പാൽ,
സന്ദർശനീയതവഹിക്കില്ലു,മാതൃഭേദ-
സംദശനപ്പൊടികപോലെയണിഞ്ഞിരുന്നു.

വ്യാസാദിമുഖ്യമുനിപുംഗവരും, തദീയ-
നാസാതിലപ്രസവസൗരഭമാസ്വദിക്കിൽ,
ധീസാന്ദ്രശാന്തതതകർന്നു, തദംബുകുംഭ-
ദാസാനുവൃത്തി ദിവസംപ്രതി ചെയ്തുപോകാം.

തുവാരിജപ്പുതുമരന്ദമനോജ്ഞസത്തു
തുവാനുദീർണ്ണരുചിയോടുതുടുത്തു മേന്മേൽ,
തുവായ്മലർക്കൊടിവിളങ്ങി, തുലോമനംഗ-
ദേവാഭിചാരനവ കുങ്കുമധൂപ്പിപോലെ.

ചെങ്കല്ലുരച്ചുഴകിനോട്ടമിനുക്കി, ദിവ്യ-
സങ്കല്പശക്തിയൊടു ശില്പകലാവിദഗ്ദ്ധൻ

തങ്കത്തിലാഴ്ത്തിയകുളുത്തിളക്കുണ്ഡലം, പൂ-
മങ്കയ്ക്കൊതിത്തരുണികാതിലണിഞ്ഞിരുന്നു.

തന്മാരശംഖഗളസീമനി, താമ്രവർണ്ണി-
നന്മാതൃഭൂമിയുടെ മാറണിയുന്നപോലെ,
പൊന്മാലപോർമുലകൾമേൽ വരെയെത്തി, വക്ഷ-
സന്മാന്യശുഭ്രവസനോപരി, ഉല്ലസിച്ചു.

തുംഗത്വമാർന്ന സുഷമാവഹമായ മേരു
ശൃംഗദ്വയത്തെയണിമഞ്ഞുപൊതിഞ്ഞപോലെ,
ഭംഗംവെടിഞ്ഞൊരു സിതാംബരമുന്നതശ്രീ
രംഗസ്തനങ്ങളെ മറച്ചു ലസിച്ചിരുന്നു.

തള്ളിച്ചുകൊണ്ടുമുലമൂടിയമുണ്ടു ചുററി
ക്കൊള്ളിച്ചിരുന്നതു, കുളുത്തളിർമാലപോലെ,
വള്ളിക്കെതിർക്കലവിയുള്ളഭുജങ്ങളെയു-
മുള്ളിൽപൊതിഞ്ഞിളകിനീണ്ടുകിടന്നിരുന്നു.

പൊക്കിൾക്കുഴിക്കുമുകൾതൊട്ടു, മണിപ്പുറങ്കാൽ
വക്കിന്റെതാഴെവരെ, രണ്ടണിവാഴയുള്ളിൽ
മുക്കിക്കിടന്നൊരുസരസ്സുകണക്കു, കട്ടി-
വക്കിട്ടവസ്ത്രമവൾ, ചുററിയുടുത്തിരുന്നു.

കല്യാണഗാത്രിയുടെ കോമളപാദയുഗ്മമാം-
ഗുല്യാഢ്യജജ്ഞുളതയോടു മഹീതലത്തിൽ
തുല്യാത്മയോഗ്യതവഹിപ്പതു രക്തപത്മ-
കല്യാഭിരാമദളമന്ത്യജ്ഞാതമാത്രമല്ലോ.

ഭൂപാലസൂനർമഹിളാമണിതന്റെ ചാരു
രൂപാമൃതത്തെയനിമേഷവിലോകനത്താൽ
ആപാദചൂഡമൊരുപോലെ നുകർന്നു, കാമ-
വ്യാപാരകമ്പിതവപുസ്സോടുകൂടിനിന്നു.

ആരാവിലേവമളിസാരികപോലെ, കൃഷ്ണ-
സാരായതാക്ഷിമണി,യാത്മനികേതനത്തിൽ
ആരാലണഞ്ഞതഭിമാനധനാഗ്ര്യനാകു
മാരാജപുത്രനൊരനുഗ്രഹമായ് ഗണിച്ചു.

വണ്ടോടിടുന്ന പുതുവാർക്കുഴലാളെ, മുമ്പു-
കണ്ടോർമ്മ, തന്നുടെ മനോമുകുരത്തിനുള്ളിൽ
കൊണ്ടോരുവിസ്മൃതിരജസ്സുകൾനീങ്ങി,യാശു
കണ്ടോ,നൃപാത്മജനു കൗതുകമങ്കുരിച്ചു?

ആയുസ്സിലന്നുവരെയോക്കിലഭൂതപൂർവ്വ-
മായുള്ള ചാരുത കലന്നൊരു ചാരിതാർത്ഥ്യം,
പായുന്ന കണ്മിഴികളാലഥ തമ്പിയങ്ങൂ-
ന്നായുന്നതസ്തനിയെനോക്കി രസിച്ചുരച്ചു.

"ആരിപ്രതീക്ഷണഗതിക്കു വിരുദ്ധമായി
നേരിട്ടുനാംമരുവിടുംമണിമന്ദിരത്തിൽ,
താരിന്നകത്തു ശലഭാംഗനപോലെ,യാത്മ-
ഭൂരിപ്രസാദമൊടുവന്നവരാംഗിമൗലി?

പന്തോടിടേണ്ടിരുപയോധര ഭംഗിയേറു
മെന്തോഴി! നിന്നുടെ സമാഗമമെന്റെയുള്ളിൽ,
സന്തോഷവൃഷ്ടിചൊരിയുന്നു,മദീയജന്മ-
മെന്തോതിടേണ്ടു? സഫലീകൃതമായതിപ്പോൾ.

ഹ്രസ്വാവലോകനനിമിത്തമൊരിക്കലെന്റെ
നിസ്വാർത്ഥമാകുമഭിലാഷമകക്കരുന്നിൽ
അസ്വാസ്ഥ്യമേകി ഭവതിക്കതുപോട്ടെ, ഹൃദ്യ-
സുസ്വാഗതം സുമുഖി! നാമുരചെയ്തിടുന്നു.

നീലാഭ്രകേശിനികളത്ഭുതജന്യമായ
കാലാവലോകനസമർത്ഥതയെച്ചിലപ്പോൾ,

നീലാക്കിലിന്നിവിടെ വന്നതുപോലെകാട്ടി,
ച്ചേലാൎന്നജീവിതസുഖസ്ഥിതി നേടിടുന്നു.

"ക്രൂട്ടാക്കിടാത്തൊരു മനസ്ഥിതിമാറി,നീയ-
ക്കൂട്ടാരുമെന്നിയെ വരാനിടയായതിപ്പോൾ
നാട്ടാരുരയ്ക്കുമൊരു നമ്മുടെ ഭാഗ്യവാൎത്ത
കേട്ടായിരിക്കും; അതിലില്ല വിരോധമേതും

"പ്രീണിച്ചുനീയിവിടെ വന്നതുവഞ്ചിവഞ്ജ-
പാണിത്വമെന്നെയവലംബനമാൎന്നകൊണ്ടോ?
ആണിന്റെയാത്മഗുണമല്ല, പണപ്പെരുപ്പ-
മാണിന്നു മുഗ്ദ്ധകൾഗണിപ്പതു വഞ്ചിനാട്ടിൽ.

"പട്ടാഭിഷേകമഴകോടു കഴിഞ്ഞു,രാജ-
പട്ടാംബരങ്ങളണിയേണ്ടൊരു നമ്മെയിപ്പോൾ,
വിട്ടാദ്യവാശി, വിനയത്തൊടുവന്നുനീയി-
ങ്ങൊട്ടാദരിപ്പതുകൃതാൎത്ഥതചേൎത്തിടുന്നു.

"ധിക്കാരമോടു പെരുമാറിയനീ, വിശേഷി-
ച്ചിക്കാമ്യവേഷമൊടുമെന്റെ ഗൃഹത്തിനുള്ളിൽ,
ഇക്കാലമെത്തിയതുകൊണ്ടു, തവാപരാധം
മുക്കാലും—എന്തിനു? മുഴുക്കെ—മറന്നിടാംനാം.

"ചേലേറുമഷ്ടഗൃഹമണ്ഡനമണ്ഡലത്തിൽ,
ബാലേന്ദുമഞ്ജുകലയെന്നതുപോലെവാനിൽ,
ബാലേ! മൃഗാധിപകുമാരിവനത്തിലെന്ന-
പോലേ, തുലോംവിലസിടുന്നിതു നീ സുഭദ്രേ!

"മാനിച്ചുനീയനുസരിക്കുക നമ്മെ, വഞ്ചി-
ജാനിക്കെഴും മണികിരീടമണിഞ്ഞുകൊൾവാൻ,
ശ്രീനിശ്ചയിച്ചൊരുശിരസ്സിത, താണുനിന്നെ
ധ്യാനിച്ചിടുന്നു, നിശയേശശിപോലെയിപ്പോൾ.

"ആ മാതുലൻെറ അറിവോടിഹവന്നുവോ നീ!
കാമാനുകൂലകമയാളുടെ കണ്ണിണകളിൽ,
രാമാമണേ! പൊടിയിടാനഥവാ,നിനക്കു
സാമാന്യമല്ല സഖി! കൗശലമാശയത്തിൽ.

"സേവിക്കിലംഗനകളെ സ്ഥിരബുദ്ധിയോടു
സേവിക്കവേണം; അവരീശ്വരിയെന്നപോലേ
ഭാവിക്കയില്ല കരുണാരസമാദ്യം; എന്നാ-
ലാവിർഭവിച്ചിട്ടുവിലേകിടുമവരങ്ങൾ."

കാമവ്യഥാ കലുഷിതാശയനാ,മൃദുശ്രീ-
പൂമഞ്ജുശയ്യ, പൊടിതട്ടിവിരിച്ചുരച്ചാൻ
തൂമംഗളാംഗിയൊടുപിന്നെ, "വരാം, ഇരിക്കാ"
മീമഞ്ചമേറി മമ സമ്പ്രതി ചെമ്പകം! നീ."

ഏവംപറഞ്ഞു ജളനാകിയ തമ്പി,പൂർണ്ണ
ലാവണ്യമാർന്നമഹിളാമണി തൻെറമുമ്പിൽ
ഭാവമ്പകർന്നു ഭരണാധിപനായ കാമ-
ദേവൻെറ പാവകളികാട്ടിയടുത്തു ഹിന്തു.

"തന്നേഭരിപ്പതിനു തന്നെമനക്കരുത്തു
മന്നേത്രസൂക്ഷ്മതയുമറ്റൊരു കാമദാസൻ
ഭിന്നേഷ്ടജാതിമതഭാഷകളുള്ള വഞ്ചി-
മന്നേതുമാതിരി ഭരിപ്പതുഭാവിയിങ്കൽ?

"ധർമ്മാവനിക്കുടയഭാവ്യഭിവൃദ്ധിമൂല-
നിർമ്മാണമീയൊരുവിടപ്പ്രഭുവിൻെറകയ്യിൽ
നിർമ്മായമെത്തിടുകിലന്നു തുടങ്ങി,നീച-
കർമ്മാധികാരവിജൃംഭിക്കൊടി വീശുമല്ലോ.

"മൂരിക്കുതക്കൊരുവിടന്നു, തുലോംവിശുദ്ധ
ചാരിത്രദേവികൾ വിളങ്ങിനനാടകത്തിൽ,

ഭൂരിപ്രധാനനടനായകമഞ്ജുവേഷ-
ധാരിത്വമേറ്റു ചിലസൂരികൾ നൾകിടുന്നു!

"ദുർമ്മാർഗ്ഗിയാകുമിവനിട്ടയനീയരായ
ധർമ്മാവനിപ്രജകൾതൻ, പതിയാകുമെങ്കിൽ
നിർമ്മായമായ് തവളകൾക്കഹിനാഥനായ
കർമ്മാപ്തിയായിവരുമേഫലമട്ടിനത്തിൽ!

"അമ്മാവനായക്കുടമൺകുലവീരസിംഹ
മിമ്മാനഷാധമനമായൊരു ക്രൂട്ടുകെട്ടിൽ
അമ്മാ!കുടുങ്ങി; കൊടുദുഷ്ടതയായശീമ-
ക്കുമ്മായമിട്ടു ദുരയെപ്രബലപ്പെടുത്താൻ.

"ഈവിധ്ഢിയായൊരു ജളൻെറകരങ്ങൾ, വഞ്ചി-
ഭാവിപ്രജാഭരണസൂത്രമെടുത്തുകൊൾവാൻ
ഭൂവിങ്കൽ, ഈ അബലഞാൻ—ഉശിരോടുകൂടി
ജ്ജീവിച്ചിരിക്കിലിടയാക്കുകയില്ലനൂനം."

ഈവണ്ണമാത്മഗതമാൻമഹതാടുകൂടി
സ്സാവജ്ഞമുഗ്രതരകോപമുദിച്ചുതുള്ളിൽ,
ആവശ്യമെന്നു നിരൂപിച്ചു മറച്ചു,മിഷ്ട-
ഭാവപ്രസന്നമുഖിയായ്സ്സചരിത്രനിന്നാൾ.

(ഇതു് മാർത്താണ്ഡവർമ്മ എന്ന ആഖ്യായികയിലെ ഒരുഘട്ടം നോക്കി എഴുതിയതാണ്.)

—

# സ്റ്റാലിൻെറ ശേഷം

"സ്റ്റാലിനെ"ങ്ങനെയാത്മഗുരുവാം "ലെനിൻ" തൻെറ
കാലിണകൈവണങ്ങികണ്ണീരിൽ കുളിച്ചാരാൽ,
ബാലികാരചിതമാംബാലേയപരിമള-
മാലികസമപ്പിച്ചു, സംസ്കാരസമയത്തിൽ?
ചേലിയന്നതുപോലെ "മലഃങ്കാവു്," ചേതോബല-
ശാലിയാം നേതാവിൻെറ ശ്മശാനപുണ്യഭൂവിൽ
മാലിയന്നൊഴുകീടുമശ്രുപൂരത്തൊടൊരു-
കാലികോപഹാരത്തെ കാഴ്ചവച്ചുരചെയ്താൻ.
ആയിരമായിരംപേരവിടെച്ചുററുപാടു-
മായി നിന്നാവാക്കുകാം വൈദ്യുതക്കതിർവീച്ചിൽ
സ്ഥായിയായ് കേട്ടതോടെ പൗരസ്ത്യപാശ്ചാത്യമാം
മായികപരിഷ്കൃത പ്രക്ഷേപണോൽപ്രേക്ഷയിൽ,
കായികശ്രമസേപദകലാപമണിയുന്ന
നായികാനായകക്കു കോൾമയിർകൊള്ളിച്ചല്ലോ,
കോയിക്കലിരിക്കുന്ന കോടീശന്മാരായതു
വായിച്ചുകേട്ടപ്പൊഴ വായ്പിളന്നുഴലുന്നു;
പട്ടട, ചൂഷണത്തിൻ ചുവന്നമനോഹര-
പ്പട്ടണിഞ്ഞിരിക്കുന്ന പണക്കാരന്മാരെക്കാൾ,
പട്ടണവാസികളാം പാവങ്ങൾക്കു, രാജ-
പട്ടമെന്നുള്ള പരമാത്ഥത്തെപറഞ്ഞപ്പോൾ,
ഒട്ടനവധിപേക്കുമുള്ളംതണുത്തു; ബോധം
കെട്ടുതോ കെതപ്പോടുകസീദകുബേരന്മാർ

ഒട്ടകപ്പക്ഷിപോലെ, ഒളിച്ചുവൻപൊൻപണ-
പ്പെട്ടകത്തിൻെറയുള്ളിൽ പേടിച്ചു വസിക്കുമോ?
വെട്ടെല്ല- വെടിവെയ്പുവെണ്മഴ-അരുവാൾ-സം-
ഘട്ടനങ്ങളും വന്നുചേരുമ്പോളിക്കൂട്ടരിൽ
വെട്ടത്തുഃശേഷിപ്പവരെത്രയുണ്ടാകുമോളം
വീട്ടഴകേറീടുന്നചെങ്കടൽ പ്രകാശത്തിൽ?
റഷ്യയ്ക്കു സ്വാതന്ത്ര്യത്തെയാർജ്ജിച്ചുനേതാവായി
പ്പുഷ്യപൂജനുമായി പൂർണ്ണചിന്തകനായി,
ജുഷ്യനപമത്യാഗസമ്പന്നനുമായി
ശിഷ്യനാം "മലൻഃകാവു്" സ്റ്റാലിനെസ്തുതിച്ചല്ലോ.
വാചാമഗോചരവാത്സല്യം, സാധാരണ
നീചാധമന്മാരെന്നുകുറിയ കൂലിക്കാരിൽ
അചാര്യനായ നേതാവിനുണ്ടായഃതാ, കഷ്ട-
മാചാരലംഘനമായഭിമർശകഃരാത്തു?
ആയിരംകൊല്ലങ്ങളായടിമത്തത്തിനുള്ളി
ലായിരുന്നനവധി മനുഷ്യമൃഗങ്ങളെ
കായികമാനസികാഭിവൃദ്ധിദാനത്തിനായീ
മായികമന്ത്രവാദിയുദ്ധരിച്ചുപാസ്തിയാൽ.
നരനെ നരൻതന്നെ ചൂഷണംചെയ്തീടുന്ന
നരകം, നാട്ടിലെങ്ങും നശിച്ചു വെണ്ണീറാവാൻ,
നരബാധിക്കുമാറു നിസ്തന്ദ്രാപ്രയത്നിച്ചു
നരനാരായണന്മാർ സോവിയററുഃസോദരന്മാർ.
സ്റ്റാലിൻെറയപദാനവീഴ്ചബിന്ദുക്കൾ, ചിന്താ
ശാലികൾക്കാദർശഭാവനാവിഷയത്തിൽ
മൗലികാദിവ്യൗഷധബീജങ്ങളാകുമെന്നു
മൗലിനാംനമിച്ചോതാം മത്സരബുദ്ധിയെന്യേ.

“ലെനിനെംഗത്സ്, മാർക്സ്” മീമൂന്നുമഹാരഥ–
രനിശം സഞ്ചരിച്ചമാർഗ്ഗത്തിൽ കൂടിയാരാൽ
വിനിയന്ത്രിതമായി വിപ്ലവംനടത്തി,യി
ജ്ജനിസാഫല്യം നേടി,ജാജ്വല്യമാനൻ “സ്റ്റാലിൻ”
ഈ മഹാപുരുഷന്റെകാലടികളിൽക്കൂടി
നാ–മട്ടിവ്യദേവന്റെ നാട്ടുകാർ-നടന്നുപോം,
ഊമരാം കൂലിക്കാരെയുദ്ധരിച്ചവരുടെ
ക്ഷേമസമ്പ്രാപ്തിക്കു ജീവിതമർപ്പിച്ചതാർ?
ആ മഹാൻ–മനുഷ്യരിൽ ഉത്തമനനുത്തമൻ
നാമസങ്കീർത്തനാർഹൻ നായകൻ നവോത്ഥാനൻ,
ചൂഷണക്കാരുടയ ചൂണ്ടലോ, ചുട്ടചോര
മോഷണം ചെയ്യോരുടെ ചാണ്ടലോ, ചെറുക്കുവാൻ.
പോഷണംതൊഴിലാളിവർഗ്ഗക്കാർക്കേകി, യുക്തി–
ഭാഷണപ്രവർത്തനസമർത്ഥൻ സഖാവാദ്യൻ
വേഷവും വേലക്കാർക്ക് വെമ്പലുംമാററി,വിദ്യാ–
ഭൂഷണമണിഞ്ഞവ,രാരോഗ്യവാന്മാരായാർ
ഭേഷജം യഥാകാലമുപയോഗിച്ചു,മനോ–
ദോഷവുമകന്നാശു മാനനീയരുമായാർ.
തൊഴിലാളികളെങ്ങും തോൽക്കട്ടിവേൽക്കാരുടെ
തൊഴികൊള്ളേണ്ടതില്ല, തൊഴുകൈശീലിക്കേണ്ട:
വഴിയേ നട്ടെല്ലിനു കോട്ടമെന്നിയെനട–
ന്നഴിമതിതടഞ്ഞു നിർത്തുന്നു നൃത്തമാടി.
മിഴികൾ ചുവപ്പിക്കാ“മിൽ”ക്കാരന്റെപണ–
ക്കിഴിയിൽനിന്നന്നന്നു ശമ്പളം ശരിക്കിപ്പോൾ
ഒഴിയാതവകാശമോതിവാങ്ങുവാനുള്ള
കഴിവുണ്ടാക്കിക്കൂലിക്കാരനുക്രമ്മാശയൻ

ഈയുഗത്തിലേമുഖ്യ നിഷ്ണാതനിരീക്ഷക-
നായുള്ള നിരങ്കുശന്മാരിലഗ്രഗൻ സ്റ്റാലിൻ.
വായുവേഗത്തിൽവിട്ട വിപ്ലവപ്ലവകനി-
ന്നായുരാരോഗ്യത്തോടു കളിച്ചു പുലരുന്നു.
സ്റ്റാലിന്റെ ചരമത്തിൽ ശേഷമായ് ദുരാഗ്രഹ-
ശാലികളായ ചില സോവിയറ്റ് പ്രമാണികൾ
താലിപോയൊരുമഹാഭാഗയാം വധൂടിയെ
പ്പോലി,ടഞ്ഞടിപിടികൂടി കൈവശമാക്കാൻ
കോലിനകോളിളക്കമുണ്ടാകുമെന്നാശത്രു-
ബാലിശവിജ്ഞാപനം വിദ്വേഷമായിപ്പോയി
അപ്രതീക്ഷിതമായൊരാ ലോകനേതാവിന്റെ
വിപ്രയോഗത്തിലുണ്ടാം വിടവങ്ങടയ്ക്കുവാൻ
ക്ഷിപ്രമദ്ദേഹത്തിന്റെ ക്ഷിപ്താനുഗന്മാരാത്മ-
വിപ്രതിപത്തിയെന്യേ വിധാനം ചെയ്തിട്ടുണ്ട്.
ഇവരിൽ പ്രധാനിയാം മന്ത്രിപുംഗവൻ തന്റെ
നവവിദേശനയരൂപവും പ്രഖ്യാപിച്ചു.
അവസരോചിതമായതു മൂന്നാം സംഗ്രാമ
ശ്രവണശല്യത്തിന്റെ വിരാമം വിരചിച്ചു.
പരസ്പരവിശ്വാസപരമാത്ഥങ്ങളെനാം
പരമാസ്പദമാക്കിയൊത്തുചേന്നൊത്താശയാൽ
തരസാസമാധാനം സമ്പ്രതിഷ്ഠിച്ചേനിതു
മരണക്രമഭേദം മാറിക്കാതിനിമേലിൽ.

★

# ചിത്തിരതിരുനാൾ

## അവതാരിക

ആദ്യമായി കവി അവതാരികാരൂപത്തിൽ, ശ്രീചൈത്രരാജാപദാന പരമായ പ്രകൃതകാവ്യം രചിക്കുന്നതിനുള്ള സമാരംഭത്തിന്റെ മഹനീയതയെ വിശദമാക്കുന്നു:—

കവിത്വം കാണിക്കി,ല്ലറിവുകുറ-
വാ,ണില്ല ഹൃദയം
ദ്രവിപ്പിക്കും വാണീനിപുണതയു-
മെന്നാലുമധുനാ
അവിസ്രംഭം നീങ്ങി,ക്കൃതിയിതു
രചിക്കുന്നു,തലയിൽ
കവിഞ്ഞെത്തും ചിത്രാവനിപഗുണ-
ചിന്താലഹരിയാൽ.

വർണ്ണ്യപുരുഷന്റേയോ വർണ്ണ്യവിഷയത്തിന്റേയോ പ്രാശസ്ത്യത്താൽ കാവ്യപ്രയോജനം സിദ്ധമാകുന്നുവെന്നു് നിർദ്ദേശിക്കുന്നു:—

കവിക്കും, കാവ്യത്തിൽ മധുരതര-
മാംകല്പനകളെ-
ക്കവിഞ്ഞാരാധിക്കും സഹൃദയനു-
മീരാജകൃതിയിൽ,
ഭവിച്ചീടാം ഭാഗ്യം സകലമത-
സംസ്കാരകകഥാ-
പവിത്രപ്രസ്താവം സുകൃതകര-
മത്യന്തമഥവാ,

കവി താൻ മുൻപു് രചിച്ചിട്ടുള്ള കാവ്യങ്ങളുടെ സ്വഭാവം നിർദ്ദേശിച്ചിട്ടു് സുകവിതയോടായി അവയെക്കാളെല്ലാം മേന്മകൂടിയ ഒരു സമാരംഭത്തിൽ ഏർപ്പെടുവാൻ പ്രാർത്ഥിക്കുന്നു.

രസിപ്പിക്കും മഞ്ജുപ്രകൃതിപര
കാവ്യങ്ങളഭിസം-
ത്രസിപ്പിക്കും ദുഃഖപ്രണയപര-
കാവ്യങ്ങളുമഹോ!
പ്രസിദ്ധിക്കായന്നന്നെഴുതി വെറു
തേ, സർവ്വഗുണമു-
ല്ലസിക്കും ശ്രീവഞ്ചീശനിലിനി,ല-
യിക്കൂസുകവിതേ!

കവി സുകവിതയോടായിത്തന്നെ വീണ്ടും പറയുന്നു:—

വരിച്ചു ശൃംഗാരപ്രണയകവി-
താപദ്ധതികൾ, വി-
സ്തരിച്ചു ഭൂദേവദ്ര്യാംഗനകളുടെ
വേഷപ്രകൃതികൾ,
ധരിച്ചു നാമേതദ്ഭാഷയവിഫ-
ലതാം, സപദി വി-
സ്മരിച്ചു തദ്ഭാഷാന്തരവിജയ-
സാഹിത്യചരിതം.

കവി തന്റെ തൂലിക വിവിധമാർഗ്ഗങ്ങളിൽ ചരിച്ചിട്ടു് ഇപ്പോൾ കഥാപുരുഷന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിനെ സാരമായി ചിത്രീകരിക്കുന്നു:—

ചരിച്ചുല്ലാ പേനാ ബത! ചെറിയ
ചാളക്കുടിലിൽ, വി-
ഷ്ഫുരിപ്പിച്ചു പിച്ചച്ചെറുമിയുടെ
ചേതോവികൃതികൾ,

തിരിച്ചെത്തീടുന്നൂ, വിനമിതമു-
ഖത്തോടുമുല്ലകം
ഭരിച്ചീടും ദീനാവനനുടയ
തൃപ്പാദമലരിൽ.

ഉത്തമങ്ങളായ പല കൃതികളും നിരൂപകന്മാരുടെ വർഗ്ഗീയമായസങ്കുചിതമനോഭാവംനിമിത്തം അഗണ്യകോടിയിൽ തള്ളപ്പെട്ടുപോകുന്നതിൽ ഖേദിച്ചിട്ട് കവി മഹാരാജപരമായ പ്രകൃതകൃതിക്ക് അങ്ങനെ ഒരു ദോഷം വരുവാൻ ഇടയില്ലെന്ന് സമാധാനിക്കുന്നു:—

കലാസമ്പത്തോലും കവിതയൊടു
സങ്കല്പസൂക്ഷ്മാ-
വിലാസശ്രീചേരും ശ്രുതിമധുര-
മാമെത്ര കൃതികൾ,
നിലാവായ് വർഗ്ഗീയസ്മൃതികൃതിവി-
ചാരാടവിയി; ലി-
പ്രലാപം കേട്ടേക്കാം പ്രകൃതനൃപ-
മൗലിപ്രണയികൾ.

## കുലവും ദത്തും

ആശിസ്സ്, നമസ്ക്രിയ, വസ്തുനിദ്ദേശം—എന്ന് ഗ്രന്ഥാരംഭത്തിൽ മൂന്നുവിധം മങ്ഗളാചാരങ്ങളുള്ളതിൽ ഇവിടെ വസ്തുനിർദ്ദേശംകൊണ്ടു ഗ്രന്ഥം ആരംഭിക്കുന്നു:—

സഹസ്രാബ്ദത്തോളം സകലജന-
സംസേവ്യതരമാം
മഹത്പാരമ്പര്യം പുലരുമൊരു
സന്താനതരുവിൽ,
അഹസ്താരുണ്യാഢ്യദ്ദിവസമണി
പോലുജ്ജ്വലതയാ-
ന്നിഹ ശ്രീമാൻ ചിത്രാവനിപതിവി-
ളങ്ങുന്നു വിമലൻ.

വഞ്ചിരാജവംശത്തിലേക്ക് ദത്തെടുത്തതുംകൊണ്ട് മാവേലിക്കര രാജകുടുംബത്തിന് സംസിദ്ധമായ പ്രാശസ്ത്യത്തെ വിവരിക്കുന്നു:—

തുല്യോം ലക്ഷ്മീഭാവം തടവിയൊരു
ഖണ്ഡേശകുലമു-
ജ്ജൃംഭിതാത് കൃഷ്ടസ്ഥാന പ്രഥിതബഹു
മാനാത്മനിലയിൽ,
പ്രചോദിക്കാതാർന്നു പ്രമുഖഗതി
രാജർഷികരുണാ-
വിലോലാപാംഗശ്രീ ചെറുതുബത!
ചെന്നെത്തിടുകയാൽ.

## മാതാവ്

അമ്മമഹാറാണിതിരുമനസ്സിലെ ഭാഗ്യാതിരേകത്തേയും മാഹാത്മ്യത്തേയും അടുത്ത നാലു ശ്ലോകത്തിൽ വർണ്ണിക്കുന്നു.

കുരുന്നിൽ സാമാന്യ പ്രഭുകുലജ-
യാണെന്ന നിലയാ-
ന്നിരുന്നത്യുത്ഥാനം പെരുകിയൊരു
പെൺമൗലിമണിയാം,
പുരുശ്രീമന്മാതൃ പ്രകൃതിയുടെ
യംഗീകരണമാം
ഗുരുത്വാകൊണ്ടിപ്പോളഖിലമനു-
ജാരാദ്ധ്യമഹിയിൽ.

കഴിഞ്ഞ പദ്യത്തിൽ സൂചിപ്പിച്ചതുപോലെ മഹാറാണി തിരുമനസ്സിലെ അന്യാദൃശമായ മാഹാത്മ്യത്തിന് മുഖ്യമായ കാരണം എന്തെന്നുള്ളതിനെ വിശദീകരിക്കുന്നു:—

സ്വാഭാമധാസാമർത്ഥ്യം, സ്വരമധുര
സംഭാഷണ, മനു-
ക്രമേശാംഘ്രിധ്യാനം, പലഗുണമി-
തേമാതിരികളിൽ,

ക്ഷേമശ! പ്രേക്ഷിക്കാമിതരകളി-
ല്യം, തചതു് പ്രസവക്ഷമ-
യമേയ പ്രാധാന്യപ്രദമിഹമ-
ഹാറാണിമണിയിൽ.

അമ്മമഹാറാണി തിരുമനസ്സിലെ യൂറോപ്പുയാത്രയുടെ ആന്തരമായ ഉദ്ദേശ്യം പുത്രാഭ്യുദയസാധനംതന്നെ ആയിരുന്നുവെന്നു് സമർത്ഥിക്കുന്നു:—

കിടക്കാതേ യാഥാസ്ഥിതിയി,ലവി-
ടുന്നാശു വെളിയിൽ-
ക്കടക്കാനും, കപ്പൽപ്പടികയറി
നോക്കാനുമഴകിൽ
ഇടക്കാലത്തമ്മയ്ക്കുതുലധൃതി-
യുണ്ടായതു സുത-
സ്ഫുടപ്രജ്ഞാപുഷ്പപ്രവികസന-
മാർഗ്ഗം തിരയുവാൻ.

യൂറോപ്പുയാത്രയ്ക്കിറങ്ങിയ ആ മാതാവിന്റെ മഹനീയ കൃത്യത്തെ വാഴ്ത്തുന്നു:—

സ്വദേഹക്ലേശത്തെജ്ജനനിവിഗ-
ണിച്ചു, സ്വജനഭീ-
പ്രദേർഷ്യാഭാവത്തിൽ സ്മിതരുചിവ-
രിച്ചു, വഴികളിൽ
വിദേശജ്ഞാനാർത്ഥം വിധുമുഖി ച-
രിച്ചു, നവനയോ-
പദേശം നല്കീടാൻ സുതനു സുത
ന്മശ്രേണിമണിയാം.

## ജനനം

ഈ ഭാഗത്തിൽ മഹാരാജാവു തിരുമനസ്സിലെ തിരുവവതാരത്തെ വർണ്ണിക്കുന്നു:—

തുലാമാസം തുംഗോത്സവസമയ-
മായ്ത്തീന്നിതിഹ; നി-
സ്തൂലാമോദം തുവുന്നിതു തുടുതു-
ടെച്ചിത്തിര തുലോം;
വിലാസം ദീപാളിക്കധികതര-
മായ്; വഞ്ചിവസുധാ-
വലാരി ശ്രീചിത്രാഖ്യപജനന
സൗഭാഗ്യരുചിയാൽ.

തിരുവയറൊഴിഞ്ഞ മഹാറാണിയുടെ അവസ്ഥാവിശേഷത്തെ വർണ്ണിക്കുന്നു:—

കുലസ്ത്രീമാണിക്യം കരവയുടെ-
യോളക്കളി തമ-
സ്സലഞ്ഞോടി രാക്ഷാസവസദൃശ-
മൂർക്കൊണ്ടു ചെവിയിൽ,
മുലപ്പാലാമോദപ്പൊലിമയൊടൊ-
ലിപ്പിച്ചു, സുതപഃ-
ഫലപ്രാപ്തിക്കണ്ടാം സുഖമൊടു ശ-
യിച്ചാരം സുമുഖിയാരം.

ആ പ്രസവംനിമിത്തം പ്രിയമാതാവിനുണ്ടായ മേന്മയെ വർണ്ണിക്കുന്നു:—

അയി! ശ്രീമൻ! ദിവ്യപ്രസവസുഖചി-
ന്താലഹരിയിൽ
ശയിച്ചാളെപ്പോളാപ്രിയജനനി-
യന്നാഴിക മുതൽ,

ജയിക്കുന്നു ജാതാമൃതകരയശ-
　　സ്സോട്ട,മധുനാ
നയിക്കുന്നു നാനാനവനഗര-
　　നാരീമണികളേ.

## സ്വികയും ധാത്രികളും

അടുത്ത മൂന്നു ശ്ലോകത്തിൽ സവികയേ (Midwife) വർണ്ണിച്ചിരിക്കുന്നു.

തദാശ്ചര്യാനന്ദ പ്രസവനവ-
　　സേവജ്ഞ, സവികാ-
പദാർഹത്വം മൂലക്ഷിതിപതി കൊ-
　　ടുത്തപ്രമദയാരം,
മുദാമന്ത്രിശ്രേഷ്ഠധ്വരതിലക-
　　ജായാപദമണി-
ഞ്ഞിദാനീമൈശ്വര്യം തടവിയമ-
　　രുന്നുണ്ടതിന്നുമേൽ.

മഹാരാജാവു തിരുമനസ്സിലെ സവികയാംകാന്നുള്ള സുകൃതം ലഭിച്ച ഭാഗ്യവതി സകല ജനങ്ങാംക്കും വിശ്വാസപാത്രമായും ആരാദ്ധ്യയായും തീരുന്നു.

ചുടുത്തങ്കത്തിങ്കാംക്കലെവിചുഴ-
　　ല്യം ബാലകവപു-
സ്സെടുത്തീടാനാദ്യം സുകൃതമിഹ
　　ചെയ്തസ്സുഭഗയാരം
തൊട്ടുന്നേരം കൃഛ്രപ്രസവമതി-
　　മാത്രം സുഖദമാ-
യിടുന്നുണ്ടെന്നല്ലോ സുമതികാം മ-
　　തിക്കുന്നു മതിയിൽ.

അനന്തരം ധാത്രികളുടെ ശ്രദ്ധാർഹമായ പരിശുദ്ധിയെ പ്രതിപാദിക്കുന്നു:—

ശുഭാംഗസ്പർശത്തിന്നതിസുരഭി
ല സ്നേഹസലില-
പ്രഭാതസ്നാനം പൂണ്ടധികമൃദു
വസ്ത്രങ്ങൾ വടിവിൽ,
സഭാഃയോഗ്യം ചാർത്തിദ്ധവളിമയെ-
ഴും ധാത്രികൾ, തവ
പ്രഭാവത്താലേകീ പ്രഭുമഹിള-
കൾക്കീർഷ്യമതിയിൽ.

## ചാരിതാർത്ഥ്യം

അനന്തരം നാലു പദ്യങ്ങളെക്കൊണ്ടു് ശ്രീമൂലരാജന്റെ ചാരിതാർത്ഥ്യത്തെ (സ്വാഭിലാഷം നിറവേറിയതുകൊണ്ടുള്ള സംതൃപ്തിയെ) വിവരിക്കുന്നു:

ധരാപാലൻ മൂലർക്ഷജനനഘ-
ബാലന്റെ തിരുമെയ്
നിരാതങ്കം തങ്കത്തളികയിലെ
ഴുത്തങ്കമലരിൽ,
വിരാജിക്കും തൃക്കണ്ണമൃതമൊഴു-
കിക്കണ്ടു തരസാ-
സ്വരാജ്യത്തിൽ ദത്തിൽ പ്രഥമ
വിജയത്തിൻ വിഭൂതികൾ.

മഹാരാജാവു തിരുമനസ്സിലെ ജനനംമുതൽതന്നെ ശ്രീവഞ്ചിദേശത്തിനുണ്ടായ അഭ്യുദയം അപരിമിതമാകുന്നു. കവിയുടെ വീക്ഷണം സാർവത്രികമായി ആ ലക്ഷ്യത്തിലേക്കു് പതിയുന്നതു കാണാം. തിരുവനന്തപുരം പട്ടണത്തിൽ ഉത്തമങ്ങളായ പ്രസവവാർഡുകൾ ഏർപ്പെട്ടതപ്പെട്ടിട്ടുള്ളതു് സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഒരു മഹനീയാനുഗ്രഹമായിട്ടുണ്ടല്ലോ? കവി ആ വസ്തുതയെ അനന്തരപദ്യത്തിൽ വിവരിക്കുന്നു.

നൃപാല! ത്വന്മാതൃപ്രസവഗൃഹ-
സംശുദ്ധി സുഷമാ-
വിപാകം കണ്ടേതാട്ടശസദന-
സങ്കല്പനകളിൽ,

സ്വപാഠം കൈക്കൊണ്ടു വിദുഷിയത്തു-
കൊണ്ടിപ്പുരിയില്ല-
ണ്ടപാരശ്രീമുററീശ്ശുചിതയെഴ-
മീററില്ലനിരകൾ.

ചക്രവർത്തിതിരുമനസ്സിലെ ആത്മാർത്ഥമായ ആശംസകളെപ്പററി പ്രസ്താവിക്കുന്നു.

ജനിത്രിക്കും,മൂലക്ഷിതിരമണ-
നമ്മാവനുമകം-
കനിഞ്ഞിന്ത്യാ സമ്രാട്ടരുളിനശു-
ഭാശംസകൾ, ഭവാൻ
ജനിച്ചപ്പോൾ, കല്പദ്രുമമലർ മ-
ഴയ്ക്കൊപ്പമിവിടെ-
ത്തനിച്ചെത്തിച്ചേർന്നു, നൃപതിലക,
വാനിൻവഴിജവാൽ.

മററുള്ള ഗുണകാംക്ഷികളും സ്നേഹിതന്മാരുമായ മഹാന്മാരുടെ ആശംസകളേയും അഭിനന്ദനങ്ങളേയും വിവരിക്കുന്നു.

സഹൃൽ ശ്രദ്ധാപൂർവ്വം ഭരണവിഷ-
യ പ്രേക്ഷണകലാ-
വിഹൃത്യാരംഭത്തിനൊരു ജഡത
യജ്ജന്മതിഥിയിൽ,
സുഹൃൽ സന്ദേശത്തിൽ ബഹുലതക-
ളാൽ സുപ്രഥിതനാം-
പ്രഹൃഷ്ടശ്രീമൂലക്ഷിതിപനുള-
വായാദ്യാ—ഒടുവിൽ.

സന്താനലബ്ധിയിൽ സാധാരണ നടത്താറുള്ള സംഭാവനകളെ വർണ്ണിക്കുന്നു.

ലസൽസ്യാനന്ദൂരപ്രഥിതനഗ
　　രിക്കുള്ളിലമരു-
ന്നസംഖ്യം ബാലക്കായ് സുമമധുരഹ-
　　ലാലംകൃതികളെ
വസന്തംപോലുദ്യദ്ഭാവലളലളി-
　　താച്ഛാംബരവു,മൻപ-
പ്രസന്നശ്രീമൂലക്ഷിതിപമണി
　　കല്പിച്ചരുളിനാൻ.

KOTTAYAM PUBLIC LIBRARY
KOTTAYAM

## ശൈശവം

ഇതുമുതൽ ഇരുപതു പദ്യങ്ങളെക്കൊണ്ട് കഥാനായകന്റെ സകലലോകമോഹനമായ ശൈശവത്തെ അനുക്രമമായി വർണ്ണിക്കുന്നു. ശിശുഭാവംതന്നെ ഏററവും കൗതുകകരമാണ്. ഭാവിയിൽ ലോകോത്തരചരിതനായ മഹാത്മാവായിത്തീരുവാൻപോകുന്ന ഒരു വിശിഷ്ടശക്തിയുടെ ശൈശവമാകട്ടെ സുകുമാരതരമായിരിക്കും. 'മുളയിലെ അറിയാം മുളക്കരുത്തു്'' എന്നുണ്ടല്ലോ.

കടഞ്ഞിട്ടിച്ചിത്രക്കഴികളൊട-
　　ണിപ്പൂമ്പലകമേ-
ലിടപ്പെട്ടപ്പട്ടാംബരശയന
　　സാമഗ്രികളുമായ്,
സ്ഫുടസ്വർണ്ണക്കട്ടിക്കയറുകളെ-
　　ഴും തൊട്ടിലണിമൽ-
പടത്തുമേൽ ചാർത്തുംകൊതുവലയു
　　മായെത്തിയതുനാൾ.

ശ്രീസേതുപാർവ്വതീഭായി മഹാറാണിതിരുമനസ്സിലെ സീമന്തപുത്രനാണല്ലോ കഥാനായകൻ. ആ വന്ദ്യമാതാവു് മുൻപു് ബാല്യത്തിൽ പഠിച്ചിട്ടുണ്ടായിരുന്ന ഹൃദയാകർഷകമായ താരാട്ടു് പ്രയോഗിക്കുവാൻ മഹനീയമായ അവസരം ലഭിച്ചതിൽ ധന്യാത്മാവനു് അമൃതപ്രവാഹമാധുരിയോടുകൂടി സ്ഫുടമായി പലവുരു ആലപിച്ചതിനെ അത്യന്തം തന്മയത്വത്തോടെ വർണ്ണിക്കുന്നു:—

പ്രസിദ്ധശ്രീഗാന പ്രവണകവി
രാജൻെറഹൃദയം
രസിപ്പിക്കും താരാട്ടമിതരസ-
നിഷ്യന്ദരുചിയിൽ,
സ്വപ്രസിദ്ധാലാപാത്മസ്ഫുടതയൊടു
മാതാവു പുനര-
ഭ്യസിച്ചാളിത്തൊട്ടിൽപ്പുതുപടിപി-
ടിച്ചുന്നമളവിൽ.

അമ്മമഹാറാണി ഓമനമകനെ തൊട്ടിലാട്ടി താലോലംപാടി ഉറക്കുന്ന ഒരു ചേതോഹരമായ ചിത്രമാണു് ഇവിടെ കാണുന്നതു്.

ഉറക്കാനായുണ്ണിത്തിരുമകനെ
മാതാവു ചെറുതൊ-
ന്നുറക്കെപ്പാടി, ത്തേൻമധുരമൊഴി,
താലോലമഴകിൽ
നിറച്ചാളാനന്ദം നിജശിശു മ-
നക്കാമ്പിലുമതിൽ-
കുറഞ്ഞീടാതന്തഃപുരപരിസ-
രത്തിങ്കലുമുടൻ.

കവി ആ ജന്മവിഭൂതിയായ കഥാനായകന്റെ ജീവിതത്തിലെ ഓരോ സംഭവവും മഹനീയങ്ങളായ അനുഗ്രഹങ്ങളെ ജനിപ്പിക്കുമെന്നു സമത്ഥിച്ചിരിക്കുന്നു. (തിരുമനസ്സിലെ ജനനംതന്നെ കേരളസാഹിത്യത്തിൽ നവ്യമായ ഒരു ഘട്ടത്തെ കുറിച്ചതായി) കവിദർശിക്കുന്നു. ജീവത്സാഹിത്യം എന്ന അഭിനവപ്രസ്ഥാനത്തിന്റെ ആവിർഭാവം കൈരളിയിൽ ഉണ്ടായതു് അന്നുമുതല്ക്കാണു്. 'ജീവൽസാഹിത്യം' എന്നാൽ എന്തു്?—എന്നുള്ള വിഷയത്തെപ്പററി വിവിധാഭിപ്രായങ്ങൾ ഉണ്ടെങ്കിലും ജീവത്തായ പ്രശ്നത്തെ ആധാരമാക്കിയുള്ള സാഹിത്യമാണു് ജീവത്സാഹിത്യം എന്നുള്ള അഭിപ്രായമത്രെ കവി ആദരിച്ചിട്ടുള്ളതു്. തിരുവിതാംകൂർ രാജവംശത്തിൽ നിസ്സീമങ്ങളായ ഭാവിശ്രേയസ്സുകൾക്കു നിദാനമായ ഒരു ശിശു സംജാതനായി എന്നുള്ളതു് ജീവത്പ്രശ്നങ്ങളിൽ അതിപ്രധാനംതന്നെ. ആ തിരുവവതാരത്തെ പ്രകീർത്തിക്കുന്ന കൃതികൾ ഉത്തമ ജീവത്സാഹിത്യകോടിയിൽ ഉൾപ്പെടുകയും ചെയ്യും. ദ്രാവിഡവൃത്തത്തിൽ, പരിമിതങ്ങളായ വരികളിൽ, അവ്യക്താത്ഥമോ അത്ഥരഹിതമോ ആയി, ലോകജീവിതത്തിന്റെ ഇരുളടഞ്ഞ വശങ്ങളെപ്രതിപാദിക്കുന്നതേ ജീവത്സാഹിത്യമാകയുള്ളു എന്നു വല്ലവരും പറയുന്നുണ്ടെങ്കിൽ അവർ സംസ്കൃതവൃത്തത്തിൽ, പരശ്ശതം പദ്യങ്ങളിലായി അത്യുജ്ജ്വലമായ ഒരു ജീവിതത്തെ പ്രകാശിപ്പിച്ചുകൊണ്ടുള്ള 'ചിത്തിരതിരുനാൾ' എന്ന ഈ ജീവത്സാഹിത്യകൃതി ആദ്യന്തം അവധാനപൂർവം നിരീക്ഷിച്ചു് തത്ത്വം മനസ്സിലാക്കട്ടെ.

സ്ഫുരൽത്താരാട്ടായി, സ്ഫുടതരശ്രു-
    ഭാശംസയെഴുതി-
പ്പുരം ജീവദ്ഭാഷായുവകവിക-
    ളോമൽ പിറവിയിൽ,
ചിരപ്രത്യാസന്നസ്ഥിതിയിലനു-
    വത്തിച്ച കവിതാ-
ന്തര പ്രസ്ഥാനത്തിൻ സരണികൾ
    തെളിച്ചു സഹൃദയർ.

ഈ പദ്യത്തിൽ നാം അതിമനോഹരമായ ശിശുഭാവത്തിന്റെ ഒരു തൂലികാചിത്രം കാണുന്നു.

വലക്ഷാദർശാഢ്യച്ചുമരുകളെ-
    ഴും വന്മണിയറ-
ത്തളത്തിൽ പൂമ്പട്ടാംബരമൃദുല-
    ശയ്യക്കു നടുവിൽ,

ഇളംകൈയാൽതാങ്ങിപ്പദകമല-
മമ്പോടതൃന്നക-
ന്നിളക്കിക്കല്പിച്ചൂനിരവധിശിശു-
ഭാന്തിനിഴലാൽ.

ഈ പദ്യത്തിലും ശിശുഭാവത്തിൻെറ മോഹനതയെ ചിത്രീകരിച്ചിരിക്കുകയാണ്.

സുമസ്മിശ്ഛാങ്കത്തിൽ, സുരുചികര-
മാം സ്തന്യസുധയു-
ണ്ട, മന്ദാർദ്രം തായയ്ക്കുടയവദ-
നാംഭോജമലരിൽ
ഭമൽഭൃംഗാപാംഗസ്ഫുരണരുചി-
പാറിച്ചു,സുമനോ-
രമഞ്ഞങ്കച്ചെങ്കാൽ കളിയൊട്ടുകി-
ടന്നു ചെറുമകൻ. (യുഗ്മകം)

അനന്തരം കഥാനായകൻെറ ജാതകർമ്മങ്ങളും, നാമകരണവും യഥാവിധി നിർവഹിക്കപ്പെട്ടതായിപറഞ്ഞിരിക്കുന്നു.

ജയോപേതം ജാതക്രിയകളെയ-
നുഷ്ഠിച്ചു ജനക-
പ്രിയോത്സംഗത്തിങ്കൽ തെളിവൊടുമി-
രുന്നതിരുമകൻ,
അയോഃദ്ധ്യേശന്മാരിൽ പ്രഥമഗണനീ-
യൻെറയഭിധാ-
പ്രയോഗത്താലാർന്നു സകലശര-
ണം നാമകരണം.

കഥാനായകൻെറ ശൈശവവിലാസങ്ങളെ ഭാവിസംഭവങ്ങൾക്ക് അനുഗുണമായ രീതിയിൽ വൎണ്ണിക്കുന്നു.

അമന്ദോത്സാഹത്തോട്ടുദരപദ-
ബാഹുദ്വയഗള-
ക്രമവ്യാപാരത്താൽ ധരണിപക-
മാരൻ ധരണിയിൽ,
കമഴ്ന്നോമൽ, കൈകാൽതളിരുകള-
മത്തിസദ്വ്വവസുധാ-
സമത്ഥാശ്ലേഷൈക്യം പുളകസഹി-
തം പൂണ്ടിതുതദാ.

ശൈശവവിലാസങ്ങളിൽ നിലത്തു കമഴുക കഴിഞ്ഞാൽ അടുത്തപടി നീന്തുകയാണല്ലോ. ആ പൊന്നോമൽകുമാരകൻ അങ്ങനെ നീന്തൽ പരിശീലിച്ചതിലും ക്രാന്തദർശിയായ കവി ഭവിഷ്യത്തായ ഭൂഭരണപ്രകാരത്തെത്തന്നെ നിരീക്ഷിക്കുന്നു:—

പ്രയാസം കൂടാതേ, പ്രണയമസൃ
ണം, വഞ്ചിസംഗമ-
പ്രയാണം സാധിക്കും പടി ബഹുരസം
ബന്ധുരമുഖൻ
ജയാശംസാപൂൎവ്വം വളരെവഴി
നീന്തിക്കയറി, യുരം-
ഭയാശങ്കാസ്യൂതം പഴുതവിടെ-
യില്ലാതെയിടയിൽ.

രാജകുമാരൻെറ അനുക്രമമായ വളർച്ചയെ വൎണ്ണിക്കുന്നു.

വളൎന്നീടുംതോറും വദനകമ-
ലത്തിങ്കലുളവാ-
യിളംതേനാം മന്ദസ്മിതവ്യ, മമ-
ലേന്ദീവരമദം

കളഞ്ഞീട്ടും കണ്ണിന്നുനയിലവ-
ലോകക്ഷമതയും,
കിളന്നുതേജസ്സം നരവരകി-
ശോരനന്നന്ദിനം.

അമ്മയുടെ മുലപ്പാൽ നുകൎന്നുകൊണ്ടിരിക്കുന്ന ഒരു ശിശുവിൻെറ സമസ്തലോകാകൎഷകവും, ചലനാത്മകവുമായ ഒരു ചിത്രം പ്രദൎശിപ്പിക്കുന്നു.

നുകൎന്നും മാതാവിൻ മധുരമധു-
രസ്തന്യം, മുറവിൻ
പ്രകൎഷത്താലാസ്യക്കുളൎമലർ ക-
വിഞ്ഞീടുമളവിൽ
പദന്നും, പാൽത്തങ്കഗണ്ഡയുഗളി-
യിൽ കൈത്തള്ളിരടി-
പ്രകമ്പം കല്പിച്ചും നൃപശിശു വ-
ളൎന്നു വളരെമേൽ.

ഭവാനീകടാക്ഷംകൊണ്ടു് രാജകുമാരൻെറ അംഗസൗഭാഗ്യം ദൈനംദിനം വളൎന്നുവെന്നു് വൎണ്ണിക്കുന്നു.

ഭവാനിപ്രത്യഗ്രപ്രചുരകരു-
ണാദൃഷ്ടിതരസാ
ഭവാനിൽ പ്രത്യേകം പ്രതിദിവസ-
മെത്തിത്തെളികയാൽ,
നവാരോഗ്യം പേറി,സ്സഗേതര-
സംശുദ്ധി തടവി
ത്തവാംഗാഭശോഭിച്ചു, വിരഹിതക-
ളങ്കേന്ദുസദൃശം.

ശിശുവിൻെറ ദന്താംകുരങ്ങളിൽ പ്രത്യക്ഷമായ ആ പുഞ്ചിരിയെ കവി തന്മയമായി പ്രതിപാദിക്കുന്നു:—

വിളഞ്ഞാരക്താഭാമലതകല-
　　രും മാതളഫലം
പിളർന്നുള്ളിൽ കൊള്ളിച്ചമൃതരുചി-
　　രത്തുള്ളി വടിവായ്,
മുളച്ചല്ലോ മുഗ്ദ്ധസ്മിതരുചികരം
　　മാതാവു മടിയിൽ
ഗളത്പ്രേമാഹപാനാർച്ചനയൊടുമെ-
　　ടുത്തിട്ടമളവിൽ.

രാജകുമാരൻെറ ചോറൂണമഹോത്സവം ആഘോഷിക്കപ്പെട്ടതിനെ വർണ്ണിക്കുന്നു:—

തികഞ്ഞൂഷണ്മാസം തിരുവയറൊ-
　　ഴിഞ്ഞമ്മയുടെ പാൽ-
നുകന്നാൽ പോരെന്നായതുലഗുണ-
　　വാൻ മാതുലനൃപൻ,
സുകമ്മാന്നപ്രാശം സുരുചികര-
　　ഭക്ഷ്യാർത്ഥവിഭവ-
പ്രകർഷശ്രീപൂർവ്വം മഹിതമഹ-
　　മായ്തീർത്തുമഹിയിൽ.

അനന്തരം ആറു പദ്യങ്ങളെക്കൊണ്ടു് രാജകുമാരൻെറ തൃപ്പടിദാനത്തെ വർണ്ണിക്കുന്നു:—

ഭുജാവല്ലിക്കെട്ടിൽത്തഴുകി മകനെ-
　　ബ്ഭൂഷണമണി-
വ്രജാഭിഖ്യാപൂർവ്വം മൃഗമദമുഖ-
　　ച്ചാർത്തോടൊരുനാൾ,

പ്രജാനന്ദം പാറി, ജ്ജനനി മഹി-
    തശ്രീമതി മുറ-
യ്ക്കുജാവാസക്ഷേത്രാങ്കണവഴിയെ-
    ഴുന്നള്ളിനടയിൽ.

ശ്രീപത്മനാഭസ്വാമിദർശനവും പുത്രസമർപ്പണവും ആണ് ഈ ശ്ലോകംകൊണ്ട് കാണിച്ചിരിക്കുന്നതു്.

രമയ്ക്കൊക്കും രാമാനികരമണി-
    യാം ശ്രീമതിപരി-
ശ്രമപ്പെട്ടക്കട്ടപ്പടികയറി, യുദ്ധ-
    ഭക്തിയുറവാൽ
നമസ്കാരംചെയ്തു പ്രഭുകമല-
    നാഭന്നുസുതനെ
സമർപ്പിച്ചാൾ സാക്ഷാൽ സ്വകുലപര-
    ദേവാംഘ്രിമലരിൽ.

ആ തൃപ്പടിദാനമുഹൂർത്തത്തിന്റെ മോഹനതയെ വർണ്ണിക്കുന്നു:—

ഗളിച്ചു ഗംഭീരാമൃതമധുര-
    ശംഖധ്വനി; റിനി-
ഗ്ഗളിച്ചു മേൽ നാഗസ്വരപടഹ-
    ശബ്ദങ്ങളുമുടൻ;
തളിച്ചു തീർത്ഥം മേ,ലകമിടറി
    മേൽശാന്തി; മൃദുവാം
കിളിച്ചുണ്ടിൽ കൊഞ്ചൽചിരി തവ
    കളിച്ചു കളതരം.

മാതാവു് പുത്രനുവേണ്ടി ഭഗവാനോടു നടത്തിയ പ്രാർത്ഥനയുടെ സ്വരൂപത്തെ പ്രതിപാദിക്കുന്നു:—

"അസാമാന്യാസ്വാസ്ഥ്യം ഫലമനുഭ-
വം ചെയ്തുധരരാം
രസാപാലക്കെന്നപ്പഴമൊഴി വി-
ചാരിച്ചടിയരിൽ,
പ്രസാദിച്ചാലും ഭോ! ഭുജഗശയ-
ന! ശ്യാമളകൃപാ-
രസാപാംഗം ചാർത്തിത്തെളിവിനൊടു"
മെന്നമ്മ തൊഴുതാൾ.

രാജോചിതവും ഭക്തലോകോചിതവുമായ ഒരു വഴിപാടു അമ്മമഹാറാണി കല്പിച്ചരുളുന്നു.

കുളുർക്കൊച്ചുണ്ണിപ്പൊൻകരയുഗളി-
യാൽ കങ്കുമനിറം
തുളുമ്പീടും തണ്ടാർ മുകുളമണി-
വണ്ടാർകുഴലിയാൾ,
എളുപ്പത്തിൽ കല്പിച്ചുഴകൊഴുക-
മാനന്ദമിഴിനീർ-
പ്പുളകിൻ മാധുര്യത്തൊടരുളിവഴി-
പാടന്നു വഴിപോൽ.

തൃപ്പടിദാനംകഴിഞ്ഞു് തിരിച്ചെഴുന്നള്ളത്തുസമയത്തു് സന്ദർശകലോകത്തിൻെറ തിക്കം തിരക്കം സ്വഭാവോക്തി ഭംഗ്യാ വിവരിക്കുന്നു:—

അജാഗാരപ്രത്യാഗമനദശ-
യിൽ, താവക മുഖാം-
ബുജാലോകാവാപ്തിക്ക,രിയതിരു-
മുററത്തു മുഴുവൻ,

പ്രജാവൃന്ദം തിക്കിത്തിരയൊട്ടതി-
രക്കി,പ്പടുടെ-
വ്യജാവ്യാജോൽകണ്ഠാകുലത വല്ല-
തായ് ചേത്തുവടിയിൽ

## ബാലലീല

അനന്തരം പന്ത്രണ്ടു പദ്യങ്ങളെക്കൊണ്ട് ശൈശവം അതിക്രമിച്ച കഥാനായകൻെറ ബാലലീലയെ വർണ്ണിക്കുന്നു. ലീലാരൂപേണ കായികവും മാനസികവും ആദ്ധ്യാത്മികവും ആയ ധമ്മങ്ങളുടെ പരിശീലനമാണ് ജീവിതത്തിലെ ആദിമഘട്ടമായ ഈ ബാല്യത്തിൽ സാധിതമായതെന്ന് അതിചതുരമായി കവി പ്രതിപാദിച്ചിരിക്കുന്നതു് ശ്രദ്ധേയമാണ്.

വിദ്യാഭ്യാസവിഷയകമായി കവിക്കുള്ള ആനുഭവികജ്ഞാനത്തിൻെറ ദീപ്തി 'ബാലലീല' എന്ന ഈ ഭാഗത്തിലും 'വിദ്യാഭ്യാസം' എന്ന അനന്തര ഭാഗത്തിലും പ്രസ്ഫുടമായിത്തീരുന്നു. ആധുനികരായ വിദ്യാഭ്യാസതത്വ വിശാരദന്മാർ വിവിധരൂപേണ പ്രസ്താവിച്ചിട്ടുള്ള ജ്ഞാനസമ്പാദനരീതി കഥാനായകൻെറ കാൎയ്യത്തിൽ മാതൃകാപരമായി പ്രദർശിപ്പിച്ചിരിക്കുന്നതിൽ ദീർഘകാലം അദ്ധ്യാപനവും അദ്ധ്യാപനപരിശോധനവും നടത്തി നൂതനങ്ങളായ പല സിദ്ധാന്തങ്ങളും രൂപവത്കരിച്ചിട്ടുള്ള ഗ്രന്ഥകാരൻെറ സമുജ്ജ്വലപാടവം വളരെ പ്രയോജകീഭവിച്ചിട്ടുണ്ടെന്ന് കാണാവുന്നതാകുന്നു.

വിഹാരത്തിൽക്കൂടുണ്ടാരഭിരുചിയെ,
വിദ്യാഭ്യസനമാം
മഹാവ്യാപാരത്തിന്നുപകരണ-
മായിത്തെളിയുവാൻ,
സഹായിക്കുംവണ്ണം, ജനനി യുപ-
യോഗിച്ചിതു;മകൻ
മഹാത്മാവാകുന്നു മധുരതര
മാതൃപ്രകൃതിയിൽ.

കഴിഞ്ഞ പദ്യത്തിൽ ക്രീഡയ്ക്കുള്ള പ്രാധാന്യം സൂചിപ്പിച്ചതിനെ തുടൎന്ന് വിവരിക്കുന്നു.

"കുമാരന്മാൎക്കാത്മപ്രകടനപ-
രക്രീഡകളിലാ-
ണമായം സൗകൎയ്യം സദയമരു-
ളീടേണ്ടതിഹനാം."
പ്രമാണം പ്രാക്ശിക്ഷാപ്രഥമമിതു
കാണാതെ വലുതാം-
പ്രമാദം പററുന്നുണ്ടനവധി പി-
താക്കൾക്കമുവകിൽ.

കഥാനായകനെ ഏതുമാതിരി കളികളാണ് മാതാവ് പരിശീലിപ്പിച്ചതെന്നും അതുകൊണ്ട് ഉണ്ടായിത്തീൎന്ന വിശിഷ്ടഫലം എന്തായിരുന്നുവെന്നും വിവരിക്കുന്നു:—

വിളിക്കാനാളയാടക്കുഴൽ; വിവിധ
വൎണ്ണങ്ങൾ വിലസും
കളിപ്പന്താടാനായ്; നറുമലരെ
ടുത്തെണ്ണിയെറിവാൻ;
കിളിച്ചുണ്ടൻവള്ളം കൃതകനദി-
യിൽ തള്ളിവിടുവാൻ;
കളിപ്പിച്ചാളേവം മകനെയതു
നാരം കാന്തിമതിയാൾ.

കളികൾമുഖേന ശബ്ദജനനേന്ദ്രിയങ്ങളുടേയും കരചരണാദ്യവയവങ്ങളുടേയും പ്രവൎത്തനസാമൎത്ഥ്യവും സാധിക്കാമെന്നുള്ള തത്വത്തെ നിദൎശിപ്പിക്കുന്നു:—

ചെവിക്കിമ്പംചേൎക്കും ചെറിയമൊഴി
ചൊല്ലിച്ചു; ചൊടിയിൽ
ചവിട്ടിച്ചു ചാടിൻപുറവഴി പി-
ഴയ്ക്കാതെ പിടിയിൽ;

അവിശ്രാന്തം മാതാവവിരസക-
മാരന്നവയവ
വ്യവസ്ഥാവിന്യാസം കഴിവതു ക-
ഴിച്ചു കളികളിൽ.

മഹാരാജാവിന്റെ മനസ്സ് തന്റെ ആരാമത്തിലുള്ള പക്ഷികളുടെ ഗാനങ്ങളാൽ ആകർഷിക്കപ്പെടുന്നു.

സ്വകീയാരാമത്തിൽ സ്വരമധുര
ഗാനങ്ങൾ, വിലസ-
ദ്വികീർണ്ണശ്രീപർണ്ണാവലികളണി-
യും വൃക്ഷലതകളിൽ,
പ്രകീർത്തിക്കും പ്രക്ഷേപണനിപുണ-
ശങ്കാജനകമാം
സുകീരവ്രാതത്താലപഹൃതമ-
നസ്സായ്മണിമകൻ

കുമാരന്റെ സങ്കല്പവിലാസം തികച്ചും രാജോചിതമായിരുന്നുവെന്ന് വർണ്ണിക്കുന്നു:—

സ്വരാജാർഹക്രീഡാപരിധിയിൽ മ-
രപ്പാവകൾ, മഹാ-
ധരാകാന്തന്മാരും, പ്രഭുതിലക-
രും, മന്ത്രിവരരും,
വിരാജിക്കും, വിദ്വജ്ജനസഭയി-
ലംഗങ്ങളു, മുപ-
സ്ഥിരാദ്ധ്യക്ഷന്മാരും ഭടജനവൃ-
മായ്, ഭാവനകളാൽ.

ജന്മസിദ്ധമായ കലാഭിരുചി പ്രകൃതിയുടെ രാമണീയകം വിവരിക്കുന്നതുകൊണ്ട് വർദ്ധമാനമാകുമെന്നുള്ള തത്വത്തെ ആശ്രയിച്ച് ഈ പദ്യത്തിൽ വിവരിക്കുന്നു.

സരിത്തൊക്കും സന്ധ്യാഗതിയിലതി-
 ച്ചേതോഹരതവി-
സ്ഫുരിക്കുംപോൽ ചെങ്കാർകൊടിപടല-
 ച്ഛങ്ങാടനിരകൾ
ചരിക്കും ചന്തത്തിൽ ചടുലമിഴി
 ചായിച്ചു ചമയ-
ച്ചിരിപ്പൂത്തൻമുത്തിൻരുചി, വിമല
 ബാലൻ വിതറിനാൻ.

കഥാനായകന് ബാല്യത്തിൽതന്നെ ശാരീരികവും മാനസികവും, ആദ്ധ്യാത്മികവും ആയ അഭ്യാസവിശേഷങ്ങൾക്ക് അവസരം ലഭിച്ചുവെന്ന് വർണ്ണിക്കുന്നു. യഥാർത്ഥവിദ്യാഭ്യാസം ഈ മൂന്നു മാർഗ്ഗങ്ങളിൽകൂടിയാണല്ലോ ഉണ്ടാകേണ്ടതു്:—

പരീക്ഷിച്ചു കോണിപ്പടിചിലതു
 ചാടിക്കയറുവാൻ;
നിരീക്ഷിച്ചു നിത്യം ചുമരുകളി-
 ലേ ചിത്രകലകൾ;
പരീതന്മാരോടായ് പരമദയ
 കാണിച്ചു പതിവായ്;
ശരീരപ്രജ്ഞാത്മാഭ്യസനമൊരു-
 മിച്ചേവമുളവായ്.

മാതാവിൻെറ സന്നിഷ്കർഷമായ പരിചരണത്താൽ കഥാനായകന് രാജ്യൈശ്വര്യത്തിൻെറ ഉറവകളായ ഗ്രാമപ്രദേശങ്ങൾ തൃക്കൺപാർക്കുവാൻ സാധിച്ചുവെന്ന് പ്രതിപാദിക്കുന്നു.

പ്രധാനപ്പെട്ടോരോ പ്രകൃതിസഹ-
 ജാരാമസുഷമാ-
വിധാനത്തിൽതൃക്കൺകമലരുചി-
 വീശിത്തെളിയുവാൻ,

സുധാംശുശ്ശ്ലോകശ്രീസുതനൊടൊരു-
മിച്ചമ്മ, സുഖദ
സ്വധാത്രീഗ്രാമീണസ്ഥലികളി,ലെ-
ഴുന്നള്ളി ചിലനാൾ.

കുട്ടികൾ കഥാശ്രവണത്തിൽ കുതുകികളാണല്ലോ. ആ നിലയിൽവേണം അവരുടെ ധൎമ്മബുദ്ധിയെ രൂപവത്കരിക്കുവാനെന്നു് വിശദമാകുമാറു് വൎണ്ണിക്കുന്നു:—

ശരിക്കോരോ പൗരാണികകഥകൾ
കേൾപ്പിച്ചു;ശതശ:
ധരിപ്പിച്ചു ധൎമ്മാശയസുലഭ-
ധാത്രീകഥകളെ;
സ്മരിപ്പിച്ചു പൂൎവ്വശ്രുതമധുര-
ഗാനങ്ങൾ; മകനിൽ
ത്വരിപ്പിച്ചാളേവം ജനനി ധിഷ
ണാശക്തികൾ തുലോം.

ശിശുക്കളുടെ സ്വഭാവരൂപവത്കരണത്തിൽ കഥാകഥനത്തിനു് പ്രമുഖമായ സ്ഥാനമാണു് കല്പിക്കപ്പെട്ടിട്ടുള്ളതു്. നാനാരസയുക്തമായ ലോകചരിത്രം വൎണ്ണിക്കുന്ന പുരാണാദികളിൽ കുഞ്ഞുങ്ങളുടെ ശ്രദ്ധ വാസനാനുരൂപങ്ങളായ ഭാഗങ്ങളിൽ പ്രത്യേകം പതിയുവാൻ ഇടവരുന്നു. കഥാനായകന്റെ ഔത്സുക്യാതിരേകത്തിനു വിഷയീഭവിച്ച ചില പുരാണകഥാഭാഗങ്ങളെ പ്രസ്താവിക്കുന്നതോടുകൂടി അവയിൽ അന്തർഭവിച്ചിരിക്കുന്ന തത്വം അനന്തരകാലത്തിൽ പ്രവൃത്തിപഥത്തിൽ ആനയിച്ചു് ലോകത്തെ അനുഗ്രഹിക്കുന്നതിനു് പ്രബലമായ പ്രേരണ നൽകിയേക്കുമെന്നു് ധ്വനിപ്പിച്ചുകൊണ്ടു് വൎണ്ണിക്കുന്നു:—

മഹാവേദവ്യാസോദ്ഭവ, മമല-
ഗങ്ഗാതടനിയിൽ
ഗുഹായോദ്ധ്യാകാന്തപ്ലവതരണ,-
മമ്പോടു വിദുരൻ

ഗൃഹാതിഥ്യം കൃഷ്ണന്നരുളിയക-
　　ഥാഭാഗ,മിവയീ
മഹാരാജാപത്യസ്മരണയിലു-
　　റച്ചു ദൃഢതരം.

## വിദ്യാഭ്യാസം

ഈ ഭാഗത്തിൽ കഥാനായകന്റെ വിദ്യാഭ്യാസനരീതിയെ സ്ഫുടമായി പ്രതിപാദിക്കുന്നു. വിജയദശമിനാളിൽ വിദ്യാരംഭം കഴിഞ്ഞു് മറയ്ക്കു്, മാതൃഭാഷയായ മലയാളവും, ലോകത്തിലെ മുഖ്യഭാഷയായിത്തീർന്നിട്ടുള്ള ഇംഗ്ലീഷും, ഭാരതീയരുടെ പ്രാചീനസംസ്കാരത്തെ ഇന്നും മാഞ്ഞുപോകാതെ ആവഹിക്കുന്ന സംസ്കൃതവും മുറയനുസരിച്ചു് അഭ്യസനം നടത്തി നിഖിലവിജ്ഞാനങ്ങളിലും പ്രഗല്ഭമായ പ്രവേശം സിദ്ധിച്ചു് വിളങ്ങുമാറായിത്തീർന്നു. ചിരകാലം ഒരദ്ധ്യാപകൻ എന്ന നിലയ്ക്കു് വിദ്യാഭ്യാസപരമായി നിരീക്ഷണപരീക്ഷണങ്ങളാൽ ആനുഭവികമായ പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള കവിയുടെ വിദ്യാഭ്യസനപരമായ മനോഭാവത്തിന്റെ മഹനീയത ഈ ഭാഗത്തിൽ സവിശേഷം പ്രത്യക്ഷമാകുന്നു.

സ്വവിദ്യാരംഭത്തിൽ സ്വരലിപികളെ
　　സ്വർണ്ണമയമാം
പവിത്രാംഗുല്യാഢ്യാഭരണമണി-
　　യാലഗ്ഗുരുവരൻ,
സവിസ്രംഭം നീട്ടും പവിഴരസ-
　　നാഗ്രത്തിലെഴുതി-
സ്സവിത്രിക്കാനന്ദസ്ഫുരണമുള-
　　വാക്കീമിഴികളിൽ.

കന്നിമാസത്തിൽ വിജയദശമിനാളിലാണല്ലോ വിദ്യാരംഭം നടത്തുന്നതു്. കേരളീയാചാരപ്രകാരം നൃപ കിശോരന്റെ കലാരംഭം നിവൃത്തമായതിനെ സ്വഭാവോക്തി മധുരമായിപ്രതിപാദിക്കുന്നു.

കലാരംഭത്തിങ്കൽ കളതളിരൊളി
　　ത്തർജ്ജനിയെ,യ
ക്കലാചാര്യൻ വെള്ളിത്തളികയിലെ-
　　ഴും വെള്ളയരിയിൽ,

നിലാവൊക്കം പൂഴിത്തരികളിലു-
മോടിച്ചു, വിജയാ-
വിലാസശ്രീതാവും വിജയദശ-
മീശ്രേഷ്ഠതിഥിയിൽ.

ആചാര്യന്റെ ഉപദേശംശ്രവിച്ച് സ്വരപ്രഭൃതികളായ വർണ്ണങ്ങളെ ഉച്ചരിക്കുന്നതിൽ കഥാനായകൻ ഏററവും ജാഗരൂകനായിത്തീർന്നുവെന്ന് വിവരിക്കുന്നു. എഴുത്തിനിരുത്തുമ്പോൾ അക്ഷരമാല ചൊല്ലിക്കുക എന്നതു ഒടുവിലേ ചടങ്ങാണ്. അതിവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ജപാപുഷ്പച്ഛായാരുണരസനയാൽ-
ബാലസഹജ-
ക്രുപാപൂർവ്വം, പക്ഷേ, സ്ഫുടതരപ-
രിശ്രാവ്യനിലയിൽ,
ഉപാദ്ധ്യായാഖ്യാതസ്വരമുഖസുവ-
ർണ്ണങ്ങളെ മുറ-
യ്ക്കപാസ്യസ്വാരസ്യംതടവിയനു-
വർത്തിച്ചിതുഭവാൻ.

സ്വപുത്രന്റെ വിദ്യാഗ്രഹണത്തിലുള്ള സാമർത്ഥ്യാതിരേകം മാതാവിന് സുശോഭനമായ ഭാവിയെ ദീർഘദർശനം ചെയ്യുന്നതിന് പ്രേരകമായി ഭവിച്ചു എന്ന് പ്രതിപാദിക്കുന്നു.

വിനാതങ്കം വിദ്യാപഠനമണി
സ്സോപാനമധുനാ-
തനാഭ്യാസന്യായക്രമമനുസ-
രിച്ചാത്മതനയൻ,
അനായാസം ചാടിക്കയറുവതു
കണ്ടമ്മധിഷണാ-
ധനാധീശസ്ഥാനം തവ സുലഭ-
മെന്നായ്പുരുതിനാൾ.

കഥാനായകന് മാതൃഭാഷയായ മലയാളത്തിൽ സിദ്ധിച്ച സാമർത്ഥ്യത്തെ വർണ്ണിക്കുന്നു.

സ്വഭാഷാസാമർത്ഥ്യം സ്വകുലഗുരു-
നാഥന്റെ വിലസത്-
പ്രഭാവത്താലെന്നല്ലനിതരകി-
ശോരക്ഷമതയാൽ,
പ്രഭാതത്തിൽ ഭാവിപ്രവികസന-
ലക്ഷ്മീപിശുനമാം
ശുഭാംബ്ജശ്രീപോലേ, തിരുവടിയി-
ലുണ്ടായ് തികയുവാൻ.

ഭാഷകളിൽ മാതൃഭാഷയ്ക്കുള്ള മഹിമ തികച്ചും വേറേതന്നെയാണു. കേരളഭാഷയുടെ സാരള്യമോ അന്യാദൃശവും ആകുന്നു. ഈ നിലയ്ക്കു മാതൃഭാഷയായ കൈരളി കഥാനായകന്റെ പ്രഥമാഭ്യസനത്തിന്നു വിഷയീഭവച്ചതു് രുചിരതരമായ് ഭവിച്ചുവെന്നു് വിശദമാക്കുന്നു.

ചുരന്നമ്മിഞ്ഞപ്പാൽ ചൊടിയൊടു കു-
ടിക്കുന്ന ശിശുവിൻ
തരത്തിൽ, കൈയ്മാറാൻ സരളതര-
മാം കൈരളിഭവാൻ,
സ്ഥിരശ്രദ്ധാപൂർവ്വം പടിപടി പ-
ഠിച്ചു, പുതിയതാ-
യുരയ്ക്കുന്നോരുദ്യന്മഹിതമണി-
പോലേ വിലസവേ.

ക്രമാനുഗതമായ വിദ്യാഭ്യാസംകൊണ്ടു് കഥാനായകന്നു് ബുദ്ധിപ്രകർഷം ഉണ്ടായതിനെ വിവരിക്കുന്നു:—

കൊഴുത്തുത്സാഹത്തോടനുദിവസ-
മദ്ധ്യാപനവഴി-
യ്ക്കെഴുത്തും, സംഖ്യാസങ്കലനവി-
പരീതക്രിയകളിൽ

മുഴുത്തുണ്ടായീടും പരിചയവു-
മൊന്നിച്ചിടുകയാൽ
പുഴുക്കുത്തില്ലാതേ, മതിലത,ഉ-
ലോം പൂത്തുതരസാ.

പ്രിയമാതുലൻ രാജകുമാരനെ ആങ്ഗലഭാഷ പഠിപ്പിക്കുന്നതിനായി പ്രഗല്ഭനായ ഒരു ആചാൎയ്യനെ നിയമിച്ചതിനെ നിർദ്ദേശിക്കുന്നു:—

വിശിഷ്ടവ്യാപാരാംഗലസുഭഗ
ഭാഷാവിനിമയം
വിശിഷ്യശ്രീമൂലാവനിപനവ-
കാശിക്കുവരുവാൻ,
സുശിക്ഷാനൈപുണ്യം തടവിയൊരു
വാദ്ധ്യാൎക്കുവലുതാം
വിശിഷ്യൈശ്വര്യാപ്തിപ്രഭവമഥ
കല്പിച്ചരുളിനാൻ.

കാലോചിതമായ രീതിയിൽ വിഭിന്നവിഷയങ്ങൾ ഭാവിപ്രവൎത്തനങ്ങളുടെ വിജയത്തിന്നായി കഥാനായകൻ അഭ്യസിച്ചതിനെ നിർദ്ദേശിക്കുന്നു.

ചരിത്രജ്യാശാസ്ത്രപ്രഭൃതിവിഷ-
യൌഘം, ചടുലമായ്
ചരിച്ചീടും സാമ്പത്തികചലന-
ചക്രാക്ഷഗതികൾ,
അരിപ്രക്ഷോഭാന്തഃസ്ഥിതിബഹുര-
ഹസ്യങ്ങളു,മതി-
സ്ഫുരിച്ചല്ലോ ചിത്രാവനിപതവ
ചിത്തോന്നതികളിൽ.

വിദ്യാഭ്യസനംകൊണ്ടു് കഥാനായകനു സിദ്ധിച്ചവിജ്ഞാനം, ബ്രിട്ടീഷ് ഗവൎമ്മെന്റുമായി പ്രശസ്തമായ സഖ്യത്തിനു് വിധേയമെങ്കിലും ആഭ്യന്തരഭരണത്തിൽ തികച്ചും സ്വാതന്ത്ര്യം പുലൎത്തുന്ന ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിന്റെ ഭാവിനിയന്താവു് എന്ന നിലയ്ക്കു അത്യന്തം അനുരൂപമായിരുന്നുവെന്നു് വിശദമാക്കുന്നു:—

സ്വാതന്ത്ര്യസ്വാഃക്ഷത്രസ്ഥിതിഗതിക-
ളെന്നല്ല, പരമ-
സ്വാതന്ത്ര്യേന്ത്യാസാമ്രാട്ട്സഹകരണ
രേഖാപരിധികൾ,
വിതക്കും വിജ്ഞാനത്തനിവിളവു,
മീയഭ്യസനമാം
വിതയ്ക്കുണ്ടായ്‌വന്നൂ തവവിപുല
വിദ്യാകൃഷികളിൽ.

രാജ്യത്തിന്റെ അനന്തരാവകാശിയായ ആ നൃപകുമാരൻ ഭാരതീയസംസ്കാരത്തിന്റെ ഏകനിധാനമായ സംസ്കൃതഭാഷഅഭ്യസിക്കുന്നതിനു് സമാരംഭിച്ചതിനെ പ്രതിപാദിക്കുന്നു:—

മുടങ്ങാതേനിത്യാ യുവനൃപതി
ഗൈൎവ്വാണപഠനം
തുടങ്ങാനായന്യാദൃശ സുദൃഢ-
പാണ്ഡിത്യനിലയിൽ,
കടന്നന്നേ നിന്നീടിന സഹൃദ-
യാഗ്ര്യന്റെ കരസ
മ്പുടത്തെപ്പൂണ്ടല്ലോ ഗുരുനിയമ-
ലേഖ്യം ഗുരുതരം.

ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് വഞ്ചിഭൂമിയുടെ അനന്തരനേതാവായ രാജകുമാരന്റെ വിദ്യാഭ്യാസത്തെ പരിപൂൎണ്ണമാക്കുന്നതിനു് അത്യന്തം ജാഗരൂകത പ്രദൎശിപ്പിച്ചുവെന്നു് വിവരിക്കുന്നു:—

ചുരുക്കിച്ചൊല്ലീടാം പരമപാഠ-
നവ്യാപ്തിതവ, കൈ-
വരുത്താമെന്തെല്ലാം മഹിമകൾ
മഹാഭാഗനൃപനിൽ,

ഒരുക്കം ശ്രീമൂലർക്ഷജനതിനു-
ചെയ്തു; ചെറുവടം
തരുശ്രേഷ്ഠസ്ഥാനം വടിവൊടുവഹി-
ക്കേണമൊട്ടുവിൽ.

കഥാനായകൻ സംഗീതവും, സാഹിത്യവും സമ്പൂൎണ്ണമായി സ്വായത്തമാക്കിയെന്നു് ഭങ്ഗ്യന്തരേണ നിർദ്ദേശിക്കുന്നു.

വഴിക്കസ്സംഗീതാമൃതവു,മിഹ
സാഹിത്യസുധയും
വഴിഞ്ഞീടും വാഗീശ്വരിയുടയ
വക്ഷോജയുഗളം,
ഒഴിഞ്ഞീടുമാറുൾത്തൃഷപെരുകി,
വിദ്യാൎത്ഥിപിടിയിൽ
പിഴിഞ്ഞൂറിസ്സൎവ്വസ്വവുമഥ
നുകർന്നു സമരസം.

## ശ്രീമൂലരാജവിയോഗം

കൊല്ലവർഷം 1099 കൎക്കടകത്തിൽ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് നാടുനീങ്ങിയതിനാൽ കഥാനായകന്റെ ജീവിതം ഒരു പരിവൎത്തനാശയിലേക്കു് കടന്നു. വഞ്ചിരാജ്യത്തിന്റെ അധുനാതനമായ നിഖിലൈശ്വര്യത്തിനും മൂലഭൂതനായ ആ മാതുലന്റെ വിയോഗമാണു് ഈ ഭാഗത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നതു്. ലോകത്തിനു് സമ്പത്കരങ്ങളോ വിപത്കരങ്ങളോ ആയ സംഭവങ്ങളിൽ ദൃശ്യപ്രകൃതിയും അനുഗുണഭാവം കൈക്കൊള്ളുന്നുവെന്നുള്ള മതം അത്തവണത്തെ ആഷാഢമാസത്തിന്റെ രൂക്ഷതാതിശയത്താൽ സവിശേഷം പ്രത്യക്ഷമാകുന്നു.

നയോപായം പൂണ്ടീടിനനവമ-
ഹാവഞ്ചിവിജയോ-
ദയോച്ചശ്രീമൂലം തിരുവടിമ-
ഹീപാലതിലകൻ,

വ്യയാവൃദ്ധക്കണ്ണായ് വരുമൊരു-
 വപുസ്സാദമൊട്ടുമാ-
വിയോഗത്തിൻ വിശ്രംഭമെന്നമിഹ
 കാണിച്ചു വിരവിൽ.

ഭാവി സംഭവങ്ങളെ മുൻപേകൂട്ടി നിദർശിപ്പിക്കുന്നതു് പ്രകൃതിയുടെ പരമതത്വമത്രേ. എന്നാൽ അല്പജ്ഞനായ മനുഷ്യർ പ്രകൃതിയുടെ ഗതിവിഗതികളെ നിരീക്ഷിക്കുന്നതിനു് അപ്രഗല്ഭനാകുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് വഞ്ചിനിവാസികളെ ആസകലം ദുഃഖസാഗരത്തിൽ ആമഗ്നരാക്കി നാടുനീങ്ങിയ ആ കാലത്തിൽ പ്രകൃതിയുടെ രൂക്ഷത അത്യന്തം ഭയാനകമായിരുന്നുവെന്നു് എല്ലാവർക്കും അറിയാവുന്ന തംണല്ലോ.

വിരൂപാകാരഃത്തൊടതിവികൃത
 പാദാഗ്രഗതിയിൽ,
പ്രരൂഢാപല്ലോഭപ്രവണത തു-
 ലോഃമന്തിയിരുളിൽ,
നിരൂപിക്കാനാകാത്തവിഹിത നി-
 മിത്താനുചരമാം
പ്രരൂക്ഷാഷാഢം തൻപ്രകൃതിവടിവിൽ
 കാട്ടിവരവിൽ.

ഘോരമായ ആ കാലത്തിൽ നാട്ടിനാകമാനംതംന്ന വലുതായ മാററം സംഭവിച്ചുവെന്നു് നിർദ്ദേശിക്കുന്നു:—

പ്രഗല്ഭപ്രേക്ഷോള പ്രകടനമൊ-
 രേടത്തു; ചപലാ-
പ്രഗർഭപ്രദ്യോതപ്രവിചലിത
 മേഘങ്ങൾമുകളിൽ;
സുഗംഭീരം പമ്പാപ്രളയവുമു-
 യർന്നു പുഴകളിൽ;
ജഗത്തെന്നും യഥാസ്ഥിതികതയിൽ
 വാഴ്കെന്നുവരുമോ?

ശ്രീമൂലംതിരുനാളിന്നു് ആലസ്യം വർദ്ധിച്ചപ്പോൾ ഉണ്ടായ അന്തരീക്ഷത്തെത്തന്നെ ഈ ശ്ലോകംകൊണ്ടും വർണ്ണിക്കുന്നു.

അഹോരാത്രംപെയ്തുപനിപെരുമൊ-
രപ്പുമഴതുട-
ന്നഹോ! രാജശ്രേഷ്ഠന്നലഘുതര-
മാലസ്യമൊടുവിൽ,
മഹോത്കണ്ഠാഭാരം മരുമകനു,
മത്യുത്കടഭയാ-
വഹോദ്വേഗം വേഗാ പ്രജകളിലു-
മേകിപ്പെരുകിമേൽ.

ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ദേഹവിയോഗം അത്യാസന്നമായിത്തീൎന്ന ആ ഘട്ടത്തിൽ രാജ്യരക്ഷാധുരീണനായ മന്ത്രി ആജ്ഞാനുസന്ധാനത്തിന്നു് സന്നദ്ധനായി സ്ഥിതിചെയ്തതിനെ വർണ്ണിക്കുന്നു.

സമാരാധ്യൻ സാക്ഷാൽസചിവമണി,
രാജർഷിഭരണം
സമാപിക്കാറായെന്നിളകിയമ-
നസ്സൊക്കൊരയിൽ,
ക്ഷമാപേതംനിന്നു ശബളമൃദു-
ശയ്യയ്ക്കരികിലായ്-
ക്രമാതീതോത്കണ്ഠാകുലമിമകൾ-
കൂട്ടാതെയിരവിൽ.

കവിക്കു് ഒരു സംഭവത്തെ താദാത്മ്യേന വർണ്ണിക്കുന്നതിനുള്ള സാമൎത്ഥ്യം ഈ ഭാഗത്തിൽ സുസ്പഷ്ടമായിരിക്കുന്നു.

മറക്കുന്നു മാനത്തിടിമഴ പൊ-
ടിക്കുന്നതിരവിൽ-
പുറപ്പെട്ടെത്തുന്നു പ്രജകളിഹ-
കൊട്ടാരവഴിയിൽ;

വിറയ്ക്കുന്നു ശേഷാളിധ്വാഗര-
        മാപാദമകുടം;
പുറത്തങ്ങോടിങ്ങോടനുനിമിഷ-
        മോടുന്നിത്തുളടർ.

സുകൃതനിധിയായ ശ്രീമൂലകമഹാരാജന്റെ നിര്യാണത്തെ ആദ്ധ്യാത്മികചിന്തയ്ക്കു് ഉദ്ദീപകമായ രീതിയിൽ പ്രതിപാദിക്കുന്നു:—

ആസ്കൂള്ളിൽ ശശ്വത്സുഖ;മനപാ-
        മാദ്ധ്യാത്മികശമം!
കുറച്ചാണോമൂലക്ഷിതിപതിയ-
        നുഷ്ഠിച്ച സുകൃതം!
മുറയ്ക്കേവം പുണ്യപ്രകൃതികൾ ഗ-
        മിക്കുന്നിതുമുദാ
മറയ്ക്കുള്ളിൽത്തിങ്ങും മധുരമക-
        രന്ദം നുകരുവാൻ.

നാടുനീങ്ങിയ പ്രിയമാതുലന്റെ ശേഷക്രിയ നടത്തുന്നതിനായി കഥാനായകൻ എഴുന്നള്ളിയ ആ ഘട്ടത്തിൽ പ്രത്യക്ഷമായ പ്രശാന്തതയെ വർണ്ണിക്കുന്നു:—

ശ്മശാനത്തിൽ ശേഷക്രിയമുഴുവ-
        നമ്മാവനരുളാൻ
പ്രശാന്താഭം താപപ്രസരമൊടു-
        ചിന്താപരിധിയിൽ,
കൃശാകാരശ്രീയോടനുപദമെ-
        ഴുന്നള്ളിയഭവാൻ
നിശാന്തത്തിൽ ബാലാമൃതകിരണ-
        നായി സ്വപുരിയിൽ.

## റീജൻസി

അനന്തരം പതിമൂന്നു പദ്യങ്ങളെക്കൊണ്ടു് റീജൻസിഭരണകാലത്തിൽ കഥാനായകൻആർജ്ജിച്ച ഭരണകലാപാടവത്തെ വർണ്ണിക്കുന്നു. പ്രജ്ഞാശാലികൾ ഒരു നിമിഷംപോലും വിശ്രമിക്കുവാൻ ഒരുങ്ങാതെ മഹനീയമായ ലക്ഷ്യത്തെ പുരസ്കരിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ഉജ്ജ്വലമായ ജീവിതത്തിൽ ഈ തത്ത്വം എവിടെയും സ്ഫുടമായിക്കാണാവുന്നതാണു്. അവിടുത്തെ കിരീടധാരണത്തിനു് കാലവിളംബം നേരിട്ടതു് പ്രായപൂർത്തി വരാത്തതുകൊണ്ടാണല്ലോ. ശ്രീ സേതുലക്ഷ്മീഭായി മഹാറാണിതിരുമനസ്സുകൊണ്ടു് റീജൻറായി രാജ്യഭരണം നടത്തിയ ആ ആറേഴുകൊല്ലങ്ങൾ കഥാനായകനു് പ്രായപൂർത്തി എന്നപോലെ വിജ്ഞാനപൂർത്തിയും സിദ്ധിക്കുമാറു് വിനിയോഗിക്കപ്പെട്ടു എന്നുള്ളതു് എത്ര ശ്ലാഘിച്ചാലും മതിയാകുന്നതല്ല.

സ്വരോഗാധിക്യത്താൽ നരപരിവൃ
ഢൻ സ്വർഗ്ഗവഴിയിൽ
തിരോധാനംചെയ്യേ,ബ്ഭരണനിയ-
മഗ്രന്ഥവിധിയാൽ,
ചിരോട്ടീപ്പാചാരം വഴിവിലസി,
ചിത്രാഹ്വദയമോ-
ടൊരാമൽപൂമാതിൻപുരുമഹിത-
പുണ്യോൽകരജയം.

യഥാർത്ഥത്തിലുള്ള രാജ്യാവകാശി കഥാനായകൻ തന്നെയാണല്ലോ. അതുകൊണ്ടു് റീജൻസിഭരണത്തിൽ മഹാരാജാവിന്റെ അഭ്യസനപരിപാടി പൂർത്തിയായതു് എങ്ങനെ എന്നു വർണ്ണിക്കുകയേ ചെയ്തിട്ടുള്ളു. റീജൻസിഭരണത്തിന്റെ സ്വഭാവത്തെ സംക്ഷിപ്തമായി യഥായോഗ്യം പൂർവ്വാർദ്ധംകൊണ്ടു് പ്രകടമാക്കിയിരിക്കുന്നു.

രമാദേവിക്കൊപ്പം സുഭഗതയെ-
ഴും ശ്രീമതിപുനഃ
സമാധാനംനല്കിപ്പുകരമില-
വാഴും സമകളിൽ,

ക്ഷമാപൂർവ്വം ക്ഷത്രാഭ്യസന,മൊരു
    സഞ്ചാരപഠന-
ശ്രമാംഗീകാരത്താൽ, സഫലമിഹ
    സാധിച്ചിതുഭവാൻ.

ഭരണകാര്യപര്യന്വേഷണത്തിനായി കഥാനായകൻ മൈസൂരിലേക്കു് എഴുന്നള്ളിയതിനെ പ്രതിപാദിക്കുന്നു:—

പരിഷ്കാരൈശ്വര്യസ്ഥിതിഗതികളി-
    ലസൂയാജനകമാ-
യിരിക്കും മൈസൂരിൽ ഭരണഗുണ-
    കേന്ദ്രസ്ഥലികളിൽ,
പരിജ്ഞാനം രാഷ്ട്രാഭ്യുദയപര-
    മാർജ്ജിച്ചു മനതാർ-
വിരിഞ്ഞീടും ബാലക്ഷിതിപതിയെ-
    ഴുന്നള്ളിയത്തനാൾ.

ബാലനായ കഥാനായകന്റെ ഗ്രഹണചതുരങ്ങളായ ദൃഷ്ടികൾ മൈസൂർപട്ടണത്തിലുള്ള നിഖിലവൈശിഷ്ട്യങ്ങളിലും അവധാനപൂർവ്വം പതിഞ്ഞുവെന്നു് വിശദമാക്കുന്നു:—

മനോഹാരിത്വത്തിൻ മദമിളകി,
    മൈസൂർനഗരിതൻ
വിനോദാനന്ദശ്രീവിലസിന വി-
    ധാനത്തിനിടയിൽ,
ജനോപാസ്യാരാമപ്രമലത ക-
    ളിൽ ബാലകലസ-
ന്മനോദൃഷ്ടിശ്രേഷ്ഠഭ്രമരികൾ കറ-
    ങ്ങിക്കയറിനാർ.

മൈസൂറിൽ കൃഷിക്കുവേണ്ടി അനേകം വെള്ളച്ചാലുകൾ ഊർജ്ജിതമായ ശ്രദ്ധയോടെ ഗവൺമെൻറിനാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതു് പ്രസിദ്ധമാണല്ലോ. ഒരു രാജ്യത്തിൻെറ സകലൈശ്വര്യങ്ങൾക്കും നിദാനമായ കൃഷിയിലുള്ള ശ്രദ്ധ എത്രതന്നെ ആയാലും അധികമായിപ്പോകുന്നതല്ല. ഈ വെള്ളച്ചാലുകളുടെ കാഴ്ച മഹാരാജാവിൻെറ ഹൃദയത്തെ അത്യന്തം രസിപ്പിച്ചു.

ജൃഷിസഞ്ചരാവാസോചിതഗിരിക-
　　ളിൽക്രുടിയൊഴുകി,-
ക്കൃഷിശ്രേയസ്സേകും കൃതകതടി-
　　നീകൃഷ്ണരധരികൾ,
മഷീഗ്രന്ഥത്തേക്കാൾ മധുരതര-
　　മായ്ത്തീൎന്നു, മതിയേ-
മൃഷിപ്പിക്കാതേതും നൃപമുകുള
　　സഞ്ചാരകഥയിൽ.

ഉദഗ്രപ്രതാപനായ കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവിനോടു് വിഫലമായി മത്സരിച്ചു് പിന്തിരിഞ്ഞോടിയടിപ്പുവിനാൽ മൈസൂറിൽഭടന്മാൎക്കുവേണ്ടിനിൎമ്മിക്കപ്പെട്ടിട്ടുള്ള പാളയത്തിൻെറ അവശിഷ്ടഭാഗങ്ങൾ ആധുനികകാലത്തും ദർശിക്കുവാൻകഴിയുന്നതാണു്. കഥാനായകനു് മൈസൂർ സന്ദർശനാവസരത്തിൽ പ്രത്യക്ഷങ്ങളായിത്തീൎന്ന ആ ശിബിരഭാഗങ്ങൾ പൂൎവ്വചരിത്രത്തെ ബലാത് സ്മൃതിപഥത്തിൽ കൊണ്ടുവന്നുവെന്നു വൎണ്ണിക്കുന്നു:—

സ്ഫുടക്ഷത്രൗജ്ജ്വല്യം തടവിയൊരു
　　വഞ്ചീശചരണമാ-
യുടക്കിപ്പിൻവാങ്ങിപ്പഴകിയൊരു-
　　മൈസൂർകടുവയാൽ,
ഭടക്കായിത്തീൎത്തോരരിയശിബി-
　　രത്തിൻെറശിഥില-
ക്കിടപ്പുള്ളിൽചേൎത്തു തവപൂൎവ്വ-
　　ചരിത്രസ്മരണകൾ.

മൈസൂർമഹാരാജാവിൻെറ സൗധാവലികളുടെ ശോഭാതിശയത്തെ വർണ്ണിക്കുന്നു.

അനർഘശ്രീമൈസൂരധിപരുടെ
സൗധാവലികളിൽ
കനക്കക്കല്യാണദ്യുതിയൊടിഹ-
ശൃംഗാഗ്രമണികരം,
ഘനശ്യാമാശ്മത്തോട്ടരസിവര-
സൗദാമനികളിൽ
പുനർഭാവം കല്പിച്ചിതുതിരുമി-
ഴിയ്ക്കുദ്ഭുതകരം!

ഉത്തമമായ കലാപ്രയോഗത്തിന് സാക്ഷ്യംവഹിക്കുന്നവയും ചരിത്രപരമായ പ്രാധാന്യംകൊണ്ട് സമുല്ലസിതങ്ങളും ആയ എത്രയോ ശില്പങ്ങൾ മൈസൂറിൽ രാജകീയമന്ദിരത്തിനകത്തുള്ള മണിയറകൾ പ്രത്യക്ഷമാക്കുന്നുണ്ട്. അവ കഥാനായകനെ സമാകർഷിച്ചതിൽ അടങ്ങിയിരിക്കുന്ന തത്വം വിശദമാക്കുന്നു:—

സ്ഫുരത്കൊട്ടാരത്തിൽ മണിയറകളിൽ
പൂർവ്വികകഥാ-
പരജ്യോതിസ്സേറും പ്രകടിതക-
ലാകല്പനകളിൽ
പരം പാരമ്പര്യാർജ്ജിതപരമ-
ജിജ്ഞാസ, വസുധാ-
വര!ശ്രീമാൻ, കാണിച്ചിതുബഹു
ഭവാൻ പ്രശ്നരിയാൽ.

മൈസൂരിലുള്ള മണിമന്ദിരങ്ങളുടെ വൈശിഷ്ട്യം സാക്ഷാത്കരിച്ചതിൽ കഥാനായകൻ സ്വരാജ്യത്തിൻെറ പരിഷ്കൃതി എത്രമാത്രം ശക്യമാണെന്നുള്ള ചിന്താഗതികൂടി അവലംബിക്കുകതന്നെ ചെയ്യു. കഥാനായ

കൻ അനുകാര്യങ്ങളിൽ ഔത്സുക്യം വഹിച്ചതല്ലാതെ അനുകരണഭ്രമത്തിന് ഒരുതരത്തിലും വിധേയനായില്ലെന്നു വർണ്ണിക്കുന്നു:—

മണിപ്രാസാദങ്ങൾക്കുടയരമ-
ണീയാകൃതികളും,
പണിത്തോത്തുംവാഴാനുചിതവര-
ണീയപ്രകൃതിയും,
പണിപ്പെട്ടും വഞ്ചിക്കനനുകര-
ണീയസ്ഥിതികളും
ഗണിച്ചെല്ലാം കണ്ടൂ സകലഭരണീ-
യാളത,ഭവാൻ.

മഹാരാജാവുതിരുമനസ്സുകൊണ്ടു് പരിഷ്കൃതരാജ്യങ്ങളിലെ ഭരണരീതികൾ സാക്ഷാത്കരിച്ചു പരിപൂർണ്ണമായ വിജ്ഞാനത്താൽ അനുഗൃഹീതനായി ശ്രീവഞ്ചിരാജധാനിയിൽ തിരിച്ചെഴുന്നള്ളിയ ആ ആനന്ദാവസരത്തെ വർണ്ണിക്കുന്നു.

മുഴുക്കെത്തീർത്തേവം പഠനപരിപാ-
ടീഗതി, തിരി
ച്ചെഴുന്നള്ളിപ്പോന്നു ശ്രുവണനയ-
നേശാത്മപുരിയിൽ,
കൊഴുത്തത്യുത്കണ്ഠയ്ക്കടിവശഗ-
യായമ്മയഴകിൽ
കഴുത്തത്തർപ്പിച്ചാൾ കനകമണി-
ഹാരം കരധൃതം.

സൗഭ്രാത്രത്തിൻെറ നൈസർഗ്ഗികമായ മാഹാത്മ്യം പ്രസ്ഫുടമാകുമാറു് കഥാനായകൻ സോദരിക്കും സോദരനും നൽകിയ സംഭാവനകളെ വർണ്ണിക്കുന്നു:—

സ്വസാന്നിദ്ധ്യസ്വച്ഛപ്രമദമഭി-
വാഞ്ഛിച്ചമരുമാ-
സ്വസാവിന്നും സ്വാത്മാവരജനു-
മുദാരാശയ! ഭവാൻ,

അസാമാന്യം സംഭാവനകളരു-
　　ളിസ്സാന്ദ്രമവരെ
പ്രസാദിപ്പിച്ചല്ലോ പ്രണയകുശല-
　　പ്രശ്നമൊഴിയാൽ.

അനന്തരം കഥാനായകൻ സ്വരാജ്യത്തിൽതന്നെ നടപ്പിലിരിക്കുന്ന ഭരണകാര്യങ്ങളെ നേരിട്ടു ഗ്രഹിക്കുന്നതിനായി എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും പ്രവൎത്തനങ്ങളിൽ ഗാഢമായ ശ്രദ്ധ പതിപ്പിച്ചുവെന്നു് വിവരിക്കുന്നു:—

തുടൎന്നു രാജാൎഹാഭ്യസന,മതി-
　　നായിത്തുറകളിൽ
കടന്നദ്ധ്യക്ഷോദ്യദ് ഭരണരഥ-
　　ചക്രക്കളികളിൽ,
കടക്കണ്ണോടിച്ചാനിഹ തിരുമ-
　　നസ്സാശു;മടിയിൽ
കിടന്നാലുണ്ടാമോ മതിയുടെ വി-
　　കാസം മനുജരിൽ?

റീജൻറു മഹാറാണിതിരുമനസ്സുകൊണ്ടു് അത്യാഡംബരപൂൎവ്വം മഹാരാജാവുതിരുമനസ്സിലെ തിരുമാടമ്പുമഹോത്സവം നടത്തിയതിനെ പ്രതിപാദിക്കുന്നു:—

അടുത്തു താരുണ്യം; സദപി തിരു-
　　മാടമ്പുമഹമുൾ-
പ്പെടുത്തീടുന്നാഡംബരമൊടുമ-
　　ഹാലക്ഷ്മിയതുനാൾ,
നടക്കുന്നായ്‌നിന്നങ്ങുഴകൊടു ന-
　　ടത്തിച്ചിതു, കലാ-
പടുശ്രേഷ്ഠന്മാരാൽ പുതുനടന-
　　മാടിച്ചു പുരിയിൽ.

## കിരീടധാരണം

അനന്തരം അഞ്ചു പദ്യങ്ങളെക്കൊണ്ട് മഹാരാജാവുതിരുമനസ്സിലെ കിരീടധാരണമഹോത്സവത്തെ വർണ്ണിക്കുന്നു:—

സുതാരുണ്യാധ്വാവിൽ സുഭഗഗമ-
നംചെയ്തു സുദൃഢ
പ്രതാപശ്രീപൂർവ്വം നൃപതി പതി-
നെട്ടാംപടിയതിൽ,
ഭൃതാനന്ദം നിന്നു, പകരമരു-
ളും രാജ്യഭരണ-
വ്രതാനുഷ്ഠാനത്തിൻവിരതിയിൽ-
മഹാരാജ്ഞിയുമുടൻ.

[മഹാരാജാവുതിരുമനസ്സിലെ കിരീടധാരണമഹോത്സവഘോഷയാത്രയിൽ വഞ്ചിഭൂമിക്കുണ്ടായ ഔത്സുക്യാതിശയത്തെ വർണ്ണിക്കുന്നു.

നിസർഗ്ഗശ്രീ വഞ്ചിക്ഷിതിയുവതി
നീലാംബരമണി-
ഞ്ഞസന്ദേഹം ദേഹം പുളകയുത-
മായ് പുൽക്കൊടികളാൽ,
പ്രസർജ്ജിച്ചുവർഷംവഴി വിഹിത-
ഹർഷാശ്രു,വിജയ-
പ്രസന്നശ്രീചിത്രർക്ഷജനുടെ പുറ-
പ്പാടിലതുനാൾ.

കിരീടധാരണം ജനങ്ങൾക്കു ഒരു മഹോത്സവമായും മംഗളമായും നടന്നതായി ഈ ശ്ലോകത്തിൽ വർണ്ണിതമായിരിക്കുന്നു.

കരീന്ദ്രാശ്വാരൂഢപ്പടകളണി
നില്ക്കെ, പ്രജകളാം
പരീവാഹം മുന്നോട്ടൊഴുകവെയൊ-
രോരോ വഴികളിൽ,

ഗരീയസ്സായെങ്ങും "ജയ"വിളികൾ
കേൾക്കായ്; മണിലസത്-
കിരീടം ശ്രീചിത്രാവനിപതിയണി-
ഞ്ഞാനതിശുഭം.

കിരീടധാരണം സംബന്ധിച്ചുള്ള രാജകീയഡർബാറിൽ മഹാരാജാവുതിരുമനസ്സുകൊണ്ട് കല്പിച്ചുചെയ്ത പ്രഭാഷണത്തിന്റെ വൈശിഷ്ട്യത്തെ പ്രതിപാദിക്കുന്നു:—

രസസ്ഫൂർത്തിക്കന്യാദൃശമധുരമാം
ഭാഷയിൽ, നിജ-
പ്രസംഗം മംഗല്യപ്രദമുപരി-
വഞ്ചിക്കുവഴിമേൽ,
സദസ്സിൽ ചെയ്തുസ്വായ;മതിലെ-
യാദർശസുഷമാ-
സുസമ്പത്താൽ ഹസ്തധ്വനിസഭയി-
ലെത്തിച്ചിതു ഭവാൻ.

## പരിഷ്കാരങ്ങൾ

ഈ ഭാഗത്തിൽ മഹാരാജാവുതിരുമനസ്സുകൊണ്ട് രാജ്യഭാരം കൈഏററതിനുശേഷം ഏതത്പര്യന്തമുള്ള ചുരുങ്ങിയ കാലത്തിനിടയ്ക്ക്. നടപ്പിൽവരുത്തിയിട്ടുള്ള വിവിധ പരിഷ്കാരങ്ങളെ ക്രോഡീകരിച്ചിരിക്കുന്നു. അധുനാതനദശയിൽ ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാനെപ്പോലെ അഭ്യാസസംസൃഷ്ടമായ രാഷ്ട്രീയവിജ്ഞാനത്തോടുകൂടിയ ഒരു ഭരണാധികാരിയെ ലഭിച്ചതു് ശ്രീവഞ്ചിവാസികളായ നമ്മുടെ പരമമായ ഭാഗ്യമത്രേ. യുവാവും പരിണതപ്രജ്ഞനും ആയ തിരുമനസ്സിലെ ഭരണത്തിൽ പ്രജാവലി ഔദാര്യപൂർണ്ണങ്ങളായ അനുഗ്രഹങ്ങളാൽ ഉപര്യുപരി ശ്രേയസ്സിനെ ഭജിക്കുന്നു.

തമിസ്രപ്രക്ഷോഭക്കടൽവഴിയഹോ!
വഞ്ചി,നിറയെ
പ്രമിത്രന്മാരാകും പ്രജകളൊടു-
പോയീടുമളവിൽ,

ക്ഷമിച്ചുള്ളിൽ, തമ്മിൽകശപിശകരം
ക്രുട്ടാസ്സു;സസുഖം
ഗമിക്കാൻ വഞ്ചീശൻഗതിസുഭഗ-
മാക്കുന്നസുചിരാൽ.

മഹാരാജാവുതിരുമനസ്സിലെ പാശ്ചാത്യദേശപര്യടനം സ്വരാജ്യമായ തിരുവിതാംകൂറിന് അനന്യലഭ്യങ്ങളായ അനുഗ്രഹങ്ങളെ നേടിക്കൊടുക്കുവാൻ പര്യാപ്തമായിത്തീന്നിട്ടുണ്ടെന്ന് നിർദ്ദേശിക്കുന്നു.

പരിഷ്കാരാത്യുച്ചസ്ഥിതിലസിത-
പാശ്ചാത്യധരയിൽ
ചരിച്ചാർജ്ജിച്ചുദ്യത്ഭരണപര-
കാര്യക്ഷമതയാൽ,
വരിച്ചോരീവഞ്ചിക്ഷിതിയെ ബഹു-
ധാസംസ്കരണമാം
വരിഷ്ഠാധ്വാവിങ്കൽ ധൃതിയൊടുന-
ടത്തുന്നിതു ഭവാൻ.

കഥാനായകന്റെ ഭരണകാലത്തിൽ നിയമനിർമ്മാണപരമായി പ്രജകൾക്ക് സിദ്ധിച്ച ഉത്കർഷാതിശയത്തെ വർണ്ണിക്കുന്നു.

പ്രജാസംസൽപക്ഷം പ്രഥമമുള-
വായി പ്രബ്ദവര-
പ്രജാളിക്കായെന്നാലതുവളര-
വേകൊമ്പണികളാൽ
വിജാതീയന്മാക്കും വിവശതയ-
കററിബ്ബഹുഫല-
വ്രജാലങ്കാരശ്രീ വിലസിയിഹ-
വീശുന്നവിരവിൽ.

രാജ്യത്തിലുള്ള നിയമനിർമ്മാണത്തിന് "ശ്രീമൂലം അസംബ്ളി," "ശ്രീചിത്രാസ്റ്റേറ്റ കൗൺസിൽ" എന്നിങ്ങനെ രണ്ടു മണ്ഡലങ്ങൾ ഏൎപ്പെടുത്തിയെന്നുള്ള പ്രമുഖപരിഷ്കാരത്തെ വർണ്ണിക്കുന്നു.

പരിഷ്കാരത്താലേ നിയമപരി-
ഷത്തിപ്പൊളുരരീ-
കരിച്ചോരീമാന്യപ്രകൃതികല-
രും മണ്ഡലയുഗം
ധരിക്കുന്നൂപൂൎവ്വാധികമൊരധി-
കാരം പ്രജകളേ-
ഭരിക്കാനുള്ളോരോനവനിയമ-
നിൎമ്മാണവിധിയാൽ.

പ്രജകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഏതൊരു നിയമവും നിൎമ്മിക്കുന്നതിന് അധികാരമുള്ള പ്രസ്തുത മണ്ഡലങ്ങളിലുള്ള അംഗങ്ങളുടെ വൈശിഷ്ട്യത്തെ നിർദ്ദേശിക്കുന്നു:—

അനുദ്യോഗസ്ഥന്മാരിതിലധിക-
മംഗങ്ങ;ളധുനാ
ധനുൎവേദം ധാത്രീധനവിഷയ-
സംവാദസമരം;
മനുപ്രഖ്യാതന്മാരഭിനവസ-
ഭാധ്യക്ഷരിവരോ
മനുഷ്യസ്വാതന്ത്ര്യപ്രണയമിയ-
ലുംമന്ത്രനിപുണർ.

ഭരണീയരുടെ ന്യായമായ ഏതൊരവകാശവും പരിരക്ഷിക്കുന്നതിന് ഗവൺമെൻറിൻെറ ഓരോ തുറയിലും ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ കടപ്പെട്ടവരാണെന്നു വരുത്തുന്ന പ്രശംസനീയമായ നിയമസഭാപ്രവൎത്തനപരിപാടിയെ നിദർശിപ്പിക്കുന്നു:—

ഒരാണ്ടോടാണെല്ലാവരവുചെല-
വുംവാദവശമാ
യ്സ്വിരാജിച്ചീടാനിപ്പതിയസഭ-
യിൽകൊണ്ടുവരുവാൻ

വരാംഗശ്രേഷ്ഠന്മാക്കവസരമി-
രിക്കെ,പ്പറയുവാ-
നൊരാളുണ്ടോ സ്വേച്ഛാപ്രഭുഭരണ-
ക്കൂടത്തിനിടയിൽ?

ജനകീയസ്വാതന്ത്ര്യത്തെ ക്രമേണ പുരോഗമിപ്പിക്കുന്നതിന് അന്യാദൃശമായ പ്രാഗല്ഭ്യമുള്ള ഈ രാജ്യത്തിലെ നിയമസഭകൾ മഹാരാജാവു തിരുമനസ്സിലെ ഔദാര്യാതിരേകത്തിന് ഒരു മഹനീയദൃഷ്ടാന്തമാണെന്നു പ്രകീത്തിക്കുന്നു:—

പ്രമേയപ്രശ്നങ്ങൾക്കനുമതി, വി-
വാദാവിവശതാ-
സമേതം, സവ്വാംഗപ്രതിനിധിക-
ളുൾക്കൊണ്ടിടുകയാൽ,
ക്രമേണ സ്വാതന്ത്ര്യപ്രവണതയെ-
ഴുന്നിസ്സഭകളു-
പ്രമേയൗദാര്യത്തിൻ ദൃഢതയുടെ-
ദൃഷ്ടാന്തമുലകിൽ.

മഹാരാജാവുതിരുമനസ്സുകൊണ്ടു് ജനങ്ങളുടെ ഋണബാധ്യതയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനുവേണ്ടി നവീനമായി നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികളുടെ പ്രാശസ്ത്യത്തെ വിവരിക്കുന്നു:—

കടക്കാരേനേരേ, ധനപതിക-
ളൊപ്പിച്ചവലയിൽ
കിടക്കാതാവോളം തുണയൊടുവി-
മോചിച്ചുവിടുവാൻ,
ഇടക്കാലത്തേർപ്പാടുകളുചിത-
മുണ്ടാക്കി, തൊഴിലിൽ
കടക്കാനും മാർഗ്ഗം കരുതിവിധി-
കല്പിച്ചിതു ഭവാൻ.

രാജ്യത്തിനാകമാനം ശ്രേയസ്കരങ്ങളായ കൃത്യപരിപാടികളേ അംഗീകരിച്ചതിനാൽ മഹാരാജാവുതിരുമനസ്സിലെ ഭരണത്തിൻെറ അന്യാദൃശത്വം പ്രതിപാദിക്കുന്നു:—

അനാഥന്മാക്കങ്ങിങ്ങമരുവതി-
നായാശ്രമ;മതാ-
വനാന്തത്തിൽപോലും മൃഗവിഹഗ-
സംരക്ഷണനയം;
അനാവൃഷ്ടിസ്ഥാനത്തമൃതവര-
ദാനം; കുടികളിൽ
ജനാരോഗ്യോദ്യോഗം; തവഭരണ-
മന്യാദൃശമഹോ!

ഈ പദ്യത്തിൽ അഖിലഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ടുള്ള വിശ്വവിശ്രുതമായ ക്ഷേത്രപ്രവേശനവിളംബരത്തിൽ വ്യക്തമാകുന്ന മഹാരാജാവു തിരുമനസ്സിലെ പ്രഭാവാതിശയത്തേ കീൎത്തിക്കുന്നു.

വയോയുക്തക്ഷത്രോദ്ഭവസഹജ-
മാം പൗരുഷഗുണം
പ്രയോഗിക്കെക്ഷേത്രപ്രഘടിതക-
വാടങ്ങൾ വടിവിൽ
പ്രിയോത്കണ്ഠാപൂൎവ്വം തിറമൊടുതു-
റന്നു ബത! ഭവാ-
നയോഗ്യന്മാരെന്നായ് കരുതിയവ-
രേക്കേററിവിടുവാൻ.

ജനങ്ങളുടെ വിദ്യാഭ്യാസത്തിന് മഹത്തരമായ അഭിവൃദ്ധിയാണ് ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ഭരണകാലത്തിൽ ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. നാട്ടിൻെറ ഏതൊരു മുക്കിലും മൂലയിലും പ്രാഥമികമായ കലയ്ക്കു് വിഹരിക്കുവാനുള്ള സങ്കേതങ്ങൾ അസംഖ്യേയമായ വിധത്തിൽ ഉണ്ടായിത്തീൎന്നിട്ടുണ്ടു്. തിരുവിതാംകൂർ സൎവ്വകലാശാലയുടെ

നൂതനമായ ആവിർഭാവമാകട്ടെ രാജ്യവാസികളുടെ വിദ്യാഭ്യാസത്തെ കാലോചിതമായ രീതിയിൽ പരിപുഷ്ടമാക്കുന്നതുമാണ്. ഇങ്ങനെ പ്രാഥമിക വിദ്യാഭ്യാസം മുതൽ സർവ്വകലാശാലാഭ്യസനംവരെ ഉള്ള സൌകര്യങ്ങൾ മഹാരാജാവു തിരുമനസ്സിലെ നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പ്രശംസനീയമായ നിലയിൽ ഉണ്ടായിത്തീർന്നിരിക്കുന്നുവെന്ന് വർണ്ണിക്കുന്നു.

മലക്കുഗ്രാമാഗ്രപ്പകുതികളി-
ലും പ്രാഥമികമാം-
കലയ്ക്കെത്തിച്ചേർന്നൂ നവനടന-
ശാഖാപടലികൾ;
തലസ്ഥാനത്തുദ്യത്സകലസുക-
ലാശാലയഴകാം-
നിലയ്ക്കുണ്ടായ്വന്നൂ നൃപ, തവമി-
ഴിക്കീഴ്വരുതിയിൽ.

തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവ് അഖിലഭാരതപ്രസിദ്ധമാണല്ലൊ. ജനങ്ങളുടെ വിശ്രമാവസരങ്ങൾ വിനോദത്തിനും വിജ്ഞാനത്തിനും ഉതകുമാറ് സഫലങ്ങളാക്കുന്നതിന് കാഴ്ചബംഗ്ലാവുപോലുള്ള സ്ഥാപനങ്ങൾക്കു സാധിക്കുന്നതാണ്. ഈ തത്വം വേണ്ടപോലെ ഗ്രഹിച്ച മഹാരാജാവ് തിരുമനസ്സുകൊണ്ട് കാഴ്ചബംഗ്ലാവിലുള്ള പബ്ലിക്ക്ഗാർഡൻ പരിഷ്കരിച്ചതിനെ ഈ പദ്യത്തിൽ പ്രതിപാദിക്കുന്നു.

പൊതുപ്പൂവാടിക്കുൾപ്പടവുകളൊ-
രോപൊൽച്ചെടികളാൽ
പുതുക്കിപ്പോരായ്മസ്ഥിതിപരിഹ-
രിച്ചുച്ചുമരുകൾ
ഒതുക്കിക്കെട്ടിച്ചും വിഹഗമൃഗ-
സംഖ്യാധികതയാ-
ലതുല്യത്വം കല്പിച്ചിതു തവന-
വോദ്യാനസചിവൻ.

അനന്തരം മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഈസ്റ്റിൻഡീസ് ദ്വീപങ്ങളിൽ എഴുന്നള്ളിയതിനെ നിർദ്ദേശിക്കുന്നു.

പരേതൈശ്വര്യാംശപ്രതിമതക-
ളാല്യം, ഗൃഹകലാ-
പുരേശക്ഷേത്രാസ്ത്രൂപ്പണികരുതി-
യാല്യം, പ്രകൃതിയിൽ
ഒരേസംസ്കാരത്താൽ സ്വവസുധ-
യോടൊത്തുഴകെഴും
വരേന്ത്യാദ്വീപാന്തസ്ഥലികളുദ-
ർശിച്ചിതു ഭവാൻ.

പ്രിയപ്പെട്ട അമ്മമഹാറാണിയോടും സഹോദരനോടും അവിടെ സഞ്ചരിച്ചതു ഈ ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നു.

സ്വമാതൃഭ്രാതാക്കൾക്കനുഗമന-
കാര്യാനുമതിത-
ത്സമാരോഗ്യാത്ഥം താനരുളിയവ-
രോടൊത്തവിരളം
സമാസ്വാദ്യദ്വീപാഞ്ചിതവിഭവ-
വീക്ഷോത്സുകതയാൽ
സമാംശം സഞ്ചാരപ്രിയനിഹത-
രിച്ചാൻതരണിപോൽ.

മഹാരാജാവു തിരുമനസ്സിലെ ഏതൊരു പ്രവൃത്തിയും സ്വപ്രജകളുടെ അഭ്യുദ്ഗമനമാകുന്ന ആദർശത്തെ പുരസ്കരിച്ചിട്ടുള്ളതാണെന്ന തത്വത്തെ പ്രകൃതമായ ദ്വീപസഞ്ചാരത്തെ ഉദാഹരിച്ചു സമർത്ഥിക്കുന്നു.

ഇതാ സഞ്ചാരത്തിൽ മധുരഫല-
ജാലങ്ങളുദിത-
ശ്രുതാഗാരത്തിങ്കൽ ചിതരചിത-
ചിത്രാവലികളിൽ

റിതാന്തം കാണുന്നു; തവ പ്രകച-
കമ്മങ്ങളിലുമുറം-
സ്ഥിതാദർശം സ്വാത്മപ്രജകളുടെ-
യഭ്യുദ്ഗമനമേ!

വിഭിന്നമതസ്ഥർ അധിവസിക്കുന്ന തിരുവിതാംകൂർ മഹാരാജ്യത്തെ പ്രശംസനീയമായ സമഭാവനയോടുകൂടി ഭരിക്കുന്ന മഹാരാജാവു തിരുമനസ്സിലെ ഗുണമഹിമ സവ്വാദരണീയമാണെന്നു് വണ്ണിക്കുന്നു.

തിരിച്ചേച്ചാതാം, സാധാരണഭരണക-
ത്താവിനു, മനം
ചരിച്ചേഞ്ഞക്കാം സംഖ്യാധികമതവി-
ഭാഗത്തിനിടയിൽ;
ശരിക്കെല്ലാരോടും സമതപരി-
പാലിച്ചിഹഭവാ-
നരിക്കണ്ടാക്കുന്നുണ്ടരിശമൊട-
സൂയാവികൃതികൾ.

ജലവിതരണപദ്ധതി, വൈദ്യുതപദ്ധതി, നഗരപരിഷ്കരണപദ്ധതി എന്നീ നവാഭ്യുത്ഥാനങ്ങളാൽ അനന്തപുരത്തിനുണ്ടായ മനോഹാരിതയെ കവി പരമാനന്ദതുന്ദിലമായ ഭാവത്തോടെ വർണ്ണിക്കുന്നു:—

ജനക്ഷേമത്തിന്നായ് ജലവിതര-
ണംചെയ്തുപുരിയിൽ;
ദിനംപോലേരാവായ് തടിദമല-
ദീപാവലികളാൽ;
അനർഘശ്രീശൃംഗാടകമെവിടെ-
യെല്ലാംഘടിതമായ്;
മനസ്സാടീടുന്നു മധുരിപുപു-
രാഢംകൃതികളിൽ,

## മംഗളാശംസ

ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ തിരുവവതാരം മുതൽ യഥാക്രമം ബാലലീല, വിദ്യാഭ്യാസം, കിരീടധാരണം പരിഷ്കാരങ്ങൾ എന്നിവ വർണ്ണിച്ച് വഞ്ചിരാജ്യവാസികളുടെ നിത്യാരാധനാമൂർത്തിയായ് വാണരുളുന്ന തിരുമനസ്സിലേക്ക് കവി മംഗളാശംസ ചെയ്യുന്നു.

പറഞ്ഞാലങ്ങൊത്താത്തനവധിപ-

രിഷ്കാരവഴിയിൽ

കുറഞ്ഞിക്കാലത്തിൽ കടമിഴികട-

ടത്തീടിനവൻ,

മുറയ്ക്കിങ്ങെന്തെല്ലാം ഗുണമിഹവ-

രുത്തുന്നുഭവികം.

നിറഞ്ഞുദ്യദ്വഞ്ചിക്ഷിതി, ഗതിതു-

ടന്നീടുമിനിമേൽ.

മഹാരാജാവു തിരുമനസ്സിലെ പ്രഭാവവൈശിഷ്ട്യം സംപൂർണ്ണമായി പ്രതിപാദിക്കുവാൻ ക്രാന്തദർശിയായ മഹാകവിക്കും അസാദ്ധ്യമായിരിക്കേ ആ വിഷയത്തിൽ പ്രകൃതകൃതിക്കുള്ള അപൂർണ്ണത ക്ഷന്തവ്യമായിരിക്കുമെന്നു കവി പ്രതിപാദിക്കുന്നു. സർവ്വഥാ വഞ്ചിഭൂമി വാണരുളുന്ന ആ പ്രത്യക്ഷദൈവത്തിൻെറ ഗുണാനുകീർത്തനം ശ്ലാഘ്യതമമാണെന്നു വിശദമാക്കുന്നു.

പ്രവിഖ്യാതിശ്രീയും ബഹുമതിയു-

മാർന്നീടിനമഹാ-

കവിക്കും തൽസ്വച്ഛതോഹരചരിത-

മെല്ലാമെഴുതുവാൻ,

ഭവിക്കുന്നോ പൂർണ്ണാശയവികസനം-

തങ്കമയമാം

തവിക്കുംപാലാഴിത്തിരമുഴവ-

നും കോരിയരുളാൻ?

ടിപ്പണി:—പ്രവിവ്യാതി......മഹാകവി = പ്രകൃഷ്ടവും, വിശിഷ്ടവും ആയ കീർത്തിലക്ഷ്മിയും, ബഹുമാനവും ആർജ്ജിച്ച മഹാകവി വിപുലമായ കീർത്തിയും സകലലോകമാന്യതയും ലഭിക്കുകയെന്നുള്ളതാണല്ലോ ഒരു മഹാകവിയുടെ പരമമായ വിജയം. ഇവിടെ മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചരുളിയ 'മഹാകവി' എന്ന പ്രശസ്തബിരുദത്താൽ സുകീർത്തിതനായ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളുടെ പ്രതീതിയും ഉണ്ടാകുന്നുണ്ടു്. പൂർണ്ണാശയവികസനം = പൂർണ്ണമായുള്ള ആശയത്തിൻെറ വികാസം. (പൂർണ്ണമായുള്ള ഉൾഭാഗത്തിൻെറ വൈപുല്യം എന്നു് തങ്കത്തവിയുടെ പക്ഷത്തിൽ) കീർത്ത്യാദരങ്ങൾ നിറഞ്ഞ മഹാകവിക്കും അവിടുത്തെ ഹൃദ്യങ്ങളായ ഗുണങ്ങളെ മുഴുവൻ രേഖപ്പെടുത്തുവാനും സുവർണ്ണമയമായ തവിക്കും പാലാഴിത്തിരമുഴുവൻ കോരിയെടുത്തു് അർത്ഥികൾക്കരുളുവാനും പര്യാപ്തമായ ആശയവികാസം സംഭവിക്കുന്നതാണോ? അലങ്കാരം തുല്യയോഗിത. "വർണ്ണ്യാനാമിതരേഷാംവാധർമ്മൈക്യം തുല്യയോഗിത." എന്നു് ലക്ഷണം. ഇവിടെ ഒന്നു് പ്രസ്തുതവും മറേറതു് അപ്രസ്തുതവും ആകുന്നു. മഹാരാജാവുതിരുമനസ്സിലെ ചേതോഹരചരിതത്തിനും, പാലാഴിത്തിരയ്ക്കും ബിംബപ്രതിബിംബഭാവേന സാധർമ്മ്യം ഗ്രഹിക്കുക.

വൃത്തം:—ഈ കൃതിയിലുള്ള പദ്യങ്ങൾ മുഴുവൻ സൗന്ദര്യലഹരിയിൽ ഉള്ള പദ്യങ്ങൾ പോലെ 'ശിഖരിണി' വൃത്തത്തിൽ നിബന്ധിക്കപ്പെട്ടിരിക്കുന്നു.

★

# സ്തോത്രങ്ങൾ

# ശ്രീരാമകൃഷ്ണപരമഹംസൻ

### ഉപക്രമം

പ്രതീച്യിക്കിണങ്ങും പരിഷ്ക്കാരസൂര്യ്യൻ,
പ്രതീവ്രം പ്രകാശിക്കയാൽ, ഭാരതത്തിൽ,
കൃതീന്ദ്രാർഷ സംസ്ക്കാരമന്ദാരശാഖി-
ക്കതീവാതപക്ലേശമുണ്ടായിവന്നു.

ചലത് ഭൗതികാദർശവാദപ്രകാണ്ഡം,
വിലങ്ങിപ്പതിച്ചാർഷചിന്താസരിത്തിൽ,
കലക്കംജനിപ്പിച്ചു ശുദ്ധാമൃതത്തിൽ,
ഖലക്ഷ്വേളബീജങ്ങളാവിർഭവിച്ചു.

### അവതാരം

ഗളത് ഗ്ലാനിമൂലം, സ്വധർമ്മാഭഃകാല്യം
വിളക്കസ്തമിച്ചീടുമാറായമട്ടിൽ,
തളർന്നപ്പൊളുദ്ദീപനം ചെയ്തുകൊൾവാ-
നിളക്കുള്ളിലീശാവതാരംഭവിച്ചു.

"പ്രസൂനായുധാരി [1] പ്രദേശത്തു", കല്പ-
പ്രസൂനാംഗിയാം [2] "ചന്ദ്ര" ചന്ദ്രോദയത്തിൽ,
പ്രസൂദേവകീ ദേവിയെപ്പോലെ, ബാല-
പ്രസൂതിക്കുശേഷം പ്രസാദംവഹിച്ചു.

### ബാല്യം

ഒരാമ്പാടിയുണ്ണിക്കിടാവെന്നപോലെ,
പരമ്പാടി[3] യോടിക്കളിച്ചും ചിരിച്ചും,

---

1. കാമാരിപുരത്ത്
2. ഭഗവാൻെറ മാതാവിൻെറപേർ
3. ധാരാളം പാട്ടുകൾപാടി=പരം+പാടി

പരമ്പാടി[1] വീശിപ്പുളുക്കുട്ടികൾക്കം-
ബരപ്പാളുചേർത്തും കളിച്ചാൻകുമാരൻ.

വ്രജസ്ത്രീജനങ്ങൾക്കു,മാബാലവൃദ്ധ
വ്രജത്തിന്നുമാനന്ദകൃഷ്ണന്നുതുല്യം,
നിജക്രീഡനത്താൽ, അയൽപക്കമെല്ലാ-
ക്കജസ്രം കിശോരൻ വിനോദംവിതച്ചാൻ.

"ഗദാശംഖപൂർവ്വംധരൻ"[2] ഗണ്യനാനാ-
ഗദാർത്തക്കു[3] ശുശ്രൂഷചെയ്തും ചിലപ്പോൾ,
കദാചിൽ സഖാക്കൾക്കുതത്വോപദേശ-
പ്രദാനങ്ങൾചെയ്തും കളിച്ചുല്ലസിച്ചു.

ഒരിക്കൽ കളിക്കൃഷ്ണനായിട്ടുകാണാ-
മിരിക്കുന്നതെന്നല്ല, വേറിട്ടൊരിക്കൽ
ശരിക്കത്രസീതാ മണാളന്റെവേഷം-
ധരിച്ചും കളിച്ചാൻ മണിക്കൊച്ചുകുട്ടൻ,

സമാസ്വാദ്യസങ്കല്പ ബീജപ്രതീക്ഷാ-
സമാരംഭമേവം തദീയാശയത്തിൽ,
[4] സമാവർത്തനത്തിങ്കലാനന്ദഭക്തി-
ദ്രുമാകല്പമായിക്കിളർന്നുല്ലസിച്ചു.

കിശോരസ്വഭാവത്തിലാസ്തിക്യഭാവം
പ്രശോഭിച്ചു കണ്ണായ കല്യാണമൂർത്തേ,

---

1. ചൂരൽവടിഇളക്കി=പരമ്പ്+ആടിവീശി.

2. ഗദാധരൻ എന്നായിരുന്നു ഭഗവാന്റെ പേർ.

3. ഭാവനയിൽ ദീനക്കാരെ സൃഷ്ടിച്ച് അവരെ ശുശ്രൂഷചെയ്തു കളിക്കുകയാണ് ചിലപ്പോൾ ചെയ്തതു്. ഈ പദ്യം ഭഗവാന്റെ ഭാവിപരിപാടി കാണിക്കുന്നു.

4. സമയുടെആവർത്തനത്തിൽ. അതായതു വർഷങ്ങൾകഴിയുംതോറും.

സ്വശോണാംബരം പൂണ്ടു പിന്നെ ബ്ഭവാൻ,സ
ദ്യശോദർശനം ചെയ്തതാശ്ചര്യമാണോ?

### നാമകരണം

സദാരാമകൃഷ്ണാദിമുഖ്യം പ്രദർശി–
ച്ചുദാരാശയ ഗ്രാമ്യയോഷാജനങ്ങൾ
മുദാ "രാമകൃഷ്ണാ"ഖ്യനാക്കിബ്ഭവാനെ
ത്തദാ കണ്ടു സംയുക്തദേവാവതാരം.

### വിദ്യാഭ്യാസം

ചെറുപ്പത്തിലേതൊട്ടു ചേതസ്സിലേത്തും
പൊരുത്തില്ല പൊള്ളപ്പഠിപ്പിക്ക,ലെന്നാൽ
നറും പാലുപോലാസ്വദിച്ചൂ ഭവാന–
ച്ചെറുശ്ശേരി—തുഞ്ചന്റെ[1] സാഹിത്യമൂലം.

### പിതൃവിയോഗം

വയസ്സേഴുചെന്നപ്പോളച്ഛന്റെ യാത്മാ–
വുയർന്നൂഴിവിട്ടു; ജഡത്തെജ്ജനങ്ങൾ
പ്രയത്നം വിനാ ചുട്ടുവെൺചാമ്പലാക്കി–
പ്രിയപ്പെട്ട പുത്രന്റെ കണ്ണിന്റെ മുമ്പിൽ

സ്വഭാവത്തിലുണ്ടായി മാററങ്ങൾ, മൃത്യു
പ്രഭാവശ്മശാന പ്രയോഗേക്ഷണത്താൽ
പ്രഭാതം[2] തുലോം മൂടൽമഞ്ഞിന്റെശാഖാ–
വിഭാഗങ്ങളെക്കൊണ്ടു വീതാഭമായി

---

1. ചെറുശ്ശേരിയുടെയും തുഞ്ചന്റെയും സാഹിത്യങ്ങളുടെ മൂലഗ്രന്ഥങ്ങളിലെ കഥകൾ അതായതു പുരാണകഥകൾ എന്നു വിവക്ഷ.

2. ബാല്യം, പിതാവിന്റെ നിര്യാണം മുതലായ ദുഃഖസംഭവങ്ങളാൽ ഇരുളടഞ്ഞതായി.

നിശാവേളയിൽ തന്റെ താതന്റെ തപ്ത
ശ്മശാനസ്ഥലത്തുള്ള മാവിൻചുവട്ടിൽ,
നിശാതാധി ബാധിച്ചു കണ്ണീരൊഴുക്കി-
ക്കൃശാംഗൻ ഭവാനേകനായ് ചെന്നിരുന്നു.

ബൃഹത് പ്രശ്നം—ഈ മൃത്യുജന്മാത്മശശ്വ-
ദ്രഹസ്യങ്ങൾ എന്ത്? എന്നസംതൃപ്തചിത്തൻ,
സഹസ്രായുതാവർത്തി ചോദിച്ചു,കേട്ടി-
ല്ലിഹ, സ്വാഗതാർഹം സമാധാനമെന്നാൽ.

### മതാചാരങ്ങൾ

"വിശാലാക്ഷി"[1] ദേവീഗൃഹത്തിൽ, ഭവാൻശ്രീ-
വിശാലാക്ഷി[2] മാരൊത്തുപോയിക്കുമന്നാൾ,
ശശാങ്കാംശചൂഡാംഘ്രി[3] സേവിച്ചിതാത്മ-
പ്രശാന്തിക്കുവേണ്ടി പ്രഭാതോദയത്തിൽ.[4]

വഴിക്കണ്ടു[5] പോകും വഴിക്കിമ്പമേറെ
പ്പൊഴിക്കുന്ന ദേവീ കഥാസംഭവങ്ങൾ,[6]
മൊഴിഞ്ഞും, നടിച്ചും, ചെവിക്കും, മിഴിക്കും
വഴിഞ്ഞേകി കൂട്ടുക്കു സാഫല്യമന്നാൾ

---

1. കാമാരീപുരത്തുള്ള വിശാലാക്ഷീക്ഷേത്രം. മധുരയിലെ പ്രസിദ്ധ മീനാക്ഷിക്ഷേത്രം പോലെയുള്ള ഒരു ഭഗവതിക്ഷേത്രമാണിതു്.
2. ഇവിടെ സ്ത്രീകൾ ദർശനത്തിനു പോകുക സാധാരണമാണ്.
3. അംബികാപാദം. "ശശിഖണ്ഡമണ്ഡിത ജടാചൂഡം" എന്ന "ലഘുസ്തുതി" ഭാഗം നോക്കുക.
4. പ്രഭാതത്തിൽ "നിർമ്മാല്യം" കണ്ടു തൊഴുക നമ്മുടെ നാട്ടിലുമുള്ള ഒരാചാരമത്രേ.
5. അണ്ടു=ഭവാൻ
6. മധുകൈടഭ സുംഭനിസുംഭ വധാദികഥകൾ.

## സന്ന്യാസരതി

ഒരിക്കൽ പവിത്രാള കോലുന്നസർവ്വേ-
ശ്വരിക്കുള്ളൊരിക്ഷേത്രസങ്കേതഭൂവിൽ
ഇരിക്കുന്നതായ്ക്കണ്ട സന്ന്യാസിയെ സ്വീ-
കരിച്ചാൻഭവാൻ തന്റെയാചാര്യനായി.

കരിങ്കല്ലരായുള്ള സന്ന്യാസിമാർ,സ-
ഞ്ചരിച്ചപ്രദേശത്തു തൽക്കൂട്ടുകെട്ടിൽ,
തിരിച്ചേക്കുമോ പുത്രനെന്നമ്മശങ്കി-
ച്ചിരിക്കേണ്ടതായ്വന്നിതുൽക്കണ്ഠയോടെ.

സ്വമാതാവിനുൽക്കണ്ഠയാവശ്യമില്ലെ-
ന്നമാപാദകേതിപ്ര കർഷോദയത്താൽ,
കുമാരൻ സ്ഫുടസ്പഷ്ടമാക്കി; ക്രമത്തിൽ-
സ്സമാധാനമുണ്ടാക്കിയുൾപ്പൂവിനുള്ളിൽ

പുനസ്സൂനവാദ്ധ്യാത്മികജ്ഞാനലബ്ധി-
ക്കനർഘപ്രയത്നങ്ങൾ ചെയ്യുന്നതായി
ദിനംതോറുമമ്മക്കു കാണായി; പുത്രാ-
നനത്തിൽ പരബ്രഹ്മതേജസ്സുദിച്ചു.

## ശാന്തിലബ്ധി-

ത്വദീയാത്മബോധം ത്വരിപ്പിച്ചുസാന്ദ്രം
[1] പ്രദീപിക്കുമാറേക കാളീഗൃഹത്തിൽ,
തദീയാർച്ചനാകർമ്മ സർവ്വാധികാരം
സുദീർഘാഭിലാഷാനുസാരം, ലഭിച്ചു.

അപൂർവ്വാദരപ്രേമമപൂർവ്വം, ത്രികാല-
പ്രപൂജാഭിഷേകാദി സംസേവനത്താൽ,

---

1: രാജറാംശ്മണി ദേവിയുടെ ക്ഷേത്രത്തിലെ ശാന്തിക്കാരനായി ഭഗവാൻ തീന്ന സംഭവം സൂചിതമായി.

സ്വാപൂർവ്വാത്മപുണ്യോദയം, സമ്പ്രമുല്ല-
പ്രപൂർണ്ണത്വമുണ്ടായ് പ്രകാശിച്ചുനിന്നു.

ശാരദാമൈത്രി

യുവത്വോദയത്തിൽ സ്വബന്ധുക്കൾ, ചേതോ-
ഭവപ്രേരണാധീനനാക്കാൻ ഭവാനിൽ,
നവപ്രേമവല്ലീവിലാസം രചിക്കാൻ,
പ്രവർത്തിച്ചതാശ്ചര്യമല്ലായിരുന്നു.

[1]സ്വയം വൈമനസ്യം ഭവാൻ ബാല്യകാലോ-
ദയത്തിൽ സദാ ശാരദാ ശാസനത്തിൽ,
ഭയപ്പെട്ടു കാണിച്ചു, വെന്നാലുമാത്മ-
[2]പ്രിയയ്ക്കുള്ള സത്ഭാവമദ്ദേവിയാർന്നു.

മരീചിക്കദിത്യംബയെപ്പോലെ, മായാ-
മരീചിക്കതുല്യം മനോമണ്ഡലത്തിൽ,
കരീന്ദ്രന്നു മാൻപേടയെപ്പോലെ, വിദ്യു-
ച്ഛരീരാഭയ[3]ങ്ങൊത്തുചേർന്നുല്ല[4]സിച്ചു.

കൃപാപൂർവ്വമദ്രീന്ദ്രകന്യാജനം പോ-
ലുപാന്തത്തിലീശൻെറയിഷ്ടത്തിനായി,
ഉപാസിച്ചു വാണാളുദാസീനയാകാ-
തുപാധി[5]ക്കു നിഷ്കാമവൈരാഗ്യമാക്കി.

പ്രസാദിച്ചുവല്ലൊ ഭവാൻ ഭക്തിയോടൊ-
ത്ത സാമാന്യ നിസ്വാർത്ഥശുശ്രൂഷണത്തിൽ

---

1. 12-ാം പദ്യം നോക്കുക.
2. ശാരദാമണിദേവി ഭഗവാൻെറ പ്രിയയായി.
3. വിദ്യുത്തുപോലെ ശരീരശോഭയോടുകൂടിയവൾ (ശാരദാംബ)
4. അങ്ങൊത്തുചേർന്ന്=ഭവാനോടുകൂടി
5. ഉപാധി=ലക്ഷ്യം

പ്രസാദിച്ചിടാത്തമ്മയിൽ,[1] ത്യാഗരാഗ-
പ്രസാരം പ്രശംസാർഹമായേ ഭവിക്കൂ.

ഭവാൻ ശുദ്ധസന്യാസിയായും, ഭവാനെ
ദ്ദിവാരാത്ര മന്യൂനമുദ്വേഗപൂർവ്വം,
അവാച്യം ഭജിച്ചമ്മ സന്യാസിനിശ്രീ-
വ്യവസ്ഥാക്രമം പൂണ്ടു,മൊന്നിച്ചു വാണാർ;

ഭവാനമ്മയും ഭർത്തൃഭാര്യാവിചാരം,
വിവാഹാദി ബന്ധങ്ങളിത്യാദിയുള്ളിൽ,
ശിവാർത്ഥം[2] സ്മരിക്കാതെതെല്ലും, പ്രസക്തി-
പ്രവാസം[3]—പൃഥഗ്വാസം[4] ആഹന്ത! ചെയ്തു.

സന്ദേശം

കലാഭ്യാസമെന്യേ കലാപൂർണ്ണനായി;
ഫലാപേക്ഷയില്ലാത്ത ഭക്താഗ്ര്യനായി;
സുലാവണ്യലാളിത്യസന്ദേശകോലാ-
ഹലാഹ്ലാദമങ്ങെ[5]ങ്ങുദിക്കാതിരുന്നൂ?

പവിത്രാർഷ സംസ്ക്കാരഫലങ്ങാനിനാദം
ശ്രവിച്ചാശു പാശ്ചാത്യപാഷാണ്ഡകന്മാർ,
അവിശ്വാസമെല്ലാമുപേക്ഷിച്ചു, സാധു-
ച്ഛവിച്ഛായയിൽച്ചെന്നു സംരക്ഷനേടാൻ.

---

1. ശുശ്രൂഷണത്തിൽ ക്ഷീണമുണ്ടാകാത്ത അമ്മ—എത്ര ശുശ്രൂഷിച്ചാലും മതിയാകാത്തമ്മ—

2. ശിവാർത്ഥം = കൈവല്യത്തിനായിക്കൊണ്ട്

3. പ്രസക്തിപ്രവാസം = സ്നേഹസമ്പൂർണ്ണമായി ഒന്നിച്ചുള്ളവാസം.

4. പൃഥഗ്വാസം = പൃഥക്ശയനാദിചര്യാക്രമം സ്വീകരിച്ചതിനാൽ പ്രത്യേകം പ്രത്യേകമുള്ള ആദ്ധ്യാത്മിക ജീവിതചര്യ.

5. അങ്ങ് = ഭവാൻ.

നരേന്ദ്ര[1] പ്രഭുശ്രേഷ്ഠർ, നാനാമതക്കാർ
നരേന്ദ്രൻ[2] തുടങ്ങിപ്പലേ നാസ്തികന്മാർ
പരേദ്യുഃ[3] തദീയാശ്രമത്തിൽ, സുമത്തിൽ
ദ്വിരേഫങ്ങൾ[4] പോലെത്തി,യുൾക്ഷുത്തടക്കാൻ

മിഴിക്കീശ്വ[5]രോജസ്സു സാക്ഷാൽകരിക്കാൻ,
വഴിത്താരകാണിച്ചവക്കുൾക്കളത്തിൽ,
ഒഴിച്ചാശുസന്ദേഹം; ആത്മോപദേശം
വഴിക്കേവരേയും ഭവാനനുഷ്ഠിച്ചാൻ.

പുമാൻ സ്ത്രീ വിഭേദം മറക്കാൻ, ഭവാൻ, വി-
ഭ്രമാരമ്യ ഭൂഷാവിശേഷാംബരങ്ങൾ,
സുമാല്യങ്ങളും ചാർത്തി,യാശ്ചര്യനാരീ-
സമാനാകൃതിക്കോല[6]മംഗീകരിച്ചാൻ.

നരൻ,[7] ബാലകൃഷ്ണൻ, നിബി, ക്രിസ്തുദേവൻ,
സ്ഫുരദ്രൂപനാം രാമൻ—ഏതാദൃശന്മാർ-

---

1. നരേന്ദ്രന്മാർ = രാജാക്കന്മാർ.

2. നരേന്ദ്രൻ എന്നതു് വിവേകാനന്ദസ്വാമിയുടെ പേർ.

3. പരേദ്യുഃ = സന്ദേശഘണ്ടാനിനാദശ്രവണത്തിൻെറ പിറേറന്നാൾ അതായതു് ക്ഷണത്തിൽ.

4. സുമത്തിൽ വണ്ടുപോലെ, ഇവരെല്ലാം ആശ്രമത്തിൽ വന്നതു് ഉൾക്ഷുത്തടക്കാനായിരുന്നു. ഇവരുടെ ക്ഷുത്തു് ആദ്ധ്യാത്മികമായിരുന്നു.

5. ഈശ്വരനെ നേരേ കണ്ണിനുകാണണമെന്നായിരുന്നു നരേന്ദ്രൻെറ ശാഠ്യം. അതു ഭഗവാൻ സാധിപ്പിച്ചുകൊടുത്തു.

6. പുരുഷൻ സ്ത്രീയുടെ വേഷംകെട്ടിയാൽ, അതു ഒരു "കോല"മായിരിക്കുമല്ലൊ.

7. നാരനാരായണന്മാരിൽ നരൻ.

പരബ്രഹ്മദിവ്യാവതാരങ്ങളാണെ-
ന്നരച്ചൂ ഭവാൻ, സ്വാനുഭൂതിക്രമത്താൽ.[1]

നരേന്ദ്രാവരോഹണം

[2]ഭവാൻ ശ്രീ നരേന്ദ്രന്റെ ഭാവിപ്രഭാവം
സ്വവാമേക്ഷണംകൊണ്ടു കണ്ടാശുനേരിൽ,
നവാനന്ദസന്ദേശവാഹിത്വഭാര-
പ്രവാകാഭിഷേകം പ്രഘോഷിച്ചു ചെയ്തു.

പ്രാർത്ഥന

[3]അയേ, രാമകൃഷ്ണപ്രിയേ, ശാരദാംബേ,
[4]ഭയേർഷ്യാഭവാതങ്കമില്ലാതെ വാഴാൻ,
[5]ക്രിയേച്ഛാവബോധസ്വരൂപേ, സുഭക്ത-
പ്രിയേ, നിങ്ങളെത്താണു വന്ദിച്ചിടുന്നേൻ.

പ്രഭോ, രാമകൃഷ്ണ, പ്രകാശിക്ക, ചേതോ-
നഭോവീഥിയിൽ, ചാരുചന്ദ്രാഭനായി;

---

1. സ്വാനുഭൂതിക്രമത്താൽ = ശ്രീരാമകൃഷ്ണദേവൻ യഥാക്രമം നരനായും, ബാലകൃഷ്ണനായും, നബിയായും, ക്രിസ്തുവായും, ശ്രീരാമനായും മററും സങ്കല്പാവതാരപുരുഷന്മാരായി സ്വാനുഭൂതി വരുത്തിയിരുന്നുവല്ലോ.

2. തന്റെ സന്ദേശത്തെ വഹിക്കുന്നതിനുള്ള ചുമതല പ്രവാചകൻ (വിളിച്ചുപറയുന്ന ആൾ) എന്ന നിലയിൽ നരേന്ദ്രനെ ഏല്പിച്ച് ഒരഭിഷേകകർമ്മം ഘോഷിച്ചു നടത്തി.

3. ഈ ശ്ലോകം ശാരദാംബയെ പുരസ്കരിച്ചുള്ള പ്രാർത്ഥനയായി പ്രത്യേകം എടുക്കാം. "ത്വമപ്യാം ബതാതപശ്യ" എന്ന ശിവഭുജംഗസ്തോത്രത്തിൽ ഭഗവതിയോടു പ്രത്യേകം ചെയ്തിട്ടുള്ള പ്രാർത്ഥന നോക്കുക.

4. രാമകൃഷ്ണ, പ്രിയേ; എന്നു പ്രത്യേകം സംബോധനകൾ ചെയ്കയാണെങ്കിൽ രണ്ടുപേരെയുംപററി ഒന്നിച്ചുള്ള പ്രാർത്ഥനയായും എടുക്കാം.

5. "ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തിസ്വരൂപിണീ" എന്ന ലളിതാംബികാ സഹസ്രനാമം സ്മര്യം.

കളോഗാഭിലാഷം നശിപ്പിച്ചു നിത്യം,
വിഭോ, ഞങ്ങളെക്കാക്കുവാൻ കൈതൊഴുന്നേൻ.

ഫലശ്രുതി

സ്വയം രാമകൃഷ്ണസ്തവം, നേരെയുള്ളം
നിയന്ത്രിച്ചുനാമന്തിതോറും ജപിച്ചാൽ,
ജയംവന്നു ചേരുന്നുവെന്നല്ല, മോക്ഷോ-
ദയം സംഭവിക്കുന്നു സന്ദേഹമില്ല.

★

# ശ്രീശങ്കരാചാര്യർ

## വ്രതാനുഷ്ഠാനം

അസന്താനതാക്ഷേപ വിക്ഷേപണത്താ-
ലസഹ്യാധിബാധിച്ചൊരന്തർജ്ജനങ്ങൾ,
പ്രസൽപ്രീതി സമ്പാദനാർത്ഥം, ഗിരീശ-
പ്രസന്തർപ്പണംചെയ്തു, സേവാബലത്താൽ.

അപത്യാഭിലാഷ വ്രതാന്ത്യത്തിലാത്മ-
പ്രപന്നാനുകമ്പാർദ്രമായി,ക്കിനാവിൽ,
സുപത്മേക്ഷണയ്ക്കന്നുകാണായി,തുദ്യൽ-
കപർദ്ദിസ്വരൂപപ്രഭാപുഞ്ജമാരാൽ-

## വരദാനം

"സുഗർഭം ധരിച്ചെന്റെ ഭക്ത,ത്വദീയ-
പ്രഗത്ഭാത്മസൗഭാഗ്യ പുണ്യോദയത്താൽ,
പ്രഗണ്യപ്രശസ്തിക്കു പാത്രീഭവിക്കും,
ജഗത്തംബ, നീ നന്ദനാനന്ദലാഭാൽ,"

സരോജായുധാരാതിയാശിസ്സിവണ്ണം,
ശിരോദത്ത ഹസ്താരവിന്ദാഭനായി,
സരോജായതാക്ഷിക്കു നൽകി,ക്ഷണത്തിൽ
തിരോധാനവുംചെയ്തു തീർത്ഥാത്തമാംഗൻ.

## അവതാരം

പ്രസൂനാംഗിദേവിക്കു, ദിവ്യാഭിരാമ-
പ്രസൂതി പ്രകാശസ്ഫുരല്ലക്ഷണങ്ങൾ,

സുസൂക്ഷ്മക്ഷണം കൊണ്ടു കണ്ടൂ,തദാനീ-
മസൂയാകുലാഭ്യർണ്ണയോഷാജ്ജനങ്ങൾ.

അവിശ്രാന്തമാം ഭക്തിയോടും,പ്രരൂഢ-
പ്രവിശ്വാസപൂർവ്വം, ശിവാനുഗ്രഹത്തിൽ,
സുവിപ്രാംഗനാമൗലിവാണാൾ; സ്വയംഭൂ-
പവിത്രാവതാരം ഭവിച്ചൂ ജഗത്തിൽ!!

പെരുംവാഹിനിക്കുള്ള തീരത്തുനാനാ-
തരുശ്രീലതാമണ്ഡിതഗ്രാമഭൂവിൽ,
പുരബ്രഹ്മതേജോമയാഢ്യാലയത്തിൽ
കുരുത്താൺകിടാവേ, തൊഴുന്നേൻ, തൊഴുന്നേൻ.

ത്വദീയാവതാരത്തിലഭ്യാശഗംഗാ-
നദീദേവികല്ലോല കോലാഹലത്താൽ,
സുദീർഘാത്മഗീതങ്ങൾ പാടി;പ്രഭാതം-
പ്രദീപങ്ങളാലന്ധകാരം തകർത്തു.

പതംഗങ്ങൾപാടിക്കളിച്ചൂ; സമീപ-
സ്ഥിതക്ഷേത്രഘണ്ടാവിശേഷം ധ്വനിച്ചൂ.
സ്വതസ്സൂനസൗരഭ്യമെങ്ങും തഴച്ചൂ;
സ്വതന്ത്രാനിലൻ മന്ദമന്ദം ചരിച്ചൂ.

സ്വതാതാവതാരത്തിലന്തർജ്ജനം, സം-
ഭൂതാനന്ദരോമാഞ്ചമഞ്ചാതണിഞ്ഞൂ;
പിതാവാത്മഹാർഷാശ്രുസമ്പന്നവർഷാf-
മൃതാപ്ലാവനത്താൽ മൂജ്ജാഭിഷിക്തനായി.

ക്ലേശാനുഭവം

ദരിദ്രാർത്തിയാർന്നുള്ള മാതാപിതാക്കൾ-
ക്കിരിക്കാൻ ഗൃഹംപോലുമില്ലാത്തമട്ടിൽ,

ഇരിക്കെ,ക്കമാരൻെറ സംരക്ഷണത്തിൽ
പരിക്ലേശമത്യന്തമുണ്ടായിരുന്നു.

സ്വവർഗ്ഗീയരാമാഢ്യർ, ഏതാണ്ടുദോഷം
പ്രവൎത്തിച്ചപോലിക്കുടുംബത്തെയാരാൽ,
പ്രവർജ്ജിച്ചമൂലം, മനഃക്ലേശഭാരം
പ്രവൎദ്ധിച്ചുസാധുക്കളൊഹന്ത! വാണു.

കൃതാമിത്രവിദ്വേഷജാതങ്കശല്യം
പിതാവിൻെറ ആരോഗ്യഹാനിക്കുമേന്മേൽ,
ശിതാസ്ത്രാഗ്രമായിട്ടു തീൎന്ന,ദ്വിജന്മാ-
കൃതാന്താശ്രമത്തിൽ സ്വയം ചെന്നുചേർന്നു.

നിരാലംബയായ്തീൎന്ന മാതാവു, നാനാ-
ദുരാചാരവർഗ്ഗീയ ദുശ്ശാസനത്താൽ,
സ്വരാതിദ്വിജഭ്രഷ്ടയായി, സ്വഗേഹ-
സ്ഥിരാവാസമില്ലാതെ വല്ലാതുഴന്നു.

സവൎണ്ണാഢ്യനിഷ്കാസനത്തിൽ,സുവർണ്ണ-
യ്ക്കവൎണ്ണാംഗസാധുക്കളോരോ സഹായം
അവസ്ഥാനുസാരം തദാചെയ്തു;ജാതി-
വ്യവസ്ഥാവിശേഷങ്ങളന്നേവിചിത്രം!

## വിദ്യാഭ്യാസം

നിരാശപ്പെടാതല്ലിതെന്നാലു,മന്നാ-
ളൊരാചാര്യ്യഗീർ വാണ വിദ്യാലയത്തിൽ,
പരാപേക്ഷകൂടാതെ ചേൎന്നുപഠിച്ചു,
നിരാക്ഷേപമുത്സാഹപൂർവ്വം, കുമാരൻ.

"അപത്ഥ്യാപ്തമാം ഭക്ഷണത്തോടു,വാണീ-
സപത്ഥ്യാശ്രമം, ബാലനാരോഗ്യദാർഢ്യം

വിപത്തിൽപതിപ്പിക്കും—"—എന്നീഭവിഷ്യ-
ദ്വിപശ്ചിത്തുകാണിച്ചു ദൃഷ്ടാന്തമായി.

അയിജ്ഞാനസമ്പാദനത്തിൽപ്രയത്നി-
ച്ചുയിത്തായിദേവരാകുമാരോഗ്യമന്നാൾ,
ക്ഷയിച്ചെങ്കിലും, താവകീയാഭിലാഷം
ജയിച്ചു; ഭവാൻ പണ്ഡിതശ്രേഷ്ഠനായാൻ.

## സന്യാസം

വയസ്സേഴുമെട്ടും തികഞ്ഞപ്പൊളേററം-
പ്രിയപ്പെട്ടമാതാവിനശ്രുപ്രവാഹം
നിയന്ത്രിച്ചുതത്തേവ്യാപദേശാൽ, ഭവാൻ, വൈ-
ജയന്തിക്കകാഷായ വസ്ത്രം ഗ്രഹിച്ചാൻ.

## തീൎത്ഥാടനം

"സമസ്താപരാധം ക്ഷമിച്ചാലുമമ്മേ,
നമസ്കാരം"—എന്നാത്രയാത്രാമുഖത്തിൽ,
സമൎപ്പിച്ചുസന്യാസിബാലൻ, ഗൃഹംവി-
ട്ടമന്ദം പുറപ്പെട്ടു, പുണ്യാത്മശീലൻ.

വനേസഞ്ചരിച്ചും, വരേണ്യാപഗാജീ-
വനേമജ്ജനംചെയ്തുമീയാർഷഭൂവിൽ,
അനേകപ്രദേശങ്ങൾ ദർശിച്ചു, തീൎത്ഥാ-
ടനേകാഗ്രതാല്പര്യപൂൎവ്വം,പ്രബുദ്ധൻ.

ഹരിദ്വാരമുഖ്യാഭിവാരാണസിശ്രീ-
ഹരിദ്വാരമുദ്രാങ്കവൃന്ദാവനാദി-
വരിഷ്ഠാഭമാം പുണ്യസമ്പൂർണ്ണനാനാ-
പരിജ്ഞാനകേന്ദ്രങ്ങൾ—ദർശിച്ചുദേവൻ,

ഒരോരോപ്രദേശത്തു മദ്ധ്യാത്മചിന്താ-
പരോദഗ്രവേദാന്ത വാദാങ്കണത്തിൽ,

വിരോധിച്ച വിദ്വജ്ജനങ്ങൾക്കു,ലജ്ജാ-
കരോദ്വേഗവിഭവമല്ലോഭവിച്ചു!

സ്വമേധാവിധേയത്വമാർന്നുവിശേഷി-
ച്ചമേയാത്മവിജ്ഞാനകോശാർത്ഥമെല്ലാം.
ക്രമേണാത്മശിഷ്യപ്രശിഷ്യപ്രശിഷ്യാ-
സമേതൻ ഭവാൻ ശങ്കരാചാര്യനായാൻ.

മാതൃനിര്യാണം

ഇടയ്ക്കന്നൊരിക്കൽ ഭവാൻ ദിവ്യദൃഷ്ടി-
സ്ഫുടക്കാഴ്ചയാൽ, അമ്മശയ്യാതലത്തിൽ
കിടക്കുന്നു രോഗാർത്തയായെന്നു കണ്ടി-
ട്ടുടൻ, തൽസമീപത്തു വന്നെത്തിയല്ലോ.

ജനിത്രിക്കുവേണ്ടുന്ന ശുശ്രൂഷയെല്ലാം
തനിച്ചാചരിച്ചാത്മശാന്തിക്കുമപ്പോൾ,
മുനിശ്രേഷ്ഠമൗലേ, "ഭുജംഗപ്രയാത"-
ധ്വനിസ്തോത്രരത്നങ്ങളങ്ങാരചിച്ചു.

പ്രിയപ്പെട്ടമാതാവിനന്ത്യശ്മശാന-
ക്രിയയ്ക്കന്നു, ചേരാതെയാഢ്യദ്വിജന്മാർ,
കയർത്തീർഷ്യയാൽമാറി; ആശങ്കയെന്യേ,
സ്വയം പ്രേതകാര്യങ്ങളങ്ങാചരിച്ചു.

പണിക്കക്കുമമ്പിട്ടുനം ശുദ്ധികർമ്മ-
പ്പണിക്കുണ്ടിതർഹത്വമെന്നാക്കിവച്ചു;
ഗണിക്കാതെ പൂർവ്വദ്വിജാചാരമങ്ങാ-
പ്പണിക്കൊന്നിനും ജാതിഃവണ്ടെന്നുവച്ചു

സഹായിച്ച/വർണ്ണാംഗസാധുക്കളായി
സഹാഹാരവുംചെയ്തു, സൗഭ്രാത്രബന്ധം

മഹാത്മാഭവാനാസ്ഥകൈക്കൊണ്ടു: വിദ്വ-
ദ്വിഹാരങ്ങളെന്തൊക്കെയെന്നാരറിഞ്ഞു!

സവർണ്ണാധിപത്യം സമുൽപാടനംചെ-
യ്തിവണ്ണം സമാരാദ്ധ്യസന്യാസിവയ്യൻ,
സുവർണ്ണാഭകോല്യം സമത്വപ്രതിഷ്ഠോ-
ത്സവശ്രീപതാകാവിതാനം കഴിച്ചു.

ഹിന്ദുമതപുനരുദ്ധാരണം

ജിനദ്ധ്വാന്തബൌദ്ധാന്ധവിശ്വാസമിത്ഥ്യാ-
ജനങ്ങൾക്കിടയ്ക്കുന്ന വേരൂന്നിനിന്നു;
അനർഘാഭമാംഹിന്ദുസംസ്കാരസമ്യക്-
പുനഃസ്ഥാപനം വേണ്ടതായിട്ടിരുന്നു.

കലാപ്രണയം

തദർത്ഥം പ്രയത്നിച്ചു, മാനന്ദസാന്ദ്ര-
പ്രദപ്രൗഢസാഹിത്യസമ്പാദനത്തിൽ,
ഉദഗ്രശ്രമംചെയ്തു മുൽകൃഷ്ടഭാഷാ-
വിദഗ്ദ്ധാർച്ചനയ്ക്കുണ്ടു പാത്രീഭവിച്ചു

സർവ്വജ്ഞപീഠാരോഹണം

ശുഭാദർശസാഹിത്യ സംഗീതശാസ്ത്ര-
സ്വഭാവ പ്രബോധാവധാനം നിമിത്തം,
സഭായോഗ്യ സർവ്വജ്ഞപീഠത്തിലേറി-
പ്രഭാസിച്ച വിജ്ഞാനമൂർത്തേ,തൊഴുന്നേൻ

പ്രേഷണം (mission)

സ്വദേഹക്ലമത്തെഗ്ഗണിക്കാതെ, തത്വോ-
പദേശപ്രകാശം പ്രകാമംപരത്താൻ

വിദേശാടനം ചെയ്തു വീണ്ടും പദേ,ഹാ!
ഉപദേശാടകം ചാരു കാഷായമേന്തി.

വീണ്ടും കലോപാസനം

വിശിഷ്ടങ്ങളായുള്ള ഭാഷ്യങ്ങൾ, തേൻപോ-
ലശിച്ചാസ്വദിക്കേണ്ട സങ്കീർത്തനങ്ങൾ;
വിശിഷ്യപ്രമാണ പ്രബന്ധങ്ങളും—പേർ-
നശിക്കാത്ത സാഹിത്യ മങ്ങാരചിച്ചു

വിദ്യാപീഠ സംസ്ഥാപനം

കലാശ്രീമഠങ്ങൾക്കു കാഞ്ചീപുരാദി-
സ്ഥലാളിജ്ഞ കേന്ദ്രങ്ങളംഗീകരിച്ചു;
സ്വലാഭേച്ഛയെന്യേ ഭവാൻ വേദവിദ്യാ-
വിലാസം വികാസം വരിക്കാൻ ശ്രമിച്ചു.

യോഗശക്തി

വിമാനങ്ങൾ, തീവണ്ടി, മോട്ടോറു, വിദ്യുൽ-
ഭമാവേഗസംയാത്ര—സംക്ഷേപണങ്ങൾ-
സുമാർഗ്ഗങ്ങളിത്യാദിയില്ലാത്തകാല-
ത്തമാന്തിച്ചതില്ലങ്ങു യോഗാഗമത്തിൽ.

ഹ്രസ്വജീവിതം

തുലോം ഹ്രസ്വമായുള്ളൊരായുസ്സിനുള്ളിൽ,
കലോപാസനം ചെയ്തവിശ്രാന്തനായി
പ്രലോഭങ്ങളെന്യേ പ്രണാമാർഹവിദ്വൽ-
കുലോത്തംസമായീ ഭവാൻ, ഭാസുരാത്മൻ.

സമാധിക്കുശേഷം

സമാധിക്കുശേഷം സഹസ്രം സമുദ്യൽ-
സമാസംഭ്രമാവർത്തനം സംഭവിച്ചു;

സമാരാദ്ധ്യനായിട്ടു തീരുന്നു ഃമന്മേൽ,
ക്രമാൽശങ്കരൻ––ശങ്കരാചാര്യവര്യൻ–

### കൃതജ്ഞത

കലാനാഥ ചൂഡാമണേ, കമ്രമേധാ–
വിലാസോജ്ജ്വലന്നിത്യ സാഹിത്യകാരിൻ;
സുലാവണ്യമോലും ത്വദീയാത്മചിന്താ–
ഫലാസ്വാദനത്താൽ കൃതാൎത്ഥൻ, വിഭോ, ഞാൻ,

### ഫലശ്രുതി

ചരിത്രാൎത്ഥരൂപത്തിലിസ്തോത്രമാരു–
ച്ചരിക്കുന്നിതായാളനായാസമെന്യേ,
ശരിക്കന്ധകാരം നശിച്ചാത്മബോധം–
സ്ഫുരിക്കും മനോജ്ഞം, മനോമണ്ഡലത്തിൽ

★

# ക്രിസ്തുദേവൻ

## ഉപക്രമം

ധരാഖണ്ഡ ഖണ്ഡങ്ങളിൽ, ഭൂരിഭാഗ-
സ്ഥരാമാളുകൾക്കാദരിച്ചാചരിക്കാൻ,
വിരാജന്മതസ്ഥാപനം ചെയ്ത വിശ്വേ-
ശ്വരാകാരനാം ക്രിസ്തുവെക്കൈതൊഴുന്നേൻ.

തപസ്സും, തനിബ്രഹ്മചാരിത്വവും, സൽ-
പ്രപന്നാനുകമ്പാവിശേഷാനുപൂർവ്വം,
സപത്നാനുഷംഗത്വവും പൂണ്ട വിദ്വൽ-
സപര്യാർഹനാമേശു യോഗീന്ദ്രനല്ലോ.

അനാഡംബരത്വം, സുലാളിത്യമോടൊ-
ത്തനാഘ്രാതപുഷ്പാത്മ വൈമല്യഭാവം,
ധനാഭീഷ്ടരാഹിത്യപൂർവ്വം, തപസ്യാ-
ധനാഭിഖ്യയും ക്രിസ്തുകൈക്കൊണ്ടിരുന്നു.

കൃപാവാരിധേ, ക്രിസ്തുദേവ, ത്വദീയ-
പ്രപാപാപഹാനന്ദഗീതാശ്രയത്താൽ,
ശ്വപാക ദ്വിജന്മാരസംഖ്യം, വിനാശ-
പ്രപാതം ഭവിക്കാതെ ഭവ്യത്വമാർന്നു.

തവാദ്വൈത വാദത്തിലാനന്ദഗീത-
സ്തവാദർശബിംബം പ്രകാശിച്ചിടുന്നു;
ഭവാതങ്ക ശാന്തിക്കു, തദ്ധ്വനാർത്ഥ-
പ്രവാഹാമൃതത്തിൽ പ്രമജ്ജിക്കണം നാം.

പരിഭ്രാന്ത പാപിഷ്ഠനും, ഹാ! സക്യൽത്വൽ-
ഗിരിപ്രോക്തസന്ദേശസാരം ഗ്രഹിക്കിൽ,
സ്ഫുരിച്ചിട്ടമദ്ധ്യാത്മതേജസ്സു, കൈക്കൊ-
ണ്ടിരിക്കാം മഹാപുണ്യസിംഹാസനത്തിൽ

## അവതാരം

വഴിക്ലേശമോടൊത്തുവാടി, സ്വഭാവാ-
ലൊഴിക്കാവതല്ലാ പ്രസൂതിപ്രപീഡ
വഴിക്കെത്തവേ, ദേവി ഗോശാലവൃകി-
ക്കഴിഞ്ഞപ്പൊഴുണ്ടായൊരുണ്ണീ, തൊഴുന്നേൻ.

നഭോമണ്ഡലത്തിങ്കലത്യുച്ചമായി-
ശ്ശുഭോദർക്കമാ മേകതാരം വിശേഷാൽ,
പ്രഭോൽകൃഷ്ടശീതാംശു വീശിത്തെളിഞ്ഞു,
പ്രഭോ, ത്വൽപ്രശാന്താവതാരാന്തരത്തിൽ.

ചിദാനന്ദരൂപ, ത്വദീയാവതാര-
പ്രദാഹ്ലാദ സമ്പൂർണ്ണമായന്തരീക്ഷം
തദാ കാണുമാറായ്; ദുരാചാര ചിന്താ-
മദാന്ധർക്കുമുണ്ടായി മാഹാത്മഭാവം

ത്വദാത്മാവതാരത്തി ലാശിസ്സു,രയ്ക്കാ
നദാരാഷ പൗരസ്ത്യ വിദ്യാധരന്മാർ,
മുദാവന്നു, വാസസ്സമസ്രഗ്വിഭൂഷാ-
പ്രദാനങ്ങൾ ചെയ്താർ, പ്രണാമങ്ങൾ ചെയ്താർ.

## ശൈശവവും ബാല്യവും

സുകന്യാ മണിസ്തന്യപാനം, പ്രഹർഷ-
പ്രകർഷാന്വിതംചെയ്തു, മുന്യാശ്രമത്തിൽ,
മകൻ—ക്രിസ്തു—നാകാധിനാഥന്റെ സാക്ഷാൽ-
മകൻ—മന്ദമന്ദം മനോജ്ഞം വളർന്നു.

കുമാരൻ, ക്രമാൽ കൂട്ടുകാർക്കൊക്കെ യുദ്യൽ-
സമാനന്ദലീലാ വിനോദോദ്യമത്തിൽ,
സമാരാദ്ധ്യനായ്ത്തീൎന്നു; സംഗീത നൃത്യ-
ശ്രമാവിശ്രമോത്സാഹമാത്സര്യമാൎന്നു.

സദഭിക്ഷാൎജ്ജനാൎത്ഥം പിതാവിന്റെ നിത്യ-
പ്രഭിന്നപ്രദേശ പ്രയാണപ്രിയത്താൽ,
ലഭിച്ചില്ല വിദ്യാലയാഭ്യാസം; എന്നാ-
ലഭിജ്ഞാഗ്ര്യനായ്സൂനു സൂക്ഷ്മേക്ഷണത്താൽ.

അത്ഭുതകൃത്യങ്ങൾ

പിരിഞ്ഞുത്സവത്തിൽ പിതാവോടു മാതാ-
വെരിഞ്ഞുള്ളമേന്തി, ത്തിരഞ്ഞെത്തിടുമ്പോൾ,
ഇരിക്കുന്നു വാദത്തിലേൎപ്പെട്ടു, ബാലൻ
പരിശ്ലാഘ്യമാം ക്ഷേത്രവിദ്വത്സദസ്സിൽ.

പരിത്രസ്തരാം പണ്ഡിതംമന്യരീൎഷ്യാ-
പരിഭ്രാന്തരായാർ, പരീഹാസ്യരായർ;
ഹരിക്കുട്ടിയെക്കണ്ടു പേടിച്ചൊതുങ്ങി-
ക്കരിക്കുട്ടരെപ്പോലെ നിശ്ശബ്ദരായാർ.

"പിതാവേ, വിയോഗാൎത്തിയെന്തിന്നു? സാക്ഷാൽ
പിതാവിന്റെ കാൎയ്യത്തിലേൎപ്പെട്ടിരുന്നു;
ഇതാ ഞാനിനിപ്പോകനാം"—എന്നു മന്ദ-
സ്മിതാൎദ്രം കഥിച്ചോമനേക്കൈതൊഴുന്നോൻ.

വിരുന്നിന്നൊരേടത്തു വീഞ്ഞത്രപോരാ-
തിരുന്നാൎത്തനായ് സാധുവാതിഥ്യകാരൻ;
തിരുപ്രാഭവത്താലതുണ്ടാക്കി, ലോപം-
തിരുത്തിക്കൊടുത്തു ഭവാൻ, ഭക്തദാസൻ.

ഒരിക്കൽ ഭവാൻ, ജാതവാതവ്രണത്താൽ
മരിക്കാനടുത്താളിനാരോഗ്യസൗഖ്യം
ശരീരക്കേകി; ഹാ! കേവലാനുഗ്രഹോക്തി-
ച്ഛുരിസ്നേഹ ശസ്ത്രപ്രയോഗക്രമത്താൽ.

പ്രിയാ/കാലനിർയ്യാണ സംജാതതീവ്രാ/
മയാ/മഗ്നയാം സ്ത്രീ, പുനഃ പുത്രദുഃഖാൽ,
ഭയാക്രാന്തയായ്ത്തീർന്നനേരത്തു, വീത-
പ്രയാസം ഭവാൻ ജീവനുണ്ണിക്കുചേർത്തു.

മഹാശ്ചര്യ്യ കർമ്മങ്ങളേവം, മനീഷാ-
വിഹാരങ്ങളോരോന്നു യോഗീന്ദ്രസാദ്ധ്യം,
മഹാത്മാ ഭവാൻ ചെയ്തു; ദീനാർത്തരക്ഷാ-
സഹായാർത്ഥം, അല്ലിന്ദ്രജാലങ്ങളൊന്നും.

തപസ്സ്

മനശ്ശാന്തിയും, മാതൃകാജീവചര്യ്യാ-
ധനപ്രാപ്തിയും, തുല്യഭാവതപൂർവ്വം
പുനശ്ശർമ്മ ദുഃഖങ്ങളിൽ, പ്രാപ്തമാവാൻ
വനത്തിൽ തപംചെയ്തു ശംഭോ, തൊഴുന്നേൻ.

സദാമണ്ഡലാന്തം, തപോനിഷ്ഠനായി-
സ്സദാഹാരനിദ്രാദികൂടാതെ നിത്യം,
സദാചാരമാർഗ്ഗം തെളിച്ചിട്ടു, സച്ചിൽ
സ്സദാനന്ദമാർന്നേശ സംസേവ്യനായാൻ.

അസന്നിദ്ധമായ് സർവ്വതന്ത്രസ്വതന്ത്ര-
പ്രസന്നാശയം, സാധുസംസേവനാർത്ഥം
സ്വസന്ന്യാസമൂലം ലഭിച്ചാത്മവിദ്യാ-
സുസമ്പന്നനായേശ ശോഭിച്ചു മേന്മേൽ.

## പരിവ്രാജകത്വവും കാഹളാഹ്വാനവും

പ്രപാപാപഹാരോപദേശാത്തസേവാ—
വിപാകത്വമുണ്ടായി വിശ്വൈകവന്ദ്യൻ
സ്വപാദം പരിവ്രാജകാദ്ധ്വാവിലൂന്നി—
കൃപാപൂർവ്വമെങ്ങും ഭവാൻ സഞ്ചരിച്ചു.

ഇടയ്ക്കുള്ളൊരീലോകമാഹന്ത! പാപ—
ക്കടൽക്കുള്ളിലാമഗ്നമാണെന്നു,മെന്നാൽ
കടത്താനൊരാൾ താൻ—ഭവാൻ—താനതെന്നും
സ്ഫുടം ശുദ്ധസാഹിത്യഭംഗ്യാകഥിച്ചു.

വൃഥാസ്ഥൂലമാക്കാതെ, വിദ്യാവിഹീന—
ർക്കായാസമില്ലാതെ നേരേഗ്രഹിക്കാൻ
കഥാരൂപമായിക്കഥിച്ചൂ ഭവാൻ, സ്വ—
പ്രഥാസ്ഥാനമർഹിക്കു മദ്ധ്യാത്മശാസ്ത്രം.

പണക്കാരുമെന്നല്ല, fനാചാരനിന്ദ്യാf—
പണസ്ഥാപകന്മാരുമാശങ്കമൂലം,
പിണങ്ങി, ത്വദീയാത്മനാശം വരുത്താ
നുണർന്നൂററമായിത്തടിച്ചൊത്തുകൂടി.

തൃണംപോലിതെല്ലാംഗണിച്ചും, ജഗത്തിൻ
വ്രണം മാററുവാനാത്ത ശുശ്രൂഷചെയ്തും,
ഗുണസ്ഥാപനാർത്ഥം പ്രയത്നിച്ച ശംഭോ,
തുണച്ചെന്റെപാപം തുരത്താൻ തൊഴുന്നേൻ.

വലത്തെക്കപോലം തകർക്കുന്നതായാ—
ഛലംഭാവമില്ലാതിടത്തേത്തു കാട്ടാൻ,
അലംഘ്യോപദേശം പ്രകീർത്തിച്ച സഹ്യാ—
ചലസ്ഥാണുമൂർത്തേ, പ്രസാദിക്കയെന്നിൽ.

### ശിഷ്യവാത്സല്യം

കൊതിച്ചുല്പമാത്രം ധനം, തന്റെ ശിഷ്യൻ
ചതിച്ചപ്പൊഴും ചാരുമന്ദസ്മിതത്താൽ
മതിസ്നേഹദാർഢ്യം തെളിച്ചു,ക്കരുക്കിൽ
പതിച്ചേശുദേവൻ, പരത്യാഗിരാജൻ.

അടുത്താശ്ശിഷ്യൻ, "നമസ്തേ, ഗുരോ" എ-
ന്നടുത്താശു ചെമ്പോൽ കപോലാംബുജത്തിൽ,
ചുടും ചുംബനംചെയ്തു; ചൂളപ്പുകച്ചിൽ-
ക്കടും നീററലക്കെങ്ങനയ്യോ! സഹിച്ചു.

വെറും വെള്ളിയഞ്ചാറു കിട്ടട്ടെ, വേട-
ക്കറുംകള്ളനാം ശിഷ്യനെന്നോർത്തിരിക്കാം,
വെറുക്കാതഹോ! പ്രാണദാനം നിജായു-
സ്സറുത്തല്ലയോ ക്രിസ്തുദേവൻ കൊടുത്തു?

### ക്രൂശാരോഹണം

കഴുത്തണ്ടുകയ്യിൽ ധരിപ്പിച്ചു, തള്ളി-
ക്കഴുത്തിൽപിടിച്ചാശു, തുപ്പിക്ഖലന്മാർ,
മുഴുക്കെക്കളിപ്പിക്കെ,യദ്ധ്യാത്മതേജ
സ്സഴക്കററതാണെന്നു കാണിച്ചു ദേവൻ.

വലിച്ചിട്ടിഴയ്ക്കുന്നനേരത്തു, കണ്ണീ-
രൊലിപ്പിച്ചു നില്ക്കുന്ന സാധുക്കളാരാൽ,
ജ്വലിക്കും പരിത്യാഗദിവ്യപ്രകാശ-
സ്ഫുലിംഗം പുറപ്പെട്ടു കണ്ടൂ ഭവാനിൽ.

വിലങ്ങിട്ടു കൈത്തണ്ടുരണ്ടിൽ, കിരീടം-
തലയ്ക്കൊന്നുമുള്ളാൽ ധരിച്ചും, കഴുത്തിൽ
കൊലസ്രക്കണിഞ്ഞും വിരാജിച്ച സത്യാ-
ചലസ്ഥാണുമൂർത്തേ, നമിക്കുന്നിതാ ഞാൻ.

മുറയ്ക്കാണിപാണിക്കുമഞ്ജിങ്ങുമൂന്നി-
ത്തറയ്ക്കുന്നമൂഢൎക്കു്മുശഠാക്ഷരത്തിൽ,
മറയ്ക്കാതെമാപ്പിന്നപേക്ഷിച്ചൊരഞ്ചാം-
മറക്കാതചങ്ങേ മറക്കാതപസ്ഥർ.

സ്വപാർശ്വങ്ങളിൽ തൂങ്ങിനില്ക്കുന്നസാക്ഷാൽ
സ്വപാപക്കുതാപം, തദത്യാഹിതത്തിൽ,
അപാംഗാമൃതത്താൽ ശമിപ്പിച്ചൊരുദ്യൽ-
കൃപാലോ, ഭവൽ പാദപത്മം തൊഴുന്നേൻ.

'നിണം സാക്ഷി'യായെങ്കിലെന്താണു? നീണ്ടാ-
മണൽക്കാട്ടിൽ മന്ദാരവൃക്ഷം കണക്കിൽ,
തണൽക്കാററുവീശിത്തരും ദേവ, വീണ്ടും
വണങ്ങുന്നു, വീണ്ടുംവണങ്ങുന്നു ഞങ്ങൾ.

പുനരുത്ഥാനം

തൊഴുത്തിൽ പിറന്നപ്പൊഴുണ്ടായതേക്കാൾ-
മുഴുപ്രാഭവത്തൊടു, മൂന്നാം ദിനത്തിൽ,
എഴുന്നേററുവന്നാത്മയോഗീന്ദ്ര, നിത്യം
തൊഴുന്നേൻ, തൊഴുന്നേൻ, തൊഴുന്നേൻ, തൊഴുന്നേൻ.

ഉപസംഹാരം

ദയാലോ, ദമാബ്ധേ, ദരിദ്രാർത്തദീനാ-
ശ്രയാനന്ദമന്ദാര, ദേവേശ, നിത്യം,
ക്രിയാവാങ്മനസ്സൃഷ്ടമാമെൻെറ പാപ-
ത്രയാശുദ്ധി ദൂരീകരിക്കാൻ തൊഴുന്നേൻ.

ഫലശ്രുതി

പ്രഭാതത്തിലും, ഭക്തിപൂർവ്വം, പ്രദോഷം-
പ്രഭാതന്തുവീശിത്തുടങ്ങുമ്പൊഴും, നാം,
ശുഭാർത്ഥം ജപിച്ചാകിലിസ്തോത്ര,മെന-
സ്സ്വഭാവം നശിച്ചുന്നതാനന്ദമുണ്ടാം.

☆

# ശ്രീനാരായണഗുരുദേവൻ

## അവതാരം

നിതാന്തം മനശ്ശുദ്ധി പാലിച്ചമാതാ-
പിതാക്കൾക്കു സന്താനസന്തോഷമേകാൻ,
സുതാകാരനായിപ്പിറന്നീശ്വരാത്മാ-
വതാരപ്രകാണ്ഡത്തിനാദ്യം തൊഴുന്നൻ.

## ബാല്യം

ചെറുപ്പത്തിലേതന്നെ ചേതസ്സധർമ്മം
ചെറുത്തു, ചെകുത്താന്റെ ചേട്ടത്തരങ്ങൾ
വെറുത്തു, ഭവാൻ ബാലലീലാസപത്ന്യ
ല്ലറുത്തു ബലാൽജ്ജാതി ശഷ്പാങ്കുരങ്ങൾ.

അയസ്കാന്തചേതോ ഗുണാകർഷണത്താ-
ലയൽക്കാർക്കുമന്യർക്കുമാലോകനത്താൽ,
പ്രിയസ്നേഹസംപൂർണ്ണമാം പാത്രമായി
സ്വയം തീർന്നുവല്ലോ, ഭവാൻ ഭംഗമെന്യേ.

വയസ്യർക്കുമൊന്നിച്ചു വന്ദിച്ചിരിക്കാ-
നയത്തിപ്പടച്ചുള്ള മൺവിഗ്രഹത്തിൽ,
സ്വയംഭക്തി വർദ്ധിക്കയാൽ, ധ്യാനനിഷ്ഠാ-
ലയസ്തബ്ധനായ്ത്തീർന്ന കുഞ്ഞേത തൊഴുന്നേൻ!

പ്രിയപ്പെട്ട മാതാപിതാക്കൾക്കുമേറെ-
പ്രയതിച്ചു ഭൃത്യർക്കുമശ്ശൈശവത്തിൽ,

വിയത്തോടിവന്നങ്ങു ചുംബിച്ചെട്ടക്കാ-
നയത്തീഘയോ കൈകൾ, കൈവല്യദായിൻ!

സ്ഥലത്തെസ്സവർണ്ണക്കിടാങ്ങൾക്കു,മോമൽ-
പ്പുലക്കുട്ടികൾക്കും ഭവാൻ ഭേദമെന്യേ,
ഇലക്കീറുവച്ചപ്പവും, ചോറു,മോരോ-
മലൽക്രീഡയിൽതാൻ വിളമ്പിക്കൊടുത്തു.

കളിച്ചുകളഃസ്നേഹ സംഭാഷണത്താൽ
തെളിച്ചുവയസ്യർക്കു ബോധം മനസ്സിൽ,
ഒളിച്ചുനടന്നങ്ങുമിങ്ങും, വിശേഷി-
ച്ചൊളിച്ചുതവൃക്ഷച്ചുവട്ടിൽ കുമാരൻ.

## വിദ്യാഭ്യാസം

കലാഭ്യാസകാലം സമീപിച്ചുലീലാ-
വിലാസങ്ങൾ, വിദ്യാവിഃനോദോദ്യമത്തിൽ
കലാശിച്ചുനിന്നൂ ഭവാനിൽ; കുളിർപ്പൂ-
നിലാവിൽക്കനൽത്താരകാശുക്കൾപോലേ.

കുടിപ്പള്ളിയാശാൻ്റെ ശിക്ഷയ്ക്കുമമ്പോ-
ടടിക്കാത്തൊരച്ഛൻ്റെ ശിക്ഷയ്ക്കു,മന്നാൾ,
മടിക്കാതമന്ദം വിധേയത്വമാർന്നി-
പ്പൊടിക്കുട്ടിയഭ്യാസമഭ്യാസമാദിച്ചു.

കണക്കോടുമക്കയ്യെഴുത്തൊത്തു,പാരാ-
യണംതൊട്ട പാഠങ്ങളുംകൊച്ചുകുട്ടൻ,
ക്ഷണത്തിൽപഠിച്ചു, ക്ഷമാശീലപൂർവ്വം
വണക്കം സ്വഭാവത്തിലുണ്ടായിവന്നു.

ഗുരുക്കൾക്കു, നിത്യം, ഗുരോ,ത്വന്മനീഷാ-
ഗുരുത്വം, മഹാശ്ചര്യമുണ്ടാക്കിയുള്ളിൽ;

പൃഥുബ്രഹ്മചര്യാവ്രതാസക്തിദാർഢ്യം,
മരുത്സൂനുവെക്കാൾ, ഭവിച്ചൂഭവാനിൽ.

സുസന്മാർഗ്ഗപാഠം പഠിച്ചാശു, സൂക്ഷ്മ-
പ്രസന്നാശയത്വം ഭവാനിൽഭവിച്ചൂ;
അസത്യം, ദുരാചാരമന്യായമെല്ലാം
വിസർജ്ജിക്കുമാറാത്മ ബോധംവളർന്നു.

കുശാഗ്രാശയത്വം, കുലീനത്വ,മേതാ-
ദൃശാദർശശീലാഭിരാമാങ്കുരങ്ങൾ,
പ്രശാന്താവധൂതത്വബീജാന്വിതം,ശ്രീ-
കൃശാംഗൻ, ഭവാനിൽ, തെളിഞ്ഞൂക്രമത്തിൽ.

വളർന്നങ്ങു വന്നപ്പൊഴേക്കേവമാശാൻ
വളംവച്ചുകൊണ്ടായതില്ലെന്നുവന്നു;
കളംമാറിയിക്കൊച്ചു നാരായണൻ, കാ-
ലിളക്കിച്ചുവിട്ടീ, കലാനൃത്തമാടാൻ.

അഹിക്ഷ്വേളജ്ജാതിക്കൊട്ടുംകാട്ടുകത്തി-
ദ്ദഹിപ്പിക്കുമാറുള്ള ദൃഷ്ടിപ്രദീപ്തി,
അഹിംസാവ്രതം ദോഷദൃഗ്വാദദീക്ഷാ-
സഹിഷ്ണുത്വവും ബാലനുണ്ടായിമേന്മേൽ.

## സത്സംഗം

സുസന്ന്യാസി, ചട്ടമ്പിഴയ്ക്കാത്തഹൃദ്യ-
പ്രസന്നാസ്യനാം സ്വാമി "ചട്ടമ്പി" ദേവൻ,
സ്വസംഗത്തിനാൽബാലനദ്ധ്യാത്മലീലാ-
രസസ്വാദനേച്ഛയ്ക്കു നന്മൂർച്ചകൂട്ടി.

നരശ്രേഷ്ഠനാരായണന്മാരുരസ്സോ
ടുരസ്സോടു ചേർന്നാശു നിന്നാശ്രമത്തിൽ,

പരബ്രഹ്മതേജസ്സനന്താവ്യമാംശ്രീ-
പുരത്തിൽപ്രകാശിച്ചുകണ്ടു ജനങ്ങൾ.

വനവാസം

ദ്വിപഃശ്രേഷ്ഠനെക്കണ്ടു വീണ്ടുംപിരിഞ്ഞ-
ദ്വിപശ്രീകുമാരൻ, മറക്കാട്ടിനുള്ളിൽ,
വിപൽഭീതിയെന്യേ ചരിച്ചൂ,ഗജേന്ദ്ര-
പ്രപന്നാത്മമോക്ഷം പ്രസിദ്ധീകരിപ്പാൻ.

പുനരാഗമനവും അന്തർദ്ധാനവും

പുനർദ്ദർശനത്തിൽ ഭവാൻ,പൂർണ്ണവിദ്യാ-
മനഃപാകതയ്ക്കുഗ്ര ദൃഷ്ടാന്തമായി,
ജനങ്ങൾക്കു കാണായി, നീണാളു പിന്നീ-
ടനന്യാത്മസംസ്കാരമാർജ്ജിച്ചുവാണു.

മഹായോഗിയെപ്പോലെ,യേറക്കുറേനാൾ
ഗുഹാവാസമാരും ഗ്രഹിക്കാതിരിക്കാൻ,
വിഹായസ്സിലെങ്ങോ മറഞ്ഞൂഭവാൻ, ത്വ-
വിഹാരങ്ങളാശ്ചര്യമാശ്ചര്യമോർത്താൽ.

പരിവ്രാജകത്വം

ദരിദ്രാർത്തദീനാവനാർത്ഥം ദയാർദ്രം
പരിവ്രാജകത്വം ഭവാൻ സ്വീകരിച്ചൂ.
ഹരിദ്വാരമോളം ഗമിച്ചൂ;വിശേഷി-
ച്ചുരിപ്പാട്ടിലും സഞ്ചരിച്ചായിരിക്കാം.

പ്രത്യാഗമനം

സ്വരാജ്യത്തയിത്തപ്പിശാചിന്റെഘോര-
സ്വരാഭാസഹാസം മുഴങ്ങുന്ന നാട്ടിൽ,

ദുരാചാരസംഹാരകൻ സ്വാമി,ദൂര-
ഞ്ചരാകാംക്ഷ മാറിത്തിരിച്ചെത്തി നാട്ടിൽ.

ഋണമോചനം

സ്വമാതാപിതാക്കൾക്കു, തല്ക്കാലമന്ത്യ-
ക്രമാവശ്യ സൽകർമ്മധർമ്മങ്ങൾ ചെയ്തു,
സമാശ്വാസവിശ്വാസപൂർവ്വം, ഭവാനാ
ഗമാർത്ഥ്യക്തു പൈത്രാധമർണ്ണ്യത്തെനീക്കി.

ശിവഗിരിവാസം

വരിഷ്ഠാശ്രമാരുവക്കലക്കുന്നിൽ, വിശ്വം-
വരിച്ചുൾരിക്കേണ്ടൊരദ്ധ്യാത്മദീപം,
ശരിക്കാത്തുകത്തിച്ചു, ശശ്വൽപ്രകാശം
സ്ഫുരിപ്പിച്ചുയോഗീന്ദ്ര, വന്ദിച്ചിടുന്നേൻ

സദാദ്ധ്യാത്മ സംസ്കാരസംഭാഷണത്താൽ
സദാചാരസൗവർണ്ണ സൗഭാത്രകാവ്യം,
സദാസ്തിക്യപൂർവ്വം രസിച്ചാത്മസച്ചിൽ-
സദാനന്ദമൂർത്തേ തൊഴുന്നേൻ, തൊഴുന്നേൻ.

സന്ദേശം

ശ്രുതിക്കൊത്തദേവന്റെ സന്ദേശശംഖ-
പ്രതിദ്ധ്വാനമെത്താത്ത പുണ്യസ്ഥലങ്ങൾ,
ക്ഷിതിക്കുള്ളിലില്ലെന്നു ചൊല്ലാം;തദീയ-
ശ്രുതിക്കായുഗാന്തം ക്ഷതിക്കില്ലയോഗം.

"സ്വവർഗ്ഗം മനുഷ്യന്റെ വർഗ്ഗം, വൃഥാനാം-
അവർണ്ണം സവർണ്ണം വിഭേദങ്ങൾ കാൺമൂ;
ഇവണ്ണം കഥിച്ചു ഭവാൻ, "ഈ ജഗത്തിൽ"
ത്രിവർഗ്ഗങ്ങൾ മാർഗ്ഗങ്ങൾ, മോക്ഷം പ്രതീക്ഷ്യം."

"മതം പേരിലേതാകിലെന്താണഹോ! നാ-
മതംഗീകരിച്ചാൽ, മനുഷ്യത്വമുള്ളിൽ,
അതുക്കും പ്രകാശിക്കുമെന്നാലതത്രേ-
മതം, സമ്മതം, ശൎമ്മദം, കൎമ്മയോഗ്യം;"

"സജാതീയരേയും വിജാതീയരേയും
സ്വജാതീയരായി സമീക്ഷിക്കണം നാം,
നിജാത്മാവുനിത്യം, നിരീഹം, സമസ്ത-
പ്രജാചക്രവാളത്തെയുൾക്കൊൾവതല്ലോ."

ശിഷ്യസമ്പത്ത്

ക്ഷണഗ്രാഹ്യ തത്വങ്ങളിത്യാദി, സാധാ-
രണക്കാൎക്കു തത്വാത്മബോധം ജനിക്കാൻ,
തുണച്ചൂതുലോം; തൽഫലം ശിഷ്യശിഷ്യാ-
ഗണവ്യാപ്തി സാക്ഷീകരിക്കുന്നിതിപ്പോൾ.

ഭഗവൽപ്രാഭവം

തവപ്രേരണാമൂലമുണ്ടായ നാനാ-
നവപ്രേക്ഷണീയ പ്രപാസ്ഥാപനങ്ങൾ,
അവശ്യം മനഃകായദാഹം മരുക്ഷ്മാ-
ഭോക്ലാന്തപാന്ഥൎക്കു ദൂരീകരിപ്പൂ.

പ്രകാമേതിഹാസ പ്രസിദ്ധാഭമായി
പ്രകാശിച്ചിടും വൎക്കലപ്പുണ്യഭൂവിൽ,
വികാരം നിയന്ത്രിച്ചു മററുള്ളതെല്ലാം
വികാസം ഭവാൻ മാതൃഭക്തിക്കുചേൎത്തു.

സ്വതസ്സിദ്ധപുണ്യാംബുവോലുംപ്രദേശ-
ത്തതുക്കാ ഭവൽ ധന്യസാന്നിദ്ധ്യതീൎത്ഥം

KOTTAYAM PUBLIC LIBR
KOTTAYAM

അതശ്ശ്ലേഷമാത്മാതുരക്കാത്മശാന്തി
വ്രതസ്സാനഘട്ടം രചിച്ചുവിശേഷാൽ.

അധമ്മാളിമർശത്തിനാലെത്രയോ പേ-
രധസ്സമ്പ്രദായത്തിലേറിക്കിടന്നു
സ്വധമ്മോപദേശം വഴിക്കങ്ങവക്കും
സുധമ്മാപ്രവേശം സുഖപ്രാപ്യമാക്കി.

തവാത്മീയ സിംഹാരവാഘട്ടനത്താ-
ലവാഗപ്പണ്ണസങ്കേത ദേവാലയങ്ങൾ,
കവാടംതുറന്നു; കരാളാപകർഷ-
പ്രവാദങ്ങളെല്ലാം പ്രവേശിച്ചുകാട്ടിൽ.

നവാദർശമായുള്ള സമ്മിശ്രസമ്യ-
ഗ്വിവാഹങ്ങളും കാണുമാറായിതല്ലോ!
ത്വദാനുഗ്രഹങ്ങൾക്കു വേണ്ടിത്തൊഴുന്നു,
ദിവാരാത്രമീ ഞങ്ങൾ വീണ്ടും തൊഴുന്നു.

സമാധിക്കുശേഷം

സമാരാധനയ്ക്കർഹനായ് തീൻവല്ലോ
സമാധിക്കുമുമ്പേ ഭവാൻ സത്യരൂപൻ,
സമാകർഷണംചെയ്തവക്കാത്മസർവ്വ-
സ്വ,മാകുണ്ഠമേകീലയോ സംസ്വദിപ്പാൻ.

ഉപസംഹാരം

ജനാരാദ്ധ്യ, നാരായണ,ബ്രഹ്മവിദ്യാ-
വനാന്തസ്സ്ഫുരൽ സിംഹലാസ്യപ്രസന്ന,
അനാചാരവിദ്ധ്വംസക, ശ്രീ തപസ്യാ
ധനാദ്ധ്യക്ഷ, തൃപ്പാദപത്മംതൊഴുന്നേൻ.

വിമിശ്രാർത്ഥഘോരാപരാധങ്ങളാന്ധ്യം
നിമിത്തം പ്രവർത്തിച്ചുപോകുന്നതെല്ലാം
ക്ഷമിച്ചാലുമക്ഷാമകാരുണ്യമൂർത്തേ,
നമിക്കാം, നമിക്കാം, നമിക്കാം, നമിക്കാം.

ഫലശ്രുതി

ത്രിസന്ധ്യക്കു, നാരായണീയസ്തവം, നാ-
മസന്നിദ്ധമായിജ്ജപിക്കുന്നതായാൽ,
സുസമ്പൽ സമഗ്രായുരാരോഗ്യപൂർവ്വം
നിസർഗ്ഗാത്മചൈതന്യ തേജസ്സിലെത്തും.

★

# ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ

അനന്താലയത്തിന്നൊരല്പം വടക്കാ
യനന്യാഭകോലുന്ന നാട്ടുംപുറത്തിൽ,
വനപ്രാന്തദേശത്തു, 'കല്ലൂരിൽ' വൃന്ദാ-
വനത്തിന്റെ സൗഭാഗ്യമുണ്ടായ് കദാചിൽ.

നതാംഗാഭയാകുന്ന "നങ്ങാ"മ്മയാൾ,സു-
വ്രതാസക്തനാം വന്ദ്യ "ശർമ്മാ"ഭിധന്റെ
ഹിതാശ്ലേഷണത്താലൊരുൽകൃഷ്ടദിവ്യാ-
വതാരത്തിനാരമ്യകേദാരമായാൾ.

കൊതിച്ചുത്സവമുണ്ടായ പുത്രന്റെപേരിൽ
പതിച്ചാത്മവാത്സല്യ കല്യാണദയത്താൽ,
സതി, ശ്രീമണിക്കുഞ്ഞിനു "കുഞ്ഞ"നെന്നു
ള്ളതിശ്രാവ്യഭവ്യാഭിധാനം കൊടുത്താൾ.

വിശുദ്ധാംബയിൽ ചെയ്തമന്ദസ്മിതത്തി-
ന്നശുഷ്കാഭയെന്നന്നു സന്ദർശകന്മാർ,
ശിശുപ്രായകാലത്തു കണ്ടാദരിച്ചാർ,
സുശുക്ലാംബരസ്ഥേന്ദുലീലാംശുപോലെ

കുടിപ്പള്ളിയിൽ സ്വാന്തഭാഷാമൃതത്തെ
ക്കുടിച്ചും, പിതാവിന്റെ ശിക്ഷാക്രമത്താൽ,
മടിക്കാതമന്ദം തമിഴ്പ്പൂമരന്ദം
വെടിപ്പായശിച്ചും, വളർന്നുകുമാരൻ.

അയൽക്കാരിലുള്ളക്രമാസക്തിനേരേ
നിയന്ത്രിക്കുവാനുള്ള നിത്യശ്രമത്താൽ,

സ്വയം കൂട്ടുകെട്ടിൽ പ്രവേശിച്ചു, ഭീതാ-
ശയന്മാക്കു "ചട്ടമ്പി"യായ്ത്തീൎന്നുബാലൻ.

സുസന്മാൎഗ്ഗമായുള്ള "ചട്ടമ്പി"ഴയ്ക്കാ-
തസത്യാത്മമാലിന്യ മില്ലാതെവീരൻ,
അസംഖ്യം ഭരിദ്രൎക്കു വേണ്ടിധനാഢ്യ
പ്രസമ്മൎദ്ദനംചെയ്തു "ചട്ടമ്പി"യായാൻ

ഒരിക്കൽ ഭവാനുള്ള ശിഷ്യന്റെഭാവം
വരിക്കും, സ്വയം മല്ലനാം ശങ്കരാഖ്യൻ
ശരിക്കാദ്യമീ വസ്തുകാണിക്കുവാനാ-
യിരിക്കാം പ്രഭോ, മല്ലനായ്ത്തീൎന്നതോൎത്താൽ

അനേകം യുവാക്കൾക്കു നേതൃത്വമാൎന്ന-
ലനേശാധമന്മാക്കു സംഭീതിയുള്ളിൽ,
ദിനേചേൎത്തു ചട്ടമ്പി;യദ്ധ്യാത്മവിദ്യാ-
ധനേശരസ്സുലോപം വരുത്തീല, യെന്നാൽ.

മഹാരോഗി,യന്ധൻ, കുചേലൻ, കുലാലൻ,
ഗൃഹാന്യാശ്രയം ശൂന്യരാം യാചകന്മാർ,
പ്രഹാരം ലഭിക്കും പ്രഭുപ്രേഷ്യരും,തൽ-
സഹായാൎഹരാണെന്നു "ചട്ടമ്പി" കണ്ടാൻ

ഗുണം സാധുവൎഗ്ഗത്തിനേകാത്തദുഷ്ട-
പ്പ്രണക്കാർ ഭയപ്പെട്ട "ചട്ടമ്പി" നാട്ടിൽ
ഇണങ്ങിസ്സഹായിച്ച പാവങ്ങൾ നിത്യം-
വണങ്ങിത്തൊഴും"സ്വാമി"യായിട്ടുതീൎന്നു.

യുവാവായിരുന്നപ്പോളെന്തൊക്കെയെല്ലാം
ഭവാനത്രചെയ്തു, ഭയാശങ്കയെന്യേ
അവാച്യം വിഭോ! താവകീയാപദാന-
സ്തവാനന്ദലീലാചരിത്രം, വിചിത്രം

ത്തുല്യം കായികാഭ്യാസികൾക്കങ്ങസൂയാ-
പ്രലോഭം പ്രരോഹിക്കുമാചാര്യനായീ;
കലോപാസകന്മാർക്കനിർവ്വാച്യമീർഷ്യാ-
വഃലാകം വളർത്തുന്ന വാദ്ധ്യാരുമായീ.

തെലുങ്കൊത്തു കർണ്ണാടകത്തോടുകൂടി-
ത്തുലുക്കക്കെഴും ഭാഷയും ഭാരതത്തിൽ
പ്രലുപ്തങ്ങളല്ലാത്ത മററുള്ളതെല്ലാം
ഖലുസ്വാമി സാമർത്ഥ്യമോടഭ്യസിച്ചാൻ

ശിരോദീപ്തി, ശീഘ്രാവധാനാത്മമേധാ-
സ്ഥിരോത്സാഹ, മന്യാദൃശാദ്ധ്യാത്മബോധം,
ഉരോദാർഢ്യമാജാനബാഹുത്വവും, ചേ-
ന്നരോഗാംഗനാം സ്വാമിയാരാദ്ധ്യനായാൻ

മൃഗം, പക്ഷി, വൃക്ഷം പ്രയോഗിക്കുമോരോ
പ്രഗണ്യങ്ങളായുള്ള സംഭാഷണങ്ങൾ,
പ്രഗത്ഭത്വ പൂർവ്വം പഠിച്ചു ഭവാനീ-
ജഗത്തിന്റെ ജീവദ്രഹസ്യം ഗ്രഹിക്കാൻ.

ഉറുമ്പീ, ച്ചയും, പാററ, പാമ്പും ഭവാനിൽ
കുറുമ്പെന്നിയേവന്നു കൂടെക്കിടന്നു;
ചെറു പ്രാണികൾക്കങ്ങു ചേതോവിനോദം
പെറും നല്ലചെങ്ങാതിയായിട്ടിരുന്നു.

ഒളിച്ചോടിടും മൂഷികന്മാർ, ഭവാനാൽ
വിളിക്കപ്പെടുമ്പോൾ വിളക്കിന്റെ മുമ്പിൽ,
കളിച്ചോടിയെത്തുന്നു; കാണുന്നവർക്കീ-
യൊളിക്കാഴ്ചയാശ്ചര്യ,മാശ്ചര്യമത്രെ.

കടിച്ചുഗ്രമാം പാമ്പിനെ കൈത്തലത്താൽ
പിടിച്ചങ്ങെടുത്താശു ചുററിക്കഴുത്തിൽ,

കുടിക്കാൻ നറുംപാൽ കൊടുത്തിട്ടുകാട്ടിൽ
കുടിപ്പാപ്പിനേപ്പാടുചെയ്തു വിശേഷാൽ.

മഹാകാളിയൻതന്നെ മർട്ടിച്ചകൃഷ്ണൻ,
മഹാത്മാഭവാൻ വൈരിയായ്‌വന്നപാമ്പിൽ
സഹായം, പ്രശംസിച്ചിടാതേകി; വിദ്വ-
ദ്വിഹാരങ്ങളിൽ ഭേദമെന്തെന്നുതമ്മിൽ.

ഒരിക്കൽ ഭവാൻ ശങ്കുക്കുട്ടിപ്പുരത്തിൽ
ച്ചരിക്കുന്ന പേപ്പട്ടിയെപ്പട്ടണത്തിൽ
ഇരിക്കാതെ തൽക്കൂട്ടരോടൊത്തുകൂട്ടി-
ത്തിരിച്ചാററുവക്കത്തുകൊണ്ടാക്കിയാരാൽ.

അവിശ്രാന്തമാം വേദവേദാന്തവിദ്യാ-
പവിത്രാവമർഷം നിമിത്തം ഭവാനിൽ,
രവിക്കുള്ള ഹേമാംശുപോലുത്ഭവിച്ചു
കവിത്വം കലാസൃഷ്ടിചാതുര്യ്യ രമ്യം.

സ്വയം സംസ്കൃതം തൊട്ടൊരുൽകൃഷ്ടഭാഷാ-
മയപ്രൗഢസാഹിത്യസമ്പാദനത്താൽ,
ജയം കൈവരിച്ചു ഭവാൻ, സ്വന്തമേധാ-
പ്രയത്നത്തിനാലന്യസാഹായമെന്യേ.

പരിവ്രാജകത്വം വരിച്ചാശു നാനാ-
പരിഷ്കാരകേന്ദ്രങ്ങൾ ദർശിച്ചദേവൻ
ദരിദ്രാർത്തദീനാവനം ലക്ഷ്യമാക്കി-
ത്തിരിച്ചെത്തി വേണാട്ടിലങ്ങിങ്ങു വാണാൻ.

വിശിഷ്യ, പ്രഭോ, യോഗിനാരായണാഖ്യൻ
സ്വശിഷ്യത്വമംഗീകരിച്ചാദരിച്ചാൻ;
വിശിഷ്ടാത്മവിജ്ഞാനമന്യോന്യവാദം
വശിസ്നേഹിതന്മാർ, വഴിക്കാസ്വദിച്ചാർ.

ഇടയ്ക്കാ, മൃദംഗം, മഹാമദ്ദളം,ത-
പ്പിടയ്ക്കാഞ്ഞടിക്കേണ്ടതാം ചെണ്ടമേളം,
തുടത്താളമോട്ടും പഠിച്ചു, ക്ഷണത്തിൽ,
തുടങ്ങുന്നമുമ്പേ, ഭവാൻ കൈമിടുക്കാൽ.

ലസദ്ബേണ്ടു, ഹാർമോണിയം, വീണമദ്ധ്വീ-
രസംതൂവിടും ശംഖനാഗസ്വരങ്ങൾ,-
നിസർഗ്ഗാവധാനത്തൊടങ്ങഭ്യസിക്കെ,
സ്സസംഗീതകാരന്റെ വൈദഗ്ദ്ധ്യമാർന്നു.

നിതാന്തം സദാസൗമ്യ ഭാവാഭിരാമ-
സ്മിതാസ്യാഭയും, ശ്മശ്രു ശുഭ്രാംശു മാറിൽ,
വിതാനിച്ചിടും ശോഭയും പൂണ്ട സത്യ-
വ്രതാനന്ദമൂർത്തേ, തൊഴുന്നേൻ, തൊഴുന്നേൻ.

ഗളത് സർവ്വഭൂതാനുകമ്പാവിശേഷം
വിളങ്ങും ത്വദീയേക്ഷണാംശുക്കളെന്നിൽ
മുളയ്ക്കുന്ന മൂഢാന്ധ്യമാകുന്നിരുട്ടിൻ
വളർച്ചയ്ക്കുനാശം വരുത്തട്ടെ മേന്മേൽ

സ്വഭിക്ഷാന്നമന്നന്നു ഭക്ഷിച്ചുവാണാ-
നഭിഖ്യാവിശേഷംകലന്നാത്മസിദ്ധൻ;
അഭിപ്രായഭേദങ്ങളില്ലേതും; അങ്ങേ-
ക്കഭിജ്ഞാനമില്ലാത്ത കാര്യങ്ങളുണ്ടോ?

നെടുംകാവിവസ്ത്രം ധരിക്കാതെ, നേരെ-
കൊടുംകാവിലേറിത്തപോ വൃത്തിനിത്യം
കടുത്താചരിക്കാതെ, യാചാര്യദാനം
കൊടുക്കാതെയങ്ങാത്മവിജ്ഞാനമാർന്നു.

അസാധാരണവ്യക്തി കർമ്മങ്ങൾചെയ്യാ-
നസാമാന്യനായ്ത്തീർന്ന ദേവന്നുഭൂവിൽ

അസാദ്ധ്യാൎത്ഥമായൊന്നു മില്ലെന്നുവന്നു;
പ്രസാദിക്ക ശംഭോ! പ്രണാമം തരുന്നു.

മഹാകാവ്യമൊന്നും രചിച്ചില്ല; ഖണ്ഡ-
പ്രഹാസ്യപ്രബന്ധം പ്രസംഗിച്ചതില്ല;
സഹായാൎത്ഥമെത്തീല വിദ്വത്സദസ്സിൽ;
സുഹാരംഭവാൻ സൂരികൾക്കൊക്കെ,യെന്നാൽ.

ക്വചിൽസ്തോത്രരൂപത്തിലദ്ധ്യാത്മമായി
സ്വചിന്താഫലത്തിൻ സ്വഭാവങ്ങൾ കാട്ടാൻ
വിചിത്രാൎത്ഥശയ്യാഗുണാലംബപൂൎവ്വം
രചിച്ചുള്ള പദ്യങ്ങൾ രത്നാകരങ്ങൾ.

വയസ്സായകാലത്തുമദ്ധ്യാത്മചിന്താ-
പയസ്സെന്നുമെന്നും പകൎന്നങ്ങുനൾകാൻ,
വയസ്യൎക്കുമെന്നല്ല വന്ദാരുവാച്യ-
പ്രിയസ്നേഹിതൎക്കും പ്രണാമാൎഹനായാൻ.

34312

സ്വലീലാപദാനങ്ങളന്നാളിലേറെ-
ക്കലീനത്വമൊത്തുള്ളൊ"രക്കമ്പളാ"ഖ്യൻ
വിലീനാശയത്തോടു കേട്ടു, സുതാരാ-
വലീശാംശുപോലേയശസ്സാൎന്നമല്ലൻ.

അഹോ! രണ്ടുചട്ടമ്പിമാൎക്കും പ്രവൎത്തി
ക്കഹോരാത്രമുണ്ടായ സാമ്യോദയത്താൽ
മഹോൽകൃഷ്ടബന്ധം ജനിച്ചു മഹാത്മാ-
ക്കിഹോപാസ്തിയന്യോന്യമുണ്ടായിരുന്നു.

സ്വസന്ദേശസാരാംശമാത്രാഭിമാനം
പ്രസന്നാശയം കൂടിടും കമ്പളത്തിൽ
അസന്നിദ്ധ്യമർപ്പിച്ചു വാണിട്ടു മോക്ഷ-
പ്രസക്ത്യാപ്തനായിസ്സമാധിസ്ഥനായാൻ.

ക്രമാതീതമാംഭക്തിയോടൊത്തു ശിഷ്യ-
പ്രമാണി, പ്രകൃത്യാശ്രമശ്രീതലത്തിൽ
സമാരാദ്ധ്യനാചാര്യ്യനെസമ്പ്രതിഷ്ഠി
ച്ചുമായം, മഹാക്ഷേത്രമൊന്നാരചിച്ചു്.

ഗുരോ,താവകീയാംഘ്രിപത്മാതിഭക്തി
പ്രരോഹം ജനിച്ചെന്റെയുൾത്തട്ടിനുള്ളിൽ
കുരോഗാണുബീജം നശിക്കട്ടെ, വിദ്യാ-
ധരോത്തംസ, വീണ്ടും തൊഴുന്നൻ, തൊഴുന്നൻ.

ഫലശ്രുതി

ജപിച്ചാകിലിസ്തോത്രമാർക്കും മനം, സ-
ന്തപിക്കില്ല വർഗ്ഗീയ ചിന്താവിഷത്താൽ
കപിക്കൊത്തചാപല്യമില്ലാതിരിക്കാം;
ശപിക്കില്ല നാട്ടാർരസാശാസനത്തിൽ.

★

# ശ്രീകുമാരസ്തവം

ഹരിപ്പാട്ടു വേലായുധസ്വാമി, ദൂരീ-
കരിച്ചെൻറ ദുഷ്ക്കർമ്മദോഷങ്ങളെല്ലാം,
ഹരിബ്രഹ്മസേവ്യാംഘ്രിഭക്തിപ്രദീപം
സ്ഫുരിപ്പിച്ചിടേണം തുലോമെന്മനസ്സിൽ.

പരിത്യാജ്യമാം പാപമാർഗ്ഗത്തിലേറി-
ച്ചരിക്കാതെ മേലാലുമെന്നേ, കുമാര!
ശരിക്കാത്മസേവാശ്രമത്തിന്നുനേരേ
തിരിക്കേണമേ മോക്ഷലക്ഷ്യത്തിലെത്താൻ.

പരിഷ്ക്കാരപാശ്ചാത്യഭാരംകഴുത്തിൽ
പിരിച്ചിട്ടു നീന്തീടുമസ്മാദൃശന്മാർ,
തരിച്ചീടുമല്ലാ ഭവാംഭോധി, യുഷ്മൽ-
പരിത്രാണഹസ്താവംലംബം ലഭിച്ചാൽ.

സുരാരാദ്ധ്യമായ് സൂര്യ്യകോടിപ്രകാശം
വിരാജിച്ചിടും കേശഭാരംകിരീടം,
സ്മരാരാതിസൂനോ, വിമോഹാന്ധകാര-
ത്വരാവേശമില്ലാതെയാക്കട്ടെയുള്ളിൽ.

അതിശ്യാമകല്ലോലലീലാവിലാസം
ഗതിക്കാൻ കാളുന്നകാളിന്ദിയേക്കാൾ,
മതിപ്പുള്ളപൂഞ്ചായ, ലഭ്യാത്മചിന്താ-
ഗതിക്കാഴമേകട്ടെ, ഞങ്ങൾക്കുമേന്മേൽ.

കരീടാഞ്ചലത്തിന്നു കീഴ്ഭാഗമായി-
ക്കരിന്ദീന്ദിരാ/കമ്രനീലാളകങ്ങൾ,

നിരീക്ഷിച്ചു നിത്യം നമിക്കുന്നു, നിന്ദാ-
പരീഹാസമന്യർക്കു തോന്നാതിരിക്കാൻ.

വളർക്ഷപ്രകാശം വഹിച്ചുല്ലസിക്കു-
ന്നിളന്തിങ്കളാകുന്ന നെററിത്തടത്തിൽ,
ഗളൽഗന്ധകസ്തൂരികാബിന്ദു,വൃദ്ധ്യൽ-
കളങ്കാഭയാകുന്നു കല്യാണമൂർത്തേ!

ചലച്ചില്ലിവില്ലിൻെറവെട്ടാ,ലസംഖ്യാ-
ജ്ജ്വലദ്ദേവസേനാവലീചംക്രമത്തിൽ,
അലംഘ്യാജ്ഞിവിന്യാസമുണ്ടാക്കിടും ശ്രീ-
മലപ്പെൺകുമാരന്നു കൈകൂപ്പിടുന്നേൻ.

കൃപാനന്ദപീയൂഷവർഷാഭിരാമ-
പ്രപാതം കുറിക്കും പ്രശാന്തേക്ഷണങ്ങൾ,
സ്വപാർശ്വത്തിലാക്കി, സ്ഫുരന്നാമമാലാ-
ജപാസക്തി നമ്മിൽ ജനിപ്പിച്ചിടട്ടെ.

സ്ഫുടജ്ഞാനദീപപ്രകാശംതുളുമ്പും-
കടക്കണ്ണു കാണിച്ചു, കാരുണ്യരാശേ,
കടത്തേണമേ കാലഘട്ടങ്ങളെന്നെ
ക്കടക്കാരനാക്കാതെയന്യർക്കുമന്നിൽ.

സ്വവിശ്വസ്തഭക്തർക്കഭീഷ്ടങ്ങളെല്ലാ-
മവിശ്രാന്തമേകും കടാക്ഷാഞ്ചലത്താൽ,
പവിത്രീകരിക്കട്ടെപാപാഭിപാതം
ഭവിച്ചുള്ള നമ്മെ ഭവാനീകുമാരൻ.

ഇടയ്ക്കുക്ക്ചന്ദ്രക്രമാനുക്രമത്തിൽ
കടക്കണ്ണുപന്ത്രണ്ടുമൊപ്പംഷഡാസ്യ!
കടയ്ക്കുപ്രയോഗിച്ചുഫലത്തിൻെറയത്യുൽ-
കടത്വത്തിനുന്മൂലനാശം വരുത്തൂ.

തിലോൽകൃഷ്ണമഞ്ജുപ്രസൂനത്തിനേക്കാം-
ത്തുലോംഭംഗിക്കുടും ഭവന്നാസികയ്ക്കായ്,
കലോപാസനാപൂർവ്വമന്യൂനബുദ്ധ്യ-
ജ്വലോന്മേഷമുണ്ടാകുവാനായ് തൊഴുന്നേൻ.

മണിക്കെട്ടിനോടൊത്തു തങ്കത്തിലാക്കി-
പ്പണിഞ്ഞുല്ലസിക്കും ഭവൽകുണ്ഡലങ്ങൾ,
കണിക്കാന്തദീപങ്ങളായിട്ട ഭക്താ-
ഗ്രണിക്കത്ര കാണപ്പെടുന്നുണ്ടുഷസ്സിൽ.

തവാകമ്രമാം കണ്ണുകളഷ്ടാഭതട്ടും
നവാദർശഖണ്ഡാർദ്രഗണ്ഡസ്ഥലങ്ങൾ,
സുവാഗ്മിത്വവും സുന്ദരാദർശഭാവ-
പ്രവാഹങ്ങളും ചേർത്തുകൊള്ളട്ടെ നമ്മിൽ.

അസന്ദിഗ്ദ്ധഹാരിസ്ഫുരന്മന്ദഹാസ-
പ്രസന്നാഭയേന്തുന്ന ദന്താംബരങ്ങൾ,
അസന്മാർഗ്ഗചിന്താവികാരങ്ങളന്ന-
ന്നസഹ്യപ്പെട്ടുത്താതിരിക്കാൻ തൊഴുന്നേൻ.

കുരുക്കുത്തിമുല്ലപ്രസൂനത്തിനേക്കാൾ
പുരശ്രീവിലാസം പുലർത്തും രദങ്ങൾ,
ഞെരുക്കം മഹാജീവിതായോധനത്തിൽ,
പരുക്കേറ്റുപോകാതെ പാലിച്ചിടട്ടെ.

വിശാഖ, ത്വദാസ്യങ്ങളാരോന്നുമോരോ
നിശാകാന്തസമ്പൂർണ്ണബിംബങ്ങളല്ലോ;
പിശാചിൻെറ പീഡയ്ക്കുതദ്ധ്യാനമാത്രു-
പ്രശാന്തിപ്രദം, ഭൂതബാധയ്ക്കുമാക്കും.

ഗളംതേമധുദ്ദേഷിദേവൻെറമാദ്ധ്വീ-
ഗളദ്ധ്വാനനിഷ്യന്ദിശംഖിന്നുശല്യം

വളത്തുന്നു; തൈവല്ലിക്കൈവല്ലിമാല്യം
വളച്ചിട്ടിടാറുണ്ടു കൈവാര്യമുണ്ണാൻ-

പ്രഭോ, ബാഹുലേയ, ദ്വിഷൽബാഹുലംബ-
പ്രഭോദഗ്രശക്തിപ്രഭൃത്യായുധങ്ങൾ
നഭോഗാമികൾക്കും നവീനപ്രതിഷ്ഠാ-
ശുഭോൽഘാടനം ചെയ്ത ശൂരാർദ്ദനത്താൽ.

മണിത്തോൾവള, സ്വർണ്ണകേയൂരമോടൊ
ത്തണിക്കങ്കണം, ചാരുപൊന്മോതിരങ്ങൾ,
അണിഞ്ഞുള്ള തൃക്കൈക,ളദ്ധ്യാത്മചിന്താ-
മണിപ്രാപ്തിമാർഗ്ഗം തെളിക്കട്ടെനേരേ.

മതിപ്രേമപൂർവ്വം സ്വയംവല്ലിസേനാ-
പതിത്വം മറന്നേററമാക്കുള്ളമാറിൽ,
പതിക്കുന്ന സംവേശകാലത്തുറങ്ങാ-
നതിഷ്ടാർത്ഥസാരം നമുക്കേകിടട്ടേ.

സുവർദ്ധിഷ്ണുരോമാവലിക്കും, വലിക്കും,
സുവർണ്ണോത്തരീയാഗ്രവാസസ്സിനുള്ളിൽ,
ഭവൽകാഞ്ചിചുററിക്കടിക്കും കടിക്കും,
ശിവശ്രീകുമാര, പ്രഭോ, കൈതൊഴുന്നേൻ.

പതംഗാസന, ശ്രീകരാരാദ്ധ്യമാം ത്വ-
ന്നിതംബോരുജാനുക്കളാജാനുബാഹോ,
സ്വതന്ത്രാത്മചിന്താസ്വരൂപോദയത്തി-
ന്നതക്കം സഹായിക്കുവാനായ് തൊഴുന്നേൻ.

ഗുണംകൂടിമേൽ, ചൂടിടുന്നോക്കുചേക്കും
കണങ്കാലിനുള്ളോരുമെച്ചം നിനച്ചാൽ,
മണംമാത്രമേന്തുന്ന കൈതപ്പൂഴംപൂ-
വുണങ്ങി ഭ്രമിക്കുന്നതാശ്ചര്യമാണോ?

തവാംഘ്രിദ്വയധ്യാന,മന്യാദൃശശ്രീ-
വിവാഹം, ശരച്ചന്ദ്രകീർത്തിപ്രവാഹം,
നവാപത്യദീർഘായുരാരോഗ്യവുംമേ-
ലവാച്യം വരുത്തീടുമെന്നാപ്തവാക്യം.

ഭവക്ഷുബ്ധവാരാശിപാരം ഗമിക്കാ-
നവശ്യാശ്രയസ്ഥാനമൊന്നാകുമാര,
ഭവല്പാദപത്മദ്വയാരാധനം, സ-
ദ്വ്യവസ്ഥാനുരൂപം നടത്തപ്പെടേണം.

ഭവല്പാദജാന്വൂരുമദ്ധ്യോദരോദ്യ-
ത്സുവക്ഷോളജാസ്യാബ്ജമൗലിസ്ഥലങ്ങൾ,
നവക്ഷേമസമ്പത്തു ഞങ്ങൾക്കുചേക്കാ-
നവക്രാത്മവിശ്വാസപൂർവ്വം തൊഴുന്നേൻ.

പ്രദീപ്താത്ഥകേശാദിപാദപ്രബന്ധം,
ത്വദീയാത്മവിശ്വാസമോടൊത്തുകൂടി,
അദീനംജപിക്കട്ടെയന്തിക്കു, ഗംഗാ-
നദീകാന്തബാല, പ്രശാന്തിക്കു ഞങ്ങൾ.

സുപാദാദികേശസ്തവത്തെ, സമഗ്ര-
ക്ഷപാകാന്തകാന്താംഗ, ചൊല്ലിത്തൊഴുന്നേൻ;
കപാലിക്കെഴുംകൊച്ചുകുഞ്ഞേ, തവോദ്യൽ,
കൃപാനന്ദവർഷം പൊഴിച്ചാലുമെന്നിൽ.

ഘനാടോപമോടാക്രമിച്ചോടിയെത്തി
ശ്ശുനാസീരനേവെന്നസുരാസുരാന്ധൻ
വിനാശംവരിച്ചൂ, വിശാഖന്റെ കയ്യാ-
ലനായാസമേല്പിച്ചവേലായുധത്താൽ.

ജഗത്താകവേ താരകൻ ക്രൂരഹിംസാ-
മൃഗപ്രായനായി പ്രമർദ്ദിച്ചനാളിൽ,

ഖഗശ്രേഷ്ഠവന്ദ്യ,ത്വദീയാദ്വിതീയ-
പ്രഗത്ഭതപമായ്ത്തീൎന്ന സൎവ്വാവലംബം.

ഗിരിക്രൗഞ്ചഭേദപ്രയോഗത്തെ, ലക്ഷീ-
കരിച്ചാഞ്ഞുപാഞ്ഞുള്ള വേലായുധത്താൽ,
പരിക്രോധഘോരം പ്രഭഞ്ജിച്ചു, ശുദ്ധീ-
കരിക്കട്ടെനമ്മേ ശുചിസപാത്മജാതൻ.

ഹരി, സൈപരമാക്കുള്ള സാമൎത്ഥ്യവായ്പാ-
ലരിത്രാസമില്ലാതെവാഴുന്ന വാനിൽ,
ഹരിപ്പാട്ടിലേദേവസേനാപതിക്കാ-
ണിരിക്കുന്നതഖ്യാതിമുഖ്യാവകാശം.

ഭരിക്കുന്നുനാകത്തെ ഇന്ദ്രൻ; മുകുന്ദൻ
വരിക്കുന്നു നിദ്രാസുഖം നാഗക്കുനാളിൽ,
അരിക്രൂരദൈത്യക്കൊടുങ്കാട്ടു, ഭസ്മീ-
കരിക്കുന്നോരീയഗ്നിഭൂവിന്മിടുക്കാൽ.

സുമന്ദാരവാടിക്കകത്തുജ്ജ്വലശ്രീ-
സമഗ്രോല്ലസത്സപൎണ്ണസിംഹാസനത്തിൽ,
സുമപ്രേമവല്ലീസമേതം വിളങ്ങു-
ന്നമൎത്ത്യാഗ്ര സേനാപതിക്കായ് തൊഴുന്നേൻ.

സമീപിച്ചു സാദ്ധ്യായവാരത്തിലെത്തും,
യമീശൎക്ക യാഥാൎത്ഥ്യസാരോപദേശം,
സമീചീനമായ്ചെയ്ത സന്തോഷപൂൎവ്വം
സമീക്ഷിച്ചുയക്കുന്ന സൎവ്വജ്ഞസൂനു.

മരിക്കുന്നനേരം; മയൂരാസനത്തിൽ,
സ്ഫുരിക്കുന്ന മന്ദസ്മിതത്തോടുമമ്പിൽ,
ഇരിക്കും കുമാരന്റെ സാന്നിദ്ധ്യമുണ്ടാ-
യിരിക്കേണമേയെന്റെ കണ്ണിന്റെ മുമ്പിൽ.

ഭവാൻ വായുവല്ലോ; ഭവാനഗ്നിയല്ലോ
ഭവാനാണു ശേഷിച്ചഭൂതങ്ങളെല്ലാം;
ഭവാൻ വിഷ്ണുവല്ലോ; ഭവാനീശനല്ലോ;
ഭവാനാണു ധാതാവു; നേതാവുമെന്നാർ.

ഭവാൻ ദുർഗ്ഗയായിട്ടുകാണപ്പെടുന്നു;
ഭവാൻ ലക്ഷ്മിയായിട്ടുകാണപ്പെടുന്നു;
ഭവാൻ വാണിയായിട്ടുകാണപ്പെടുന്നു;
ഭവാൻതന്നെയിബ്ഭാമിനീവർഗ്ഗമെല്ലാം.

ഭവാനെൻെറ മാതാ; ഭവാനെൻെറ താതൻ;
ഭവാനെൻെറ മററുള്ളബന്ധുക്കളെല്ലാം;
ഭവാനെൻെറ ഭർത്താ; ഭവാനെൻെറയിഷ്ടൻ;
ഭവാൻതന്നെ ഞാൻ; ഞാൻ ഭവാൻ; ശ്രീകുമാര!

★

# ശ്രീബുദ്ധഭഗവാൻ

ചിരം, രണ്ടുമൂവായിരത്താണ്ടു മുമ്പാ-
യരണ്യാന്ധകാരപ്പരപ്പിന്റെയുള്ളിൽ,
പരംതാണുപാശ്ചാത്യ ഭൂവാണകാല-
ത്തൊരദ്ധ്യാത്മതേജസ്സു പൂർവ്വാശ കണ്ടു.

ജഗന്മോഹനജ്യോതിരാനന്ദരൂപ-
പ്രഗത്ഭ പ്രബുദ്ധപ്രഫുല്ലപ്രസൂനം,
ദിഗന്തം വരയ്ക്കും ചിദദ്ധ്യാത്മവിദ്യാ-
സുഗന്ധം തുളോം തൂവി തുംഗാത്മഭംഗ്യാ.

പുരാണാർയ്യ പുണ്യാവതാരങ്ങളിൽ ഭൂ-
ധരാപത്യമായിപ്പിറന്നിപ്പുമാനിൽ,
വിരാജിച്ച വിജ്ഞാനസമ്പത്തു, വിശേഷ-
ശൂരാഗ്രേസരത്വം വിളക്കിത്തെളിച്ചാൻ,

അവിച്ഛിന്ന സംസാരപീഡയ്ക്കു പാത്രീ
ഭവിച്ചാ, മഹാസിന്ധുനീന്തിക്കടക്കാൻ,
അവിശ്രാന്തമായി ശ്രമിച്ചന്യനാമം
ശ്രവിച്ചില്ല നാം, ബുദ്ധദേവന്റെയെന്യേ

സമാചാരശാക്യാന്വയത്തിൽ, സമസ്ത
പ്രമാണി പ്രണാമർഹശുദ്ധോദനന്റെ,
രമാഭിഖ്യയാം ജ്യേഷ്ഠഭാര്യയ്ക്കുദിച്ചു-
സ്സമാരാദ്ധ്യസന്താനമേ, കൈതൊഴുന്നേൻ.

സുസൂക്ത്യാശയംപോലെ, ഗർഭാഭിരാമ-
പ്രസൂ,തന്റെ താതന്റെ വാസാലയത്തിൽ

പ്രസൂതിക്കു പോകും വഴിക്കങ്ങേരെ—
പ്രസൂനത്തിനൊപ്പം ഭവാൻ ജാതനായാൻ.

ലസത് സാലവൃക്ഷാടവിച്ഛായയിൽ ശ്രീ
നിസർഗ്ഗാഭപൂണ്ടുള്ള പുണ്യസ്ഥലത്തിൽ,
പ്രസന്നാവതാരം ഭവിച്ചു; പ്രസാദി-
ച്ചസംഖ്യം ഖഗശ്രേഷ്ഠരാടിസ്തുതിച്ചാർ—

ജനിത്രിക്കൊരാലംബമായിട്ടപത്യം
ജനിച്ചിസ്വയം ലംബിനിതോപ്പിനുള്ളിൽ,
മുനിശ്രേഷ്ഠരത്താസ്തുതിക്കാ "യശോക
ധ്വനിസ്തംഭ"മൊന്നേററുനിൽക്കുന്നു കാണ്മാൻ,

ക്രമാതീതസൂതി വ്യഥാസംക്രമത്താൽ,
സ്വമാതാവുപെററിട്ടൊരേഴാംദിനത്തിൽ,
യമാതിഥ്യമാഗീകരിച്ചാരം, ഭവാനെ
ക്ഷമാപൂർവ്വമംബാസ്വസാവാനയിച്ചാരം—

"മഹാമായ"—മാതാ—മരിച്ചപ്പൊളേവം
സഹായം ലഭിക്കേണ്ടിവന്നിക്കുമാരൻ
മഹാരാജതാതാവധാനംനിമിത്തം
വിഹാരാദിവിഘ്നങ്ങളെന്യേ വളർന്നു.

വിശുദ്ധോദയാത്മാവു ശുദ്ധോദനൻതൻ
ശിശുക്ഷേമ രക്ഷാർത്ഥമന്തഃപുരത്തിൽ
വിശുദ്ധോദനദ്രവ്യസംഭാര സമ്പൽ-
പശുക്ഷീര സൗരഭ്യ സമ്പൂർത്തി ചേർത്താൻ—

കടുഷ്ണാംബുകാലത്തു കോരിക്കുളിപ്പാൻ.
മൃദുസ്നിഗ്ദ്ധകൗശേയ വസ്ത്രംധരിപ്പാൻ,
അദുഃഖാന്തരീക്ഷം പ്രകാമം കളിപ്പാൻ;
സ്ഫുടുത്സാഹപൂർവ്വം വളർന്നു കുമാരൻ

പിടിച്ചുമണിക്കട്ടനായ്, മുത്തലുക്കിൽ-
ഘടിപ്പിച്ച ഗൗരാതപത്രം നഭസ്സിൽ;
പൊടിച്ചു വിയർപ്പെങ്കിലോ താലവൃന്തം
മടിക്കാതെവീശിക്ഷണം; സേവകന്മാർ.

തുലോംഭാഗ്യ സൗഭാഗ്യ സാമഗ്രിസിദ്ധി-
ക്കലാപം പ്രദർശിച്ചുവാണിക്കുമാരൻ,
കലോപാസനത്തിന്നുമാചാര്യശിക്ഷാ-
ബലോത്തേജനാകൊണ്ടു സാമർത്ഥ്യമാർന്നാൻ.

പ്രശാന്തസ്വഭാവം പ്രബുദ്ധാവധാനം,
കുശാഗ്രാശയം, ക്രുസൽക്രുടാത്തധൈര്യം,
ഭൃശംമുഷ്ടികജ്ഞാനതാല്പര്യലീലാ-
വിശാലാക്ഷിയും ഗൗതമന്നുല്ലസിച്ചു.

മനോരമ്യസാഹിത്യസംഗീതവിദ്യാ-
വിനോദങ്ങൾ രാജോചിതാഡംബരങ്ങൾ,
ധനോൽക്കർഷവുംകണ്ടിതെന്നാലുമേതോ-
മനോരാജ്യഭാരം വഹിച്ചു കിശോരൻ,

തുഷാരാംശുകാന്താശ്മസൗധം; പ്രഭാസ്വൽ-
ഝഷാലംബനാരാമലീലാതടാകം;
തൃഷാസ്വാദ്യമദ്യോപദംശങ്ങൾ;—എല്ലാം
വിഷാദാത്മകത്വം കുമാരന്നുകൂട്ടി.

കുമാരന്റെയിക്കണ്ണിതാവസ്ഥകണ്ടി-
ട്ടമാന്തിച്ചിടാതാശു ശുശ്രൂഷകന്മാർ,
പ്രമാദംഭവിക്കാതെ ചെന്നത്രവിദ്വൽ-
സമാരാദ്ധ്യനാം താതനോടോതിനിന്നാർ.

തദദ്ധ്യാപകന്മാരു,മാശ്ചര്യശങ്കാ-
പ്രദസ്വാമി പുത്രസ്വഭാവേക്ഷണത്താൽ,

ഉദന്തം മഹാരാജരാജന്റെ പൂവൽ-
പദത്തിൽ സമപ്പിച്ചുണത്തിച്ചുനിന്നാർ.

പിതാ,വാത്മപുത്രന്റെ അദ്ധ്യാത്മചിന്താ-
കൃതാലോകസാമാന്യ ശീലോദയത്താൽ,
നിതാന്തം മനശ്ശല്യമുണ്ടായമൂലം,
സുതാനർഹഭാവം നിറുത്താൻ നിനച്ചാൻ;

വിവാഹം ചെറുപ്പത്തിലേചെയ്യുവെന്നാൽ
ഭവാത്ഥായസച്ചങ്ങലക്കൂട്ടുകെട്ടാൽ,
ഭവാനെത്തളച്ചത്ര നിത്തിദ്ധരിത്രീ-
തവാത്മാവകാശം തരാനായുറച്ചാൻ. (യുഗ്മകം)

“യശോ”വണ്ണമേന്തും “ധരാ”ദേവിയെ,ശ്രീ-
യശോവണ്ണപൂണ്ണാഭിരാമൻ നൃപേന്ദ്രൻ,
സുശോഭാംഗനാംതന്റെ പുത്രന്റെ ചേതോ-
വിശോകം വരുത്താൻ വരിക്കാൻ വിധിച്ചാൻ.

പതിന്നാലിനോടൊത്തു രണ്ടാംവയസ്സിൽ,
പ്രതിസ്പർദ്ധികൾക്കശ-ച യുദ്ധാങ്കണത്തിൽ,
മതിക്ലാന്തിയുണ്ടാക്കി, മന്ദാക്ഷലീലാ-
വതിപ്രേമമാല്യം ധരിച്ചൂധനുഷ്മാൻ.

ശോബ്ദങ്ങള,ന്യോന്യമന്യൂനരാഗ-
പ്രശാന്തേതരാനംഗ ലീലാഭ്രമത്തിൽ,
ശശാങ്കാസ്യയും കാന്തനും പോക്കി ഭോഗാ-
വശാവസ്ഥസിദ്ധാത്ഥനപ്പോളുടിച്ചു.

തദാത്മാ/വിഭക്തപ്രകൃത്യന്മുഖോദ്യ-
ച്ചിദാനന്ദചിന്താഗളച്ചോദനത്താൽ,
ഉദാത്താനുഭൂതിക്ക സന്നദ്ധനാവാ-
നുദാസീനനായ്, ഉണ്ണിരാജൻ സുഖത്തിൽ.

ഒന്തിസ്സവാരിക്ക ഭൂപാലപുത്രൻ
സ്ഫുരച്ചാരുഭൂഷാഭ തേടുന്ന തേരിൽ,
പുരസ്സാരഥിശ്രേഷ്ഠനോടൊത്തുകൂടി-
പ്പുരത്തിന്നുചുററിപ്പുറപ്പെട്ടനേരിൽ.

രഥത്തിന്റെ മാർഗ്ഗത്തിലാദ്യം,വയോജ-
വ്യഥയ്ക്കുത്ര പാത്രീഭവിച്ചേകവൃദ്ധൻ,
അഥ, വ്യാധിതൻ, പ്രേതവും പിന്നെയാരാൽ
പൃഥൿ, സാധുസന്ന്യാസിയും സംക്രമിച്ചു.

മനുഷ്യൻ, മഹാക്ലേശഭാരം വഹിച്ചു-
ത്തനുവ്യാധി ബാധയ്ക്കൊരോരോതരത്തിൽ,
അനുസ്യൂതമെന്നും വിധേയത്വമാളും
തനുപ്രാണിയാണെന്നു സുസ്പഷ്ടമല്ലോ.

ശരിശ്രീവിലാസാസ്യ സൗഭാഗ്യവും; പാ-
ലശിച്ചേററെദാർഢ്യം വഹിക്കും വപുസ്സും;
വിശിഷ്ടങ്ങളാം വീരഭാവങ്ങളും; ഹാ!
നശിക്കുന്നുവല്ലോ നരന്നന്തമായാൽ.

സ്ഫുരിക്കുന്ന മട്ടുള്ള പട്ടാംബരത്തെ-
ധരിക്കും ധനാഢ്യക്ഷ ധാത്രീപതിക്കും,
കരിക്കീറമുണ്ടുള്ള തെണ്ടിക്കപോലേ,
മരിക്കേണ്ടതായിട്ടിരിക്കുന്നുവല്ലോ.

ഇത്തമട്ടിലോരോ വിശുദ്ധാത്മചിന്താ-
ശതേകാന്ത ഭാവാന്തരീക്ഷത്തിനുള്ളിൽ,
"സത്വതേതന്നെ"ഛിന്നാശയത്വം കലന്നു
സ്സതേജസ്സമേതൻ തിരിച്ചെത്തിരാവിൽ.

വികീർണ്ണാത്മസന്ദർശനോത്ഭൂതമായ-
സ്വകീയാത്മരൂപാന്തരത്തെ സ്വയംതാൻ

പ്രകീൎത്തിച്ചിരിക്കുന്നതിത്ഥം തപസ്യാ-
ചികീൎഷാശയംപൂണ്ട ചിന്താനിമഗ്നൻ.

"സമാപിച്ച സന്ധ്യാസവാരിക്കുനേരി-
ട്ടമാംസാംഗ വൃദ്ധാദിസന്ദൎശനങ്ങൾ,
മമാദൎശ ലക്ഷ്യത്തിനുണ്ടാക്കിമാററം;
സമാധാനമില്ലാതെയായ് ജീവിതത്തിൽ.

"കുറഞ്ഞുള്ളിലാശ്വാസം; ഉൽകണ്ഠയോടൊ-
ത്തുറങ്ങാതെ ഞാൻ, യൗവനപ്രക്രമത്തിൽ,
മറന്നെന്റെ മാതാപിതൃസ്നേഹബന്ധം,
പുറപ്പെട്ടു വൈരാഗ്യമംഗീകരിക്കാൻ,

"വിരോധിച്ചു ഭോഗങ്ങളെല്ലാം; വിരാജൽ
സരോജാക്ഷിയാം ഭാൎയ്യയെസ്സന്ത്യജിക്കാൻ,
ഉരോനിശ്ചയംചെയ്തു; കാഷായവാസ-
ശ്ശിരോമുണ്ഡനങ്ങൾക്കു സന്നദ്ധനായേൻ

"ധരിച്ചേനലം കാവി വസ്ത്രങ്ങൾ; ദൂരീ-
കരിച്ചേനലംകാര വസ്തുക്കളന്നാൾ;
വിരിപ്പിട്ടമഞ്ചം വെടിഞ്ഞേൻ; അഹന്താ
പരിത്യാഗപന്ഥാവിലേറിച്ചരിച്ചേൻ."

സ്വയം ഭാഷണത്തിൽ, സ്വകീയാപദാനോ-
ദയത്തിൽ ചരിത്രം വിചിത്രാക്ഷരത്തിൽ,
പ്രിയപ്പെട്ട സിദ്ധാൎത്ഥനത്യുക്തിസൎവ്വം-
നിയന്ത്രിച്ചു നിൎമ്മിച്ചതാണത്രചിത്രം.

തുറന്നേവമാത്മപ്രശംസാണുലേശ-
ക്കറപ്പാടുപററാതെയാടോപമെന്യേ
പറഞ്ഞു ചരിത്രം ഭവാൻസ്വന്തമാദ്യം;
മറക്കാവതല്ലിച്ചിരാതീതചിത്രം.

പരിത്യാഗമീയാർഷഭൂവിന്റെറപക്ഷോൽ
ചരിത്രത്തിലുണ്ടായി പണ്ടായിരങ്ങൾ;
ശരിക്കെങ്കിലും ബുദ്ധദേവന്റെ സാക്ഷാൽ
പരിത്യാഗമൊന്നേ പരിത്യാഗമാവൂ.

ഒരിക്കൽ സുഖിച്ചുണ്ണുവാൻപോലുമില്ലാ-
തിരിക്കുന്നൊരാൾ ത്യാഗിയായെന്നുവന്നാൽ,
ധരിക്കാമതിൻസാരമില്ലായ്മ;ചെങ്കോൽ-
വരിക്കാത്ത വൈരാഗ്യമത്യന്തയോഗ്യം.

നവാനർഘതാരുണ്യ ശൃംഗാരലീലാ-
സവാസ്വാദ്യ ഭോഗാനുഭൂതിക്കുമേന്മേൽ.
ഭവാനെത്ര സൗകര്യമുണ്ടായിരുന്നു,
തവാന്യാദൃശത്യാഗ യാത്രാമുഖത്തിൽ?

വിവാഹംകഴിച്ചാ വിശാലാക്ഷി വിജ്ഞ-
സ്തവാനന്ദസംഗീതകോലാഹലങ്ങൾ;
നിവാസത്തിനാരമ്യഹർമ്മ്യങ്ങൾ; രത്ന-
പ്രവാളങ്ങൾ; എല്ലാം ഭവാൻവിട്ടുപോയാൻ.

പരിത്യാഗപന്ഥാവിലേക്കായിറങ്ങി-
ച്ചരിച്ചപ്പൊളങ്ങെത്രമാത്രം മനസ്സിൽ
പരിക്ഷിപ്തമാകും വികാരങ്ങൾ ഖണ്ഡീ-
കരിച്ചില്ല ഹാ! ഹാ! ഭവാനെത്തിരിപ്പാൻ?

വിരുദ്ധങ്ങളാകും വികാരങ്ങൾതമ്മിൽ
ക്കരുത്തോടടിച്ചോളമുണ്ടായ നാളിൽ,
സ്വരുഗ്മാംഗിദാരങ്ങൾപൊറൂ; സുവർണ്ണ-
ക്കുരുക്കുത്തിമുല്ലയ്ക്കു പൂവുല്ലസിച്ചു.

കുമാരൻജ്ജനിച്ചു തനിക്കെന്നുകേട്ടു
സമാധാനമില്ലാതിരുന്നച്ഛനപ്പോൾ

ക്രമാതീതസന്തോഷ സന്താപമിശ്ര-
പ്രമാദത്തിനുള്ളിൽ പ്രവേശിച്ചുനിന്നാൻ.

പുരിപ്രാന്തഭാഗത്തൊരുല്ലാസസൌധേ
പരി,സ്വാസ്ഥ്യലബ്ധിയ്ക്കു വാണുണ്ണിരാജൻ.
ധരിച്ചീയുദന്തം സ്വഭാര്യാഗൃഹത്തിൽ,
തിരിച്ചെത്തുവാനായ് തിരിച്ചാൻക്ഷണത്തിൽ.

പൊതുക്കാര്യരക്ഷയ്ക്കുഴിഞ്ഞിട്ട തന്നെ,
പുതുപ്പട്ടുനൂൽകൊണ്ടു വീണ്ടുംതളച്ചു;
ഇതുൽകൃഷ്ടസിദ്ധിക്കു നേരേകുരുക്കെ
ച്ചതുപ്പിൽപതിച്ചുള്ള ചാരുദ്രുവായി.

വഴിക്കണ്ടുപോകുന്ന നേരത്തു, നാനാ-
വഴിക്കാവിശേഷം ഗ്രഹിച്ചുള്ളപൌരർ,
ഒഴിക്കാതെ ഓടിക്കിതച്ചെത്തിമേന്മേൽ
പൊഴിച്ചീടിനാർ പുഷ്പവർഷം ഭവാനിൽ.

സദാത്മാർത്ഥമാം ധന്യവാദങ്ങളെല്ലാ-
മുദാരാശയാദർശസങ്കല്പമഗ്നൻ,
ഉദാസീനനായി ഗ്രഹിച്ചു;പ്രസൂവായ്,
സ്വദാരങ്ങൾവാഴും ഗൃഹത്തിൽകടന്നാൻ.

മണിക്കെട്ടെഴും മച്ചിലെപ്പട്ടുമെത്ത-
ക്കണിക്കട്ടിലിന്മേൽ കിടന്നക്കിശോരൻ;
അണിക്കൊച്ചു കൈകാൽ കുടഞ്ഞിട്ടെടുക്കാൻ
ക്ഷണിക്കുന്നതാംകാഴ്ച ദർശിച്ചിതച്ഛൻ.

അശീതാത്മസംജാത ഭാവങ്ങളാലേ,
സ്വശീർഷം പുകഞ്ഞന്നു നിദ്രാവിഹീനൻ,
ശശീർഷ്യാകരാസ്യാലയംവിട്ടുപോകാൻ
നിശീഥത്തിൽ നിഷ്ക്രാന്തനായ് നിശ്ചയിച്ചാൻ.

ക്ഷണം സാരഥിക്കാജ്ഞ, അശ്വങ്ങളെച്ചു-
ത്തിണക്കിക്ഷപാർദ്ധത്തിൽ നിർത്താൻകൊടുത്താൻ.
തൃണംപോലെ സർവ്വസ്വവും വിട്ടുപോം മു-
മ്പണഞ്ഞാൻ പിതാവുണ്ണിയെക്കണ്ണിൽവയ്പാൻ.

വിളംബിച്ചു,നാളം തുലോം താണു കത്തും
വിളക്കിൻ വിശീർണ്ണാഭവീഴും വിരിപ്പിൽ,
തളർന്നമ്മയും കുഞ്ഞുമൊന്നിച്ചുറങ്ങി,-
ക്കുളത്തിൽ സരോജങ്ങൾപോലേ, കിടന്നാർ,

തവാത്മപ്രിയാപുത്രകോഷ്ഠത്തിനുള്ള-
ക്കവാടം പതുക്കെത്തുറന്നല്പമുള്ളിൽ
ഭവാൻ നോക്കിയപ്പോളനങ്ങാതുറങ്ങും
പ്രവാളപ്രസൂനങ്ങളൊന്നിച്ചുകണ്ടാൻ.

മണാളൻ—പിതാവെന്നഭാവങ്ങൾ, വെൺവാർ
മൃണാളങ്ങൾപോലെ, മനസ്സാം സരസ്സിൽ,
ക്ഷണാൽ ബന്ധനംചെയ്തു; താരുണ്യശോഭാ-
ഗുണാകാരനാം രാജഹംസത്തെയപ്പോൾ

കളത്രാത്മജസ്നേഹസമ്പന്നനായി-
ത്തിളങ്ങുന്നസൗവർണ്ണസിംഹാസനത്തിൽ,
ഇളയ്ക്കാധിപത്യത്തൊടേറേണ്ടഭാഗ്യം
കളഞ്ഞീടുമോ കാതരഭ്രാന്തനെന്യേ.

പിതാ; വുണ്ണിരാജൻ, വരൻ,രാജരാജ-
പ്രതാപം തുളുമ്പും നൃപാലന്റെപുത്രൻ;
ഇതാണിപ്പൊളുള്ളാത്മചിത്രം; തപസ്യാ-
വ്രതാഢ്യാവിലെന്തായിരിക്കാം ചരിത്രം!!

കുരുന്നോമനക്കുഞ്ഞിനെച്ചെന്നെടുക്കാ-
നൊരുങ്ങീടില,മ്മയ്ക്കുനിദ്രക്കുഭംഗം

വരും; പിന്നെ ഉദ്ദേശവിഘ്നംഭവിക്കാ-
തിരുന്നീടുകില്ലെന്നു തോന്നുന്നുവഃല്ലാ.

ത്രലോകം തമ്മിലേവം വിരുദ്ധങ്ങളാകും
ഖലോദ്വേഗസമ്മുഗ്ദ്ധ സമ്മർദ്ദനങ്ങൾ
ബലോപദ്രവംചെയ്തു, ബുദ്ധിക്കസൂക്ഷ്മാ/
വലോകഭ്രമം സാമ്പ്രതം സംഭവിച്ചു.

സപൂർവ്വാർജ്ജിതാനർഘപുണ്യോദയത്താ-
ലപൂർവ്വം ഭവിക്കുന്ന ഭാഗ്യോദയത്താൽ,
സുപൂർണ്ണാഷ്കുംഭാമൃതം കൈവരുത്താൻ
പ്രപൂതാശയൻ കൊച്ചുരാജാവുറച്ചാൻ.

അനാച്ഛാദനംചെയ്തിരുന്നക്കവാടം
മനാക്, വീണ്ടുമാഛാദനംചെയ്തു ധീരൻ,
വിനാസംശയം, തള്ളയെപ്പിള്ളയോടൊ-
ത്തനാഥസ്ഥിതിക്കുള്ളിലിട്ടെച്ചുപോയാൻ.

നിമേഷത്തിൽ, നിശ്രേണി നിശ്ശബ്ദമായി
ക്ഷമേശാത്മജൻ, വച്ചൊരോരോപദങ്ങൾ
ക്രമേണാതിലംഘിച്ചു, താഴത്തുവന്നു/
പ്രമേയാർദ്ധനൈശാന്ധകാരത്തിൽ നിന്നാൻ.

കരിക്കട്ടപോലുള്ളിരുട്ടത്തു,സജ്ജീ-
കരിച്ചശ്വമോടൊത്തുനിന്നാത്മസൂതൻ,
ഇരിക്കാൻ സഹായിച്ചു വന്ദിച്ചുതിന്മേൽ;
ചരിച്ചീടിനാൻ ചത്വരംവിട്ടു രണ്ടാൾ.

ഖരധ്വാന്തഖണ്ഡാവൃതാർദ്ധത്രിയാമാ-
ന്തരത്തിൽ, സ്വയം ജീവജാലം ജഗത്തിൽ,
നിരക്കെക്കിടന്നു സുഷുപ്തിക്കകത്തീ-
ഖുരധ്വാനമാരും ശ്രവിക്കാതിരുന്നു.

കുളമ്പിൽ ഘടിപ്പിച്ചുലാടങ്ങൾ, കല്ലിൽ-
കുളംകുത്തുമാറാഞ്ഞു തട്ടിത്തമസ്സിൽ,
ഇളക്കിസ്ഫുലിംഗങ്ങൾ, ആദ്ധ്യാത്മികശ്രീ
വിളക്കിൻെറ ഭാവി പ്രണാളങ്ങളാവാൻ.

വിഭൂഷ്യങ്ങളില്ലാത്തൊര“ച്ഛന്ദൻ;”—അൻപോ
ടുദ്ധാത്മവിശ്വസ്ഥനാമശ്വ വീരൻ;-
പ്രബുദ്ധാത്മചിന്താസഹസ്രങ്ങളും;ത-
ദ്വിപിദ്ധൂരാനയാത്രയ്ക്കു കൂട്ടായിരുന്നു.

“അരോമാ” നദീതീരഭാഗത്തു, ഭാസ്വൽ-
സരോജങ്ങളുൽഫുല്ലമാകുന്ന മുമ്പിൽ,
അരോഗാംഗദാർഢ്യാഭനാം “കാന്തകൻ” തൻ
പുരോദീർഘയാത്രാവിരാമം രചിച്ചാൻ,

അലംഭാവമോടൊത്തുകൂടി, സ്വകീയ-
സ്ഥലം വിട്ടുപോന്നിക്ഷമാപാലപുത്രൻ
വിലംഘിച്ചു വിസ്തീർണ്ണവീഥിക്ക പശ്ചാ-
ത്തലത്തിൽ ത്യജിച്ചുത്തമെത്രയ്ക്കുമൂല്യം.

സ്വഭാര്യാ; സ്വപുത്രൻ; സ്വമാതാപിതാക്കൾ;
പ്രഭാപൂർണ്ണമാം പ്രാംശുസൗധാങ്കണങ്ങൾ;
പ്രഭാതസ്തവാനന്ദഗീതങ്ങൾ,—രാജ-
പ്രഭാവങ്ങളെന്തൊക്കെയെല്ലാം—തകർന്നു!!

സുഖവാസലാപം; സുഗന്ധാനുലേപം;
സഖാക്കൾക്കിടയ്ക്കുള്ള സന്ദർശനങ്ങൾ;
മുഖാതിസ്തുതി പ്രീതിലാഭങ്ങൾ; ലീലാ-
ശിഖാകൃഷ്ണസാരങ്ങൾ;-പാടേ പൊടിഞ്ഞു!!

യുവക്ഷ്മാമണാളാളിമാനം; സ്വപുത്രോ*f*
ത്ഭവശ്രീദിനാഘോഷയാത്രാവിമാനം,

അവസ്ഥാനുയാജ്യാപദാനം; സ്വഗോത്ര-
വ്യവസ്ഥാത്ഥദാനം;-മുഴക്കെപ്പൊളിഞ്ഞു!

തുലാഭാര സൌവണ്ണയന്ത്രം; സ്വസനാ-
ബലാഭ്യാസതന്ത്രാ ചലച്ചംക്രമത്തിൽ;
കലാപാഷണാസക്തി; കാമ്യാന്നമാചാ-
ഫലാസ്വാദ്യമാംഭുക്തി;-സവ്വം തുലഞ്ഞു!!

ഇവററുള്ള നേരിട്ട ലാഭങ്ങളെന്താ-
ണവശ്യം വരാനിപ്പുറപ്പാടിലിപ്പോൾ?
നവഭാന്തസഞ്ചാരമാവാം; ജനിച്ചാൽ
ഭവക്ലേശനാശം ഭവിക്കുന്നതെപ്പോൾ?

തപോനിഷ്ഠുരത്വം; തനുവ്യാകുലത്വം;
നൃപോപദ്രവം; നിസ്വനാഭദ്രഭാവം;
സ്വപാത പ്രിയാശ്ലേഷഭംഗം; പ്രചണ്ഡാ
തപോത്സംഗസംഗം; വരിക്കാമിതെല്ലാം.

വടുഗ്രന്ഥപാഠം; വടോപാന്തപീഠം;
കടുവ്യാഭക്ഷ്യം; കളത്തുട്ടലക്ഷ്യം:
പടക്കാൻപരാണ്ണി ഖരടാവൃണ്ണമാം വൻ
കൊടുംകാട്ടമംഗീകരിക്കാമൊരിക്കൽ.

വെറും നാറവെള്ളം കുളിക്കാൻ, കുടിക്കാൻ;
വെറുക്കേണ്ടതാം വേരുവേണ്ടാതെയുണ്ണാൻ;
ഉറുത്തും മരത്തോലുടുക്കാൻ, പുതയ്ക്കാൻ;
ഉറുമ്പിൻെറകൂടെ കിടക്കാമെടുക്കൽ.

ഇരിക്കാം പുലിത്തോലിൽ; മൂപ്പുള്ള മുള്ളിൽ
ചരിക്കാമഹോ! നഗപാദങ്ങളിന്മേൽ;
വരിക്കാട്ടുകണ്ണും വരിക്കായ് വരിക്കാം,
പിരിക്കാം ജടാജൂടമാവശ്യമെങ്കിൽ.

തുരംഗാവരോഹം കഴിച്ചുക്കടിഞ്ഞാൺ
കരത്തിൽ കൊടുത്താശു സൂതന്നു, ദേവൻ
ഉരസ്സിൽ കവിഞ്ഞുൽക്കടാതങ്ക ശങ്കാ-
തരംഗത്തിൽ നീന്തുന്നയാളോടുരച്ചാൻ.

“സഖേ, സാരഥേ, താങ്കളെന്തിന്നിദാനീം
സഖേദം, പൊഴിക്കുന്നുകണ്ണീർകണങ്ങൾ
സുഖേച്ഛാദിയെന്നേ മുഷിപ്പിച്ചു; നാനാ-
സുഖേച്ഛാവിരക്തിക്കു പാത്രീഭവിച്ചേൻ.

“തിരിച്ചാശു പോയച്ഛനോടെന്റെ യാത്രാ-
ചരിത്രം ഭവാൻ ചൊൽക നേരായമട്ടിൽ;
ധരിക്കട്ടെ യാഥാർത്ഥ്യം; ഉൽക്കണ്ഠകൂടാ-
തിരിക്കട്ടെ രാജ്യംഭരിക്കേണമെങ്കിൽ.

ഭവാനെന്റെ മറ്റുള്ളബന്ധുക്കളോടും
വിവാദം വെടിഞ്ഞുള്ളതോതാതിരുന്നാൽ,
ദിവാരാത്രമന്യൂന വിശ്ലേഷദുഃഖ
പ്രവാഹത്തിലെല്ലാരുമാമഗ്നരാവാം.”

ഇരട്ടിച്ചു കണ്ണീരുടൻ, വിങ്ങി വിങ്ങി-
ക്കരഞ്ഞക്ഷയക്ഷോഭമുൾക്കൊണ്ടു സൂതൻ,
സ്വരം താണതിപ്രശ്രയത്തോടുവന്ദി-
ച്ചുരച്ചാൻ, നിജസ്വാമിയോടിത്തരത്തിൽ.

“നൃപാലേന്ദ്രസൂനോ, ഭവാനോടുകൂടി
കൃപാപൂർവ്വമിന്നെന്നെയും കൊണ്ടുപോകൂ;
അപായം വരാനില്ല; ഞാൻ നന്ദികേടാം
പ്രപാതത്തിൽ വീഴാതിരിക്കേണമെങ്കിൽ.

“അഹോ! ഞാൻ ഭവാനോടുകൂടാതെ ചെന്നാ-
ലഹോരാത്രമുൽക്കണ്ഠതേടുന്നപൗരർ,

മഹോപദ്രവത്തിന്നു സന്നദ്ധരാവാ,
മിഥോപപ്ലവം, വിസ്മരിക്കപ്പെടാമോ?"

"വിതക്കിക്കവേണ്ടാ"-തിനാഥൻ-"ഭവാനിൽ
കൃതഘ്നത്വമാരും പ്രദർശിക്കയില്ല;
ഹിതം ചെയ്യുവെന്നാലെനിക്കെൻെറ പൗര-
ക്ക്,തച്ഛന്നമൎമ്മംപ്രീതിയുണ്ടാക്കുമല്ലോ"

പുനസ്സാരഥി, സ്നേഹസംശ്ലേഷണത്തോ-
ടനർഘാശ്വനാഥാനുവാദം വിശേഷാൽ,
കനക്കും വ്യഥാപാരവശ്യം തുളുമ്പും
മനസ്സോടുവാങ്ങി, സ്വയം വിട്ടുപോകാൻ.

സമം,സാരഥി സ്വാമിസംവാദമേവം
സമസ്തം ശ്രുവിച്ചും, സമാശ്ലേഷഭാവം,
സമക്ഷത്തുകണ്ടും, സമീപത്തുനിന്നf-
ക്ഷമത്വം തുഷോം വാജികാണിച്ചിതപ്പോൾ.

വികാരങ്ങൾ തിൎയ്യക്കുകൾക്കുംഭവിക്കും
പ്രകാമം, മനുഷ്യൎക്കുപോലെമനസ്സിൽ
അകാണ്ഡത്തിലെന്നത്ര കാണിച്ചുനില്ക്കും-
പ്രകാരത്തിലശ്രുക്കളശ്വംപൊഴിച്ചു.

വിലോകിച്ചു,വിശ്ലേഷദുഃഖാതിരേകാf-
കുലോച്ഛ്വാസമേന്തുംഹയത്തിൻെറ കണ്ണീർ,
വിലോലാർദ്രമാം മാനസത്തോടുദേവൻ
തലോടിസ്വവാഹത്തൊടും യാത്രചൊന്നാൻ.

പുറപ്പെട്ടുസൂതാശ്വമിത്രങ്ങൾ,മന്ദം
പുറത്തോട്ടു നോക്കിപ്പുനസ്സഞ്ചരിച്ചു;
ഉറക്കത്തിലേ യാത്രയെപ്പോലെ, ചക്ര-
ക്കുറെക്കങ്ങൾ രണ്ടാൾക്കുമുണ്ടായിതുള്ളിൽ.

നിറഞ്ഞാധിയാന്നശ്രുവും തോഴരും കൺ
മറഞ്ഞീടുവോളം ഭവാൻ നോക്കിനിന്നാൻ;
നിറംമാറിവന്ന നിശാന്തപ്രകാശ-
പ്പുറപ്പാടിനാചന്തരീക്ഷത്തിലപ്പോൾ.

ശിരോമുണ്ഡനംചെയ്തു, രാജാർഹവാസ-
സ്സോരോന്നും കളഞ്ഞാശു ചെങ്കാവിമുണ്ടാൽ
ഉരോവേഷ്ടനംചെയ്തു പിന്നീടു,പീതാം-
ബരോഷ്ണീഷവും ചാർത്തിനാൻ ചാരുരൂപൻ.

തനിത്തെണ്ടിയെപ്പോലെയാചിച്ചു, കയ്യിൽ
തനിക്കിട്ടുകിട്ടുന്ന തീൻ സാധനങ്ങൾ
അനിഷ്ടേഷ്ടഭാവം ഗണിക്കാതശിച്ചീ
മുനിക്കുട്ടിരാജൻ നടന്നാൻ നിരത്തിൽ.

തദാരാജപൂർവ്വം ഗൃഹത്തിൽ സ്വശിക്ഷാ-
പ്രദാതാക്കളാം പണ്ഡിതാഗ്രേസരന്മാർ
മുദാവാഴ്‌വതുണ്ടെന്നറിഞ്ഞത്രചെന്നാ
നദാരാഗമജ്ഞാനലബ്ധിക്കു,ദേവൻ.

നൃപൻ—ബിംബസാരൻ—യുവാവാം ഭവാനെ—
ത്തപസ്വിക്കിണങ്ങുന്ന വേഷത്തിലാരാൽ
സ്വപന്ഥാവിൽവച്ചന്നുകണ്ടാൻ; വിശേഷാൽ
സപര്യാസമേതം നയിച്ചാൻഗൃഹത്തിൽ.

യുവാനന്യസന്ന്യാസിചൈതന്യഭാവം
നവാഢ്യമന്യ വേഷത്തിൽ ദർശിച്ചുധന്യൻ
ഭവാനോടപേക്ഷിച്ചു; തദ്രാജ്യലക്ഷ്മീ-
ധവാത്മാധികാരം സമംഗീകരിക്കാൻ.

അപേക്ഷിച്ചതാത്മാർത്ഥമാം നന്ദികാണി-
ച്ചുപേക്ഷിച്ചു; നിർദ്ദിഷ്ടലക്ഷ്യത്തിലെത്താൻ,

നൃപേന്ദ്രന്റെ മേടയ്ക്കുമേൽ നിന്നു,രാകാ-
ക്ഷപേന്ദ്രൻകണക്കങ്ങിറങ്ങിത്തിരിച്ചാൻ.

പരിവ്രാജകൻപോലെ രാജാലയശ്രീ-
പുരിക്കുള്ളിലങ്ങത്ര ചുററിത്തിരിഞ്ഞാൻ;
പരിഷ്കാരഭാസ്സുള്ളോരേടത്തു കാണ്മാൻ;
ദരിദ്രക്കുടിൽച്ചാള മററുള്ളടിക്കിൽ.

ഒരററത്തുനെയ്യ്, പാൽ, ഗുളം, നല്ലിളംതേൻ,
തരംപോലിരിക്കുന്ന പൊൻഭാജനങ്ങൾ;
നിരക്കെക്കറിസ്സസ്യവർഗ്ഗങ്ങൾ—ഒന്നാം-
തരം ചീര, പാവയ്ക്ക, നേന്ത്രപ്പഴങ്ങൾ.

വെളിച്ചന്തയിൽ കൊഞ്ചു, മീൻ, മുട്ട, ചോര-
ക്കളിച്ചാറു മാറാത്തിറച്ചിത്തരങ്ങൾ;
ഒളിക്കാതെ വച്ചീച്ച ബാധിച്ചിരിക്കും
പുളിച്ചക്കര,ച്ചക്ക,യീന്തപ്പഴങ്ങൾ.

ഇതിൽ—കണ്ടവസ്തുക്കളിൽ—ശ്രദ്ധതീരെ
പ്പതിച്ചില്ല; ദേവന്നു ഹൃദപീക്ഷണങ്ങൾ;
അതിപ്രൗഢരാം പണ്ഡിതന്മാരിരുന്ന-
ക്ഷിതിക്കോണിലേക്കാണു പോയ്ച്ചെന്നതപ്പാൾ.

നൃപാരംഭവേശ്മാഖ്യമാകും പുരത്തി
ന്നുപാന്തത്തിലേകാന്ത നാട്ടുമ്പുറത്തിൽ,
സപാണ്ഡിത്യദാർഢ്യത്തൊടദ്ധ്യാത്മവിദ്യാ-
പ്രപാത്മാധികാരം വഹിച്ചാനൊരാഢ്യൻ.

"അലാരാകലാരാ"ഭിധാനന്റെ സാക്ഷാൽ-
കലാപാടവംകണ്ടു വിദ്വജ്ജനങ്ങൾ,
കലാപന്റെ ചുററും സുതാരങ്ങൾപോലെ,
വിലാസത്തൊടങ്ങാൻ വിജൃംഭിച്ചുവന്നാർ.

കലാശാലകൾക്കൊട്ടനേകംവിരാജൽ-
ശില്പാഗേഹ്വര ശ്രേണിയുണ്ടായിരുന്നു:
സുലാവണ്യമോലും നിതംബങ്ങൾലീലീ-
സ്ഥലാംശങ്ങളായി പ്രകാശിച്ചിരുന്നു.

വിശാലത്വമേറുന്ന മൈതാനഭൂവിൽ
ശശാജ്ജാദി ജന്തുക്കളുത്സാഹപൂർവ്വം,
നിശാവേളയോളം കളിച്ചാടിയോടി
ക്കശാനല്പശഷ്പങ്ങൾ നന്നായശിച്ചു.

ഋഷിപ്രേഷ്ഠമായുള്ള സസ്യങ്ങൾ, ക്രലം-
കഷിക്കും സരിത്തിന്റെ തീരസ്ഥലത്തിൽ
മുഷിഞ്ഞെതന്നരമെന്നും പണിപ്പെട്ടുയർത്തി
കൃഷിത്തോട്ടമുണ്ടാക്കി ശിഷ്യപ്രശിഷ്യർ.

സമസ്താനവദ്യാത്മ വിദ്യാലയത്തിൽ
സമഗ്രാഭി വന്ദ്യോത്തമന്മാർ ഗുരുക്കൾ!
സമന്തംവസിക്കുന്ന ശിഷ്യർക്കുശിക്ഷാ-
സമത്വപ്രമാണം പ്രയോഗിച്ചുനിത്യം-

വിദേശങ്ങളിൽ കേൾവികേട്ടീവിശിഷ്ടോ-
പദേശത്തിനായ് ബാലികാ ബാലകന്മാർ
സ്വദേഹക്ലമം ഗണ്യമാക്കാതെ വന്നി-
പ്രദേശത്തു വിജ്ഞാനമാർജ്ജിച്ചിരുന്നു.

സുവിസ്തീർണ്ണമാം മാർഗ്ഗണത്തിന്നുശേഷം
ശ്രവിച്ചിക്കലാസ്ഥാപനത്തിൻ വിശേഷം,
അവിശ്രാന്തമായിച്ചരിച്ചങ്ങുചെന്നാ-
നവിദ്യാന്ധകാരം വിദൂരീകരിപ്പാൻ.

യതിസ്വാഗതം നിഷ്പ്രയാസം ലഭിച്ചി-
ശ്രുതിപ്പെട്ട വിദ്യാനികേതത്തിനുള്ളിൽ

കൃതിവ്യഗ്രതാപൂൎവ്വമന്നാരം പ്രവേശി
ച്ചതിശ്രദ്ധകാണിച്ചു ദേവൻപഠിപ്പിൽ.

വിശിഷ്യ പ്രിയാചായ്യ വൎയ്യൻ, ഭവാനിൽ
സുശിക്ഷാവധാനം പ്രദർശിച്ചുനിത്യം
സ്വശിഷ്യാഗ്രിമസ്ഥാനമേകിക്ഷണം; ത്വ
ദ്വിശിഷ്ട സ്വഭാവം പ്രകീൎത്തിച്ചുവല്ലോ–

പരിജ്ഞാനസമ്പാദനത്തിൽ ഭവാനിൽ
സ്ഫുരിക്കും പ്രശസ്താഭിലാഷം, ക്രമത്തിൽ
ധരിച്ചാശ്രമക്ഷേത്രകായ്യങ്ങളെല്ലാം
ഭരിക്കാൻ ഭവാനോട്ടരച്ചാൻ മുനീന്ദ്രൻ.

സ്വരാജ്യാദി സൎവ്വസ്വവും വിട്ടസത്യോ–
ദരാന്വേഷണത്തിന്നു കാപ്പിട്ടൊരാളിൽ,
പരാനന്ദ നിത്യാനുഭൂതിക്കൊഴിച്ചു–
സ്ഥിരാല്പ പ്രവൃത്തിക്കടിസ്ഥാനമുണ്ടോ?

മുറയ്ക്കേറനാരം, സാധുസന്യാസി,യോരാ–
മറയ്ക്കുള്ളിലേ തത്വരത്നോൽക്കരങ്ങൾ,
മറയ്ക്കാതെ കാണിച്ചു, ദേവന്നു,പക്ഷേ,
കുറച്ചെങ്കിലും ശാന്തിസിദ്ധിച്ചതില്ല.

മനശ്ശാസ്ത്രപാഠങ്ങൾ; മന്ത്രങ്ങൾ; മേഷാ–
ജിനദ്ധ്യാനപീഠങ്ങൾ; സങ്കീൎത്തനങ്ങൾ;
അനൎഘാഗമാഭ്യാസശീലങ്ങൾ;—ഒന്നും–
മനശ്ശാന്തി സിദ്ധാൎത്ഥന്നുണ്ടാക്കിയില്ല.

സഹസ്രാൎക്കതേജസ്സു തുള്ളിത്തുളുമ്പും
"മഹത്സത്യബോധം", മനോമണ്ഡലത്തിൽ,
രഹസ്സുപ്തിചെയ്യുന്നു; തദ്ദൎശനം, ഭൂ–
ഗ്ഗൃഹഗ്രന്ഥശാലയ്ക്കകത്തോൎക്കലഭ്യം?

നിയന്ത്രിക്കുവാനത്രമാത്രം, പ്രതീവ്ര-
പ്രയത്നങ്ങളാൽ, ശക്യമല്ലാത്തമട്ടിൽ,
ഉയർന്നു ഭവാനന്നസംതൃപ്തി;വിദ്യാ-
ലയംവിട്ടുപോകാനുടൻ നിശ്ചയിച്ചു.

അതിൽപിന്നെ, നേരേ, മഹാഭിജ്ഞനെന്നായ്
സ്തുതിക്കർഹനായന്യ സന്യാസിവര്യൻ
പ്രതിഷ്ഠിച്ചതാമാശ്രമത്തിൽ പ്രവേശി-
ച്ചതിശ്രദ്ധയോടൊത്തു ദേവൻ പഠിച്ചാൻ.

അസത്ഭാവമാം ബോധനത്താൽ, ഭവാനു-
ള്ളസംതൃപ്തിയന്നേത്തുമാചാര്യനാരാൽ,
വിസർജ്ജിക്കുവാൻ ശക്തനായില്ല; മിഥ്യാ-
പ്രസംഗങ്ങളാൽ ക്ഷുത്തടങ്ങുന്നതാണോ?

ഒരാൾ മറ്റൊരാൾക്കെങ്ങനെ, സത്യമാം ചിത്-
പരാനന്ദതേജസ്സുദിപ്പിപ്പതുള്ളിൽ?
പരാമർശനം സ്വന്തമായ്ചെയ്കവെന്നാൽ
വരാം വാസ്തവജ്ഞാനബോധം കദാചിൽ.

പുന"സ്സത്യം" അന്വേഷണംചെയ്കു,വൃന്ദാ-
വനത്തിൽക്കളികൃഷ്ണനെപ്പോലെ നല്ലാർ,
മനശ്ശാന്തികാണ്മാനിറങ്ങിത്തിരിച്ചാ.
നനർഘാശ്രമംവിട്ടു, സിദ്ധാർത്ഥനന്നാൾ.

"ഉരുശ്രീപദാരംഭവോലാ"ഖ്യമാക-
ന്നൊരുൾഗ്രാമസീമയ്ക്കുപാന്തസ്ഥലത്തിൽ,
ഉരുശ്രീനിസർഗ്ഗാഭകോല്ലുന്നനാനാ-
തരുച്ഛായയിൽചെന്നു ചേർന്നാനതൃപ്തൻ.

ലതാലംബിവൃക്ഷങ്ങൾ, ലക്ഷക്കണക്കിൽ
സിതാലോല ലീലാപ്രവാളങ്ങളോടും,

സ്മിതാരമ്യപുഷ്പങ്ങളോടും, വിഭൂഷാ-
വിതാനം രചിച്ചത്ര നിന്നൂ വിയത്തിൽ.

നിതാന്തം തപോവൃത്തി ചെയ്തത്ര, നാനാ-
ശതാബ്ദങ്ങളായ് നില്ക്കുമീ മാമരങ്ങൾ,
അതാനാമജാലം ജപിക്കുന്നു, പദ്യോ-
ചിതാസ്വാദ്യഹൃദ്യദ്വിജാദ്യസ്വരത്താൽ.

പുറന്തോപ്പിനെച്ചുറ്റിയോടും സരിത്തിൽ-
പുറപ്പെട്ടിടുന്നൂർമ്മികാമർമ്മരങ്ങൾ,
മറയ്ക്കുള്ളിലേ മന്ത്രശബ്ദങ്ങൾപോലേ
മുറയ്ക്കുത്രകേൾക്കായ്, മുമുക്ഷുശ്രവത്തിൽ.

അഹസ്താപമേറേറാ, രഹശ്ശാപമാണോ,
സഹസ്രാശ്മതല്പങ്ങൾ, തല്പാശുഭൂവിൽ,
അഹല്യാപലംപോലെ, ആത്മാഭിരാമ-
പ്രഹർഷപ്രപാദം പ്രതീക്ഷിച്ചിരുന്നു.

മനോജ്ഞപ്രകൃത്യാഭിമുഖ്യം കലർന്നി-
വനോത്സംഗം, അദ്ധ്യാത്മ സമ്പോഷണത്തിൽ,
ഘനോത്തേജനം ചേർത്തു, സിദ്ധാത്മനദ്ധ്യാ-
പനോപാധിതത്വങ്ങളെക്കൊള്ളുമന്നാൾ.

തദേകാന്തമായ് കാന്തമായുള്ള ശാന്ത-
പ്രദേശത്തു തീവ്രം തപസ്സാചരിക്കാൻ,
നിദേശം ലഭിച്ചായിരിക്കാം രഹസ്സിൽ
സ്വദേഹിക്ക, ദേഹവ്യഥാചിന്തയെന്യേ.

സ്ഫുടക്രൂരചണ്ഡാർക്കദേവന്റെ, ഘോരോ-
ൽക്കടക്ഷുദ്രമായുള്ള വെയ്‌ലിൽ ചിലപ്പോൾ,
ഉടക്കുന്ന മഞ്ഞിൻതണുപ്പുള്ള വെള്ള-
ത്തടത്തിൽ ചിലപ്പോൾ, തപസ്സങ്ങുചെയ്താൻ

ജ്വലിക്കുന്ന പഞ്ചാഗ്നിമദ്ധ്യത്തിൽ; നീർവീ-
ണൊലിക്കുന്ന ചേറുള്ള ചാലിന്റെയുള്ളിൽ;
ചലിക്കാതിരുന്നും, കിടന്നും, ചിലപ്പോൾ,
പുലിത്തോലുടുത്തും, തപസ്സങ്ങുചെയ്താൻ

ശിലാഗ്രത്തിലും; ശീതവാതത്തിലും; ഭൂ-
തലാകാശമദ്ധ്യത്തിലും ഭൂരുഹത്തിൽ;
നിലാവത്തു; മെന്നല്ലിരുട്ടത്തുമല്ലിൽ;
ബലാദുഗ്രമാകും തപസ്സങ്ങുചെയ്താൻ

ജലാഹാരനായും; ജപാസക്തനായും;
ഫലാംശം ഭുജിച്ചും, ഫലാപേക്ഷയെന്യേ;
ശലാകങ്ങൾമേലും; ശമാപ്തിക്കഹോ! നി-
സ്തുലാത്യുഗ്രമാകും തപസ്സങ്ങുചെയ്താൻ

നിരാഹാരനായ് നിദ്രയില്ലാതെ, പത്രാം-
ബരാച്ഛാദനംചെയ്തു ഗുഹ്യസ്ഥലത്തിൽ,
കരാളങ്ങളാം കാട്ടുജന്തുക്കളോടൊ-
ത്തൊരാറാണ്ടുഘോരം തപസ്സങ്ങുചെയ്താൻ

നയിച്ചൂഷഡബ്ദങ്ങളീവണ്ണ, മെന്നാൽ
ജയിച്ചില്ലദേവൻ സ്വലക്ഷ്യത്തിലെത്താൻ;
വെയിൽച്ചൂടുകൊണ്ടും, തണുപ്പേറ്റുമംഗം
ക്ഷയിച്ചൂ നിരാഹാരനിത്യവ്രതത്താൽ.

ക്ഷമാപാലപുത്രന്റെ സൗന്ദര്യമെല്ലാം
ക്രമാതീതമായി ക്ഷയിച്ചൂ തപസ്സാൽ;
അമാംസാംഗവൈരൂപ്യമോടസ്ഥികൂട-
പ്രമാണത്തിലാകാരമാകെച്ചുമഞ്ഞു.

ജടാജൂടമെല്ലാമഴിഞ്ഞിട്ടു, ഒേ-
ച്ഛടാഹീനമായിക്കൊഴിഞ്ഞൂ; ശിരസ്സിൽ

വിടാതങ്ങുമിങ്ങും വ്രണത്തോടു, മത്യു
ല്ക്കൂടാതങ്കമുണ്ടാക്കിയുഷ്ണക്കുരുക്കൾ.

ഭവിച്ചു പരിക്ഷീണഭാവം; ക്ഷണത്തിൽ
ചെവിക്കുള്ളിലും കേൾവിയല്പംകുറഞ്ഞു;
രവിച്ചൂടിനാൽ കണ്ണുകൾക്കും പ്രസാദ-
ച്ഛവിക്കൊട്ടു വൈകല്യമുണ്ടായ്, തപസ്സാൽ.

കപോലം വിളർത്തു, കഫോപദ്രവത്താൽ;
ജപോച്ചാരണത്തിന്നു ജാഡ്യം ഭവിച്ചു;
തപോവൃത്തി കാഠിന്യമൂലം മുഖത്തും
ന്ധപോത്തംസപുത്രന്നു നീരു ഭവിച്ചു.

ശരീരം മെലിഞ്ഞു; ശരിക്കത്രമൂത്രം-
പുരീഷം—പുറത്തോട്ടുപോകാതിരുന്നു;
ഗരീയസ്തപഃകേക്ശതാപം കുറച്ചു,
പരീവാഹവും ശോണിതത്തിന്നു മെയ്യിൽ.

ഭുജാപാദഭാഗങ്ങൾ ചുക്കിച്ചുളിഞ്ഞു;
ദ്വിജാനക്കൾ വല്ലാതെ ശോഷിച്ചിരുന്നു;
നിജാരോഗ്യമാകെത്തകർന്നു; ഭവാനിൽ
ദ്വിജാകാര വൈജാത്യവും വന്നുചേർന്നു,

ശുഭാഢ്യ സൗഭാത്രമേന്തിത്തപസ്സിൽ
പ്രഭാവം കലന്നഞ്ചുയോഗീന്ദ്രരോടേ
പ്രഭാസാൽ സരിൽസ്നാനകർമ്മത്തിനായി,
പ്രഭാതത്തിലങ്ങന്നൊരിക്കൽ ഗമിച്ചാൻ.

പുഴയ്ക്കുള്ളിൽ നിന്നുംകരേറീടവേ, കാൽ-
കുഴഞ്ഞാശുവീണു ഭവാനക്കരയ്ക്കൽ;
ഇഴഞ്ഞല്പദൂരത്തു ചെന്നിട്ടു, ചാവിൻ-
നിഴൽപ്പാടിലെത്തിക്കിടന്നു, കഷ്ടം;

യമീശാഢ്യർ, മേൽമീശയും താടിയോടും,
സമീപത്തു വന്നാശു, ശുശ്രൂഷചെയ്‌വാൻ,
സമീക്ഷിച്ചു, പക്ഷേ, ഭവാൻ ബോധഹീന-
സ്വമീനേക്ഷണഛരായ കാട്ടിശ്ശയിച്ചാൻ.

മരിച്ചൂ ഭവാനെന്നു ഭാവിച്ചു,മാറി-
ത്തിരിച്ചാശു പോയീടിനാർ താമസന്മാർ;
"സ്ഫുരിച്ചുജ്ജ്വലൽസത്യജിജ്ഞാസ"യെല്ലാ-
മെരിച്ചൂളയിൽ കഷ്ടമയ്യോ; പതിച്ചോ?

കിടന്നക്കിടപ്പിൽ കിടന്നു ഭവാൻ, കൈ-
മടങ്ങാതെ, കാൽനൃത്തു കൺമങ്ങി; യാരാൽ
കടന്നു വഴിക്കാർ, തിരിഞ്ഞൊന്നു നോക്കാ-
തി,ടയ്ക്കാക്കുമില്ലേ യഥാർത്ഥാനുകമ്പാ?

ഒരാട്ടിന്റെ 'പററത്തെ' ഓടിച്ചുമുമ്പേ,
കരാഗ്രത്തിലേന്തുന്ന കമ്പോടുകൂടി,
സ്വരാഭാസമുണ്ടാക്കി നേരിട്ടുവന്നാ
നൊരാൾ—ആടുമേയ്ക്കുന്ന ചെല്ലച്ചെറുക്കൻ.

അടുത്തത്രവന്നപ്പൊളാററിന്റെവക്കിൽ-
നടുക്കുള്ളതാം സ്നാനഘട്ടസ്ഥലത്തിൽ,
വിടത്തുള്ളവായിൽ കഫക്കെട്ടുകൂടി-
പ്പുടത്തങ്ങളെയെക്കണ്ടിതക്കൊച്ചുപയ്യൻ.

ഭരശ്വാസനിശ്വാസമന്ദക്രമത്താ-
ലരപ്രാണനാങ്ങൾക്ക ശേഷിപ്പതായി,
ഉരസ്സ്പന്ദനംകൊണ്ടു മൂഹിച്ചു, ഭാഷാ-
ക്ഷരജ്ഞാനഹീനൻ സ്വസാമാന്യബുദ്ധ്യാ-

ദ്വിജശ്രേഷ്ഠനാണെന്നു ദേവന്റെ ആസ്യാം-
ബുജത്തിന്റെ തേജസ്സു സുസ്പഷ്ടമാക്കി;

അജശ്രേണിപാലാനപായോത് ഭൂതബാലൻ
നിജസ്വർനാശുദ്ധിയോത്തമ്പരന്നാൻ.

കുറഞ്ഞൊന്നു ചിന്തിച്ചൊരാട്ടിൻ നറുംപാൽ,
കറന്നാശു, നേരേതൊടാതച്ചെറുക്കൻ,
തുറന്നുള്ള വായിക്കകത്തല്പമല്പം
മുറയ്ക്കന്നൊഴിച്ചാൻ മുലപ്പാലുപോലെ.

ഒരഞ്ചാറു ചിന്നിപ്പതുക്ഷീരമുള്ളിൽ
ച്ചുരന്നല്പമായ് ചെന്ന നേരത്തു, ജീവൻ,
മരപ്പാവപോലേ കിടന്നാളി,ലുള്ളിൽ
സ്ഫുരൽസ്പന്ദനംചെയ്തു വീണ്ടുംക്ഷണത്തിൽ.

രജസ്സതപമൂലപ്രധാനാംശമേറു-
ന്നജക്ഷീരമുള്ളിൽ കടന്നെത്തിയപ്പോൾ.
നിജക്ഷീണമൊട്ടൊട്ടുമാറി, പ്രസന്നാം-
ബുജശ്രീതെളിഞ്ഞൂഭവാനാനനത്തിൽ,

കരങ്ങൾക്കിളക്കംഭവിച്ചു; കഴൽത്താർ-
മരക്കൊച്ചിൽ മാറിച്ചലിച്ചു; വപുസ്സിൽ;
നിരന്നോടിരക്തോഷ്ണ ചൈതന്യ,മുർവ്വീ-
വരശ്രേഷ്ഠപുത്രൻ പ്രബോധിച്ചിരുന്നു.

അടുത്തുള്ളിലാശങ്ക തേടിത്തനിപ്പാ-
ലെടുത്തേകിയപ്പയ്യനോടൊ,ത്തതപ്പോൾ
കൊടുത്തുള്ളകോലാടു നില്ക്കുന്നുപോകാൻ
തിടുക്കത്തിലായ്;—കണ്ടതോതിപ്രബുദ്ധൻ.

"പ്രിയപ്പെട്ടകുഞ്ഞേ, പ്രശംസാർഹമത്രേ
പ്രയത്നിച്ചു നീ ചെയ്തൊരിക്കാര്യ; മോത്താൽ
സ്വയം ദീന സംരക്ഷണം ചെയ്യതേക്കാ-
ളുയർന്നുള്ള ധർമ്മംനരന്നില്ല പാരിൽ.

"യഥാൎത്ഥപ്രകാശം പ്രദൎശിക്കുവാനായ്",
വൃഥാചെയ്തു ഘോരം തപസ്സനേകനാൾ ഞാൻ
വ്യഥാപാത്രമായ്; നിന്റെ ശുശ്രൂഷണത്താൽ,
കഥാശേഷനാകാതിരിക്കുന്നുവല്ലൊ.

"അയേ, സാധുവാമമ്മയാടേ, വിശാലാ/
ശയേ, കുട്ടികൾക്കുള്ളതാം നിന്റെ പാൽ നീ
ഭയേഷ്യാ വിചാരങ്ങളെന്യേ; പ്രശാന്തേ,
പ്രിയേ, തന്നതിന്നായ് തൊഴുന്നേൻ, തൊഴുന്നേൻ.

"അനന്താന്ധകാരത്തിൽ വീണന്തരിച്ചി-
ട്ടനന്യാഭകോലും പ്രഭാതാഗമത്തിൽ
പുനൎജ്ജന്മമുണ്ടായി;തെന്നമ്മ, ആടാ/-
ണ-;നൎഘാശയൻ ബാലനാണെന്റെയച്ഛൻ;

"മമപ്രാണസംരക്ഷണം ചെയ്തനിങ്ങൾ-
ക്കമന്ദം തരാനൊന്നുമില്ലെന്റെ കയ്യിൽ;
സമഗ്രാഗ്രഹാനുഗ്രഹം നൾകുമല്ലോ
സമസ്തേശനാകുന്ന സത്യസ്വരൂപൻ."

ഉരച്ചേവമത്തള്ളയാടൊട്ടുകൂടി
ക്കരംകൂപ്പിനില്ക്കുന്ന പയ്യന്നു, ദേവൻ,
വരം, ധന്യവാദാഭരൂപത്തിലേകി-
പ്പുരംസ്നേഹപൂൎവ്വം പ്രസാദിച്ചയച്ചാൻ.

അജക്ഷീരപാനത്തിനാൽ തന്റെ ഓജ-
സ്സജയ്യൻ, കുറേ വീണ്ടെടുത്തുള്ളിലപ്പോൾ
നിജക്ഷുദ്രമാകും വ്രതം ദേഹദേഹി-
ക്കജസ്രം വ്യഥാഹേതുവെന്നോൎത്തറിഞ്ഞു.

സ്വദേഹക്ലമംവിട്ടു മാറിക്രമത്തിൽ;
സ്വദേഹിക്കുമല്പം ശമംവന്നു ചെന്നു

സ്വദേവൻ പണിപ്പെട്ടു മന്ദംനടന്ന-
പ്രദേശത്തു ചെന്നെത്തി മുന്യാശ്രമത്തിൽ.

അവൎക്കഞ്ഞുപേക്ഷം, വ്രതത്തിന്നുഭംഗം-
പ്രവൎത്തിച്ചുപോയെന്ന വിശ്വാസദാൎഢ്യം
അവജ്ഞാതിരേകം ജനിപ്പിച്ചു, ജാതി-
വ്യവസ്ഥാക്രമംവിട്ടു ദേവന്റെ പേരിൽ.

ചെറുക്കൻ-നികൃഷ്ടാജപാലച്ചെറുക്കൻ-
നറുംപാൽ കൊടുത്താനതങ്ങാസ്വദിച്ചാൻ;
വെറുപ്പന്ധവിശ്വാസമെന്തും മുനീന്ദ്ര-
ക്കുറുത്തിപ്പുറപ്പെട്ടതാശ്ചൎയ്യമാണോ?

സഹിഷ്ണുത്വമില്ലാത്ത സന്യാസിമാര-
ന്നഹിക്ഷ്വേളബിന്ദുക്കൾപോലേ, ഭവാനിൽ
ദഹിപ്പിക്കുമാറുള്ള നോട്ടങ്ങൾ പാറി-
ബ്ബഹിഷ്ക്കാരമാംശിക്ഷ രൂക്ഷംവിധിച്ചാർ.

മതഭ്രാന്തരാം പണ്ഡിതംമന്യ,രാഭ്യാ
ശ്രിതപ്രാണസംരക്ഷണംപോലു,മേമാൎത്താൽ
ബത! സ്വാഗതംചെയ്തിടുന്നില്ല; യാഥാ-
സ്ഥിതക്കന്ധവിശ്വാസമുണ്ടത്രമാത്രം!!

വ്രതത്തിന്നുഭംഗം ഭവിച്ചില്ലിതെന്നായ്
ശതജ്ഞാനതത്ത്വങ്ങൾ കാണിച്ചുദേവൻ,
വിതൎക്കിച്ചു യുക്തിക്കുചേരുംവിധത്തിൽ;
അതക്കൂട്ടർ കേൾക്കാത്ത ഭാവംനടിച്ചാർ.

തനിക്കീവകക്കൂട്ടരോടൊത്തുമേലാ-
ലിനിത്താമസം നല്ലതല്ലെന്നുറച്ചു;
തനിച്ചന്നു മന്ദംനടന്നു ഭവാനീ-
യനിഷ്ടാശ്രമംവിട്ടു ലക്ഷ്യത്തിലെത്താൻ.

ശരീരം വിശോഷിച്ചു ശേഷിക്കുമാറായ്,
ദരീവാസഘോരവ്രതോപാസനങ്ങൾ,
പരീക്ഷിച്ചു നോക്കിക്കളഞ്ഞൂ നിജായു-
സ്സാരീയാറുവർഷം, വൃഥാവിഭ്രമത്തിൽ!!

"സുശക്താഭമായുള്ള ദേഹത്തിലത്രേ,
സുശക്താഭമായുള്ള ദേഹിക്കുവാസം;
വിശങ്കം ഭവാനീപ്രധാന പ്രമാണം-
ഭൃശം, സ്വപ്രമാദത്തോടന്നത്ര, കണ്ടാൻ

മുഴപ്പീഡദേഹത്തിനുണ്ടാക്കിവച്ചാ-
ലെഴുന്നേൽക്കുമോ, സത്യബോധം മനസ്സിൽ?
പുഴക്കുത്തു തായ്‌വേർ, തടിക്കും, പിടിച്ചാ-
ലഴക്കററപക്വം രസാലം തരുന്നോ?

നിറച്ചന്നപാനങ്ങൾ നിത്യം കഴിക്കാ-
തുറങ്ങാതെയങ്ങിങ്ങു തെണ്ടിത്തിരിഞ്ഞാൽ,
മറയ്ക്കുള്ളിലെ തത്വരത്നങ്ങൾ കാണ്മാൻ
തുറക്കപ്പെടുന്നോ കവാടം കഥഞ്ചിൽ?

നിരൂപിച്ചുദേവൻ, നിജാരോഗ്യവും, സ്വ-
സുരൂപാദ്യലാവണ്യവും വീണ്ടെടുപ്പാൻ,
വിരുദ്ധാത്മവിശ്വാസപൂർവ്വം നടന്നാ-
"വരൂഥിന്യധീശാശ"യിൽ ചെന്നുചേർന്നാൻ.

പരം വല്ഗുവാം "ഫൽഗു"വെന്നുള്ളൊരാററിൻ
സുരമ്യോപകണ്ഠാടവിക്കുള്ളിലപ്പോൾ,
സ്ഫുരത്ഖേചരസ്ത്രീകൾ സുസ്വാഗതം, തേൻ-
സ്വരത്തിൽ ഭവാനോടുരച്ചാദരിച്ചാർ.

കുളൂക്കാററുവീശി ക്ഷണിച്ചൂ; വിശേഷാൽ
വെളുത്തുള്ള പുഷ്പങ്ങളാൽ, പാദപങ്ങൾ

കൊളുത്തി പ്രദീപങ്ങൾ, പൂജിച്ചു; വെൺപാൽ-
ത്തുളുമ്പിച്ചുട്ടതെത്തിനിന്നു, മൃഗങ്ങൾ.

ജലക്കൊച്ചുചാട്ടങ്ങൾ തൃച്ചേവടിത്താ-
രലംക്ഷാളനംചെയ്തു; പൊൽപൂമുഖത്തിൽ,
മലയ്ക്കുള്ള പീഠത്തിലുണ്ടായിരുന്ന
ക്കലങ്ങാത്തവാരുറവുതണ്ണീർതളിച്ചു.

പരിക്ഷീണനായുള്ള പാന്ഥനു, സർവ്വോ
പരിശ്രീ പ്രകൃത്യംബയാംദേവിയപ്പോൾ,
ശരിക്കീവിധംചെയ്തു സല്ക്കാരം; ഉർവ്വീ-
ശ്വരീക്ഷേത്രമൈശ്വര്യസമ്പൂർണ്ണമല്ലോ.

വനത്തിൻ്റെയുള്ളിൽ കടന്നപ്പൊളാരോ?
ധനത്തിൻറാധാടിക്കയോജിച്ചമട്ടിൽ,
അനർഘാഭകോലുന്നൊരാലിൻ ചുവട്ടിൽ,
കനൽപട്ടുവസ്ത്രം വിരിച്ചിട്ടിരുന്നു.

വഴി ക്ലേശമുണ്ടായമൂലം, ഭവാനീ-
യഴിച്ചിട്ടിരിക്കുന്ന പട്ടാംബരത്തിൽ,
ഒഴിഞ്ഞാൽത്തറയ്ക്കൽ പ്രവേശിച്ചിരുന്നു;
പഴിക്കാതെ കാണ്ഡം പുറം താങ്ങിനിന്നു.

ഒരല്പം കഴിഞ്ഞപ്പൊളന്യാദൃശ ശ്രീ-
കരജ്വാലമിന്നും വിളക്കോട്ടുകൂടി
സ്ഫുരന്നാളികേരാജ്യപുഷ്പാദിയേന്തി-
പ്പുരസ്ഥാലിഹപ്രേഷ്യ, ഒന്നാശുവന്നാൾ.

സപര്യയ്ക്കുവേണ്ടുന്ന സാമഗ്രിയെല്ലാം,
പ്രപര്യാപ്തമായ് വച്ചൊരുക്കിക്ഷണത്തിൽ
സുപക്ഷ്മാക്ഷി നില്ക്കുന്നനേരത്തു, ചുറ്റി-
സ്വപക്ഷ്യേക്ഷണം ചെന്നിതാലിൻചുവട്ടിൽ.

അക,ന്നാൽമരംചാരി അദ്ധ്യാത്മതേജ-
സ്സകത്തും പുറത്തും തിളങ്ങും ഭവാനിൽ,
സ്വകസ്വാമിനി പ്രാർത്ഥനാമൂർത്തിശങ്കാ-
പ്രകർഷം, പ്രകമ്പിച്ചു ദാസിക്കുദിച്ചൂ.

അണഞ്ഞതല്പവും കൂടടുത്തു; ഭവാനെ-
വണങ്ങിക്കരംകൂപ്പിയമ്പോടു നിന്നാൾ,
പ്രണമ്രാംഗി; ദേവൻ പ്രസാദിച്ചു;വെന്നാൽ
ഉണങ്ങുന്ന നാക്കൊന്നിളക്കാതിരുന്നു.

ഇടങ്കയ്യിലമ്പോടിളംകുഞ്ഞൊടും, പൊൻ-
കുടത്തിൽത്തുളുമ്പുന്ന പാൽപായസത്തിൽ,
കിടക്കും പഴത്തിൻനിവേദ്യം, വലംകൈ-
ത്തടത്തിൽ പിടിച്ചന്യവന്നാളിതന്നാൾ.

അലങ്കാരവൈചിത്ര്യമൗൽകൃഷ്ട്യ,മാത്മാ-
മലസ്ത്രൈണചാരിത്ര്യ,മാജ്ഞാധിപത്യം,
അലങ്കാന്തസൗഭാഗ്യവും:—പ്രഭ്വിയാണീ-
നിലയ്ക്കൊത്തുവന്നമ്മയെ,ന്നോതിടുന്നു.

ധനാഢ്യന്റെ സംജാതയായി "സ്സുജാത"-
യ്ക്കനാതങ്കമാശാസ്യമംഗല്യസൂത്രം,
ജനാരാദ്ധ്യനാമേകജന്മി, സ്വയം,-ഗോ-
ധനാധീശ്വരൻ-ചാർത്തിനാൻ യൗവനത്തിൽ.

സ്വപത്യാത്മരാഗാതിരേകം സമാർജ്ജി-
ച്ചുപഭ്രംശമെന്യേ വസിച്ചീവധൂടി
അപത്യാപ്തിയില്ലാതെ പാത്രീഭവിച്ചാ-
ളുപഗ്രാമഘോഷാനുകമ്പയ്ക്കു, മുമ്പിൽ.

മതാചാര്യചര്യാക്രമംപോലെ, ഓരോ-
വ്രതാരാധനാദാന നാമാംജപങ്ങൾ,

നതാംഗി, ക്ഷമാഭക്തിപൂർവ്വം, കുറേനാൾ,
പിതാവും സ്വഭർത്താവുമൊന്നിച്ചുചെയ്താൾ.

വരപ്രാപ്തിസംജാതമായില്ല; പിന്നീ-
യരണ്യത്തിലേ ദേവതാസേവനത്തിൽ,
സ്ഫുരൽപാവനാശ്വത്ഥമൂലത്തി,ലാത്മ-
സ്ഥിരശ്രദ്ധകാണിച്ചു വാമാക്ഷിവാണാൾ.

അതിൽപിന്നെയുണ്ടായ പുത്രന്റെ—ഭർത്തൃ-
പ്രതിച്ഛായതൻ—ആദ്യ ജന്മർക്ഷനാളിൽ,
സ്തുതിച്ചർപ്പണം വന്യലക്ഷ്മിക്കു ചെയ്‌വാൻ,
സതി,പ്രേഷ്യയെപ്പിൻതുടർന്നത്ര വന്നാൾ.

ഇളംപൈതലും, പായസപ്പാൽതുളുമ്പി-
ത്തിളങ്ങുന്നതും—രണ്ടു തങ്കക്കുടങ്ങൾ—
വളക്കൈകളെക്കൊണ്ടെടുത്തമ്മ, പൊൽപൂ-
വിളക്കിൻ സമീപത്തു വന്നെത്തിനിന്നാൾ.

പുനസ്സ്വാമിനിക്കും സമീപത്തു കണ്ടീ-
യനന്യാഭമാം മൂർത്തിതൻ ദർശനത്തിൽ,
വനക്ഷേത്രദേവന്റെ സാന്നിദ്ധ്യവിജ്ഞാ-
പനസ്ഫൂർത്തിയുണ്ടാക്കിയാനന്ദമുള്ളിൽ.

മണിക്കുട്ടനോടൊത്തു, പാൽപായസം പെൺ-
മണിത്തായ, മന്ദം സമർപ്പിച്ചുമുമ്പിൽ
പണിഞ്ഞംഘ്രിയുഗ്മം, നിവേദിച്ചതുണ്ണാൻ,
ക്ഷണിച്ചാൾ, ക്ഷണം ദേവിയക്ഷീണഭക്ത്യാ.

നിവേദ്യത്തെ നിശ്ശബ്ദമായ്ത്തൃക്കരത്തിൽ,
സവേഗം ഭവാൻ വാങ്ങി,യല്പാല്പമുള്ളിൽ
പ്രവേശിക്കുമാറാസ്വദിച്ചു; ക്രമത്തിൽ
ജവേനാംഗദൗർബ്ബല്യവും മാറിവന്നു.

രസാസ്വാദ്യമായുള്ള നൈവേദ്യമാകും
പ്രസാദം ഭവാനാസ്വദിച്ചത്രമാത്രം,
സ്വസാദത്തിനാശ്വാസമുണ്ടാക്കി, സാന്ദ്രം
പ്രസാദിച്ചു തന്വംഗിമാരോടുരച്ചാൻ:—

"പ്രിയപ്പെട്ട കൊച്ചമ്മമാർനിങ്ങൾ, മാഘാ-
പയഃപായസം തന്നതെല്ലാംക്ഷണത്തിൽ,
ക്ഷയക്ഷുദ്രശല്യോപശാന്തിക്കുവേണ്ടി,
സ്വയം പ്രാശനംചെയ്തു ഞാനെൻവിശപ്പാൽ.

"വണങ്ങായ്ക; ഞാനർക്കനല്ലി;ന്ദുവല്ലി;-
ത്തണൽക്കാട്ടിലേ ദേവനാണെന്നുമുള്ളിൽ
കണക്കാക്കിടായ്കെന്നെ; ഞാനേകസാധാ-
രണക്കാരനാമാർത്തനാം മർത്ത്യനല്ലോ.

"വിശപ്പിന്റെയാധിക്യമൂലം ഭവിച്ചീ-
വശക്കേടിനാലേ, വിശേഷിച്ചുമിപ്പോൾ,
വിശങ്കം വിശാലാക്ഷിമാർനിങ്ങൾ അന്യാ-
ദൃശംചെയ്ത സല്ക്കാരമംഗീകരിച്ചേൻ.

"തിരിച്ചർപ്പണംചെയ്യുവാനൊന്നുമില്ലി-
പ്പരിവ്രാജകൻഞാൻ പരിത്യാഗിയത്രേ;
വരിഷ്ഠാത്മതേജസ്വിയീശൻ വിദൂരീ-
കരിക്കട്ടെനിങ്ങൾക്കു നിർവേദശല്യം."

ഒളിക്കൈമലർക്കൂമ്പഴിക്കാതെ, യുള്ളം
തെളിഞ്ഞോതിനാൾ പ്രഭ്വിയാമമ്മയപ്പോൾ:-
"കിളിക്കൊഞ്ചലൊത്തുള്ളൊരിപ്പിഞ്ചുകുഞ്ഞിൻ-
കളിക്കൂത്തുകണ്ടില്ലയോ, ഹന്ത! ദേവൻ?

"പെരും ശുദ്ധിയേറീടുമീയാൽ മരത്തിൻ-
തിരുച്ഛായയിൽ ചെയ്ത പൂജക്കു, ഞങ്ങൾ

34312

തരുശ്രേഷ്ഠമൂലത്തിലിന്നാദ്യമായി-
ട്ടൊരുൽകൃഷ്ടസാന്നിദ്ധ്യതേജസ്സു കണ്ടാർ

"എനിക്കെന്റെ തങ്കക്കുടം—കൊച്ചുകുട്ടൻ—
ജനിക്കാൻ വരംതന്നൊരെന്നിഷ്ടദേവൻ—
മുനിശ്രേഷ്ഠനാകും ഭവാൻതന്നെ—യാണുൾ—
ഖനിക്കുള്ളിലേ സ്വർണ്ണബിംബാടവീശൻ.

"കുമാരന്നു ദീർഘായുരാരോഗ്യസൗഖ്യം
സമാശീർവദിക്കു, സദാനന്ദമൂർത്തേ;
സമാശ്വാസമോടും തിരിച്ചങ്ങുപോയി
സ്സമാധാനപൂർവ്വം, വസിക്കട്ടെ ഞങ്ങൾ."

ഭവൽ ധർമ്മബോധം പ്രവർദ്ധിക്കുമാറീ-
യുവപ്രഭ്വിയീവണ്ണമർത്ഥിച്ചനേരം,
നവക്ഷേമദാശിസ്സനൾകി, ബ്ഭവാന-
ന്നവർക്കാത്മസംതൃപ്തി ചേർത്തിട്ടയച്ചാൻ.

ഇരുന്നു ഭവാനത്ര; പാൽപായസത്തിൻ-
ഗുരുപ്രാണസന്ദായകോത്തേജനത്താൽ,
ഒരുൽകൃഷ്ടതേജസ്സുദിച്ചു, ഭവാനും,
തരുശ്രേഷ്ഠനും, മെയ്യിലാപാദചൂഡം.

പരന്നു പ്രകാശം ക്ഷണം ചുറ്റുപാടും,
പരന്നൂന്നൂറായിരം ഭാസ്കരന്മാർ
തിരക്കി പ്രകാശിച്ചപോലേ, തടിത്തിൻ-
തരംഗങ്ങളാടിക്കളിക്കുന്നപോലെ.

കലുങ്ങിക്കുളുർക്കാറ്റിലങ്ങിങ്ങുമാടി-
ക്കിലുങ്ങുന്നിലച്ചാർത്തൊടശ്വത്ഥമപ്പോൾ,
ചെലുത്തുന്നൊരന്തിച്ചുവപ്പോടുനന്നാ-
യുലുക്കിട്ടപച്ചക്കുടയ്ക്കൊപ്പമായി.

കൃപാപൂൎണ്ണമാമേകതേജസ്സുകണ്ടി-
ട്ടുപാന്താടവികളിൽനിന്നും മൃഗങ്ങൾ,
ത്രപാഭീതിയെന്യേ, ഭവാനെസ്സമീപി-
ച്ചുപാത്താത്മസൗഹാൎദ്ദമോടത്രനിന്നു.

വിഷക്രൂരസൎപ്പങ്ങൾപോലും, ഭവാനിൽ
ദ്വിഷത്സൗഹൃദം കണ്ടു, സന്തോഷപൂൎവ്വം,
ദ്വിഷദ്ബാഹുതാതന്റെ സൎവ്വാംഗഭൂഷാ-
നുഷംഗസ്വഭാവം തെളിച്ചുത്രുവന്നു.

രസാദേവി, ശഷ്പങ്ങളാൽ, കോൾമയിൎക്കൊ-
ണ്ടസാമാന്യഭക്ത്യാ ഭവത് തൃപ്പദത്തിൽ,
പ്രസാദിച്ചുകൊൾവാൻ പ്രഭാപൂൎണ്ണചീലാ-
രസാലപ്രസൂനങ്ങളൎപ്പിച്ചുനിന്നാൾ.

സമീപസ്ഥയാകും സരിത്തിന്റെ ശൈത്യം
സമീരൻവഹിച്ചുത്ര മന്ദം വരുമ്പോൾ,
സമീക്ഷിച്ചു ദേവന്റെയിസ്സന്നിധാനം
സമീചീനനായ് വീശിനിന്നു സമന്താൽ.

ഉയൎന്നാൽമരത്തിന്റെ മൗലിക്കു "ബോധോ-
ദയം" ദേവനാസന്നമായെന്നുദന്തം,
പ്രിയപ്പെട്ട നാനാപതംഗങ്ങൾപാടി-
ജ്ജയത്തിങ്കലാശംസയേകിക്കളിച്ചു.

ജഗത്സൃഷ്ടിരക്ഷാവിനാശാത്മചിന്താ-
പഗക്കുള്ളൊഴുക്കിൽ പതിച്ചുത്രദേവൻ,
പ്രഗത്ഭാഭകോലും പ്രസംഖ്യാനമാകും-
സുഗംഭീരഭാവത്തിലെത്താനടുത്താൻ.

മനസ്സൊട്ടുറപ്പിച്ചു, പഞ്ചേന്ദ്രിയങ്ങൾ-
ക്കനക്കം ഭവിക്കാതിരിക്കുന്നനേരം,

അനംഗൻ ഭവാനോടെതൃത്തു; വിശേഷി-
ച്ചനൎത്ഥങ്ങളുണ്ടാക്കുവാനായ് മുതിർന്നു.

നിദിധ്യാസനം ഭേദനം ചെയ്യുമാറാ-
യുദിപ്പിച്ചു ശൃംഗാരരംഗങ്ങൾ മാരൻ;
ഹൃദിസ്ഥങ്ങളാം ദുർവ്വികാരങ്ങളെത്തൽ-
പ്രദിഗ്ദ്ധപ്രയോഗങ്ങളാലുദ്ധരിച്ചാൻ.

വിചാരങ്ങൾ തെറ്റിത്തെറിച്ചാശു, വിദ്യുത്-
പ്രചാരക്ഷണത്തിൽ, പ്രിയാവീക്ഷണത്തിൽ;
കുചാലിംഗനപ്രേമസംഭാഷണോദ്യത്-
കുചാലോല ലീലാദിയിൽ; ചെന്നടിഞ്ഞു.

സ്വഭാര്യാമുഖാംഭോരുഹം; സ്വർണ്ണകുംഭ-
പ്രഭാസന്നിഭോരോജയുഗ്മാഭിരാമ്യം;-
ശുഭാസ്വാദ്യബിംബാധരം;-ശുഭ്രരൂപാ-
വിഭാഗങ്ങളും; ധ്യാനമാൎഗ്ഗത്തിൽ വന്നു!!

സ്വകാന്തഃപുരത്തിൽ സ്വതന്ത്രാധികാര-
പ്രകാശം നിറഞ്ഞന്തരീക്ഷത്തിനുള്ളിൽ,
"സ്വകാര്യാൎത്ഥ" സല്ലാപസല്ലീലകൾക്കാ-
യകാലത്തുമാശിച്ചുതോൎമ്മിച്ചു ദേവൻ.

സ്വദാരങ്ങളും, തോഴിമാരും വിനോദ-
പ്രദാരാമവല്ലിക്കുടിൽക്കെട്ടിനുള്ളിൽ,
മുദാരാസലീലക്കു മേളിച്ചുകൂടി-
ക്കൊാചിൽതകത്തോൎമ്മ ദേവനുദിച്ചു.

വികാരത്തിനുണ്ടായ മാറ്റത്തൊടൊപ്പം,
പ്രകാരാന്തരം ചുറ്റുപാടും ഭവിച്ചു;
പ്രകാശിച്ചിടുന്നൎക്കനസ്തംഗമിച്ചു;
പ്രകാമം ത്രിയാമാതമസ്സാപതിച്ചു.

ഒരുച്ചണ്ഡമാകും മരുച്ചക്രവേഗം,
കരുത്തോടടിച്ചാശു വന്നാശുകാട്ടിൽ
തരുക്കൾക്കു തന്മൂലനാശം വരുത്തി
പ്പരുക്കേറ്റമേല്പിച്ചു പാതഭ്രമത്താൽ

മഴക്കാറു മാനത്തു വച്ചു; വടക്കും-
കിഴക്കും പ്രദേശത്തുനിന്നാക്രമിച്ചു,
മുഴത്തിന്നു മൂവായിരം തുമ്പുവെള്ളം,
മുഴങ്ങുന്ന മേഘാരവത്തോടു, വീണു.

തടിച്ചേറിവെള്ളം, പ്രവർദ്ധിച്ചൊഴുക്ക-
ത്തടിച്ചാർത്തു, കൂലം തകർത്തുള്ളപോക്കിൽ,
ഒടിച്ചിട്ടു വൃക്ഷങ്ങളേയും വഹിച്ചി-
ട്ടടിക്കാഴമേന്തും സരിത്താഞ്ഞുപാഞ്ഞു.

നിശാനീതമാമന്ധകാരത്തിനുള്ളിൽ
പിശാചുക്കളെപ്പോലെ ഹാ! പീഡനൾകാൻ,
വശാൽ ദുർവ്വികാരങ്ങളൊന്നൊന്നുമേന്മേൽ,
ഭൃശാടോപപൂർവ്വം പ്രവേശിച്ചുമുമ്പിൽ.

ബൃഹത് സ്വാധികാരപ്രമത്തൻ, പ്രശസ്തൻ-
സഹസ്രാക്ഷനെക്കാൾ സമാഡംബരത്തിൽ,
"അഹന്താ" സുരൻ, വേഗമശ്വത്ഥധാത്രീ-
രുഹത്തിൻ ചുവട്ടിൽ പ്രവേശിച്ചുരച്ചാൻ,

"മുനേ, ശീഘ്രമെന്നോടു മൊന്നിച്ചുപോന്നാ-
ലനേകം മഹത്വങ്ങൾ, മർത്ത്യാർച്ചനങ്ങൾ,
ധനേശ പ്രഭാവങ്ങളും തന്നിടാം; ശ്രീ-
ജനേശാധിപത്യം ത്യജിക്കാതിരിക്കു."

"അഹന്തേ;"--ഭവാനോതി—"നിന്മഞ്ജുവാക്കാ-
ലഹന്തേ വശത്തായി വന്നീടുകില്ല!!
മഹത് സത്യബോധോദയാസന്നകാല-
ത്തിഹ, ക്ഷുദ്രേ, നീനിന്ദ്യ നില്ലേണ്ട, പോകൂ"

പുനഃ "സംശയ" ക്രൂരരക്ഷസ്സവന്നാ-
നനർത്ഥങ്ങളാവോളമുണ്ടാക്കിവയ്പാൻ;
മനസ്സന്നിധാനം വെടിഞ്ഞില്ല, തൽക്കൺ-
മുനക്കൂത്തുകൊണ്ടെങ്കിലും ഹന്ത! ദേവൻ.

ഭയം, തൃഷ്ണ, കോപം, പരദ്രോഹ,മീഷ്യാ-
ശയം, താപ:—മിത്യാദിദുർദ്ദൈവതങ്ങൾ,
ഉയന്നൊന്നു മേലൊന്നു വന്നുഭവാനിൽ
ജയം നേടുവാനായ് വിജൃംഭിച്ചുമുമ്പിൽ.

ഖലാഭാസ ദുർഃദ്ദൈവതാഃഘാരസ്യന്ത
പ്രലാപാട്ടഹാസങ്ങളാലന്തരീക്ഷം,
ബലാദുച്ചലിച്ചാത്തു ബീഭത്സഹാലാ-
ഹലാപത്കലാപം കരാളം കിളർന്നു.

ഗിരിവൃക്ഷശൃംഗങ്ങളെല്ലാമുലഞ്ഞു;
കരിവ്യാഘ്ര സിംഹാജകാണ്ഡാമൃഗങ്ങൾ,
പരിഭ്രാന്തരായിച്ചമഞ്ഞു; കലങ്ങി-
സ്സരിദ്വാരി, കൂലം കവിഞ്ഞാഞ്ഞുപാഞ്ഞു.

വിടന്നേവമുണ്ടായൊരാവിപ്ലവത്തിൽ
കൊടുങ്കാററിലേറുന്ന കോലാഹലത്തിൽ-
നടുക്കൊന്നുകൊണ്ടും നടുങ്ങാതിരുന്നു,
കടുംനിർവ്വികാരതമാന്നുദേവൻ.

തകത്തേവമുണ്ടായ മാരാദിമായാ-
ബകക്ഷുദ്രന്നേത്രപ്രചണ്ഡാരവത്താൽ,
പ്രകമ്പിച്ചിടാതേതു മദ്ധ്യാത്മനിഷ്ഠാ-
വികല്പം ഭവിക്കാതെ വാണാൻ വരേണ്യൻ.

പ്രകാമം പ്രശാന്തിപ്രഭാകന്ദളം, തത്-
സകാശാന്തരീക്ഷാഭിരാമാന്തരത്തിൽ,
വികാസംവിജൃംഭിച്ചു, കാണായി; "സത്യ-
പ്രകാശാത്മബോധോദയം" സംഭവിച്ചു.

★

# ശ്രീവിവേകാനന്ദലഹരി

ധ്യാനം

സ്വവേഷത്തിൽ, സ്വച്ഛസ്ഫുടമധുരഗംഭീരത,മനോ-
ഭവേർഷ്യാ സംഭ്രാന്തിപ്രദസുഭഗസൗന്ദര്യമുടലിൽ
പ്രവേഷ്ടം, പ്രാലംബാംബരവുമണിയും വിശ്രുതിയെഴും
വിവേകാനന്ദ, ത്വൽപദകമലയുഗ്മം തൊഴുതിടാം!

ജനനം.

സവിത്രിക്കുണ്ടായാരിരു:സുതകളാദ്യം, ഗിരിശനിൽ
പ്രവിസ്രംഭംകൂടി: സ്സുതന്നു, സുതനുണ്ടായിവരുവാൻ,
അവിശ്രാന്തം വാണാ-ളൊരുകടുതപശ്ചര്യയിൽ, മനഃ-
പവിത്രാശാപൂർവ്വം,വിദിതഭുവനാധീശ്വരി തദാ.

പിതാവാം വിശ്വേശാഭിധനുമന്നാളുത്തമശിവ-
വ്രതാനുഷ്ഠാനത്താൽ,ബഹുസുകൃതമാർജ്ജിച്ചിടുകയാൽ,
ശതാഹസ്സിന്നുള്ളിൽ,ശശിധരകൃപാപാംഗസുഷമാ-
മൃതാനന്ദം പൂണ്ടാരവർ; ഗൃഹിണി ഗർഭം തടവിനാൾ.

അവതാരമാഹാത്മ്യം

ശുഭാഹസ്സിൽ ശുക്രപ്രഭൃതികൾ, വിശുദ്ധാംശനിലയിൽ
പ്രഭാസിക്കുന്നേരം, പ്രകൃതിരമണീയസ്ഥിതികളിൽ,
പ്രഭാപൂർവ്വം, പൗഷാഭിധസുകൃതമാസത്തിനൊടുവിൽ,
പ്രഭാവത്തിൽച്ചേരും പ്രസവമൊടുദിച്ചാനൊരുമകൻ.

### ഒരു സ്വപ്നസൂചന.

പ്രസൂതിക്ലേശത്താലൊരു മതിമയക്കത്തിലുടനെ-
പ്രസൂ വീണാൾ; അപ്പോളൊരുപുതുകിനാവിൻ പുലരിയിൽ
സ്വസൂനു, ശ്രീസാക്ഷാൽപരമശിവനാണെന്നവിവരം
പ്രസൂചിപ്പിച്ചു, തദ്ഭൂതഗതിയിലത്യത്ഭുതകരം!

### ശൈശവം.

കുടിച്ചമ്മിഞ്ഞപ്പാൽ, കുതുകമൊട്ടു, കൈകാലുകൾ നില
ത്തടിച്ചുത്സാഹത്തോടുരുളുവതിനാഞ്ഞും, വിരലുകൾ
കടിച്ചും, കാണുമ്പോൾജ്ജനനിയുടെയാസ്യം, മധുരമാം
പൊടിപ്പൂന്തേൻ മന്ദസ്മിതരുചിപൊഴിച്ചാൻ മണിമകൻ

### ബാല്യം

കളിക്കൂട്ടക്കാരിൽകുസൃതിപലതും കാട്ടി; ഒരുനാൾ
"കിളിത്തട്ടിൽ" ക്രീഡിച്ചൊരുസമവയസ്യന്റെചെകിടിൽ,
ഒളിക്കൈത്താർ ചിത്രം ഝടിതി വിരചിച്ചീടവെ, മകൻ
വിളിക്കപ്പെട്ടു തൽപ്രിയജനകനാൽശിക്ഷയരുളാൻ.

ഫലംചിന്തിച്ചെത്തീടിന സുതനു സുസ്നിഗ്ദ്ധജനകൻ
വലംകയ്യിൽ "ചൂരൽപ്പഴ" മുടനെയഞ്ചാറരുളിനാൻ;
അലംഭാവം കാണാതഥമകനെ മാകന്ദതരുവിൽ
ബലത്തോടുംബന്ധിച്ചിതു ചണമണിച്ചെഞ്ചരടിനാൽ

കുറുമ്പല്പംപോലും, തനയനു കുറഞ്ഞില്ലടികളാൽ;
വെറും പാറത്തട്ടിൽ പുതുമഴകൾ പോലായിതതുകൾ;
നറുംപൂന്തേനോലുംമൊഴിജനനി വന്നാശു ദയയോ-
ടറുത്താൾ ബന്ധിച്ചച്ചരടുകളെയാശ്വാസമരുളാൻ.

എടുത്താശ്ലേഷിച്ചാൾ ജനനി മകനെസ്സാന്ത്വനവച-
സ്സോടും; പക്ഷേ, തീരെപ്പരിഭവമടങ്ങാഞ്ഞിടുകയാൽ,

ഒടുക്കം, ശ്രീഗൗരീരമണനുടെ നാമങ്ങളെയുര-
ച്ചുടുത്തമ്പോടംഭസ്സടിമുടിയൊഴിച്ചാൻ, തനയനിൽ.

പയസ്സാലീശാനസ്തുതിയൊടഭിഷേകം, പരിലസ-
ദ്ദിയൽഗംഗാംഭസ്സിൽ കുളിയുടെ ഗുണംചെയ്തു, മകനിൽ
നിയന്ത്രിക്കപ്പെട്ടു പ്രകൃതിപരചാപല്യ,മുപരി-
പ്രയത്നംകൂടാതേ, ശിവമഹിമയാശ്ചര്യജനകം!

ഇവണ്ണംനോക്കുമ്പോൾ, പല കഥകളും വിസ്മയകരം
ഭവൽക്രീഡാവിദ്യാഭ്യസനപരമായിട്ടു പറയാം;
അവയ്ക്കെല്ലാമുള്ളിൽ, പുതിയൊരു കരിമ്പിൽ ഗുളരസം
പ്രവർത്തിക്കുംപോലേ, ശിവമഹിമയുണ്ടെന്നു തെളിവാം.

താരുണ്യം

ഭവാൻ, താരുണ്യത്തിൻതരളരുചിയിൽ ഭൗതികമത-
സ്ഥവാവേശത്തോടേ, മനുജമതിയായ് ദൈവികതയിൽ,
പ്രവാദാവിശ്വാസപ്രകടനകലാഭിപ്രവണമാം
ദിവാസ്വപ്നഭ്രാന്തഭ്രമണമനുവർത്തിച്ചു ചിലനാൾ.

ഓരോരോ സന്ന്യാസിപ്രവരരുടെ മുമ്പാ,ഢ്യമൊടു ചെ-
ന്നോരോദാർഢ്യം കാട്ടി,ച്ചൊടിയൊടഥ ചോദിച്ചിതുഭവാൻ:-
“ഗുരോ! കണ്ണിൽകാണിച്ചിടുക മമദൈവത്തെ; ഗിരിശൻ,
സരോജാക്ഷൻ, ബ്രഹ്മാ, വെവിടെ, ലളിതാംബാപ്രഭൃതികൾ?”

പ്രമുഗ്ദ്ധപ്രശ്നത്തിന്നൊരുവരുമുരച്ചില്ല, ശരിയാം
സമുൽകൃഷ്ടാസ്വാദ്യപ്രതിവചനമാദ്ധ്യാത്മികം; ഉടൻ
സമുദ്ധതം കൂടിപ്പലവുരുവതേ ചോദ്യ,മുപരി-
പ്രമുഖ്യന്മാരോടും കുതുകമൊടു ചോദിച്ചു കുശലൻ.

ദർശനം

ചിരായേവം, ചിന്താപരവശമനശ്ശാന്തിയരുളാ-
നൊരാളേയും കാണാതുഴറിനടകൊള്ളുമ്പൊളൊരുനാൾ,

വിരാജിക്കും വിശേഷാത്തരവിമലയോഗീശ്വര"ഗദാ-
ധരാ"പാംഗജ്യോതിസ്ഫുരണമഭിവീക്ഷിച്ചു ഭഗവാൻ.

പ്രസാദം തൂവീടും പ്രഥമമുഖവീക്ഷാമൃതരസ-
പ്രസാരത്താലാദ്ധ്യാത്മികസുഖദരോമാഞ്ചമുടലിൽ,
അസാമാന്യം കൊണ്ടൂ തവ; പരമഹംസാംഘ്രിവിഗള-
ദ്രസോദ്ഭേദം പൂർവ്വാർജ്ജിതസുകൃതമുള്ളോർക്കു സുലഭം.

സുതസ്നേഹാമോദസ്ഫുരിതഹൃദയത്തോടു,മനഘ-
വ്രതജ്യോതിസ്സാരത്തടവിയ ഭവത്ഭാവിഗുരുവാൽ,
അതശ്ശ്രേഷ്ഠം സംപ്രാർത്ഥിതനയി, ഭവാൻ ഗാനകലയിൽ,
സ്വതശ്ശ്രദ്ധാപൂർവം മുഴുകി "ഹരിഗീതാ"ലഹരിയിൽ.

നിതാന്തം നീരന്ധ്രസ്വരമധുരസംഗീതമഭിതഃ-
സ്ഥിതാചാര്യൻ, ഭക്തിപ്പുഴയിലൊഴുകിക്കേട്ടു മുഴുവൻ,
പിതാവിന്നെന്തുള്ളാണൊരുമകനിലുണ്ടായിവളരാ
ഹിതാവേശം? യോഗിക്കതുമിളിതമായ് ഭാഗവതരിൽ.

"നരേന്ദ്ര"ന്നാകട്ടേ നയനയുഗസാഫല്യമുളവാ-
യൊരേതോ ചേതോനിർഭരസുകൃതപീയൂഷഝരിയിൽ,
ദ്വിരേഫം പുഷ്പന്തേനിൻപുഴയിലൊഴുകുംപോലെ മുഴുകി-
സ്സുരേന്ദ്രാരാമത്തിൽ കയറിയ സുഖംവന്നു കരളിൽ.

സ്വരാഗാലാപത്തിൻസ്വരമധുരമാധ്വീവിലയമാം
വിരാമം വന്നപ്പോൾ, വിനയമൊടു വിഖ്യാതിവിമുഖൻ,
കരാംഭോജം കൂപ്പിത്തൊഴുതു മുനിയെസ്സാദരം; ഉടൻ
വരാശീർവാദം ചെയ്തമലനൃഷിയന്‍പോടരുളിനാൻ:-

"യുവാവേ, ഭാഗ്യത്താലൊരു സുദിനമിന്നെൻ്റെയരികിൽ-
ഭവാൻ നേരിട്ടേവം കയറിവരുവാൻ തോന്നിയതിനാൽ;
വിവാദം വിട്ടോതാം ഒരു പുതിയമാർഗ്ഗത്തിലുയരാൻ
കവാടം കണ്ടീടാമഭിവിവൃതമായ് കണ്ണിനിനിമേൽ"

"തിരിച്ചിപ്പോൾപ്പോയിത്തീർമൊട്ടുപരീക്ഷയ്ക്കെഴുതിയ-
പ്പരിഷ്കാരഭാന്തിൽ തവമതിമട്ടുത്തെന്നു വരികിൽ,
തിരിച്ചെത്തിച്ചേരാമിഹ, ലളിതജീവക്രമമുരീ-
കരിച്ചീടാം, ഇഷ്ടപ്പെട്ട കിലത്തുമെന്നോക്ക കരളിൽ."

വപുസ്തേജസ്സാല്യം, മധുരമധുവോല്യം വിനയസം-
പ്രപുഷ്ടപ്രസ്താവപ്രകടന ഗുണത്താല്യമധുനാ,
സപൃച്ഛപ്രശ്നത്തിൻ സ്മരണയുളവാകാതെ,യതിതൻ-
പ്രപുണ്യാംഘ്രിദ്വന്ദ്വം തൊഴുതു, തിരികെപ്പോയിതു ഭവാൻ.

വിജയം

അടുത്തുണ്ടായ്‌വന്നു പരുഷിതപരീക്ഷാവിജയ,മീ-
മിടുക്കന്ന,ന്നാശ്ശിസ്സനവധിലഭിച്ചു;ലലനകൾ
തൊടുത്തു തോല്പിപ്പാൻ കടുതരകടാക്ഷാസ്ത്രം; അതുമ-
ല്ലടുത്തു ചാർച്ചക്കാർ പരിണയപരാലോചനകളിൽ.

തനിക്കിഷ്ടം പാട്ടിൽ; തരളമിഴിമാരാകമചല-
സ്തനിക്കൂട്ടപ്പാട്ടിൽ; കഴിയുവതിനല്ലെന്നു തെളിവാൻ,
തനിബ്രഹ്മാനന്ദസ്തവകഥകൾ പാടി,ക്ഷണദയിൽ
തനിച്ചേകാന്തത്തിൽ, ഭജനകൾ ഭവാൻചെയ്തു വഴിപോൽ.

വിവാഹത്തിൽച്ചാടാൻ, വിധുമുഖികൾ വെച്ചാവലകളെ-
ട്ടിവാരാത്രം ഖണ്ഡിച്ചൃശിരൊട്ടു ഭവാൻ ശക്തിമുനയാൽ,
അവാച്യാനന്ദാധ്യാത്മിക വിഷയവിജ്ഞാനതടിനീ-
പ്രവാഹത്തിൽച്ചാടാൻ, പരിചയമുപാർജ്ജിച്ചു പരിചിൽ.

ആഹ്വാനം

കുറച്ചേവംകാലം കഴിയവെ, മനസ്സൊന്നിലുമടി-
ഞ്ഞുറയ്ക്കാ,തുൽക്കണ്ഠാമുഖരിതമരുദ്ദേവഗതിയിൽ,

പറക്കുമ്പോൾ, വീണ്ടും ഗുരുപരമഹംസൻെറ വിളിയ-
ങ്ങുറക്കെക്കേൾക്കായീ ചെവികളിലവിച്ഛിന്നതധുരിയിൽ:-

"വിളംബിച്ചീടാതേ, വരികരികെ,യാശങ്കമുഴവൻ
കളഞ്ഞേകാമല്ലോ മലഹരമനശ്ശാന്തിയിനിമേൽ;
വിളഞ്ഞേല്ലോ നില്ക്കുന്നിതു മധുരനാരങ്ങ; വഴിയേ
വിളങ്ങിക്കാണാമിപ്പഴമമൃതതുല്യം തുലനിയിൽ."

വിശുദ്ധാത്മാഹ്വാനം വിശദതരമായ്ക്കേട്ടു, വിലസൽ-
ശ്ശിശുപ്രാവിന്നൊപ്പം, പ്രിയതരപിതാവിൻെറ വിളിയാൽ,
പശുക്കുട്ടിക്കൊപ്പം, മുരളീധരബാലൻ പുറകേ,
പ്രശുഷ്കാധാരം വിട്ടുടനടി പുറപ്പെട്ടിതു ഭവാൻ.

കുഴിപ്പാടം, കുന്നും, മലയുമതിലംഘിച്ചു, വലുതാം-
വഴിക്ലേശത്തോടും, വലിയിതവസ്യാന്തഗതനായ്,
വഴിക്കെത്തിച്ചേർന്നുവട്ട; പരമഹംസൻെറ ചെറുതാ-
മൊഴിഞ്ഞേകാന്താശ്രമതലകുടീരത്തിലത്തുനാൾ.

മുറയ്ക്കുന്നേരം ശ്രീ മുനിപരിവൃഢൻ, ധ്യാനപരമാ-
മുറക്കത്തിൽ സൈ്വരം, തനിയെയമരുന്നെന്നറികയാൽ,
അറവാരപ്രാന്തസ്ഥലിയിലവർ നിന്നാർ;യതികൾ കൺ-
തുറന്നപ്പോൾ, ചെന്നുമിഴിയിണ"നരേന്ദ്രാ"സ്യമലരിൽ.

പ്രതീക്ഷിക്കപ്പെട്ട പ്രതിനവമഹാമോഹനമഹം
സതീർത്ഥ്യന്മാരോടൊത്തവിടെമരുവും സൗമ്യമുഖനിൽ;
യതീന്ദ്രൻ കണ്ടപ്പോൾ പുളകമുളവായ്, പൂർവ്വസുകൃത-
പ്രതീതിസഞ്ചാരസ്യാമതിയിലിരുപേക്കും നിറകയാൽ.

വെളിക്കാരാൽ നിന്നപ്രണതമുഖനാകും പ്രമുഖനിൽ
കളിച്ചു കൈവല്യപ്രദപരമഹംസാക്ഷിമണികൾ;
ഒളി,ച്ചുഴൽക്കണ്ണീർ കണികകൾ പുറപ്പെട്ടു കവിളിൽ
ഗളിച്ചു, ഗംഭീരപ്രകൃതിയമിയെന്നാകിലുമുടൻ.

മരുന്മന്ദക്രീഡാ മധുരതരശ്ശുശ്രൂഷയിലണി
ഞ്ഞരുച്ഛായാരമ്യാശ്രമനടയിൽ, മുററത്തു നടുവിൽ,
ഗുരുശ്രേഷ്ഠാതിഥ്യപ്രചിതലഘുഫലമൂലാദികളശി-
ച്ചിരുന്നു പിന്നെല്ലാവരുമണിനിരന്നന്തി വരവിൽ.

നിശാസന്ധ്യാകാലത്തരുണനിറമാം നീരദലസ-
ദ്വിശാലപ്പൂമ്പന്തൽത്തറയിലമരുമ്പോൾ ഋഷിവരൻ,
പ്രശാന്താസ്തിക്യത്തിൻ പ്രഭവിതറി മേലിൽ പ്രസ്തുതമാം
വിശാഖതപം പ്രാപിച്ചരുളി നറുപൂന്തേൻ ഭണിതികൾ.

"വരേഷ്ടന്മാരോടൊത്തിവിടെ യധുനാവാച്ച കുതുകാൽ,
വരേണ്യൻ നായുള്ളിൽക്കരുതിയതു നന്നായി; തഥവാ,
നരേന്ദ്ര,പ്രത്യൂഹം പ്രകൃതിനിയമപ്രേരണകളാൽ,
വരേണ്ടും കാര്യങ്ങൾക്കിഹ വരികയില്ലെന്നു പറയാം."

"കൃതാർത്ഥൻ ഞാൻ,ശ്രീമാൻ, കൃതിവര,ഭവാന്മാർകൃപയൊടൊ-
ത്തിതാ സന്തോഷിച്ചേൻ പൃഥുകമയി, ഭക്ഷിച്ചിട്ടുകയാൽ;
നിതാന്തശ്രീ സന്ധ്യാഭജനപരമായിന്നുമൊരു സം-
ഭൃതാലോലൽഗാനം പടുതയൊടു പാടീടുക ഭവാൻ."

യതിശ്രേഷ്ഠൻ പ്രാർത്ഥിച്ചതു നിശമനം ചെയ്തുവിനയ-
ദ്യുതിസ്മേരോദാരപ്രഭയൊടു "നരേന്ദ്രൻ" ഝടിതിയിൽ
മതിക്കിമ്പംചേക്കും ശ്രുതിമധുരഗാനങ്ങൾ ചിലത-
ന്നതിർത്തു, സദപർണ്ണ സ്വരചലിതവംഗധ്വനികളിൽ.

ഭവാൻ പാടിത്താളം ശരിവഴിപിടിച്ചപ്പൊളമൃത-
പ്രവാഹം തൽഭൂവിൽ സദപി തിരതല്ലിക്കയറിപോൽ;
ഭവാതങ്കക്ഷുദ്രസ്മൃതികളവസാനിച്ചു, വിഗളൽ-
ശിവാനന്ദം പ്രാപിച്ചിതുബത! സഭാംഗങ്ങളൊരുപോൽ!

സുസംഗീതാലാപം വിരവിൽ വിരമിച്ചീടവെ,യെണീ-
ററസന്നിശ്ലഥസ്നേഹപ്രകടനസമേതം ഗുരുവരൻ,

സസന്തോഷം, കൈത്താരിണതവ പിടിച്ചാശ്രമപടീ-
പസൽശാലസ്ഥുള്ളിൽ കയറിയങ്ങവാൻ കാട്ടിവഴിമേൽ

നയിച്ചേവം, പുണ്യാശ്രമവിമലഗർഭാലയകലാ-
ഭ്രയിബ്രഹ്മജ്യോതിപ്രതിമയുടെ സാന്നിദ്ധ്യനടയിൽ,
ശയിക്കും ശ്വേതാശ്മപ്രയതതരപീഠം കയറി നി-
ന്നയി, ശ്രീമാൻ, യോഗീശ്വരനഥ ഭവാനോടരുളിനാൻ.

"അഹോ! വത്സ, ക്ഷുദ്രാസുരവിഷയ സംഭോഗരതിയാ-
ലഹോരാത്രം ജന്മംകളയുമവരെക്കാത്തരുളുവാൻ,
മഹോല്ലംഘ്യാപൂർവ്വം മരുവിട്ടമൊരുന്മത്ത നിഹ ഞാൻ;
സഹോദ്യോഗം നൽകാനുചിതനയി, നീ നിർമ്മലമതേ

"മഹജ്ജന്മോദ്ദേശം, മതിയിലറിയാതത്രസുത, നാ-
മഹങ്കാരംകാണിച്ചവിടെയവിടെപ്പാഞ്ഞിടുകയാൽ,
ബൃഹജ്ജീവൽപ്രശ്നപ്രകൃതിമൂതിമായാഗതിമനോ-
രഹസ്യാർത്ഥം നമ്മാൽ ദുരതിശയദുർജ്ഞേയ മുലകിൽ.

പ്രദീപം പോലംഭസ്സടിദ്ദൃശിത, മദ്ദീശഗളിതം
നദിസ്രോതസ്സോപ്പംമണമൊട്ടുസമം മാലതിഭവം,
മദീയം സന്ദേശം, മലിനഹര, മെങ്ങും നിറയുവാൻ,
ത്വദീയം സാഹായ്യം തരുവതിനു തക്കിക്കരുതുനീ."

ഇതിപ്രസ്താവിച്ചാനൃഷി,ബത! പുനസ്താഭവശനാ-
യതിസ്നേഹത്തോടേമകനെജ്ജനകൻപോലെ ചുമലിൽ,
പതിച്ചാശ്ലേഷിച്ചു പലവുരു, തുലോമശ്രുവൊഴുകി-
ക്കതിച്ചാറാടിച്ചു ശിവ! ശിവ! ഭവാനേയുമതിനാൽ.

ഭവാനീഭക്താവിഷ്കരണമഭിവീക്ഷിച്ചതു, മഹാ-
ദിവാസ്വപ്നഭ്രാന്ത പ്രകൃതിഫലമാണെന്നുകരുതി,
ഭവാനീയാശങ്കാകുലതയൊടുക്രൂടിത്തിരികെയ-
സ്വാവാസസ്ഥാനത്തിൽ, സഹചരരുമായെത്തിയിരവിൽ

പുറംനോക്കിപ്പോകാൻ തുടരുമളവന്നീശ്വരപര-
സ്ഫുരൽസാക്ഷാൽക്കാരം സുഖസുഗമമെന്നങ്ങനെവശാൽ,
ഉരച്ചേതൽധന്യൻ മുനിയുടെ വിശേഷോക്തിവിഷയാ-
ന്തരവ്യാപാരങ്ങൾക്കിടകളിലുമോർമ്മിച്ചിതുഭവാൻ.

## സാക്ഷാൽക്കാരം.

അതശ്ശേഷം, പക്ഷം പലതിഹ കഴിഞ്ഞപ്പൊളൊരുനാ-
ളതക്കം സംസാരവ്യസനപരചിന്താകുലതയാൽ,
ക്ഷതപ്പെട്ടാശ്വാസം ചെറുതുലഭിയാതുൽക്കടതമോ-
വൃതൻ, വീണ്ടുംചെന്നാൻ ഗുരുപരമഹംസാംഘ്രിമലരിൽ.

സമക്ഷം പ്രാപിക്കെ, പ്രിയയുവനരേന്ദ്രന്റെ കരതാർ
സമം രണ്ടുംകൂട്ടി, സ്സകുതുകമെടുത്താശു ഭഗവാൻ,
സ്വമന്ദാരാദിദ്രുപ്രസവനവവാടിക്കകമണ-
ച്ചമന്ദശ്രീനേത്ര ദ്യുതിയവനിലോടിച്ചു വടിവിൽ.

എന്തോവിദ്യുച്ഛക്തി പ്രസരമുടലിൽപ്പാഞ്ഞുവശമാ-
യതോ? മായാവേശംമതിയിലതിയായിക്കയറിയോ?
ഇതോടൊപ്പം ബോധക്ഷയമൊട്ടു നരേന്ദ്രനു, സമയോ-
ചിതോദാരസ്വേദാങ്കുരവുമുളവായത്ഭുതകരം!

ഉണർന്നപ്പോളദ്ധന്യമുനിനിപുണശുശ്രൂഷണകലാ-
ഗുണത്താലദ്ദേഹത്തിനു, നവമൊരോജസ്സുവടിവിൽ,
ഇണങ്ങിക്കാണായി, സ്വയമുടനെഴുന്നാറു, തൊഴുകൈ
വണക്കത്തോടർപ്പിച്ചിതു, പുതിയ ശിഷ്യന്റെനിലയിൽ.

ഇതേനാളിൽത്തൊട്ടീയിരുവർ വിമലവ്യക്തികൾ—ശിവൻ
സ്വതേജസ്സാർന്നീടും ഗഹനഗുഹനുംപോലെ,യുലകിൽ,
ധൃതേച്ഛം വേദാന്താഭ്യസനജനകാദ്ധ്യാത്മികവര-
വ്രതൈകാഗ്രശ്രദ്ധാസഹിതമഥവാണാർ വളരെനാൾ.

ഇലച്ചാർത്തും പൂവും സദൃശമനുസന്ധിച്ചിരുവരും
മലർക്കാവിൽ, കൂടിക്കഴിയവെ നരേന്ദ്രാസ്ഥിരതകൾ
ഉലഞ്ഞില്ലാതായി, സ്സുകൃതശുഭദാസ്തിക്യദൃഢതാ-
ഫലം സാക്ഷാൽക്കാരം വഴി, യതിയുവാവിന്നരുളിനാൻ.

ശരിക്കേവം, ശാന്തിപ്രദനടയ ശിഷ്യത്വമുരരീ-
കരിച്ചന്തേവാസിപ്രമുഖത സമാർജ്ജിച്ചു ഭഗവാൻ,
ത്വരിപ്പിച്ചു മുന്യാശ്രമഘടന, നിത്യം പ്രവിശദീ-
കരിച്ചു, തത്സംഭാഷണലളിതഗംഭീരമൊഴികൾ.

KOTTAYAM PUBLIC LIBRARY * KOTTAYAM.

സന്യാസദാനം

വിവേകത്താൽ ക്ഷുദ്രാസുരവിഷയവൈമുഖ്യവിഷയ-
പ്രഭവശത്തോടന്യാദൃശമധുരമാനന്ദമകമേ,
ജവേനാർജ്ജിച്ചപ്പോൾ, നിജഗുരുഭഗവാനത്യുചിതമാം
"വിവേകാനന്ദാ"ഖ്യാ ബഹുമതിവിശേഷിച്ചരുളിനാൻ.

പാഠഭേദം

വിവേകാനന്ദാത്മപ്രകൃതിഗുണഭാവം വിശദമാ-
യവേക്ഷിച്ചത്യന്തം ഗുരുപരമഹംസൻ ഗുരുവരൻ,
"വിവേകാനന്ദേ"തിശ്രുതിമധുരനാമം പ്രിയതര-
പ്രഭവകാന്തേവാസിവ്രജമണി"നരേന്ദ്ര"ന്നരുളിനാൻ.

ഗുരുസമാധി

സമാധിക്കായ് വാരാണസിപുരിവരോദ്യാനനിബിഡ-
ദ്രുമാരമ്യച്ഛായാശയനമൃഷിദർശിച്ച നിലയിൽ,
സമാർജ്ജിച്ചു "സീതാപതിയദുകുലാധീശപരമത"
പ്രമാണപ്രസ്ഥാനപ്രമുഖത ഭവാൻ, ഭാരതസുതൻ.

ഗുരുപ്രഖ്യാതിക്കാസ്പദശില, ഗുണാഢ്യാത്മജയശോ-
ഗുരുജ്യോത്സ്നാശേചിതപ്രവികസനമാണെന്ന മൊഴിയിൽ,

തുരുമ്പില്ലെന്നോതാം അതിനരിയ ദൃഷ്ടാന്തപടമീ-
യൊരുൽകൃഷ്ടസ്വാമിക്കുടയ ചരിതാദ്ധ്യായകഥകൾ.

സ്വമോക്ഷാപ്തിപ്രാണോൽഗമനസമയത്തുജ്ജ്വലിതമാ-
മമോഘാത്മാദ്വൈതശ്രുതിവിഷയസന്ദേശമിനിമേൽ,
"ശ്രമോപേതം ശിഷ്യോത്തമ, സുത, വരിക്കെ"ന്ന ഗുരുവിൻ
പ്രമോദാശീർവാദം വിനയമൊടു കൈക്കൊണ്ടു വിവശൻ.

പടിഞ്ഞാറൻ പാഠാഭ്യസനപരിശീലത്തിലടിവെ-
ച്ചൊടിഞ്ഞാസ്തിക്യത്തെ,പ്പുനരുടലുയർത്തിപ്പുണരുവൻ,
മടിച്ചീടാതേത്തും നിജഗുരുതെളിച്ചിട്ടവഴിയിൽ-
ച്ചൊടിച്ചുത്സാഹത്തോടനുഗമനമാർന്നാനനുചരൻ.

അസന്ദേഹം സ്നേഹപ്രകൃതിഗതിയോടാത്മഗുരുവിൻ,
സുസന്ദേശം ദേശം പ്രതിസുഗമഭാഷാസരണിയിൽ,
പ്രസംഗിക്കെ,ബ്ഭംഗിത്തികവൊടു സമർത്ഥിച്ചു ഭഗവാൻ,
പ്രസന്നാസന്നാദ്ധ്യാത്മികയുഗസമുൽഘാടനമുടൻ.

ദരിദ്രാധിവ്യാധിസ്ഥിതരൊടനുശോചിച്ചുമവരെ
പ്പരിത്രാണംചെയ്തും, പുനരയി ഭവാൻ, പുണ്യപുരുഷൻ,
ഹരിദ്വാരം, വാരാണസി, യുഭയകന്യാപുരി,വരെ,
ച്ചരിച്ചാനശ്രാന്തം പരിണതപരിവ്രാജകതയിൽ.

പുനസ്സ്യാനന്ദൂരം പുരിയിലൊരുനാളെത്തിയവിടെ-
ട്ടിനംതോറും തെണ്ടിത്തിരിയുവരെയും തീണ്ടലുമഹോ!
കനക്കും വർഗ്ഗീയപ്പിടിവലികളും കണ്ടു കടുതാം
മനഃക്ലേശംപേറി;ക്കയറി മതിമാന്മാടധരയിൽ.

തദാവഞ്ചിക്കുള്ളിൽ കലുഷമൊടു കണ്ടെത്തിയവെറും
കുദാരിദ്ര്യത്തീണ്ടൽക്കുടിലുകളു"മോഹോയ്"വിളികളാൽ
സദാരാവിൽപോലും മുഖരിതമഹാവീഥികളുമീ-
യുദാരാത്മാവന്നാളവിടെയുമഹോ കണ്ടു കഠിനം!

വടക്കോട്ടും വർണ്ണാശ്രമനിയമമാമങ്കുശമെട്ടു-
ത്തുടക്കി സ്വാതന്ത്ര്യം ചെറുതനുഭവിക്കാത്തനിലയിൽ
കിടക്കും പാവങ്ങൾക്കൊരു നരകമാം കേരളമഹാ-
തടം ഭ്രാന്താഗാരം ദൃഢമിതി ഭവാനന്നരുളിപോൽ

തുഷാരാദ്രിഗ്രാമം മുതലുഭയകന്യാബ്ധിവിലസൽ-
ത്ധഷാലോലക്രീഡാതടപരിധിയോളോമവിരളം,
നിഷാദാന്ധ്യം നീക്കി, സ്വഗുരുമതസിദ്ധാന്ത വിഗളൽ
തുഷാരാംശുജ്യോതസ്സാരുചിരത, രചിച്ചാനൃഷിസുതൻ.

"അമേരിക്കാ" ഖണ്ഡസ്ഥിതമതമഹാപണ്ഡിതർ, നിറ-
ഞ്ഞതമേയാർഭാടത്തോടഖിലമതസംരംഭമേതുനാൾ,
ക്രമേണാരംഭിച്ചാ;രതിലൊരു സഭാവേദിനടുവിൽ
പ്രമേയത്തിൻചർച്ചക്കിടയിലവിടുന്നെത്തി, ഒടുവിൽ

സഗർഭ്യാദൃതസംബോധനയൊടു സദസ്യർക്കഭിമുഖം
സ്വാഗണ്യസ്ഥാനത്തിന്നരികിലെഴുന്നേറ്റു, ഭഗവാൻ
സുഗംഭീരം ധ്യാനിച്ചിരുനിമിഷനേരം, പുനരതി-
പ്രഗത്ഭശ്രീവാക്യാമൃതഝരിചൊരിഞ്ഞാൻചെവികളിൽ.

സഭാംഗങ്ങൾക്കെല്ലാം സരസഹൃദയാഹ്ലാദപുളക-
പ്രഭാവം കോരിച്ചൊത്തതിവിശദഭാഷാസരണിയിൽ
പ്രഭാസിക്കും നന്നാമതനിയമമൂലൈക്യമധുര-
സ്വഭാവം കാണിച്ചാനുപദിഷ്ടുപജ്ഞാനി ഭഗവാൻ.

അവിച്ഛിന്നം വീണാമധുരരസവാഗ്വൃഷ്ടി, സമയം
കവിഞ്ഞിട്ടും നേരേത്തുടരുവതിനായ് ശ്രാവകർ, ബലാൽ,
സവിസ്രംഭം, ഹസ്തധ്വനിയൊടുമപേക്ഷിച്ചിതു ഭവൽ-
പവിത്രാദർശാലപഹൃതമനോവൃത്തിവശരായ്.

വിശിഷ്യ, സ്വാമിക്കീവിജയമൊരുവിശേഷാത്തരയശ-
ശ്ശശിജ്യോതിസ്സെങ്ങും വിതറി നവഖണ്ഡപുരികരം,

സ്വശിഷ്യന്മാരാലും, സഹൃദയ സുഹൃൽ സംഘസുലഭ-
പ്രശിഷ്യന്മാരാലും, പരിവൃതവുമായ് പാവനതയിൽ.

ദ്വിധാ, "മേരീലൂയി" പ്രഥിതബഹുശിഷ്യാവലികളിൽ
പ്രധാനസ്ഥാനത്തിന്നനുമതിവഹിച്ചു തവവിഭോ!
സുധാസാരസ്യോക്തി, പ്രകൃതി സഹജാദ്ധ്യാത്മികമനോ
വിധാനത്തൊടൊപ്പം സുമതിമണിശോഭിച്ചു സുതരാം.

ഭയാശങ്കാപേതം ഭഗണപതിരമ്യാസ്യ, ഭജന-
പ്രിയാനന്ദാസ്തിക്യപ്രകൃതിയൊടുമദ്ധ്യാത്മവഴിയിൽ,
പ്രയാണംചെയ്തപ്പോളുചിത "മഭയാനന്ദ" ബിരുദം
ദയാപൂർവ്വം, നൽകീ, സപദിയുപദേശത്തൊടു് ഭവാൻ.

"കൃപാനന്ദൻ" ധീമാനൊരുയവനസന്യാസി, ഭഗവൽ-
കൃപാപാത്രീഭൂതൻ സ്വയമനുചരൻതന്റെ നിലയിൽ,
സ്വപാർശ്വത്തിൽ ചേർത്തു പരെ, യഭയാനന്ദയുമൊടൊ-
ത്തുപാത്തതൽദൗത്യപ്രചരണമനുഷ്ഠിച്ചുവഴിപോൽ.

സന്ദേശസൗന്ദര്യം

വിശാലാദ്വൈതാത്മശ്രുതിവിരുദതത്ത്വങ്ങളഖിലാ f
കൃശാചാരാസ്തിക്യക്രമവിധികളുംക്കൊണ്ടിടുകയാൽ,
ദശാവസ്ഥാഭേദങ്ങളെയതിശയിച്ചാത്മവിഷയ
പ്രശാന്തിക്കും, മോക്ഷത്തിനുമുപകരിക്കുന്നുസുദൃഢം.

മഹർഷിശ്രേഷ്ഠന്മാർ, മതമൊരുവെറും മാന്ത്രികമഹനാ-
മഹസ്സായല്ലല്ലോ കരുതിയതു, തൽഭാവനകളിൽ;
മഹതസത്യജ്ഞാനപ്രണയഗുണസമ്പൂർണ്ണസുഷമാ-
ബൃഹൽസൗന്ദര്യത്തിൻ ശ്രുതിമധുരഗീതം, ശ്രുതിമതം.

ശ്വപാകൻ, ശാസ്ത്രജ്ഞൻ, ദ്വിജനെളിയവൻ, കോടിധനികൻ,
നൃപാലൻ, നിസ്സാരൻ, പശുപ, വശുചിഗ്രസ്തനു;മിവർ

കൃപാഹീനന്മാരെല്ലാവരു; മവരിലാക്കും സുകൃതമാം
പ്രപാശാലകളിൽ കയറി, യമൃതം കോരി നുകരാം.

മനസ്സംസ്കാരത്തിൻ സ്ഥിതിയനുസരിച്ചീശ്വരനെന്നാ-
മനഘം സേവിച്ചാൽമതി, മതി സുഖപ്രാപ്തിവരുവാൻ
മനശ്ശുദ്ധിക്കത്രേ മഹിമ, മതകാര്യത്തിലതിനോ-
ടനല്പോദ്യൽഭക്തി സ്ഫുരണമപരിത്യാജ്യമജനിൽ.

വിചിത്രാകാരശ്രീ മണിമയശിലാവിഗ്രഹഗണം,
രചിക്കുന്നു കേചിൽ ചിലരവയുടക്കുന്നു പകയാൽ,
കചാചിൽക്ഷേത്രം, മസ്ജീതിടയിലവിടെപ്പള്ളിബഹുധാ
വിചിത്രം ഹാ! ദേവർച്ചനകളുടെ വൈവിധ്യമുലകിൽ.

ശിവാലംബം, കൃഷ്ണാശ്രയമനഘദുർഗ്ഗാർച്ചന നബി-
പ്രവാദപ്രാലംബം, പശുഗൃഹജപാദാംഘ്രിഭജനം,
വിവാദാവിഷ്ടാരോവഴി, പരിചിദാനന്ദമണവാൻ
പ്രവാഹങ്ങൾക്കൊപ്പം കടലി, ലവചേരുന്നിതൊടുവിൽ.

യഥാർത്ഥത്തിൽ സാക്ഷാൽകരണസുഖമേവം വിവിധസൽ-
പഥാന്തസ്സഞ്ചാരം തെളിവിലുളവാകുന്നിത,തിനാൽ
വൃഥാതമ്മിൽത്തല്ലിപ്പലവിധമതക്കാർതുലയുമ-
ക്കഥാദ്ധ്യായം കഷ്ടാൽകഠിനതരമാണെന്നറിയുവിൻ.

അരണ്യത്തിന്നുള്ളിൽ കയറിയഖിലാധീശ്വരപദം
ശരണ്യം പ്രാപിക്കും കതിപയമുമുക്ഷുക്കൾ മുനികൾ
സ്ഫുരൽസായുജ്യത്തിൽ പുനരപിലയിക്കുന്നു; വിഷയാ-
തുരന്മാർക്കീയല്പം ചിലരനനുഗമ്യപ്രകൃതികൾ,

ഇവക്കൊപ്പം, സാധാരണകപടസന്യാസികൾ, മനോ-
ഭവഗ്രസ്തന്മാരെങ്കിലു,മതുബത! മറച്ചാൽത്തറകളിൽ,
അവശ്യം സ്വാതന്ത്ര്യത്തിൻ പ്രവണതയൊടും പാപ്പത്തു തിക-
ച്ചുവക്കും ഹാ! ലോകത്തിനുമതിവിപത്തെന്നു പറയാം.

സ്വകാൎയ്യം സാധിപ്പാനരുണകവചം ചാൎത്തീടുമൊട്ടു ഹൃ-
ദ്വികാരാവേശത്താലിതരമതവിശ്വാസിയെ,യഹോ!
ശകാരിക്കും പ്രാസംഗികനണുവുമദ്ധ്യാത്മികമനഃ-
പ്രകാശം സിദ്ധിക്കാത്തൊരുവകവെറും പ്രാകൃതനരൻ.

ദരിദ്രന്മാർ, ദീനാതുരർ, ദലിതഹൃത്തുക്കൾ, ദശമീ-
ചരിത്രന്മാർ, ചണ്ഡാളരുമിവരൊന്നാം, ദുൎഗ്ഗതികളിൽ,
പരിത്രാണം ചെയ്യുന്നതു പരമമ് ശാൎച്ചനം—അതും—
പരിത്യക്താഭീഷ്ടപ്രകൃതിയൊടശേഷേയമുലകിൽ.

ഇതല്ലോസന്ദേശം, ഗുരുപരമഹംസന്റെ വചനാ-
മൃതദ്വാരാ, ഭാസ്വൽഗുണഗണ! ഭവൽശിഷ്യരൃഷികൾ,
ധൃതശ്രദ്ധാപൂൎവ്വം, വിതറിയതമേരിക്കയിൽ; മഹാ-
മതപ്രസ്ഥാനാഢ്യമണിയുമുദിച്ചാനിതതുനാൾ.

പ്രസംഗത്തിൻ സാന്ദ്രപ്രചരണഗുണംകൊണ്ടവിടെയു-
ള്ള സംഖ്യം സാധുക്കൾക്കഭിനവമതാദ്ധ്വാവിലണവാൻ,
പ്രസക്തി, സ്വച്ഛന്ദം പ്രതിദിവസമുണ്ടായി, ഭഗവൽ-
പ്രസന്നാദൎശത്തിൻ പ്രതിഫലനമഞ്ജുച്ഛവികളാൽ.

ഉറക്കത്തോടുണരും, സകലവുമപേക്ഷിച്ചു, ഹൃദയം
നിറഞ്ഞുത്സാഹത്തോടനുചരസമേതം, സമുചിതം
മുറയ്ക്കോരോ മുഖ്യസ്ഥലികളിലമേരിക്കയിൽ നട-
ന്നാരപ്പിച്ചൂ സേവാഘടനകളെയങ്ങിങ്ങു ഭഗവാൻ.

### യൂറോപ്പിൽ.

കഴിച്ചേവം കാലോചിതമതസമുദ്ധാരണ, മതേ
വിഴിക്കൈരോപ്യശ്രീകരനഗരസംസ്കാരകലയിൽ
മിഴിക്കോണൎപ്പിക്കാൻമികവുടയ പാരിസ്സിലഥ, നേർ
വഴിക്കെത്തിച്ചേൎന്നു സഹൃദയശിരോരത്നതിലകൻ.

സമത്വം, സ്വാതന്ത്ര്യം, സഹകരണസൗഭ്രാത്രമിവയെ-
സ്സമത്ഥിക്കാൻവേണ്ടിസ്സമരപരിഘാതത്തിനിടയിൽ,
ശ്രമം, ത്യാഗം, ക്ഷാമം, ദുരിത,മിവകൈക്കൊണ്ടുപൃരിതൻ-
സ്സമന്ത്രൈശ്വര്യത്തിൻ സുഭഗത ഭവാൻ കണ്ടു സുമുഖൻ.

മലക്കന്യാന്തത്തം വിലസിടുമൊരാംഗ്ലേയധരണി-
തലസ്ഥാനംതന്നിൽ തവ നവയശസ്സിൻെറ പുറകിൽ,
മലത്തുട്ടുംപോലേ, പുറകെമണയാടിക്കു, മഴതൻ-
ജലംപോലേ, പിമ്പേ മുകിലിനു, ഭവാനെത്തിവഴിയെ.

പ്രതീചീസംസ്കാരപ്രമുഖരവിടെ സ്വാമിജികളെ-
പ്രതീക്ഷിച്ചുത്സാഹിച്ചുചിതതരമാം സ്വാഗതമഹം
അതീവസ്നേഹം പൂണ്ടഴകിനൊടുകൊണ്ടാടി, ഭഗവാ-
നതീതശ്രീസാക്ഷാൽ ഗുരുമഹിമകാണിച്ചു തെളിവിൽ.

പ്രധാനപ്പെട്ടോരോനഗരികളിലെ പ്രശ്രുതകലാ-
വിധാനം വീക്ഷിക്കെസ്വഗുരുമതസന്ദേശവിധികൾ
ബുധാനീക്ഷാചർച്ചാവിഷയപരമാക്കി, പ്രചരണ-
ക്ഷുധാസഞ്ചാരത്തിൽ, സ്വയമിഹ ഭവാൻ പാർത്തു പലനാൾ.

### പ്രത്യാഗമനം

ഇവണ്ണം പാശ്ചാത്യക്ഷിതിപുരികളിൽ സംസ്കൃതജന-
പ്രവർദ്ധിഷ്ണുസ്നേഹാദരമധികമാർജ്ജിച്ചു ഭഗവാൻ,
അവശ്യം തൻ മാതൃക്ഷമയിലഥവന്നു; വിപുലമായ്
പ്രവർത്തിച്ചു, ദൗത്യാവയവഘടനാസംഗതികളിൽ.

### ഘടനാരൂപം

സമസ്തക്കും വർഗ്ഗം, മത,മിവഗണിക്കാതെ സദൃശം
സമത്വസ്വാതന്ത്ര്യം തടവിവടിവോടിഗ്ഘടനയിൽ
സമശ്ശ്വാദം ചേരാം സദസദഭിവീക്ഷിച്ചറിയുവാൻ
ശ്രമം ചെയ്യാനാത്മാർത്ഥതമതി, മനുഷ്യന്നു, മതിയിൽ.

ഭവൽ സാമർത്ഥ്യത്താൽ ഭജനമഠമങ്ങിങ്ങു പുതുതാ-
യവശ്യം സ്ഥാപിക്കപ്പെട്ടുവതിനുസാധിച്ചിത,വയിൽ
സവർണ്ണാവർണ്ണർക്കൊത്തൊരുമയിലിരുന്നാത്മപരമാം
ശിവസ്തോത്രം ചെയ്യാനൊരുസരണി കാണിച്ചു ഭഗവാൻ.

മുറയ്ക്കേവം സംസ്ഥാപിതഗുരുവരാഖ്യാശ്രമനിര-
ക്കുറപ്പും സംശുദ്ധിത്തികവുമുളവാകാനതുകളിൽ,
മറക്കാതർപ്പിച്ചു ഭരണപരഭാരം, വിമലരാം
മറക്കാതൽജ്ഞാനം തിരളുമൃഷിമാർക്കുള്ള ചുമലിൽ

ഔദാരത്വം, സത്യം, പരമകരുണാശീല,മഭയ-
പ്രദാനത്വം, ശാന്തി, ക്ഷമ, വിനയ,മാർദ്ദവവിഭവം,
ഉദാരത്വം, സാധുപ്രകൃതിയുമെഴും മാമുനികളെ-
സ്സദാധ്യാത്മശ്രേഷ്ഠാശ്രമഭരണമേല്പിച്ചു ഭഗവാൻ.

ദരിദ്രർക്കായന്നം, വസനമിവനൽകീടുക, ഗദാ-
പരിക്ലാന്തന്മാർക്കായരുളിടുക ശുശ്രൂഷ, കനിവിൽ;
ശരിക്കജ്ഞന്മാരെത്തെളിവൊടു പഠിപ്പിക്ക മുതലാ-
യിരിക്കും കർത്തവ്യം പ്രതിദിനമനുഷ്ഠേയമിവരാൽ.

ത്രിസന്ധ്യക്കും സങ്കീർത്തന,മതിഥിപൂജാ,ചരിതകഥാ-
പ്രസംഗം, ശ്രീഗീതാധ്യയന,മഥസാഹിത്യപഠനം,
സസന്തോഷസ്നേഹം ഹരിജനസമാരാധനകളും,
പ്രസന്നധന്മാരായ് പ്രതിദിനമനുഷ്ഠേയമിവരാൽ.

## സമാധി

സമാരാധ്യാചാര്യപ്രയതമതസന്ദേശമധുര-
പ്രമാണങ്ങൾക്കുഗ്രപ്രചരണമനല്പം പൃഥിവിയിൽ
സമാരംഭിച്ചേവം ക്ഷണികതരമായുസ്സൃതിയിൽ
സമാധിസ്വർഗ്ഗത്തെ സ്വയമനുഭവിക്കുന്നു ഭഗവാൻ.

★

## ജന്മസാഫല്യം

### അവതാരിക

മുക്കാടിന്‍റെയിടയ്ക്കു മുഗ്ദ്ധതരമാം
തെങ്ങും, കവുങ്ങും, മനം-
മുക്കാലും കവരുന്നതായ് രസികനാം
പ്ലാവും, രസാലങ്ങളും
എക്കാലത്തുമലങ്കരിക്കുമഴകേ-
റീടും പറമ്പിന്നക-
ത്തിക്കാണുന്ന കുടുംബമെന്‍റെ ജനന-
സ്ഥാനം ജഗന്മോഹനം.

താരുണ്യാതിശയം കലന്നുവളരും
വാളംപുളിക്കുഴിമേല്‍
ചേരും ച്ഛായയിലെത്രയോ ചെറിയതാ
യേറെപ്പഴക്കത്തിനാല്‍,
ചാരുത്വം കുറവെങ്കിലും സുചരിത-
ശ്ലാഘാര്‍ഹമാം വൃത്തിയാ-
ലാരും പ്രേക്ഷണയോഗ്യമായ് കരുതിടാ-
മീവീടുമേവീടുവാന്‍.

പൂര്‍വ്വാശാമുഖമായൊരിപ്പുരയിലെ
ത്തെക്കേത്തളത്തിന്നുമേ-
ക്കാര്‍വ്വാചീനകശില്പമാണൊരുമുറി-
ക്കുള്‍ക്കൊള്ളുമക്കോവിലില്‍,

പൂർവ്വാചാരവഴിക്കുവന്നുകുടികൊ-
ള്ളുന്നു, കുലാംഗങ്ങളിൽ
സർവ്വാഭീഷ്ടമുതിർത്തു കാത്തരുളിടും
കാത്ത്യായനീ ദേവിയാൾ.

പാരമ്പര്യസപര്യ

പാരമ്പര്യമുറയ്ക്കുപാരശബരീ-
ശ്രീപാർവ്വതീ ദേവിയിൽ
പാരംഭക്തി കലർന്നുപാർത്തു; പുനരെ
ന്മാതാവുമാതംഗിയിൽ,
ആരംഭിച്ചൊരുഃസവ, തന്റെറവരണാ-
ഹസ്സിന്നുശേഷം, ദിവ-
ദാരപ്രാപ്തിവരയ്ക്കു;ചെയ്തിതരന്നു
ററാണ്ടോളമവ്യാഹതം.

മാതാവിന്റെറ മനസ്ഥിതിക്കു മകളായ്
ദൃഷ്ടാന്ത,മിന്നന്നിളു-
മാതാവിന്റെറ നിഷേവ,വാസനകളാൽ
കൈയ്യേറ്റാണ്ടു, ദുഃഖങ്ങളാൽ,
ജാതാദ്ധ്യാത്മിക ചിന്തയാന്നു, ഗിരിജാ-
ധ്യാനൈകദീക്ഷാഗതി-
യ്ക്കേതായാലുമിളക്കമെന്നിയെ, വസി-
ക്കുന്നുവയോവന്ദ്യയായ്. *

ഉല്ലാല്യത്തമപാർവ്വതീപദവി-
ചാരത്തിന്നൊരുങ്ങിത്തനി-
ക്കുല്ലാപ്പാർവ്വതിയെന്നഃപരുചിതമാ-
ക്കിത്തീർത്തൊരിപ്പെണ്ണളിൽ,

---

* 1125 മിഥുനത്തിൽ മരിച്ചുപോയി.

കൊള്ളാതിന്നവശിഷ്ടമാം കൃപകുറ-
ച്ചുണ്ടെങ്കിലോ, ഞങ്ങളിൽ-
കൊള്ളാറാക്കണമായതെന്റെ കുലമാ-
താവാം കുമാരാംബയാൾ.

## മാതൃസ്മരണ

സോമാകാരസുവൃത്തഭംഗിസുതരാ-
മൊത്തുള്ള മുത്തുക്കുട-
പ്പൂ,മാനിച്ചു പിടിച്ചുനിന്നു പുറകേ
തച്ഛീതളച്ഛായയിൽ,
പൂമാതാരെയിരുത്തിയാത്മഭജനം
ചെയ്യുന്നുവോ? തജ്ജഗ-
ദ്രാമാരത്നമിവന്റെ മൂലസുകൃതം
മൂർത്തീകരിച്ചമ്മയാം.

തങ്കത്തോൾവളകങ്കണകപ്പണിതമോ
ടിന്ദ്രാണിയും, വിസ്മൃതാ f
തങ്കംദർപ്പകദർപ്പകമ്രരതിയും
നല്പാർശ്വഭാഗങ്ങളിൽ,
വെങ്കറക്കുടതൊട്ടു വീശിയുയരും
വെഞ്ചാമരപ്പൂങ്കതിർ-
ത്തിങ്കൾച്ചാർത്തിലിരിക്കുമംബികയെനി-
ക്കാലംബമാമംബയാം.

സന്ദർശിക്കുവതിന്നു സംഭൃതകലാ-
സാമർത്ഥ്യമോടപ്സരോ-
വൃന്ദാവനമ്രപദാരവിന്ദയുഗളീ-
വന്ദ്യാസനക്കാൽകളിൽ,

കുന്ദപ്പൂമണിമാലവച്ചുവഴിവാ-
ടായിത്തൊഴുന്നോരെഴ-
ക്കന്ദർപ്പപ്രതിഷ്ഠദക്ഷമെന്റെ കളിയിൽ
ക്കൂടെക്കളിച്ചമ്മയാം.

ഓമൽക്കച്ഛപി, കങ്കണാങ്കിതകരാം-
ഭോജങ്ങളാലക്ഷത-
വ്യാമർദ്ദത്തൊടുവാമമായമൂലയിൽ
ച്ചാരിപ്പിടിച്ചാദരാൽ,
സാമർത്ഥ്യത്തൊടുവാണിപാടുമപദാ-
നപ്പാട്ടിനാധാരമാ-
മാമഞ്ജിന്മലമങ്കയാണുവഴികാ-
ണിച്ചെൻ വളർത്തമ്മയാം.

സ്വരൂപാദ്ധ്യാനം

തങ്കത്താമരയിൽത്തടിത്പ്രചയലതാ-
സമ്മേളനംപോലെ, ത-
ന്നങ്കത്തിൽ പ്രിയദാസ്യഷണ്മുഖകമാ-
രന്മാരിരുന്നാസ്ഥയാൽ,
സങ്കല്പക്കളിയാടിടുന്നതുസമീ-
ക്ഷിക്കുന്നുമാദേവിയാ f
തങ്കത്തിന്നിടയാക്കിടാതടിയനെ
ക്കാത്തീടുവാൻ കൈതൊഴാം.

നീലച്ചേൽ മഷി നീണ്ടവാൽ മിഴികളിൽ,
സിന്ദൂരമിന്ദുല്ലസൽ-
ഫാലത്തിൽ, പലമുത്തുമാലകൾ ഗള-
ത്തിങ്കൽ, ഗളൽകേതിയാൽ

ആലംബിക്കകിലാക്കമുൽക്കലികഃയാ-
ടാലസ്യഃമോടിക്കമ-
ന്യാലങ്കാരികമോടിയും കലരുമ
ക്കാത്ത്യായനീ, കൈതൊഴാം.

ചുണ്ടിൽ കുങ്കുമസങ്കുലദ്യുതി, ചുമ-
ക്കാനായ് ചുമയ്ക്കുന്നതാം-
രണ്ടിന്ദ്രദ്വിപകുംഭഡംഭടിപണി-
ഞ്ഞീടുന്നമാർമൊട്ടുകൾ;
ചണ്ടിക്കൾഭയമേകിടുന്ന ചമയ
പ്പൂഞ്ചായൽ, കൈത്താമര-
ത്തണ്ടിൽകാപ്പുമണിഞ്ഞൊരദ്രിസുതയെ
ക്കാണട്ടെയെൻ കണ്ണുകൾ.

ചെമ്പഞ്ഞിക്കുളിയാന്ന ചേവടികളും,
ചെന്താമരപ്പൂവിനൊ-
ത്തിമ്പംഃചന്ന കരങ്ങളും, ചെറുചിരി-
ജ്യോത്സ്നാവിലാസങ്ങളും,
ഉമ്പക്കുത്സവമായ കാഞ്ചിയൊലിയും
പൂണ്ടുള്ള പുഷ്പാസ്ത്രഭി-
ത്സമ്പത്തെന്റെ സമക്ഷമാശുവരുവാൻ
വന്ദിച്ചിടാമാദരാൽ.

ധമ്മില്ലത്തിലഘമ്മരശ്മികലയും,
മന്ദാരകുന്ദാവലീ-
സമ്മിശ്രാരചിതങ്ങളായ്മണമുയ-
ർത്തീടുന്ന മാല്യങ്ങളും,

തമ്മിൽത്തമ്മിലുരസ്സുമുന്നത മഹാ-
മേരുക്കളും ചാൎത്തിട്ട
നമ്മിന്നൽപ്പിണർമേനിയെൻെറ ദുരിതം
ദൂരീകരിക്കില്ലയോ?

ചാപംബാണവുമൊത്തു ശംഖമരിയും
കൈനാലി,ലച്ഛണ്ഡികാ-
രൂപത്തിന്നനുരൂപമായിതരമാ-
മീരേഴു ബാഹുക്കളിൽ,
ആപത്തൊക്കെയകററുമൽക്കടഗദാ-
ശ്ശൂലാദിയും, മന്മന-
സ്താപത്തെക്കളയട്ടെ, നാശകരമാം
പാപത്തെയും നാൾക്കുനാൾ.

ധ്യാനവിശേഷങ്ങൾ

തള്ളിക്കേറിയിരണ്ടുമത്തരികളാ-
ന്നീടും സുധാസിന്ധുവി-
നുള്ളിൽ, കന്മമണിത്തുരുത്തിലിയലും
കല്പദ്രുമച്ഛായയിൽ,
പള്ളിപ്പട്ടു വിരിച്ചിരുന്നിടതുകൈ-
സിംഹാംസരോമങ്ങളിൽ
കൊള്ളിച്ചിട്ടു തലോടിടുന്ന ജഗദാ
ലംബേ,മദംബേ, തൊഴാം.

ആമോദം വളരും വസന്തഗന്ധുവിൽ,
തീരസ്ഥനുത്ത്യല്ലതാ f
രാമോല്ലാസമെഴുന്ന പൊയ്ക,കളഹം
സോൽഫുല്ല പുഷ്പങ്ങളാൽ,

പ്രേമാദ്ദീപകമായിരിക്കവെയതിൽ,
പ്രേഷ്യാസമേതം തെളി-
ഞ്ഞാമോദത്തോടു ദേവി, നീന്തിവിഹരി
ച്ചാറാട്ടമാറില്ലയോ?

ശ്രീചക്രത്തിലിരുന്നിട്ടും ത്രിപുരയെ
സ്സേവിച്ചുനില്ക്കുന്നു,സ-
ങ്കോചത്തോടു ഗണേശനിർജ്ജരഗണേ-
ശാദിത്യചന്ദ്രാദികൾ,
വാചസ്പത്യഭിവന്ദ്യകാവ്യമുനിമാ-
രൊപ്പം സ്തുതിക്കാനുമു-
ണ്ടാ ചന്ദ്രാക്കു;മതിനുമേലുമയൊരാൾ
മാത്രം പ്രവത്തിക്കുവാൻ.

ശ്രീസാരള്യമിയന്ന ശില്പരചനാ-
സമ്മോഹനാനന്ദദ-
പ്രാസാദത്തിലു,മൂറിടുന്ന ചെളിമൺ
ചെററക്കുടീരത്തിലും,
നാസാഭൂഷയൊടൊന്നിൽ-നഗ്നതമറ-
ച്ചീടാതെ മറേറതിൽ-വി-
ശ്വാസാനുക്രമമായ് ഭവാനിവളരു
ന്നല്ലോവധൂരൂപയായ്.

യോജിക്കുന്നതുതന്നെയോഗ്യതവിചാ-
രിച്ചാൽ, അനർഘാഭമായ്
രാജിയ്ക്കുന്നൊരു രാജകീയനിലയം
തേ, രാജരാജേശ്വരി,

ആജിക്കൊത്തൊരു ദേവഷഷ്ഠമാടനദിനം
സേനാനികാക്കുന്നു വി
ഭ്രാജിക്കും മണിഹേമസംഘചിതമാം
ത്വൽമ്യെഹർമ്മ്യങ്ങളേ.

ചേരുന്നൂമലമങ്കയാർക്കു ചെറുതാം
വീടും; സുരത്നങ്ങളെ
പ്പാരുഷ്യം കലരുന്ന കല്ലൊടികളായ്
കാണുന്ന സന്ന്യാസിമാർ
വാരുന്നു വഴിപോലെ നിർമ്മലിനമാം
നിർമ്മാല്യ,മീയംബികാ-
കാരുണ്യാമൃതമാസ്വദിച്ചനഘമാം
കൈവല്യമാർന്നീടുവാൻ.

ഡോളാലോലവിലാസകേളികളില-
ത്യാസക്തരായി,ട്ടള-
ത്താളാംഗമൃദംഗഗീതസഹിതം
ചേരുന്ന ചെങ്ങാതിമാർ,
കാളാകമ്രഗളാപദാനകഥയാ-
രംഭിക്കവേ,മംഗള
വ്രീളാപൂർവ്വകളാല്പഹാസമരുളും
കൈവല്യദേ, കൈതൊഴാം.

അപദാനങ്ങൾ

വിസ്താരാഭകലർന്നവിന്ധ്യഗിരിമേ-
ലുദ്യദ്വിഹംഗസ്തവ-
പ്രസ്താവത്തിലതിപ്രസന്നതവഹി-
ച്ചാത്മപ്രതാപത്തിനാൽ,

ത്രസ്താശേഷഫലാസുരപ്രമുഖരേ
സ്സംഹാരസിംഹാരവ-
പ്രസ്താരത്തിലടിച്ചമത്തിയമഹാ-
മായേ, സഹായിക്കനീ.

നിദ്രാതല്പരനായനന്തമണിത-
ല്പത്തിൽശയിക്കുംജഗൽ-
ഭദ്രാലംബഹരിക്കെഴും ശ്രുതിമലം
കൊണ്ടാദ്യമുണ്ടായുടൻ
ക്ഷുദ്രാശാവശരായകൈടഭമധു-
ഖ്യാതക്കുവിച്ഛിന്നമാം
നിദ്രായോഗമുദാരയായരുളിനാ-
ളുൎവ്വീനരേന്ദ്രാത്മജാ.

ആനക്കാരനെയാട്ടിമാററിനവമായ്
നാകത്തിലേകാധിപ-
സ്ഥാനംകൈവശമാക്കിവച്ചനുചര-
ന്മാരൈക്കേന്ദ്രകോശങ്ങളെ,
ദാനംചെയ്യൊരുദാനവൻമഹിഷനെ
ക്കൊന്നാശുവീണ്ടുംസുര-
ക്കാനന്ദത്തൊടധൎമ്മനാശവുമമാം-
ബാദേവി ചേൎത്തീടിനാൾ.

ശങ്കാഹീനമശങ്കരാത്മശഠതാ-
സങ്കീൎണ്ണമാമുന്മദാ f
ഹങ്കാരത്തൊടചണ്ഡചണ്ഡബലരാ-
മച്ചണ്ഡമുണ്ഡാസുരർ,

സങ്കാശാടവിയിൽകടന്നൊരളവിൽ
ദുർഗ്ഗാവിസർഗ്ഗാംശമാം
ഝങ്കാരത്തിലൊടിഞ്ഞുവീണിതുകൊട്ടം
കാററിൽകൊടിത്തണ്ടുപോൽ.

തുള്ളിച്ചോരതെറിക്കവേ പുതിയതാ-
യുത്ഭൂതരായിത്തുലോം
തുള്ളിത്തുള്ളിയടുത്തരംഗചരരാ-
മാരക്തബീജാസുരർ,
കള്ളിപ്പാച്ചകൾപോലെവന്മഴവിനാൽ,
കാളീകരാളാളമാം
പള്ളിത്തൃക്കരവാളൊളിക്കളികളാൽ
പാരിൽപതിച്ചീടിനാർ.

കത്തിസ്സംഭനിസംഭകംഭിവരരെ
ബ്ഭേദിച്ചു, മസ്തിഷ്കമാം-
മുത്തിന്മാലയെടുത്തു പാർശ്വഗതനാം
പഞ്ചാസ്യപഞ്ചാസ്യനിൽ,
മുത്തിച്ചാർത്തിയവൻെറ മുഗ്ദ്ധതരമാ-
മാസ്യത്തിലാസക്തിയാ-
ന്നത്തിങ്കൾക്കലചൂട്ടമെൻെറകലമാ-
താവിന്നു കുമ്പിട്ടിടാം.

ഓമൽക്കൈകളിലക്ഷമാല,യഭയം,
പുഷ്പ്യദവരം, പുസ്തകം;
തൂമഞ്ജുക്കളുർവെൺനിലാവൊളിനിറം
മേനിക്കെഴും മേനിയിൽ;

ശ്രീമൽഫുല്ലസരോജകാന്തിനെടുതാം
നേത്രങ്ങളിൽ; ചിത്രമാ-
യീമട്ടംബികയേസ്മരിക്കകവിരാ-
ജാവായ് വിരാജിക്കവാൻ.

വെള്ളത്താമരതൻെറ വെൺകതിർനിറം
വീശുന്നതായിത്തുലോ-
മുള്ളത്തിൽ ഗിരിജാവപുസ്സുഷമയെ
ധ്യാനിക്കുമദ്ധന്യരിൽ,
വെള്ളച്ചാട്ടമൊടൊപ്പമഞ്ചിതഗള-
ദ്വാഗ്വൈഭവപ്രസ്രവ-
ത്തള്ളൽപ്പാൽക്കളികണ്ടിടാമിഹസഭാ-
രംഗപ്രസംഗങ്ങളിൽ.

കാതിൽ കാഞ്ചനകുണ്ഡലങ്ങളിളകി
ത്തങ്കത്തരിത്തോൾവള-
ജ്യോതിസ്സോടു, സുവണ്ണരത്നവിലസൽ
കാഞ്ചീകലാപാഞ്ചിതം,
ഭൂതിദ്രവ്യവിഭൂഷണാർദ്ധലതയെ
ധ്യാനിക്കിലോനിത്യവും
ഭൂതിദ്രവ്യവിലാസമാണനുഭവം
തത്സേവകർക്കൂഴിയിൽ.

ഈശാനാർദ്ധശരീരരാഗസുഷമാ
സമ്മഗ്നമായിച്ചുവ-
ന്നാശാകാശരസാതലങ്ങളെവിചാ-
രിച്ചാൽ വിശാലാക്ഷിയാം

ആശാഭാജനമായിട്ടും തങ്ങന്നനെ
പ്രേമാർദ്രനോക്കിസ്വാസം-
വേശാഗാരസപര്യയിൽ പ്രഹിതനാ
ക്കന്തുപ്രദോഷങ്ങളിൽ.

വൃമാതായിമഹീപതിക്ക, ജിതയായ്
സേനാപതിക്ക,ധ്വഗ–
ന്നാമാർഗ്ഗക്ലമവേളയിൽസുഖദയാ,–
യാരണ്യവാസാർത്തിയിൽ,
സീമാതീതകൃപാർദ്രയാംശബരിയായ്,
ഭൂതാധിയിൽഭൈരവീ–
നാമാലങ്കൃതയായുമാംബിക ജയി–
ക്കന്തുജപിച്ചീടുവാൻ.

വ്യാമോഹത്തിലനക്ഷണം ത്രിപുരയായ്,
വ്യാധിപ്രകോപത്തില–
ത്യാമോദം പെരുമഭ്രിജ്ഞാതലതയായ്,
ഉദ്വാഹവിഘ്നങ്ങളിൽ
രാമോത്തംസസുഭദ്രയായു,ദ്ദണഭോ
രത്തിങ്കലീശാർദ്ധമാ–
യാമോദത്തൊടപർണ്ണയെശ്ശരണമാ–
ക്കീടട്ടെശർമ്മാർത്ഥികൾ.

ശ്രുത്യന്തത്തിനഗമ്യമായ് ശ്രുതിവരെ
പ്രാപിച്ചിടുന്നീക്ഷണ–
പ്രത്യഗ്രാഭയെഴും മൃഡാനിയെമനോ–
വിശ്വാസപൂർവ്വംസദാ,

നിത്യപ്രേമനിഷേവചെയ്തിട്ടുമവ
ക്കന്യാധിപാലംബന-
പ്രത്യക്ഷരൂപമാറിട്ടുന്നു ചുവടേ
മേലുള്ള കാലങ്ങളിൽ.

അദ്വൈതവാദം

നാദത്തിൻജനയിത്രിഹൈമവതിനീ
വാഗ്ദേവിയാകുന്നു, സം-
ഭേദത്താലറിയപ്പെട്ടുന്നുമധുഭി-
ത്ഭാര്യാദിഭാവങ്ങളിൽ,
വേദത്തിൻ പൊരുളായിട്ടുന്നിതു, മതാ-
നുഷ്ഠാനവൈവിധ്യസം-
വാദപ്പോക്കുളികണ്ടിരുന്നിഹ ചിരി-
ക്കുന്നു ചിദാനന്ദമേ!

മുല്പാടംബുജയോനിയംബികയിലാ
ണാധ്യാത്മികജ്ഞാനിയാ-
യുല്പാദിച്ചതു; സൃഷ്ടിചെയ്തതുമഹാ-
മായാസഹായത്തിനാൽ;
പില്പാടിസ്ഥിതികാത്തിടുന്നതുമയാ
ണല്ലോ; ലയിക്കുന്നതും
കല്പാന്തത്തിലശേഷവും പ്രളയമി-
ല്ലാത്തീപ്രഭാശക്തിയിൽ.

സാഹിത്യസേവ

കുന്നിന്മേലുളവായ്; കരംതളിരുമായ്;
പൂവായ്തുലോംത്തുമണം
കുന്നിക്കുന്നണിമുത്തുമാല;യളകം
നേരായളിച്ചാർത്തുമായ്;

സന്ദിഷ്ടോക്തിമരന്ദമായ്; സുഫലമായ്
വക്ഷോജമവും; സ്ഥാണുമേ-
ലൊന്നിക്കുന്ന ചിദാത്മരൂപലതയാം
കൈവല്യമേ, കൈതൊഴാം,

മുററും മുഗ്ദ്ധസപർണ്ണമാം ലതകളെ
പ്പാരം ഫലാകാംക്ഷയിൽ
പാറും മാനസമോടടുത്തുരരണം
പ്രാപിച്ചിടുന്നുബലാൽ
മററുള്ളാളുകളൊക്കെ; യീമറയനാം
ഞാനോ! സ്വയംസ്ഥാണുമേൽ
ചുററും സാധുവപർണ്ണയെപ്രതിദിനം
സേവിക്കയാണാദരാൽ.

പാരം സർവ്വചരാചരപ്രളയമാ-
ണുദ്ദേശ്യ,മാച്ചാണകം-
ച്ചാരംതേച്ചു നടന്നിടുന്നു ചുടല
ക്കാട്ടിൽ, ചുമന്നീടുവാൻ
നേരററുള്ളൊരുകാളയാണ്, വിഷമാ
ണുണ്ണാൻ; സ്വകാന്തന്റെയീ
നേരംപോക്കുകൾവന്ധ്യമായിവരദേ,
ത്വദ്വാമസംഗത്തിനാൽ.

വാണീലക്ഷ്മികളോടുകൂടിവിഹരി-
ച്ചീടാം; രതീദേവിയിൽ
താണീടാത്തപതിവ്രതാമണികളാ-
ലാരാദ്ധ്യരായ്‌വാണിടാം;

ഏണീലോചനയായിട്ടുംഭവതിയെ
സ്സേവിപ്പവൎക്കെന്നു, ശ-
ൎവ്വാണീ, ശാങ്കരവാക്യമുള്ളതുവ്യഥാ-
വായിബ്ഭവിച്ചീടുമോ?

* "ലക്ഷ്മീക്ഷീരഘടാധിവാസിനി,"ലസ-
ദ്വാണീഭവാനീമഹാ-
ലക്ഷ്മീനാമവിഭേദവിശ്രുതപര
ബ്രഹ്മസ്ഫുരദ്രൂപിണീ,
ലക്ഷ്മീകാന്തസുരേന്ദ്രവന്ദിതപദാം-
ഭോജംഭജേഹം, കലാ-
ലക്ഷ്മീനൎത്തനരംഗമാക്കുകമമാ f
ഗാരം മനോമോഹനം.

## മാനസപൂജ

പൂജക്കില്ലധികാരമദ്വിജരിവ-
ൎക്കെന്നാലു,മാത്മാൎത്ഥവി-
ഭാജൽപ്രശ്രയപൂൎവ്വമംബയെമനോ-
വാഗൎച്ചനാചൎച്ചയാൽ,
ആജന്മാന്തനിഷേവചെയ്യുവതിനാ-
യാവശ്യമാംവശ്യമാ-
മോജസ്സും പ്രതിഭാവിലാസവുമടി
ക്കട്ടെ സ്വദിഗ്ഭാഷയിൽ.

ധാതാ,വിന്ദ്രനു,പേന്ദ്രനും, മടിയരാ
മസ്മാദൃശന്മാരുമ-
ദ്വൈതാനന്ദദമാംത്വദീയചരണ
ദ്വന്ദ്വത്തെ വന്ദിക്കവേ,

---

* തൃപ്പാൽക്കടം, ഗ്രന്ഥകാരൻെറ ജന്മഭവനമായ (മാടശ്ശേരി) തൃപ്പക്കടത്തുവാച്യം.

മാതാവേ, ജഗദീശ്വരീ, മധുരമാം
　　സംഗീതമംഗീകരി-
ച്ചാതാമ്രാഭയെഴും പ്രഭാതസമയ
　　ത്തിങ്കൽ പ്രബോധിക്കണേ.

നിർമ്മാണം സഖിചെയ്തതാമൊളിനിശാ-
　　ഭൂഷാവിശേഷാദിയാം
നിർമ്മാല്യം നിരവദ്യമാം പരിമളം
　　പാറുന്ന നിന്മേനിയിൽ,
നിർമ്മായംവിലസുന്നു; നീക്കിയതുഞാ-
　　നത്യാദരത്തോടുഷഃ-
കർമ്മാരംഭവിധിക്കൊരുങ്ങിടുകയാ-
　　ണമ്മേ, വിരോധിക്കുമോ?

വൃദ്ധത്വംശരിയാം ദ്വിതീയസുകുമാ-
　　രത്വം മനുഷ്യർക്കു; ഞാ-
നിദ്ധപ്രാപ്തവയോധികത്വമിയലും
　　വാഗ്വാദിനീസേവകൻ;
ത്വദ്ധന്യാംഗനിഷേവചെയ്യുവതില്വി
　　ന്നെന്താണനൗചിത്യ?മേ-
ശ്രദ്ധസ്സുണ്ടിട; വേണ്ടതെല്ലുമവിശു-
　　ദ്ധാശങ്കഹാ! ശങ്കരീ.

കേടററീടിനകേശവദ്യുതിയെഴും
　　ത്വൽകേശഭാരം, ജടാ-
ജൂട ച്ഛായവിട്ടത്തിയോളമിയലും
　　കാളിന്ദിയായ് കാളുവാൻ.

പാടത്തെള്ളപെരുംസുഗന്ധമയമാം
നല്ലെണ്ണസൗവണ്ണമാ-
മോടത്തിൽതെളിവൊടട്ടത്തയിതരാം
കല്പിച്ചുകൈക്കൊള്ളണേ.

തങ്കച്ചെമ്പകത്തൈല,മംഗപരിലേ-
പത്തിന്നു കസ്തൂരിയും,
തിങ്കൾക്കല്പൊടിപോലെശോഭതിരകളും
കർപ്പൂരചൂണ്ണങ്ങളും,
പങ്കംവിട്ടസുഗന്ധവസ്തുരസവും
ചേത്തെൻറചേതോഗളൽ-
സങ്കല്പംവഴികാട്ടവയ്യതഗജ്ഞേ,
കൈക്കൊൾക കൈക്കുമ്പിളിൽ-

കാടാണ്ണേവിരലൻറനല്ലപശയും,
നെല്ലിക്കതല്ലിച്ചത
ച്ചീടാളുന്ന കൊഴപ്പുമൊത്തുമൃഗനാ-
ഭിക്കൂട്ടുകൂട്ടിത്തുലോം,
ചൂടാറിത്തെളിയുന്നശീരസലില
ത്തിൽചേത്തുഴക്കേണ്ടുമേ-
കൂടാതുള്ളൊരുതാളിപൊൻതളികയിൽ
കൈക്കൊൾക,കാത്ത്യായനീ.

ഹേമപ്പൂമ്പൊടിനാഗകേസരമൊടും
നൽകുങ്കമത്തിൽകഴ-
ച്ചോമന്മേനിമിനുങ്ങമാറുചിതമാ-
യുദ്വത്തനംചെയ്യുവാൻ,

കാമദ്വേഷികളത്രമേ, മണിലസൽ
പാത്രത്തിലത്യാദര-
പ്രേമത്തോടുതരുന്നഭാവനവഴി
ക്കംഗീകരിക്കേണമേ,

ചേലോടേചെറുചന്ദനേന്ധനകൃശാ-
നുജ്വാലയാൽ സജ്ജമാം
ബാലോഷ്ണോദകമിസ്സുവർണ്ണസുഷമാ-
സംഭാവ്യകുംഭങ്ങളിൽ,
ഏലോശീരസുഗന്ധമാക്കിയരുളീ
ട്ടുന്നേന്മനോവിദ്യയാ-
ലാലോചിച്ചതുമമ്മവാങ്ങിയമൃത-
സ്നാനംസമർത്ഥിക്കണേ.

ഗൗരീപത്രസുകേരബാലകഫലാം-
ഭസ്സാൽപ്രസൂനോല്ലസൽ-
ശാരീരദ്യുതിയുംപ്രസന്നവദന-
ശ്രീയും പ്രവർദ്ധിക്കുവാൻ,
ഗൗരി, മന്ത്രപുരസ്സരംനവമനോ-
ഭാവാഭിഷേകം, ഗളൽ-
ശൗരീന്ദ്രാദിജയോക്തിഘോഷസഹിതം
നന്നായ് നടത്തട്ടയോ?

സ്നാനാദ്രാഭയെഴുന്നതായതിരുമെയ്
സൗരഭ്യസംയുക്തമായ്
നാനാവർണ്ണഗുണങ്ങളാൽ രചിതമാം
തോർത്താൽത്തുടച്ചീട്ടുവാൻ,

ഊനാപേതമുരീകരിച്ചിട്ടുക
　　തല്പട്ടാംബരം, മാനസ-
ധ്യാനാവിഷ്കൃതമായതും തവസമ
　　ൎപ്പിക്കാം സതീരത്നമേ.

മാണിക്യപ്രഭ, മാതളപ്രസവസം
　　ഫുല്ലാഭ,ശോണാപഗാ-
വേണിക്കുള്ളൊരുകാന്തി,ബാലമിഹിര-
　　ശ്രീയും, ജപാളിഖ്യയും
നാണിക്കുന്ന നവാംശുകംനവമണി
　　പ്രോതാഗ്രരമ്യം, പ്രസം-
പ്രീണിച്ചമ്മയെടുത്തുടുത്തിടുക,മൽ-
　　സങ്കല്പസജ്ജീകൃതം.

ഉച്ചസ്വൎണ്ണഗിരീന്ദ്രസാനുയുഗള
　　ത്തിന്മേലുടക്കിക്കിട-
ന്നുച്ചണ്ഡാഭയൊടും നിരന്തവിലസും
　　നീലാംബുദംപോലവേ,
മെച്ചംപൂണ്ടപയോധരങ്ങളെമറ f
　　ച്ചമ്പോടണിഞ്ഞാലുമി
പ്പച്ചപ്പട്ടൊളികഞ്ചുകത്തെയഴകോ-
　　ടംഗീകരിച്ചംബികേ!

ആകാശോദരവും,പ്രകാശമിയലു-
　　ന്നാമേദുരോരുക്കളും,
ശ്രീകാളുന്നനിതംബവും, പൃഥുലമാം
　　വക്ഷോജകുംഭങ്ങളും

ആകാരംപ്രകൃതിക്കുമേലധികവും
വീണ്ടും മറച്ചീടുവാ-
നേകാം, പീതഗുണോത്തരീയമഖിലാ-
ധാരേ,ധരിച്ചീടണേ.

ആരാധിച്ചകിലിൻെറധൂമമണമെഴും
ധൂമങ്ങളാൽ, ഭംഗിയിൽ
നേരായ് കോതിയൊതുക്കി,മാധവലസ-
ന്മന്ദാരപുഷ്പങ്ങളെ,
വാരാളുംവരിവണ്ടണിഞ്ഞലമുടി
ക്കെട്ടിൽകുളുർച്ചെമ്പക-
ത്താരാലുള്ളൊരുമാല്യമോടുമധുനാ
ചേർത്തിട്ടു ചാർത്തട്ടയോ?

സീമന്തത്തിലണിഞ്ഞിടാനരുണമാം.
സിന്ദൂരവും, നെററിമേൽ
ത്തുമഞ്ജുദ്യുതിയാന്നപൊട്ടുതൊടുവാ-
നായുള്ളകസ്തൂരിയും,
രാമച്ചത്തിരികത്തിവന്നമഷിയും
നേത്രാരവിന്ദങ്ങളിൽ
കാമംപോലെഴുതാ,നമേ കരളിനാൽ
തൃക്കാഴ്ചവയ്ക്കുന്നുഞാൻ.

തങ്കപ്പങ്കജകേസരപ്പൊടിമുഖം
നന്നായ്മിനുക്കാ,നണി-
ച്ചെങ്കൽകുണ്ഡലയുഗ്മമച്ചെവികളിൽ
ചേലൊടുചാർത്തീടുവാൻ,

പങ്കംപാദയൊരുമുത്തുരത്നാവൃമിതാ
മൂക്കുത്തിയായെന്മന-
സ്സങ്കല്പംപണിചെയ്തു സമ്പ്രതിസമർ-
പ്പിക്കുന്നു, സർവേശ്വരീ.

ആവക്ഷോജയുഗാരവിന്ദമുകുള
ദ്വന്ദ്വത്തിലും, ദർപ്പണ
ശ്രീവർദ്ധിച്ചുവിളങ്ങിടും കവിളിലും
കാമേശ്വരപ്രേയസീ,
ആവത്തിക്കുക,യക്ഷകർദ്ദമരജോ-
വർഷംവിശേഷിച്ചുമ-
പ്രാവണ്ണംപടവാസകപ്രസരമായ്
ത്തീരട്ടെ പാവാടയും-

ശ്രീകണ്ഠേശകൃതാർദ്രമാമുപയമ-
ശ്രീകണ്ഠസൂത്രത്തിനാ
ലാകമ്രാഭയെഴുന്നകണ്ഠനളിമേൽ
കൽഹാരപുഷ്പങ്ങളാൽ,
ആകണ്ഠാദരപൂർവ്വമാരചിതമാ-
മാലോലമാല്യം, മനഃ-
പാകധ്യാനവിശേഷമായരുളിടാ-
മുല്ലൂണ്ഠയെന്യേ, ശിവേ.

തത്തിത്തങ്കമണിക്കുടങ്ങളിലനു-
സ്യൂതംവിലാസംപൊഴി-
ച്ചെത്തിത്താഴ്‌വരയെക്കവിഞ്ഞുമടിയിൽ
ച്ചാടിക്കിടന്നാടിമേൽ,.

കത്തിപ്പോയൊരുകാമനെപ്രിയതമ
ന്നുള്ളിൽ പ്രതിഷ്ഠിക്കുമീ-
മുത്തിന്മാലയുമൊന്നണിഞ്ഞിടണമേ
മുഗ്ദ്ധേന്ദുമന്ദസ്മിതേ!

ജാതിപ്പൂക്കളെടുത്തു ജാതകുതുകം
ജ്ഞാനക്കളെസ്സംക്രമി-
ച്ചേതിൽ സംയമികൾക്കു സമ്പ്രവിലയം
പ്രാപിക്കുവാനാശയോ?
ദ്യോതിക്കുന്നതദംഘ്രിപത്മയുഗള
ത്തോളം കിടക്കാൻ, മനഃ
പ്രീതിക്കൊത്തു രചിച്ചനീണ്ടനവമാം
മാല്യത്തെയും നൾകിടാം.

* ദേവപ്രീതിദ ദിവ്യമായൊരുവിശേ-
ഷാകല്പവും കല്പനാ-
ഭാവപ്രേരണയാൽ ഭവാനിതിരുമൽ
ക്കാഴ്ചയ്ക്കു തീർക്കട്ടെഞാൻ:-
ദേവച്ഛന്ദം:-അതിൻെറന്തറിഴകളും
തചൽക്കണ്ണെനാളോൽഗളൽ-
ധാവള്യത്തെയുരച്ചെടുത്തു വിലസീ
ടട്ടേ വിമുക്താഭയാൽ.

ഹേമത്തോൾവളയും, സുരത്നവളയും,
സങ്കല്പനാസ്പൃഷ്ടമ-
ക്ഷാമശ്രീ വളയും സുവർണ്ണവിലസ-
ദ്രത്നാംഗുലീയങ്ങളും,

---

* നൂറുമടക്കുള്ള മുത്തുമാല.

സാമഞ്ജസ്യമിയന്നമുട്ടുവളയും,
സത്യസ്വരൂപേ, കൃപാ-
ശ്യാമപ്രേക്ഷണമെന്നെയൊട്ടുവളയും
മാറായ് വരിച്ചീടണേ.

കല്യാളിഖ്യയെഴുംമരാരിപരശ്ശ-
ശ്രീഖഢ്ഗശൂലാളി,നി-
സ്തുല്യാസ്ത്രങ്ങളുമുത്തരോത്തരമൊരോ-
ന്നക്കൈയ്യിണപ്പൂക്കളിൽ,
കല്യാണീ, സമലങ്കരിക്കുവതിനാ
യംഗീകരിക്കൂ; സ്ഫുരൽ-
കല്യാണാഞ്ചിതകാഞ്ചിയും കടിതട-
ത്തിങ്കൽക്കടിപ്പിച്ചിടാം.

വേദാന്തത്തിനവേദ്യമായിമേത-
ക്കാലംബനസ്ഥാനമാം
പാദാബ്ജങ്ങളെ മഞ്ജുളദ്യുതിയെഴും
മഞ്ജീരരത്നങ്ങളാൽ,
മോദാലമ്മയലങ്കരിച്ചിടണേമ
തന്മഞ്ജുമാദ്ധ്വീഗള-
ന്നാദാനന്ദ രസാനുഭൂതി,സമയേ,
സായുജ്യപീയൂഷമാം.

ദേഹാലങ്കൃതിയേവമിമ്പമൊടിണ
ക്കിച്ചേർത്തു, ദേവാംഗനാ-
വ്യൂഹാമ്രേഡിതമാമനർഘചരിത്ര,
ദിവ്യാർഘ്യപാദ്യങ്ങളെ,

സ്നേഹാവേശ പുരസ്സരം തവസമ
ൎപ്പിക്കുന്നു, സത്ഭാവനാ–
സാഹായ്യാചമനീയകത്തെയുമുമേ,
ഗംഗാപഗാംഭസ്സിനാൽ.

നിൎവ്വാണപ്രദയായദേവി, നിതരാം
കൎപ്പൂരചൂൎണ്ണങ്ങളെ
സൎവ്വാംഗത്തിലുമാൎദ്ര ചന്ദനപരാ–
ഗത്തോടു ചേൎത്താദരാൽ,–
ശൎവ്വാണീ, വിതറാം; ഇതിന്മണമെഴും
നിൎമ്മാല്യലേപത്തിനാൽ
സൎവ്വാരാംഗനകൾക്കുമംഗസുഷമാ–
സമ്പത്തുസമ്പൂൎണ്ണമാം.

കണ്ടാലത്ഭുതമേകുമഭ്രമുപതി
ശ്രീദന്തഖണ്ഡങ്ങളാ–
ലുണ്ടാക്കിക്കൊരിടിട്ടപൊന്മെതിയടി
ക്കുട്ടൊന്നു കോട്ടംവിനാ,
തണ്ടാരൊത്ത തവാളിരാമചരണ
ദ്വന്ദ്വത്തിലുല്ലഘനം
കൊണ്ടാകൎപ്പണിച്ചെയ്യു കോമളതനോ,
ചേൎക്കുന്നു ചേതസ്സിനാൽ.

നേരേപാൎവ്വതിദേവി, തേ നെറുകയിൽ,
കാൎമേഘജാലങ്ങളിൽ
താരേശന്റെ മനോജ്ഞമണ്ഡലനില
യ്ക്കൊപ്പം, മനോവൃത്തിയാൽ,

വാരേന്ത്രാംകരികുന്തളങ്ങളിലിതാ
ചാൎത്താമൊട്ടക്കം, ചിദാ–
കാരേ,നിൎമ്മലവജ്ര നിൎമ്മിതലസൽ–
ചൂഡാകലാപത്തെഞാൻ.

രാജദ്രത്നമയാഭമായരജത
ത്തട്ടത്തിനുള്ളിൽ, കല്യാ–
രാജശ്രീയണിനാളികേരവിലസൽ
ഖണ്ഡപ്രകാണ്ഡങ്ങളിൽ,
ലാജം, ശൎക്കര, പഞ്ചസാര,മധുവും
നെയ്യും വിതാനിച്ചുഷഃ
പൂജയ്ക്കുള്ള നിവേദ്യമായിഹസമ
ൎപ്പിക്കുന്നു സമ്പൽക്കരീ!

കയ്യാൽ കുത്തിയെടുത്തുണക്കച്ചരിയ,
ക്കല്യാണപാത്രങ്ങളിൽ
തയ്യാറാക്കിലവംഗചന്ദനസുഗ–
ന്ധാമ്രേന്ധന ജ്വാലയാൽ,
നെയ്യാറാതെയൊഴിച്ചു നല്ലകദളീ
പക്വത്തൊടാസ്വാദനം
ചെയ്യാനായുരരീകരിക്കുകശിവേ,
ചേതസ്സുപൎയ്യാപ്തിയിൽ.

മന്താരം, കുടമുല്ല, പിച്ചി, തുളസി
പ്പൂ,തുമ്പയും ചെത്തിയാം
ചെന്താ,രിമ്പമിയന്നചെമ്പകസുമം
ചെന്താ,മരപ്പൂക്കളും,

സന്താനപ്രസവങ്ങളും, ജപകളും,
ശ്രീപുഷ്പവും, വിഷ്ഹൂരൽ-
ചിന്താപൂജയിലംബികേ, തവചിദാ-
കാരത്തിലർപ്പിച്ചിടാം.

ഇത്താതിൽക്കുറയാതെ പായസമൊടും
പന്തീരടിപ്പൂജയും
ചിത്തോന്മേഷപുരസ്സരം മധുരമാം
മദ്ധ്യാഹ്നനൈവേദ്യവും,
മുത്തോടൊത്തുകഴിച്ചിടുന്നടിയനായ്
ദീർഘായുരാരോഗ്യസ-
മ്പത്തോടൊത്തരുളേണമേ ഭഗവതീ,
സൗഭാഗ്യഭാഗ്യോദയം.

ആപാദാഭരണാഭകോല്യമമര-
സ്ത്രീമൗലിമാർ, മൗക്തിക-
ശ്രീപാത്രങ്ങളിലാളിടുന്നഘനസാ-
രത്തിൻഘനജ്വാലയാൽ,
ദീപാരാധനചെയ്തിടട്ടെദിവസാ-
ന്ത്യത്തിൽ സുവാദ്യാരവ-
വ്യാപാരാമൃതഗീതനർത്തനഗള
ത്താളത്തൊടൊത്താദരാൽ.

മുത്താളുംപടിയുള്ള മശ്ധതരമാം
മൽഗോദനത്തോടു,സ
ദൃത്താകാരമെഴുന്നുഴുന്നുവടയും,
വത്സാജ്യപൂപങ്ങളും,

ചിത്താകർഷകമാം മലർപ്പൊടിയില-
　　ന്നീരം മരന്ദത്തിനോ-
ടത്താഴത്തിനമാത്മപൂജയൊരുമി
　　ച്ചമ്മേ, നിവേദിച്ചിടാം.

തത്വചിന്ത

ഈയാഡംബരപൂർവ്വപൂജയഥവാ-
　　സ്സൃഷ്ടിച്ചനുഷ്ഠിക്കവാ-
നായാസം കലരുന്നതെന്തിനു വൃഥാ,
　　സങ്കല്പശില്പങ്ങളാൽ?
ന്യായാന്യായവിവേചനത്തിലറിയാ
　　മല്ലോ മനസ്സേ, മഹാ-
മായാശക്തിവഹിച്ചെഴും ത്രിപുരയ
　　ലാളിത്യലാവണ്യമായ്.

ഭാഷാരൂപിണിയായിടും ഭവതിയെ
　　സ്സാഹിത്യസംഭാവനാ-
വേഷാകല്പസപര്യചെയ്യുതഥവാ
　　പൂജാവിപര്യാസമാം:
ദോഷാരോപണമെന്നതായൊരപ-
　　രാധം മാത്രമാവാം; ജഗൽ-
ഭൂഷാലംകൃതയാമുമയ്ക്കൊരു ചമൽ-
　　ക്കാരം ചമയ്ക്കാവതോ?

ഈ വിശ്വത്തിലനന്തകോടിയിലനേ-
　　കാകാരഭേദങ്ങളിൽ
ജീവിക്കുന്ന ചരാചരത്തിനഖിലം
　　ജീവാമൃതം നൾകുന്നാൾ,

അവിദോന്മാദമനുഗ്രഹിച്ചരുളിടും
നിത്യാനന്ദാഖ്യാഭയാം
ദേവിക്കെന്തിനു നിർമ്മാതൃകൃതമാം
നൈവേദ്യസാമഗ്രികൾ?

ദീപാരാധനയെന്തിനാണു ഭവതി-
ക്കർക്കേന്ദുതാരാനല-
വ്യാപാരത്തെ നയിച്ചിടുന്നിതനുവും
വ്യാഘാതമേൽക്കാതെ നീ;
പാപാത്യുഗ്രതരാന്ധകാരപടലം
നീക്കിത്തദീയാമല-
ശ്രീപാദാംബുജഭക്തിയാം മണിവിള-
ക്കെന്നിൽ കൊളുത്തീടുമോ?

വാരുററും വലതക്ഷിയുഷ്ണകരനാ-
ണെന്നും, സുവാമേക്ഷണം
ഭൂരിശ്രീയെഴുമിന്ദുവെന്നു, മുദയേ
ഭ്രൂമദ്ധ്യമായ് നെററിയിൽ
നേരിട്ടുള്ളൊരു നേത്രമഗ്നി ഭഗവാ-
നെന്നും കഥിക്കുന്നു സൽ-
സൂരിശ്രേഷ്ഠ,രിവണ്ണമുള്ള, നിരവ-
ദ്യക്കെന്തു നീരാജനം?

നാനാഭാസവിധങ്ങളാം ബലികളും
സ്നാനാഭിഷേകങ്ങളും,
ഗാനാഘോഷണകീർത്തനങ്ങളു, മഹോ!
മംഗല്യഹോമങ്ങളും,

പാനാഹാരപദാൎത്ഥദക്ഷിണകളും
ചെയ്യുന്നുദേവിക്കളി-
ജ്ഞാനാലബ്ധിയിലത്രസത്യമറിയാ
തത്യന്ധവിശ്വാസികൾ.

ആവാസംവനപൎണ്ണശാലയിലനാ
വശ്യം;ഗൃഹസ്ഥാശ്രമ-
ത്തെവാരംവിരജാവിലോചനരജ്ഞാ-
വൃഷ്ടിപ്രയത്നംവൃഥാ;
സേവാരാധനചെയ്തദീനജനതാ-
കേന്ദ്രങ്ങളിൽസാന്ദ്രമീ-
ജീവാത്മാവുലയിച്ചിടട്ടെപരമാ-
ത്മാവാംപരാശക്തിയിൽ.

തീൎത്ഥാന്വേഷണയാത്രതീൎത്തുപറയാം
വ്യൎത്ഥം;മുരേന്ദ്രാരിളി-
ല്പാൎത്ഥാലോചനതത്വശാസ്ത്രപഠനം
നിത്യംനിരൎത്ഥംതുലോം;
സ്വാൎത്ഥാവേശവിസൎജ്ജനപ്രകൃതിയാ
ണാവശ്യമിശ്രീശിവാ-
സാൎത്ഥാനുഗ്രഹഹസ്തദൎശനമുദി-
ച്ചീടാൻഭവാംഭോധിയിൽ.

ദേവാഗാരവിശേഷമോ,പ്രതിമയോ
മന്ത്രങ്ങളോ, തന്ത്രമോ,
ഗ്രീവാലംബനമാല്യമോ,ഘണ്ടാമണി
ജ്വാലാവിലാസങ്ങളോ,

ഭാവാഭാവവിവർജ്ജിതേ, സകലതും
വർജ്ജിച്ചുമാർജ്ജിച്ചിടാം
സേവാതല്പരനാത്മമുക്തിപദമി-
തച്ഛക്തിയിൽഭക്തിയാൽ.

കാവ്യാലങ്കൃതിതർക്കശാസ്ത്രവിഷയ
ജ്ഞാനംലഭിക്കായ്കയാ-
ലാവ്യാജസ്തുതിചെയ്കഭിജ്ഞരെരസി-
പ്പിക്കാനസാദ്ധ്യംതുലോം;
കാവ്യാലാപവിനോദിനീ,രസകലാ-
ലങ്കാരമാംഭക്തിയി-
ട്ടേവ്യാരാധനരൂപമാംകൃതിയിലു
ണ്ടല്ലോ,കൃതാർത്ഥോസ്മ്യഹം.

അല്ലാവെന്നു മഹമ്മദീയനനിശം;
ക്രിസ്തൃാനിയോക്രിസ്തുവെ;
ന്നല്ലാൽഗൗതമനെന്നുബൌദ്ധ;നഥവാ-
വൈകുണ്ഠനായ്‌വൈഷ്ണവൻ;
വെള്ളാളൻശിവനെന്നു; വേദമിവ
രെല്ലാമെ,ന്നുമാദേവികൈ-
യ്ക്കൊല്ലാരുണ്ടുസപര്യയെങ്ങനെകഴി
ച്ചാലും‌പിഴച്ചീടുമോ?

കായശ്രീനഗരത്തിൽമന്ത്രിവരരാം
കാമാദ്യരോടൊത്തളി-
പ്രായത്തേവിശദീകരിച്ചുവിഷയ
പ്രാസാദശൃംഗങ്ങളിൽ

ന്യായംവിട്ടരസിക്കമാത്മവിലസ-
ദ്രാജേന്ദ്ര,സച്ചിന്മഹാ-
മായയ്ക്കുള്ളകൃപയ്ക്കിനിപ്രതിദിനം
പ്രാൎത്ഥിച്ചുപാൎത്തീടുമോ?

അമ്മേ, ത്വല്പദപാരിജാതയുഗള
ച്ഛായാവിലാസങ്ങളിൽ
ചെമ്മേചെന്നിനിയെന്റെസാദമിയലു
ന്നാത്മാവുപത്മാനനേ!
സമ്മേളിക്കുവതിന്നുമാൎഗ്ഗമധുനാ
കാണിക്ക,കാണിക്കമി-
ല്ലമ്മേധാത്രുതശക്തിയായത്തുകര
ങ്ങിത്തന്നെകണ്ടെത്തുവാൻ.

ശ്രീമാതാദിസഹസ്രനാമവിദിതേ,
സല്ലാപമെല്ലായ്പ്പൊഴും
നാമാമന്ത്രണവും, പ്രദക്ഷിണവുമാ-
യാത്മപ്രയാണക്രമം,
രാമാസക്തിതവാംഘ്രിഭക്തിരസവും,
ദൈനാഷ്ടിനൈവേദ്യവും
ശ്യാമാംഗീ,ശയനംനമസ്കൃതിയുമായ്
തീരട്ടെമേനാൾക്കുനാൾ.

അഞ്ചായ്പോകണമെന്റെ ഭൗതികമിതാം-
ഗാംശങ്ങൾ; ആവായുവിൻ
സഞ്ചാരം തവ ചാമരത്തി; ലളിഷേ-
കാൎത്ഥംജലം;പാവകൻ

പഞ്ചാരപ്പ്രഥമൻെറ പാകവിധിയിൽ;
പങ്കംപട്ടാലംകൃതി-
ച്ചെഞ്ചാറായ്; വിയദംശമംബ!വിമല-
ക്ഷേത്രാന്തരീക്ഷങ്ങളിൽ.

മൂലാധാരമുഖാംബുജങ്ങളിലനു
സ്യൂതംപ്രകാശിക്കുമാ-
ലോലാകമ്രസുക്ഷ്മനയിൽപരിലസി
ച്ചുഭ്യുഗൽമിച്ചുഞ്ജസാ.
ഫാലാന്തസ്ഥസുധാംശുമണ്ഡലമലി-
ച്ചാപ്ലാവനംചെയ്യുമാ-
ലീലാകുണ്ഡലിനിക്കതായതു ഭവാ-
നിക്കായ് നമിക്കുന്നുഞാൻ.

പശ്ചാത്താപം

ധമ്മാധമ്മവിവേകശൂന്യതപലേ-
ടത്തും, സുവണ്ണാംഗനാ-
നമ്മാസക്തിവഴിക്കുമററുപലഭോ-
ഗത്തും ഭവിച്ചങ്ങനെ,
മർമ്മാരുന്തുദമായവേദനജനി-
ക്കാതേ,“ജയാ”ശ്ലേഷചി-
ച്ഛമ്മാസപാദനഹൃദ്യമായ്വരണമി
ജ്ജന്മമാന്ത്യമെന്മോക്ഷദേ!

ഉന്മത്താശയമാന്നയൗവനദശ-
യ്ക്കുള്ളിൽപ്രവൃത്തിച്ചതാം
തിന്മയ്ക്കൊത്തുപശാന്തിപാരമണവാൻ
പശ്ചാത്തപിച്ചാദരാൽ,

നിന്മന്ദാരമനോജ്ഞമാം പദയുഗം
പാപാപഹേ, കൈതൊഴാം,
ജന്മവ്യഗ്രതവേണ്ടവീണ്ടുമൊരുകാ-
ലത്തുംജഗന്നായികേ!

അന്തസ്സും, ധനവും, പ്രശസ്തിയുമൂടി-
ക്കാനായനുഷ്ഠിച്ചതാ-
മന്തംവിട്ടപരാധബാധയഖിലം
ദൂരീകരിച്ചീശ്വരീ,
സന്തപ്താശ്രിതവത്സലേ,സഫലമാ-
യേക്രസമാധാന;മെ
ന്നന്തർന്നേത്രമശിച്ചിടട്ടെശിവശ-
ക്ത്യൈക്യസ്വരൂപാമൃതം.

തൃപ്പാൽക്കടത്തെളിയൊരെൻെറ-
ഗൃഹത്തിനുള്ളിൽ
തൃപ്പാദമൂന്നിവിലസുംത്രിപു-
രേശ്വരീനീ,
മുപ്പാരിനുംജനനി,ഞാനി-
ഹചെയ്തപോയൊ-
രപ്പാപമൊക്കെയുമകററ-
ണമീക്ഷണത്തിൽ.

സാക്ഷാൽകാരം

കൃത്യവ്യാപ്തിയിലെൻെറയമ്മയൊരുനാ-
ളെങ്ങോഗമിച്ചാരം, നിജാ-
പത്യത്തെത്തവസൂക്ഷ്മദോളവിലസൽ
തല്പത്തിലേല്പിച്ചുടൻ

അത്യന്തോല്ക്കലികാപുരസ്സരമണഞ്ഞച്ച–
ച്ഛൻവരുമ്പോൾ,സ്ഫുട–
പ്രത്യക്ഷത്തിലിരുന്നദേവിയെയഹോ!
ദർശിച്ചുപോൽ,പുണ്യവാൻ. [1]

ആയുർവ്വേദവിദഗ്ദ്ധനഗ്രജനകാ–
ലത്തിൻസഹേലാജ്ഞയാ–
ലായുസ്സറ്റളവമ്മയുൽക്കടവിയോ–
ഗാഗ്നിപ്രയോഗത്തിനാൽ
കായുമ്പോള,നുകമ്പയോടുമരികെ–
ക്കാണായിപോൽ, കൊള്ളിമീൻ
പായുമ്പോലെ,സതിക്കഹോ! തവവപു–
സ്സൗദാമിനീലീലകൾ. [2]

പ്രാരബ്ധകണ്ടകസമഗ്രഭവാഖ്യമാകു
മാരണ്യമേറിയുഴലുന്നടിയന്നുമമ്പിൽ,
സ്മേരപ്രസന്നമുഖിയാകിയദേവി,സാക്ഷാൽ–
കാരംതരാനിനിയുമെന്നു കനിഞ്ഞിടുന്നൂ?

★

1 ഒരുദിവസം അമ്മയ്ക്കു തന്റെ ഉറങ്ങിക്കിടക്കുന്ന ഒരു കുഞ്ഞിനെ തളത്തിൽ ഭഗവതിയുടെമുമ്പിൽ കിടത്തിയുംവച്ച് അടുത്തുള്ള ഒരു ഗൃഹത്തിൽ പ്രസവസംബന്ധമായി അപ്രതീക്ഷിതവും അത്യാവശ്യവുമായ ശുശ്രൂഷചെയ്യുന്നതിനോമറ്റോ പോകേണ്ടതായിവന്നു. ആ ഗൃഹത്തിൽ മുമ്പേതന്നെ എത്തിയിരുന്ന അച്ഛൻ കുഞ്ഞിനെ തന്നെ കിടത്തിയിരിക്കുന്ന വിവരം അറിഞ്ഞ് ഉൽക്കണ്ഠയോടുകൂടി തിരിച്ചുവരുമ്പോൾ, അനതിദൂരത്തിൽവച്ച് ഗൃഹത്തിന്റെ വരാന്തയിൽനിന്ന് അതിലാവണ്യവതിയായ ഒരു സ്ത്രീ ഉള്ളിലേയ്ക്കു കടന്നുപോകുന്നതു കാണുകയുണ്ടായി. ഗാഢമായ അന്വേഷണത്തിനും ആലോചനയ്ക്കുംശേഷം ഭഗവതി കുഞ്ഞിനെ സൂക്ഷിച്ചുകൊണ്ടിരുന്നതായിരിക്കണമെന്നും അങ്ങനെ ദേവിയുടെ ദർശനത്തിനു തനിക്കു ഭാഗ്യമുണ്ടായതായിരിക്കണമെന്നുമുള്ള തീരുമാനത്തിലെത്തി അദ്ദേഹം അനേകം നമസ്കാരങ്ങൾ ഭഗവതിയുടെ ക്ഷേത്രകവാടത്തിനുമുമ്പിൽ ചെയ്തു.

2 സുപ്രസിദ്ധവൈദ്യനും, കവിയുമായിരുന്ന ജ്യേഷ്ഠൻ മാടശ്ശേരിൽ വലിയ മാധവവാര്യർ മുപ്പത്തിയാറാമത്തെ വയസ്സിൽ ദിവംഗതനായപ്പോൾ, ദുസ്സഹ ദുഃഖാർത്തയായ മാതാവിനുണ്ടായ ദർശനത്തെയാണ് ഈ ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

# മണ്ണാർശാല

ശരച്ഛാലികേദാരമദ്ധ്യത്തി,ലിന്ദീ-
വരശ്യാമളാരണ്യ പുണ്യോദരത്തിൽ,
സ്ഫുര“ന്മൃണ്മദീശാല”വാഴുന്നു, നീലാം-
ബരത്തിൽ തടിത്തെന്നപോലേ നഭസ്സിൽ.

വളർക്ഷ്മാമലശ്രീവഹിക്കുന്ന മണ്ണു,-
ക്കളത്തിൽ കുളത്തിന്റെ ചുറ്റും, പുറത്തും,
വളഞ്ഞീടുമാറുള്ള ദേവന്റെസത്ത്വം
വിളങ്ങുന്നു “മണ്ണാറുശാലാ”ഖ്യമായി.

മനസ്സുള്ളവൻനാലുകെട്ടോടു രണ്ടു-
ണ്ടുനല്ലപ്രഭാപൂർണ്ണനാഗാലയങ്ങൾ;
മനഃപൂർവ്വമീനാമമിട്ടോ മഹാന്മാ-
രനർഘാളോ? ഈ മണ്ണിലാറായ് ഗൃഹങ്ങൾ.

നിസർഗ്ഗാഭിരാമാടവിക്കുള്ളിലുദ്യൽ
പ്രസന്നഭംമാലംബി വല്ലീസുമങ്ങൾ
വസന്തത്തെയെന്നും വളർത്തുന്നു,മാധവീ-
രസസ്യന്ദി സൗരഭ്യഃമോടൊത്തുകൂടി.

സ്വാതന്ത്ര്യപ്രയാണത്തിലന്യൂനചിത്രാ-
ങ്കിതസ്നിഗ്ദ്ധപത്രങ്ങളാട്ടിക്രമത്തിൽ,
പതംഗങ്ങളിത്തുവനത്തിന്റെ കുഞ്ജാ-
വതംസങ്ങളിൽ പാടിയാടുന്നുനിത്യം.

അടുത്തുള്ള നെൽപൂനിലത്തിൽ കൊയിത്തൊ-
ട്ടടുക്കുന്നകാലത്തു തത്തദ്വിജന്മാർ,

നടുക്കെത്തിനോക്കുന്ന പാകം, പ്രസാദി
ച്ചുടക്കിപ്പറിച്ചുള്ളിലാക്കിസ്സുഖിക്കാൻ.

വിശാലങ്ങളാംശാലി ദേശങ്ങളുദ്യൽ-
പ്രശാന്തപ്രഭാതാർക്കരശ്മിപ്പരപ്പിൽ,
ഭൃശാനന്ദമേകുന്നിതാർക്കും, ഗളൽഗോ-
ശശാജ്ജാണ്ഡജസ്വാഗതോക്തിസ്വരത്താൽ.

അരീച്ചൂരലാരാമസൗഭാഗ്യലക്ഷ്മീ-
ശരീരാഭകോലുന്ന വല്ലീഗണങ്ങൾ,
കുരീൽപക്ഷികെട്ടുന്ന കൂടിന്റെ ലീലാ-
പരീവാഹവും ചുററുമുണ്ടീവനത്തിൽ.

ഉയന്നഭൂവീഥികൾമേലാത്തശാഖാ-
ചയത്തോടു പൊന്നാംപയിൻ മാമരങ്ങൾ
വിയത്തിന്നലങ്കാരമായുള്ള പുഷ്പോ-
ദയശ്രീകലന്നത്ര കാണപ്പെടുന്നു.

മുഴുക്കെത്തഴയ്ക്കുന്ന മുക്കുററ,മാകെ-
പ്പഴുക്കുന്നകായുള്ള ബിംബിദ്രുമങ്ങൾ,
പുഴുദ്രോഹമേല്ക്കാത്തമാവും പ്രകാശ-
ക്കൊഴുപ്പത്ര കൂട്ടുന്നിതിക്കാട്ടിനുള്ളിൽ.

മുരുക്കിന്നു,മാരാജമല്ലിക്കുമായി
ക്കുരുക്കുന്ന ചെമ്പൂക്കളെല്ലാം വിടുന്നാൽ,
മരുത്തിൽക്കെടാതർദ്ധരാത്രിക്കുതിങ്ങു-
ന്നിരുട്ടത്തുമുണ്ടത്ര ദീപോത്സവങ്ങൾ.

മനോരമ്യമായുള്ള മഞ്ചാടികണ്ടീ-
വനോപാന്തവാസം വരിക്കും കിടാങ്ങൾ
ഘനോത്സാഹപൂർവ്വം വരുന്നുണ്ടു ഭൂഷാ-
വിനോദത്തിനായ് തന്മണിക്കായെടുക്കാൻ.

കറുത്തുള്ളമാതാ, വെളുത്തുള്ളപുത്രി,
നറുന്തേനൊലിക്കുന്ന നന്മഞ്ജുപൗത്രി
വെറുക്കാതെയന്യോന്യമൊന്നിച്ചുകൂടി
പ്പൊറുക്കുന്നതുണ്ടേകവംശാന്തരത്തിൽ.

പുരാണപ്രസിദ്ധിക്കു പാത്രീഭവിച്ചി-
പ്പുരാഗ്ര്യം പുരാരാതി ഭൂഷാഗണത്താൽ
ചിരാധാരമാക്കിജ്ജയിക്കുന്നു, ചിന്താ-
ദരാശ്ചര്യമാക്കും ജനിക്കുംവിധത്തിൽ.

സ്തുതിക്കർഹമാമീവനത്തിൽ പ്രധാന-
പ്രതിഷ്ഠയ്ക്കു യോജിച്ചു രണ്ടമ്പലങ്ങൾ,
സ്മൃതിക്കുള്ളിലത്ഭുതാനിക്കൊത്തുകാണാ-
മതിസ്പഷ്ടമായിട്ടടുത്തെത്തിടുമ്പോൾ-

ഭുജംഗേശ്വരന്നും ഭുജംഗേശ്വരിക്കും
ഭുജശ്ലേഷഭാവാനുഭൂതിക്കു തമ്മിൽ,
രജസ്സത്വമാർഗ്ഗദ്വയാദർശമാവാ-
മജയ്യംഗമായീടുമീയമ്പലങ്ങൾ.

സ്വാമിത്രങ്ങളാകുന്ന സർപ്പങ്ങളെല്ലാം
ഭമിക്കാതെ, നാഗേന്ദ്ര സേവാരസത്താൽ
രമിക്കുന്നുനിത്യം വിഷം തെല്ലുപോലും
വമിക്കാതെ നാം തൊട്ടുപോയാലുമാരാൽ.

വടക്കുമ്മാരുഹത്തിന്റെ വാതുററിരിക്കും
തടത്തിൽ പ്രകാശിക്കുമർദ്ധേന്ദുചൂഡൻ,
സ്ഫുടസ്നേഹപൂർവ്വം സ്വശുഷാവിശേഷോ
ല്ലൂടപ്രാഭവം കണ്ടുകൊണ്ടാടിടുന്നു.

നിവന്നുന്നിലക്കുന്ന ശാണ്ഡില്യവൃക്ഷ-
ച്ചുവട്ടിൽ പ്രസാദിച്ചിരിക്കും മുകുന്ദൻ

അവൎണ്ണാത്മശയ്യാപ്രഭാവത്തെ നോക്കി
പ്രവൎദ്ധാഭിമാനത്തെയുറക്കൊണ്ടിടുന്നു.

പെരുംഭംഗിപേറുന്ന പേരാൽച്ചുവട്ടിൽ
സ്വരുശ്മാംഗിയോടൊത്തിരിക്കും സുമാസ്ത്രൻ,
പുരശ്രീളജ്ജാംഗശ നൈവേദ്യപൂജ-
യ്ക്കൊരുക്കുന്നു പൂവും കരിമ്പും കരത്താൽ.

സുമന്ദാരരമ്യാലവാലത്തിനുള്ളിൽ
സുമപ്രേമവല്ലീസഹായൻ കുമാരൻ,
സുമംഗല്യസമ്പൂൎണ്ണ സമ്പൽസമേതം
സമക്ഷം സമീപിച്ചിരിക്കുന്ന മുമ്പിൽ.

അലിഞ്ഞുള്ളമഞ്ഞൊത്തിലഞ്ഞിപ്രസൂനാf
വലിശ്രീമനോജ്ഞക്കുളൎപ്പാൽപ്പരപ്പിൽ
പൊലിഞ്ഞന്തിനേരത്തു പൊന്മഞ്ജുദീപാ-
ഞ്ജലിക്കപ്സരസ്ത്രീകളെത്തുന്ന കാവിൽ.

കദംബദ്രുമൂലത്തിലാനന്ദഗീതാ-
വിദഗ്ദ്ധതമാളുന്ന വിദ്യാധരന്മാർ
ഉദന്തം ഫണിശേഷസന്തുഷ്ടിസാര-
പ്രദം പാടിയാടുന്നുപോലും രഹസ്സിൽ.

ഇവണ്ണം മഹാദിവ്യതേജോമയന്മാ-
രവസ്ഥാനരൂപം സ്തുതിക്കും ഫണീന്ദ്ര,
നവസ്തോത്ര പുഷ്പാഞ്ജലിധ്യാനപൂൎവ്വം
ദവദ്രുപമോത്തോത്തു നിത്യം തൊഴുന്നേൻ.

പുനഃ ബ്രഹ്മചൎയ്യം വരിച്ചത്രദൈനം
ദിനം തപ്തസപൎയ്യസ്ഥഭോഗീന്ദ്രവൎയ്യാ
മനസ്സുള്ളിലുണ്ടെന്നുമുഗ്രവ്രതത്താൽ,
മനശ്ശുദ്ധിയാൎജ്ജിക്കുമന്തൎജ്ജനങ്ങൾ.

സ്വസൂനാർച്ചനയ്ക്കായുഴിഞ്ഞീടുമമ്മ-
യ്ക്കസൂയാർഹമായുള്ള തേജോവിശേഷം
സുസൂക്ഷ്മാത്മചൈതന്യമോടൊത്തു, കദ്രൂ-
പ്രസൂതീന്ദ്ര, സാന്ദ്രം ഭവാനേകിടുന്നു.

അസന്മാർഗ്ഗസഞ്ചാര സംജാതമാകും
വിസർപ്പാദിശല്യത്തിനുന്മൂലനാശം
ലസന്മാതൃ ദീർഘാരവിന്ദാക്ഷ ലീലാ-
രസച്ഛായകൊണ്ടാകിലുണ്ടായിടുന്നു.

സുപുഷ്യാവസാനത്തിലീനാഗദേവീ
വപുർദ്ദർശനംകൊണ്ടു വന്ധ്യാവധുക്കൾ
അപുത്രാത്മപാപം നശിച്ചാത്മഭർത്തൃ
പ്രപുഷ്ടാനുരാഗാപ്തികൈക്കൊണ്ടിടുന്നു.

വിഷവ്യാകുലാതങ്കം വിജൃംഭിച്ചിരിക്കും
പ്രചണ്ഡത്വദുഗ്രപ്രമേഹാദി പാതം,
ത്വിഷദ്ഭീതിയും നാഗരാജന്റെ കൂല-
ങ്കഷപ്രീതിമൂലം സമൂലംകെടുന്നു.

സഹസ്രദ്വയജിഹ്വ, സർപ്പാഭമാകു-
ന്നഹസ്സിൽ ഭവാനൻപു് ഭജിക്കുന്നതായി
ഗൃഹദ്വാരപാലനു,മുൽക്കൃഷ്ടധാരാ
വഹശ്രീവചോധാടിയുണ്ടായിടുന്നു.

തുലാമാസികായില്യമായാലഹോ! നി
സ്തുലാമോദപൂർവ്വം ഭവൽസേവകന്മാർ
തുലാവൃഷ്ടിയോടൊത്തു തുംഗാത്മഭൂഷാ-
വിലാസം പൊഴിച്ചത്രവന്നെത്തിടുന്നു.

അനസ്യൂതമായക്ക്വാരത്തിലെത്തി
ത്തനുക്ഷാളനംചെയ്തു ചെന്നത്ര കാവിൽ

മനഃസ്തോത്രസേവയ്ക്കൊരുങ്ങുന്നനാനാ
മനുഷ്യാവലിക്കില്ല "കയ്യും കണക്കും."

സഹസ്രാസ്യനാമാദിശേഷന്റെ തേജോ
വഹശ്രീഭവാനാന്റ പാലാഴിവക്കിൽ
സഹസ്രാഭിധാനന്റെ സംവേശശയ്യാ-
ബ്ബൃഹദ്രൂപമേന്തി പ്രശോഭിച്ചിടുന്നു.

രമാഭൂമി വൈകുണ്ഠരെന്നും ഭവാനെ-
സ്സമാധാരമാക്കിസ്സമാധാനപൂർവ്വം
ക്ഷമാശീലനാം നിന്റെ നിഷ്പന്ദനത്താൽ
ശ്ശമാനന്ദസംതൃപ്തികൈക്കൊണ്ടിടുന്നു.

അമർഷം ഭവാനില്ലഭിജ്ഞാനമെന്യേ,
വിമർദ്ദിച്ചുപോയാലുമഭ്യർത്ഥനക്കാർ,
ക്രമക്കേടുകണ്ടങ്ങു കോപിച്ചുപോയാ-
ലമർത്താനുമാളില്ല മററാരുമെങ്ങും

അസാമാന്യമിക്രോധമെന്നാലു,മാശു-
പ്രസാദിക്കുമല്ലോ ഭവാനാശ്രയിച്ചാൽ
അസാംഗത്യമില്ലേതുമേ;രുട്ശീഘ്ര-
പ്രസാദിക്കലങ്കാരമല്ലോ ഭവാന്മാർ.

പുരാവിഷ്ണുദേവന്റെ ലീലാവതാരാ-
ഭിരാമാദ്യയാത്രയ്ക്കു ജന്മർക്ഷനാളിൽ
വിരാജൽപ്രദീപാതപത്രങ്ങളായി
പ്പരാത്മാവിനെക്കാത്ത മൂർത്തേ, തൊഴുന്നേൻ.

കളിക്കണ്ണനാമുണ്ണി കാളിന്ദിയാററിൽ
കുളിച്ചപ്പൊഴുണ്ടായ കോലാഹലത്തിൽ
അളിശ്യാമവണ്ണന്റെ തൃക്കാൽത്തഴമ്പാ-
ന്നൊളിച്ചാർത്തുവർത്തിക്കു കൈകൂപ്പിടുന്നേൻ,

പയോരാശിയിൽ പർവ്വതേന്ദ്രന്റെ ചുററൽ
പ്രയോഗത്തിനാവശ്യ സൽപാശമാവാൻ
വയോവൃദ്ധരൂപാവരന്മാർ ഭവാനേ
നയോപായപൂർവ്വം നമിച്ചാശ്രയിച്ചാർ.

ഫണിശ്രേഷ്ഠ പാതാളസാമ്രാജ്യഭാരം
പണിപ്പെട്ടിടാതേ വഹിച്ചത്രനീണാൾ
മണിത്തങ്കസിംഹാസനത്തിൽ സപൗരാ-
ഗ്രണിശ്ലാഘ്യനായിബ്ഭവാൻ വാണിടുന്നു.

അനന്താപദാനാസ്പദൈതിഹ്യമാളു-
ന്നനന്ത, പ്രഭോ "ശ്രീനദീമന്ദിരേശ"
മനം താവകാദ്ധ്യാത്മ സേവാശ്രമത്തിൽ
ദിനന്തോറുമെത്തട്ടെ ഞങ്ങൾക്കു മേന്മേൽ.

★

# പലവക

# ചിത്രനഗരത്തിൽ

ശ്രീചിത്രാവനിപാലജന്മദിവസാ-
    നന്ദോത്സവാഡംബര-
ശ്രീ ചിന്നീടുമവർണ്ണ്യ "ചിത്രനഗരം"
    ചിത്രാഭിരാമം തുലോം,
രോചിസ്സേറിയ പൂർവ്വപശ്ചിമകലാ-
    മിശ്രപ്രഭാവസ്ഫുര-
ദ്വൈചിത്ര്യത്തൊടുയർന്നുവന്നിതു തല-
    സ്ഥാനത്തു താൽക്കാലികം.

കച്ചേരിക്കു കിഴക്കുഭാഗമിയലും
    മൈതാനമേതാദൃശ-
മച്ചേറിന്റെ മിടുക്കുകൊണ്ടിഹ തുലാ-
    മാസാവസാനാദിയിൽ,
മച്ചേന്തും മണിമന്ദിരാവലികളോ-
    ടൊക്കും കുടീരങ്ങളാ-
ലച്ചേർത്തോഹരമാം പ്രദർശനതയെ-
    കൈക്കൊണ്ടു കൈലാസമായ്.

ഉദ്യോഗസ്ഥമഹാപ്രഭുക്കളുമുദാ-
    രാദർശസമ്പന്നരാ-
യുദ്യോഗിക്കുമനേകപൗരതിലക-
    ന്മാരും പ്രയത്നിക്കയാൽ,

ഹൃദ്യോൽക്കൃഷ്ടനവീന "ചിത്രപുരി" ഹാ!
പൂമങ്ക പൂമേടയിൽ
പ്രദ്യോതിപ്പതുപോ,ലനന്തപുരിയിൽ
കാണായി കാലോചിതം.

പ്രാകാരാളയെഴും പ്രവേശനമുഖ-
ദ്വാരത്തിലത്യുത്തമ-
ക്ഷ്മാകാന്താഭ്യുദയോക്തിസിന്ധുജധര-
ശ്രീവഞ്ചിമുദ്രാദിയാൽ
ശ്രീകാളുന്ന വളച്ചുവാത,ലൊളി തൂ-
വീടുന്ന തൂവാനില-
പ്പാകാരാതിധനസ്സുപോലെ, പരിശോ-
ഭിപ്പൂ പതാകാനചിതം.

ഈ വാതുക്കലെടുത്തൊരേ വരിയിലായ്
പന്നൽത്തളിർത്തൈമുള-
ക്കൈവാരിപ്പണിമോടി കാട്ടിന കളിർ-
പ്പൂപ്പന്തൽ നൽപ്പന്തിയിൽ,
സേവാതല്പരരാം പ്രദർശനസഭാം-
ഗങ്ങൾക്കു സൌകര്യമാ-
യാവാസത്തിനൊതുങ്ങിനില്പിതു വട-
ക്കായീ വഴിത്താരയിൽ.

ആരാലീരമണീയഗോപുരകവാ-
ടത്തെക്കടന്നാ,ലിട-
ത്താരാമം, ലസദർദ്ധചന്ദ്രലളിതാ-
കാരത്തിലന്യാദൃശം,

ദൂരാനീതലതാമഹീരുഹഗണാ-
ലങ്കാരപൂർവ്വം കലാ-
കാരാവ്യാഹതഭാവനാവിരചിതം
കണ്ടാശു കൊണ്ടാടിടാം.

ഉദ്യാനത്തിനെതിർസ്ഥലത്തുയരുമ-
പ്പൂപ്പന്തൽ മായാമഹാ-
വിദ്യാനർത്തനഗാനമണ്ഡപമണി-
ശ്രീമണ്ഡനശ്രേണിയാൽ,
ഹൃദ്യാകർഷകമായ് വിളങ്ങി ഹൃദയാ-
നന്ദം പ്രവർഷിച്ചുകൊ-
ണ്ടദ്യാപി പ്രഥിതപ്രദർശനജയ-
പ്രശ്നം പ്രസംഗിക്കയാം.

ഉത്തുംഗാഭകലർന്നു മേൽപ്പുരയുയ-
ർന്നാകാശവീഥിക്കു മേ-
ലെത്തുന്നരങ്ങകമോ? വിശാലതരമാ-
യോരോ വിതാനങ്ങളാൽ,
മെത്തും ഭംഗിയിണങ്ങി വെൺമണൽ വിരി-
പ്പേന്തും വിധാനങ്ങളോ-
ടൊത്തുല്ലാസകലാപ്രവീണത തുളു-
മ്പുന്നു തുലോമക്ഷിയിൽ.

ഉദ്യൽപദ്ധതിയുണ്ടിവ*ക്കിടയിലായ്,
ചമ്പുക്കൾ പദ്യത്തിനും
ഗദ്യത്തിന്നുമിടയ്ക്കുപോ,ലതിചമൽ-
ക്കാരം ചമഞ്ഞത്രമേൽ,

* ഉദ്യാനത്തിനും പന്തലിനും ഇടയിൽക്കൂടി.

സദൃക്ഷോദഗണസാർവ്വഭൌമസദനം-
പോലേ സമാരാദ്ധ്യമാം-
സദ്യസ്സംസ്കൃതതത്ത്വപ്രദർശനനികേ-
തത്തിൽ പ്രവേശിക്കുവാൻ.

വീണ്ടും സ്വാഗതമാംഗ്ലഭാഷയിൽ വിരാ-
ജിപ്പൂ വിലാസാന്വിതം
നീണ്ടുള്ളീവഴിമേൽ വിലങ്ങി നിലകൊ-
ണ്ടീടും കൊടിക്കൂറയിൽ,
തീണ്ടാം സംശയമററിതിന്റെ തണലിൽ-
ക്കൂടിക്കടന്നത്ഭുതം
പൂണ്ടുൽക്കർഷമിയന്ന ചിത്രപുരിയിൽ
ച്ചിത്തം കുളുർപ്പിക്കുവിൻ.

ആരാമത്തിനകത്തു ഭംഗുരലസ-
ദ്വൃത്താകൃതിശ്രീയണി-
ഞ്ഞാ രാജന്യഭടക്ഷ സൈനികകഥാ-
വാദ്യങ്ങൾ വായിക്കുവാൻ
വാരാന്നമ്പിളിപോലെ വാനിലൊളി വീ-
ശീടുന്ന പൊൻതാമര-
ത്താരപ്പൊയ്കയിലെന്നപോലൊരു കളി-
ത്തട്ടിക്കലാശാലയിൽ.

നാനാഭേരിമൃദംഗനാദസഹിതം
നാഗാംഗനാഗസ്വര-
ധ്വാനാരോഹണസാവരോഹമധുരാ-
ലാപം മദോൽക്കർഷദം

സേനാഗായകവൃന്ദമത്ര തുടരു-
ന്നേരം തുളമ്പും മനഃ
പീനാവാര്യവികാരമാൻ വിഷമി-
ക്കുന്നു വിനോദാത്ഥികൾ.

സേനാനായകബാലവേത്രമിളകി-
ത്താണാശു താളത്തിനൊ-
ത്തുനാപേതമുയർന്നിട്ടുന്നൊരു മുറ-
യ്ക്കീ മുഗ്ദ്ധവാദ്യാരവം,
ഗാനാലാപപുരസ്സരം മധുരപീ-
യൂഷപ്രവാഹം തല-
സ്ഥാനാനന്തപുരിക്കകത്തിഹ നിറ-
യ്ക്കുന്നു നിശാസ്യാഭയിൽ.

വൃദ്ധക്കീശചരടക്കതി, വീരവനിതാ-
ജാതക്കു ജാതീയമാം
യുദ്ധപ്രീതി, യുവാക്കളിൽ സ്മരകലാ-
ബോധോദയസ്പന്ദനം,
സിദ്ധക്കുന്നതതത്ത്വചിന്തനവുമീ-
യാംശ്ലേയമേളം സദാ
സിദ്ധപ്രേരകശക്തികൊണ്ടിഹ വളർ-
ത്തുന്നു വളം ഭൂവിമേൽ.

മേലായ്മേളവിനോദമേദുരകുടീ-
രത്തിന്നു കൃലങ്കഷ-
ശ്രീലാവണ്യമെഴും ത്രിശാലകൾ വിശാ-
ലാന്തഃപ്രണാളങ്ങളിൽ,

ലീലാസ്നാനവിധാനയന്ത്രഘടനാ-
സംഭാരസംഭാവിത-
ജ്വാലാലംകൃതമായി നില്പതു സമീ-
ക്ഷിക്കുന്നു സന്ദർശകർ.

വെള്ളിക്കമ്പികളെന്നപോലെ വെളിവായ്
വേശ്മത്തിൽ വെൺതോണികൾ-
ക്കുള്ളിൽ പ്രസ്രവണക്കുഴൽച്ചുഴികളിൽ-
ക്കൂടിപ്പയോധാരകൾ
തുള്ളിച്ചാടി വളഞ്ഞു വാനിലുയരെ-
ക്കേറിത്തകർന്നുല്ലസൽ-
ത്തുള്ളിത്തൂമഴ പെയ്തിടുന്നിതു തുലാ-
മാസാവസാനോചിതം.

ധാരാവാഹികളാം പ്രണാളികൾവഴി-
ക്കത്യന്തസൂക്ഷ്മായത-
ദ്വാരാവിഷ്കൃതകോഷ്ണകോമളപയോ-
ബിന്ദുപ്രയോഗങ്ങളാൽ
ധാരാളം ജലപാതഭാവുകസുഖ-
സ്നാനാർത്ഥമുണ്ടായതാ-
മാ രാജോചിതസംവിധാനമവിടെ-
ക്കാണാമമൂല്യം തുലോം.

ദേശാലംബകലാഭിവൃദ്ധിനിരത-
ന്മാക്കുള്ള നിർവ്യാജമാ-
മാശാദർശവിശേഷമത്ര സഫലീ-
ഭാവം സമീപിക്കയാൽ,

ആശാസ്യാസനദപ്പണോപകരണ-
    സ്തോമാലയം നാട്ടില്യ-
ള്ളാശാരിപ്പണിതൻെറ മേന്മ വെളിവാ-
    ക്കുന്നു വെളിപ്പന്തലിൽ

അന്തേവാസികളൊക്കെയും പ്രതിഫലി-
    ക്കുംമാറു നിമ്മായമായ്-
ച്ചിന്തേറിട്ടു മിനുക്കി നല്ല മിനുസപ്പൂ-
    ച്ചെണ്ണു പൂശിക്രമാൽ,
ചിന്തേ, താവകഭാവനാസുലഭമാ-
    മൌജ്വല്യമേന്തും പുതു-
ച്ചെന്തേക്കിൽപ്പലകട്ടിൽമേശകൾ കിട-
    ക്കുന്നു * "കടൽക്കാഴ്ചയിൽ".

തണ്ടാരിൻെറ മനോഹരാകൃതിയെഴും
    കാഴ്ചപ്രധാനസ്ഥല'-
ത്തുണ്ടാരാലിഹ ദക്ഷിണാഭിമുഖമായ്
    ശൃംഗാരശൃംഗങ്ങളിൽ,
കൊണ്ടാട്ടം പല വണ്ണമേറിയ കൊടി-
    ക്കൂട്ടങ്ങൾ പാറിപ്പതാം
രണ്ടാമുത്തരചക്രവാളമഴവി-
    ല്ലൊപ്പം മഹാതോരണം.

തുമ്പിക്കയ്യൊരുപോല്യയത്തിവല്യതാം
    ചന്ദ്രക്കലയ്യൊപ്പമാം
കൊമ്പിന്മേൽ മലർമാലചാത്തിയ മഹാ-
    മാതംഗയുഗ്മത്തിനാൽ,

---

* Sea View

അമ്പിൽ സേവിതമായ കംബുകലികാ-
ചിത്രം വളപ്പിന്റെ നേർ-
മുമ്പിൽക്കാൺക, സമുദ്രവഞ്ചിവസുധാ-
സംബന്ധമുദ്രായിതം.

മാണിക്യദ്യുതിയാന്ന തോരണമതിൽ-
ക്കെട്ടിന്റെ മായാമണി-
ത്തൂണിന്മേൽ മൃഗപക്ഷിനാഗലതികാ-
പുഷ്പപ്രതിച്ഛായകൾ
കാണിക്കിമ്പമുയത്തിട്ടംപടി കലാ-
കാരന്റെ കൈവേലയിൽ
ത്രാണിപ്രാഭവമെത്രയെന്നു തെളിയി-
ക്കുന്നു തെളിച്ചത്തിനാൽ.

വല്ലീബാലതരുക്കൾ നട്ടുചിതമാം
ശുശ്രൂഷണത്താൽ വള-
ന്നുല്ലീഢാഭയൊടൊത്തു ഗോപുരപുരോ-
ഭാഗത്തു പൂച്ചട്ടികൾ,
നല്ലീ നാഗരികപ്രദർശനകലാ-
രാഗത്തിനേറെക്കുറെ-
സ്സല്ലീലോപവനപ്രതീതിയുളവാ-
ക്കീടുന്നു നോക്കീടുകിൽ.

പോകാം വാതിൽകടന്നു, കാഴ്ച കവിതെ,
കണ്ടീടുവാനായ്; പ്രഫു-
ല്ലേകാംഭോജദളങ്ങൾപോലെ വിലസും
ശാലാവിഭാഗങ്ങളിൽ,

ആകാശത്തു പലേനിറത്തിലമരു-
ന്നഭ്രങ്ങൾപോലേ ശുഭ-
ശ്ലോകാംഗങ്ങളിലെന്നപോലെ. പരിശോ-
ധിക്കാം പദാർത്ഥങ്ങളെ.

സൎവ്വാരംഭദേളത്തെയെത്ര, സമുദാ-
യോൽക്കർഷമാൎഗ്ഗത്തിലൂ-
ടവ്യാജം ത്വരിതാഭിരാമതരണം
ചെയ്യുന്ന തന്വംഗിമാർ
ദിവ്യാനേകകലാപരോപകരണാ-
ലങ്കാരപൂൎവ്വം, ഗുണ-
ദ്രവ്യാകർഷകരംഗമാക്കിയനിശം
കാട്ടുന്നു കോട്ടംവിനാ.

നേത്രാകർഷകമായ നേരിയ മലർ-
പ്പട്ടിൽപ്പലേ മാതിരി-
സ്തോത്രാഹാര്യവിഹംഗകമ്രലതികാ-
മഞ്ജുപ്രസൂനങ്ങളാൽ,
സൂത്രാലേഖനകർമ്മചാതുരി തുലോം
കാണിച്ചു തുന്നൽക്കലാ-
ക്ഷേത്രാരാദ്ധ്യമഹത്വമിക്കതിരണി-
പ്പൂപ്പന്തൽ കൈക്കൊൾകയാം.

മയ്യൽക്കണ്ണികളാൽ മനോജ്ഞതരമാം
മഞ്ഞപ്പടത്തിൽപ്പുതു-
ത്തയ്യൽക്കണ്ണികൾചേർത്തു മുദ്ധശബള-
ശ്രീമത്തുരത്നങ്ങളിൽ,

ചെയ്യപ്പെട്ട വിചിത്രചിത്രശലഭാ-
ലങ്കാരമേന്തും മണി-
ത്തയ്യൽസാരികളങ്ങുമിങ്ങുമിവിടെ-
ത്തൂങ്ങുന്നു തുംഗാഭമായ്.

കോലാട്ടത്തിന്നു തക്കകോലുകൾ പലേ
വർണ്ണത്തിൽ വർണ്ണങ്ങളിൽ
ചേലാളും ചെറുകന്ദുകങ്ങൾ, ചെളിയിൽ
ചെയ്തുള്ള ചെഞ്ചെപ്പുകൾ,
ലീലാഹാര്യമൃഗദചിജങ്ങ —ളഥവാ
സ്ത്രീവാസനാവൈഭവ-
ജ്ജപാലാവിഷ്കൃതസാധനങ്ങൾ —പലതും
പാർക്കാമിതേ പന്തലിൽ.

തത്സാമഗ്രികളെ പ്രദർശനകലാ-
സത്മത്തിലാത്മോത്ഥമാ-
മുത്സാഹത്തൊടു കാത്തു രാപ്പകലിരു-
ന്നീടുന്ന രണ്ടമ്മമാർ,
ഹൃത്സാരസ്യസുമന്ദഹാസവിനയോ-
പേതം കലാപോഷണ-
പ്രോത്സാഹത്തിന്നു കാണികൾക്കുമുളവാ-
ക്കീടുന്നിതുത്തേജനം.

ആപാദാഗ്രമനന്യശോഭതിരളു-
ന്നിപ്പന്തലിൽ * 'കൌതുക-
വ്യാപാരങ്ങളി'ലേപ്പെട്ടാനധികമാ-
മാസക്തിയോടാദരാൽ,

---

* Fancy sale.

ശ്രീപാറുന്ന വിശാലനേത്രകൾ വിലോ-
ലാപാംഗഭൃംഗാർച്ചനാ-
വ്യാപാരച്ഛവി വീശിടുന്നിതു വരി-
ക്കാനുള്ള വസ്തുക്കളിൽ.

ബാലാബാലകരോടുകൂടിയബലാ-
വൃന്ദം ബലാദദൃശ്യമാ-
മീലാവണ്യമെഴും പ്രദർശനകലാ-
ശാലയ്ക്കകത്തെത്തിയാൽ,
വേലാതീതകുതൂഹലപ്രകടനം
പ്രത്യക്ഷമാകുന്നു, സ-
ല്ലീലാമോഹനമായ പാവകൾ തുട-
ങ്ങീടും പദാൎത്ഥങ്ങളിൽ.

മാതാവത്രമകന്നു കന്ദുകമെടു-
ക്കുന്നു; മകൾക്കത്ഭുത-
ശ്രീതാവുന്നൊരുസാലഭഞ്ജിക കൊടു-
ത്തീടുന്നു കൊഞ്ചിക്കുവാൻ,
ശ്വേതാമൂല്യമണിപ്രവാളരചിത-
ത്തുമാലകൾക്കുല്ക്കട-
സ്ഫീതാശാവശരായടുത്തു വിലപേ-
ക്ഷുന്നു വിശാലാക്ഷികൾ.

കേയൂരാംഗദകങ്കണങ്ങളധികം
സൌരഭ്യകേദാരമാം
മായൂരാഞ്ചിതപിഞ്ഛകൾക്കെതിർമുടി-
ക്കെട്ടിൽക്കടിപ്പിക്കുവാൻ,

പീയൂഷാംശുകലാവിലാസമിയലും
രത്നങ്ങൾ, രമ്യായത-
ശ്രീയുതും ശബളാശ്മശൃംഖലകളും
കാണാമിതേ കക്ഷ്യയിൽ.

അല്ലിത്തൊങ്ങലെഴും കൊലുസ്സുകളര-
ഞ്ഞാണങ്ങൾ വള്ളക്കൾ
കല്ലിൽക്കെട്ടിയ മോതിരങ്ങൾ, കനക-
ശ്രീകങ്കണശ്രേണികൾ,
വല്ലിത്തങ്കവരാംഗുവണ്ണവിലസ-
ന്മാല്യങ്ങൾ, കല്യാണവാർ-
മല്ലിപ്പൂമണികുണ്ഡലങ്ങൾ;—വിലസു-
ന്നന്യത്ര വീക്ഷിക്കുവിൻ.

തൂക്കായുള്ളൊരു തുംഗശൈലനിരയെ-
ക്കത്തിച്ചുളച്ചെത്തുമ-
പ്പൂക്കാർമേഘനിറം പുലന്ന സലിലം
കാളുന്ന കാളിന്ദിയിൽ,
ഊക്കായ്പായുമൊഴുക്കലച്ചുചെടിതൻ-
ചാർത്തുമണം ചേർത്തുമേൽ-
തേയ്ക്കാനായഴകുള്ള സോപ്പുകളതാ
വില്ക്കുന്നു വിജ്ഞാപകർ.

തുംഗാകമ്രതുഷാരശൈലഗുഹയിൽ
ഗ്രദ്ധാനരാഗസ്ഫുരൽ-
സംഗാസക്തിയെഴും മൃഗങ്ങൾ, മൃഗയാ-
സംരംഭസംഭ്രാന്തിയിൽ,

അംഗാരായുധശക്തിയേ,ററുയിരണ്ണ-
ഞ്ഞതപ്പാടുപേക്ഷിച്ചതാം
ശൃംഗാരാസ്പദനാളിതൻ പരിമളം
പാറുന്നിതിപ്പന്തലിൻ.

ദിവ്യാരാമതലപ്രഫുല്ലസുമന-
സ്സമ്മർദ്ദിതോത്തേജക-
ദ്വ്യാമോദരസാവഹസ്ഫടിക സൽ-
പാ[illegible]ങ്ങൾ നേത്രങ്ങളിൽ,
അവ്യാജാത്മകതുഹലാളനിഴലി-
ച്ചമ്പോടുനോക്കി ത്രപാ-
ച്ഛവ്യാകല്പകളായവല്ലൂ വിലവെ-
ല്ലൂന്നു വിനമ്രാസ്യകൾ.

വ്യാലോലാസവവാസനാധനഗള-
ങ്കമ്മില്ലതൈലം മിള-
ല്ലീലോപാസനകേശമാർജ്ജനികളോ-
ടൊപ്പം കുളിക്കപ്പിയിൽ,
ചേലോടൊത്തു വിചല്ലൂവാങ്ങി മടിയിൽ-
ച്ചേർക്കുന്നു, ചെമ്പൊൽക്കണം-
കാലോളം കരിവാക്കുഴൽത്തഴകവി-
ഞ്ഞെത്തുന്ന കല്യാണിമാർ.

സൌരഭ്യാതിശയത്തൊടും സഹജമാം
സൌന്ദര്യസമ്പത്തണി-
ഞ്ഞാരംഭാഭകളായ പത്മിനികളാം
പത്മാഭിരാമാസ്യകൾ,

പാരം ഹന്ത! സുഗന്ധകൃത്രിമപരാ-
ഗത്തിൽ ഭ്രമിക്കുന്നു; സം-
സാരഗ്രസ്തരിലാക്കുതന്നെയഥവാ
സംതൃപ്തിസംഭൂതിയിൽ.

മായാവൈദ്യുതശാസ്ത്രചിന്തകമഹാ-
നിഷ്ണാതമാകും മനോ-
വ്യായാമാത്ഭുതശക്തിപെററ പരിണാ-
മത്തിൻെറ രൂപങ്ങളിൽ,
ജ്ഞേയാനേകമനോജ്ഞയന്ത്രഘടനാ-
വൈചിത്ര്യമന്യത്ര, ന-
ല്ലീയാനന്ദമയപ്രദൎശനകലാ-
രംഗത്തു കാണപ്പെടാം.

ഇഷ്ടാശ്ലേഷരസാനുകൂലമവിടെ-
ശ്ശീതോപചാരക്രിയാ-
ദൃഷ്ടാന്തം പ്രകടീകരിച്ചിളകിയാ-
ടീടുന്നിളംകാററുകൾ,
പുഷ്ടാമോദമൊടൊത്തുകൂടി വിഹരി-
ച്ചീടുന്നു വിദ്യുൽഗുണാ-
കൃഷ്ടാന്യാദൃശതാലവൃന്തനികര-
ത്താളുകറെക്കങ്ങളാൽ.

ശുദ്ധാച്ഛസ്ഫടികത്തിലാരചിതമാം
ഗോളങ്ങൾ ഗോലക്ഷ്യസം-
ബദ്ധായോബലസൂക്ഷ്മതന്ത്രികൾവഴി-
ക്കെത്തും തടിച്ഛക്തിയാൽ,

അശ്ഛാവല്യഗുണത്തിലമ്പിളികളെ-
 പ്പോലും ജയിക്കുന്നതാം
ശുദ്ധാന്തോചിതദിവ്യദീപനിരയായ്
 മാറുന്ന മാത്രയ്ക്കകം.

ഈയാശ്ചര്യകരപ്രദർശനകുടീ-
 രത്തെക്കുറെക്കൂടി നി-
ന്നായാസപ്പെട്ടുമാറു നോക്കിയനവ-
 ദ്യാനേകയന്ത്രങ്ങളിൽ,
മായാവൈദ്യുതശക്തി തന്റെ മഹിത-
 വ്യാപാരസൂക്ഷ്മക്രമോ-
പായാഗാധരഹസ്യസാരമഖിലം
 സമ്യക്ക് പഠിച്ചീടുവിൻ.

ക്രൂടാരങ്ങളിതോട്ടുഃചത്തു കുറവും
 മററുള്ള കുററങ്ങളും
കൂടാതേ കുതുകാവലോകനസമ-
 ഭേദാദ്യൽപദാർത്ഥങ്ങളാൽ,
വാടാമല്ലിമലർക്കൊടിക്കുടിലുകൾ-
 ക്കൊപ്പം വസന്തോത്സവാ-
ഭോടാഡംബരപൂർവ്വകം പരിലസി-
 ക്കുന്നൂ പരാഹ്നങ്ങളിൽ.

സ്ഫാരോത്സാഹപുരസ്സരം ഭ്രമരിപോ-
 ലുദ്യാനഭൂവിൽ കലാ-
ഗാരോത്സംഗതലത്തിലെക്കുതുകമേ-
 റീടും കുടീരങ്ങളിൽ,

ഓരോന്നെങ്കിലുമെത്തിനോക്കുവതിനും-
    കൂടി പ്രയാസം നമു-
ക്കാരോമൽക്കവിതേ, പ്രസൃഷ്ടബഹുലോ-
    ദ്യോഗപ്രഘാതങ്ങളാൽ.

എന്നാലും പ്രിയദർശനീയത തുലോം
    കൂട്ടും കുടീരങ്ങളിൽ-
ച്ചെന്നാരാലിഹ നോക്കി നീ ചിലതിനെ-
    ച്ചിത്രീകരിച്ചീടുവാൻ,
ഇന്നാവുന്നതുപോലെ തൂലിക ചരി-
    പ്പിക്കൂ ചരിത്രത്തിലാ-
യിന്നാട്ടിൻെറ യശസ്സു കാവ്യലിപിയിൽ
    കാണട്ടെ കാലാന്തരം.

നാനാജാതിയിലുള്ള നാഴികമണി-
    സ്തോമം സമന്താൽ സമീ-
ചീനാപാതമനോഹരാവരണവൈ-
    ശിഷ്ട്യം വഹിച്ചങ്ങനേ,
വാനാളും രവിപോലെ സൂക്ഷ്മസമയം
    കാണിച്ചിടുന്നു നിര-
ന്തനാപേതമടുത്ത കാഴ്ചമുറിയിൽ
    സ്വൈരം കടന്നീടുകിൽ.

തപ്പാതേ വ്യവസായതല്പരമനോ-
    ഭാവം പ്രകാശിക്കുമാ-
ജപ്പാൻകാരുടെ "ഗ്രാമനാളികൾ" ജഗ
    ദ്വൈശ്യാജജ്വലൽസൃഷ്ടികൾ

ഇപ്പാരിങ്കല്പശേഷവും പ്രചുരമാ-
യീടും പ്രചാരം ലഭി-
ച്ചപ്പാശ്ചാത്യകരോഗ്രമത്സരനയം
പാടേ നിയന്ത്രിക്കയാം.

ഓരോരോ വ്യവസായപോഷണകലാ-
മാർഗ്ഗങ്ങളുദ്വൃത്തപരി-
ഷ്കാരോച്ചർഷംഘടവേഗമോടുമധുനാ
വെട്ടിത്തുറന്നീടുവാൻ,
ആരോഗ്യാവഹ"പീതവംശജ"രിവ-
ർക്കുണ്ടായ സാമർത്ഥ്യമാ-
ണാരോമാഞ്ചദമാം ചമൽകൃതിരസാ-
ദ്ധ്യായം ചരിത്രങ്ങളിൽ.

ആരാലബ്ധമൊരമ്പതോളവുമനു-
സ്യൂതം "പ്രഭാതാക്കനാ"-
മീ രാജ്യം വ്യവസായമണ്ഡലനഭോ-
മദ്ധ്യത്തിലെത്തീടുവാൻ,
നേരായ്ചെയ്ത പരിശ്രമം സഫലമായ്-
വന്നൂ; തദീയാത്ഭുത-
ശ്രീരാജൽക്കരകൌശലദ്യുതികട-
ക്കാതുള്ള ദിക്കേതുവാൻ?

ലീലാമോഹനസാധനങ്ങളതുലാ-
ശംസാർഹമായിത്തുടി-
ച്ചീലാമോഘനിലീനമംഗിതിരളും
നീലാംബരശ്രേണികൾ,

ലോലാച്ഛസ്ഫടികപ്രസന്നചഷക-
സ്തോമങ്ങൾ, ചണ്ഡാതപ-
ജ്വാലാവാരണയോഗ്യമാംകുടകളും
ജപ്പാന്റെ "ജാലങ്ങളാം."

മോട്ടാർക്കാറുകൾ, മോഹനദ്യുതിയെഴും
പോതങ്ങൾ, മോദപ്രദ-
പ്പാ,ട്ടാസ്വാദ്യതരം നിസർഗ്ഗമധുരം
പാട്ടും സ്വനഗ്രാഹികൾ,
കൂട്ടാക്കാത്ത വിമാനപംക്തികൾ, ഇവ
യെല്ലാം ക്രമാതീതമി-
ന്നാട്ടാക്കെത്തിയതാകുമുൽഗതി കവി-
ക്കമ്പോ! കഥിക്കാവതോ!

ആയീ സദ്വ്യവസായപദ്ധതികളെ-
പ്പാടേ പകർത്തീടുവാ-
നായീഷൽത്തടവെന്നിയേ,തിരുവിതാം-
കൂർ തീർച്ചയാക്കീടുകിൽ,
പോയീടും ബഹുദൂരമാശു തൊഴിലി-
ല്ലാപ്രശ്നമെങ്ങോ! കലാ-
സ്ഥായീദേവത കാൽച്ചിലമ്പൊലി മുഴ-
ക്കീടും മുറയ്ക്കുഴിയിൽ.

ദിവ്യാദർശമെഴും ദിവാന്റെ ഭരണോ-
പായത്തിൽ ദീനാവന-
പ്രവ്യാക്രോശമതപ്രസക്തിയളവ-
റ്റീ ദൃശ്യരംഗങ്ങളിൽ,

വ്യോമം തെളിവായിട്ടുന്നു; തിരുനാൾ-
വാരത്തിൽ വാരാളിട്ടു-
ന്നവ്യാജവ്യവസായനവ്യയുഗവും
സമ്പ്രാപ്തമായ് സാമ്പ്രതം.

ധീമാനാം "സചിവോത്തമന്റെ" ധിഷണാ-
സങ്കല്പസന്താനമാ-
മീ മാമാങ്കകലാപ്രദർശനമതി-
പ്രഖ്യാതമാക്കീടുവാൻ,
ശ്രീമാന്മാരധികാരമുള്ള തുറമേ-
ലദ്ധ്യക്ഷരെല്ലാം മനഃ
സ്സീമാതീതകുതൂഹലം സഹകരി-
ക്കുന്നു സഹായാനചിതം.

വിദ്യാഭ്യാസവകുപ്പുതന്റെ വകയാം
നൽക്കാഴ്ചവസ്തുക്കളാ-
ലുദ്യാനം പുതുമഞ്ഞുളപ്പൂലരണി-
പ്പൊൽപ്പൂക്കളാലെന്നപോൽ,
ഹൃദ്യാനന്ദകലാനികേതനതലം
പ്രത്യേകമായ് വേർതിരി-
ച്ചുദ്യാന്യത്ര നമുക്കു നേത്രസുഖദം
കാണാം നെടുമ്പന്തലിൽ.

സ്ത്രീശാഖാവഴിവന്ന ചിത്രതരമാം
ചിത്രങ്ങൾ ചിന്താർഹമാം-
ദേശാഹാരഭൂക്കുലഭൂഷണകലാ-
സംസ്കാരസമ്പത്തുകൾ,

ആശാസ്യാത്ഭുതഭാവനാരചിതമാം
പാത്രങ്ങൾ, പത്രങ്ങളിൽ
കോശാലംകൃതമഞ്ജുമഞ്ജരികളും
കൊള്ളുന്ന കോഷ്ഠങ്ങളിൽ.

ഭൂഗോളപ്രകൃതിപ്രകാശനപടം,
ഭൂമീരുഹാധിത്യകാ-
ഭാഗോദാരശിലാതലപ്രഥിതകാ-
ന്താരപ്രതിച്ഛായകൾ,
ആ ഗോപാലകിരാതജീവിതദശാ-
ചിത്രങ്ങ,ളാലേഖിത-
ശ്രീഗോധൂമകൃഷിസ്ഥലങ്ങളുമട്ട-
ത്തന്യത്രദർശിച്ചിടാം.

ആരും വിസ്മയമാളുമുന്നതശിരഃ-
കൈലാസചിത്രാം, കലാ-
താരുണ്യം നടമാടിടും മുഗവിലോ-
ലാലോകനച്ഛായകൾ,
വാരുറും ധവളാംബുനിർജ്ഝരയശോ-
ഗംഗാപ്രതിച്ഛായ;—ഇ-
ച്ചാരുപ്രേക്ഷകൾ—'ചന്ദ്രശേഖര'മഹാ-
ചൈതന്യമോതുന്നുവോ?

നിർമ്മായം നിരവദ്യയന്ത്രഘടനാ
സൂക്ഷ്മക്രിയാത്ഥങ്ങളെ-
ക്കർമ്മാവിഷ്കരണത്തിനാൽ വിരുതെഴും
കാളേജുവിദ്യാത്ഥികൾ,

നമ്മാലാപമൊടൊത്തു നമ്മെയറിയി-
ക്കുന്നു; നവേന്ദുപ്രാനഭ-
ശ്ശുമ്മാദ്യാരുണരശ്മി കാണ്മതിനിമേൽ
ശാസ്ത്രീയവിദ്യാപ്തിയിൽ.

ഓരോ മററു വകുപ്പിലെ വിദിതരാ-
മദ്ധ്യക്ഷരിദ്ധന്യമാം
ധീരോദാത്തനൃപേന്ദ്രജന്മദിവസാ-
നന്ദോത്സവക്കാഴ്ചയിൽ,
നേരോടീദൃശസാധനങ്ങളെയടു-
ക്കിച്ചേർത്തു കാണിച്ചുകൊ-
ണ്ടോരോ ചന്തമിയന്ന പന്തലുകളിൽ
പാക്കുന്നു പകപാശയർ.

കവടിയാർകൊട്ടാരം

ഇക്കണ്ണാളയെഴും പ്രദർശനമഹാ-
രംഗത്തിലിന്ദീവര-
ത്തൃക്കണ്ണിന്നുന ചായ്ച്ചനുഗ്രഹമനി-
ർവ്വാച്യം പൊഴിച്ചീടുവാൻ,
തക്കപ്രൌഢിയൊടൊത്തെഴുന്നരുളിടും-
രാജേന്ദ്രനെക്കാണുവാ-
നക്കണ്ണാകുലപൌരര"ക്കവ്ടിയാ"-
റദ്ധ്വാവിലെത്തീടിനാർ.

കല്യാണപ്രദമായിടും "കവടിയാർ-
കുന്നിൽ" കലാകല്പനാ-
കല്യാഡംബരപൂർവ്വകം കവിമനോ
രാജ്യംകവിഞ്ഞത്രമേൽ,

കല്യാണാദ്രിയിലിന്ദ്രസൌധമകുടം
പോലേ മഹാവഞ്ചിട്ട–
കല്യാണാസ്പദരാജരത്നനിലയം
കാണാം നമുക്കാദരാൽ.

നാനാവൎണ്ണസുപൎണ്ണമഞ്ജുലതികാ–
ബാലദ്രുമാലംബന–
സ്ഥാനാധിഷ്ഠിതമായ്, സ്വയംപ്രകൃതിയാ–
ലുദ്ദേശപാൎശ്വങ്ങളിൽ,
ദാനാസക്തരസാലകേരപനസാ–
രാമപ്രഭാപൂൎവ്വ,മ–
ന്യൂനാലംകൃതിയോടുകൂടി വിലസീ–
ടുന്നു വിചിത്രാലയം.

ആ രമ്യാകൃതിയാൎന്ന പൂമതിലക–
ത്തന്യാദൃശാന്ദോളന–
സ്വാരസ്യം കലരും ലതാമണികളാ–
ലാശ്ലേഷമാൎന്നാദരാൽ,
ആരക്താക്ഷതപല്ലവങ്ങളണിയും
തേന്മാവുകൾക്കും കുളിർ–
ത്താരഞ്ചും ചെടികൾക്കുമുള്ളിൽനിലകൊ–
ള്ളുന്നു നൃപേന്ദ്രാലയം.

ചാതുൎവ്വൎണ്യമിയന്ന ചാരുതരമാം
"കാന"ച്ചെടിക്കൂട്ടമീ–
വാതുക്കൽത്തെളിവാൎന്നുടുത്തുപുറമേ
നില്ക്കുന്നു നീർദ്ധാരയാൽ;

ഏതും വണ്ണവിചിത്രഭംഗികറവാ-
ണെന്നാകിലും വാസനാ-
ചാതുര്യം കലരുന്ന പൂച്ചെടികളും
വാർകുന്നിൽ വാഴുന്നിതാ.

ചിത്താകർഷകരാജമന്ദിരമുഖ-
ദ്വാരത്തിലർദ്ധസ്ഫുടാ-
വൃത്താകാരവിശാലചത്വരശിലാ-
വപ്രാഗ്രഭാഗങ്ങളിൽ
ഉത്താലായസതന്തുവൈദ്യുതലസ-
ദ്ദീപങ്ങൾ ദിവ്യപ്രഭാ-
ന്യുത്താകല്പപുരസ്സരം ക്ഷപകളെ-
പ്പാടേ ക്ഷയിപ്പിക്കയാം.

വിദ്വാന്മാർക്കമതീവദുസ്സഹദരി-
ദ്രാവസ്ഥയാലാർത്തിപൂ-
ണ്ടദ്വാഹത്തിനു കന്യകാമണികളെ
നല്കാൻ നമിച്ചാദരാൽ,
ഉദ്വാഞ്ഛാവശരായ് വധൂധനമപേ-
ക്ഷിക്കും ദ്വിജക്കും മുറ-
യ്ക്കിദ്വാരം നിശിതാജ്ഞയാലിഹ തുറ-
ന്നല്ലോ കിടപ്പൂ തുലോം.

ഖദ്യോതോപമനായ ചൈത്രധരണീ-
കാന്തന്റെ തേജോമയ-
പ്രദ്യോതപ്രചുരപ്രതാപവലയ-
ത്തിങ്കൽ പ്രവേശിക്കുവാൻ,

ഉദ്യോഗസ്ഥമഹാപ്രഭുക്കളിവിടം
　　പ്രാപിക്കവേ, വിഭ്രമാൽ-
ഖദ്യോതങ്ങൾകണക്കു മങ്ങി മരുവീ-
　　ട്ടുന്നു മഹോല്ക്കണ്ഠയാൽ.

ഉന്തും തള്ളുമൊതുങ്ങിയുല്ലൂലികയോ-
　　ടുള്ളിൽക്കവിഞ്ഞാദരാൽ,
പൊന്തും ഭക്തികലൎന്ന പൌരർതൊഴുതീ-
　　റോഡിന്റെ പാർശ്വങ്ങളിൽ,
സന്തുഷ്ടാശയരായി നില്ക്കുമളവിൽ,
　　"ശ്രീപാൎവ്വതീനന്ദനൻ"
ചിന്തും ചിത്രപുരപ്രദർശനകലാ-
　　ശാലയ്ക്കെഴുന്നെള്ളിനാൻ.

പ്രത്യക്ഷേശ്വരനായ്, പ്രജാവലികളാ-
　　ലാരാദ്ധ്യനായി,ക്ഷമാ-
നിത്യക്ഷേമവിധാനദാനരതനാം
　　ശ്രീചിത്രനക്ഷത്രജൻ,
അത്യന്തം സു'കുമാര'കാന്തി വിതറീ-
　　"ട്ടാറുള്ള"വക്ത്രാംബുജ-
പ്രത്യഗ്രാഭയൊടും സവിത്രിയുടെ പേ-
　　രനശ്വരമാക്കീടിനാൻ.

നീണ്ടുള്ളക്ഷികളായ് യുവാംഗനകളും,
　　നിർവ്യാജഭക്തിത്തിള-
പ്പാണ്ടുള്ളാർപ്പുകളാൽയുവാക്കളു,മതി-
　　വാശ്ചര്യകോലാഹലാൽ

ചൂണ്ടും കൈകമലരോടു ബാലരു,മുദീ-
ർണ്ണാനന്ദബാഷ്പങ്ങളാൽ
വീണ്ടും വൃദ്ധജനങ്ങളും നൃപതിയെ-
പ്പൂജിച്ചുനിന്നീടിനാർ.

തിരുനാൾമഹം: ക്ഷേത്രപ്രവേശനാനുഗ്രഹം

ഈയാണ്ടിൽ തിരുമേനിതന്റെ തിരുനാ-
ളിന്ദ്രാശയിൽ പേശല-
ശ്രീയാറാടുമുഷസ്സുവർണ്ണകിരണാ-
ലംബാംബരച്ഛാത്തലിൽ;
ആയാതംശുഭമായതോടുമൊരുമി-
ച്ചഭ്യാഗതാ നൂതനാ-
ഢ്യായാലേഖനയോഗ്യമാം നവയുഗം
നാട്ടിന്റെ നേട്ടങ്ങളിൽ.

ഭൂമാൻ ഭൂതദയാർദ്രനാം ഭുവനമ-
ന്ദാരദ്രു, ഭൂരിപ്രജ്ഞാ-
ക്ഷേമാസക്ത,നഭൂതപൂർവ്വമതുല-
ക്ഷേത്രപ്രവേശാജ്ഞയാൽ,
സാമാന്യാധികമായ് സ്വരാജ്യമധുനാ
സ്വാരാജ്യമാക്കിത്തെളി-
ച്ചീമാഹാത്മ്യമുയർന്നിടുന്ന തിരുനാൾ-
സോപാനമേറീടിനാൻ.

\ ചേണാളീടിന ചേരരാജ്യപരിധി-
ക്കുള്ളിൽ പുരാ ചേർന്നതാം
വേണാട്ടിൽ—കടലിന്റെ വാങ്ങലിലൊഴി-
ഞ്ഞുണ്ടായൊരീയൂഴിയിൽ—

നീണാൾ ഭീകരനൃത്തമാടിയൊരയി-
ത്തപ്പേപ്പിശാചിജ്ജഗൽ-
ത്രാണാലംബവിളബരാഹതി പതി-
ച്ചെങ്ങോ പതുങ്ങീ ഭൃശം.

ശോകാവേശമധഃകൃതക്കു സുകൃത-
ത്തൃക്കൈയണിത്തൂലികാ-
ലോകാന്തഗ്രഹദപ്രശാന്തചലന
ച്ഛാത്തിന്റെതീർത്ഥത്തിനാൽ,
ഹാ! കാണാപ്പുറമായൊഴുക്കിയ മുഹു-
ർത്താംശങ്ങൾ മൂകാമുഖ-
ല്ലോകാർഹങ്ങളശോകരാജ്യഭരണാ-
ദർശപ്രതിഛായയാൽ.

ജാതിവ്യാകൃതിജാതശാപശഠത-
യ്ക്കുന്മൂലനാശം ജഗൽ-
ഖ്യാതിക്കാസ്പദമായിട്ടും പ്രതിനവ-
പ്രസ്താവനാസ്ത്രത്തിനാൽ,
നീതിക്കൊത്തവിധം വരുത്തിയ മഹാ-
രാജാവഖണ്ഡേശ്വര-
പ്രീതിക്കുത്തമപാത്രമായി വിജയി-
ക്കുന്നൂ വിശുദ്ധാശയൻ.

കാശിക്കൊത്തമഹത്വമേറിയ മഹാ-
ക്ഷേത്രങ്ങളിൽ പ്രാർത്ഥന-
യ്ക്കാശിച്ചെത്തുമവർണ്ണശുദ്ധവനിതാ-
സംഘങ്ങൾ സംതൃപ്തിയാൽ,

ആശിസ്സേകിയകംതെളിഞ്ഞു തിരികെ
 പ്പോകുന്ന നിത്യം, യശോ-
രാശിക്കാകരമായ വഞ്ചിനൃപനേ
 വാഴ്ത്തിസ്തുതിച്ചാദരാൽ.

തെക്കാഴിക്കരതൊട്ടു മഞ്ഞണിമല-
 യ്ക്കുററം വരേക്കും വട-
ക്കൻകൊമ്പിൽ പരിതോഷമൊത്തു പരമോ-
 ത്സാഹം പകന്നാളുകൾ,
മുക്കാലും നഗരത്തിലും മുഴുവനും
 നാട്ടുംപുറത്തും മുറ-
യ്ക്കിക്കാലോചിത ധീരബാലനൃപസ-
 ന്ദേശം പ്രശംസിക്കയാം.

പ്രാക്കാലീനപുരോഹിതാഹിതവിഘാ-
 തത്തിന്നു വിദ്വൽസഭാ-
ഭാക്കായിത്തിരുമേനി തൻെറ സചിവാ
 ഢ്യൻ തീർച്ച കല്പിക്കയാൽ,
നീക്കാനുള്ളിരുളാശു നീങ്ങി;യുദയം
 ചെയ്തു സമത്വം, വെറും
നാല്ക്കാലിക്കസമം നടന്നവശരാം
 നാലഞ്ചുലക്ഷങ്ങളിൽ.

ശ്രീമൂലർക്ഷജയായ ശിക്ഷമുറപോ-
 ലുണ്ടായമൂലം മന-
സ്സാമൂലാഗ്രമുദാരപൂർവമഹിതാ-
 ദർശാഭമായ് മേൽക്കുമേൽ,

മാമൂലിൻെറ തുരമ്പുകൂടിയ ദുരാ-
ചാരം വിദൂരീകരി-
ച്ചീമൂലർക്ഷജലാഗിനേയനധുനാ
വെൽവൂ മഹാഭാഗ്യവാൻ.

ഇന്നിക്കാണുവതെന്തൊരത്ഭുതമിതാ
വേണാട്ടിൽ വേടർക്കളി-
ക്കുന്നിന്മേലുയരുന്ന സുന്ദരജഗൽ-
സ്വാതന്ത്ര്യസൂര്യാർഭകൻ,
കുന്നിക്കും പ്രഭവീശി; കണ്ണുകരംതുറ-
ന്നെല്ലാരുമുല്ലാസമാ-
ന്നൊന്നിച്ചേതൊരു വഞ്ചിതൻെറ ഗതിയേ
നോക്കുന്നിതുല്ക്കണ്ഠയാൽ.

പണ്ടാരാല്പളവായ പാപപരദാ-
സ്യഗ്രന്ഥി പൊട്ടിത്തുലോം
രണ്ടായിട്ടു തകർന്നുപോയിതു; പുനഃ-
സ്വാതന്ത്ര്യസൂര്യാഭയിൽ
കൊണ്ടാടിത്തിരുവഞ്ചിയെത്തിയധുനാ;
കോലാഹലത്തോടുമേ-
ലുണ്ടാം യാത്രയിനി, പ്രശാന്തിസുഷമാ-
സമ്പന്നപമ്പാംബുവിൽ.

ഈ വിഖ്യാതവിളംബരാംബിക, മൃത-
പ്രായക്കുമിഷ്ടാമൃതം
തൂവിസ്സാന്ദ്രമുണർച്ചയേകിയുദിതോ-
ന്മേഷം തഴപ്പിക്കയാൽ,

ഭൂവിൻഭൂഷണമായി, ഭൂരിനവജ്ജീ-
വാനന്ദഭൂതിസ്ഫുരൽ-
ഭാവിക്കാസ്പദമായ ഭാസുരമഃനാ-
ഭാവം മതാസക്തരിൽ.

ഇന്നാളോളമവണ്ണനാദ്ധ്വജപദം
ക്ഷേത്രപ്രവേശം ലഭി-
ച്ചെന്നാലാത്തു തകൻ ഭാരതപരി-
ഷ്ക്കാരാസ്ഥിക്രടം ദൃഢം,
എന്നാരയോതിയ വാദമസ്തരവമായ്;
സാധിച്ചു ധർമ്മക്ഷമാ-
ഭൃന്നാകശനമൂല്യഹിന്ദുഘടനാ-
സാമ്രാജ്യസംസ്ഥാപനം.

തീണ്ടോടൊത്തു തൊടീലുമിത്തിരു-
വിതാംകൂർവിട്ടു തിണ്ടാടിയെ-
ങ്ങാണ്ടോപോയി മറഞ്ഞു; മറവുന്നവരെ-
ച്ചെന്നാശ്രയിച്ചീടുവാൻ,
പൂണ്ടോരോ പുതുവേഷധാടികളുമാ-
യെത്തുന്നതെന്തിന്നടു-
ത്താണ്ടോടാണ്ടിനകത്തിരിപ്പവിടെയും
ദുസ്സാദ്ധ്യമാമോക്കുകിൽ

ഈയുൽകൃഷ്ടവിളംബരോത്തമഫലാ
സ്വാദ്യാനുഭൂതിക്ക, ദീ-
ർഘായുസ്സീമയിലത്ര നിങ്ങളധുനാ
പാത്രീഭവിച്ചീടുവാൻ,

ഹാ! യുഷ്മന്മതമല്ലടിപ്പുകളുപേ-
ക്ഷിച്ചീടിനെന്നാൽ ജഗൽ-
സായുജ്യത്തിനു മററുമാർഗ്ഗമിനി-
ച്ചെയ്യേണ്ടതില്ലൂഴിയിൽ.

മായാത്തങ്കമഷിക്കു, മന്ത്രകൃതമി-
പ്രഖ്യാപനം, പാവന-
ശ്രീയാർന്നീടിന "രാമവർമ്മ"ലിപിവി-
ന്യാസത്തൊടന്യാദൃശം,
മായാദീപപടത്തിലും മതമഹാ-
ഗ്രന്ഥത്തിലും കാശ്യപീ-
സായാഹ്നോദയകാലമാവതുവരെ
ക്കാണപ്പെടാം കൌതുകാൽ.

വേദാന്തത്തിനു ഭാഷ്യമിപ്രകൃതമാം
പ്രഖ്യാപനം, വേദവി-
ദപാദാകൃതവിമർശനാർഹവിഷയീ-
ഭൂതം, വിചാരാമൃതം,
ധീദാസ്യായസശൃംഖലാവലയവി-
ച്ഛേദക്ഷമം, ക്ഷത്രയോ-
ഗ്യൌദാര്യദ്യുതിനവപ്രകാശനവിള-
ക്കായിപ്രകാശിക്കയാം.

സാഹിത്യാന്തരസം പദാനുപദമി-
സ്സന്ദേശ, മുദ്യൽക്കലാ-
സൌഹിത്യത്തൊടു വാചകംപ്രതി, വഴി-
ഞ്ഞീടുന്ന വാക്യങ്ങളാൽ,

“സ്നേഹിച്ചീടുക നാം സഗർഭ്യരെവരും,
നിമ്നോന്നതസ്ഥാനധീ-
രാഹിത്യത്തോടു”മെന്നതത്രമന്ദശാ-
സിക്കുന്നിതാദ്ധ്യാത്മികം.

ഏതോമൽത്തിരുമേനിയിപ്രഥിതമാം
പ്രഖ്യാപനം സത്പ്രജാ-
ചേതോമോദമുയർത്തുമാറു വിരചി-
ച്ചാശാംശുവീശീടിനാൻ,
ഭൂതോദാരദയാപരാഗ്ര്യമണിയാ-
മദ്ദേഹമാദ്ധ്യാത്മിക
സ്ഫീതോർവ്വീധരനവ്യഗീതയുപദേ-
ശിച്ചാനുപേന്ദ്രാശ്രിതൻ.

*   *   *   *   *   *

തങ്കൽ ഭക്തി മുഴുത്തുതാണുതൊഴുമ-
പ്പൌരാളിയിൽ പൌരുഷ-
ത്തങ്കക്കോമളമായിടും തിരുമുഖാം-
ഭോജംതിരിച്ചാദരാൽ,
തിങ്കൾപ്പുഞ്ചിരിതൂകിയുത്തമരഥാ-
ങ്കത്തിൽത്തിളങ്ങിപ്രജാ-
സങ്കല്പേശ്വരനാം കലാത്മനിരതൻ
കാഴ്ചസ്ഥലത്തെത്തിനാൻ.

സാമർത്ഥ്യം കലരുന്ന സാരഥിയിറ-
ങ്ങിച്ചെന്നൊതുങ്ങിത്തുലോം
സാമഞ്ജസ്യസമൃദ്ധിസംഭൃതരഥം
തൂർണ്ണം തുറന്നീടവേ,

ആ മന്ദാരമരത്തിനാധിയധികം
        ചേക്കുന്ന തൃച്ചേവടി-
പ്പൂ, മർദ്ദിച്ചിതുമന്ദമൂഴിയണിയും
        പട്ടാംബരത്തിന്നുമേൽ.

തൃക്കാൽസ്പർശനഭാഗ്യമത്ര നഗരി-
        ക്കുണ്ടായനേരം, മുറ-
യ്ക്കാക്കാവൽഭടർ മുഗ്ദ്ധകാഹളരവം
        മന്ദം മുഴക്കീടിനാർ;
ദിക്കാകെത്തെളിവാന്നു; ദീപനിഭനാ-
        യാദിത്യനാഴിക്കട്ട-
ത്തിക്കാഴ്ചയ്ക്കനുകൂലമാം പ്രഭ ചരി-
        ഞ്ഞാരാൽ ചൊരിഞ്ഞീടിനാൻ.

ശ്രീമൽഭാരതവർഷഭേരേണ
        പ്രഖ്യാതസാമാജിക-
സ്തോമപ്രസ്ഫുടതാരകാവലികളേ-
        ശാഭാവിഭൂഷാനചിതൻ,
രാമസ്വാമിധരാസുരേന്ദ്ര,നധുനാ
        മന്ത്രീശ്വരൻ മംഗള-
ക്ഷേമസ്വാഗതവാക്യമാശ്വചിയരുളി-
        തൃക്കാൽ വണങ്ങീടിനാൻ.

സാക്രൂതസ്മിതപൂർവ്വകം തിരുമന-
        സ്സൌദാര്യനമ്രീകൃത-
ശ്രീക്രൂടന്ന ശിരസ്സണിഞ്ഞ ചലനം-
        കൊണ്ടു,ക്ഷികോണങ്ങളിൽ,

ധീകൂലങ്കഷഭക്തിരശ്മിനിഴലി-
ച്ചാ,ലേഖനാശ്രാന്തമാം
കൈക്കൂപ്പും സചിവോത്തമൻെറയുപചാ-
രത്തെ ഗ്രഹിച്ചീടിനാൻ.

കൂട്ടം ശ്രദ്ധയൊടും പ്രദർശനമഹം
കൊണ്ടാടുവാനുദ്യമി-
ച്ചീടും പൌരജനപ്രധാനപുരുഷ-
ന്മാരാൽ പുനസ്സ്വീകൃതൻ,
തേടും ഭക്തിതെളിഞ്ഞുയന്നനഗമി-
ക്കപ്പെട്ടു, തേജസ്സണി-
ഞ്ഞീടും കാഴ്ചകൾ മാറിമാറിയവിടെ-
ക്കല്പിച്ചു കണ്ടീടുവാൻ.

നാനാസാധനസംക്രമീകൃതനവീ-
നാഭിഖ്യയോടുത്തമ-
ജ്ഞാനാസാദനയോഗ്യശാലകൾ, പതാ-
കോല്പാതപാതങ്ങളാൽ,
സൂനാസ്ത്രോപമവഞ്ചിബാലനൃപനെ.
ശ്രദ്ധാന്തരംഗോൽഗളൽ-
പീനാമോദമുതിർത്തു സമ്പ്രതിപരോ-
ക്ഷത്തിൽ ക്ഷണിച്ചീടിനാർ.

ആചാര്യോപമനായ മന്ത്രിവരനോ-
ടൊന്നിച്ചുകൂടി, സ്വാവം-
ശാചാരവ്രതശുദ്ധിവിട്ടണുചലി-
ച്ചീടാതെ ചഃക്രശ്വരൻ,

വാചാവർണ്ണ്യസുവർണ്ണഭാഷണസുധാ-
രൂപത്തിലുദ്യൽക്കലാ-
ശ്രീചാരുസ്മിതനൃത്തചിത്രനഗരി-
ക്കാശിസ്സു നൽകീടിനാൻ.

മേധാമേദുരമന്ത്രികാര്യപരിപാ-
ടിക്കൊത്തു മേന്മേലതി-
പ്രാധാന്യം കലരും പ്രദർശനകലാ-
ശാലാവിഭാഗങ്ങളിൽ,
രാധാവല്ലഭദാസനഞ്ചിതകടാ-
ക്ഷാപാംഗഭൃംഗാഞ്ജന-
ശ്രീധാരാമൃതവൃഷ്ടിയാലരുളിനാ-
നത്യന്തമുത്തേജനം.

☆

# റീജൻറു മഹാറാണി

പൂരാടം പുണ്യപൂരാഞ്ചിതരുചിതടവീ,
സദ്യയാൽ സദ്യശ്ശസിൻ
വാരാളീടും തൃതീയാതിഥിയതിഥികളാൽ
ശ്ലാഘ്യമായ് ശങ്കയെന്ന്യേ;
ശ്രീരാജിക്കുന്ന വഞ്ചീശ്വരിയുടെ തിരുനാ
ളിൻെറ മേളക്കൊഴുപ്പാ
ലീരാഷ്ട്രം ശ്രേഷ്ഠമായീ; കുജനിഹസുജനാ
നന്ദ സന്ദായിയായി.

നമ്മക്കാധാരമായീടിന മഹിതമഹാ
രാജ്ഞിയീമഞ്ജുളശ്രീ
ജന്മർക്ഷാഘോഷമന്യാദൃശ സുഖമൊടു പൂ-
ണ്ടുല്ലസിച്ചൂഴിയിങ്കൽ
സന്മന്ത്രിശ്രേഷ്ഠനോടും സമുചിതഭരണം
ചെയ്തു നാട്ടാരെയെല്ലാം
തന്മക്കൾക്കൊപ്പമായിക്കരുതി വിജയമാ
ന്നുല്ലസിക്കട്ടെമേന്മേൽ.

വ്യഗ്രത്വം വിട്ടുമാറി സുകൃതികളമരും
വഞ്ചിയിൽ സഞ്ചിതശ്രീ
സൽഗ്രന്ഥാരാമ സംരക്ഷണസുഷമ പുല
ർത്തീടുമിപ്പുണ്യനാളിൽ,

ഉഗ്രക്രൂരാന്ധകാരം കുടിലജടിലമാം
കാട്ടിലേ കന്ദരങ്ങൾ
ക്കഗ്രത്തിൽപോലുമില്ലാഞ്ഞഹഹ മുറവിളി
ക്കുന്നു മൂർഖാശയന്മാർ.

വാരുററും വഞ്ചിയമ്മേ, മൃഗബലികൾ മൃഗീ
യങ്ങളാണെന്നുകാട്ടി
ച്ചാരുശ്രീ ചട്ടവട്ടം നയമൊടിഹ നട
പ്പാക്കിയിപ്പാരിടത്തിൽ
ആരുൽക്കണ്ഠാസമേതം നിജഭരണമനു
ഷ്ഠിപ്പതാ നിർമ്മലോദ്യൽ
കാരുണ്യക്കാതലല്ലോ വിലസുവതയിതേ–
വീരസിംഹാസനത്തിൽ.

അത്യാനന്ദം ഗുരുക്കൾക്കഴകിനൊടു പല
ത്തീടുമപ്പൃത്ഥി, പാതി
വ്രത്യാദർശം പ്രതിഷ്ഠിച്ചൊരു സുകൃതിനിയാം
ഭാര്യ,യീ ഭാഗ്യലക്ഷ്മി
നിത്യാനുഷ്ഠാനനിഷ്ഠാനിരതമതിയെഴും
രാജ്ഞി,യെന്നല്ലിതാത്മാ
പ്രത്യാഹ്ലാദം ജനിപ്പിച്ചിട്ടുമൊരു ജനനീ
രത്നമായും ജയിപ്പൂ.

രാജശ്രീ ശ്രേഷ്ഠമൂലർക്ഷജനുടെ ഭരണാ
ദർശ മാഹാത്മ്യമെല്ലാ–
മോജസ്സോടും ഗണിച്ചിട്ടതിനൊടു പുതുതാ
യുള്ള വൃത്താശയങ്ങൾ

ഭാജൽസാമ്രാജ്യതന്ത്രജ്ഞതയൊടു ഘടനം
ചെയ്തു വിഖ്യാതികോലും
റീജൻറായിട്ടു വൎത്തിച്ചിടുമൊരു തിരുവാ
യുസ്സു വൎദ്ധിച്ചിടട്ടെ.

“മൂലം”നാളുത്ഭവിച്ചുൽഗതിയിതമുഖിയാ
കുന്നു പൂരാടതാരാ-
ലോലശ്രീപൂണ്ടനാളിൽ; പുനരതുവളരെ
ച്ചിത്രമാം ചിത്രനാളിൽ;
ആലസ്യംവിട്ടുവാഴുന്നിതു മഹിതമഹാവഞ്ചി
വഞ്ചിരാജാനപായശ്രീ-
യാലംബിച്ചാശ്വസിക്കുന്നരിയ തിരുവിതാം
കോട്ടുകാർ കോട്ടമെന്യേ.

സന്തോഷത്താൽ തൊട്ടിലാട്ടാൻ വിധിപണിതകരാം
ഭോരുഹങ്ങൾക്കു രാഗ
ദ്വേഷംകൂടാതെ ചെങ്കോൽ ഭരണവുമെളുതാ
ണെന്നു കാണിച്ചുകൊൾവാൻ
ഈഷദ്വ്യത്യാസമില്ലാതിതു സമയമിതാ
ദിവ്യദുഷ്ടാന്തമായുൽ
ഘോഷം കൈക്കൊണ്ടു വഞ്ചീശ്വരിയുടെ തിരുനാ
ളുല്ലസിച്ചുജ്ജ്വലിപ്പൂ.

സാരസ്യംകൊണ്ടു സാക്ഷാൽ സരസിജശരസ
മ്പത്തു; സൗഭാഗ്യചീലാ
സാരത്താൽ സാരസാക്ഷപ്രണയിനി; സരസോൽ
കൃഷ്ട സംഭാഷണത്താൽ

സാരള്യംപൂണ്ട വാണീഭഗവതി; പതിസം
　　പ്രീതിദാനൈകദീക്ഷാ
സാരജ്ഞത്വം വഹിക്കും സതി; സകലകലാ
　　ഭിജ്ഞ രാജ്ഞീമതല്ലി.

ക്ലേശംകൊൾകേണ്ട വഞ്ചിക്ഷിതിയുടെ ഭരണം
　　മംഗളാപാംഗച്ചീലാ
ലേശത്താലേനടത്തും മഹിതമഹി മഹാ
　　രാജ്ഞി മന്ദാരവല്ലി
ആരക്കെന്തൊക്കെയെണ്ണാം സുഖമതുവഴിപോ
　　ലുണ്ണമാറായിവാഴാ
നാശംസിക്കുന്നു നാട്ടാർ പൊതുജനപൃതുസ
　　മ്മേളനംകൂടി മേന്മേൽ.

തൃക്കണ്ണാരിൽ പതിക്കുന്നിതു? സപദിതുണ
　　പ്രായനാണെന്നിരുന്നാ
ലക്കല്യക്ഷ്മാരുഹശ്രീയവനലമണിയും,ശ്രീ
　　നിശ്ചയം നിസ്വനായാൽ
ദിക്കത്യന്തം ഭരിക്കുന്നൊരു ധനപതിയായ്
　　ത്തീരുമാതങ്കവാനായ്
അക്കണ്ണീരിൽ കുളിക്കുന്നൊരുവനമൃതമാ
　　ന്നാറില്ലാറാടിടുന്നു.

വിദ്യോതിക്കുന്ന തൃക്കൺകലവിയുടെ വിലാ
　　സങ്ങൾ, വിഖ്യാതിയോടൊ-
ത്തുദ്യോഗസ്ഥാനമാനപ്രചുരഫലനഫല്പ
　　ക്ഷേമദാനക്ഷമങ്ങൾ;

സദ്യോഷാരത്നമാകും തിരുവടിയെമുഖം
കാട്ടുവാൻ കാത്തുനിൽപ്പു
ണ്ടദ്യോൽക്കണ്ഠാസമേതം നിരവധിപടിവാ
തുക്കലായ് പണ്ഡിതന്മാർ.

തൃക്കൺപാക്കട്ടെ, കച്ചിപ്പുര കനകലസൽ
സൗധമാകുന്നു; തെണ്ടി
ച്ചെക്കൻ ചേരതാഹരശ്രീതിരളുമൊരു കൂട്ടം
ബാംഗമായ് തീർന്നിട്ടുന്നു;
മക്കൾക്കാശ്ശേയ വിദ്യാഭ്യസനമരുളിടാം
മന്ദഭാഗ്യന്നു;മാലോ
ടുൾക്കമ്പം വിട്ടുമാറിപ്പറയനുപറയാ
റായിട്ടും പൗരവാദം.

ലീലാപാംഗംപതിക്കെ, പുലയനു പുലയി
ല്ലാതെയാം, തീയ്യനായ്യ
ശ്രീലാഭംപൂണ്ട പൂജ്യാമലനിലപുലരും
വന്ദ്യനായ് വന്നിടുന്നു;
മാലാന്നാഹന്തമേവും മറവനു മറവാ
കുന്നിതാതങ്ക;മാധി
ജ്വാലാ സന്തപ്തനാകും കുറവനു കുറവായ്
തീരുമേ പാരതന്ത്ര്യം.

ദിവ്യാപാംഗം ദിവാനും വടിവിലിവിഹ വിയ
ല്പ്പേകിടുന്നു, വിരാജ
ദ്ഭവ്യാഭയ്യോല്പമായി, പരമരുചി തുലോം
പത്മിനീസഞ്ചയത്തിൽ

അവ്യാജം ചേൎത്തിടുന്നു; നിരുപമമിരുളാം
വൈരിയെ സ്വാന്തധാത്രീ
വൈ്യാഗ്രത്തിന്റെ സീമക്കകലെയടിയുറ
പ്പിച്ചു പാൎപ്പിച്ചിടുന്നു.

ശ്രുത്യന്തം കണ്ടിടുന്നകടമിഴി കണവ
ന്നുള്ളലിക്കുന്നു; നാനാ
ഭൃത്യന്മാരേ വിറപ്പിച്ചവരുടെ പണി ചേ
ലോടു ചെയ്യിച്ചിടുന്നു;
സത്യത്തെക്കാത്തുനിൽക്കുന്നിതു; സദയമനേ-
കം വിധം സാധുരക്ഷാ
കൃത്യത്തെച്ചെയ്തു നാട്ടിന്നവികലമഭിവൃ
ദ്ധിക്കു കല്പിട്ടിടുന്നു.

കാന്താരാദ്ധ്യക്കടക്കൺമുനയുടെ കളിയാ
ലേററമേകാന്തമാകും
കാന്താരം, ചന്ദ്രകാന്തോപലരുചിപുലരും
നല്ലൊരന്തഃപുരത്താൽ
കാന്താലങ്കാരമേന്തീടിന നവനഗര
സ്ഥാനമായിദ്ധരിത്രീ
കാന്താവാസാൎഹമാകുന്നിതു കലവികല-
ന്നല്പകാലത്തിനുള്ളിൽ.

നൽസ്വാതന്ത്ര്യത്തിനെങ്ങും സുഖമിഹ; സുജന
ത്തിന്നു ഹൃൽപ്രീതി; ദുഃഖം
ദുസ്സ്വാതന്ത്ര്യപ്രചാരത്തിനു; ദുരിതചയ
ത്തിന്നു ദൂരപ്രചാരം;

നിസ്സാരാത്ഥത്തിന്നു നിസ്സത്വത; നിഖിലഗുണ
ത്തിന്നു നിമ്മായലാഭം;
സുസാരസ്യം വഹിപ്പൂ സുമതിയുടെ പരി
ഷ്ക്കാരമിക്കാരണത്താൽ.

ദാരിദ്ര്യത്തിന്നു ദാരിദ്ര്യവു, മിഹ മൃതിയും
മാരണത്തിന്നവിദ്യാ
മാരിക്കോളിന്നു മാനക്ഷയവുമഥ ഭവി
ക്കുന്നു ഹാ ഭംഗമെന്ന്യേ
താരില്ലെണ്മഞ്ജുതങ്കത്തളവളയൊലിയോ
നാട്ടിലൊട്ടുക്കു; ചേതോ
ഹാരിത്വം ചേന്നിരിപ്പൂ ഭവതിയുടെ മഹീ–
രക്ഷണ പ്രക്രിയങ്ങൾ.

"ഭൂവിൽ കൈവല്യസാരസ്ഥിതി നിയതമിരി
ക്കുന്നു, നാനാവിധത്തിൽ
ജീവിച്ചീടുന്ന യോഷാമണികളുടെ സമുൽ
ക്കഷ്സമ്പാദനത്തിൽ"
ഈ വിഖ്യാതാപ്തവാക്യം തിരുവടി തിരുവു
ള്ളത്തിലാക്കി, സാദരം
സ്ത്രീവിദ്യാ മന്ദിരാഭ്യുന്നതി നിഭൃതകൃപാ
പൂവ്വകം നിവ്വഹിച്ചാൾ.

നിത്യം പള്ളിക്കുരുപ്പുൾക്കുതുകമൊടുമുണ
ത്തീടുവാൻ ഗായകന്മാർ
സ്തുത്യർഹം പാട്ടുപാടുന്നിതു, മണികളടി
ക്കുന്നു മഞ്ജുസ്വരത്തിൽ,

അത്യന്തം ഭക്തിപൂർവ്വം ഭടനിവഹമുയ
ർത്തുന്നു ഭേരീവിരാപം,
പ്രത്യഗ്ര ശ്രീവിതയ്ക്കുന്നിതു കനകവിള
ക്കിൻെറ കാന്തോൽബുദങ്ങൾ.

ആപാദം ശുഭ്രവസ്ത്രാഭരണ രുചികല
ന്നാഗ്രഹത്തോടുകൂടി
"ശ്രീപാദം" സേവചെയ്‌വാൻ ശുചിയൊടുമണയും
ശുദ്ധ കല്യാണിമാരിൽ
കോപാധിക്യാഭ്യസൂയാ കലുഷമതികളായ്
സപത്ന്യൂപ്പെട്ടമന്ത-
സ്താപാവേശാൽ പൊഴിക്കുന്നിതു മഴവഴിയായ്
കണ്ണുനീർ മന്നിടത്തിൽ.

സ്നേഹിക്കത്തക്ക ശാന്തപ്രകൃതിമധുരമാം
ശീല,മാഹാത്മ്യശോഭാ
രാഹിത്യം, രാജകീയാഞ്ചിതനില, നിതരാം
രഞ്ജമാനാഭിമാനം,
സാഹിത്യശ്രദ്ധ, സർവ്വോപരി സകലസമാ
രാധ്യസാധ്വീവ്രതം, മ-
റ്റൂഹിക്കത്തക്ക നാനാഗുണഗണമണിയും
രാജ്ഞിയീരാജ്യലക്ഷ്മി.

വാരാളീടും മസൂരീശചരി വരനെയദ്ദേഹാ
മാലയിട്ടന്നു മൂല
ശ്രീരാജേന്ദ്രോപദേശം ബഹുമതിയൊടുപേ
ക്ഷിച്ചു ബദ്ധാവധാനം

ധീരാരാധ്യസ്വഭാവത്തൊടു തിരുവടിയും
രക്ഷണംചെയ്തു നേരേ
ഘോരാപൽ കാളസർപ്പം പ്രിയതമനെ വിഴു
ങ്ങാതെ വീണ്ടിട്ടെടുത്താൾ.

സാവിത്രിക്കുട്ടിപോലേ കണവന്റെ മഹാ
പത്തു ദൂരത്തുതട്ടി
ത്തൂവിക്കാലാസിപാശങ്ങളെയഥ കബളി
പ്പിച്ചു, കല്യാണിമാരാൽ
സേവിക്കപ്പെട്ടിടേണ്ടും നിലതടവിലസി
ച്ചീടുമിസ്സത്കുലക്ഷ്മീ
ദേവിക്കുണ്ടായ കീർത്തിഛവിഝടിതിദശാ
ശാന്തവിശ്രാന്തയായീ.

സ്ത്രീചാപല്യങ്ങളില്ലാതമലകലധരി
ച്ചുത്ഭശ്രുന്യതഭമേരു
ന്നാചാരത്തേ വെറുക്കും തിരുവടിവരനോ
ടൊത്തുപാർത്തുരഥത്തിൽ
ധീചാതുര്യപ്രഭാവപ്രതി ഫലിതലസ
ന്മന്ദഹാസാന്ദ്രകന്ദ
ശ്രീചാർത്തിക്കൊണ്ടെഴുന്നള്ളിടുവതുപുതുതാം
കാഴ്ചയീവാഴ്ചയിങ്കൽ.

ചാരിത്രത്തിൻചരിത്രം മുഴുവനമെഴുത
പ്പെട്ടിടും നാളി, ലുദ്യൽ
ഭൂരിശ്രീ ഭൂഭരിക്കുന്നൊരു തിരുവടിതൻ
മഞ്ജുനാമാക്ഷരങ്ങൾ

പാരിക്കും കാന്തികോല്യം കനകലിപികളിൽ
പ്രോജ്ജ്വലിച്ചിട്ടു പൌര
ന്മാരിൽ സന്മാർഗ്ഗബോധം സമുചിതമുളവാ
ക്കീട്ടുമേ കേരളത്തിൽ.

ആററുങ്ങൽ തമ്പുരാന്മാക്കുതിസുലഭമോ
ണത്ര സന്താനമെന്നാ
യേററം പണ്ടുള്ളതാകും പഴി, കഠിനതപോ
നിഷ്ഠയാൽ തട്ടിനീക്കാൻ
ഊററത്തോടുദ്യമിച്ചിട്ടതു സതി ഫലവ
ത്താക്കി വംശാഭിവൃദ്ധി
ക്കാററത്യന്താനുകൂല്യത്തൊടുമിളകിയടി
ച്ചീടുമാറാക്കിയിപ്പോരം.

സന്താനൈശ്വര്യസമ്പത്തിനു സകലമഹാ
ക്ഷേത്രസന്ദർശനാത്ഥം
സ്വന്താക്രാന്തപ്രകാരം സ്വകരമണനൊടും
വഞ്ചിയിൽ സഞ്ചരിച്ചാരം
സന്താനശ്രീലതാംഗീമണി സപദിസമാ
രാധനം ചെയ്തു ചേതഃ-
സ്സന്താപംവിട്ടു സർവ്വേശ്വരനുടെ സകലാ
നുഗ്രഹം സംഗ്രഹിച്ചാരം.

സീതാദേവിക്കെഴുന്നസ്സിത വിമലയശ
സ്സിന്റെ സീമന്തരേഖാ
ശ്രീ, താഴ്ത്തീടുന്ന വഞ്ചീശ്വരിയുടെ വളരും
കീർത്തിതൻ കീർത്തനങ്ങരം

സ്ഥിതാനന്ദം സുധർമ്മാസഭയിലനുദിനം
പാടിയിന്ദ്രാദ്യരാകും
ശ്രോതാക്കൾക്കേകിടുന്നു നവനവ കുതുകം
നാകനാരീജനങ്ങൾ.

കൈത്താരാക്കുള്ളതീ മംഗലകവനകലാ
കമ്രകല്യാണവല്ലീ
വൃത്താന്തശ്രീവിലാസം തടവിയകടലാ
സിന്നു കൈവല്യമേകി?
മൂത്താന്നത്തമ്പുരാനാം തിരുവടിമുറപോ
ലേകിടട്ടേ സുവിദ്യാ
നൃത്താഘോഷം തുളുമ്പും തുറയിലിഹ സമൂൽ
കർഷമുൽക്കണ്ഠയെന്യേ.

★

# വിവാഹമംഗളാശംസ *

ഭാരതീ, ഭവതിക്കു ഭാസുരമകരന്ദ
ഭാരതി, ഭവിക്കട്ടെ ഭാഗ്യസൌഭാഗ്യോദയം!!

ഭാരതീയാരാദ്ധ്യനായ് ഗീർവ്വാണമാതൃഭാഷാ-
ഭാരതീവിദഗ്ദ്ധനാം നിന്നുടെ പിതാവിപ്പോൾ,

ഭാരതീയാദ്ധ്യാത്മികതത്വാനുസാരം, നിജ-
ഭാരതീക്ഷ്ണതയല്പം സത്വരം കുറയ്ക്കുവാൻ,

അത്യന്തം പ്രിയപ്പെട്ട പുത്രിയാം നിന്നേയതി-
സ്തുത്യർഹമാകുംവണ്ണം നടത്തും വിവാഹത്തിൽ,

കൃത്യനിഷ്ഠയും മനശ്ശുദ്ധിയും മനോജ്ഞസാ-
ഹിത്യബോധവുമുള്ള 'വിദ്വാനു' നൽകീടുന്നു.

താവകപിതാ,വായുർവ്വേദഗംഭീരകലാ-
സേവകഭ്രാതാ, നിന്നെത്താരുണ്യാഗമത്തിങ്കൽ,

സാവധാനമായ് ദ്വിതീയാശ്രമമാകും കുളിർ-
പ്പൂവനത്തിന്റെയുള്ളിൽപ്പൂകുവാനയയ്ക്കുന്നു;

ഭാവനാതീതമായ കാഴ്ചകളെല്ലാമനു-
ഭാവമോടോരോന്നായിക്കാണിച്ചു തന്നീടുവാൻ,

ജീവനായകനായ 'കൃഷ്ണനെ' മനക്കാമ്പി-
ലാവതും വിശ്വസിച്ചു കൂട്ടായി വിട്ടീടുന്നു;

രാ,വണിനിലാവിങ്കലെത്തിയ മിത്രത്വമാർ-
ന്നേവരുമാശീർവ്വാദം മുഴക്കും മുഹൂർത്തത്തിൽ,

പാവനപാണിപത്മപീഡനം പരസ്പരം
ദൈവചിന്തയോടൊത്തു ചെയ്തുകൊള്ളുകനിങ്ങൾ.

---

* വധു: പി. വി. കൃഷ്ണവാര്യരുടെ പുത്രി ഭാരതി
വരൻ: വിദ്വാൻ കുന്നമ്പുഴ കൃഷ്ണവാര്യർ

ത്തുവനസഞ്ചാരത്തിലാമോദമേകാൻ കാമ-
ദേവനമായുധങ്ങളെടുത്തു മന്ദം മന്ദം,
കാവലായനുഗമിച്ചീടുന്നു, 'മധുവിധു'-
സേവനമനുഷ്ഠിച്ചു മന്ത്രപൂർവ്വകം നിങ്ങൾ
കേവലം പൈന്തേനണിപ്പൂക്കളെ മണപ്പിച്ചും,
പീവരകോരകങ്ങൾ തൊട്ടുതൊട്ടാനന്ദിച്ചും,
സാവകാശമായനുഭൂതിയാം നിലാവുള്ള
താവളങ്ങളിൽത്തങ്ങി വേണ്ടുമ്പോൾ വിശ്രമിച്ചും,
പോവതുത്തമം, എന്നാലെത്തീടാം മനോഹര-
പ്പൂവണിക്കുളിരേന്തും 'സന്താന'ത്തണലിങ്കൽ.
ഭാരതീ, ഭവതിക്കു ഭാസുരമകരന്ദ-
ഭാരതി, ഭവിക്കട്ടെ ഭാഗ്യസൌഭാഗ്യോദയം.

★

# അണിഞ്ചന്റെ അവശേഷം

(എം. ആർ. കൃതികൾ 1-ാംഭാഗം 185-ാംപേജിന്നശിഷ്ടം ഇതു് ഒന്നാം ഭാഗത്തിൽ ചേർക്കാൻ വിട്ടുപോയതാണു്.)

കുടിച്ചുഹാ! വീർത്തുമുത്തമാംഗം
കടിച്ചുശേഷിച്ചതുമാം ശരീരം,
എടുത്തു മാടത്തിനകത്തുകൊണ്ടു-
ക്കിടത്തിവീണ്ടും പുലയൻ വിഷണ്ണൻ.

ഭയങ്കരാതങ്കദമായൊരാത്മ-
പ്രിയാവിയോഗം വിധിവൈപരീത്യാൽ,
ഭവിച്ചുവെന്നീശ്വരഭക്തനാകു-
മണിഞ്ചനോർത്തല്ലലടക്കിവാണാൻ.

വെളിച്ചമായ്വന്ന കൃഷീവലന്മാ-
രറിഞ്ഞു വൃത്താന്തം; അതത്ഭുതത്താൽ
പറഞ്ഞുതമ്മിൽപരമാത്തു നാട്ടിൽ
പടർന്നുപത്രങ്ങളിലായ് ക്രമത്തിൽ.

മരിച്ചുപോയീടിനമങ്കയാളെ
മനോജ്ഞദൈവസ്തുതിചെയ്തു 'പാട്ടിൽ'
മറച്ചുപിന്നെസ്വജനങ്ങൾ;—എല്ലാ-
മനുഷ്യരും മണ്ണോടുചേരുമല്ലോ.

* * *

വേറേകെട്ടാതെ, വേണാട്ടിനു ശുഭമേകുളും
പമ്പയാർതൻപ്രദേശ-
ത്തുള്ളാമാടത്തിനുള്ളിൽ, ചിരമഥതനിയെ
ത്തന്നെവച്ചുണ്ടണിഞ്ചൻ,
നിർവ്യാജസ്വാമിഭക്തിപ്രചുരിമതടവി-
ജ്ജോലിനോക്കി, സ്വഭാര്യാ-
നിര്യാണത്തെസ്മരിക്കുന്നളവു 'ചിവചിവോ'
ച്ചാരണംചെയ്തുവാണാൻ.

★

# സംഗീതം

# കർണ്ണാടകഗാനങ്ങൾ

## 1

### ശിവഗീതം

കല്യാണിരാഗം—ത്രിപുടതാളം

സ്വരസ്ഥാനങ്ങൾ:— 1 3 5 7 8 10 12
സ രി ഗ മ പ ധ നി

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സ്സനിധമപമഗരിസ

മേളകർത്താരാഗം:—മേചകല്യാണി 65

സുമശരമഥന | സുരവരവിനുത |
സുരുചിരനയന | സുഖമയിവിതര, |
സകലദുരിതം | സദാഹരഹര, |

ശ്രീകണ്ഠ | ഫണിമണിഗണര | ചിതവലയധര |
രജതഗിരിഗൃഹ | വാസ,സതിപ്രാ | ണരമണവിദാ | രിതഥ
സുരഖലസംഘാത: |

## 2

### വർണ്ണം

വിഹരണവിഹരണം—പിതൃശാസനം

കാംബോജിരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:—1 3 5 6 8 10 11
സ രി ഗ മ പ ധ നി

ആരോഹണം:— സരിഗമപധസ

അവരോഹണം:— സനിധപമഗരിസ

മേളകർത്താരാഗം:— ഹരികാംബോജി = 25

പല്ലവി

ബാലക, നിന്റെകേളി-
ബാധമാറീടുമോ?
ബധിരന്റെ ഭാവവുംമതി

അനുപല്ലവി

ലീലക്രൂടിയാലോ,
ലോലനീ തളരുമേ,
മാല്യമതിനാല്യുളവായീടുമൊരുപടി.

സ്വരം

സാഹസിക വിഹരണസരണി
സാദരമാകെയിനിവിടുക;
സായമൊളികളി സമാപന
സമയസമാഗമമാണതുമോരുകനീ.
കനകദിനകര കിരണരുചിരവസന-
മൂഴിയുടെയടിമുടിയഴിയവെയരിയ-
ഘനതരതിമിര സുനീലസാരി-
സുഘടിതമായി പകരവുമഹ! ഹ! (ബാലക)

ചരണങ്ങൾ

സാധുസദാനന്ദദ,
സാഹസമിനിയ സാമ്പ്രതമിവിടെ (സാധു)
പാവനഭുവന പാലകനടയ-
പാദന്തിപരി പാടിപാടുക. (സാധു)
പാരമതിനുപരി പതിവുപടിപുതിയ
പാഠവരികളനപായമുരുവിടുക;
പാചകവിധി കഴിയുവതുവരെ വലിയ-
പാഴിലടിയരുതൊരു നിമിഷവുമലസി (സാധു)
നാമജപനവ പഠനസമയവിരതി-
വരികവെജനനി ജവമൊടിഹ,

നാവിനു മധുരമാകിയ വിഭവമ-
നാകുലമിളയ നാമ്പിലനിറയെ,
മോദമൊടുതനയ മോഹവഴിരുചിദ-
മോദകമധുരസമോടു തരുമറിക;
മോചനമിടുകയി, മോഘവിഹരണ-
മോടിയതിനുബഹു മോശമതിവിഹൃതി. (സാധു)

മോഹനനാമാത്മജ,
മോഹനശശിമുഖ,
പോരുമേ സാഹസം,
പോരായ്മകാട്ടിടാമോ?

3

വണ്ണം

പൂർണ്ണചന്ദ്രികാരാഗം—ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധസ
അവരോഹണം:— സനിപധപമഗരിസ
മേളകർത്താരാഗം:— ധീരശങ്കരാഭരണം=29

ഹരിഗാനലഹരിഗാനം

ആരോഗ്യപ്രാർത്ഥന

പല്ലവി

പാലയമാംദേവാ പാർവ്വതീസൂനോ.

അനുപല്ലവി

ബാലസുബ്രഹ്മണ്യാഭിരാമ,
ശ്രീവല്ലീശ.

സ്വരം

സാമരഭടനിവഹ സമരകലാഭൂഷണ,
സകലാധാര സാധു ലോകൈകപാല
സരസകേകിവാഹന. (പാലയ)

ചരണങ്ങൾ

പൂർണ്ണചന്ദ്രികാസുഹാസ,
പൂതിവിമലാംഘ്രിയുഗള, പുരമഥനതനയാ (പൂർണ്ണ)
പൂജനഭജന പരസുജന പരിജനതാപഹാ (പൂർണ്ണ)

താരകവധമോദതരളാശയ-
സുരാധിപമുഖമുനികീർത്തനീയ-
ശുഭചരിത വിരചനവിശാരദ. (പൂർണ്ണ)

സായുജ്യകര,സാന്ദ്രപാപഹര,
സർവ്വാഗമസമാജഗുരോ,
ഹരിഹരിജ, സഹജ, ഹരിബലാവയവ,
ഹരിണശോഭിനയന, ഹരിഗാനനഗനാഥ,
ഹരിഹയ.

പൂർണ്ണചന്ദ്രികാസുഹാസ,
പുഷ്പബാണ സമ്മോഹന,
പുഷ്കരാക്ഷ ഭാഗിനേയ,
പുഷ്കലാഭ ദേഹിസൗഖ്യം.

4

കീർത്തനം

കസ്തൂരീഭായി

നീലാംബരിരാഗം-ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധപനിസ
അവരോഹണം:— സനിപമഗരിസ
മേളകർത്താരാഗം:—ധീരശങ്കരാഭരണം=29

പല്ലവി

കസ്തൂരീബായി, കഴലിണതൊഴുതീടാം (കസ്തൂരി)

അനുപല്ലവി

നിസ്തുല നിജത്യാഗ-
ചരിതാമൃതമഹിളാമണിയാ-
യഭിനവഭാരത ഭാലവിലാസിതയാ (കസ്തൂരി)

ചരണങ്ങൾ

ശൈശവസമയസമീപപരിണയഗത
ശപഥാനുചരേ, ശമ-
ശാസിതമധുരേ മനോജ്ഞഗുണഗണസഹിതേ
നാശനപരവികൃതകൃതിവിമുഖേ,
നാരിമാൎക്ക തവ കഥയഭിമാനമാം (കസ്തൂരി)

ഗാന്ധിദേവനുടെശാന്തകളിഹ നിതരാം,പരി-
ശാന്തിവിലോപനഹീനമാകവെ,
യുദാരതയൊടുമൊടുവിൽ,
ക്ഷാന്തിപൂൎവ്വമകമേവിഷമിച്ചുസഹിച്ചു മെ-
യ്യുലരുമാറുമരുവിയതാം (കസ്തൂരി)

താപസേന്ദ്രകുലശേഖരനുടെ ദയിതേ
തന്തനുലതികേ, ജനസേവനൈകനിരതേ
ഹരിജനജനനീ, താപകോപമദപാത
രഹിതേ,തമോരാശിതരണേ,തരണേവരം (കസ്തൂരി)

5

കീൎത്തനം

നാടരാഗം-ഝംപതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 4 | 5 | 6 | 8 | 11 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ or സഗമപനിസ

അവരോഹണം:- സനിപമരിസ

മേളകൎത്താരാഗം:-പലനാട=36

പല്ലവി

ജയപാർവ്വതീകുമാര;
ജയ പാവനകുമാര;
ജയ ദേവസേനാവര;
ജയ കോമളാകാര. (ജയജയ)

ചരണങ്ങൾ

ജയ താരകാസുരകാല,
ജയ നീലകണ്ഠബാല,
ജയബാലശശാങ്കഫാല,
ജയഭക്തജനപാല. (ജയജയ)

ജയഭാസുരവേലായുധ,
ജയപാടിനദാസബാധ,
ജയവേദാന്തസാരബോധ,
ജയജനകമഹാവ്യാധ (ജയജയ)

ജയനന്ദിതനന്ദികേശ;
ജയവാരിദനീലകേശ;
ജയവല്ലീഹൃദയേശ;
ജയഹരിഗാനാധീശ; (ജയ ജയ)

## 6

## കീർത്തനം

മുഖാരിരാഗം—ചായ്പുതാളം.

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 4 | 6 | 8 | 9 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സ രി മ പ ധ നി സ

അവരോഹണം:— സ നി ധ പ മ ഗ രി സ

മേളകർത്താരാഗം:— നഠഭൈരവി=20

പല്ലവി

പാലയ ശ്രീ സുബ്രഹ്മണ്യ;
പാർവ്വതീ പുണ്യ.

അനുപല്ലവി

കാലകാലസുത, ഭവ–
ജാലഭേദിനാചരിത, (പാലയ)

ചരണങ്ങൾ

ദുർജ്ജനദാനവരിപോ;
നിർജ്ജരസേവിതവിഭോ;
സജ്ജനപരിപാലക;
സജ്ജമനോരഥനാഥ. (പാലയ)

കാമദേവ മദഹര;
സോമബിംബസമാനന;
കോമളപാദസേവക–
കാമദകല്യാണരൂപ. (പാലയ)

ശ്രീഹരിഗാനപുരേശ,
മോഹനമയൂരവാഹ;
സാഹസികതാരകാരേ;
ദേഹസൗഖ്യം ദേഹിസദാ. (പാലയ)

7

രാജേന്ദ്രപ്രസാദ്

തോഡിരാഗം—ത്രിപുടതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 2 | 4 | 6 | 8 | 9 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകർത്താരാഗം:—ഹനുമത്തോടി=18

പല്ലവി

ഭാരതവരഭാസുരതരഭരണാധിപ
ഭാഗവതഭയാംശരഹിതജയ; ഭാഗ്യനിധേ.

അനുപല്ലവി

രഞ്ജനകര, *രാജസുരവര, സ
മഞ്ജസതമഗുണഗണനിലയ (ഭാരത)

ചരണങ്ങൾ

വിനയനടനനരസരുചിരാനന;
വിപദിസകലരചിതാവന;
വിനയഹൃദയമുകുരവിലോചന;
വിജയനയവിരചനവിലോകന;
വിഭജനജനിത ദരദലന;
വിധുരാജിതസൂയശോധന. (ഭാരത)

ഭരണഘടന രചനസഭാഗത;
ഭരമണസദൃശവദനശോഭിത;
ഭവന രഹിതഭയഹരണപാവിത;
ഭരിതജനനിവഹപരിസേവിത;
ഭജനപരിമുദിത ഹരിജനബഹു-
ഭയനാശന, കരുണാർദ്രനയന. (ഭാരത)

ഗുരുവരശുഭമതപരിപാലക;
ഗുണഗണരചനവിഷയകാമുക;
ഗുരുതരവിഷമവിഷയതാരക;
ഗുണഗണവിലസിതവിദിതനായക;
ഗൂഹനിഭനിഗമഗൂഢനിപുണ; മധു
ഗുളമാധുരി സമവാങ്മയ, ജയ. (ഭാരത)

8

വർണ്ണം

സാവേരിരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:— 1 2 5 6 8 9 12

സ രി ഗ മ പ ധ നി

---

* രാജസുരവരൻ = രാജേന്ദ്രൻ.

ആരോഹണം:— സരിമപധസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—മായാമാളവഗൗള=15

പല്ലവി

ശ്രീമാമലകുമാരി,
ശീഘ്രമാശിസ്സരുളു

അനുപല്ലവി

കാമവിരോധിനയനാമലചലനസാരേ,
സാമനിഗമസൽകൃതാമൃതകലാധാരേ.

സ്വരം

വാരിജസദനവാസസുജന
വാരമനുഭജന വാസനവഴി വഴി
വാട്ടവടിവൊന്നൊട്ടു വാടിട്ടുവതിനവി-
വാദമിടതടവിടാതെയുടനുടനെ
വാങ്ങിയലിവിനൊടു വാണിടുമൊരതുല. (ശ്രീമാമല)

ചരണങ്ങൾ

ലീലാരസലളിതേ
ബാലഹിമകരഭാലശോഭിതേ. (ലീലാ)
പാരശവപരമപാവനകുലപരി-
പാലനപാടവപരപാദലസിതേ. (ലീലാ)
മാമകഗദഗഹനകദനമാകവെമാറിടുവതിനിനി
മാതൃജനസദൃശമയിപെരുമാറുകമാട്ടതമാനനീ (ലീലാ)
ശാരദശശിമുഖി, ഗുരുജനശാസനവിഗണനയാലഖി-
ശാപജാതവിവശാധിബാധവിഷശാഖിശാഖ
കളെയവികലമാംശാതകുംഭവിശാലമോഹന
ശാടകാവൃതശാക്തികെ,ശതശമലനികരസഹിത
മഹമമസപദിശാതോദരീ, ഹരിക്കുക. (ലീലാ)

ലീലാരസലളിതേ,
ലാളിതശുകവനിതേ,
ലാസവിഹാരാഞ്ചിതേ,
ലംബഹാരസഹിതേ.

9

ജവഹരിലാലൻ

(പദം കീർത്തനം)

സാമരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:— 1 3 5 6 8 10
സ രി ഗ മ പ ധ

ആരോഹണം:—സരിമപധസ

അവരോഹണം:— സധപമഗരിസ

മേളകർത്താരാഗം–ഹരികാംബോജി=28

പല്ലവി

ജവഹരിലാലാഭിധാന
ജയാനിശം.

അനുപല്ലവി

നവഭാരതസചിവാഗ്രേസരശേഖര,
അവശാവനപാവനപുരുപുണ്യസമവായ (ജവ)

ചരണങ്ങൾ

ഭവനകനകമണിസൗധാവധി–
ഭവ്യസാമഗ്രിവേലിദാത;
ഭവനാഭിഭ്രമണപീഡിതബഹുജനതാത;
ഭയവിഹീന, കമലാദൃതകാമുക. (ജവ)

ത്വദീയചരിതംബഹുചിത്രം; ത്യാഗ–
കദനശോഭിതമത്രമാത്രം
മദമാത്സര്യാദിരഹിത, മഹോരാത്രം
പ്രദീപ്തപരിശ്രമവിശ്രുതം. (ജവ)

AYAM PUBLIC LIBRARY
KOTTAYAM

പ്രിയദാരദേഹവിയോഗം,
കായഹൃദയാരോഗ്യബാധകം,
നിയതമയിസുദുസ്സഹ,മവഗണ്യ-
യോവിഹരതിനിജകൃത്യമഹോദധ[illegible])

10

## ശൃംഗാരപ്പദം

നീലാംബരിരാഗം—ആദിതാളം

| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 12 |
|---|---|---|---|---|---|---|---|
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:—സരിഗമപധപനിസ
അവരോഹണം:— സനിപമഗരിസ

മേളകർത്താരാഗം-ധീരശങ്കരാഭരണം=29

പല്ലവി

വിശ്വസ്തദേവി,
വിമുഖതവരരുതേ,

അനുപല്ലവി

വിശ്വവിജയാധാര
വികചാംബുജനയനാംശുവിസ്ഫൂതിമേ,
വിഹിതകുതൂഹലമൊടുവിതറണമേ. (വിശ്വ)

ചരണങ്ങൾ

യൗവനസമുദയകാലപരിധിമുതലേ,
യുവതി; സുമതി, മമ-
ഭാവന നടനമിടുന്നു ഭവതിയിലമലേ,
ദൈവവിധിയുടെ വിലാസഗമനമോ,
ദൈഹികാകർഷണസഹജവിലാസമോ. (വിശ്വ)
മാതൃമാതുലജനകരഖിലരുമിവനെ,
മദനഭ്രമമാനസനായഹോ!

കരുത്തുകയാം കരിവരഗമനേ,
മാതൃകാവർരയേ, മണികാഞ്ചനഭൂഷണങ്ങൾ
മഹിളമാക്കരുളണമത്രേ. (വിശ്വ)
നീരജാക്ഷി, ഒരുനിസ്വനനിവനരികേ,
നിജഹൃദയനികാമകാമരാഗ–
നിധിദാനവിഭവമൊഴികെ,
ഹാരകങ്കണവധൂഹരണധനം,
ഹാ! രസിച്ചുതരുവാനെവിടെയിനം. (വിശ്വ)

11

കീർത്തനം

സാവേരിരാഗം—ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ- | 1 | 2 | 5 | 6 | 8 | 9 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:– സരിമപധസ
അവരോഹണം:–സനിധപമഗരിസ

മേളകർത്താരാഗം:—മായാമാളവഗൗള=15

പല്ലവി

ഹരിഗീതപുരാലയ,
പാലയ, ദേവ.

അനുപല്ലവി

ഹരിസോദരീതനയ,
ഹാരാലംബനകംബുകണ്ഠാ. (ഹരി)

ചരണങ്ങൾ

മരതകമണിനിഭകേകിതുരഗ, ഭവ–
മരണജനിഹര,
സുരജനബ്രഹ്മമുഖസൈന്യഭരണചരണാ;
താരകമാരക, താരകരൂപക. (ഹരി)

ഹസ്തഗതനിശിതശക്തിദലിത-
ബലദിതിജസമുദായ;
ദുസ്തരനിഗമജലാശയതരണസമർത്ഥ;
നിസ്തുലകൃപാമൃതനിലയന. (ഹരി)
പാവകസംഭവ, സൈനികസേവന-
ഭാവനാവിനോദ;
ദേവനിവഹനുത, ദേഹാധികസുഖശ്രീകര,
ഷണ്മുഖ, ഭാവുകദായക. (ഹരി)

12

കീർത്തനം

കല്യാണിരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:—1 3 5 7 8 10 12
സ രി ഗ മ പ ധ നി

ആരോഹണം:—സരിഗമപധനിസ
അവരോഹണം:—സനിധപമഗരിസ

മേളകർത്താരാഗം—മേചകല്യാണി=65

പല്ലവി

വിജയ, വിശാഖ, വീരകുമാര,
വിജയ, വിശാഖ, വിഭോ.

അനുപല്ലവി

അജഭഗിനീസുത; അമരനിഷേവിത;
സുജനഗുണാവനസുഭഗതനോ. (വിജയവിശാഖവിഭോ)

ചരണങ്ങൾ

വരഹരിഗിരിതാളിധപുരവിരാജിത;
സുരരിപുതാരകവധചരിത . (വിജയവിശാഖവിഭോ)

ശുഭദേവതാവൃത, ശുകമുഖമുനിനുത;
വിഭവസുലഭധനപതിസേവ്യ. (വിജയവിശാഖവിഭോ)

വിഹഗമയൂരപരാസനഗണപതി-
സഹജനഹിത,ഷണ്മുഖദേവ. (വിജയവിശാഖവിഭോ)

13

കീർത്തനം

കസ്തൂരിദേവി

ശുദ്ധസാവേരിരാഗം-ത്രിപുടതാളം

സ്വരസ്ഥാനങ്ങൾ:— 1 3 6 8 10
സ രി മ പ ധ

ആരോഹണം:— സരിമപധസ

അവരോഹണം:- സധപമരിസ

മേളകർത്താരാഗം:-ധീരശങ്കരാഭരണം=29

പല്ലവി

ജയവിശാലകൃപാ-
ജലരാശേ, ദേവീ,
ജനപരിസേവിതേ.

അനുപല്ലവി

പ്രിയഭർത്തൃചരണാവലംബനെ,
സംയമമനോഗുണശോഭനേ,
നായകി, മൃഗനാഭി. (ജയ)

ചരണങ്ങൾ

ശാന്തിഭാവവദനേ,
ശാപതാപനാശിനി,
ഗാന്ധിലാളിതപാദേ,
ഗായകസേവ്യേ,
ഖാദിസാരിവസനേ,
ഖഗകളഭാഷിണി,
ഖാദനചലിതജീവിതേ,പരി-
ഖണ്ഡിതകനകഭൂഷണദുരാശേ. (ജയ)

ഋഷിവരാശ്രമ
സകലസാധനാർത്ഥ
കൃഷീരചനതൽപ്പരേ,
പരിജനമുഖ്യേ
സുഷിരരഹിതശീലേ,
സൂത്രസുധാരിണി,
പുഷ്ടിതപശുമൃഗ,
മേഷമുഖസഖീ
മഷിമയനയന
ബന്ധുരേ, മാതാ (ജയ)
പരമപാവനശ്രീ
ഗാന്ധിദേവഗൃഹോപദേ,
ഭാരതവധൂ-
ഭാഗവതപതാകേ,
ദൂരിതദുരിതസാധു
ജനനിവഹേ, ദേഹി
ഹരിജനാവന
പരിചരണപരിചയം;
ഹരിപദഭജനലോലേ. (ജയ)

## 14

## കീർത്തനം

## ഗാന്ധിജി

കമാസ്‌രാഗം-രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകർത്താരാഗം: —ഹരികാംബോജി=28

പല്ലവി

വിമലമോഹനദാസ,

വിനയഭൂഷണഭാസ.

അനുപല്ലവി

വിമതസേവനാദൽ, വിഷയവസനാത്തപാലന
പ്രിയദശ്ന,ജയജയാർദ്രമാനസ (വിമല)

ചരണങ്ങൾ

ശാന്തശീല,ശ്വേതചേല,
കാന്തമനോരഥവിമല
ബാലജനലീല. (വിമല)
ക്രാന്താദശ്നാ,നഘശമ്മദാപദി-
* സാന്ത്വനമധുരതരാനന്ദസ്നേഹവാഗവിശാരദ, (വിമല)

## 15

### കീത്തനം

രാമപ്രിയരാഗം-രൂപകതാളം

സ്വരസ്ഥാനങ്ങൾ:— 1 2 5 7 8 10 11
സ രി ഗ മ പ ധ നി

ആരോഹണം:— സരിഗമപധനിസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—രാമപ്രിയ=52

പല്ലവി

വാഞ്ഛിതവരമരുളുകാശു,
വല്ലീമണാള.

അനുപല്ലവി

വേദശാസ്ത്രനിപുണ, ശ്രീ
വേലായുധ, പ്രസീദ. (വാഞ്ഛിത)

---

* ഈ ഭാഗം അനുപല്ലവിപോലെപാടുക.

ചരണങ്ങൾ

വഴിതെററിയോടുമെന്നെ
വൈമനസ്യമരുളു നിൻെറ
കനിവൊത്തുകാത്തുകൊൾക.
ഹാരഗളോല്ലാസാഞ്ചിത,വര
"ഹരിഗീത"പുരനാഥ,
കേകിതുരഗ, കേവലാത്മ, സുരവന്ദിതപദ,
രാമകൃഷ്ണസുഖദ, ശ്രീകര. (വാഞ്ഛിത)

16

കീർത്തനം

രാമപ്രിയരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 2 | 5 | 7 | 8 | 10 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—രാമപ്രിയ=52

പല്ലവി

പാർവ്വതി, മമ സദനദേവി,
പാദം തൊഴുന്നേൻ.

അനുപല്ലവി

പാവനാർദ്രഹൃദയേ, ശ്രീ-
പാൽകുംഭസത്മവാസേ. (പാർവ്വതി)

ചരണങ്ങൾ

പലരാഗാപാവമെന്നിൽ
പൈശാത്പമരുളുവതു,
പരമെൻെറ പാപമെങ്കിൽ,
പഞ്ചമുഖോപാന്തസ്ഥിതസുത-

സുകുമാരസഹവാസേ,
പങ്കമതിനു, പങ്കജാക്ഷി, പരിഹാരമിടുക
രാമകൃഷ്ണസഹജമോദിനി. * (പാർവ്വതി)

17

കീർത്തനം

ആനന്ദഭൈരവി—ആദിതാളം

സ്വരസ്ഥാനങ്ങൾ:— 1 3 4 6 8 9 11
സ രി ഗ മ പ ധ നി

ആരോഹണം:— സരിഗമപധപനിസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—നഠഭൈരവി=20

പല്ലവി

ദേവി, ദയനീയനാകുമീയിവന്റെ മേൽ,
തൂവിടുകതുമിഴിക്കതിർ.

അനുപല്ലവി

ഭൂവിലേഗഹനതര-
ഭാവിഭാരം വഹിക്കുവാൻ. (ദേവി)

ചരണങ്ങൾ

താവകാധിവാസമിയലും, ഗേഹത്തിൽ
ജീവകാലവിശേഷാംശകംതുലോം,
സാവധാനമായ് കഴിഞ്ഞെത്തും സാദരതരം
സാധുവോർത്തു ഗൗരിസാമ്പ്രതം,
പാവനാദ്രീശനന്ദിനി നീ പരമകരുണയാൽ,

---

* ഈ ഗാനം പാൽകുംഭസത്മവാസയായ (തൃപ്പക്കുടത്തു ഗൃഹത്തിൽ വസിക്കുന്ന) കുടുംബദേവതയായ പാർവ്വതിക്കും, ഗ്രന്ഥകർത്താവിന്റെ സഹോദരിയായ പാർവ്വതിവാർഷ്ണേയ്യാക്കും ചേരുന്നതായി സൂക്ഷ്മാർത്ഥത്തിൽ കാണാം.

പാവമിവനുടെയുരുപാതകമെല്ലാം കളയൂ. (ദേവി)

പെററിട്ടൊരുതിഥിമുതലേ, പേപിടിച്ചാശ-
തെററിച്ചുവീഥിയിലൂടേ,
ചുററി നീളവേനടന്നു ഞാൻ, ചൂഷണമേറെ
പ്പററി വൃത്തിഹീനനുമായിതാ,
മുററിട്ടാ മൂഢതാഭാജനത്വമാന്നിതു, സദാ-
കോററിനു പാടുപെടുന്നു കോടീശാർച്ചിതവല്ലഭേ. (ദേവി)

ഹൂണരുടെ ഭാഷനാൾക്കനാൾ,
നാണയാശാപൂൎവ്വം പരിചയിച്ചു ഹാ ഹ! കേൾ
കേണനേകം സേവചെയ്തു,
നാണവും കലരാതെയടിമത്തമാന്നിതു;
ആണിവനെന്നൊരുനില വീണ്ടുമെടുപ്പതിനായി,
പാണിപിടിച്ചു ശരണമേകണേ, ശതസുഗുണേ (ദേവി)

സപ്തതിയടുത്തുവന്നു മേ, സത്ഭക്തിനിന്നിൽ,
സുപ്തമാണറികയിന്നുമേ;
ശപ്തമാനസാനുഭൂതിയോ, ഭൂരിസംസാര-
തപ്തനാമിവനു ഭൂതിയോ?
ഗുപ്തഗുരുദരരോഗദുസ്സഹസങ്കടഭയം,
സപ്തനാദേശ്വരി, സൎവ്വം നീക്കുക സൎവ്വമംഗളേ. (ദേവി)

18

കീൎത്തനം

സുരുട്ടിരാഗം—ത്രിപുടതാളം

സ്വരസ്ഥാനങ്ങൾ:— 1 3 5 6 8 10 11
സ രി ഗ മ പ ധ നി

ആരോഹണം:— സരിമപനിസ

അവരോഹണം:— സനിധപമഗപമരിസ

മേളകൎത്താരാഗം:—ഹരികാംബോജി=28

പല്ലവി

നിന്നുടെ കടാക്ഷവിനിയമനം, ശ്രീകര-
നിത്യകലകളുടെ നിദാനം.

അനുപല്ലവി

സന്നതേ, സത്യസ്വരൂപേ,
സകല മുനിവന്ദ്യഗിരിവരപുത്രീ,
സായൂജ്യദാത്രീ. (നിന്നുടെ)

ചരണങ്ങൾ

ഒരു വെറും പ്രഭുവായ ശ്രീവത്സൻ, തവസേവ,
നിരതം ചെയ്യവേ, ഓംകാരേ,
വിരുതു ചക്രവർത്തിതിലകനലഭ്യമായതും
തരസാ കൈക്കൊണ്ടില്ലേ, കൈതവമെന്യേ. (നിന്നുടെ)

കാളിടുന്ന മൂഢതകോലും, മേഷപാലകൻ;
കാളി നിന്റെ കൃപയാൽ,
കേളിമിളിത കാളിദാസാഖ്യപദമാന്നു,
മോളിചായിതു കവീശക്ക സർവ്വവുമാഹാ. (നിന്നുടെ)

വലിയ മൂകതയാന്ന മൂകാഖ്യൻ, ഭജനത്താൽ,
കലിതകൗതുകം, കാമാക്ഷി,
ഫലിതശ്ലോകപഞ്ചമസമപ്പണ പൂജയാൽ
കലിദോഷം ബത! മാറികാവ്യമുരച്ചു. (നിന്നുടെ)

## 19

### കീർത്തനം

കല്യാണിരാഗം—ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 7 | 8 | 10 | 12 |
| | സ രി | ഗ | മ | പ | ധ | നി | |

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകർത്താരാഗം:—മേചകല്യാണി=65

പല്ലവി

ജയജഗദംബേ, ജന്മാവലംബേ,
ജയജഗദംബേ, [1] ജയേ.........

അനുപല്ലവി

ജയബഹുതോൽവിയിലതിതരസന്തോഷ-
ഭയവുമടുത്തു വരികരുതിഹ (ജയ)

ചരണങ്ങൾ

സഹിതസഹാക്കളമലമനസ്കരു-
മഹിതവിഹീനരുമായി വരട്ടെ (ജയ)

ദിനമനുനിന്നുടെ യടിമലരിണമൃദു-
വനജഭജനരതി വളരട്ടെ. (ജയ)

മഹിഷമഹാസുര ഖണ്ഡനകരഗത-
മാനിതകരവാളമിളിതേ. (ജയ)

## 20

## കീർത്തനം

(രാഗമാലിക)

(1)

ശങ്കരാഭരണരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—ധീരശങ്കരാഭരണം=29

കൃഷ്ണഗാന സദന[2] ശ്രീ-
കൃഷ്ണ ഭാഗിനേയ, "രാമ-

---

1 ജയേ=ഭഗവതിയെപ്പററി സംബോധന
'വിജയം, ജയം ഭഗവതി' ഇത്യാദി ലഘുസ്തുതിസ്മര്യം

2 കൃഷ്ണഗാനസദനം: കൃഷ്ണ=ഹരി, ഗാനം=പാട്ട്, കൃഷ്ണഗാനം=ഹരിപ്പാട്ട്.

കൃഷ്ണസേവിത," കൈതൊഴാം
കൃഷ്ണസാരവിലോചന! (കൃഷ്ണ)

(2)

കാംബോജിരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:—ഹരികാംബോജി =28

തൃഷ്ണയാം മഹാകഠിന-
മുഷ്ണഭാവമകററുവാൻ
തൃപ്പദാംബുജ ഭക്തിയാം
തീർത്ഥമാശു തളിക്കുമോ. (കൃഷ്ണ)

(3)

നീലാംബരിരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധപനിസ
അവരോഹണം:— സനിപമഗരിസ
മേളകർത്താരാഗം:—ധീരശങ്കരാഭരണം. =29

ബാല്യകാലോദയത്തിലെ
ബാധിച്ച ബഹുപീഡകൾ
ബാഹുലേയ, ശമിക്കുവാൻ
ബാഹനിപീഡനമേകു. (കൃഷ്ണ)

(4)

ഭൈരവിരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 4 | 6 | 8 | 9 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകൎത്താരാഗം: —നഠഭൈരവി =20

മാതൃമാതുലരും തവ—
മന്ദിരസേവകരാംചെയ്തു;
മാമകമാനസച്ഛായ്യ—
മാവഴിതിരിയുകയാം. (കൃഷ്ണ)

(5)

തോഡിരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 2 | 4 | 6 | 8 | 9 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകൎത്താരാഗം:—ഹനുമത്തോഡി =8

കാലമോകഴിഞ്ഞുദ്യോഗ—
വേലയുമൊഴിഞ്ഞിനിമേൽ,
ബാലാ സുകുമാരാ തവ
പേലവ പാദമേഗതി. (കൃഷ്ണ)

(6)

സുരുട്ടിരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 5 | 6 | 8 | 10 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിമപനിസ

അവരോഹണം:— സനിധപമഗപമരിസ

മേളകൎത്താരാഗം:—ഹരികാംബോജി =28

പാൎവ്വതീനന്ദനചാരു—
പാൎവ്വണ ചന്ദ്രവദന,

പാപതാപകോപാദിവി-
പാടനംചെയ്യുക; വിഭോ. (കൃഷ്ണ)

(7)

നാഥനാമക്രിയാരാഗം—രൂപകതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:– | 1 | 3 | 5 | 6 | 8 | 9 | 12 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:– സരിഗമപധനി
അവരോഹണം:– നിധപമഗരിസനി
മേളകർത്താരാഗം:–മായാമാളവഗൗള =15

ദേവസേനാധിപാ മമ–
ദേഹസുഖമരുളിമേൽ,
കേവലപരമാനന്ദ–
ഭാവവും തരിക ഭവാൻ. (കൃഷ്ണ)

(8)

ഭൂപാളരാഗം—രൂപകതാളം

| | | | | | |
|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:– | 1 | 2 | 5 | 8 | 9 |
| | സ | രി | ഗ | പ | ധ |

ആരോഹണം:– സരിഗപധസ
അവരോഹണം:– സധപഗരിസ
മേളകർത്താരാഗം:–മായാമാളവഗൗള =15

മോഹനമയിൽവാഹന,
മോഹമങ്ങൊത്തിരിക്കുവാൻ,
മോടിയോടുവരികാത്മ–
മോചനത്തിലെൻറമുമ്പിൽ (കൃഷ്ണ)

21

കീർത്തനം

ഖരഹരപ്രിയരാഗം-ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 3 | 4 | 6 | 8 | 10 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:— സരിഗമപധനിസ
അവരോഹണം:— സനിധപമഗരിസ
മേളകർത്താരാഗം:— ഖരഹരപ്രിയ=22

പല്ലവി

രാമ,നിന്നൊടനുരാഗരഹിതരിഹ
"നാമരുചി"യറിയുമോ; ഓ, സീതാ (രാമ)

അനുപല്ലവി

കാമിനിവേഷധാരിണി, സ്വാധ്വിയുടെഗതി
കാമമറിയുമോ; രാമ, സീതാ (രാമ)

ചരണങ്ങൾ

സ്വന്തസൗഖ്യസുഖബോധരഹിതനിത-
രനറിവുനൽകുകയെല്ലതോ.
വലിയൊരുപുലിഗോരൂപമായാൽ
* വത്സവും സപദിവാല്യമുണ്ടാമോ. (രാമ)

## 22

### കീർത്തനം

മന്ദാരിരാഗം-ആദിതാളം

| | | | | | | |
|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:— | 1 | 2 | 5 | 7 | 10 | 11 |
| | സ | രി | ഗ | മ | പ | നി |

ആരോഹണം:— സരിഗമപനിസ
അവരോഹണം:— സനിപമഗരിസ
മേളകർത്താരാഗം:—നാമനാരായണി=57

പല്ലവി

പരലോകഭയമെന്നിയെ,ഭവ-
പാശബദ്ധരായി, നാം—

* ഈ ഭാഗം അനുപല്ലവിപോലെ പാടാം.

അനുപല്ലവി

കരിമുകിൽശൃംഗാരരാമ, ശിബി-
കാദിയൊക്കയിവക്കുണ്ടെന്നുകരുതി (പര)

ചരണങ്ങൾ

കെട്ടിയോരവളാണിക്കുട്ടികളും,
പട്ടുചേലകളുമരിയവീടുകളും,
ഒട്ടുകാണവെദേവലോകമെന്നു
തിട്ടമോത്തുനാം, രാമകൃഷ്ണനുത (പര)

23

കീത്തനം

ധന്യാസിരാഗം-ആദിതാളം

സ്വരസ്ഥാനങ്ങൾ:— 1 2 4 6 8 9 11
സ രി ഗ മ പ ധ നി

ആരോഹണം: — സഗമപനിസ
അവരോഹണം:— സരിഗമപധനിസ
മേളകത്താരാഗം:—ഹനുമത്തോടി=8

പല്ലവി

സംഗീതജ്ഞാനമൊ, ഭക്തിവിനാ,
സന്മാർഗ്ഗമൊ,വരുമോ, മനമേ. (സംഗീത)

അനുപല്ലവി

ഭൃംഗിനടേശസമീരഘടജ മ-
തംഗനാരദാദിയുപാസിക്കും. (സംഗീത)

ചരണങ്ങൾ

ന്യായാന്യായവുമറിയാം; ജഗത്തിഹ
മായാമയമെന്നുമറിയാം; ദുർഗ്ഗുണ
കായജാദിയാറരികളെവെല്ലും
കാര്യവുമറിയാം, രാമകൃഷ്ണനുടെ (സംഗീത)

24

കീർത്തനം

ഖരഹരപ്രിയരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:— 1 3 4 6 8 10 11
സ രി ഗ മ പ ധ നി

ആരോഹണം:— സരിഗമപധനിസ

അവരോഹണം:— സനിധപമഗരിസ

മേളകർത്താരാഗം:—ഖരഹരപ്രിയ=22

പല്ലവി

സങ്കല്പമെന്തഹോ, മനമേ,
സാകേതനൃപതിയാംരാമൻെറ (സങ്കല്പ)

അനുപല്ലവി

പങ്കേരുഹാസനനായ
പണ്ഡിതനുമറിയാമൊ,അറിയാതൊ? (സങ്കല്പ)

ചരണങ്ങൾ

സർവ്വജീവാന്തഃകരണസ്ഥിതനായ്,
സർവ്വകർമ്മസമയസാക്ഷിയായുള്ളൊരു
സർവ്വലോകനിയാമകനായ്‌വിലസും
സർവ്വേശനായരാമകൃഷ്ണനുടെ. (സങ്കല്പ)

25

കീർത്തനം

ശ്രീരഞ്ജിനിരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 3 4 6 10 11
സ രി ഗ മ ധ നി

ആരോഹണം:-സരിഗമധനിസ

അവരോഹണം:-സനിധമഗരിസ

മേളകർത്താരാഗം-ഖരഹരപ്രിയ=22

പല്ലവി

മാറിമിണ്ടിടാതേമേവുമോ
മാമനോരമണ-

അനുപല്ലവി

വ്യാജമായ ഭജനചെയ്തുവൊഞ്ഞാൻ
വ്യാസാദിവിനുത. (മാറി)

ചരണങ്ങൾ

ട്ടരെയായിരിക്കമെൻെറഹൃദ-
യാരവിന്ദസീമനിമരുവി,
ട്ടനതവളരാതെമോദ-
*മേക്രു,രാമകൃഷ്ണനുത. (മാറി)

26

കീർത്തനം

മുഖാരിരാഗം—ആദിതാളം

| | | | | | | | |
|---|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:- | 1 | 3 | 4 | 6 | 8 | 9 | 11 |
| | സ | രി | ഗ | മ | പ | ധ | നി |

ആരോഹണം:-സരിമപധനിധസ
അവരോഹണം:-സനിധപമഗരിസ

മേളകർത്താരാഗം-നഠഭൈരവി=20

പല്ലവി

എപ്പൊഴുതലിവുകാട്ടുമൊ
എളിയവനിലയി നീ-

അനുപല്ലവി

എപ്പൊഴോ,കടക്കണ്ണയക്കിലും പോരുത്തു,
ഏറെനിന്നിൽവിശ്വാസംതുള്ളുന്നുമെന്നിൽ. (എപ്പൊ)

---

*ഈ ഭാഗം അനുപല്ലവിപോലെ പാടുക.

ചരണങ്ങൾ

പെററതല്ലതന്തഗുരുദൈവവുമങ്ങാണെന്നു-
കരുതിട്ടമിവനെയനിശം കാത്തുവരംതരു.
മുററുമെനിക്കത്തുംഗഭക്തിനിറയെ-
*യുള്ളതായറിവുവിടാതെ,രാമ,സേവകനെന്നിൽ. (എപ്പൊ)

27

കീൎത്തനം

മലയമാരുതരാഗം—ആദിതാളം

| | | | | | | |
|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ:- | 1 | 2 | 5 | 8 | 10 | 11 |
| | സ | രി | ഗ | പ | ധ | നി |

ആരോഹണം:-സരിഗപധനിസ
അവരോഹണം:-സനിധപഗരിസ

മേളകൎത്താരാഗം-ചക്രവാകം=16

പല്ലവി

ധന്യരാണവർ,
ധാമനിധേ.

അനുപല്ലവി

അന്യകാൎയ്യസക്തരാകാതാത്മ-
ജന്യാനന്ദാമൃതപാനികളാരോ? (ധന്യ)

ചരണങ്ങൾ

വരമട്ടള,താളാദി,തംബുരു,വീണവാദനകൾ
ചെയ്തുപാടി,
സ്വരശുദ്ധിസമേത,മമരും ശ്രീവരദ-
വെങ്കിടേശഭജകരുമാരോ? (ധന്യ)

---

*ഈ ഭാഗം അനുപല്ലവിപോലെ പാടാം.

28

ഹംസധ്വനിരാഗം—രൂപകതാളം

സ്വരസ്ഥാനങ്ങൾ:- 1 3 5 8 12
സ രി ഗ പ നി

ആരോഹണം:-സരിഗപനിസ

അവരോഹണം:-സനിപഗരിസ

മേളകർത്താരാഗം-ധീരശങ്കരാഭരണം=29

പല്ലവി

മനമലിയുകയില്ലേ, ശ്രീ-
മാനിനീമനോഹര, നിന്റെ (മന)

അനുപല്ലവി

വനജഭവാദിവിനുത,ഗീ-
ർവ്വാണാതുലരക്ഷക, നിന്റെ (മന)

ചരണങ്ങൾ

ഒരുമടിയെന്തിനുനിൻകല-
വിരുതിഹകരുതിക്കാണുക;
ശരണം തേടിടുകവെനിജ-
ശരീരമറുത്തേകീടിനകരുണാ-
മൃതനിധിശിബിനിന്നുടെ പിതാമഹൻ, മഹിതൻ (മന)
*ശരിയതുമോക്ഷദന്നാ
ശ്രീവരദവെങ്കിടേശസ്വരനീ (മന)

29

കീർത്തനം

മദ്ധ്യമാവതിരാഗം—രൂപകതാളം

സ്വരസ്ഥാനങ്ങൾ:— 1 2 6 8 11
സ രി മ പ നി

---

*ഈ ഭാഗം അനുപല്ലവിപോലെ പാടാം.

ആരോഹണം:—സരിമപനിസ
അവരോഹണം:—സനിപമരിസ

മേളകത്താരാഗം—ഖരഹരപ്രിയ=22

പല്ലവി

അളകമാകെയാടിവിലസി,
ആരാമൻെറഅതിളംഗിയിൽ.

അനുപല്ലവി

അഴകഃതറിബത,മരീ-
ചൻെറ മദമണച്ചുഃപോതു (അളക)

ചരണങ്ങൾ

മുനിമിഴികണ്ടരിയഗിരിശ-
മണിചിലയൊടിച്ചപോതു (അളക)
*അഭിരാമകൃഷ്ണവിനുതൻെറ
അമ്പിളിമുഖത്തു. (അളക)

30

കീർത്തനം

തോഡിരാഗം-ചായ്പുതാളം

സ്വരസ്ഥാനങ്ങൾ:- 1 2 4 6 8 9 11
സ രി ഗ മ പ ധ നി

ആരോഹണം:- സരിഗമപധനിസ
അവരോഹണം:- സനിധപമഗരിസ
മേളകത്താരാഗം:- ഹനുമത്തോഡി=8

പല്ലവി

എങ്ങൊളിച്ചിരിപ്പൂ, ശ്രീരാമ,
ഇങ്ങുവരാ,നെപ്പൊഴുതലിവെത്തുമോ. (എങ്ങൊ)

---

*ഈ ഭാഗം അനുപല്ലവിപോലെ പാടുക.

അനുപല്ലവി

വെമ്പരുതരുതിഹബത! കേളെന്മുറവിളി,
മുമ്പതിവനുളകതരെരക്ഷിക്കുക. (എങ്ങൊ)

ചരണങ്ങൾ

ഒരുനാളിൽകനകകശിപുനിസ്സീമ-
പരുഷനായി,സുതനു സകലബാധവരുത്തവെ,മനസി,
തുംഗവിനിശ്ചിതനായപ്രഹ്ലാദനു
തുണ്ണതുണിനകത്തുവസിച്ചു-
കൊടുത്താർത്തിയിവായ്. (എങ്ങൊ)

31

കീർത്തനം

സാവേരിരാഗം-ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 2 5 6 8 9 12
സ രി ഗ മ പ ധ നി

ആരോഹണം:- സരിമപധസ

അവരോഹണം:- സനിധപമഗരിസ

മേളകർത്താരാഗം:- മായാമാളവഗൗള=15

പല്ലവി

എന്തുമെച്ചമറിവുകളാലെ,
എന്തിനിച്ചപലത, മനമേ—

അനുപല്ലവി

ഹന്ത! ബഹുശാസ്ത്രസാഹിത്യരസ-
സംഗീതബോധത്തിനാലെ. (എന്തു)

ചരണങ്ങൾ

പരകായപ്രവേശാദിതന്ത്രമൊടു,
പരതത്വാദിവിജ്ഞാനമൊടു,
പരലൗകികവിവിധവിനയാലു,
മരിയരാമകൃഷ്ണനൻറകൃപയെന്യേ. (എന്തു)

32

## കീർത്തനം

മന്ദാരിരാഗം-ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 2 5 7 8 11
സ രി ഗ മ പ നി

ആരോഹണം:- സരിഗമപനിസ

അവരോഹണം:- സനിപമഗരിസ

മേളകർത്താരാഗം:- നാമനാരായണി=50

പല്ലവി

ഒരു കുററമില്ല നിനക്കു, മനമേ,
പുരുപൂർവ്വാർജ്ജിതപാപഫലാതമഹോ!

അനുപല്ലവി

തനയാദിധനപാശബദ്ധനായ്
ജനനീചനിന്ദിതനായ് വന്നതിൽ (ഒരു)

ചരണങ്ങൾ

പലനാളു,ദുർഭാഷിയായുഴറി,
കുലഹീനമായ കൃത്യവുംചെയ്തു;
വിലസീടുമാത്മരാമകൃഷ്ണനന്ത-
നിലയമേറിനാമമുരക്കാത്തതിൽ. (ഒരു)

33

## കീർത്തനം

ധന്യാസിരാഗം-ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 2 4 6 8 9 11
സ രി ഗ മ പ ധ നി

ആരോഹണം:- സഗമപനിസ

അവരോഹണം:- സനിധപമഗരിസ

മേളകർത്താരാഗം:- ഹനുമത്തോ,ഡി=8

പല്ലവി

ധ്യാനമേവരാമായഗംഗാ-
സ്നാനമേ, മനമേ, രാമ— (ധ്യാന)

അനുപല്ലവി

മാരിനീരിൽ മുഴുകിമുഴുകിയാലും-
മാലിന്യം ഹാ! കഴുകിക്കളയാമോ? (ധ്യാന)

ചരണങ്ങൾ

പരധനനാരീഗണമണിദൂരീ-
കരണം, പരപരിരക്ഷാസമരീ-
കരണവുമെഴും ശ്രീരാമനെ, നേരീ-
രാമകൃഷ്ണനറിയെച്ചെയ്വതായ. (ധ്യാന)

34

കീർത്തനം

രവിചന്ദ്രികംരാഗം-ആദിതാളം

| | | | | | | |
|---|---|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ- | 1 | 3 | 5 | 6 | 10 | 11 |
| | സ | രി | ഗ | പ | ധ | നി |

ആരോഹണം:- സരിഗമധധനിസ

അവരോഹണം:-സനിധമഗരിസ

മേളകർത്താരാഗം:-ഹരികാംബോജി=25

പല്ലവി

നാമെന്തിനായ്വിഷാദിപ്പൂ,
നതിചെയ്താൽ; ശ്രീരാമചന്ദ്ര (നാമെ)

അനുപല്ലവി

സാകേതരാജകുമാര
സൽകേതമന്ദാര, ശ്രീകര (നാമെ)

ചരണങ്ങൾ

ബഹുലോകനാടകസൂത്ര
ധരണമഭംഗുരമേന്തിനകരമരുളി,
* ബഹുമാനമോടാടീട്ടമുമാ-
വരരാമകൃഷ്ണവിരിഞ്ചവിനുത. (നാമ)

35

കീർത്തനം

മണിരംഗുരാഗം—ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 3 4 6 8 11
സ രി ഗ മ പ നി

ആരോഹണം:—സരിമഗാമപനിസാ,സരിമപനിസാ
അവരോഹണം:–സനിപമഗരിസ
മേളകർത്താരാഗം:–ഖരഹരപ്രിയ=22

പല്ലവി

ഇനിയെങ്കിലുമെൻെറ വിളികേൾക്കു
ഇനകുലതിലക, ഇതു സമയമായ്.

അനുപല്ലവി

അകളങ്കനാം നീയാധാരമെന്നാ-
യാശ്രയിച്ചില്ലെ, ആദരിക്കവേഗം (ഇനി)

ചരണങ്ങൾ

പരമദയാകരനായ ദേവ,
പ്രഹ്ലാദഹിതാർത്ഥം,
കരുണാസമേതമുത്ഥാനമാന്ന-
തിരുപ്പതിപുരവരദവെങ്കിടേശ! (ഇനി)

36

കീർത്തനം

ഷണ്മുഖപ്രിയരാഗം-ആദിതാളം

സ്വരസ്ഥാനങ്ങൾ:- 1 3 4 7 8 9 11
സ രി ഗ മ പ ധ നി

---

* ഈ ഭാഗം അനുപല്ലവിപോലെപാടാം.

ആരോഹണം:- സരിഗമപധനിസ
അവരോഹണം:- സനിധപമഗരിസ
മേളകർത്താരാഗം:-ഷണ്മുഖപ്രിയ=56

പല്ലവി

ഇനിവേറെയാരു സഹായമീശ,
ഇങ്ങനിങ്ങനിതയി പറയണമോ. (ഇനി)

അനുപല്ലവി

തിമിരോപമാധിയിന്നാശു-
തീർത്തുദയചെയ്തു രക്ഷിപ്പതു നീ മഹാത്മാ (ഇനി)

ചരണങ്ങൾ

നിന്നെ വിശ്വസിച്ചു വാഴുവാനെന്നതു,
നിന്നുള്ളിനുദിവസമിരിക്കവെ,
*സന്തത"ശ്രീഷണ്മുഖപ്രിയാ"ഗ്ര്യ-
നെന്നെത്തള്ളുകയെന്നതന്ന്യായമാം (ഇനി)

★

---

* ഈ ഭാഗം അനുപല്ലവിപോലെ പാടാം

# തിരുവാതിരപ്പാട്ടുകൾ

യദുകുലകാംബോജി—ആദിതാളം

സാരി

മാർകവിഞ്ഞമോദമോടുമങ്കമാരേ, കേൾപ്പിൻ,
മാർകഴിത്തിരുവാതിര വന്നിട്ടുന്നു. (തൈത്തൈ)
മഞ്ഞുപെയ്യുമന്നുഷസ്സിൽ മാദ്ധ്വീരസംപോലെ,
മഞ്ജുളമായ് കുക്കുടങ്ങൾ കൂവിടുമ്പോൾ, (തൈത്തെ)
നിദ്രവെടിഞ്ഞെഴുന്നേററു നിങ്ങളെല്ലാം മുമ്പിൽ
ഭദ്രതരമായ ദീപം വെച്ചീടുവിൻ; (തൈത്തെ)
ഇന്ദിരാനടനത്തിനു യോഗ്യമായിത്തീരാൻ,
മന്ദിരമടിച്ചുവാരിശ്ശുദ്ധമാക്കിൻ! (തൈത്തെ)
കഷ്ടതകളൊക്കെയോടിക്കാട്ടുകേറീടുവാ-
നഷ്ടമംഗല്യവും വെച്ചു വന്ദിക്കുവിൻ! (തൈത്തെ)

ഇരട്ടി

മടിയരുതിഹരവിമലമുകളേറി-
വരുന്നേരത്തു,പാടി-
ത്തുടികുളിതുടരുവതിന്നു സ-
രസ്സിലിറങ്ങീടുവിൻ! (തൈത്തെ)
പുരികമൊടെതിരൊളിയോളമിളക്കി-
യടിച്ചു കൈത്താർനീരിൽ,
ചിരിയൊടു സദൃശം പതയുമു-
തിർത്തു പറപ്പിക്കുവിൻ! (തൈത്തെ)
സ്നാനമേവം കഴിച്ചാശു സർവ്വേശ്വരനായ
ദീനവത്സലന്റെ കാൽത്താർ കൈവണങ്ങിൻ (തൈത്തെ)

ഭൂഷണഭ്രമമകന്നു കാലോചിതമായ
വേഷത്തോടുകൂടി വ്രതം നോററിരിപ്പിൻ! (തൈത്തെ)
സ്നേഹാർദ്രമധുരമായിട്ടാസ്വാദ്യമാം സാത്വി-
കാഹാരത്തെമിതമായിബ്ഭക്ഷിക്കുവിൻ! (തൈത്തെ)
ചന്തമേറും കതിരവനസ്തമിച്ചാലുടൻ,
പന്തലിൽ നിലവിളക്കുവെച്ചു നിങ്ങൾ, (തൈത്തെ)
വട്ടമിട്ടുനിന്നു മലമങ്കയാളെ മാല-
യിട്ടദേവനെസ്തുതിച്ചു പാട്ടുപാടിൻ! (തൈത്തെ)

ഇരട്ടി

കളമൂട്ടുമൊഴികളുരച്ചു മുറുക്കി-
രസിച്ചുകൊണ്ടു മേന്മേൽ
കളഹംസാഞ്ചിതഗമനകൾ-
നിങ്ങൾ കളിച്ചീടുവിൻ! (തൈത്തെ)
കലിമലമകലെയകന്നിടുവതിനാ-
യ് കാമദേവാന്തകൻ,
കലിതകടാക്ഷത്തുമഴ ന-
മ്മിൽത്തൂവിടട്ടേ! (തൈത്തെ)

2

സാരി

കുന്ദബാണനരിപുവിന്റെ നന്ദനനാം ദേവൻ,
സുന്ദരാംഗൻഹരിഗീത മന്ദിരേശൻ (തൈത്തൈത്തെ)
നന്ദ്യാതിരുവാതിരനാളാറാടുവാനായി,
മന്ദമെഴുന്നള്ളുന്നിതാ, തോഴിമാരേ. (തൈത്തെ)
സ്കന്ദൻടെ പാദങ്ങളെ വന്ദിക്കുവായി,
സുന്ദരാംഗിമാരെ, നിങ്ങൾ വന്നീടുവിൻ. (തൈത്തെ)
ഇന്ദീവരസമനേത്രവൃന്ദംകൊണ്ടു ദേവൻ,
ഇന്നു നമ്മെ ഒന്നുകടാക്ഷിച്ചിടട്ടെ. (തൈത്തെ)

ദന്തിവരൻെറ ശിരസ്സിലിണങ്ങും ബാഹുലേയൻ തൻെറ
ചന്തമെഴുന്നതിബന്ധുരമാകിയ രൂപം കണ്ടാൽ; (തൈത്തെ)
എന്തുവിചിത്രമിതഞ്ജനഗിരിയുടെ മേൽഭാഗത്തുമിന്നു–
മന്തരമററൊരു വിദ്യുൽപുഞ്ജമതെന്നുതോന്നും. (തൈത്തെ)
ഫാലവിലോചനബാലവിരാജിതവേലു കാണ്മിൻ നിങ്ങൾ
ബാലദിവാകരനാണിതുവിബുധസരോജങ്ങൾക്കു് (തൈത്തെ)

3

കുറത്തി

വാർകുഴലിമാരെനിങ്ങൾ വന്നു വാങ്ങിക്കൊൾവിൻ,
വാസനവിതറും കുളുർവാടിപെററപൂക്കൾ.
വാനിലക്കനെത്തിവെയിൽമൂത്തിടുന്ന മുമ്പിൽ,
വാടിടാതെ പറിച്ചു ഞാൻ കൊണ്ടുവന്നപൂക്കൾ
നിങ്ങളെല്ലാമുഷസ്സിങ്കൽ നിദ്രചെയ്തീടുമ്പോൾ,
നിർഭയം തനിച്ചുപോയ് ഞാൻ ശേഖരിച്ചപൂക്കൾ
നിമ്മലമാം നാരിൽചേർത്തു നീണ്ടമാലകെട്ടാൻ
നിണ്ണയമുതകും നിറംമറിടുന്നപൂക്കൾ
പൂക്കൾ, പൂക്കൾ, പൂക്കൾ, പൂക്കൾ,
പൂക്കൾ, പൂക്കൾ, പൂക്കൾ,
പൂങ്കുഴലിലണിയുവാനുള്ള നല്ലപൂക്കൾ,
പൂക്കൾ, പൂക്കൾ, പൂക്കൾ, പൂക്കൾ
പൂക്കൾ, പൂക്കൾ, പൂക്കൾ
പൂർവ്വപുണ്യാകൊണ്ടുമാത്രം
കിട്ടിടേണ്ടപൂക്കൾ.

4

കുറത്തി

മൂലതാരജാത ഭൂമിപാലഭാഗിനേയൻ
ബാലരാമവമ്മാഭിധൻ ശീലഗുണയുക്തൻ

ബാലമാർത്താണ്ഡഗ്രജൻ ശ്രീബാലമാർത്താണ്ഡാഭൻ
കാർത്തികതിരുനാൾ തന്റെ കീർത്തിയെഴും ജ്യേഷ്ഠൻ
പാർവ്വതി മഹാറാണിതൻ പ്രാണനാകും പുത്രൻ
അൻപുകൂട്ടും കൊച്ചുകോയിത്തമ്പുരാന്റെ ജീവൻ
വഞ്ചിധരാപൂർവ്വപുണ്യസഞ്ചിതമണാളൻ
പത്മനാഭ ചാരുപാദപത്മസേവാസക്തൻ
കാവ്യകാരന്മാർക്കു കാമ്യദിവ്യദീപാദർശം
ചിത്തിരതിരുനാൾ ജനചിത്തരാജീവാർക്കൻ
ധീരോചിതപരിഷ്കാരമോരോവിധം നാട്ടിൽ
സാദരം നടപ്പിലാക്കിസ്സാദമേതുമെന്യേ
രാജ്യഭാരം ചെയ്തു ലോകപൂജ്യനായി വെൽവൂ
ആയിരത്തിരുനൂററിപന്തിരാണ്ടിലെ തുലാത്തിൽ
ആഹതമാമതിശുഭ യോഗചിത്രാഹസ്സിൽ
അത്ഭുതമാമപദാനശില്പനിർമ്മിതിയിൽ
ഉൽപതിഷ്ണുവായ നൃപനുൾക്കനിഞ്ഞു മേന്മേൽ
ശ്ലാഘ്യമായ വിളംബരശാസനായുധത്താൽ
ശാഠ്യമേറുമയിത്തപ്പിശാചിനെ ക്ഷണത്തിൽ
വാസുദേവനൊരു കംസവാരണത്തെപ്പോലെ
വാട്ടമെന്യേ വലിച്ചു തൻ നാട്ടിൽനിന്നെറിഞ്ഞു
ജാതിയിലധഃകൃതരെന്നോതിടുവതിപ്പോൾ
നീതിയില്ലെന്നുള്ള ബോധം ജാതമായി നാട്ടിൽ
അമ്പലത്തിലവർണ്ണർക്കുമൻപിനോടുകൂടി
കമ്പമെന്യേ കടന്നെത്തി കുമ്പിടുമാറായി
സത്വരമിസ്സന്ദേശത്തിൽ സത്വഗുണവായ്പാൽ
സമ്പ്രതിഷ്ഠിതമായല്ലോ സർവ്വസാഹോദര്യം.

## 5. ചിത്രോത്സവം

"കാതരമിഴിമാർ" എന്ന മട്ട്

ഭാസുരമുഖിമാരിന്നു ധരിപ്പിൻ, വിഷു-
വാസരമല്ലേ വരുന്നു,

ക്രൂസലിില്ലതിന്നുമോടി
യാസകലം നിങ്ങൾക്കൂടി,
വാസനപോലൊന്നുപാടി
രാസകേളിചെയ്യപാടി.
മത്സരമെല്ലാം കളയുവിനിന്നകലേ,"ഹരിഗീതേശ"-
ന്നുത്സവമല്ലേ വന്നതു വഴിപോലെ,
വിസ്മയമോർത്താൽഭൂമിയിലിതുപോലെ,മററാരുഘോഷം,
മത്സഖിമാരേപറവിതിനിനിമേല.
സൂര്യോദയത്തിൽനിങ്ങൾ കളിച്ചിടേണം,
ഓരോരോപാട്ടുപാടിത്തുടിച്ചിടേണം.
താരകവിരോധിയെസ്മരിച്ചിടേണം,
താരേശമുഖിമാരേ ധരിച്ചിടേണം.
കുട്ടിനിശാകരമട്ടപെകന്നൊരുനെററിയിൽ
നല്ലൊരുപൊട്ടുതാടേണം. (ഭാസുര)
ദൃഷ്ടിയിലഞ്ജനമഴകൊട ചേർക്കേണം,കോട്ടാറൻകസ-
വിട്ടൊരുപുടവഞ്ഞൊറിഞ്ഞുമുടക്കേണം,
കട്ടികുറഞ്ഞൊരുകവണിധരിക്കേണം,അതിൻമുകളിൽ
മട്ടുകളിങ്ങനെപലതുംചേക്കണം
പട്ടണകാപ്പുകയ്യിൽഘടിപ്പിക്കണം
അഡ്യലുംപതക്കവും കഴുത്തിൽവേണം
വട്ടണിമുലരണ്ടുംമറച്ചിടേണം
പട്ടുപൊൻ റവുക്കതന്നതിനുവേണം
പൃഷ്ഠിയിലക്കസവിട്ടൊരു വേഷ്ടിയു
മിട്ടു പുതച്ചൊരുമട്ടുപകരണം. (ഭാസുര)
ഇമ്പമൊടഖിലരുമൊത്തു നടക്കേണം,
വേലായുധൻെറ-
ആമ്പലമുൾവൃക്കമ്പിൽ നമിക്കേണം,

ശംഭുസുതൻകൃപ നിങ്ങളിലേകേണം,
മംഗല്യമെന്നും
ഡിംഭകരോടും നിങ്ങളിൽ വാഴേണം.

കമ്പമകന്നു നിങ്ങൾ ഗുഹനെത്തന്നെ,
സമ്പ്രതിവലംവച്ചു നമിക്കപിന്നെ,
തമ്പുരാൻ"ശീവേലിക്കു"വിളങ്ങുംമുന്നേ
തൻപുരങ്ങളിൽചെന്നുഭുജിച്ചുപിന്നെ;
ഒത്തുചമഞ്ഞൊരുമുത്തൊടുമെത്തി
നിരന്നുവിളങ്ങുകഗുഹനുടെദേവനെ (ഭാസുര)

മുക്കിലൊളിച്ചുപതുങ്ങിവസിക്കരുതേ,നിങ്ങളിലാരും
തിക്കിലിടയ്ക്കുകടന്നുംപോകരുതേ,
ചക്കിയുണ്ണിച്ചിരിതൊട്ടവിരൂപികളെ,ക്കൂട്ടത്തിൽനിങ്ങൾ
തക്കമകന്നുനടക്കാൻചേക്കരുതേ.

ഏണീകിശോരസമനയനമാരെ,
വാണീവിധംഭജിപ്പിൻഗുഹനെ,ചാരേ,
വാണീവരാദിവന്ദ്യൻകുമാരൻനേരേ
വാണീടുവാൻതുണയ്ക്കുംസുമുഖിമാരേ,
പാണിപിണച്ചുഥതാണുവണങ്ങുവി–
നേണധരാത്മജപാദയുഗമനിശം. (ഭാസുര)

## 6

'കാതരമിഴിമാർ' എന്ന മട്ട്

പല്ലവി

ചിത്തിരതാരതിരുനാൾ, വാണീടവേണ,
മിത്തിരുവണാട്ടിൽ നീണാൾ.

അനുപല്ലവി

പത്തിനോടുക്കൂടിപ്പത്തും,
പത്തിനങ്ങിപ്പതിപ്പത്തും,

ഒത്തിരുന്നു ചേൻമുത്തും—
അത്തിരുനാളെത്തി,മുത്തും.

(1)

ചരണങ്ങൾ

ചിത്തിരതിരുനാളുത്സവമൊന്നെല്ലോ,വഞ്ചിനാട്ടിലെ—
ത്തിരുവോണമഹാമഹമെന്നെല്ലോ,
സുസ്ഥിരമായത്തു; പൗരരുമെന്നെല്ലോ,സന്തോഷോന്മേഷ-
പ്രസ്ഥിതരായി രസിപ്പതു; നന്നെല്ലോ.
തത്തിക്കളിക്കും കൊടിയുയർത്തിനാട്ടി,
ഇത്തിരുമേനി സ്തുതിപൊഴിച്ചുപാട്ടിൽ,
കത്തിടും രാജഭക്തി തെളിച്ചുനാട്ടിൽ,
കുത്തിയൊഴുക്കിടുന്നു ജനങ്ങൾ പാട്ടിൽ.
ഇത്തിരുഭൂപതി,
മെത്തിനബഹുമതി,
ഇത്തിഥികാണ്മതി—
നെത്തിയസുരപതി— (ചത്തിര)

(2)

ദുർവ്വഹമാകിയവഞ്ചിരസാഭരണം,തൃക്കഴ്വിണയിൽ—
ഗർവ്വണയാതെയെടുത്തു,നൃപാഭരണം,
പവ്വതനന്ദിനിസുന്ദരതരചരണം,സേവിപ്പു,നിത്യം—
സർവ്വസുരാദൃതനാജനോ,കുലശരണം.
പാർവ്വതിദേവിതന്നെ നിജജനനി,
താർവ്വധൂമണിയല്ലോ പ്രിയഭഗിനി,
പർവ്വതസമനായ നൃപതി മുനി,
സർവ്വദാസാനുകമ്പാകനകഖനി—
പാർവ്വണമതിപുകൾ
നേർവ്വഴിവന്നിതു;

താർവ്വനിതാശ്ശുക-
പാർവ്വനമായിതു— (ചിത്തിര)

(3)

ഉണ്ണിത്തിരുമകനിന്നും പ്രായത്താൽ പ്രജകൾക്കെല്ലാം
കണ്ണിൽ ചന്ദനമാണിതു കായത്താൽ.
ഉണ്ണിത്താനുമട്ടത്തു സഹായത്താൽ, തിരുമനസ്സിൻ
കണ്ണിൽകാണുമതു ചെയ്‌വാനായത്താൽ
ദണ്ഡിക്കു, മനുപമപ്രഥിതഫണി
മണ്ഡിതനനന്തനും വലിയപണി-
വണ്ണിക്കാ, നനർഘട്ടുരമണമണി,
വിണ്ണിലും ലഭിക്കാത്ത വിമലകണി.
മണ്ണിനുമഹതതി
കണ്ണിനു പനിമതി,
പെണ്ണിനു രതിപതി,
എണ്ണിനസുകൃതി— (ചിത്തിര)

(4)

ക്ഷേത്രവിളംബരകാര്യ്യവിപാകത്താൽ സാമുദായിക-
ഗാത്രവിശുദ്ധിവരുത്തി വിവേകത്താൽ
ക്ഷാത്രഗുണങ്ങളിണങ്ങിയവംശത്തേ, ക്ഷേമസന്ദേശ-
പാത്രവുമാക്കിയതത്ഭുതമിന്നത്തേ.
ശ്രോത്രങ്ങളെവിടെയും ശ്രവിച്ചിടുന്നു
സ്തോത്ര: മീയപദാനഫലമാകുന്നു,
വിത്രസ്തർ വിമുക്തരായ് വിജയിക്കുന്നു;
ചിത്രമായ് 'ചിത്രയുഗ'മുദിച്ചുയർന്നു.
ഇത്ര ദയാപരൻ
എത്ര മഃനാഥരൻ,

ചിത്രകലാധരൻ,
അത്ര മഹീശപരൻ— (ചിത്തിര)

(5)

ഉത്തരവാദനവീനപരിഷ്കാര,പ്രജാഭരണ
വൃത്തവിചിത്രീകരണാംഗീകാരം
ഉത്തരവിൻപടിചെയ്തതുമിപ്പാരിൽസമാധാനത്തിൻ
വിത്തണിവീശി വിരിച്ചതുമായ് പാരിൽ.
ഉത്തമഗുണഗണമിയന്നതന്നിൽ
ഇത്തരമന്യനൃപനെവിടെ മന്നിൽ?
ചിത്തിരതാരത്തിനു ശരിക്കു നേരിൽ
ചിത്തിരതാരമൊന്നേ ധരിക്കനേരിൽ.
അത്തലകന്നതി
ചിത്തസുഖസ്ഥിതി
എത്തണമിക്ഷിതി-
ഭൃത്തിനുസമ്പ്രതി— (ചിത്തിര)

7

മദ്ധ്യമാവതി—ആദിതാളം

ചിത്തിരതിരുനാൾ ഭൂമിപൻ ജയിച്ചീടട്ടേ
ചിത്തരമ്യഗുണഭൂഷണൻ.
ഉത്തമഭരണാദർശ-
മിത്തരമുടപെട്ടതോ?
പത്തരമാററുള്ള തങ്ക-
പ്പത്തനമോ, തിരുമേനി?— (ചിത്തിര)
സത്തമന്മാക്കത്തംസമാകും പൊന്നുതമ്പുരാൻ,
അത്തലെന്യേ വാഴണം നീണാൾ.
ഉൾത്തടത്തിൽ മനോധമ്മ-
വിത്തരത്തം വിളയവേ,

പുത്തനാം സുധൎമ്മാചാര-
വിത്തനേകം വിതയ്ക്കുന്ന— (ചിത്തിര)

മെത്തയായി ലക്ഷ്മിക്കീവഞ്ചി,വാണിക്കു, ചാരു-
നൃത്തകേളീരംഗവുമായി.

കൈത്തരിപ്പിലജ്ഞാനമാം-
മത്തകരിതന്മസ്തകം,

സത്വരമടിച്ചുടച്ചു
മുത്തണിഞ്ഞരാജസിംഹം— (ചിത്തിര)

ദത്തമായദൃഷ്ടിയോടൊത്തു, സമൎത്ഥസചി-
വോത്തമൻെറ സാരഥ്യമോടെ,

ഉത്തരോത്തരമീനാട്ടു-
മുത്തരകോസലംപോലെ,

മെത്തുമാരാമരാജ്യത്തി-
ലെത്തുമേ താമസമെന്യേ— (ചിത്തിര)

8

കുമ്മി

(1)

വഞ്ചിവസുന്ധരാനാഥ, വിഭോ,
സഞ്ചിത സൗഭാഗ്യവാരിധേ ഭോ;
പിഞ്ചിലെതൊട്ടു,നറുമലർ-
പ്പുഞ്ചിരിമൊട്ടു, മൃദുചുണ്ടി-
ലഞ്ചിതമിട്ടു ദിനംപ്രതി,
കൊഞ്ചിക്കളിതഞ്ചിബ്ബുദ്ധ-
സഞ്ചിന്തനസന്തോദന
നെഞ്ചിൽതെളിഞ്ഞു വളൎന്നഭവാൻ,
വഞ്ചിക്കു ഭാവിയിൽ ഭൎത്താവാവാൻ.

(2)

പാർവ്വണചന്ദ്രവിലാസമുഖി,
പാർവ്വതിറാണി കലാസുമുഖി,
പൂർവ്വഗരാട്ടിൻ, പുലർച്ചയിൽ
നേർവ്വഴി കാട്ടി പ്രഗത്ഭത
സർവ്വദാ കൂട്ടി, സമുന്നത–
സർവാധിപ നിർവ്വാണജ–
സർവ്വാദരപൂർവ്വം ഭുവി–
ഗീർവ്വാണ നാഥ സമാനനാവാൻ,
നിർവ്വാൎയ്യ വീൎയ്യം വളൎന്നു ഭവാൻ.

(3)

പ്രായപൂൎത്തിവന്ന ഭംഗിയായി;
സ്വീയസിംഹാസനാരൂഢനായി;
ആയതഭാഗ്യം, മനോഹര–
കായസൗഭാഗ്യം, മനസിജാ–
മേയ വൈരാഗ്യം–ഇവ–രാജ്യ–
ശ്രേയഃസ്ഥിര ഭൂയസ്സുഖ–
ദായപ്രിയഭാവത്തൊടു,
മായാംവിനാഃ ചന്ദ്ര വഞ്ചിപാലൻ,
ന്യായം നടത്തീ വിശുദ്ധശീലൻ.

(4)

സ്വാതന്ത്ര്യകാഹളാഘോഷണത്തിൽ,
പ്രാതപ്രകാശ പ്രഭാഷണത്തിൽ.
ചേതസ്സുവച്ചു! ചെവിയിലാ–
ഘാതംശ്രവിച്ചു, സ്വകീയമാം–
ചേതാസഹിച്ചു,ജനഹിത–
മേതാകിലുമേതാദര–
മോതാവതു ജാതാദര–

മേതാണ്ടവണ്ണത്തു ചെയ്തുകൊൾവാൻ,
നേതാക്കൾക്കാജ്ഞ കൊടുത്തുഭവാൻ.

9

'കല്യാണികളവാണി' എന്നമട്ട്

പതിവുപോലുമാദേവീപതിയെ സേവചെയ്യുവാൻ,
പതിനാറുവയസ്സായദിവസത്തിലും
മതിമാനാം മാർക്കണ്ഡേയൻ മനതാരിൽഭക്തിയോടു-
മതികാലേ കുളികഴിഞ്ഞതീവശുദ്ധ്യാ,
രുദ്രസമ്പ്രീതി നൽകും രുദ്രാക്ഷമാലകളും
ഭദ്രമാം ഭസ്മത്തെയുമണിഞ്ഞുമെയ്യിൽ,
അലർശരവൈരിതന്നിലലിയുന്നമനസ്സോടു
മലസാതെയമ്പലത്തിനകത്തുകേറി,
സമ്പൂർണ്ണായുരാരോഗ്യസമ്പൽസുഖത്തിനായി
സമ്പ്രതി കൃതാഞ്ജലിസമ്പുടനായ്.
ഈശനെവണങ്ങിത്തന്നാശയം കളപ്പിച്ചു
ലേശവുമാടലില്ലാതവിടെവാണു.
കാലനിയോഗംകൊണ്ടു കാലദൂതരുമത്തു-
കാലമവിടണഞ്ഞാരതിഭീഷണർ,
കാർമേഘംപോലിരുണ്ടഭീമഗാത്രവുമേററ
മാമയം വളർത്തിടും നേത്രങ്ങളും,
പെട്ടെന്നങ്ങെട്ടുദിക്കുംപൊട്ടുംമട്ടട്ടഹസി-
ച്ചിട്ടുടൻ കാട്ടീടുന്ന ദംഷ്ട്രങ്ങളും,
ദുഷ്ടരെക്കെട്ടിയിട്ടു കുട്ടയാടുന്നസൂത്ര-
ക്കെട്ടുള്ള പാശങ്ങളുമുരുഗദയും,
ഘോരരൂപികളേവമാരാലണഞ്ഞീടുമ്പോൾ
ധീരതവെടിഞ്ഞയ്യോ മാർക്കണ്ഡേയൻ,
"ശങ്കര, പാഹി,ശിവശങ്കര,പാഹി, കാല-
കിങ്കരന്മാരിൽനിന്നു പാഹിമാംനീ"

ഏവം നിലവിളിച്ചു ഭാവം പകൻറചെന്നു
ദേവനെക്കെട്ടിപ്പിടിച്ചുട്ടത്തിരുന്നു.
ലേശവും മടിക്കാതീശ ചരനേയുംക്കൂടി-
പാശവും കാലദൂതർ വീശിനിന്നു.
പെട്ടെന്നു ശിവലിംഗം പൊട്ടിയതിങ്കൽനിന്നു
രുഷ്ടനായ് രുദ്രനെയും കാണുമാറായ്;
ആറും ശിരസി ജടാവാറും ത്രിനേത്രങ്ങളും
ചീറുംപാമ്പണിഞ്ഞോരു ചാരുമെയ്യും,
ശൂലപരശുമൃഗമാലകളിണങ്ങിയ-
ച്ചേലൊത്ത കരവരകമലങ്ങളും,
കണ്ടതിഭയത്തോടുമണ്ടിയോടുന്ന കാല-
കണ്ടകന്മാരെയെല്ലാം സംഹരിച്ചു,
എന്നും വയസ്സു പതിനാറെന്നുമാക്കണ്ഡേയ-
നന്നു വരവും നൽകിമറഞ്ഞു ശിവൻ.
അന്തകനണയുമ്പോളന്തകാന്തകമമ
നിന്തിരുമേനി കാണുവതിന്നൊന്നും,
സന്തതം പണിയുന്നേൻ, സന്താനപാദപശ്രീ-
ചിന്തുന്ന തവ ചരണാന്തികത്തിൽ.

## 10

"കൈതൊഴാം കൃഷ്ണ കൈതൊഴാം" എന്നമട്ട്.

പാഹിമാം, ദേവി, പാഹിമാം
കാലകാലദയിതേനിൻ-
കാലിണപണിയുമെന്റെ,
കല്മഷമിന്നു കളവതിന്നുതവപദ-
കമലജാതവിമലതീർത്ഥമേ ഗതി. (പാഹി)

കാർത്തികേയാലയവാസേ;
കാർത്തികേയജനനീ, നിൻ
കാൽത്തളിക്കു ചേർത്തുകൊണ്ടിവനെഴ-
മാർത്തിതീർത്തുകാത്തുകൊൾക സന്തതം. (പാഹി)

മോഹാന്ധകാരത്തിൽവീണി-
ന്നാഹന്ത! വലയുമെന്നിൽ,
മഹിഷവീരമദവിനാശപദനഖ-
തുഹിനരശ്മികിരണമാശു ചക്ക്ക. (പാഹി)

മഞ്ഞൊലിക്കും മലയുടെ
കുഞ്ഞേ നിൻ ചരിത്രം, ചിത്രം;
കഞ്ജബാണഭഞ്ജനന്റെ മനമണി
മഞ്ഞുപോലലിഞ്ഞതെന്തു, ശിവശിവ. (പാഹി)

## 11

"കൈതൊഴാം കൃഷ്ണ, കൈതൊഴാം" എന്നമട്ട്

കാൺഗ്രസ്സിൽ, ചേരൂ, കാൺഗ്രസ്സിൽ
"കാൺഅസംബ്ലി" സമ്മേളനം
കാൺകുസമാസന്നമായി,
കടപറിച്ചുകളകമററുകക്കശ-
ഘടനയൊക്കെ; വികടജങ്ങളാണിവ. (കാൺ)

നൂൽക്കുക, നൂലു, നൂക്കുക,
നൂറുകോടി കോടിഖദർ
നൂതനമായ് നെയ്യമോദാൽ
നകമെട്ടത്തുവയലിലെത്തുമുഴവനു
നണകുറച്ചുവിലകുറിച്ചുവിൽക്കുക (കാൺ)

നാലണ, നൽകൂ, നാലണ
കൂലിക്കാരും കൂററുകാരും
കൂടിവന്നിക്കൂട്ടുകെട്ടിൽ,
കൂടലക്കുകശലമായ കരേണ-
കൂടമാശു കൂടികളഞ്ഞുമാററുക. (കാൺ)

സാഹസം, വിട്ടു, സാഹസം
മോഹമെന്തിനു രോഗത്തിൽ?

മോഹനം സേവനമല്ലോ
ഗേഹമെന്തു? ദേഹമെന്തു? ബഹികള-
കാഹളംമുഴക്കി നിൽക്കുകക്ഷിയിൽ (കാൺ)

സത്യമേ, വെൽവൃ, സത്യമേ,
പ്രത്യഹം പ്രഭുവിധുര-
ഭൃത്യഭാവം ത്യജിച്ചുനാം,
നിത്യമത്രനിഖിലജനപദ-
ഭൃത്യനെന്ന പേരെടുത്തു മരുവുക. (കാൺ)

സേവനം, പരിസേവനം,
ദേവനെന്നും ദേവിയെന്നും
ഭേവമുള്ളതഹംഭാവം
സാവധാനസാധുസേവ, സമ്പ്രതി-
ജീവയാനലക്ഷ്യമാക്കി നീങ്ങുക. (കാൺ)

## 12

"വെണ്മതിശേഖര" എന്നമട്ട്.

താരകനാശന, നിൻപദം കൃപ്പുമെൻമന-
താരിൽ വന്നു നൽക സമ്പദം (താരക)

ദാരുണസന്താപസാഗരം, കടക്കുവാനായ്
ചേരണം നിൻകൃപാപാദമരം;
താരകാന്തകനായ നിൻപദ-
താരൊടീയടിയന്നുസമ്പ്രതി
ചേരണമതിനൊരുവാരണമരുതിഹ
മാരകാല, വീരബാല, ഷണ്മുഖ. (താരക)

മട്ടലർബാണാരിതന്നുടെ, ഓമനക്കുട്ട,
തട്ടണം നീ പാപമെന്നുടെ;
കിട്ടണം തവ പാദമെൻഹൃദി
പൊട്ടണം ഭവപാശബന്ധവും,

തിട്ടമതിൽ തവ തട്ടരുതെ മടി-
യൊട്ടുമീശവിഷ്ടപേശ, ഷണ്മുഖ. (താരക)
ശ്രീഹരിഗീതാലയവാസ, ശ്രീപാദപത്മ-
ശ്രീയിവനിൽ ചേക്കേണം,ദേവ;
ശ്രീവിശാഖ, ഭവൽപദാംബുജ-
സേവയാണു ഭവാമയത്തിന്നു,
ദോഷമകന്നൊരു ഭേഷജമായതി-
നീഷനില്ല, ഘോഷമല്ല, ഷണ്മുഖ (താരക)
ദേവസേനാപതിദേവനെ, നീ ഭക്തിയോടും
സേവചെയ്തുകൊൾക ജീവനെ,
ഭാവഭേദമശേഷമിന്നിതി-
നാവതില്ല ധരിച്ചുകൊള്ളുക;
ദേവകളുംപരിദേവനമററൊരു-
സാവധാനമീവിധം ഗമിച്ചതു. (താരക)
അന്തരംഗേ ഭക്തികലൎന്നു, പണിയുമെന്നിൽ
ബന്ധുരാംഗ ബന്ധുവായ്തീൎന്നു.
അന്തകാന്തകപുത്ര, നിൻകൃപ,
ചിന്തുമെങ്കിലിനിക്കുമററൊരു,
ചിന്തിതമെന്തിനൊരന്തരവും നഹി,
ഹന്ത! സകല ബന്ധമുക്തിചേൎത്തിതു. (താരക)

13

"വെണ്മതിശേഖര" എന്നമട്ട്

പല്ലവി

മാടഭൂഃവ, മഞ്ജുവേഷത്തിൽ, നീ വിളങ്ങുന്നു,
കേടകന്നു കേരളാംഗത്തിൽ.
കൂടലൎകുതിച്ചു കേറായ്വാൻ, പ്രാചിയിൽസഹ്യ-
കൂടമഃല്ലാ നിൽപ്പു കാക്കുവാൻ,

പാടലാശ്മതലങ്ങളും, ഹിമ-
മൂടലാന്ന വനങ്ങളും മയിൽ
നാടകമാടിടുമിടവക ജനപദ-
നാടകങ്ങളോടുകൂടിയിടയിട (മാട)

വല്ലികാമല്ലികാ വാടികൾ, നഗരാംഗനാ,
വല്ലികൾക്കു ലീലാഃകോടികൾ;
ചൊല്ലിയന്ന നൃപാലയം, മഴ-
വില്ലിനൊത്ത വിചിത്രവീഥികൾ
അല്ലിലുമില്ലിരുളല്ലസദ്ഗുഡുപതി-
മല്ലിടേണ്ടതുല്ലിടേണ്ടിവരുമിഹ (മാട)

മോഹനീസുന്ദരഗാത്രികൾ, പുരോഗമ-
സംഹിതീസർവ്വജ്ഞശാസ്ത്രികൾ;
വാഹിനീഗതി, നീങ്ങനിർമ്മല
വാഹിനീജലനാളിവഴികളിൽ.
ഗേഹിനികൾക്കു ഗൃഹത്തിലിളംകുളുർ-
വാഹിഗന്ധവാഹനൻെറ വിഹൃതികൾ (മാട)

അമ്പലങ്ങളൊപ്പം പള്ളികൾ, കുബേരസൗധ-
മമ്പരക്കും രമ്യഹർമ്മ്യങ്ങൾ,
കമ്പനിക്കുഴൽ രത്നകാഞ്ചന-
സമ്പദുത്സവ ഘോഷയാത്രകൾ,
പമ്പരസന്നിഭ വിഭ്രമ വിപ്ലവ-
കമ്പനാദി കമ്പനാദമൊരു (മാട)

അന്തരായമെന്യേ നൗകകൾ നീന്തിനീങ്ങിടു-
മന്തകാരഴി മുൻകായലിൽ,
അന്തരന്ധിത കൃത്രിമാത്ഭുത-
ബന്ധുരതപമെഴും തുരുത്തുകൾ,

അന്തരീപ കാന്തഭാവസദൃശത,
ചന്തമോടു ചിന്തിടുന്നു രാപ്പകൽ
കണ്ണിനിമ്പം തരും വഞ്ചിക്കും, കാഞ്ചനമണി-
ക്കണ്ണിയായി, മലബാറിനും,
എണ്ണിടുന്നു ജനങ്ങളേതൊരു
മണ്ണിടത്തെയനല്പമായതു
വിണ്ണിനുമീർഷ്യ വളർത്തി,യശസ്സണി-
വെണ്ണിലാവു വേണ്ടപോലെയണിവൊരു (മാട)

★

# സോമവാരവ്രതം

## കൈകൊട്ടിക്കളിപ്പാട്ട്

### ഗണപതിവന്ദനം

'വിഫലം തെ' എന്ന മട്ട്

പല്ലവി

ഗണനാഥ! തവ പാദപങ്കജം കൃപ്പുന്നേൻ

അനുപല്ലവി

അണുവെന്നിൽ കൃപ ചെയ്ക അഖിലഗുണനിലയ!
അംബുജനേത്ര! ഗണനാഥാ!

ചരണം

സുരവരനനുദിനം പണിയും നിൻ പദവും
കരിവര വടിവൊത്തു വിലസുന്ന മുഖവും
തിരുമിഴിയായീടുന്ന സരസിജദളവും
തിരുമേനി പ്രഭയും ഞാൻ നിനയ്ക്കുന്നേൻ ദിനവും

കനക കലശമൊത്ത മിനുസമാം വയറും
ഘനമേറും തൃക്കരത്തിൽ വിലസുന്ന കയറും
ദിനമനുനിനയ്ക്കുമെൻമനംതന്നിൽകയറും
ദിനകര സമമേനി പ്രഭയും പൊൻനിറവും

അട വട പഴമപ്പം മലരോട്ട ഗുളവും
തുടുതുടപ്പഴുത്ത മാമ്പഴം നല്ല മധുവും
അടികളിൽ കാഴ്ചവയ്ക്കും അടിയനിലണുവും
മടിയെന്ന്യേ കടാക്ഷിച്ചു തെളിയിക്ക മനവും

ശിതികണ്ഠ തനയ! നിന്നടികളെ സതതം
അതിഭക്തികലന്നു ഞാൻ പണിയുന്നേൻ നിയതം

മതിയിങ്കൽ തെളിയണം തവമേനി നിയുതം
മതിബിംബ സമമെന്നിലനുകമ്പാസഹിതം
സരസിജമുഖിമാക്കു കരം കൊട്ടിക്കളിപ്പാൻ
സരസത കലരുന്ന കൃതിയൊന്നു ചമപ്പാൻ
പരിചൊടു തുടങ്ങുന്നേൻ, അതു നന്നായിരിപ്പാൻ
കരു കൃപയിടപ്പള്ളിൽ കുടികൊള്ളുമപ്പാ (ഗണനാ)

കഥാരംഭം

വൃത്തം 1 പാനമട്ട്

മാരനാശനൻ തന്റെ തിരുമകൻ
മാരതുല്യൻ ഹരിഗീത നായകൻ
താരകാരിയാം ദേവനെൻ മാനസ
താരിൽവന്നു വിളങ്ങണമെപ്പൊഴും
ഭൂതിഭൂഷണൻ തന്റെതിരുമേനി
പാതിവാങ്ങിയ ലോകമാതാവിന്റെ
കാതിനോളം കവിഞ്ഞ കടാക്ഷങ്ങൾ
ആധിനീക്കണം പ്രീതിവളത്തണം
ഗുരുനാഥനും വ്യാസനും വാണിയും
ഗുരുവായൂരമരും മുകുന്ദനും
കരുണാനിധി ശ്രീഗണനാഥനും
കരുതീടുമെൻ ചിത്തേവിളങ്ങണം
വഞ്ചിഭൂവിലനന്തപുരെഫണി
മഞ്ചസീമിനി പള്ളികൊണ്ടീടുന്ന
അഞ്ചിതാംഗനാം ശ്രീപത്മനാഭന്റെ
പുഞ്ചിരി നമുക്കാശ്രയമെപ്പൊഴും
കാമിനിമാർ തിരുവാതിരനാളിൽ
യാമിനിയതിൽ പാടിക്കളിപ്പുവാൻ

സോമവാരവ്രതത്തിൻ മഹിമക-
ളാമോദത്തോടു ചൊൽവാൻതുടങ്ങുന്നു
ആൎയ്യാവൎത്തമാം പുണ്യഭൂമണ്ഡലേ
വീൎയ്യവാൻ ചിത്രവൎമ്മാവെന്നങ്ങിനെ
സൂൎയ്യസന്നിഭനെത്രയും നീതിമാ-
നാൎയ്യവംശജനുണ്ടായി മന്നവൻ
ക്രുദ്ധമൂൎത്ത ശരങ്ങളാലേററവും
ധൂൎത്തനിഗ്രഹം ചെയ്തു നരപതി
അൎത്ഥിനീക്കിസ്സജ്ജനസന്തോഷത്തെ-
ച്ചേൎത്തു ഭൂമിയെക്കാത്തുവാഴുന്നനാൾ
പാൎത്ഥിവൻതന്റെ കീൎത്തിലതപോലെ
പുത്രിയൊന്നു ജനിച്ചുമനോഹരി
ജാതമോദമപ്പുത്രിക്കു മന്നവൻ
ജാതകൎമ്മാദി ചെയ്തുവഴിപോലെ.
ഓമനയായ്വിളങ്ങും കിടാവിനു
നാമവുംനൾകി സീമന്തിനീയെന്നു്.
ജാതകഗുണദോഷം വിചാരിപ്പാൻ
ജ്യോതിഷക്കാർ പലരെ വരുത്തിനാൻ.
ശാസ്ത്രപാരംഗതരാമവരോരോ-
ന്നോൎത്തുചൊല്ലിത്തുടങ്ങി പതുക്കവെ.
അതുനേരമതിലൊരു പണ്ഡിതൻ
ക്ഷിതിനായകൻ തന്നോടുചെല്ലിനാൻ.

വൃത്തം 2 "ദ്വാരകാമന്ദിരം" എന്ന മട്ടു്

പാൎത്ഥിവരത്നമേ! ഭവാൻ ഓൎത്തുകേൾക്ക മമ വാക്യം
പുത്രിയുടെ ജാതകത്തിനൊത്ത ഫലമുരച്ചീടാം
ആയുരാരോഗ്യാദികൾക്കു മൎത്ഥപുത്രാദികൾക്കൊന്നും
ദോഷമില്ലിജ്ജാതകത്തിലീഷലേതും വേണ്ടാചിത്തേ

സോദരസ്ഥാനവും കൊള്ളാം വാദമില്ലതിന്ന ലേശം
യോഗ്യനാം കാന്തനമുണ്ടാം ഭാഗ്യമേതും കുറവില്ല.
എങ്കിലുമീജാതകത്തിൽ സങ്കടമൊന്നു കാണുന്നു
പങ്കജാക്ഷിയ്ക്കു വൈധവ്യം ശങ്കയില്ലാ ഭവിച്ചീടും.
പത്തുമൊരു നാലുംവയസ്സെത്തീടുന്ന സമയത്തു
ഭർത്തൃനാശദുഃഖമിവൾക്കെത്തുമെന്നു കണ്ടീടുന്നു.
ശാസ്ത്രവാക്യംമറച്ചു ഞാൻ ശ്രോത്രസൗഖ്യം ചൊല്കയില്ല
സൂത്രമല്ലിതൊന്നും കണ്ടസൂത്രനാശമിവൾക്കുണ്ടാം
ഇപ്രകാരം വിദ്വാനായ വിപ്രവര വാക്യംകേട്ട്
അപ്രമേയസമൻഭൂപൻ ക്ഷിപ്രമങ്ങു മോഹാന്ധനായ്
ഓമനയാമിവൾക്കേവം സീമയില്ലാതുള്ള ദുഃഖം
ഹാ! മഹാകഠിനംതന്നെ നാമിതിനെന്തൊന്നു ചെയ്‌വൂ
ദൈവകല്പിതമൊഴിപ്പാൻ നൈവശക്തിയൊരുവനും
ദൈവമേ! മൽപുത്രിയ്ക്കേവം കൈവരുത്തീടൊല്ല ദുഃഖം
ഈശ്വരങ്കലേവമെല്ലാം ശാശ്വതമായ് സമപ്പിച്ചു
ഈശ്വരധ്യാനവും ചെയ്തിട്ടാശ്വസിച്ചുവാണു നൃപൻ.

വൃത്തം 3. 'സുന്ദരിമാർമണിബാലെ' എന്ന മട്ട്

സീമന്തിനിയും ക്രമത്തിലങ്ങു
കൌമാരവേളയിലെത്തി
ചേടികളോടും കളിച്ചു പല
മോടികളോടും പുളച്ചു.
അക്കാലമാരോ പറഞ്ഞു മേലിൽ
ദുഷ്കാലമുണ്ടെന്നറിഞ്ഞു
ദുഃഖം മനസ്സിൽ നിറഞ്ഞു കളി-
യൊക്കെയുമങ്ങു കുറഞ്ഞു
ദിവ്യനാം യാജ്ഞവൽക്യന്റെ പത്നി
ഭവ്യയാം മൈത്രേയി തന്റെ

ദിവ്യ പാദങ്ങൾ നമിച്ചു തന്റെ
അവ്യയ ദുഃഖമുരച്ചു.

സീമന്തിനി തൻ വ്യസനം കണ്ടു
മാമുനീ പത്നിയും ചൊന്നാൾ.

ഓമനപ്പെൺകുല മൌലി മാല!
നീ മനോദുഃഖം കളക.

തിങ്കൾ ചൂഡന്റെ കരുണയ്ക്കായ് നീ
തിങ്കളാഴ്ചവ്രതം നോല്ക്കു.

തിങ്കൾപ്രസന്നവദനേ നിന്റെ
സങ്കടം ശങ്കരൻ നീക്കും.

സോമവാരേ പുലർകാലേ കുളി-
ച്ചാമോദത്തോടും നീ ബാലേ.

ശുഭവസ്ത്രങ്ങൾ ധരിച്ചു മതി
വിഭ്രമം തീരെ ത്യജിച്ചു.

രുദ്രാക്ഷമാല ധരിച്ചുമെയ്യിൽ
ഭദ്രമാം ഭസ്മവും തേച്ചു.

ശങ്കരക്ഷേത്രേ ഗമിച്ചു ഭക്ത്യാ
ശങ്കരൻ തന്നേ നമിച്ചു.

വാസരത്തിങ്കലുപവസിച്ചു
വാസരാന്ത്യത്തിൽ കുളിച്ചു.

വിപ്രരെക്കാൽകഴുകിച്ചു പൂജി-
ച്ചുൾ പ്രമോദാൽ ഭുജിപ്പിച്ചു.

വിപ്ര ശേഷാന്നം ഭുജിച്ചു കൊൾക
സുപ്രമോദത്തോടും ബാലേ.

പാർവ്വതീ ശങ്കരന്മാരിൽ ഭക്ത്യാ
ഈവിധം നന്നായ് ഭജിച്ചാൽ
സങ്കടമെല്ലാമകലുമിതിൽ
ശങ്കയും വേണ്ടിനിയേതും

മൈത്രയി ചൊന്നതുപോലെ വ്രതം
താത്തെൻമൊഴിയും തുടന്നാൾ.
കാലമീവണ്ണം നയിച്ചാളവൾ
കാലാരിയിൽ ഭക്തിയോടും.

വൃത്തം 4. 'കല്യാണി കളവാണി' എന്ന മട്ട്

അക്കാലം സീമന്തനിക്കൾക്കാല്യം ഭംഗിയോടും
ചിക്കന്നു യൗവ്വനവും വന്നുദിച്ചു.
നല്ക്കാറിന്നെതിരായി ചൊല്ക്കൊണ്ടിരുണ്ട കുന്തൽ
മുക്കാല്യം നിതംബത്ത കവിഞ്ഞിറങ്ങി
കാമികളെ വലയ്ക്കും ശ്രീമെത്തും കടാക്ഷങ്ങൾ
ഓമന മിഴികളിൽ കടന്നുകൂടീ
ചന്ദ്രനെ ജയിയ്ക്കുന്ന സുന്ദരമുഖത്തിങ്കൽ
മന്ദാക്ഷമിടയ്ക്കിടെക്കളി തുടങ്ങീ.
ദപ്പക ദപ്പണത്തിൻ ദർപ്പമകറും ഗണ്ഡം
നൽ പുഞ്ചിരി നിലാവിൽ തെളിഞ്ഞു പാരം
പൊന്നിൻ താമരയുടെ മിന്നുന്ന മൊട്ടുപോലെ
മിന്നിത്തുട്ങ്ങി മാവ്വിൽ ചെറുകുചങ്ങൾ.
ഓമൽ കുചം വളന്നാൽ സീമ കുറിപ്പാൻ പോലെ
രോമാവലിയുമല്പം തെളിവില്ലായി.
പാവനഗാത്രിയുടെ ഭാവം പകന്നു കണ്ടു
ഭൂവരൻ ചിത്രവമ്മാവതു സമയം
മന്ത്രിമാരോടുംകൂടി ചിന്തതുടങ്ങി നല്ലോ-
രന്തസ്സുചേരും വരനിവൾക്കു വേണം.
ഇന്ദ്രസേനതനയൻ ചന്ദ്രാഭിരാമമുഖൻ
ചന്ദ്രാംഗദനിവൾക്കു സദൃശനല്ലോ
എന്നതുമൂലമവൻ തന്നോടു ചേർത്തിടേണ
മെന്നുള്ളാരഭിപ്രായമെടുത്തു നൃപൻ

ഓഷധീനാഥകല ഭൂഷണമാഴ്വിളങ്ങും
നൈഷധനിന്ദ്രസേനൻ ധരിക്കവാനായ്
ദൂതനെ നിയോഗിച്ചാനതും മടിച്ചീടാതെ
പ്രീതിയാൽ സമ്മതിച്ചു നിഷധാധീശൻ
എത്രയും വിസ്തരിച്ചു പുത്രിതൻ വിവാഹത്തെ
ചിത്രവമ്മാവാം നൃപൻ നടത്തിവേഗാ
സുന്ദരീ സീമന്തിനി ചന്ദ്രാംഗദനിലങ്ങു
ചന്ദ്രനിൽ ചന്ദ്രികപോൽ വിളങ്ങീചിത്രം
ചന്ദ്രാംഗദനും തൻെറ ചന്ദ്രമുഖിയോടൊത്തു
ചന്ദ്രവാരവ്രതവും തുടങ്ങീമെല്ലെ
ചന്ദ്രക്കലാധരനിൽ ചിന്നുന്ന ഭക്തിയോടും
ധന്യരാമവരോരം സുഖിച്ചുവാണു.

വൃത്തം 5 'പങ്കജാക്ഷൻ' എന്ന മട്ടു്

വ്രീളനീക്കിപതിതന്നെ ലാളനംചെയ്തനുദിനം
മേളമോടെവസിക്കുന്ന നൃപനൊരുനാൾ
കാളിന്ദീനദിയിൽപുക്ക കേളിയാടുവതിന്നായി
മേളിച്ചു വയസ്യരോടു നടന്നുമെല്ലേ
ഓടികളുംചുരുളനമെന്നുവേണ്ട, പലവിധ-
മോടങ്ങളും കൊണ്ടുവന്നു പലരുമപ്പോൾ
ധാടിയോടുമതിൽകേറിപ്പാടിമെല്ലെ ചന്ദ്രാംഗദൻ
ക്രീഡചെയ്തുകൂട്ടരോടും ജനങ്ങളോടും
ചീറുമോടം കാളിന്ദിയാമാറിന്മദ്ധ്യമെത്തിയപ്പോൾ
കാറു കാണുമാറായ്വന്നു നഭസ്സിലല്പം
കാററുമൊന്നു പകന്നപ്പോൾ നീററിലോളമുളവായീ
കൂട്ടുകാരും നൃപതിയും തോററമട്ടായീ
സാഗരത്തിൽതിരപോലെ യാഗമിക്കുന്നോളമേററം
വേഗമോടെ തുഴയുവിൻ കരപിടിപ്പാൻ

ഏവമുള്ളതിരക്കായീ സാവധാനമെല്ലാംപോയീ
ഭാവമഴപ്പാറ കാളിന്ദിയ്ക്കും പകന്നപാരം
ഹന്ത!ഹന്ത! പലവിധമെന്തിന്ന പറഞ്ഞീടുന്നു
ചിന്തുപാട്ടും കളികളും ചന്തവുംപോയീ

വാരിരാശിസമയായ സൂര്യജാമദ്ധ്യത്തിലപ്പോറ
ഓരോന്നായി നീരിൽമുങ്ങി ഓടമൊക്കെയും
ഘോരമത്സ്യകച്ഛപാദി വാരിജന്തു വർഗ്ഗമോരോ
വീരരെപ്പിടിച്ചുനല്ല പാരണചെയ്തു
കാൽകരംകുഴഞ്ഞുവീർപ്പു പോകാതെ ജലംകുടിച്ചും
മാഴ്കിയേവം പലജനം മരിച്ചുകഷ്ടം
ഇന്ദ്രസേനാപുത്രനാകും സുന്ദരൻ കുമാരനപ്പോറ
മന്ദംമന്ദാമന്ദാകിനീജലത്തിൽമുങ്ങീ
താണുചെല്ലുന്നതു നാഗ മാനിനിമാർകണ്ടുടനേ
ത്രാണിയോടുകൂട്ടിക്കൊണ്ടു പോയിമെല്ലവേ
പന്നഗാധിപതിയായയോരുന്നതൻ തക്ഷകന്തന്റെ
സന്നിധിയിൽകാഴ്ചവച്ചു നന്ദിയോടവർ
വർത്തമാനമവരെല്ലാം വിസ്തരിച്ചുരച്ചുശേഷം
ഉത്തമനാംകുമാരനോടിത്തരംചൊന്നാൻ:

വൃത്തം 6 'ഓടുംമൃഗങ്ങളെ' എന്ന മട്ട്

ചാരുകളേബരനാകും ഭവാനൊക്കിൽ
ആരെന്നെനിക്കുതിരിഞ്ഞീലേതും.
സൂര്യനോ, സോമനോ, കാരണമർത്ത്യനോ?
പാരാതെ ചൊൽക മടിച്ചിടാതേ

ഭൂതലവാസികൾക്കാക്കും നിനയ്ക്കിലീ
പ്പാതാളദേശേ കടപ്പാൻ പണി
എന്നതുകൊണ്ടുഞാൻ ചോദിച്ചിടുന്നേവം
നന്ദ്യാ പരമാർത്ഥം ചൊൽകവേഗം.

തക്ഷകവാക്യമീവണ്ണം ശ്രവിക്കയാൽ
തൽക്ഷണം മന്നവൻ ചൊൽത്തുടങ്ങി
സാരവേദിമഹാനൈഷധനെത്രയും
വീരൻ നളനെന്ന മന്നവൻറെ
പുത്രനാമിന്ദ്രസേനൻറതനയൻ ഞാൻ
സത്യമിതൊക്കെയും കേട്ടുകൊൾക.
ചന്ദ്രവർമ്മാവിൻെറ പുത്രീമണാളൻ ഞാൻ
ചാരുാംഗദനെന്നെനിക്കുനാമം
കാളിന്ദീവാരിയിൽ കേളിചെയ്യുന്നേരം
ഓളത്തിലോടം മറികമൂലം
താണു കീഴ്പ്പോട്ടുഞാൻ പോരുന്നനേരത്തീ
യേണമിഴിമാർകരത്തിലായി
ഇട്ടിക്കിലീവിധം വന്നുചേൎന്നൻ തവ
പാദങ്ങളാണിതു സത്യമത്രെ.
ഇപ്രകാരം കേട്ടു തക്ഷകൻ പിന്നെയും
അത്ഭുതത്തോടങ്ങു ചോദ്യംചെയ്തു,
മൂൎത്തികൾ മൂവരിൽ വിശ്വാസമേറുന്ന
മൂൎത്തിനിനക്കുള്ളിലാരാകുന്നു?
സംസാരസാഗരതീരംകടക്കുവാൻ
സംസേവനംചെയ്യുതാരെബ്ഭവാൻ?
പന്നഗാധീശവചസ്സുകൾകേൾക്കയാൽ
പിന്നെയും മന്നവൻ ചൊന്നാനേവം.

വൃത്തം 7. 'മാനിനിമാർ മൌലിമണേ' എന്നമട്ട്

പന്നഗേശ! കേൾക്കഭവാൻ
പാരമാൎത്ഥ്യം ഞാൻ പറയാം
പന്നഗമലങ്കരിക്കും
പരമശിവൻ മമദൈവം

അമ്പിളിയുംസുരനദിയും
തുമ്പയുടെ നറുമലരും
ചെമ്പുലിചർമ്മവുമണിയും
തമ്പുരാനെൻദൈവമത്രെ.
ചാമ്പലെല്ലം കട്ടുത്തുടിയും
മാൻ പരശ്ശു ശ്ശൂലമത്തും
പാമ്പുജടയിവ ധരിക്കും
തമ്പുരാനെൻദൈവമത്രെ.
നിടിലമതിൽതീമിഴിയും
ചട്ടലവിഷംഗളമതിലും
ചുടലകളിൽ നടനമത്തും
പെട്ടമവനെൻ ദൈവമത്രെ.
ശ്ശൂലമതിൽ കാലനെയും
സുമശരനെ കണ്ണതിലും
ലീലയോട്ടം സംഹരിച്ച
ശ്ശൂലി മമ ദൈവമത്രെ.
പാതിദേഹം പാവ്വതിക്ക
പ്രീതിയോട്ടം നൽകിപിന്നെ
പാതികൊണ്ടു ലോകരക്ഷ
ചെയ്യവനെൻദൈവമത്രെ.
ശങ്കരനെ സേവചെയ്യാൽ
സങ്കടങ്ങളകലുമെല്ലാം
ശങ്കവേണ്ടാ മാനസത്തിൽ
ശങ്കരനെൻ ദൈവമത്രെ.

വൃത്തം 8. 'മറവല്ലഗോപിമാർ' എന്നമട്ട്

ഭൂപകുമാരൻെറവാക്കുകളേവം
ചാപല്യഹീനം ശ്രവിച്ചുദശായാം

രോമാഞ്ചമുണ്ടായി നാഗവരന്നും
സോമാവതംസനിൽ ഭക്തിനിമിത്തം
പുഞ്ചിരിപൂണ്ടിട്ടു പന്നഗനാഥൻ
ചഞ്ചലഹീനം പറഞ്ഞു പതുക്കെ.
ബാലനെന്നാകിലും ശൂലധരന്റെ
മൂലമറിഞ്ഞു ഭജിക്കുകമൂലം
മൂലോകത്തിങ്കലും നിന്നോടുതുല്യം
ചേലെഴും ഭാഗ്യവാനില്ല നിനച്ചാൽ
നിന്നെപ്പിരിയുവാനുണ്ടതിവിഷമം
എന്നോടുകൂടിനീ വാഴുകസതതം
സജ്ജനസംഗമംകൊണ്ടതിദുഷ്കൃതം
ഇജ്ജനത്തിന്നുലഭിച്ചിട്ടുമല്ലോ:
രോഗമരണാദി ദുഃഖമിതൊന്നും
നാഗപുരിയാമീട്ടിക്കതിലില്ലാ
കുണ്ഡലീനാഥന്റെ വാക്കുകൾ കേട്ടു
തിണ്ണമുരചെയ്തു രാജകുമാരൻ.
എന്നും ഭവാനോടുകൂടി വസിപ്പാ
നെന്നുള്ളിലുംമോഹമുണ്ടുനിനച്ചാൽ
പാരം കഠിനമായ് തീർന്നീടുമല്ലോ
കാരുണ്യമൂർത്തേ! ഞാനെന്തിഹചെയ്‌വൂ.
താതനും മാതാവും കാന്തയുമെന്റെ
ഭ്രാതാക്കൾമിത്രങ്ങളെന്നിവരെല്ലാം
ദുഃഖിച്ചുമേവുന്നു ഭൂമിയിലിപ്പോൾ
ചിക്കനെപോവാനനുജ്ഞതരേണം
ശോകംകലന്നുള്ളവാക്കുകൾകേട്ടു
കാകോദരപതിസമ്മതമേകി
രക്ഷയ്ക്കായിട്ടൊരു രാക്ഷസനേയും
ശിക്ഷയിൽ നാഗകുമാരകനേയും

രത്നംപലവിധമെന്നിവയെല്ലാം
യത്നാവിനാകൊടുത്തൻപൊടയച്ചു
ചന്ദ്രാംഗദനിവ വാങ്ങിയശേഷം
സാന്ദ്രപ്രമോദം തിരിച്ചു പതുക്കെ.

വൃത്തം 9. കുറത്തി.

വീരനാം രാക്ഷസനൊടും നാഗബാലനോടും
മാരതുല്യൻ ചന്ദ്രാംഗദൻ മേദിനിയിലെത്തീ
ദൂരവഴിപോന്ന ക്ഷീണം തീരുവതിനായി
സൂൎയ്യജാതടെവസിക്കുന്നോരു സമയത്തു്
നാരിമൌലി സീമന്തിനി നീരിൽവന്നിറങ്ങീ
സ്നാനമങ്ങു കഴിപ്പതു മന്നവേന്ദ്രൻകണ്ടു
ഗാത്രശോഷംകൊണ്ടും കണ്ഠസൂത്രനാശംകൊണ്ടും
പാൎത്ഥിവനറിഞ്ഞില്ലൊമൽ ഗാത്രിയിന്നാരെന്നും
ദിവ്യദേശവാസംകൊണ്ടു ശോഭചേൎന്നമൂലം
ദിവ്യനാം കാന്തനെയവൾ താനുമറിഞ്ഞില്ല
ആരുനീ? പറകബാലേ! പേരുമെന്തെന്നേവം
വീരനൃപ ബാലൻതന്റെ ഭാരതികൾകേട്ടു
വാൎത്തയെല്ലാമവനോടു തീൎത്തുരപ്പാനായി
നേത്രയുഗ്മംകൊണ്ടു സഖിയോടവളുരച്ചു
പാൎത്ഥിവനും സഖിചൊന്ന വാൎത്തകളിൽനിന്നും
ശത്രുബദ്ധനാകും താത വൃത്തവുമറിഞ്ഞു
പിന്നെയുമവൻപറഞ്ഞു സന്നതാംഗി! ബാലേ!
നിന്നുടെ മണവാളൻ മരിച്ചില്ലറിക സത്യം
നാലുനാൾക്കിപ്പുറംരാജ ബാലനിങ്ങണയും
ലീലയോടും വസിയ്ക്കനീ നീലവേണിയാളേ!
ഇത്തരംപറഞ്ഞുതാത പത്തനത്തിലെത്തി
സത്വരം പൊരുതുവൈരി സംഘവുമടക്കീ

അച്ഛനെബന്ധനംമോചിച്ചിച്ഛപോലെ വിട്ടു
സ്വച്ഛബുദ്ധിയവൻകൃത കൃത്യനായിത്തീർന്നു
ഇന്ദ്രതുല്യനാകുംനൃപ നിന്ദ്രസേനൻതാനും
സാന്ദ്രമോദം ചന്ദ്രാംഗദൻ തന്നുടെവിശേഷം
ചിത്രവർമ്മാവറിയുവാൻ പത്രവുമയച്ചു
ചിത്രമാമീ വാർത്തയവൻ പുത്രിയോടുരച്ചു
താതവചനങ്ങളേവം പ്രീതിയോടെകേട്ടു
കാതരാക്ഷി സീമന്തിനി താതനോടുരച്ചു.

വൃത്തം 10. 'കാർത്തികേയനം' എന്ന മട്ട്

എന്തുവിസ്മയമോർക്കിലീക്കഥ
എന്തുതാത! മഹാമതേ!
അന്തകാന്തക പാദചിന്തന
മന്തമററഫലപ്രദം
നീരിൽമുങ്ങിമരിച്ചുനൈഷധ
വീരനെൻപ്രിയ വല്ലഭൻ
ചാരുരൂപനണഞ്ഞുഭൂമിയിൽ
ആരിതിന്നൊരു കാരണം?
സോമവാര വ്രതത്തിനുള്ള മ-
ഹത്വമാണതു നിർണ്ണയം
സോമചൂഡ! നമോസ്തുതേ നമഃ
കാമദായക! ശങ്കര!
തെല്ലുമേ വിരഹം സഹിപ്പതി
നില്ലമേലിനി ശക്തിയും
വല്ലഭന്റെപദത്തിലാക്കുക
മുല്ലബാണരിപോ! ഭവാൻ
പുത്രിതൻ വിരഹാർത്തികണ്ടുട
നത്തമൻനൃപവീരനും

പത്രമൻപൊടയച്ചുനൈഷധ
മിത്രഭൂപന്ന സാദരം
പുത്രിതൻെറ പുനൎവ്വിവാഹവ്യ
മത്രതീൎത്തുമഹീശ്വരൻ

പുത്രമിത്രകളത്രസംയുത
നാൎത്തിവിട്ടു വിളങ്ങിനാൻ
ഭാൎയ്യയോടൊരുമിച്ചു നൈഷധ
രാജനന്ദനനുത്തമൻ

മാരനാശന ഭക്തനങ്ങു വ
സിച്ചു മന്നവസത്തമൻ.

വൃത്തം 11 സാരി

ഇന്ദ്രകുലാംബുധി ചന്ദ്രനതായൊരു ചന്ദ്രാംഗദൻ പൂൎണ്ണ
ചന്ദ്രോപമമുഖിയാകിയതന്നുടെ പത്നിയോടും
ചന്ദ്രാഭരണ പദാംബുജഭക്തൻ ചന്ദ്രവാരവ്രതം
സാന്ദ്രകുതൂഹല സംയുതനായി നടത്തീവീരൻ
കാന്താസഹിതമണഞ്ഞിട്ടന്തണ യോഗ്യന്മാരെഗ്ഗൗരീ-
കാന്തമൂൎത്ത്യാനികളെന്നു മനസ്സിൽ സങ്കല്പിച്ചു
ചിന്തുരസമൊടു പൂജകഴിച്ചു ഭുജിപ്പിച്ചേററം ദ്രവ്യം
സ്വാന്തേഭക്തി കലൎന്നഥ ദക്ഷിണചെയ്തയച്ചും
ഇങ്ങിനെസുഖമൊടുമങ്ങവർ വാഴും കാലത്തിങ്കലേററം
തിങ്ങിനമുദമൊടു കുണ്ഡിനനായകനായ ഭൂപൻ
സീമന്തിനിയുടെ ഭക്തിപരീക്ഷ കഴിപ്പതിന്നു വീരൻ
കാമിനിതന്നുടെ രൂപമണഞ്ഞൊരു വിപ്രനേയും
കാമിതമൊത്തവരം കാന്തനതായൊരു വിപ്രനേയും കൂട്ടി
സീമന്തിനിയുടെ പൂജവരിപ്പതിനാജ്ഞാപിച്ചു
അത്ഭുതമെന്തു കഥിപ്പതു പൂജകഴിഞ്ഞതഃനരം വിപ്രൻ
നൽപ്പുരുഷാകൃതി വിട്ടൊരുയുവതീരത്നമായീ

പണ്ഡിതനായൊരുവിപ്രകിശോരൻ പെണ്ണായ്വന്നതോർത്തു
കുണ്ഡിനനരപതി ഭീതി!മൂഴത്തതിതാപത്തോടും

ഗംഗാധരപരമേശചരിമാരെസ്സേവചെയ്തശേഷം
ഇംഗിതമറിവതിനവരിരുപേരുമെഴുന്നരുളി

സീമന്തിനിയുടെ സങ്കല്പത്തിനു ഭംഗംചെയ്വാൻ പണി
കേമനതായൊരു സോദരനിവനു ലഭിക്കുമെന്നും

ഭൂതപതിവീരനു വരവുംനൽകി മറഞ്ഞുദേവന്മാരും
താപമകന്നു സുഖിച്ചുവസിച്ചിതു കുണ്ഡിനേശൻ

സീമന്തിനിനിജ വല്ലഭനോടും സോമവാരവ്രതം
സാമോദേന കഴിച്ചു തെളിഞ്ഞു വിളങ്ങീപാരം

വൃത്തം 12 കുമ്മി

(ഫലശ്രുതി)

കുട്ടിനൽപ്പെട്ടമാൻ ദൃഷ്ടിമാരേ!—കരം
കൊട്ടിയിപ്പാട്ടൊന്നു പാടിനിങ്ങൾ
തുഷ്ടികലന്നു കളിക്കുവിൻ മംഗല്യം
പുഷ്ടിയായെന്നുമിരിക്കുമെന്നാൽ—നല്ല
കുട്ടികളും നിങ്ങൾക്കുണ്ടായിടും.

സോമവാരവ്രതം മുട്ടിക്കാതെ—നിങ്ങൾ
സാമോദമിങ്ങനെ നോററുകൊൾവിൻ!!
കാമദനാകിയ സോമചൂഡൻ തന്റെ
പൂമെയ്മനസ്സിൽ നിനച്ചുകൊൾവിൻ—പര
മോമനപ്പെൺകുലമൌലിമാരേ!

ഇന്ദീവരദളനേത്രമാരേ!—നിങ്ങൾ
ചന്ദ്രാഭരണനെഗ്ഗൌരിയോടും
എന്നും നിനക്കുവിനെന്നാലതിസുഖം
വന്നുഭവിച്ചീടും മേല്ക്കുമേലേ—സുഖം
വന്നുഭവിച്ചീടും മേല്ക്കുമേലേ!!

★

# ആദ്ധ്യാത്മികം

താരാട്ട്

പൈതലേനന്നായുറങ്ങു—ചെറു-
പൈതലേ നന്നായുറങ്ങു.
ഏങ്ങിയേങ്ങിക്കരയാതെ—ഴ്പടി
നീങ്ങിയനങ്ങാതുറങ്ങു.
സമ്പത്തഴകുമായ് നല്ല—വര
സമ്പത്തരുളും പുരാനെ.
ദേവകൾ വാഴ്ത്തുന്നു, നിന്റെ—പരി
പാവനാത്മാവതു കേൾപ്പു; (പൈതലേ)
വെള്ളിക്കളർപനിനീരിൽമുങ്ങി
ത്തുള്ളികൾ കോമളപ്പൂക്കൾ,
പൂമധു, പൂംകുളിർതെന്നൽ—പുത്തൻ
തൂമണംചെങ്കതിർവീശൽ,
ശിഷ്ടഗാനങ്ങൾ, വിശേഷാൽ നമു-
ക്കിഷ്ടമരുന്ന പദങ്ങൾ
എന്നല്ല—കൺചെവികൾക്കു മഹാ-
നന്ദമരുളുന്നതെല്ലാം
നിന്തിരുവാനൊളിവീട്ടിൽ നിന്നും
ചിന്തിവരുന്നിതു പാട്ടിൽ.
ശുദ്ധവിശുദ്ധനാം നീ നൽ—പരി
ശുദ്ധമാം "ഓം" കാരമല്ലോ. (പൈതലേ)

ഒട്ടുഭയവുമാപത്തു—മൊന്നും
തൊട്ടുപോകില്ലിനി "നിന്നെ"
മന്ദം മധുരമായ് ഭംഗ്യാ—ശാന്ത

സുന്ദരമായവിധത്തിൽ
നിദ്രയെ നിന്നടയാതോ—വിപ്പോറം
ഭദ്രമായംഗീകരിപ്പൂ.
"ഓ"ങ്കാരരാഗസ്വരൂപിൻ— താരാ
സംഘാവൃതമാം നഭസ്സിൽ.
തങ്കവാർമേക്കട്ടി കാണ്മാൻ—മേലിൽ
"നിൻകരം"കെട്ടിയിരിപ്പൂ. (പൈതലേ)
ഇന്ദുവുമക്കന്നും നിൻെറ—ലസൽ
കന്ദുകദ്വന്ദ്വം കളിപ്പാൻ
പൊന്മയമാം മഴവില്ലു —ചാർത്തി
"നി"ന്മണിമേട ലസിപ്പൂ;
പാൽകുളൂർമാർഗ്ഗത്തിൽക്കൂടി—നീയേ
മേൽക്കുമേൽ സഞ്ചരിക്കുന്നു.
സംഘട്ടനത്തിൽ മഴക്കാർ—നിൻെറ
സംഗതിയെല്ലാകഥിപ്പൂ,
കേവലം ലോകങ്ങൾ നിൻെറ—കളി
പ്പാവകൾ തുള്ളിക്കളിയിൽ
"ഓംതത്; സത്ഓം"എന്ന വേദ—ഗാന
മന്ത്രത്താൽ നിന്നെ സ്തുതിപ്പൂ. (പൈതലേ)
തുവരവിന്ദങ്ങളിലും,—കരിം—
കുവളപ്പൂവുകളിലും,
ഓലുംസരിത്തുകളിലും—ഭംഗി
കോലും സരസ്സുകളിലും,
"നിന്മന്ത്ജ്ഞനിദ്രാലസശ്രീ—നിത്യം
സന്മന്ദഹാസം പൊഴിപ്പൂ
കേടററ നിന്മുഖത്തിങ്കൽ—നിന്നും
ചൂടണിഭരാമാംശുകങ്ങൾ
കാലാന്തരങ്ങൾ—ഉറങ്ങും,—ഉജ്ജ
ത്താലാരാൽ, നീക്കപ്പെട്ടട്ടെ

പാതിചെരിഞ്ഞൊന്നുനോക്കു—മതി
പ്രീതിവളൎത്തും കുമാരൻ
നല്ലനാനാവിധക്കാരൻ—മിഴി
ച്ചുല്ലസിച്ചല്ലോ കിടപ്പു. (പൈതലേ)
കേടററകോകില കൂവൽ,—നിന്റെ
ഓടക്കുഴലിൻവിളിയോ?
അല്ലതു കാതിനൊരിമ്പം —നൽകും
നല്ല കിലുക്കൻമണിയോ?
പാടുംപറവകൾ, വീശി—ക്കളർ
കൂടുന്നകാററുകൾ വാനിൽ
കാണുന്ന താരാവലിയും നിന്റെ
ചേണുററലീലായുധങ്ങൾ.
നിന്നിൽകളിക്കിനാവായി—ട്ടത്രേ
നിന്നിപ്രപഞ്ചം ലസിപ്പു. (പൈതലേനന്നായുറങ്ങു.)

(രാമതീൎത്ഥന്റെ ആനന്ദലഹരിയിൽനിന്നു്)

★

ശ്രീ.

സ്വസ്തി.

ആരാണെഴുത്തച്ഛഭാവാപ്തിദസരസകലാ-
ഭ്യാസസിദ്ധിക്കനഘം.
ശ്രീരാഗാലാപസക്തധ്വനിമതിമധുരം-
പാവനസ്തവനത്തിൽ,
ആരാഞ്ഞെത്തുന്നതായാളിന്നുമരമചിദാ-
നന്ദമേകുന്ന ഗീതാ-
ധാരാസാഹിത്യവിദ്യാഭഗവതി, കനിവാ-
ർന്നീടവൾ കൈതൊഴുന്നേൻ

[illegible]
13. 12. 59.

# ശുദ്ധിപത്രം

| പേജ് | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 40 | 15 | നിന്നൊളി | തിന്നൊളി |
| 41 | 17 | ഭഷണ | ഭീഷണ |
| 42 | 14 | നെത്രയെന്നിവൎം | രെത്രയെന്നിവൎം |
| 44 | 24 | ആജ്ഞാപിതമാ | ആജ്ഞാപിതയാ |
| 47 | 21 | പേരരശ്ശുന്നതിത്തു | പേരരശ്ശുന്നിത്തു |
| 57 | 11 | പുരന്ദരാഭിധൻ | പുരന്ദരൻ |
| 59 | 6 | വൃജ | വൃത |
| 60 | 21 | വൈധവ്യത്തിന്നും | വൈധവ്യത്തിന്നു |
| 86 | 20 | തവാംഗമ | തവാഗമ |
| 87 | 14 | പരമാൎത്ഥ | പരമൎത്ഥ |
| 92 | 25 | ഗുരു | ഗുരൂ |
| 93 | 25 | പ്രചണ്ഭ | പ്രചണ്ഡ |
| 96 | 1 | നവദൊ | യവരൊ |
| ·98 | 13 | മംഗല | മാംഗല |
| 114 | 7 | സ്വയംസ്ഥിത | സ്വയംസ്ഥിര |
| 117 | 25 | വൈദൂഷ്യ | വൈദുഷ്യ |
| 132 | 13 | പള്ളീക്കൂട | പള്ളിക്കൂട |
| 154 | 7 | ന്നഹതി | ന്നഹിത |
| 187 | 9 | മൃററുള്ള | മററുള്ള |
| ,, | 20 | തട്ടാന്റ | അട്ടാന്റ |
| 232 | 24 | ക്രൂരാളികൾ | ക്രൂരരാളികൾ |
| 255 | 23 | കല്യാംഭസ്സിഹ | കല്യാഭസ്സിഹ |

| | | | |
|---|---|---|---|
| 260 | 11 | കേലാഹല | കോലാഹല |
| 295 | 2 | പള്ളിക്കട | പള്ളിക്കൂട |
| ,, | 12 | മോദാപഹ | മോദാവഹ |
| 300 | 18 | സീയപദാ | സ്വീയപദാ |
| 302 | 3 | മജ്ജു | മഞ്ജു |
| 302 | 20 | ജ ജജ്ജൂ | മഞ്ജു |
| 307 | 7 | ക്കടമൺ | കുടമൺ |
| 311 | 21 | നിതു | തീതു |
| 340 | 2 | ചെയ്തു | ചെയ്തു |
| 346 | 28 | ചേത്തു | ചേർത്തു |
| 349 | 20 | സദപി | സപദി |
| 356 | 11 | യഴകാം | യഴകാം |
| 363 | 3 | പ്രതീച്ചി | പ്രതീചി |
| 374 | 18 | സ്വന്ത്രാനിലൻ | സ്വതന്ത്രാനിലൻ |
| 394 | 19 | സ്വമാകുണ്ണ | സ്വമാകുണ്ണ |
| 396 | 3 | കല്ലൂരിൽ | കൊല്ലൂരിൽ |
| 397 | 5 | ഭരിള | ദരിള |
| 401 | 17 | സൂതാരാ | സുതാരാ |
| 405 | 15 | ചിന്ത | ചിന്താ |
| 413 | 10 | തവാ | ധവാ |
| 414 | 1 | ഒന്തി | ഒരന്തി |
| 417 | 10 | ചാരുഭ്യം | ചാരഭ്യം |
| 426 | 3 | ലീലീ | ലീലാ |
| 426 | 12 | കൃഷി | ക്യൈഷി |
| 443 | 10 | കചാ | കചാ |
| 449 | 4 | സുഖദാ | സുഖദ |
| 451 | 9 | ബാലൻെൽ | ബാലൻെറ |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M07 Acc. No. 34312

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

1707 34312

കുഞ്ഞുവാരിയർ. എം. ആർ

കൃതികൾ

KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 34312

Author കുഞ്ഞുവാരിയർ . എം . ആർ

Title കൃതികൾ

Indic Digital Archive Foundation

gpura.org